6252

# കാർഷിക വിള

683

പി. എസ്. ഡി.

6252

# കാർഷികവിജ്ഞാനവ്യാപനം

# KARSHIKA VIGNANAVYAPANAM

( AGRICULTURAL EXTENSION )

Author: P. S. D. Nair

Senior Instructor Gramsevak Training Centre, Ollurkara

FIRST PUBLISHED DECEMBER 1970

Copies : 2000

Printed at

SHAHUL'S PRESS

TRIVANDRUM—14.

Pricc Rs 5. 00

Published by

State Institute of Languages

TRIVANDRUM

*Copyright*

STATE INSTITUTE OF LANGUAGES

TRIVANDRUM.

Published under the Scheme for production of University-level literature in Indian languages with the assistance of the Ministry of Education & Youth Services, Government of India.

SIL / 32 / 70

# കാർഷികവിജ്ഞാന വ്യാപനം

പി. എസ്. ഡി. നായർ

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്
തിരുവനന്തപുരം

ജനറൽ എഡിററർ

എൻ. വി. കൃഷ്ണവാരിയർ

ചീഫ് എഡിററർ

ഡോ. എ. എൻ. പി. ഉമ്മർകുട്ടി

സാങ്കേതിക എഡിററർ

ആർ. ഗോപിമണി

ഭാഷാ എഡിററർ

പുനലൂർ ബാലൻ

വിദഗ്ധോപദേശകൻ

പ്രൊഫസർ എ. ജി. ജി. മേനോൻ
(കാർഷികകോളേജ് വെള്ളായണി)

പ്രൂഫ്

കെ. അബ്ദുല്ല

MUNAVIRUL ISLAM HIGH SCHOOL
COCHIN-11.
ERNAKULAM

# ആമുഖം

സർവകലാശാലാവിദ്യാഭ്യാസത്തിൻെറ മാധ്യമം പ്രാദേശികഭാഷക ളായിരിക്കണമെന്ന് ഇന്ത്യാഗവണ്മെൻറ് നിയമിച്ച വിദ്യാഭ്യാസക്കമ്മിഷൻ (1964–66) ശുപാർശ ചെയ്തു. സ്റ്റേറ്റുകളിലെ വിദ്യാഭ്യാസമന്ത്രിമാരുടെ പത്താം സമ്മേളനവും (1967 ഏപ്രിൽ) വിദ്യാഭ്യാസത്തിനായുള്ള പാർലമെൻറ് അംഗങ്ങളുടെ കമ്മിററിയും (1967 ജൂലായ്) വൈസ് ചാൻസലർമാരുടെ കോൺഫറൻസും (1967 സെപ്റെറംബർ) ഈ ശുപാർശ അംഗീകരിച്ചു. "പ്രൈമറി സെക്കൻഡറി ഘട്ടങ്ങളിൽ ഇപ്പോൾ പ്രാദേശികഭാഷകളാണ് വിദ്യാഭ്യാസ മാധ്യമം. ഈ ഭാഷകളെ സർവകലാശാലാഘട്ടത്തിലും മാധ്യമമാക്കുന്നതിന് അടിയന്തിരനടപടികൾ ഉടൻ കൈക്കൊള്ളണം" എന്ന് ദേശീയവിദ്യാഭ്യാസ നയപ്രഖ്യാപനം (1968) അനുശാസിച്ചു.

ഇംഗ്ലീഷിന്റെ സ്ഥാനത്ത് സർവകലാശാലാവിദ്യാഭ്യാസമാധ്യമമായി പ്രാദേശികഭാഷകളെ പ്രതിഷ്ഠിക്കണമെങ്കിൽ, വിവിധവിഷയങ്ങളിൽ സർവകലാശാലാനിലവാരത്തിലുള്ള ഒരു ഗ്രന്ഥസമുച്ചയം പ്രാദേശികഭാഷകളിലുണ്ടാവണം. ഇത്തരം ഗ്രന്ഥങ്ങൾ നിർമിക്കുന്നതിന് 1968-69 മുതലുള്ള അഞ്ചു വർഷങ്ങളിൽ ഓരോസ്റ്റേറ്റിനും ഒരു കോടിരൂപവരെ സഹായധനമായി നൽകുവാൻ ഇൻഡ്യാഗവണ്മെന്റ് മുന്നോട്ടുവന്നു. ഇതൊരു നൂറുശതമാനം ഗ്രാന്റാണ്. ആകെയുള്ള അനുദാനത്തിൽ എൺപത്തഞ്ചു ശതമാനത്തോളം പുസ്തകനിർമാണത്തിനു ചെലവാക്കണമെന്നും, പത്തുമുതൽ പന്ത്രണ്ടുവരെ ശതമാനം പ്രദേശികഭാഷകളിലൂടെ പഠിപ്പിയ്ക്കാനുള്ള പരിചയം കോളേജധ്യാപകർക്കു നൽകുന്നതിനുള്ള സെമിനാറുകളും ഓറിയന്റേഷൻ കോഴ്സുകളും മററും സംഘടിപ്പിക്കുന്നതിനും മൂന്നു മുതൽ അഞ്ചു വരെ ശതമാനം പ്രാദേശികഭാഷകളിൽ ശാസ്ത്രീയ-സാങ്കേതികശബ്ദാവലികൾ തയ്യാറാക്കി പ്രസിദ്ധീകരിയ്ക്കുന്നതിനും ചെലവഴിയ്ക്കാമെന്നുമായിരുന്നു ഇന്ത്യാഗവണ്മെൻറിൻെറ നിർദേശം.

1968 മാർച്ച് 11-ാം തീയതി കേരളഗവണ്മെന്റിൻെറ ഒരു കല്പനയിലൂടെ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് നിലവിൽ വന്നു. സർവകലാശാലാമാധ്യമമാകുന്നതിനുള്ള കഴിവ് കൈവരുമാറ് മലയാളഭാഷയെ വികസിപ്പിക്കുകയാണ് ഇൻസ്റ്റിററ്യൂട്ടിൻെറ സ്ഥാപനോദ്ദേശ്യങ്ങളിൽ മുഖ്യമായ ഒന്ന്. 1968 സപ്റെറംബർ 16-ാം തീയതി ഇൻസ്റ്റിററ്യൂട്ട് ഉൽഘാടനം ചെയ്യപ്പെട്ടു. ഏറെ താമ

സിയാതെ, സർവകലാശാലാവിദ്യാഭ്യാസത്തിന് അത്യാവശ്യമായ പുസ്തകങ്ങൾ മലയാളത്തിൽ നിർമിക്കുന്നതിനുള്ള ഒരു പദ്ധതി ഇൻസ്റ്റിററ്യൂട്ട് തയ്യാറാക്കുകയും 1968 ഡിസംബർ 2-ാം തീയതി അതു് ഗവണ്മെൻറിന് സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ കോളേജുകളിൽ പ്രീഡിഗ്രി-ഡിഗ്രി ക്ലാസ്സുകളിൽ ഇപ്പോൾ പഠിച്ചു വരുന്ന ശാസ്ത്ര-മാനവികവിഷയങ്ങളിൽ 740 പുസ്തകങ്ങളും 16 ശബ്ദാവലികളും പ്രസിദ്ധം ചെയ്യാനുള്ള ഈ പദ്ധതിക്ക് 1,09,64,800 ക. ചെലവു വരുമെന്ന് കണക്കാക്കിയിരുന്നു. ഇന്ത്യാഗവണ്മെൻറു് ഈ പദ്ധതി തത്വത്തിൽ അംഗീകരിച്ചു. മെഡിക്കൽ-എൻജിനീയറിംഗ് കോളേജുകളിലെ പാഠ്യവിഷയങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായില്ല. എന്നാൽ ജൂനിയർടെക്നിക്കൽ സ്കൂളുകളുടെയും പോളിടെക്നിക്കുകളുടെയും ഉപ-മെഡിക്കൽ കോഴ്സുകളുടെയും ആവശ്യം കണക്കിലെടുത്തിരുന്നു.

ഒരു കൊല്ലത്തെ പ്രവർത്തനത്തിലൂടെ നേടിയ അനുഭവത്തിൻെറ വെളിച്ചത്തിൽ ഈ പദ്ധതി പിന്നീട് പുതുക്കുകയുണ്ടായി. ഇതനുസരിച്ച് 771 പുസ്തകങ്ങൾ പ്രസിദ്ധം ചെയ്യാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. ഇതിന് 1,09,62,660ക. ചെലവു് മതിച്ചിരിക്കുന്നു. ആവശ്യമനുസരിച്ച് പദ്ധതിയിൽ ഇനിയും നീക്കുപോക്കുകൾ വരുത്താവുന്നതാണ്.

ക്ലാസിക്കുകളെന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസരംഗത്തു് സ്ഥാനം നേടിയ ഏതാനും ഗ്രന്ഥങ്ങളുടെ വിവർത്തനം പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിലും ഭാഷയിലും പ്രാവീണ്യമുള്ള വിവർത്തകരുടെ സേവനം ഇതിലേയ്ക്കു് ഉപയോഗപ്പെടുത്തുന്നതാണ്. എന്നാൽ, പദ്ധതിയിലടങ്ങുന്ന ഗ്രന്ഥങ്ങളിൽ ബഹുഭൂരിഭാഗവും സ്വതന്ത്രകൃതികളായിരിക്കണമെന്നാണ് ഉദ്ദേശ്യം. നമ്മുടെ സർവകലാശാലകളിലും കോളേജുകളിലും അതാതു വിഷയങ്ങൾ പഠിപ്പിച്ചു് പരിചയം നേടിയിട്ടുള്ള അധ്യാപകരുടെ സേവനത്തെയാണ് ഈ ഗ്രന്ഥങ്ങളുടെ നിർമാണത്തിനായി ഇൻസ്റ്റിററ്യൂട്ട് ആശ്രയിക്കുന്നതു്. ഈ പ്രവർത്തനത്തിൽ പങ്കെടുക്കാനും അതിനുള്ള പ്രതിഫലം സ്വീകരിക്കാനും അധ്യാപകർക്കു് അനുമതി സർവകലാശാലകളും ഗവണ്മെൻറും നൽകിയിട്ടുണ്ട്.

എഴുതിക്കിട്ടുന്ന ഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾ രണ്ടു സർവകലാശാലകളും അംഗീകരിച്ച ഉപദേഷ്ടാക്കൾ പരിശോധിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ നിർദേശങ്ങൾ പരിഗണിച്ച ശേഷമേ പുസ്തകം അച്ചടിയ്ക്കുകയുള്ളു. അങ്ങനെ അച്ചടിച്ച പുസ്തകം അതാതു ക്ലാസ്സുകളിലേയ്ക്കു് ശുപാർശ ചെയ്യുന്നതാണെന്ന് കേരളത്തിലെ രണ്ടു സർവകലാശാലകളിലെയും വൈസ് ചാൻസലർമാർ ഉറപ്പുതന്നിട്ടുണ്ട്.

ഭൗതികശാസ്ത്രങ്ങൾ, ജൈവശാസ്ത്രങ്ങൾ, സാമൂഹ്യശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ, ഭാഷകൾ എന്നിവയ്ക്കായി അഞ്ചു വിഭാഗങ്ങൾ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിലുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട വിദഗ്ദ്ധന്മാർ ഉള്ളടക്കവും ഭാഷയും സൂക്ഷ്മമായി പരിശോധിച്ചു് ഓരോ പുസ്തകവും പ്രസാധനം ചെയ്യുന്നതാണ്.

നമ്മുടെ ഭാഷയുടെ ചരിത്രത്തിൽ മുമ്പുണ്ടാകാത്ത ഒരു ദശാസന്ധിയെയാണ് ഈ ഗ്രന്ഥസമുച്ചയം കുറിക്കുന്നത്. ഇതു വരെ മലയാളത്തിൽ വളരെയൊന്നും "ചിന്തിതമോ കഥിതമോ" ആവാത്ത ശാസ്ത്രീയാശയങ്ങൾ കണിശമായും സ്ഫുടതയോടെയും ആവിഷ്കരിക്കാനുള്ള പരിശ്രമങ്ങളത്രേ ഈ ഗ്രന്ഥങ്ങൾ. ഇവയിലുപയോഗിക്കുന്ന സാങ്കേതികപദങ്ങളിൽ വലിയൊരു ശതമാനം ഇദംപ്രഥമമായി നിർമിക്കപ്പെട്ടവയാണ്. പദങ്ങളുടെ സ്ഥിതി തന്നെയാണ് ശൈലികൾക്കും. ഇംഗ്ലീഷിൽ പറയുമ്പോൾ ആ ഭാഷ പരിചയമുള്ളവർക്ക് ഏറെ സ്ഫുടമെന്നു തോന്നുന്ന ഒരു സംകൽപന, മലയാളത്തിൽ ആദ്യമായി ആവിഷ്കരിക്കുമ്പോൾ കേൾക്കുന്നവർക്ക് ഒരു പന്തികേടും അർഥകാലുഷ്യവും തോന്നിയേക്കാം. ഈ ഗ്രന്ഥങ്ങളുടെ ലേഖകന്മാർ അതാതു വിഷയങ്ങളിൽ വിദഗ്ധരാണെങ്കിലും അവരിൽ പലരും ഗ്രന്ഥനിർമാണരംഗത്ത് നടാടെ കാൽ കുത്തുന്നവരാണ്. ഭാഷയ്ക്കു വഴങ്ങിക്കഴിഞ്ഞിട്ടില്ലാത്ത വിഷയങ്ങളും ഭാഷ വഴങ്ങിക്കഴിഞ്ഞിട്ടില്ലാത്ത ലേഖകരും ചേരുമ്പോൾ ഉണ്ടാകാവുന്ന പ്രയാസങ്ങൾ ഊഹിക്കാവുന്നതേയുള്ളു. എന്നാൽ ഏതു ഭാഷയുടെയും ഏതു ജനതയുടെയും വികാസത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു ഘട്ടമാണിത്. പഥികൃത്തുകൾ എന്ന നിലയിൽ ഈ ഗ്രന്ഥകാരന്മാർ, അവരുടെ ആദ്യരചനകൾക്ക് എന്തെല്ലാം ബലഹീനതകളുണ്ടായാലും, എന്നും സ്മരിക്കപ്പെടുക തന്നെ ചെയ്യും. അടുത്ത പതിപ്പുകളിൽ ഇവയിലെ കുറവുകൾ സമഗ്രമായി പരിശോധിച്ചു പരിഹരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നു കൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്.

പുസ്തകങ്ങൾക്ക് ലാഭമോ നഷ്ടമോ ഇല്ലാത്ത വിധത്തിൽ വിലയിടുന്നതും, അവ വിററു കിട്ടുന്ന തുക ഒരു ആവർത്തനനിധിയായി സൂക്ഷിക്കുന്നതുമാണ്. കേന്ദ്രഗവണ്മെൻറിൻെറ സഹായം നിലച്ചതിനു ശേഷവും ഗ്രന്ഥനിർമാണ–സംസ്കരണപരിശ്രമം തുടർന്നു പോകാൻ ഈ നിധി ഉപകരിക്കും. പരിമിതമായ പ്രതികൾ മാത്രം അച്ചടിക്കുന്നതിനാൽ ഈ പതിപ്പിൽ പുസ്തകങ്ങളുടെ വില അൽപം ഏറിയെന്നു ആക്ഷേപമുണ്ടാവാം. അടുത്ത പതിപ്പിൽ കൂടുതൽ പ്രതികൾ അച്ചടിക്കുമ്പോൾ, വില ഗണ്യമായി കുറയ്ക്കാൻ കഴിയും.

ബിരുദതലത്തിനു് താഴെയായും എന്നാൽ ഹൈസ്കൂൾ നിലവാരത്തിന് മേലായും വരുന്ന ചില കൃഷി–മൃഗസംരക്ഷണ പഠനകോഴ്സുകൾ ഇന്ന് കേരളത്തിൽ നിലവിലുണ്ട്. ഗ്രാമസേവക പരിശീലനം, ഫീൽഡ്മേൻമാർക്കുള്ള പരിശീലനങ്ങൾ, കേരളസർക്കാരിന്റെ സാങ്കേതികവിദ്യാഭ്യാസവിഭാഗം നടത്തുന്ന കൃഷി സർട്ടിഫിക്കറ്റ് പരീക്ഷ ( കെ. ജി. ടി പരീക്ഷ ), തവനൂർ റൂറൽ ഇൻസ്റ്റിററ്യൂട്ടിലെ കൃഷിപഠനകോഴ്സ് തുടങ്ങിയവ ആ വകുപ്പിൽപ്പെടുന്നു. കൃഷി വകുപ്പിലേയും വികസനവകുപ്പിലേയും ഗ്രാമതലപ്രവർത്തകരുടെ പരിശീലനമാണ് ഇവകൊണ്ടു് പ്രധാനമായും ഉദ്ദേശിക്കുന്നതു്. ഈ കോഴ്സുകൾ മിക്കവയും ഇന്നു് ഇംഗ്ലീഷിലാണ് നടത്തുന്നതു്. ഗ്രാമീണരുമായി അടുത്തിടപഴകി കൃഷിയെപ്പററിയും മൃഗസംരക്ഷണത്തെപ്പററിയും ഉള്ള പുതിയ അറിവുകൾ അവർക്കു

പകർന്നു കൊടുക്കുന്നതിനുള്ള പരിശീലനം ഇംഗ്ലീഷിൽ നൽകുന്നതു് തികച്ചും അനുചിതമാണെന്നു് ആരും സമ്മതിക്കും. ഈ ദുസ്ഥിതിക്കു് പ്രധാനകാരണം ഉയർന്ന നിലവാരം പുലർത്തുന്ന മലയാളപാഠപുസ്തകങ്ങൾ ഇല്ലെന്നതാണു്. അതുകൊണ്ടു് ബിരുദതലത്തിനാവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കുന്നതോടൊപ്പം കൃഷിയിലെയും മൃഗസംരക്ഷണത്തിലെയും അടിസ്ഥാന പരിശീലനകോഴ്സുകൾക്കാവശ്യമായ പുസ്തകങ്ങൾകൂടി നിർമ്മിക്കാനുള്ള പരിപാടി ഇൻസ്റ്റിററ്യൂട്ട് ആവിഷ്കരിച്ചു. ഇതനുസരിച്ചു് പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന പരമ്പരയിൽ അഞ്ചാമത്തേതാണു് "കാർഷികവിജ്ഞാനവ്യാപനം".

കാർഷികോല്പാദനവർധനവു് മൂന്നു് ഏജൻസികളെ ആശ്രയിച്ചാണിരിക്കുന്നതു്. കാർഷികഗവേഷണകേന്ദ്രങ്ങൾ, കാർഷികകലാലയങ്ങൾ, വ്യാപനപ്രവർത്തകർ എന്നിവ. ഗ്രാമീണകർഷകർക്കു് ശാസ്ത്രത്തിൻെറ നേട്ടങ്ങളും നവീനഉൽപാദനസമ്പ്രദായങ്ങളും എത്തിച്ചു കൊടുക്കുവാൻ ചുമതലപ്പെട്ടവരെയാണു് വ്യാപനപ്രവർത്തകർ എന്നു വിളിക്കുന്നതു്. ഇത്തരം വ്യാപനപ്രവർത്തകർ അറിഞ്ഞിരിക്കേണ്ട അടിസ്ഥാനതത്വങ്ങളും പ്രയോഗവിധികളുമാണു് ഈ പുസ്തകത്തിൻെറ ഉള്ളടക്കം. 'വ്യാപനവിദ്യാഭ്യാസം' എന്ന പൊതുവിഷയത്തിൻെറ അടിസ്ഥാനതത്വങ്ങൾ വിശദമാക്കിയിട്ടുള്ളതിനാൽ കാർഷികരംഗത്തു് മാത്രമല്ല വികസനത്തിൻെറ മററെല്ലാ രംഗത്തും ഈ പുസ്തകം പ്രയോജനപ്പെടും.

ഈ പുസ്തകത്തിൻെറ കർത്താവായ ശ്രീ. പി. എസ്. ഡി. നായർ ഒല്ലൂർക്കര ഗ്രാമസേവകപരിശീലനകേന്ദ്രത്തിലെ സീനിയർ ഇൻസ്ട്രക്ടർ ആണു്. "കാർഷികവിജ്ഞാനവ്യാപനം" എന്ന വിഷയത്തിൽ ഇദ്ദേഹം അമേരിക്കയിൽ ഉപരിപഠനം നടത്തിയിട്ടുണ്ടു്.

വിജ്ഞാനകുതുകികളായ കേരളീയരുടെ കൈകളിൽ ഈ പുസ്തകം ഞങ്ങൾ സാദരം സമർപ്പിക്കുന്നു. ഇതിലുള്ള കുറവുകൾ ചൂണ്ടിക്കാണിക്കുന്നവരോടു് ഞങ്ങൾ കൃതജ്ഞരായിരിക്കും; കാരണം, അടുത്ത പതിപ്പിൽ അവ പരിഹരിക്കാൻ അവരുടെ നിർദേശങ്ങൾ ഞങ്ങൾക്കു് ഉപകരിക്കുമല്ലോ.

കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട്, എൻ. വി. കൃഷ്ണവാരിയർ
തിരുവനന്തപുരം,
30 നവംബർ 1970.

MUNAVIRUL ISLAM HIGH SCHOOL
COCHIN-11.
ERNAKULAM

## ഉള്ളടക്കം


| | | |
|---|---|---|
| 1. | വ്യാപനവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം | 1 |
| 2. | ഭാരതത്തിലെ വ്യാപനപരിശ്രമങ്ങൾ | 4 |
| 3. | വ്യാപനം വിദേശങ്ങളിൽ | 12 |
| 4. | വ്യാപനവിദ്യാഭ്യാസം—അർഥവും ലക്ഷ്യവും | 20 |
| 5. | വ്യാപനം—പ്രമാണങ്ങളും തത്വങ്ങളും | 25 |
| 6. | പഠനവും പ്രബോധനവും | 30 |
| 7. | സാമൂഹ്യവികസനവും വ്യാപനവിജ്ഞാനവും | 40 |
| 8. | അംഗീകാരപ്രക്രിയ | 55 |
| 9. | ആശയവിനിമയപ്രക്രിയ | 70 |
| 10. | വ്യാപനരീതികൾ | 82 |
| 11. | വ്യാപനവും ദൃശ്യശ്രവ്യോപകരണങ്ങളും | 114 |
| 12. | വ്യാപനത്തിൽ പരിപാടികളുടെ ആസൂത്രണം | 140 |
| 13. | മൂല്യാങ്കനം വ്യാപനത്തിൽ | 156 |
| 14. | ഗ്രാമീണയുവജനപ്രവർത്തനം | 169 |
| 15. | നേതൃത്വവികസനം | 187 |
| 16. | സാമൂഹ്യശാസ്ത്രം വ്യാപനത്തിൽ | 199 |
| | ആധാരഗ്രന്ഥങ്ങൾ | 210 |
| | സാങ്കേതികപദാവലി | 215 |

# 1

# വ്യാപനവിദ്യാഭ്യാസത്തിൻെറ പ്രാധാന്യം

## ജനപ്പെരുപ്പവും പ്രശ്നങ്ങളും

ലോകത്തിൽ ഇന്ന് ഏകദേശം 360 കോടി ജനങ്ങളുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ദിനം പ്രതി 1·82 ലക്ഷം എന്ന തോതിലാണ് ജനവർധനവ് — അതായത് ഒരു വർഷത്തിൽ ഏകദേശം 7 കോടി ജനങ്ങൾ. ഈ തോതിൽ മുന്നോട്ട് പോയാൽ എ. ഡി. 2005-ാമാണ്ടാകുമ്പോഴേക്ക് ജനസംഖ്യ ഇപ്പോഴുള്ളതിന്റെ ഇരട്ടിയാകുമത്രേ. വർധമാനമായ ജനനനിരക്കും, കുറഞ്ഞു വരുന്ന മരണനിരക്കുമാണിതിന്റെ മുഖ്യകാരണങ്ങൾ. രണ്ടു ശതമാനം വാർഷികവർധനവ് ജനസംഖ്യയിലുണ്ടാകുന്നത് മാനവചരിത്രത്തിലിതാദ്യമായിട്ടാണ്. ലോകത്തിൽ ആദ്യത്തെ 100 കോടി ആളുകളുണ്ടാകുവാൻ എ. ഡി. 1850 വരെയുള്ള കാലമാണെടുത്തതെങ്കിൽ, രണ്ടാമത്തെ 100 കോടി ജനങ്ങളുണ്ടാകുവാൻ 80 വർഷം മാത്രമേ വേണ്ടി വന്നുള്ളു. മൂന്നാമത്തെ 100 കോടിക്ക് 30 വർഷം മാത്രം! 15 വർഷം കൊണ്ടു് അടുത്ത 100 കോടി ഉണ്ടാകുമത്രേ.

ഈ ജനസംഖ്യാവർധനവ് വികസിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളിലാണ് രൂക്ഷമായനുഭവപ്പെടുന്നതു്. ലോകജനസംഖ്യയുടെ വർഷവർദ്ധനവായ ഏഴു കോടിയിൽ 5.8 കോടിയും, ഏഷ്യ, ആഫ്രിക്ക, തെക്കെഅമേരിക്ക എന്നീ പ്രദേശങ്ങളിലാണ്. ലോകവരുമാനത്തിൻെറ എട്ടിൽ ഒരു ഭാഗവും, ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗവും ഇവിടങ്ങളിലാണുള്ളതു്.

ഏഷ്യാഭൂഖണ്ഡത്തിൽ ലോകത്തിലെ ആകെ ഭൂവിസ്തീർണത്തിൻെറ 15 ശതമാനം മാത്രമേ ഉൾപ്പെടുന്നുള്ളുവെങ്കിലും, ഭൂമിയിലെ ജനസംഖ്യയുടെ 55 ശതമാനം പാർക്കുന്നുണ്ട്. അനിയന്ത്രിതമായ ജനപ്പെരുപ്പം വലിയ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നതു്. 50 ശതമാനത്തിൽ കൂടുതൽ ആളുകൾ നിത്യ

ദാരിദ്ര്യത്തിലാണ് കഴിയുന്നത്. 70 ശതമാനം കുട്ടികളും പോഷകാഹാരങ്ങളുടെ അപര്യാപ്തത മൂലം രോഗബാധിതരാണ്. നിത്യവൃത്തിക്കു മാർഗമില്ലാത്തവരും തൊഴിലില്ലാതെ അലയുന്നവരും ധാരാളമുണ്ട്. അഭ്യസ്തവിദ്യരുടെ ഇടയിൽ തൊഴിലില്ലായ്മ വർധിച്ചു തന്നെ വരുന്നു. കാർഷികപ്രാധാന്യമുള്ള ഈ ഭൂപ്രദേശങ്ങളിലെ ഭൂരിഭാഗം ജനങ്ങളും കാർഷികവൃത്തി ഉപജീവനമാർഗമായി കരുതുന്നവരാണ്. കാർഷികരംഗത്തെ ഉല്പാദനക്കുറവാണ് ഇന്നത്തെ ശോചനീയാവസ്ഥക്കു കാരണം. ജനങ്ങളിൽ ഭൂരിഭാഗവും വിദ്യാഭ്യാസമില്ലാത്തവരും അനാരോഗ്യരും അജ്ഞതയിലും അന്ധവിശ്വാസത്തിലും കഴിയുന്നവരുമാണ്. ഇവരുടെ ജീവിതനിലവാരം ഉയർത്തുന്നത് അത്ര ക്ഷിപ്രസാധ്യമല്ല. ദൈനംദിനജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനം അത്യന്താപേക്ഷിതമാണ്.

### ഭാരതത്തിലെ ഗ്രാമങ്ങൾ

ഭാരതത്തിലെ സ്ഥിതി മേൽ പറഞ്ഞതിൽ നിന്ന് ഒട്ടും ഭിന്നമല്ല. 1947-ൽ 80 ശതമാനം ജനങ്ങളും ഗ്രാമങ്ങളിൽ കൃഷിയെ ആശ്രയിച്ച് കഴിയുന്നവരായിരുന്നു. ഇന്ത്യയിലെ ഗ്രാമങ്ങൾ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും അനാരോഗ്യത്തിന്റെയും വിളനിലമാണ്. ഈ സ്ഥിതിക്ക് വലിയ വ്യത്യാസം ഇപ്പോഴും വന്നിട്ടില്ല. കൃഷിരീതികളിൽ അധുനാതനങ്ങളായ മാർഗങ്ങളൊന്നും സ്വീകരിച്ചിരുന്നില്ലെന്നു മാത്രമല്ല, ശാസ്ത്രീയമാർഗത്തിലൂടെയുള്ള കൃഷിയെപ്പററി അടുത്ത കാലം വരെ കൃഷിക്കാർ കേട്ടിട്ടു പോലുമില്ലായിരുന്നു. പ്രകൃതിയെ അശ്രയിച്ചായിരുന്നു മിക്കവാറും കൃഷി നില നിന്നിരുന്നത്. സാധാരണയായി കാർഷികോല്പാദനം കൃഷിച്ചെലവുകളെ കവച്ചു വെച്ചിരുന്നില്ല. ശാസ്ത്രീയവിജ്ഞാനം സമ്പാദിക്കുന്നതിനുള്ള കഴിവും സാഹചര്യവും മിക്കവാറും അസാധ്യവുമായിരുന്നു. ബാഹ്യലോകവുമായി ഗ്രാമങ്ങൾക്ക് യാതൊരു വിധ സമ്പർക്കവുമില്ലായിരുന്നു എന്നു തന്നെ പറയാം. സ്വാതന്ത്ര്യലബ്ധി തന്നെ പലരും അറിഞ്ഞിരുന്നില്ല. രാഷ്ട്രത്തിന്റെ ഭദ്രതക്കും വളർച്ചക്കും സ്വാതന്ത്ര്യത്തിന്റെ നിലനില്പിനും ഗ്രാമങ്ങളുടെ പുനരുദ്ധാരണം ഒരാവശ്യമായി പരിണമിച്ചു. ഇതിലേക്കു ഭാരതം സ്വീകരിച്ച മാർഗമാണ് "സാമൂഹ്യവികസനം" അഥവാ കമ്യൂണിററി ഡെവലപ്മെൻറ്. ഇതിനുള്ള പന്ഥാവാണ് വ്യാപനവിദ്യാഭ്യാസം (Extension Education).

### ജനങ്ങളുടെ പ്രശ്നങ്ങളും വ്യാപനവും

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യക്കു അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രശ്നങ്ങൾ നിരവധിയാണ്. തൊഴിലില്ലായ്മ പരിഹരിക്കുക, പാർപ്പിടസൗകര്യങ്ങൾ വർധിപ്പിക്കുക, വ്യവസായപുരോഗതി കൈവരിക്കുക, പൊതുജനാരോഗ്യരക്ഷാനടപടികൾ നടപ്പിലാക്കുക, ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കുക, ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കുക, വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടാക്കുക എന്നിങ്ങനെ വിവിധങ്ങളായിരുന്നു രാജ്യത്തിന്റെ ആവശ്യങ്ങൾ. അടിയ

ന്തരമായ പ്രശ്നങ്ങളിൽ ഏററവും മുഖ്യമായിരുന്നു ഭക്ഷ്യപ്രശ്നം. ഭക്ഷ്യകാര്യത്തിൽ അനവധി കൊല്ലങ്ങളായിട്ടും ഇന്ത്യയ്ക്കു് സ്വയംപര്യാപ്തത നേടുവാൻ സാധിച്ചിട്ടില്ല. ഇതിന്റെ മൂലകാരണങ്ങൾ ഉല്പാദനക്കുറവും ക്രമാതീതവും അനിയന്ത്രിതവുമായ ജനപ്പെരുപ്പവുമാണു്. ജനവർധനവനുസരിച്ചു് കാർഷികോല്പാദനം വർധിക്കുന്നില്ല. ഈ വിടവു് ഇപ്പോഴത്തെ വിളവുല്പാദനനിരക്കനുസരിച്ചു് കൂടിക്കൊണ്ടാണിരിക്കുന്നതു്. ശാശ്വതമായി കാർഷികോല്പാദനവർധനവു് പ്രായോഗികമാക്കാൻ കാർഷികരംഗത്തു് ശാസ്ത്രീയമായ സമീപനം ആവശ്യമാണു്. സാങ്കേതികപരിജ്ഞാനവും ശാസ്ത്രീയരീതികളും ദൈനംദിനജീവിതത്തിലെന്ന പോലെ കൃഷിയിലും പ്രയോഗിക്കുവാൻ ഗ്രാമീണരെ കഴിവുള്ളവരാക്കുന്നതിനു് വ്യാപനവിദ്യാഭ്യാസം സഹായിക്കുന്നു. ഭക്ഷ്യപ്രശ്നത്തിന്റെ ശാശ്വതപരിഹാരം വർധിച്ച കാർഷികോല്പാദനം മാത്രമാണു്.

കാർഷികോല്പാദനവർധനവു് മൂന്നു് ഏജൻസികളെ ആശ്രയിച്ചാണിരിക്കുന്നതു്. അവ താഴെ കൊടുക്കുന്നു:-

1. അടിസ്ഥാനവും ആനുകാലികവുമായ കാർഷികപ്രശ്നങ്ങളെപ്പററി ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന കാർഷികഗവേഷണശാലകളും പരീക്ഷണകേന്ദ്രങ്ങളും. 2. ഗവേഷണശാലകളിലും വ്യാപനരംഗത്തും പ്രവർത്തിക്കുന്നവർക്കു് പരിശീലനം നൽകുന്ന കലാലയങ്ങൾ. 3. ഗ്രാമീണകർഷകർക്കു് ശാസ്ത്രത്തിന്റെ നേട്ടങ്ങളും നവീനഉല്പാദനസമ്പ്രദായങ്ങളും എത്തിക്കുവാൻ ചുമതലപ്പെട്ട വ്യാപനഏജൻസി (Extension Agency).

ഭക്ഷ്യപ്രശ്നത്തിനു് സ്ഥിരമായ പരിഹാരം വ്യാപനവിദ്യാഭ്യാസത്തിൽകൂടിയേ കൈവരിക്കാൻ സാദ്ധ്യമാവുകയുള്ളു എന്നാണിതിൽ നിന്നും മനസ്സിലാക്കേണ്ടതു്. ജനങ്ങൾക്കു് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് വേണ്ട അറിവു് ചില പ്രത്യേക അദ്ധ്യാപനമാർഗങ്ങളിൽ കൂടി നൽകുന്ന രീതിയാണു് വ്യാപനവിദ്യാഭ്യാസം. ശാസ്ത്രീയനേട്ടങ്ങൾ കാർഷികരംഗത്തു് പ്രയോഗിച്ചാണു് ഉല്പാദനവർധനവു് നേടേണ്ടതു്. അതിന്റെ ചുമതല വ്യാപനവിദ്യാഭ്യാസത്തിനാണു്.

സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ ഉയർച്ചയും, ദൈനംദിനപ്രശ്നങ്ങൾക്കു് ശാശ്വതപരിഹാരമാർഗങ്ങൾ സ്വയം കണ്ടുപിടിക്കുവാനുള്ള കഴിവും ഗ്രാമീണരിൽ ഉണ്ടാക്കുന്നതിനു വേണ്ടി വ്യാപനവിദ്യാഭ്യാസം നില കൊള്ളുന്നു.

# 2

# ഭാരതത്തിലെ വ്യാപനപരിശ്രമങ്ങൾ

ഭാരതചരിത്രത്തിലെ ഗ്രാമീണപുനരുദ്ധാരണപ്രവർത്തനങ്ങളുടെ ഏടുകൾ മറിക്കുമ്പോൾ ഒററപ്പെട്ടു കിടക്കുന്ന പല സംരംഭങ്ങളും കാണാൻ കഴിയും. ഇന്ന് നിലവിലിരിക്കുന്ന വികസനപ്രവർത്തനങ്ങൾക്കും വ്യാപനവിദ്യാഭ്യാസത്തിനും മാർഗദർശനം നൽകിയ ഈ പരിശ്രമങ്ങൾ ഇന്ത്യയിലെ ഗ്രാമീണപ്രശ്നങ്ങളോട് ഏതു വിധത്തിലുള്ള സമീപനമാണ് സ്വീകരിക്കേണ്ടതെന്ന് മനസ്സിലാക്കുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവയെക്കുറിച്ചുള്ള ഒരു അവലോകനം വ്യാപനവിദ്യാഭ്യാസത്തെപ്പററിയുള്ള പഠനത്തിന് ആവശ്യമാണ്.

## മൈസൂറിലെ സാമ്പത്തികസമ്മേളനം 1914–1918

ആസൂത്രിതഗ്രാമോദ്ധാരണപ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ളത് മൈസൂറിലെ ദിവാനായിരുന്ന സർ എം. വിശേശ്വരയ്യയുടെ നേതൃത്വത്തിൽ 1914-18 കാലത്ത് നടന്ന "സാമ്പത്തികസമ്മേളനം" ആണ്. വിജയസാധ്യതയുള്ളതും സാമ്പത്തികപുരോഗതിയുമായി ബന്ധപ്പെട്ടതുമായ എല്ലാ തുറകളിലും പ്രവർത്തനം ആസൂത്രണം ചെയ്യപ്പെട്ടു. ഇതിൽ മുൻഗണന കാർഷികവികസനത്തിനായിരുന്നു. ഗ്രാമീണജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന, സംസ്ഥാനവ്യാപകമായ പദ്ധതികളും വിഭാവനം ചെയ്യപ്പെട്ടിരുന്നു. ജില്ലാതലത്തിലും താലൂക്കടിസ്ഥാനത്തിലും തിരഞ്ഞെടുത്ത അനുദ്യോഗസ്ഥാംഗങ്ങളെയും വികസനവകുപ്പുദ്യോഗസ്ഥന്മാരെയും ചേർത്തുള്ള സമിതികൾ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അധ്യക്ഷതയിൽ സംഘടിപ്പിക്കപ്പെട്ടു. ഈ സമിതികൾ, സംസ്ഥാനവ്യാപകമായി, ജനങ്ങളുടെ ആവശ്യങ്ങൾ, അവ നേടുന്നതിനുള്ള മാർഗങ്ങൾ എന്നിവയെപ്പറ്റി പഠിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി.

ഈ സമിതികൾ പരിപൂർണമായും റവന്യൂവകുപ്പിന്റെകീഴിലാണ് പ്രവത്തിച്ചതു്.

കാലക്രമത്തിൽ ഇവയുടെ പ്രവത്തനങ്ങൾ നിശ്ശേഷം നിറുത്തലാക്കപ്പെട്ടു. പദ്ധതികളുടെ വലിപ്പവും താങ്ങാനാവാത്ത സാമ്പത്തികഭാരവും റവന്യൂവകുപ്പിൻെറ അധികാരമേധാവിത്വവുമാണ് ഈ സംരംഭത്തെ പ്രധാനമായും പരാജയത്തിലെത്തിച്ചതു്.

## ഗുരുഗാവോം പരീക്ഷണം-1920

ബ്രിട്ടീഷിന്ത്യയിൽ പഞ്ചാബിലുള്ള ഒരു ജില്ല ആയിരുന്നു ഗുരുഗാവോം. എഫ്. എൽ. ബ്രെയിൻ എന്ന ഇംഗ്ലീഷുകാരനായിരുന്നു ഇവിടത്തെ ജില്ലാമേലധികാരി. സാധാരണജനങ്ങളുടെ ദാരിദ്ര്യത്തിലും അവശതയിലും കഷ്ടപ്പാടിലും അദ്ദേഹത്തിന് വളരെ അനുകമ്പയുണ്ടായി. ഒന്നാം ലോകമഹായുദ്ധത്തിനു് ശേഷം പട്ടാളത്തിൽ നിന്നു പിരിഞ്ഞു പോരുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അവരെ ഗ്രാമോദ്ധാരണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും സാമൂഹ്യമായി അവശതകളനുഭവിക്കുന്ന സ്ത്രീകളെ സഹായിക്കുന്നതിനും അദ്ദേഹം തീരുമാനിച്ചു.

ബ്രെയിനിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കു് വിദ്യാഭ്യാസസൗകര്യങ്ങൾ, ഗ്രാമത്തിൽ പൊതുജനാരോഗ്യപ്രവത്തനങ്ങൾ, നൂതനകൃഷിരീതികൾ എന്നിവ ആവിഷ്കരിക്കപ്പെട്ടു. ഈ പ്രവത്തനങ്ങൾക്കു് ഗവണ്മെൻറിൻെറ സഹായസഹകരണങ്ങൾ നേടുവാൻ അദ്ദേഹം ശ്രമിച്ചു. പക്ഷേ അതു നിഷ്ഫലമായതേയുള്ളു. എന്നിട്ടും അദ്ദേഹത്തിൻെറ പരിശ്രമങ്ങൾ പല രംഗങ്ങളിലും വിജയിച്ചു. സർ മാൽകോം ഡാർലിംഗിന്റെ അഭിപ്രായത്തിൽ, ബ്രെയിനിന്റെ പ്രവത്തനഫലമായി, ഗ്രാമങ്ങളിൽ ധാരാളം കംപോസ്റ്റ്‌വളക്കുഴികൾ ഉണ്ടാകുകയും, ഗ്രാമശുചീകരണത്തിൽ ആളുകൾക്കു് താല്പര്യം ജനിക്കുകയും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു്വേണ്ടി ജനങ്ങൾ പണം സംഭാവന ചെയ്യുകയും ഇദംപ്രഥമമായി ധാരാളം പെൺകുട്ടികൾ വിദ്യാഭ്യാസത്തിനു് മുന്നോട്ടു് വരികയും ചെയ്തു. പ്രവത്തനലക്ഷ്യങ്ങൾ പലതും നേടാനദ്ദേഹത്തിനു് കഴിഞ്ഞെങ്കിലും, സമീപനത്തിൽ പല ന്യൂനതകളും ഉണ്ടായിരുന്നു. നേതൃത്വം മുഴുവനും അധികാരസ്ഥാനങ്ങളിലായിരുന്നു കേന്ദ്രീകരിക്കപ്പെട്ടിരുന്നതു്. പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലോ അവ നടപ്പിലാക്കുന്നതിലോ ഈ പ്രവത്തനങ്ങളുടെ ഫലം അനുഭവിക്കേണ്ട ഗ്രാമീണർക്കു് യാതൊരു പങ്കും ഇല്ലായിരുന്നു. ബോധനത്തിൽ കൂടിയോ അനുനയത്തിൽ കൂടിയോ അല്ല, മറിച്ച് അധികാരവും പദവിയും ഉപയോഗിച്ചാണ് അദ്ദേഹം ഈ ഉദ്യമം പ്രവൃത്തിപഥത്തിൽ എത്തിച്ചതു്. ഒററപ്പെട്ട ഒരു ശ്രമം എന്ന നിലയിൽ, പ്രവർത്തനം ചുരുക്കം ചില ഗ്രാമങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. തന്മൂലം ഈ പദ്ധതി കൊണ്ടു് ഉദ്ദേശിച്ച വിജയം ഉണ്ടായില്ല.

## മാർത്താണ്ഡത്തെ ഗ്രാമീണപുനരുദ്ധാരണകേന്ദ്രം-1921

1921-ൽ ഡോ. സ്പെൻസർ ഹാച്ച് എന്ന അമേരിക്കൻ കാർഷികവിദഗ്ദ്ധൻ, പഴയ തിരുവിതാംകൂർ സംസ്ഥാനത്തു് മിഷനറിപ്രവത്ത

നത്തിനായി എത്തി. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ദക്ഷിണതിരുവിതാംകൂറിലെ മാർത്താണ്ഡത്തുള്ള വൈ. എം. സി. എയിൽ ഒരു ഗ്രാമീണപുനരുദ്ധാരണകേന്ദ്രം തുടങ്ങി. "ആത്മാർത്ഥവും വിദഗ്ദ്ധവുമായ ഉപദേശം സ്വീകരിച്ച് സ്വയം സഹായിക്കുക" (Self help with intimate expert counsel) എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനസിദ്ധാന്തം. സംഘടിതമായ പുനരുദ്ധാരണപ്രവർത്തനം ജനങ്ങളുടെ സാമ്പത്തികവും മാനസികവും കായികവും സാമൂഹികവും ആയ ഉന്നമനത്തിന് ഉതകുന്നതായിരിക്കുക; പ്രവർത്തനപരിപാടികൾ ദരിദ്രർക്കു പോലും സ്വീകാര്യമായിരിക്കുക; പരിശീലനം സിദ്ധിച്ച പ്രവർത്തകരെ നിയോഗിക്കുക; പരിപാടികൾ ലഘുവായിരിക്കുക എന്നിവയായിരുന്നു മററു തത്വങ്ങൾ.

പുനരുദ്ധാരണപ്രവർത്തനങ്ങളിൽ മാർത്താണ്ഡം, ചുററുമുള്ള 100 ഗ്രാമങ്ങളുടെ സിരാകേന്ദ്രമായി പ്രവർത്തിച്ചു. ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ മിക്കവാറും സമാജങ്ങളിൽ കൂടിയാണ് സംഘടിപ്പിച്ചിരുന്നത്. മുട്ടവിപണനസമാജം (Egg selling club), തേൻ സമാജം (Honey club), നെയ്ത്തു സമാജം (Weavers club), കാളസമാജം (Bull club) എന്നിങ്ങനെ വിവിധതരത്തിലുള്ള സമാജങ്ങൾ ആവശ്യവും പൊതുതാല്പര്യവുമനുസരിച്ച് സംഘടിപ്പിച്ചു. ഈ സമാജങ്ങൾ മുഖേന ഗ്രാമീണരെ കാർഷികരംഗത്തും കുടിൽവ്യവസായരംഗത്തും കലാസാംസ്കാരികരംഗത്തും പല നൂതനകാര്യങ്ങൾ പഠിക്കുന്നതിനും തദ്വാരാ അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാർത്താണ്ഡത്തെ പ്രവർത്തനഫലമായി, ഗ്രാമീണരിൽ മനഃപരിവർത്തനം വരുത്തുവാനും സഹകരണമനോഭാവം വളർത്തുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണർക്ക് സ്വയം ഉയരുന്നതിന് ഉത്തേജനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതും വലിയ ഒരു നേട്ടമായി കരുതാവുന്നതാണ്.

ഗവണ്മെന്റിൽ നിന്നുള്ള സഹകരണക്കുറവ്, വൈ. എം. സി. എയുടെ സാമുദായികബന്ധം, സാമ്പത്തികപരാധീനത, ജനങ്ങളുമായി തുടർച്ചയായിട്ടുള്ള സമ്പർക്കത്തിന്റെ അഭാവം എന്നിങ്ങനെ പല അപാകതകളും ഈ പ്രസ്ഥാനത്തിനുണ്ടായിരുന്നു. എങ്കിലും നിരവധി പ്രവർത്തകരെ വികസനരംഗത്ത് പരിശീലിപ്പിക്കുന്നതിനും ഗ്രാമപുനരുദ്ധാരണപ്രവർത്തനത്തിൻെറ സന്ദേശം രാജ്യത്ത് വ്യാപിപ്പിക്കുന്നതിനും ഈ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്.

## ശ്രീനികേതനിലെ ഗ്രാമപുനരുദ്ധാരണകേന്ദ്രം–1921

ഈ സ്ഥാപനം 1921-ൽ മഹാകവി രവീന്ദ്രനാഥടാഗോറിൻെറയും എൽ. കെ. എൽമേഴ്സ്റ്റിൻെറയും പരിശ്രമത്താൽ ബംഗാളിലെ ശ്രീനികേതൻ എന്ന ഗ്രാമത്തിൽ ഉടലെടുത്തതാണ്. ബംഗാളിലെ ഗ്രാമീണരുടെ ധാർമികവും സാംസ്കാരികവും സാമൂഹികവുമായ അധഃപതനവും തുടർന്നുണ്ടായ അവശതയും ദാരിദ്ര്യവുമാണ് ഇവർക്ക് ഈ സംരംഭത്തിന് പ്രേരണ നൽകിയത്. ഗ്രാമവിഭവങ്ങൾ, ഗ്രാമീണപ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ,

എന്നിവ പഠിച്ച്, പരിശോധിച്ച്, വിശകലനം ചെയ്ത് പ്രവർത്തനപരിപാടികൾ തയ്യാറാക്കുക എന്നുള്ളതായിരുന്നു ഈ കേന്ദ്രത്തിന്റെ പ്രധാന ഉദ്ദേശ്യം. പ്രകടനങ്ങൾ നടത്തുക, കുടിൽവ്യവസായപരിശീലനം നൽകുക, വില്ലേജ് സ്കൗട്ടുകളെ നിയമിക്കുക എന്നിവയായിരുന്നു ഇതിന് സ്വീകരിച്ച മാർഗങ്ങൾ. ആരോഗ്യസഹകരണസംഘങ്ങൾ സ്ഥാപിക്കുക, നല്ല വിത്തും വളവും വിതരണം ചെയ്യുക, കുടിൽവ്യവസായങ്ങൾ സംഘടിപ്പിക്കുക എന്നിവയായിരുന്നു പ്രധാന പ്രവർത്തന പരിപാടികൾ. യുവജനങ്ങൾക്ക് സംഘടനയുണ്ടാക്കുകയും അവർക്ക് നേതൃത്വം നൽകുകയും, വയോജനവിദ്യാഭ്യാസം പ്രചരിപ്പിക്കുകയും ചെയ്തത് ഈ സംരംഭത്തിന്റെ ചില മികച്ച നേട്ടങ്ങളാണ്. പക്ഷേ പ്രവർത്തനത്തിലുള്ള പരിചയക്കുറവും കലാസാംസ്കാരികപ്രവർത്തനങ്ങൾക്ക് നൽകിയ അമിതപ്രാധാന്യവും ഈ സംരംഭത്തിന്റെ വലിയ ന്യൂനതകളായിരുന്നു.

## സേവാഗ്രാമിലെ ഗ്രാമോദ്ധാരണശ്രമം - 1933

1920-ൽ തുടങ്ങിയ "ആൾ ഇന്ത്യാ സ്പിന്നേഴ്സ് അസോസിയേഷൻ (All India Spinner's Association) ആണ് സേവാഗ്രാമിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ 1933-ൽ സേവാഗ്രാമിൽ ഗ്രാമവികസനപ്രവർത്തനം ആരംഭിച്ചു. സമൂഹത്തിൽ അസമത്വത്തിനും അനീതിക്കും ഇരയാകുന്നവർക്ക് വേണ്ടി സമർപ്പണബുദ്ധിയോടെ സേവനം നടത്തുക എന്നതായിരുന്നു ലക്ഷ്യം. അടിസ്ഥാനരാഷ്ട്രീയസ്വാതന്ത്ര്യത്തിനു മുൻപ് ഗ്രാമങ്ങൾക്ക് പുനർജീവൻ ലഭിക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ അഭിമതം ലക്ഷ്യപ്രാപ്തിക്ക് പ്രത്യേകമാർഗങ്ങളോ രീതികളോ നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. അദ്ദേഹം തന്നെയായിരുന്നു എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക. ഗാന്ധിജി ഒരു യാഥാർത്ഥ്യവാദിയായിരുന്നു. ശുദ്ധീകരണത്തിന്റെയും ആത്മാർത്ഥതയുടെയും ഉത്തമോദാഹരണമായി അദ്ദേഹം പ്രവർത്തിച്ചു.

കുടിൽവ്യവസായോദ്ധാരണം, മദ്യവർജനം, അയിത്താചരണനിർമാർജനം എന്നിവയായിരുന്നു ഗാന്ധിജിയുടെ പ്രവർത്തനലക്ഷ്യങ്ങൾ. അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുക, സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയും അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളിൽ പെട്ടിരുന്നു. ഗാന്ധിജിയുടെ മാതൃക, സാധാരണജനങ്ങൾക്ക് അനുകരിക്കുവാൻ വയ്യാത്തത്ര ഉന്നതനിലവാരത്തിലായിരുന്നു. തന്മൂലം സേവാഗ്രാമിലെ സന്ദേശം അധികം ദൂരത്തേക്ക് വ്യാപിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പക്ഷേ അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളും ആദർശങ്ങളും തത്വസംഹിതകളും ഭാരതത്തിലെ സാമൂഹ്യവികസനപദ്ധതികളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

## ഇന്ത്യാ വില്ലേജ്സർവീസ്-1948

ഉത്തരപ്രദേശിൽ ഡോ. ഡബ്ളിയു. എച്ച്. വൈസർ എന്ന മിഷനറിപ്രവർത്തകന്റെ നേതൃത്വത്തിൽ 1948-ൽ ആരംഭിച്ച പ്രവർത്തന" മാണ് ഇന്ത്യവില്ലേജസർവീസ്. വേണ്ട പരിശീലനവും മാർഗ നിർദ്ദേശങ്ങളുമി

ശവും നൽകുകയാണെങ്കിൽ ഭാരതത്തിലെ ഗ്രാമീണർക്കു തന്നെ അവരുടെ ഉന്നമനത്തിനു് വേണ്ടി പലതും ചെയ്യുവാൻ കഴിയുമെന്നദ്ദേഹം വിശ്വസിച്ചു. അതു കൊണ്ടു് അവരെ സ്വയം ചിന്തിപ്പിക്കുവാനും പ്രവർത്തിപ്പിക്കുവാനും ഉത്തേജനം നൽകുക എന്നുള്ളതായിരുന്നു ഈ സംഘടനയുടെ ഉദ്ദേശ്യം. വിദ്യാഭ്യാസം, കുടിൽവ്യവസായം, കായികപരിശീലനം, ഗാർഹികശാസ്ത്രം എന്നിങ്ങനെയുള്ള വിവിധമേഖലകളിൽ പ്രവർത്തനം സംഘടിപ്പിക്കുന്നതിനു് "ഐ. വി. എസ്സ്. കോളീഗ്സ്" നിയുക്തരായി. ചർച്ചാക്ലാസുകൾ പ്രകടനങ്ങൾ, മേളകൾ, പ്രദർശനങ്ങൾ എന്നീ മാർഗങ്ങളാണു് പരിപാടിയുടെ പ്രചരണത്തിനുപയോഗിച്ചതു്. ഐ. വി. എസ്സ് കോളീഗ്സിനു് ഒരു ഗ്രാമത്തിൽ തുടർച്ചയായി 3 കൊല്ലം മുതൽ 5 കൊല്ലം വരെ താമസിച്ചു പ്രവർത്തിക്കേണ്ടിയിരുന്നു. ഈ പ്രവർത്തനത്തിന്റെ പുരോഗതി വളരെ മന്ദഗതിയിലായിരുന്നെങ്കിലും സ്പഷ്ടമായ ഒട്ടേറെ നേട്ടങ്ങൾ ഇതുളവാക്കി എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## ഇററാവാപൈലട്ടു് പ്രോജക്ററ്-1943

1948-ൽ ഉത്തർപ്രദേശ് ഗവണ്മെൻറിന്റെ സംരക്ഷണത്തിൽ ഇററാവാ ജില്ലയിൽ ആൽബർട്ടു് മേയർ എന്ന അമേരിക്കൻ ശില്പശാസ്ത്ര വിദഗ്ധന്റെ മേൽനോട്ടത്തിൽ തുടങ്ങിയതാണു് ഇററാവാപൈലട്ടു് പ്രോജക്ട്. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഇന്ത്യയിലെ അനേകലക്ഷം ഗ്രാമീണർക്കു് ഉണർവും ഉന്മേഷവും ലഭിച്ചിരുന്നില്ല. 1948-ൽ 64 ഗ്രാമങ്ങളെ ഒരുമിച്ചു ചേർത്തു ഒരു ഘടകമാക്കി ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചു. മൂന്നു വർഷത്തിനകം പദ്ധതി പ്രവർത്തനം 300 ഗ്രാമങ്ങളിലേയ്ക്കു് വ്യാപിപ്പിച്ചു. അവസാനം അതു് ഇന്ത്യയിലെ ബൃഹത്തായ സാമൂഹ്യവികസനപദ്ധതിയുടെ അടിസ്ഥാനമാതൃകയായി പരിണമിച്ചു.

ഗ്രാമീണരുടെ ഇടയിൽ സാമൂഹ്യവികസനം എത്രത്തോളം നടപ്പിലാക്കുവാൻ സാധിക്കുമെന്നും, കാർഷികോല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുമോ എന്നും, ആശാവഹമായ ഫലം കൈവരിക്കാൻ സാധിച്ചാൽ പരിപാടി മററു പ്രദേശങ്ങളിലേയ്ക്കു് വ്യാപിപ്പിക്കുവാൻ പററുമോ എന്നും പരീക്ഷിക്കുകയായിരുന്നു ഈ പ്രോജക്ററിന്റെ ലക്ഷ്യങ്ങൾ. ഇതിലേക്കു് വിദഗ്ദ്ധപരിശീലനം നേടിയ ഗ്രാമത്തിലെ വികസനപ്രവർത്തകരെ (Village Level Workers) നിയമിച്ചു. ഗ്രാമങ്ങളിൽ പ്രകടനങ്ങൾ സംഘടിപ്പിച്ചു. എല്ലാ വികസന വകുപ്പുകളുടെയും സഹായസഹകരണങ്ങളോടു കൂടിയാണു് പരിപാടികൾ ആവിഷ്ക്കരിച്ചതു്. കാർഷികോല്പാദനം വർധിപ്പിക്കൽ. മണ്ണുസംരക്ഷണം, കന്നുകാലിസംരക്ഷണം, ആരോഗ്യസംരക്ഷണം, സാമൂഹ്യവിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിനു് വേണ്ടിയായിരുന്നു പദ്ധതി പ്രവർത്തിച്ചതു്.

ഇററാവാ പ്രോജക്ററു് ഒരു വമ്പിച്ച വിജയമായിരുന്നു. ലോകത്തിലെ പല രാഷ്ട്രങ്ങളും ഇവിടത്തെ പരീക്ഷണപ്രവർത്തനങ്ങൾ പകർത്തുവാൻ മുന്നോട്ടു വന്നു. ഇംഗ്ലണ്ടിലെ ലോക്ഡെയിൽ പരീക്ഷണം, ലോകസഹകരണ

പ്രസ്ഥാനത്തിന് പ്രചോദനം നൽകിയതു പോലെയും വടക്കെ അമേരിക്കയിലെ "ടെന്നിസ്സി വാലി അതോറിട്ടി" വമ്പിച്ച ജലസമ്പത്തു ചൂഷണം ചെയ്യുന്നതിൽ മാതൃക കാണിച്ചതു പോലെയും ഇററാവാ പ്രോജക്ററ് ലോകത്താസകലമുള്ള കർഷകജനതയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുകയും മാതൃക കാട്ടിക്കൊടുക്കുകയും ചെയ്തു.

## മദിരാശിയിലെ ഫർക്കാഡെവലപ്മെൻറ്-1949

മദിരാശിസംസ്ഥാനത്ത് 34 ഫർക്കകളിൽ പരീക്ഷണാർത്ഥം തുടങ്ങിയ ഗ്രാമപുനരുദ്ധാരണശ്രമമാണ് "ഫർക്കാഡെവലപ്മെൻറ്". കൃഷി, ജലസേചനം, മൃഗസംരക്ഷണം, വ്യവസായം, പൊതുജനാരോഗ്യം, ഗതാഗതം എന്നീ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിൽ കൂടി, ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം, ശുചീകരണം, ഗതാഗതം, കാർഷികോല്പാദനവർദ്ധനവ് എന്നിവ നടപ്പിലാക്കുകയായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യം. തിരഞ്ഞെടുക്കപ്പെട്ട സാമൂഹ്യപ്രവർത്തകരും ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന ഒരു സമിതി, ഒരു ഫർക്കാ ഡെവലപ്മെൻറ് ഉദ്യോഗസ്ഥൻെറ അധ്യക്ഷതയിൽ പ്രവർത്തനങ്ങൾക്ക് മാർഗദർശനം നൽകി. അചിരേണ ഈ പദ്ധതി 1952-ൽ ആരംഭിച്ച സാമൂഹ്യവികസനപദ്ധതിയിൽ ലയിച്ചു.

## നിലോക്കേരിയിലെ അഭയാർത്ഥിക്യാംപ്-1948

ഇന്ത്യയിൽ ഔദ്യോഗികമായി സാമൂഹ്യവികസനപദ്ധതികൾ ആരംഭിക്കുന്നതിന് സൂത്രധാരത്വം വഹിച്ച മറെറാരു സംരംഭമായിരുന്നു നിലോക്കേരിയിലെ അഭയാർത്ഥിക്യാംബ്.

വിഭജനത്തോടു കൂടിയാണല്ലോ ഇന്ത്യ സ്വതന്ത്രയായത്. 89 ലക്ഷം ജനങ്ങളോളം അഭയാർത്ഥികളായി ഇന്ത്യയിൽ കുടിയേറിപ്പാർത്തിട്ടുണ്ട്. 1948-ൽ പടിഞ്ഞാറൻ പഞ്ചാബിൽ നിന്നും കുടിയിറക്കപ്പെട്ട അഭയാർത്ഥികൾക്ക് താമസിക്കുവാനായി, പുരാണപ്രസിദ്ധമായ കുരുക്ഷേത്രത്തിൽ കുറെ സ്ഥലം അനുവദിക്കപ്പെട്ടു. സ്വന്തമായ സകലതും പാക്കിസ്ഥാനിൽ ഉപേക്ഷിച്ചു പോന്ന ഇവർക്ക് ഭാവിജീവിതം ഇരുളടഞ്ഞതായി തോന്നി. ആരംഭം മുതൽക്കു തന്നെ കുരുക്ഷേത്രക്യാംബിലെ അന്തേവാസികൾക്ക് ഭാവിയെപ്പററി വിശ്വാസം ജനിപ്പിക്കുവാൻ ശ്രമിച്ചിരുന്ന വ്യക്തിയാണ്, പിൽക്കാലത്ത് സാമൂഹ്യവികസനമന്ത്രിയായ എസ്. കെ. ഡെ.

ക്യാംബിൽ ഒരു തൊഴിൽപരിശീലനകേന്ദ്രം (Vocational Training Centre) ആരംഭിച്ചു. കരകൗശലവിദ്യകളിൽ പരിശീലനം നൽകുന്നതിനാണ് ഈ കേന്ദ്രം ആരംഭിച്ചത്. ക്യാംബാവശ്യത്തിനുള്ള സാധനങ്ങൾ അവിടെത്തന്നെ നിർമ്മിക്കുകയായിരുന്നു ഉദ്ദേശ്യം. അലസതയിലും നൈരാശ്യത്തിലും നിന്നു് പ്രവൃത്ത്യുന്മുഖമായ ജീവിതത്തിലേയ്ക്കു മടങ്ങി വരാൻ ക്യാംബംഗങ്ങൾക്ക് ഈ പരിശീലനം സഹായകമായി. അധ്വാനത്തിൻെറ മഹത്വത്തെപ്പററി പുതിയ ചില വിശ്വാസപ്രമാണങ്ങൾ ക്യാംബംഗങ്ങളിൽ വളർന്നു.

ഈ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ക്യാംബംഗങ്ങൾക്ക് ഉണർവും ഉന്മേഷവും ഊർജസ്വലതയും ഉണ്ടാക്കുന്നതിന് ഡെയും സഹപ്രവർത്തകരും ശ്രമിച്ചു. 1948 ഏപ്രിൽ മാസത്തിൽ പ്രധാനമന്ത്രി ജവഹരിലാൽ നെഹ്റു ക്യാംബ് സന്ദർശിച്ച് പ്രവർത്തനത്തിൽ തൃപ്തി പ്രകടിപ്പിക്കുകയും തത്തുല്യമായ ആയിരമായിരം ക്യാംബുകൾ ഇന്ത്യയുടെ നാനാഭാഗത്തു് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത എടുത്തു കാട്ടുകയും ചെയ്തു. കുരുക്ഷേത്രത്തിൽ നിന്ന ക്യാംബ് നിലോക്കേരിയിലേയ്ക്കു മാററി. ഒരു പുതിയ നഗരം സംവിധാനം ചെയ്യുന്നതിനു വേണ്ടിയാണ് ഇങ്ങനെ മാററിയതു്. നിലോക്കേരിയെ ത്വരിതഗതിയിൽ എല്ലാ സുഖസൗകര്യങ്ങളുമുള്ള പട്ടണമാക്കി മാറ്റി. പത്തോ ആയിരമോ അഭയാർഥികളെ പുനരധിവസിപ്പിക്കുന്ന പ്രശ്നം മാത്രമല്ല ഇതിൽ അടങ്ങിയിരുന്നതു്. നവഭാരതസൃഷ്ടിയിലേക്കുള്ള ഒരു രാജവീഥി തുറക്കുകയാണാവശ്യം. നിലോക്കേരിയിലെ പ്രയത്നഫലം, 1952-ൽ 55 കമ്യൂണിററി പ്രോജക്ടുകൾ സ്ഥാപിക്കുവാൻ പ്രചോദനം നൽകി. ബാഹ്യമായ നിക്ഷിപ്തതാല്പര്യങ്ങളെയും വിഭാഗീയവാസനകളെയും വിരുദ്ധശക്തികളെയും അതിജീവിച്ച് നിലോക്കേരിയെ ഉയർത്തിക്കൊണ്ടു് വരുവാൻ വലിയ നിശ്ചയദാർഢ്യവും പ്രവർത്തനക്ഷമതയും വേണ്ടി വന്നു. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ഇതുപോലുള്ള പ്രവർത്തനകേന്ദ്രങ്ങൾ തുറന്നു്, ജനങ്ങൾക്കു് ഉന്മേഷവും പ്രോത്സാഹനവും നൽകുവാനുള്ള ചുമതല എസ്സ്. കെ. ഡെയെത്തന്നെ ഔദ്യോഗികമായി ഏല്പിച്ചു. താമസിയാതെ സാമൂഹ്യവികസനം കേന്ദ്രഗവണ്മെൻറിന്റെ ഒരു വകുപ്പാകുകയും എസ്സ്. കെ. ഡെ അതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയാവുകയും ചെയ്തു.

## പരീക്ഷണങ്ങളിൽ നിന്നു് ലഭിച്ച പാഠങ്ങൾ

ഗ്രാമപുനരുദ്ധാരണത്തിനും വികസനത്തിനും വ്യാപനത്തിനും വേണ്ടി ഇന്ത്യയിൽ നടത്തിയിട്ടുള്ള പരീക്ഷണങ്ങളാണ് മുകളിൽ പ്രസ്താവിച്ചതു്. ഓരോന്നിനും അതിന്റേതായ ഗുണങ്ങളും ദോഷങ്ങളും പരിമിതികളും ഉണ്ടായിരുന്നു. ഭാരതത്തിൽ ഔദ്യോഗികമായി സാമൂഹ്യവികസനപദ്ധതി ആസൂത്രണം ചെയ്തപ്പോൾ ഈ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിച്ചിട്ടുണ്ടു്. മുൻകാലപരീക്ഷണങ്ങളിൽ നിന്നും പ്രധാനമായി മനസ്സിലാക്കേണ്ട ന്യൂനതകൾ ഇവയാണ്:

1. വികസനസംരംഭങ്ങളെല്ലാം തന്നെ ചില ഒററപ്പെട്ട വ്യക്തികളുടെ പരിശ്രമഫലവും ദീനാനുകമ്പയാൽ പ്രചോദിതവും ആയിരുന്നു.

2. ഗവണ്മെൻറിന്റെ പിൻബലവും സാമ്പത്തികസഹായവും വേണ്ടുവോളം ഈ പ്രവർത്തനങ്ങൾക്ക് ലഭിച്ചിരുന്നില്ല.

3. പരിശീലനമോ പരിചയമോ ലഭിച്ച വ്യാപനപ്രവർത്തകരുടെ ദൗർലഭ്യം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിനെ ബാധിച്ചു.

4. പ്രവർത്തനലക്ഷ്യങ്ങൾ പ്രത്യേകം വ്യക്തമായി നിർവചിക്കപ്പെട്ടിരു

ന്നില്ല. തന്നെയല്ലാ പലപ്പോഴും അവ പരസ്പരവിരുദ്ധവും തല തിരിഞ്ഞതും ആയിരുന്നു.

5. പ്രവർത്തനപദ്ധതികളും പരിപാടികളും ശരിയായി ആസൂത്രണം ചെയ്യപ്പെട്ടവയായിരുന്നില്ല; ആവിഷ്ക്കരിച്ച പരിപാടികളിൽ വളരെയധികം പൊരുത്തക്കേടുകൾ ഉണ്ടായിരുന്നു.

6. സാമൂഹ്യവികസന പരിപാടികളിൽ വേണ്ടത്ര ഗവേഷണമോ വിലയിരുത്തലോ നടന്നിരുന്നില്ല.

7. പ്രവർത്തനരംഗത്തു് വിവിധ വികസനവകുപ്പുകൾ തമ്മിൽ സഹായസഹകരണങ്ങളോ ഏകീകരണമോ ഉണ്ടായിരുന്നില്ല

8. സംരംഭങ്ങളെല്ലാം പരസ്പരം ബന്ധമില്ലാത്തവണ്ണം ഒററപ്പെട്ടവയും സാതത്യ (Continuity) മില്ലാതെ പ്രവർത്തിക്കുന്നവയുമായിരുന്നു.

9. പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും മാർഗനിർദേശത്തിനും സേവനവും പ്രദാനവും എത്തിച്ചുകൊടുക്കുന്നതിനു് യാതൊരു വിധ സമാന്തര സംഘടനകളും ഉണ്ടായിരുന്നില്ല.

10. ഗ്രാമപുനരുദ്ധാരണപരിപാടികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനങ്ങൾക്കു് യാതൊരു പങ്കും നൽകിയിരുന്നില്ല എല്ലാ രംഗത്തും ഉദ്യോഗസ്ഥമേധാവിത്വമോ നേതാക്കളുടെ മേധാവിത്വമോ ആണു് നില നിന്നിരുന്നതു്.

# 3

## വ്യാപനം വിദേശങ്ങളിൽ

ലോകരാഷ്ട്രങ്ങളിൽ ചിലതു് വളരെയധികം പുരോഗതി ആർജിച്ചിട്ടുള്ളതും ചിലതു് വികസിച്ചുകൊണ്ടിരിക്കുന്നതുമാണു്. എന്നാൽ ചില രാഷ്ട്രങ്ങളുടെ പുരോഗതി തികച്ചും മന്ദീഭവിച്ച നിലയിലാണു് കാണപ്പെടുന്നതു്. നൂറോ നൂററമ്പതോ കൊല്ലങ്ങൾക്കു മുൻപു്, ഇന്നു കാണുന്ന സമ്പന്നരാഷ്ട്രങ്ങളെല്ലാം തന്നെ തീരെ അവികസിതനിലയിലായിരുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾക്കു് ഇന്നഭിമുഖീകരിക്കേണ്ടി വരുന്ന അതേ പ്രശ്നങ്ങൾ തന്നെയാണു് പണ്ടു് അവർക്കു് നേരിടേണ്ടി വന്നിരുന്നതു്. ഈ രാജ്യങ്ങളിൽ ചിലവയുടെ വികസനചരിത്രവും വ്യാപനപ്രവർത്തനങ്ങളും ആണു് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നതു്.

### അമേരിക്കൻ ഐക്യനാടുകൾ (യു. എസ്. എ.)

അമേരിക്കയും ഇന്ത്യയും തമ്മിൽ പല കാര്യങ്ങളിലും ധാരാളം സാദൃശ്യങ്ങളുണ്ടു്. ലോകത്തിലെ വൻകിടരാജ്യങ്ങളിൽ രണ്ടിനെയും ഉൾപ്പെടുത്താം. രണ്ടു രാജ്യത്തും വിഭിന്നഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങളുണ്ടു്. ജനാധിപത്യത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലും അടിയുറച്ച വിശ്വാസമാണു് ജനങ്ങൾക്കു് പൊതുവെ ഉള്ളതു്. ഒരു കാലത്തു് രണ്ടു രാജ്യങ്ങളും ബ്രിട്ടന്റെ കോളനികളായിരുന്നു. ഇങ്ങനെ പലതിലും ഇന്ത്യയോടു് സാമ്യതയുള്ള അമേരിക്ക കഴിഞ്ഞ ശതാബ്ദത്തിൽ കൈവരിച്ച പുരോഗതി അസൂയാർഹമാണു്. കാർഷികവിജ്ഞാനം വ്യാപിപ്പിക്കുന്നതിലും ജനതയുടെ ജീവിതത്തോതു് ഉയർത്തുന്നതിലും അവർ കൈക്കൊണ്ട സമീപനം പഠനാർഹമത്രെ.

ആദ്യകാലത്തു് അമേരിക്കയിൽ 90 ശതമാനം ജനങ്ങളും കൃഷിയിൽ വ്യാപൃതരായിരുന്നു. കൃഷിഭൂമിയും ധാരാളം ഉണ്ടായിരുന്നു. പക്ഷേ കാർഷികരംഗത്തു് ശാസ്ത്രീയമായ യാതൊരു പുരോഗതിയും ഉണ്ടായിരുന്നില്ല. കാർഷി

കോല്പാദനം വളരെ കുറവായിരുന്നു; മണ്ണിന്റെ വീര്യം ക്ഷയിച്ചു വന്നു. വിളവുകൾക്കു് വർധിച്ച തോതിലുള്ള കീടശല്യങ്ങൾ നേരിടേണ്ടി വന്നു. ഗ്രാമീണ ജനതയ്ക്കു് സാമാന്യവിദ്യാഭ്യാസത്തിനു പോലുമുള്ള സൗകര്യം വിരളമായിരുന്നു. ഇങ്ങനെ കാർഷികജനതയെ അഭിമുഖീകരിച്ച ഒരു പ്രതിസന്ധിഘട്ടത്തിൽ നിന്നാണു് ഇന്നവിടെ കാണുന്ന "കോഓപ്പറേറ്റീവ് എക്സ്റ്റൻഷൻ സർവീസ്" ഉടലെടുത്തതു്.

1862-ൽ പ്രസിഡൻറു് ലിങ്കൺ ഒപ്പു വെച്ച "മോറിൽ ആക്ട്" എല്ലാ അമേരിക്കൻ പൗരന്മാർക്കും ഉന്നതവിദ്യാഭ്യാസസൗകര്യങ്ങൾ ലഭിക്കാനുതകുന്ന വിധം "ലാൻഡ് ഗ്രാൻറ് കോളേജുകൾ" സംസ്ഥാനങ്ങൾ തോറും സ്ഥാപിക്കാൻ നിർദേശിച്ചു. ഈ ആക്ടിൻപ്രകാരം സെനററിലെയും കോൺഗ്രസ്സിലെയും ഒരു ജനപ്രതിനിധിക്കു് 30,000 ഏക്കർ എന്ന തോതിൽ ഫെഡറൽ ഗവണ്മെൻറ് വക ഭൂമി സംസ്ഥാനങ്ങൾക്കു് ദാനമായി ലഭിച്ചു. ഈ ഭൂമി വിററു കിട്ടുന്ന ആദായം കൊണ്ടു് കൃഷിയിലും കൃഷിയോടു് ബന്ധപ്പെട്ട മറ്റു് വിഷയങ്ങളിലും ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന കോളേജുകൾ സ്ഥാപിക്കണമെന്നായിരുന്നു ആക്ടിലെ നിബന്ധന. കാർഷികവികസനപരിപാടികളുടെ ആദ്യത്തെ പടിയായി 19-ാം നൂററാണ്ടിന്റെ അവസാനത്തിൽ അമേരിക്കയിൽ 20 സംസ്ഥാനങ്ങളിലായി 32 ലാൻഡ് ഗ്രാൻറ് കോളേജുകൾ സ്ഥാപിക്കപ്പെട്ടു. ഇന്നു് അമേരിക്കയിൽ 68 ലാൻഡ് ഗ്രാൻറ് കോളേജുകൾ ഉണ്ടു്. കാർഷികരംഗത്തു് ഗ്രാമീണർക്കും അവരുടെ സന്തതിപരമ്പരകൾക്കും ഉന്നതവിദ്യാഭ്യാസം നൽകുവാൻ വേണ്ടി ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. 1862-ൽ തന്നെ കേന്ദ്രകാർഷികവകുപ്പു് സ്ഥാപിതമായി.

അടിസ്ഥാനഗവേഷണങ്ങൾ കൊണ്ടേ പുതിയ അറിവുകളും നൂതനരീതികളും കണ്ടെത്തപ്പെടുകയുള്ളു. 1887-ൽ കോൺഗ്രസ്സു് പാസ്സാക്കിയ "ഹാച്ച് ആക്ട്" പ്രകാരം കാർഷികഗവേഷണകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ആനുകാലികകാർഷികപ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിക്കുക, ഗവേഷണങ്ങളിലൂടെ നൂതനവിജ്ഞാനങ്ങൾ സമ്പാദിക്കുക, ഈ നൂതനവിജ്ഞാനങ്ങൾ ജനങ്ങളിൽ വ്യാപിപ്പിച്ചു് അവരുടെ പ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിനവരെ സഹായിക്കുക എന്നിവയായിരുന്നു ആക്ടിലെ നിർദേശങ്ങൾ. ഗവേഷണകേന്ദ്രങ്ങളെല്ലാം ലാൻഡ് ഗ്രാൻറു് കോളേജുകളുടെ മേൽനോട്ടത്തിൽ അതിന്റെ ഭാഗമായി പ്രവർത്തിച്ചു.

ക്രമേണ കൃഷിവകുപ്പിന്റെയും ലാൻഡ് ഗ്രാൻറു് കോളേജുകളുടെയും കാർഷികഗവേഷണസ്ഥാപനങ്ങളുടെയും പ്രവർത്തനം വളരെ പുരോഗമിച്ചു. കർഷകജനതയും ഈ സ്ഥാപനങ്ങളും തമ്മിൽ ഉററ ബന്ധം സ്ഥാപിക്കേണ്ടതു് അനിവാര്യമായി. ഈ ബന്ധം ഉണ്ടാക്കിയതു് 1914-ൽ പാസ്സാക്കിയ "സ്മിത്തു് ലീവർ ആക്ട്" പ്രകാരം സംജാതമായ "കോ ഓപ്പറേറ്റീവ് എക്സ്റ്റൻഷൻ സർവീസ്" ആണു്. അതോടെ ഇപ്പോൾ കൗണ്ടി ഏജൻറു് എന്നു് പറയുന്ന വ്യാപനപ്രവർത്തകന്റെ പണി നിയമാനുസൃതമായി. ഗവേഷണശാലകളിൽ നിന്നാർജിക്കുന്ന പുതിയ അറിവുകളും രീതികളും അഭ്യസ്തവിദ്യരല്ലാത്ത ഗ്രാമീണ

ക്ക് എത്തിക്കുക എന്ന ചുമതലയാണ് "കൗണ്ടി ഏജൻറിൽ" നിക്ഷിപ്തമായിരിക്കുന്നത്. കൗണ്ടി ഏജൻറിൻെറ പ്രവർത്തനം പ്രധാനമായും വിദ്യാഭ്യാസപരമാണ്.

ലാൻഡ് ഗ്രാൻറ് കോളേജുകൾ കേന്ദ്രസാമ്പത്തികസഹായത്താൽ സ്ഥാപിതമാണെങ്കിലും അതിൻെറ നടത്തിപ്പിലോ ഭരണത്തിലോ സംഘടനയിലോ സംസ്ഥാനത്തിന്റെമേൽ കേന്ദ്രത്തിനു യാതൊരു നിയന്ത്രണവുമില്ല. കാർഷികഗവേഷണത്തിന് വർഷംപ്രതി ഉദാരമായ ധനസഹായം കേന്ദ്രത്തിൽ നിന്നു ലഭിക്കുന്നു. കേന്ദ്രകാർഷികവകുപ്പുവിദഗ്ദ്ധന്മാരുടെ സഹായത്തോടെ ഗവേഷണപരിപാടികൾ ആസൂത്രണം ചെയ്യുന്നു. പക്ഷേ ഗവേഷണകേന്ദ്രങ്ങളുടെ ഭരണവും നടത്തിപ്പും സുഗമമാക്കേണ്ടതു് സംസ്ഥാനത്തിൻെറ ചുമതലയാണ്. വ്യാപനവകുപ്പിൻെറ പ്രവർത്തനത്തിനും നടത്തിപ്പിനും കേന്ദ്രം നല്ല തോതിൽ സാമ്പത്തികസഹായം നൽകുന്നു. മൊത്തം വ്യാപനച്ചെലവിൻെറ 38 ശതമാനം കേന്ദ്രവും 38 ശതമാനം സംസ്ഥാനവും 23 ശതമാനം കൗണ്ടിയും 10 ശതമാനം കാർഷികസംഘടനകളും വഹിക്കുന്നു. കേന്ദ്രകൃഷിവകുപ്പിലെ വ്യാപനവിദഗ്ദ്ധന്മാരുടെ ഉപദേശത്തോടെ ഒരു സംസ്ഥാനക്കമ്മററിയാണ് കേന്ദ്രവിഹിതം എങ്ങനെ ചെലവഴിക്കണമെന്നു് തീരുമാനിക്കുന്നതു്. ഇതല്ലാതെ കേന്ദ്രത്തിനു് വ്യാപനപ്രവർത്തനങ്ങളിൽ യാതൊരു വിധത്തിലുള്ള നിയന്ത്രണവുമില്ല. സംസ്ഥാനങ്ങളിലെ കാർഷികകോളേജുകളാണ് വാസ്തവത്തിൽ കാർഷികഗവേഷണങ്ങൾക്ക് മാർഗദർശനം നൽകുന്നതും കാർഷികവിദ്യാഭ്യാസം നടപ്പിലാക്കുന്നതും വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും.

ലാൻഡ്ഗ്രാൻറ് കോളേജുകളുടെ ത്രിമുഖസേവനങ്ങൾ വിദ്യാഭ്യാസം, ഗവേഷണം, വ്യാപനം എന്നിവയാണ്. കേന്ദ്രവും സംസ്ഥാനവും കൗണ്ടിയും തമ്മിലുള്ള അഭേദ്യമായ സഹകരണത്തിൽക്കൂടിയാണ് വ്യാപനപ്രവർത്തനം സജ്ജമാക്കിയിട്ടുള്ളതു്. ഇതിൻെറ സംഘടന പല സംസ്ഥാനങ്ങളിലും അല്പസ്വല്പം വ്യത്യാസത്തോടു കൂടിയതാണെങ്കിലും അടിസ്ഥാനപരമായി ഒന്നാണ്; 1915–ൽ 36 ലക്ഷം ഡോളർ ചെലവഴിച്ചിരുന്നടത്തു് 1960–ൽ 1400 ലക്ഷം ഡോളറാണീ രംഗത്തു് ചെലവഴിച്ചതു്. 1915-ൽ 1068 കൗണ്ടിഏജൻറുമാരും 350 ഹോം ഡെമോൺസ്ട്രേഷൻ ഏജൻറുമാരും ഉണ്ടായിരുന്നതു് 1950–ൽ 5042 കൗണ്ടിഏജൻറുമാരും 3435 ഹോം ഡെമോൺസ്ട്രേഷൻ ഏജൻറുമാരും ആയി എന്നു് കാണുമ്പോൾ ഈ വകുപ്പിൻെറ പ്രവർത്തനപുരോഗതിയുടെ ഒരേകദേശചിത്രം നമുക്കു ലഭിക്കുന്നു.

### ഡെൻമാർക്ക്

കേരളത്തിനോളം മാത്രം വലിപ്പമുള്ള യൂറോപ്പിലെ ഒരു ചെറിയ സ്വതന്ത്രരാഷ്ട്രമാണ് ഡെൻമാർക്ക്. കാർഷികരംഗത്തും സഹകരണമേഖലയിലും വളരെയധികം പുരോഗമനം ഈ രാജ്യം കൈവരിച്ചിട്ടുണ്ട്. 1794–ലെ ഗ്രാമപരിഷ്ക്കരണനിയമം (Rural Reforms Law–1794), 1814-ലെ നിർബന്ധിതവിദ്യാഭ്യാസആക്ട് ( Compulsory Education Act -1814), 1849–ലെ

സ്വതന്ത്രഭരണഘടനാപരവും നിയമാധിഷ്ഠിതഅവകാശപരവുമായ സംസ്ഥാന സഹായം (Free Constitution and Legal Rights to State Aid–1849) എന്നീ മൂന്നു് നിയമനിർമാണങ്ങളാണു്, ഡെൻമാർക്കിൽ കാർഷികോപദേശസേവനം നടപ്പിലാക്കുവാൻ സഹായിച്ചിട്ടുള്ളതു്. സാമൂഹ്യക്ഷേമമാണു് ഈ സംഘടനയുടെ പരമോന്നതലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കു് സ്വീകരിക്കപ്പെട്ട മാർഗങ്ങൾ പ്രധാനമായും മൂന്നാണു്:

1. കൃഷിയിലും കച്ചവടത്തിലും ഫോക്കു്ഹൈസ്കൂളിൽക്കൂടിയും മററു വിവിധോദ്ദേശ്യവിദ്യാഭ്യാസപ്രവർത്തനങ്ങളിൽക്കൂടിയും നൽകുന്ന വിദ്യാഭ്യാസം.
2. തദ്ദേശസംഘടനകളിൽ കൂടി സാമൂഹ്യക്ഷേമമന്ത്രികാര്യാലയം നൽകുന്ന ആരോഗ്യ ഇൻഷുറൻസ്, വൈദ്യസഹായം, വാർധക്യകാലപെൻഷൻ മുതലായവ.
3. സഹകരണസംഘങ്ങളും കർഷകസംഘടനകളും സംഘടിപ്പിക്കുന്ന എല്ലാ വ്യവസായോദ്യമങ്ങൾക്കും ഗവണ്മെൻറിൽ നിന്നു് നൽകുന്ന വിദഗ്ധോപദേഷ്ടാക്കളുടെ സേവനം.

ഡെൻമാർക്കിലെ സംഘടനകൾ അധികവും ചെറുകിടകർഷകസംഘങ്ങൾ, ഉപഭോക്തൃഉൽപാദകസംഘങ്ങൾ, കാർഷികസംഘടനകൾ, ക്ഷീരവ്യവസായ (ഡയറി) സംഘങ്ങൾ എന്നിവയാണു്.

ഫിലിപ്പൈൻസ്

വളരെ അടുത്ത കാലത്താണു് ഫിലിപ്പൈൻസിൽ വ്യാപനരംഗത്തു് ശ്രദ്ധ പതിഞ്ഞതു്. 1950 - ൽ വിദ്യാഭ്യാസപ്രവർത്തകർ കമ്യൂണിററി സ്കൂൾ പ്രോഗ്രാം എന്ന പരിപാടി സംഘടിപ്പിച്ചു. ഗ്രാമീണാധ്യാപകൻ കൃഷിയിലും വിദ്യാഭ്യാസത്തിലും ഗ്രാമം മോടി പിടിപ്പിക്കലിലും ജനങ്ങൾക്കു് പ്രോത്സാഹനം നൽകി. 1953-ൽ വിദ്യാഭ്യാസവകുപ്പു് സ്വയംസഹായപരിപാടികളിൽ കൂടി ഈ പ്രവർത്തനത്തെ ഉത്തേജിപ്പിച്ചു. അധ്യാപകനെ അധ്യാപനച്ചുമതലകളിൽ നിന്നും വിടർത്തി സാമൂഹ്യപ്രവർത്തനസംഘാടകനാക്കി പ്രതിഷ്ഠിച്ചു. ഇങ്ങനെയാണു് ബ്യൂറോ ഓഫു് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ 1953–ൽ സ്ഥാപിതമായതു്. ആസൂത്രണകൗൺസിൽ 1954–ൽ സാമൂഹ്യവികസനപദ്ധതികൾ ആസൂത്രണം ചെയ്തു. 1957–ൽ ഈ പദ്ധതി 22 പ്രവിശ്യകളിൽ പ്രാവർത്തികമാക്കി. "മാഗസേസേ സാമൂഹ്യവികസനപരിപാടി" എന്നാണിതിനെ വിളിക്കുന്നതു്.

ഉൽപാദനവും വരുമാനവും വർധിപ്പിക്കുക. സ്വയം സഹായപരിപാടികളിൽ കൂടി ജീവിതം സന്തുഷ്ടമാക്കുക, പൊതുജനാരോഗ്യപരിപാടികൾക്കു് സഹായം നൽകുക, ജനങ്ങൾ സ്വയം സംഘടിപ്പിക്കുന്ന പൊതുവികസനപരിപാടികൾക്കു് ഏററവും കൂടുതൽ സഹായം നൽകുക, എന്നിവയായിരുന്നു ഇതിൻെറ പ്രധാന പ്രവർത്തനലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടുന്നതിനു് സ്വീകരിച്ച മാർഗങ്ങൾ ജനങ്ങളുടെ സ്വയംസഹായപ്രവർത്തനങ്ങൾക്കു് (ബാരിയോകൾ) ഉത്തേജനം നൽകുക, ഗവണ്മെൻറിൻെറ സാങ്കേ

തികവിദഗ്ദ്ധന്മാരുടെ സേവനം ലഭ്യമാക്കുക, ജനങ്ങൾ സ്വയം സംഘടിപ്പിച്ച "ബാരിയോ" കൗൺസിലിനെ സാമൂഹ്യവികസനപരിപാടികൾ ആസൂത്രണം ചെയ്യുവാനും നടത്തുവാനും സഹായിക്കുക എന്നിവയാണ്. കൃഷിയിലും മൃഗസംരക്ഷണത്തിലും ഗാർഹികശാസ്ത്രത്തിലും വിജ്ഞാനവ്യാപനം നടത്തുക, ശുദ്ധജലവിതരണം, ഗതാഗതവികസനം, ഭവനനിർമാണം, പൊതുജനാരോഗ്യസംരക്ഷണം, പ്രാഥമികവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, വികസനപ്രവത്തകരുടെ പരിശീലനം എന്നീ രംഗങ്ങളിൽ ഫലപ്രദമായി പ്രവത്തിക്കുക എന്നിവയാണ് പരിപാടികൾ. പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് പ്രവിശ്യയിലും മുനിസിപ്പാലിറ്റിയിലും ബാരിയോവിലും സാമൂഹ്യവികസനകൗൺസിലുകൾ സൃഷ്ടിക്കുകയും പ്രൊവിൻഷ്യൽ കമ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസർ, മുനിസിപ്പൽ എക്സിക്യൂട്ടീവ് സിക്രട്ടറി, ബാരിയോ കമ്മ്യൂണിററി ഡെവലപ്മെന്റ് വർക്കർ എന്നീ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു.

## ഇസ്രായേൽ

മധ്യകിഴക്കൻ ഏഷ്യയിലെ ഏകദേശം കേരളത്തിന്റെ പകുതി മാത്രം വലിപ്പമുള്ള ഒരു സ്വതന്ത്രരാഷ്ട്രമാണ് ഇസ്രായേൽ. ലോകത്തിൽ ചിന്നിച്ചിതറിക്കഴിഞ്ഞിരുന്ന ജൂതന്മാർ ഐക്യരാഷ്ട്രസഭയുടെ സഹായത്തോടെ 1948-ൽ ഇസ്രായേൽ സ്ഥാപിച്ചു. യൂറോപ്പിൽ നിന്നും ഏഷ്യയിൽ നിന്നും കുടിയേറിപ്പാർത്ത ജൂതന്മാരുടെ പുനരധിവാസത്തിലൂടെയാണ് വിജ്ഞാനവ്യാപന പ്രസ്ഥാനം ആരംഭിക്കുന്നത്. സഹകരണാടിസ്ഥാനത്തിൽ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പട്ടുക്കുക, ഭിന്നസംസ്കാരമുള്ള കുടിയേററക്കാരിൽ ഐകരൂപ്യം സൃഷ്ടിക്കുക, നേതൃത്വപരിശീലനം നൽകുക എന്നിവയായിരുന്നു വ്യാപനപ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ സഫലമാക്കാൻ സ്വീകരിച്ച രീതികൾ വളരെ ബൃഹത്തായിരുന്നു. സമ്പദ്‌വ്യവസ്ഥയ്ക്കനുകൂലമായ കാർഷികകോളണികൾ, വ്യാവസായികകേന്ദ്രങ്ങൾ, നഗരസംവിധാനം എന്നിവ സംഘടിപ്പിക്കുക, സഹകരണോദ്യമങ്ങളെ പോഷിപ്പിക്കുക, ജനങ്ങളുടെ സാമ്പത്തികവും സാമുദായികവും സാംസ്കാരികവുമായ പുരോഗതിക്ക് വിജ്ഞാനവ്യാപനവും സാങ്കേതികോപദേശവും ഉപയോഗപ്പെടുത്തുക എന്നിങ്ങനെയുള്ള മാർഗങ്ങളാണ് ഇസ്രായേൽ സ്വീകരിച്ചത്.

വികസനപ്രവർത്തനങ്ങൾക്ക് താങ്ങായി പല സംഘടനകൾ ഉണ്ടായിരുന്നു. 'ജൂയിഷ് ഏജൻസി' ഇവയിൽ പ്രധാനമായ ഒന്നാണ്. അവർ കുടിയേറ്റക്കാരെ സാമ്പത്തികഭദ്രത കൈവരിക്കുന്നതു വരെ പുനരധിവസിപ്പിക്കുകയും കൃഷി, മണ്ണുസംരക്ഷണം, ജലസേചനം, ആസൂത്രണം ആദിയായവയിൽ വിദഗ്ദ്ധസേവനം നൽകുകയും ചെയ്തു. "ഹിസ്ട്രാദൂത്" എന്ന മറെറാരു സംഘടന ജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനും വിദ്യാഭ്യാസത്തിലും പൊതുജനാരോഗ്യസംരക്ഷണത്തിലും സാമൂഹ്യക്ഷേമസേവനങ്ങൾ സംഘടിപ്പിക്കുന്നതിലും സഹായിച്ചു. വിജ്ഞാനവ്യാപനപ്രവർത്തനത്തിന്റെ ഭരണപരമായ ചുമതല ഗവണ്മെൻറിന്റെ ആഭ്യന്തരകാര്യാലയം ഏറെറടുത്തു. സാമൂഹ്യപ്രവർത്തന

ങ്ങളുടെ സുഗമമായ നടത്തിപ്പിനു് തദ്ദേശീയവും പ്രാദേശികവുമായ സഭകൾ രൂപീകരിച്ചു. പ്രാദേശികസഹകരണത്തിനും വിഭവസമാഹരണത്തിനും ജനങ്ങളിൽ സാമ്പത്തികോന്നമനവും സാംസ്കാരികസംയോജനവും കൈവരുത്തുന്നതിനുമുള്ള പ്രവർത്തനചട്ടക്കൂടു് ഈ വകുപ്പിൽ ഉണ്ടാക്കി.

## ഗ്രീസിലെ മാസിഡോണിയൻ പരിപാടി

ഗ്രീസിലെ 44 ഗ്രാമങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഒരു വലിയ മാതൃകാ പരിപാടിയാണു് 'മാസിഡോണിയൻ' പ്രോഗ്രാം. അമേരിക്കയിലെ "നോത്തു് ഈസ്റ്റു് ഫൗണ്ടേഷനാ"ണു് ഈ പരിപാടി സംഘടിപ്പിച്ചതു്. പ്രകടനത്തിലൂടെ (Demonstration) വ്യാപനരംഗത്തു് വിജയകരമായ മാർഗങ്ങൾ ഗവൺമെന്റിനെക്കൊണ്ടംഗീകരിപ്പിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. അങ്ങനെ പ്രത്യക്ഷത്തിൽ തെളിയിച്ചിട്ടുള്ള മാർഗങ്ങളിൽ കൂടി ഗ്രാമീണരെ സ്വയംപര്യാപ്തതയുള്ളവരാക്കി ഉയർത്തുവാൻ സഹായിക്കണം എന്നതായിരുന്നു പരിപാടിയുടെ പരമോന്നതമായ ലക്ഷ്യം. ഈ അടിസ്ഥാനത്തിലാണു് പ്രകടനപരിപാടി സ്വീകരിച്ചതു്. വ്യക്തിക്കും സമൂഹത്തിനും മിതവ്യയശീലം വളർത്തുക, കുടുംബഭദ്രതയുണ്ടാക്കുക, ആരോഗ്യസംരക്ഷണം നിർവഹിക്കുക, വിനോദങ്ങൾക്കവസരം കണ്ടെത്തുക എന്നിവയ്ക്കാണു് ഈ പരിപാടിയിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.

ഈ പരിപാടിക്കു് വളരെ കർശനമായ ഒരു വ്യാപനസർവീസ് ഉണ്ടാക്കേണ്ടിയിരുന്നു. കാരണം ജനങ്ങൾ ഏറിയ പങ്കും ഗ്രാമങ്ങളിലാണു് താമസിച്ചിരുന്നതു്. അവരുടെ സാമൂഹ്യബന്ധങ്ങൾ വളരെ ദൃഢമായിരുന്നു. അവിടെ ഗതാഗതസൗകര്യങ്ങൾ തുലോം മോശമായിരുന്നു. ഗ്രീക്കു് ഗ്രാമീണരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് സ്വീകരിച്ച പരിപാടി അമേരിക്കൻ മാതൃകയിലുള്ള സാമൂഹ്യവിദ്യാഭ്യാസരീതിയായിരുന്നു. യുവജനങ്ങൾക്കു് പരിപാടിയിൽ പ്രായോഗികപരിശീലനം നൽകിക്കൊണ്ടു് അവരുടെ സേവനം വ്യാപനത്തിനു് ഗ്രാമങ്ങളിൽ സ്വീകരിച്ചു. കൃഷിയിലും വിദ്യാഭ്യാസത്തിലും കുടുംബപരിചരണത്തിലും ആരോഗ്യസംരക്ഷണത്തിലും ജനങ്ങൾക്കു് സ്വാതന്ത്ര്യം നേടുവാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു. ഈ പ്രവർത്തനരീതി ഗ്രീക്കു് ഗവൺമെന്റു് വികസനവകുപ്പുകളുടെ പരിപാടികളിൽ സ്വീകരിച്ചു് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു.

മാസിസോണിയൻ പ്രവർത്തനത്തിൽ നിന്നും നമുക്കു് പഠിക്കുവാനുള്ള പാഠങ്ങൾ ഇവയാണു്:-

1. വളരെ സമഗ്രമായ പദ്ധതികൾക്കും പരിപാടികൾക്കും കൂടുതൽ മെച്ചമായ ഫലങ്ങളുളവാക്കാനും ശാശ്വതമായ നേട്ടങ്ങൾ കൈവരുത്തുവാനും സാധിക്കും.
2. അവികസിതപ്രദേശങ്ങളിലെ ജനതതിക്കു് ശാസ്ത്രീയവിജ്ഞാനസമ്പാദനത്തിനാഗ്രഹവും ആവേശവും ഉണ്ടു്. നേതൃത്വം ലഭിച്ചാൽ തങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാൻ അവർ കിണഞ്ഞു പരിശ്രമിക്കാൻ തയ്യാറുമാണു്.

### ജപ്പാൻ

ജപ്പാനിൽ വിജ്ഞാനവ്യാപനം 1948 ലെ "ജാപ്പാനീസ് എക്സ്റ്റൻഷൻ ആക്ടി"ന്റെ അടിസ്ഥാനത്തിലാണാരംഭിച്ചതു്. കൃഷിക്കാർക്കു് കൃഷിയെയും കാർഷികജീവിതത്തെയും പററി ഉപയോഗപ്രദവും പ്രായോഗികവുമായ ജ്ഞാനം ലഭിക്കുവാനും അവ പരസ്പരം കൈമാറുവാനും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുവാനും സഹായിക്കുകയാണു് വ്യാപനം കൊണ്ടുദ്ദേശിക്കുന്നതു്. പ്രാദേശികഗവണ്മെൻറുകളുടെ ചുമതലയാണു് വ്യാപനം. കേന്ദ്രഗവണ്മെൻറിൽ നിന്നു് വേണ്ട സാമ്പത്തികസഹായം ലഭിക്കും. കൃഷി, വനം എന്നിവയ്ക്കുള്ള മന്ത്രികാര്യാലയത്തിന്റെ കീഴിൽ "വികസനബ്യൂറോ"യുടെ ഭാഗമായാണു് വ്യാപനവിഭാഗം പ്രവർത്തിക്കുന്നതു്. വ്യാപനവും ഗവേഷണവും ഈ വകുപ്പിന്റെ മേൽനോട്ടത്തിലാണു്. പ്രാദേശികഗവണ്മെൻറുകൾ വിവിധവിഷയവിദഗ്ദ്ധന്മാരുടെ സേവനം ജനങ്ങൾക്കു് ഏർപ്പെടുത്തി കൊടുക്കുന്നു. പ്രാദേശികഗവേഷണകേന്ദ്രങ്ങളിലായിരിക്കും മിക്കവാറും വിദഗ്ദ്ധന്മാരുടെ താവളം. ഗ്രാമതലപ്രവർത്തകരുമായി അവർ നേരിട്ടു് സമ്പർക്കം പുലർത്തുന്നു. കൂടാതെ ഗ്രാമതലപ്രവർത്തകരെ ഒരു സംഘമായി "ഏരിയാ എക്സ്റ്റൻഷൻ ഓഫീസി"ന്റെ കീഴിൽ കൊണ്ടുവരും. ഓരോ പ്രവർത്തകനും ഏകദേശം 600 കർഷകകുടുംബങ്ങളെ സേവിക്കുന്നു. പ്രാദേശികഗവണ്മെൻറു് യുവകർഷകർക്കു് കൃഷിശാസ്ത്രത്തിലും ഗാർഹികശാസ്ത്രത്തിലും ഒന്നോ രണ്ടോ വർഷത്തെ പ്രായോഗികപരിശീലനം നല്കുന്നു. പരിശീലനശേഷം അവരെ കാർഷികരംഗത്തേക്കു് തിരിച്ചയയ്ക്കുന്നു. അവിടെ യുവജനസംഘങ്ങളുടെ നേതൃത്വം അവർ ഏറ്റെടുക്കുന്നു. ധാരാളം വിദഗ്ദ്ധന്മാരുടെ സേവനം പ്രാദേശികമായി നൽകുക എന്നുള്ളതു് ജപ്പാനിലെ പ്രത്യേകതയാണു്. ഇതു് ഏകദേശം 18 ഗ്രാമങ്ങൾക്കു് ഒരു വിദഗ്ദ്ധൻ എന്ന കണക്കിനു് വരും.

### കൊറിയ

1957–ലെ "അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ നിയമം" ആണിവിടെ വ്യാപനപ്രവർത്തനം നടപ്പിലാക്കിയതു്. അഭിവൃദ്ധിക്കു വേണ്ടി ശാസ്ത്രഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തി, കൃഷിയിലും ജീവിതത്തിലും നൂതനരീതികൾ കർഷകരെ അഭ്യസിപ്പിച്ചു് ഉല്പാദനം വർധിപ്പിക്കുകയും സാമ്പത്തികവും സാമുദായികവുമായ ഉന്നതി കൈവരുത്തുകയുമാണിതിന്റെ ലക്ഷ്യം. കൊറിയയിൽ 1961 മേയിലെ വിപ്ലവത്തിനു ശേഷം മുൻപു് നിലവിലിരുന്ന കൃഷിസ്ഥാപനത്തെ (Institute of Agriculture) വിപുലീകരിച്ചു് "ഗ്രാമവികസന ഓഫീസാ"ക്കി മാററി. ഈ ഓഫീസിനു് രണ്ടു ബ്യൂറോകളുണ്ടു്––ഗവേഷണബ്യൂറോയും മാർഗദർശനബ്യൂറോയും (Bureau of Research and Bureau of Guidance). മുൻപു് സാമ്പത്തികവികസനമന്ത്രികാര്യാലയത്തിന്റെയും കൃഷി, വനം എന്നിവയ്ക്കുള്ള മന്ത്രികാര്യാലയത്തിന്റെയും കീഴിൽ പ്രവർത്തി

MUNAVIRUL ISLAM HIGH SCHOOL COCHIN-11. ERNAKULAM

ച്ചിരുന്ന സാമൂഹ്യവികസനവിഭാഗവും കൃഷിവിജ്ഞാനവ്യാപനവിഭാഗവും ഒരുമിപ്പിച്ചാണു് മാർഗദർശനബ്യൂറോയുടെ നിയന്ത്രണത്തിലാക്കിയതു്. ഇതു് കൊറിയയിലെ സമീപനത്തിന്റെ പ്രത്യേകതയാണു്.

മാർഗദർശനബ്യൂറോയ്ക്കു് അഞ്ചു വിഭാഗങ്ങളുണ്ടു്—പരിപാടിയും മൂല്യനിർണയവും, കാഷികപരിഷ്കരണം, ഗൃഹപരിഷ്കരണം, സാമൂഹ്യമാർഗദർശനം, കാർഷികവാർത്താവിനിമയം. പ്രവിശ്യകളിലും പട്ടണങ്ങളിലും ഗ്രാമതലത്തിലും ശാഖാഓഫീസുകൾ ഈ ബ്യൂറോയ്ക്കുണ്ടു്. കൃഷിയുമായി ബന്ധപ്പെട്ട വിപുലമായ ഒരു മേഖലയിൽ പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുന്നതാണു് കൊറിയയിൽ നാം കാണുന്ന പ്രത്യേകത.

മുകളിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും അനുമാനിക്കേണ്ടതു്, ഓരോ രാജ്യത്തും അവിടത്തെ സമ്പദ്‌വ്യവസ്ഥയും സാമൂഹ്യാന്തരീക്ഷവും തദ്ദേശസംഘടനകളും വ്യാപനപ്രവർത്തനത്തിന്റെ സംവിധാനത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ടെന്നാണു്. ഡെൻമാർക്കിലും ഫിലിപ്പൈൻസിലും വ്യാപനപ്രസ്ഥാനത്തിൽ മുൻകയ്യെടുത്തതു് കർഷകരും അവരുടെ സംഘടനകളുമാണു്. അമേരിക്കയിൽ കാർഷികവിദ്യാഭ്യാസത്തിന്റെ ഒരവിഭാജ്യഘടകമായാണു് വ്യാപനം അഭിവൃദ്ധിപ്പെട്ടതു്. മററു ചിലയിടത്തു് കൃഷിവകുപ്പിന്റെ പ്രവർത്തനത്തിൽ കൂടി ഗവൺമെന്റു് വ്യാപനപ്രവർത്തനം ഏർപ്പെടുത്തി. ഗ്രീസിലും മററും ഗവണ്മെന്റിതര ഏജൻസികളുടെ മാതൃകാപ്രവത്തനങ്ങൾക്കു് ശേഷം തെളിയിച്ച ആശയങ്ങളും രീതികളും ഗവണ്മെന്റു് ഏറെറടുത്തു് നടപ്പിലാക്കി.

# 4

## വ്യാപനവിദ്യാഭ്യാസം—അർത്ഥവും ലക്ഷ്യവും

മനുഷ്യന്റെ ജീവിതപുരോഗതി അവന്റെ അറിവിനെ ആശ്രയിച്ചാണിരിക്കുന്നതു്. അവനു് എന്തു പ്രവർത്തിക്കാൻ സാധിക്കും, ഭൗതിക പരിതസ്ഥിതികളുമായി എങ്ങനെ പൊരുത്തപ്പെട്ടു പോകാൻ സാധിക്കും എന്നിവയെ ആശ്രയിച്ചിരിക്കും അവന്റെ ഉയർച്ച. വിഭവങ്ങളെ ഉപയോഗപ്രദമാം വണ്ണം കൈകാര്യം ചെയ്യുവാനുള്ള കഴിവു് എങ്ങനെ ഉണ്ടാകുന്നു? കണ്ടും കേട്ടും അറിഞ്ഞും തന്നെ. ഈ പ്രാഗത്ഭ്യസമ്പാദനപ്രക്രിയയാണു് സാധാരണമായി ഔപചാരികമായ അല്ലെങ്കിൽ അനൗപചാരികമായ വിദ്യാഭ്യാസം എന്നതു കൊണ്ടു് വിവക്ഷിക്കുന്നതു്.

മനുഷ്യൻ സാമൂഹ്യജീവിയാണു്. സമൂഹത്തിന്റെ പുരോഗതി വ്യക്തിക്കും സമൂഹത്തിനും വരുത്തുന്ന പരിവർത്തനങ്ങളുടെ പരിണതഫലമാണു്. ഏതു സമൂഹവും നിരവധി പ്രശ്നങ്ങളെ നേരിട്ടു കൊണ്ടാണിരിക്കുന്നതു്. ശാസ്ത്രീയവിജ്ഞാനം ഉപയോഗിച്ചു് പ്രയത്നിച്ചാലേ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ. നൂതനമായ അറിവു് ലഭിക്കുമ്പോൾ വ്യക്തിക്കും സമൂഹത്തിനും വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ഏകാധിപത്യവ്യവസ്ഥിതിയിൽ ഈ മാററം അധികാരം കൊണ്ടും ആജ്ഞാശക്തി കൊണ്ടും കൈവരുത്തുന്നു. ജനസമ്മതമോ സഹകരണമോ ഇവിടെ പ്രശ്നമല്ല. അധികാരികളുടെ ആജ്ഞാനുവർത്തികളായിരിക്കും ഇവിടെ ജനങ്ങൾ. അനുസരിച്ചില്ലെങ്കിൽ അനുസരിപ്പിക്കും. എന്നാൽ ജനാധിപത്യവ്യവസ്ഥിതിയിൽ പരിവർത്തനങ്ങൾ രൂപം കൊള്ളുന്നതു് അറിവിന്റെയും വിവേകത്തിന്റെയും അനുനയത്തിന്റെയും വെളിച്ചത്തിലാണു്. ഇവിടെ വ്യക്തിയുടെ തീരുമാനമാണു് മാററത്തിനു നിദാനം. ഈ മാററങ്ങൾ ശാശ്വതമായ പുരോഗതിക്കു് വഴി തെളിക്കുന്നു. ഇതിന്നടിത്തറ പാകുന്ന വിദ്യാഭ്യാസത്തിന്റെ—ജ്ഞാനസമ്പാദനപ്രക്രിയയുടെ—ഫലമായാണു് സ്ഥായിയായ അഭിവൃദ്ധി കൈവരുന്നതു്.

എന്നാൽ ഒരു രാജ്യത്തും എല്ലാ പൗരന്മാർക്കും അവരവരാഗ്രഹിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസത്തിനു് സൗകര്യമോ സാധ്യതയോ ഉണ്ടാകാറില്ല. സാമാന്യവിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും സമുദായത്തിലെ ഉന്നതന്മാർക്കേ സാധാരണമായി ലഭിക്കാറുള്ളു. ഗ്രാമീണക്കും കർഷകർക്കും സാമാന്യവിദ്യാഭ്യാസം ലഭിക്കാനുള്ള സാധ്യതകൾ വിരളമാണു്. അഭ്യസ്ത വിദ്യരല്ലാത്ത ഗ്രാമീണർക്കു് ശാസ്ത്രീയവിജ്ഞാനം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു. വിജ്ഞാനം അനൗപചാരികവിദ്യാഭ്യാസസമ്പ്രദായത്തിൽ കൂടി ബഹുജനങ്ങളിലേയ്ക്കു് പകർന്നു കൊടുക്കുന്ന വിദ്യാഭ്യാസരീതിയാണു് വ്യാപനവിദ്യാഭ്യാസം അഥവാ എക്സ്റ്റെൻഷൻ എഡ്യൂക്കേഷൻ എന്നു് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഇരുപതാംനൂററാണ്ടിൻെറ ആദ്യദശകത്തിൽ അമേരിക്കയിലാണീ പദം ആദ്യമായി ഉപയോഗത്തിൽ വന്നതു്. ലാൻറ് ഗ്രാൻഡ് കോളേജുകളിൽ നിന്നു് വിജ്ഞാനം സാധാരണ ഗ്രാമീണരിലേക്കു് പകർന്നു കൊടുക്കുന്നതിനു് എക്സ്റ്റെൻഷൻ എന്നു വിളിച്ചു. എക്സ്: പുറത്തു് (ഔട്ട്)എന്നും ടെൻഷിയോ: വലിച്ചു നീട്ടുക (ട്ര സ്റ്റെച്ച്) എന്നും ഉള്ള രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണു് ഇതിൻെറ ഉത്ഭവം. ഈ കൊച്ചുപദത്തിൻെറ പിന്നിൽ വ്യാപകമായ അർത്ഥം കുടികൊള്ളുന്നുണ്ടു്. വാക്യാർത്ഥത്തിൽ നിന്നും വളരെയധികം ഉയർന്നു നിൽക്കുന്നു ഇതിൻെറ അർത്ഥവ്യാപ്തി.

ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും വ്യാപനം എന്ന അനൗപചാരികവിദ്യാഭ്യാസരീതിക്കു് അതിയായ പ്രാധാന്യമുണ്ടു്. അമേരിക്കയിൽ വ്യാപനം കൊണ്ടു് ഗ്രാമീണരുടെ അറിവില്ലായ്മ മാററി ഉല്പാദനം വർധിപ്പിക്കുവാനുള്ള അഭിവാഞ്ഛ അവരിൽ സൃഷ്ടിക്കുകയും അവരുടെ സങ്കുചിതമനഃസ്ഥിതിയെ മാററി പുതിയൊരന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യു. കൃഷിയിലും ഗൃഹശാസ്ത്രത്തിലും ഉപയോഗപ്രദവും പ്രായോഗികവുമായ അറിവുകൾ കൃഷിക്കാരിൽ വ്യാപിപ്പിക്കുകയും പ്രകടനങ്ങളിൽ കൂടിയും പ്രസിദ്ധീകരണങ്ങൾ വഴിയും പഠിപ്പിക്കുകയും ചെയ്യണമെന്നാണു് അവിടെ നിയമം അനുശാസിക്കുന്നതു്. മാറിക്കൊണ്ടിരിക്കുന്നസാമൂഹ്യ–സാമ്പത്തികസാഹചര്യങ്ങളിൽ നിന്നുത്ഭവിക്കുന്ന ആനുകാലികപ്രശ്നങ്ങൾക്കു് സ്വന്തം വിഭവശേഷികളുപയോഗിച്ചു കൊണ്ടു് പരിഹാരം കാണാൻഗ്രാമീണകർഷകരെ സഹായിക്കുന്ന വിദ്യാഭ്യാസമാണു് എക്സ്റ്റെൻഷൻ. സാമൂഹ്യജീവിതത്തെ ഫലവത്താക്കാനും പൂർണമാക്കാനും ആനന്ദപ്രദമാക്കാനും അതു് സഹായിക്കണം. സെനററർ വാർഡ്മാൻെറ അഭിപ്രായത്തിൽ വിജ്ഞാനവ്യാപനം കൊണ്ടു് താഴെപ്പറയുന്ന കാര്യങ്ങൾ സാധ്യമാണു്.

1. കൃഷിഭൂമിയിൽ അറിയപ്പെടാതെ കിടക്കുന്ന സമ്പത്തും ഉല്പാദനശേഷിയും കണ്ടെത്തുവാൻ കർഷകനെ സഹായിക്കുന്നു.

2. കാർഷികപ്രവൃത്തിയുടെ ഭാരം ലഘൂകരിക്കുന്നതിനും ഉല്പാദനം വർധിപ്പിക്കുന്നതിനും മാർഗങ്ങൾ കണ്ടുപിടിക്കുന്നതിനു് ഉപകരിക്കുന്നു.

3. മനുഷ്യൻെറ മാനസികവളർച്ചയും അഭിവൃദ്ധിക്കും അവൻെറ

പ്രയത്നങ്ങൾക്കു് വിവേകപൂർവമായ മാർഗദർശിത്വം നൽകുന്നതിനും സഹായിക്കുന്നു.

ന്യൂയോർക്കു് സ്റ്റേറ്റു് അഗ്രിക്കൾച്ചറൽ കേളേജിലെ ഡീൻ പറയുന്നതു്, എക്സ്റ്റെൻഷൻ പുതിയ അറിവുകൾ സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവർക്കു അതു് എത്തിച്ചു കൊടുക്കുകയും ആഗ്രഹമില്ലാത്തവർക്കു് ആഗ്രഹം ജനിപ്പിക്കുകയും ചെയ്യുന്നു എന്നാണു്.

ഭാരതത്തിലെ വികസനപദ്ധതിയുടെ പ്രധാനമാർഗദർശകനായിരുന്ന ശ്രീ. വി. റ്റി. കൃഷ്ണമാചാരി എക്സ്റ്റെൻഷനെപ്പറ്റി ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്: "അതു് ഗ്രാമീണരുടെ പ്രശ്നങ്ങളെ മനസ്സിലാക്കി പരിഹാരം കാണാൻ നിരന്തരം സഹായിക്കുന്ന ഒരഭംഗുരമായ വിദ്യാഭ്യാസപ്രക്രിയയാണു്". ശാസ്ത്രനേട്ടങ്ങളുപയോഗിച്ചു് മനുഷ്യൻെറ വിജ്ഞാനത്തിലും ചിന്താഗതിയിലും പ്രവൃത്തിചാതുര്യത്തിലും വിപ്ലവാത്മകമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഈ പരിവർത്തനങ്ങൾ സമൂഹത്തെ പുരോഗതിയിലേയ്ക്കു നയിക്കുന്നു. ഭാരതത്തിൻെറ പശ്ചാത്തലത്തിൽ, "വ്യാപനവിജ്ഞാനം കർഷകനെയും അവൻെറ കുടുംബത്തെയും അവനടങ്ങുന്ന സമൂഹത്തെയും നേരിടുന്ന പ്രശ്നങ്ങൾ ഉപകാരപ്രദമായ പ്രായോഗികവിജ്ഞാനത്തോടു് അനുബന്ധിക്കുന്ന വിദ്യാഭ്യാസരീതിയാണു്" എന്നു് നിർവചിക്കാം. (ഗ്രാമോദ്ധാരണ സാഥിയിൽ നിന്നു് എടുത്തതു്.)

വിജ്ഞാനസമ്പാദനം ലക്ഷ്യവും മാർഗവും തത്വവുമാകുന്ന നിരവധി സങ്കീർണപ്രവർത്തനങ്ങളുടെ ക്രോഡീകരണമാണു് എക്സ്റ്റെൻഷൻ എന്ന പദം കൊണ്ടു് ഉദ്ദേശിക്കുന്നതു്. ജനങ്ങളുടെ നന്മയ്ക്കു വേണ്ടിയുള്ള അവരുടെ ശ്രമം സമ്മർദം കൊണ്ടോ സമ്മാനം കൊണ്ടോ സംജാതമാക്കാൻ സാധിക്കുകയില്ല. നേരെമറിച്ചു് വിവിധ രംഗത്തു് നന്മതിന്മകളെ ബുദ്ധിപൂർവം തിരിച്ചറിഞ്ഞു് പ്രയോജനപ്രദമായതു് സ്വീകരിക്കാനുള്ള മാർഗനിർദേശമാണു് ചെയ്യേണ്ടതു്. സാമ്പത്തികവും സാമുദായികവുമായ വളർച്ചയ്ക്കു് വേണ്ടി പൊതുജനങ്ങളോടൊത്തു പ്രവർത്തിക്കുന്നു. വിദ്യാഭ്യാസത്തിൽ കൂടി ജനങ്ങളെ സ്വാശ്രിതരാക്കുകയാണു് അല്ലാതെ നിരന്തരം ആശ്രിതരാക്കുകയല്ല എക്സ്റ്റെൻഷൻ ചെയ്യുന്നതു്.

വ്യാപനവിജ്ഞാനത്തിൻ്റെ പ്രയുക്താർത്ഥവ്യാപ്തി (applied meaning) വിവിധസാമൂഹ്യചിന്തകന്മാരുടെ അഭിപ്രായങ്ങളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ സമാഹരിക്കാം.

1. ജീവസന്ധാരണമാർഗങ്ങൾ പ്രദാനം ചെയ്യാൻ ഉതകുന്ന വിദ്യാഭ്യാസമാണു് വ്യാപനവിദ്യാഭ്യാസം.

2. അതു് ജനങ്ങളിൽ ഭാവപരിവർത്തനം, വിജ്ഞാനപരിവർത്തനം, ചാതുര്യപരിവർത്തനം എന്നിവയുണ്ടാക്കുന്നു.

3. അതു് ജനങ്ങളെ സ്വാശ്രയത്വത്തിലൂടെ അഭിവൃദ്ധി നേടാൻ സഹായിക്കുന്ന ഒരു നടപടിക്രമമാണു്.

4. വ്യാപനം പ്രയത്നം കൊണ്ടു് പഠിക്കുന്നു; ദൃശ്യത്തിൽ വിശ്വസിക്കുന്നു.

5. ദൈനംദിനജീവിതത്തിൽ വ്യക്തിക്കും സമുദായത്തിനും നേതാവിനും അഭിവൃദ്ധി ഉണ്ടാക്കുന്നതിന് വ്യാപനം പ്രവർത്തിക്കുന്നു.

6. മാനുഷികസംസ്കാരത്തിന് അനുസൃതമായ പ്രവർത്തനമാണ് വ്യാപനത്തിന്റേത്.

7. മാനവസമുദായത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യക്തികളും അവരുടെ കുടുംബങ്ങളും സമൂഹങ്ങളും സംസ്ഥാനങ്ങളും ഒത്തുകൂടി പ്രവർത്തിക്കുന്ന രംഗമാണ് വ്യാപനം.

8. ഗ്രാമീണവികസനപ്രവത്തകരും ഗ്രാമവാസികളും തമ്മിലുള്ള ഒരു സജീവബന്ധമാണ് വ്യാപനം. അന്യോന്യം സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട് പരസ്പരം വിശ്വാസമർപ്പിച്ചും ബഹുമാനിച്ചും വളർത്തിയ സുദൃഢമായ സ്നേഹബന്ധത്തിൽ കൂടിയാണ് വ്യാപനപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നത്.

9. ഗ്രാമീണർക്ക് ശാസ്ത്രീയവും പ്രായോഗികവുമായ അറിവ് എത്തിച്ചുകൊടുക്കാനും കർഷകജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹാരാർഥം ഗവേഷണകേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുവാനുമുള്ള ഒരു ദ്വിമുഖവാഹികയാണ് വിജ്ഞാനവ്യാപനം.

## വ്യാപനലക്ഷ്യങ്ങൾ

നമ്മുടെ പരിശ്രമങ്ങളെയും പ്രയത്നങ്ങളെയും അതിന്റെ അന്ത്യത്തിലേക്കു നയിക്കുന്ന ഭാവപ്രകടനങ്ങളാണ് ലക്ഷ്യങ്ങൾ. ലക്ഷ്യം ചലനദിശയെയാണ് കുറിക്കുന്നത്. വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾക്ക് വിവിധോദ്ദേശ്യങ്ങൾ അടിസ്ഥാനപരമായും സാമാന്യമായും പ്രാവത്തികമായും ഉണ്ട്. ഈ പ്രസ്ഥാനത്തിന്റെ പരമോന്നതമായ ലക്ഷ്യം സമൂഹത്തിലെ അംഗമായ വ്യക്തിയുടെ അഭിവൃദ്ധിയാണ്.

അമേരിക്കയിൽ വ്യാപനസേവനം സ്വന്തം പ്രശ്നങ്ങളെ കൃത്യമായി നിർണയിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു; നൂതനവിജ്ഞാനസമ്പാദനത്തിന് സഹായിക്കുന്നു; വിവേകത്തിൽ നിന്നും വിജ്ഞാനത്തിൽ നിന്നും ബോധ്യപ്പെടുന്ന പ്രവൃത്തിക്ക് പ്രചോദനം നൽകുന്നു. ജനങ്ങളെ ശരിയായ പൗരന്മാരാക്കി വർധിച്ചു വരുന്ന ചുമതലകളെ ഏറ്റെടുക്കുവാനും ശരിയായ തീരുമാനങ്ങൾ വേണ്ട സമയത്തെടുക്കുവാൻ കഴിവും ധൈര്യവുമുള്ളവരാക്കി തീർക്കുവാനും സഹായിക്കുന്നു. കൃഷിയിൽ അഭിവൃദ്ധി ഉണ്ടാക്കുന്നു. കുടുംബത്തിനും സമുദായത്തിനും വളർച്ചയും പുരോഗതിയും ഉണ്ടാക്കാൻ സഹായിക്കുന്നു.

വ്യാപനപ്രവർത്തനത്തിന്റെ പരമോന്നതമായ ലക്ഷ്യം, ദേശീയ–സാമ്പത്തിക–സാമൂഹ്യനീതിക്രമത്തിനനുസരിച്ച് എല്ലാ ഗ്രാമീണർക്കും ക്ഷേമം പ്രദാനം ചെയ്യുകയാണ്. ആയതിലേക്ക് ഉതകുന്ന സാമാന്യലക്ഷ്യങ്ങൾ ഭൗതികമായി ഉല്പാദനം വർധിപ്പിക്കുക, വിദ്യാഭ്യാസപരമായി ജനങ്ങളുടെ വീക്ഷണഗതിയിൽ പരിവർത്തനം ഉണ്ടാക്കുന്നതിനുതകുന്ന രീതിയിൽ വിജ്ഞാനവ്യാപനം നടത്തുക, സാമൂഹ്യവും സാംസ്കാരികവുമായി തദ്ദേശസംഘടനകളിൽക്കൂടി

സമുദായത്തെ ഏകീകരിക്കുകയും സംയോജിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നിവയാണു്.

ഇന്ത്യയിൽ വ്യാപനപ്രവർത്തനത്തിനു് ഒരു പ്രധാനലക്ഷ്യം കൂടി നിറവേറേണ്ടതുണ്ടു്. വിധിക്കടിമപ്പെട്ട, സാഹചര്യങ്ങളുടെ നിഷ്ക്രിയമായ ഇരയാണു് തങ്ങൾ എന്നുള്ള ഗ്രാമീണരുടെ ചിന്താഗതി മാറേണ്ടതുണ്ടു്. തൽസ്ഥാനത്തു് തങ്ങളുടെ ഇന്നത്തെ ശോചനീയസ്ഥിതി ആരുടെയും ആശ്രിതവാത്സല്യങ്ങൾ കൊണ്ടു് മാറുകയില്ലെന്നും സ്വപ്രയത്നം കൊണ്ടേ ഇതിൽ നിന്നു് മോചനം സിദ്ധിക്കുകയുള്ളു എന്നുമുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ചിന്താഗതി പ്രതിഷ്ഠിച്ചു് വളർത്തിക്കൊണ്ടു വരേണ്ടിയിരിക്കുന്നു. മറെറാരു പ്രധാനലക്ഷ്യം സർക്കാരിൻെറ വിവിധ വികസനവകുപ്പുകളുടെ ഗ്രാമതലത്തിലുള്ള പ്രവർത്തനങ്ങൾ ഏകീകരിച്ചു് അവർക്കു് സഹായവും സഹകരണവും ദ്രുതഗതിയിൽ എത്തിക്കുവാൻ കഴിയുമാറാകണം എന്നുള്ളതാണു്.

# 5

## വ്യാപനം-പ്രമാണങ്ങളും തത്വങ്ങളും

അര നൂറ്റാണ്ടിൽ കൂടുതൽ കാലം പല ദേശങ്ങളിൽ വിവിധ ചിന്തകന്മാരുടെ പ്രവർത്തനഫലമായി വികസിച്ചു വന്ന ഒരു ആശയമാണ് വ്യാപനവിജ്ഞാനം. അതിന്റെ ഉത്ഭവവും വളർച്ചയും ജനങ്ങളുടെ ആവശ്യങ്ങളിൽ നിന്നാണ്.

പ്രതികൂലവും അനുകൂലവും പ്രോത്സാഹജനകവും നിരുത്സാഹജനകവും ആയ സാഹചര്യങ്ങളെ നേരിടുന്നതിനുള്ള, മാനസികവും ശാരീരികവുമായ കഴിവിനെ ആശ്രയിച്ചാണ് മനുഷ്യന്റെ പുരോഗതി സ്ഥിതി ചെയ്യുന്നത്. എബ്രഹാം ലിങ്കൺ പറഞ്ഞതു പോലെ, എല്ലാ മനുഷ്യരും തുല്യരായി ജനിക്കുന്നു. അടിസ്ഥാനപരമായി എല്ലാ ഹൃദയങ്ങളും മനസ്സുകളും ഒന്നു പോലെയാണ്. പക്ഷെ യാഥാർഥ്യത്തിൽ സാംസ്കാരികമായും സാമൂഹ്യമായും വലിയ വൈപരീത്യങ്ങൾ കാണാം. വിദ്യാഭ്യാസത്തിലും പരിശീലനത്തിലും എല്ലാവർക്കും തുല്യസൗകര്യം ലഭിച്ചാൽ പുരോഗമനത്തിനുള്ള പോരാട്ടത്തിൽ മത്സരിക്കുവാൻ തുല്യസന്ദർഭം ലഭിക്കും. സാധാരണഗതിയിൽ അതിനു് സാധ്യത വളരെ വിരളമാണ്. ശാസ്ത്രസാങ്കേതികവിജ്ഞാനങ്ങൾ ഗ്രാമീണജീവിതപ്രശ്നങ്ങളെ പരിഹരിക്കാനുതകുന്ന വിധത്തിൽ എല്ലാ ഗ്രാമീണർക്കും അനൗപചാരികമായി വിദ്യാഭ്യാസത്തിലൂടെ നൽകുക എന്നതാണ് വ്യാപനവിജ്ഞാനത്തിന്റെ മഹത്തായ ആദർശം. വിദ്യാഭ്യാസത്തിൽ കൂടി മനുഷ്യനിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ശാസ്ത്രത്തിന്റെ പുരോഗമനമാണ് സമുദായത്തിൽ കാണുന്ന സാംസ്കാരികപരിവർത്തനത്തിനു് ഒരു കാരണം. എന്നാൽ ശാസ്ത്രപുരോഗതിയെ മനുഷ്യജീവിതത്തിലെ ഏതെങ്കിലും മൂല്യങ്ങൾക്കോ പ്രമാണങ്ങൾക്കോ നിയന്ത്രിക്കുവാനോ നയിക്കുവാനോ സാധിച്ചു എങ്കിൽ മനുഷ്യരാശിക്കതു് വലിയ അനുഗ്രഹമായിരുന്നു. സമുദായത്തിലെ ഈ സാംസ്കാരികവിപ്ലവത്തിനും പരിവർത്തനങ്ങൾക്കും വ്യാപനം ചുക്കാൻ പിടിക്കുകയാണ് ചെയ്യുന്നത്.

പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളുടെയും ധർമങ്ങളുടെയും ജ്ഞാനമാണ് തത്വചിന്തകൾ (Philosophy). അതു മനുഷ്യൻെറ ക്രിയാത്മകമായ പ്രവർത്തനങ്ങളെ വേണ്ട വിധത്തിൽ നയിക്കും.

ജനക്ഷേമവും അഭിവൃദ്ധിയുമാണ് വ്യാപനത്തിൻെറ പരമോന്നത ലക്ഷ്യം. ജനാധിപത്യരാഷ്ട്രത്തിൻെറ പുരോഗതിയിൽ സുപ്രധാനസ്ഥാനം വ്യക്തിക്കാണ്. ദേശീയാഭിവൃദ്ധിയിൽ വ്യക്തിയുടെ മഹത്തായ സ്ഥാനം താത്വികമായി അംഗീകരിച്ച വ്യാപനപ്രവർത്തകർക്കേ ജനങ്ങളുടെയിടയിൽ സ്വാധീനം ചെലുത്തുവാനും ശരിയായ ലക്ഷ്യങ്ങളിൽ എത്തിച്ചേരുവാനും സാധിക്കുകയുള്ളു. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളിൽ താല്പര്യവും ഉൽക്കണ്ഠയും അവരുടെ ഉന്നതനിലവാരത്തിലെത്താനുള്ള കഴിവിൽ ആത്മാർഥമായ വിശ്വാസവും ഉള്ളവർക്കേ ഈ പ്രമാണം വളർത്തുവാൻ സാധിക്കൂ. മനുഷ്യരാശിയുടെ ആദ്യത്തെ കളരിയും സാംസ്കാരികഘടകവും കുടുംബമാണ്. മണ്ണും മനുഷ്യനുമായുള്ള കൂട്ടുകച്ചവടത്തിലാണ് ഏതു് നാഗരികതയുടെയും (Civilization) സ്ഥായിയായ അടിസ്ഥാനം.

വ്യാപനപ്രവർത്തകർ കർഷകരുടെ മേൽ യാതൊന്നും അടിച്ചേല്പിക്കുന്നില്ല. ഉപദേശകനും സുഹൃത്തും അധ്യാപകനും ആണ് വ്യാപനപ്രവർത്തകൻ. അവർ ജനങ്ങളോടു കൂടി ഒരുമിച്ച് ജീവിച്ച് പ്രശ്നങ്ങളെ ഗ്രഹിക്കുവാൻ സഹായിക്കുന്നു. അവർ അധ്യയനസൗകര്യങ്ങൾ സൃഷ്ടിക്കുന്നു; വ്യക്തിക്കും സമൂഹത്തിനും സഹകരിക്കേണ്ട രംഗങ്ങളെപ്പററി ബോധ്യപ്പെടുത്തുന്നു; ജനസമൂഹത്തിൽ നേതൃത്വം കണ്ടെത്തുന്നു; നേതാക്കളെ തിരഞ്ഞെടുക്കുന്നു; പരിശീലനം നൽകുന്നു; സംഘടനകൾ സ്ഥാപിക്കുന്നു; പോഷിപ്പിക്കുന്നു. സംഘടനകളിൽക്കൂടിയും നേതൃത്വത്തിൽക്കൂടിയും വ്യാപനപ്രവത്തകർ സമൂഹചിന്ത (സഞ്ചയനിരൂപണം) സമൂഹാസൂത്രണം, സമൂഹപ്രയത്നം എല്ലാം പ്രോൽസാഹിപ്പിക്കുന്നു. ഇങ്ങനെ വ്യാപനപ്രക്രിയ ശരിയായ ജനാധിപത്യത്തിൻെറഅടിത്തറ പാകുകയാണ് ചെയ്യുന്നതു്.

വിഭാഗീയചിന്തകൾക്കതീതമായി ജനങ്ങൾക്കഭിവൃദ്ധിയുണ്ടാകുവാൻ ജനാധിപത്യരീതിയിൽ വിദ്യാഭ്യാസത്തിൽ കൂടി ജനങ്ങളെ സഹായിക്കുക എന്നുള്ളതാണ് വ്യാപനവിജ്ഞാനത്തിൻെറ സാരവത്തായ പ്രമാണം. ജനാധിപത്യം, പൊതുജനാഭിവൃദ്ധി, വിദ്യാഭ്യാസം സ്വാശ്രയശീലം ഇവയാണ് മൂല്യങ്ങൾ.

## വ്യാപനതത്വങ്ങൾ

വ്യാപനവിജ്ഞാനത്തെ സാമൂഹ്യവികസനത്തിൽ ബൃഹത്തായ ഫലങ്ങൾ പ്രദാനം ചെയ്യുവാൻ പററിയ മാർഗമായും സാങ്കേതികസാമഗ്രിയായും സ്വീകരിച്ചിരിക്കുന്നു. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ വ്യാപനപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന പല വിദഗ്ദ്ധന്മാരും വ്യാപനപ്രവർത്തനത്തെ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചില പ്രമാണങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്. കാലത്തിലും കാലാവസ്ഥയിലും സമ്പദ്‌വ്യവസ്ഥയിലും സംസ്കാര

ത്തിലും വളരെ വിഭിന്നങ്ങളായ സാഹചര്യങ്ങളിൽ നിന്നാണീ പ്രമാണങ്ങൾ ഉളവായിട്ടുള്ളതു്. പക്ഷേ വിവിധ സമൂഹങ്ങളുടെ പ്രതികരണങ്ങളും സ്വഭാവവിശേഷതകളും താത്വികമായി ഒന്നു തന്നെയാണു്. മിക്കവാറും എല്ലാം തന്നെ വിഭിന്നങ്ങളായ വാക്യപ്രയോഗത്തിൽ കൂടിയാണെങ്കിലും ഐകരൂപ്യമുള്ള ആശയങ്ങളും പ്രമാണങ്ങളുമാണു് മുന്നോട്ടു വെക്കുന്നതു്. അവയിൽ ചിലതാണു് താഴെ കൊടുക്കുന്നതു്.

1. ജനാധിപത്യവും സംസ്കാരവും വ്യാപനവിജ്ഞാനത്തിന്റെ പ്രധാനതത്വങ്ങളാണു്. സാംസ്കാരികവും മാനസികവുമായ പരിവർത്തനത്തിനുപയോഗിക്കുന്ന നടപടിക്രമം ജനാധിപത്യപരമാണു്. വ്യാപനം എല്ലാ സംസ്കാരത്തെയും ബഹുമാനിക്കുന്നു. ജനങ്ങൾ വൃക്ഷങ്ങളെപ്പോലെയാണു്. വ്യാപനപ്രവർത്തകർ വേരുകളെ നശിപ്പിക്കാതെ കളകൾ മാററി മണ്ണിളക്കി വളവും ജലവും കൊടുത്തു് വൃക്ഷത്തെ തനിയെ വളരാൻ അനുവദിക്കണം. സമൂഹത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും അഭിവൃദ്ധിക്കും നിദാനമായി നിൽക്കുന്നതു് സമുദായം നിലനിർത്തിപ്പോരുന്ന ആചാരമര്യാദകളും ജീവിതമൂല്യങ്ങളുമാണു്. സമൂഹത്തിന്റെ അഭിമാനവും ആത്മവിശ്വാസവും ഇവയാൽ പ്രചോദിതമാണു്. ഈ സംസ്കാരത്തിന്റെയും ജീവിതമൂല്യങ്ങളുടെയും നാരായവേരു് ഛേദിക്കുന്ന ഏതൊരു പ്രവർത്തനപരിപാടിയെയും ആധുനികതയുടെ പേരിലും വെറും ഭൗതികമായ സാമ്പത്തികാഭിവൃദ്ധിയുടെ പേരിലും എത്ര അഭികാമ്യമായിരുന്നാൽ കൂടിയും, വ്യാപനം പാടെ തിരസ്കരിക്കുന്നു.

2. സർവർക്കും ഉതകുന്ന ഒരു വിദ്യാഭ്യാസമാണു് വ്യാപനം. ജാതി, മതം, പ്രായം, ജോലി, സാമൂഹ്യപദവി, സാമ്പത്തിക കഴിവു് ഇവ വിഗണിച്ചു് എല്ലാ വിഭാഗത്തിലുള്ള ആളുകൾക്കും ഉപയോഗയോഗ്യമായ പ്രായോഗികപരിജ്ഞാനം നൽകാൻ വ്യാപനവിദ്യാഭ്യാസം ബാദ്ധ്യസ്ഥമാണു് എന്നാണീ തത്വത്തിന്റെ സാരം.

3. സമൂഹത്തിന്റെ അഭിവൃദ്ധിയെയും ലാക്കാക്കിയും ജനങ്ങളുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയും വ്യാപനം പ്രവത്തിക്കുന്നു. പരിപാടികളുടെ ആരംഭം ജനങ്ങളുടെ നിലവാരത്തിൽ നിന്നാണു്. പ്രാപിക്കാനാഗ്രഹിക്കുന്ന ലക്ഷ്യവും ഇന്നത്തെ നിലയും തമ്മിലുള്ള അന്തരത്തെയാണു് ആവശ്യം (needs) എന്നു് നിർവചിക്കുന്നതു്. ഗ്രാമീണരുടെ നീറുന്ന ആവശ്യങ്ങൾ നിറവേററുന്നതിനു് അവരുടെ നിലവാരത്തിൽ നിന്നും പ്രവർത്തനമാരംഭിക്കുകയാണു് വ്യാപനം താത്വികമായി ചെച്ചുന്നതു്.

4. ദേശീയവികസനം തദ്ദേശനേതൃത്വത്തിൽ കൂടി വേണമെന്നുള്ള തത്വം വ്യാപനം അനുശാസിക്കുന്നു. പ്രവർത്തനപരിപാടികളിൽ വ്യാപനപ്രവർത്തകർ സ്വയം നേതൃത്വം ഏറെറടുക്കുന്നില്ല. ജനാധിപത്യരീതിയിലുള്ള നേതൃത്വത്തെ തിരഞ്ഞു പിടിച്ചു് പരിപോഷിപ്പിക്കുന്നു. പ്രാവർത്തികസംഘങ്ങളെയും (functional groups) പ്രാവർത്തികനേതാക്കളെയും (functional leaders) ഓരോ പ്രവർത്തനരംഗത്തും തിരഞ്ഞെടുത്തു് പരിശീലനം നൽകി വ്യാപനപ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നു. വ്യാപനം എന്തു ചെയ്യുന്നു എന്നുള്ള

തിനല്ല, മറിച്ച് അതിന് മററുള്ളവരെക്കൊണ്ട് എന്തു ചെയ്യിക്കുവാൻ കഴിയുന്നു എന്നുള്ളതിനാണ് പ്രാധാന്യം കല്പിക്കുന്നത്.

5. വ്യാപനം സത്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് നിലനില്ക്കുന്നത്. പരീക്ഷണശാലകളിൽ പ്രായോഗികമാണെന്ന് തെളിയിച്ചിട്ടുള്ള ആശയങ്ങളും രീതികളുമാണ് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നത്. സത്യത്തെ മറികടന്ന് പ്രവർത്തിച്ചാൽ ജനങ്ങൾ വ്യാപനപ്രവർത്തനത്തിൽ അർപ്പിച്ചിട്ടുള്ള വിശ്വാസം നശിക്കും. സത്യാന്വേഷണം വ്യാപനപ്രക്രിയയിൽ അവിരാമമായി തുടരേണ്ടതുണ്ട്. എന്തെന്നാൽ ഇന്നത്തെ പൂർണസത്യങ്ങൾ നാളത്തെ അർധസത്യങ്ങളാകാം. മനുഷ്യന് പ്രായോഗികമായി പകർത്താൻ സാധ്യമാകുന്ന ആശയങ്ങളും മാർഗങ്ങളുമാണ് ഗവേഷണകേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നത്. അവയാണ് ജനങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടത്.

6. സമുദായാഭിവൃദ്ധി പ്രാദേശിക (സ്ഥാനിക-Local) ഉത്തരവാദിത്വമാണെന്നതാണ് വ്യാപനത്തിന്റെ തത്വം. ജനക്ഷേമകാര്യങ്ങളിൽ കൂടുതൽ കൂടുതൽ പങ്കു വഹിക്കുവാൻ അത് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ആര്, ഏത്, എപ്പോൾ, എങ്ങനെ, എവിടെ ചെയ്യണമെന്ന് നിർണയിക്കുവാനുതകുന്ന നേതൃത്വം ജനങ്ങളിൽ നിന്നുല്പാദിപ്പിക്കുന്നു.

7. വ്യക്തിത്വത്തിന് മഹോന്നതമായ ഒരു സ്ഥാനം വ്യാപനത്തിൽ നല്കിയിട്ടുണ്ട്. എല്ലാ വ്യക്തികളും വ്യാപനപ്രസ്ഥാനത്തിൽ തുല്യപ്രാധാന്യമുള്ളവരാണ്. ഒരുവൻ വ്യാപൃതനായിരിക്കുന്ന തൊഴിലിൽ അവനു് അഭിമാനവും അന്തസ്സും തോന്നണം, പ്രവൃത്തിയുടെ മാഹാത്മ്യം (dignity of labour) മനസ്സിലാക്കണം. ഓരോ വ്യക്തിക്കും അടിസ്ഥാനമായി അന്യാധീനപ്പെടുത്താൻ പററാത്ത ചില അവകാശങ്ങളും അധികാരങ്ങളും ഉണ്ടെന്ന് വ്യാപനം വിശ്വസിക്കുന്നു. കാർഷികവൃത്തിയിലും കാർഷികകുടുംബത്തിലും കാർഷികഭവനത്തിലും വ്യാപനം അഭിമാനവും അന്തസ്സും കാണുന്നു.

8. അധ്യയനത്തെ അടിസ്ഥാനപ്പെടുത്തി (പ്രബോധനം) യുള്ള സമീപനമാണ് വ്യാപനവിജ്ഞാനത്തിനുള്ളത്. നാം കേൾക്കുന്നത് സംശയിക്കും; കാണുന്നത് ചിലപ്പോൾ അവിശ്വസിക്കും; എന്നാൽ അനുഭവത്തിൽ എപ്പോഴും വിശ്വസിക്കും. അനുഭവത്തിൽക്കൂടി പ്രതിഫലിച്ചാലേ അധ്യയനവും പരിശീലനവും പൂർണമാവുകയുള്ളു. ജനങ്ങളെ സ്വയം ചിന്തിപ്പിക്കുവാനും പ്രവർത്തിപ്പിക്കുവാനും വ്യാപനവിജ്ഞാനം സഹായിക്കുന്നു. അധ്യയനത്തിൽ സ്വീകരിക്കുന്ന മാർഗങ്ങളുടെയും രീതികളുടെയും ലക്ഷ്യങ്ങളുടെയും പ്രതികരണങ്ങളുടെയും (reactions) വെളിച്ചത്തിൽ വ്യാപനപ്രവർത്തനത്തെ വിലയിരുത്തുന്നു. ഭാവിപരിപാടികളെ ആസൂത്രണം ചെയ്യുവാനും സംഘടിപ്പിക്കുവാനും ഈ വിലയിരുത്തൽ പ്രയോജനപ്പെടും.

9. വ്യാപനപ്രവർത്തകർക്ക് മൗലികമായിത്തന്നെ ചില സ്വഭാവസവിശേഷതകൾ അവശ്യം ആവശ്യമാണ്. ആത്മാർഥത, പൊതുജനസേവനപാരമ്പര്യം, ദേശീയതാൽപര്യങ്ങൾക്കനുയോജ്യമായ വീക്ഷണഗതി എന്നിവ പ്രവർത്തകർക്ക് അത്യാവശ്യം വേണ്ട ഗുണങ്ങളാണ്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്.

അവൻ ഭക്ഷണം കൊണ്ടു മാത്രമല്ല ജീവിക്കുന്നതു് എന്നു വിശ്വസിക്കുന്നവരാണ് വ്യാപനപ്രവത്തകർ. മറ്റു പല രംഗങ്ങളിലെ പ്രവത്തകക്കും ഇല്ലാത്തചില സവിശേഷതകൾ വ്യാപനരംഗത്തെ പ്രവത്തകർക്കു് വേണ്ടി വരും.

10. സാമൂഹ്യജീവിയായ മനുഷ്യൻ എല്ലാ രംഗത്തും സംഘടിക്കുന്നു. ഈ സംഘടനകളിൽ കൂടിയാണ് വ്യാപനപ്രവർത്തനം നടത്തുന്നതു്. ഗ്രാമങ്ങളിൽ നിലവിലുള്ള പല സംഘടനകളിൽ കൂടിയും വ്യാപനം ജനങ്ങളെ സമീപിക്കുന്നു. ഇവയിൽ പ്രാധാന്യമർഹിക്കുന്നവയാണ് പഞ്ചായത്തുകൾ, സ്കൂളുകൾ, സഹകരണസംഘങ്ങൾ, യുവജനസംഘങ്ങൾ മുതലായവ. സംഘടനകളിൽ കൂടി സമൂഹജീവിയായ വ്യക്തിയെ സമീപിക്കുകയും പരിവത്തനത്തിനു് വിധേയനാക്കുകയും ചെയ്യുക എന്നുള്ളതാണ് വ്യാപനത്തിൻെറ തത്വം. പൊതുതാല്പര്യത്തിൽ ആഗ്രഹമുള്ള വ്യക്തികളോടും സംഘത്തോടും സംഘടനയോടും സഹകരിച്ചും യോജിച്ചും വ്യാപനവിജ്ഞാനം പ്രാവർത്തികമാക്കുന്നു.

11. വ്യക്തികളും സമൂഹങ്ങളും വിവിധപ്രദേശങ്ങളിൽ വിഭിന്നങ്ങളാണ്. അവരുടെ ആഗ്രഹങ്ങളും ആശയങ്ങളും ഭിന്നങ്ങളാകുന്നു. സാഹചര്യങ്ങളും പരിതസ്ഥിതികളും വ്യത്യസ്തങ്ങളാണ്. ഇവിടെ പരിപാടികളുടെ ദൃഢത പ്രവർത്തനപുരോഗതിക്കു് സഹായകമല്ല. ജനങ്ങളുടെ വ്യതിചലിച്ചു കൊണ്ടിരിക്കുന്ന ആവശ്യങ്ങളും കഴിവും കണക്കിലെടുത്തു് പരിപാടികൾ സുനമ്യ(flexible) മാക്കണം. പദ്ധതിയുടെ സംഘടനയിൽ ദൃഢത പുലർത്തുന്നതു് പുരോഗതിക്കു സഹായകമല്ല. നമ്യമല്ലാത്ത പ്രവർത്തനരംഗങ്ങളിൽ ജനങ്ങൾ അധികം പങ്ക് വഹിക്കുകയില്ല. അതു കൊണ്ടു് പദ്ധതിയിൽ ജനങ്ങളെ ഉൾക്കൊള്ളിക്കുന്നതിനു് ഈ തത്വം പ്രധാനമാണ്.

12. സമുദായങ്ങളും സംഘടനകളും പല സ്ഥലങ്ങളിൽ വിഭിന്നങ്ങളാണ്. ഓരോ സമൂഹത്തിനും അതിൻെറതായ വ്യക്തിത്വവും പ്രത്യേകതകളും ഉണ്ടു്. പ്രാദേശികമായി ഉളവാകുന്ന സ്ഥിതിവിശേഷങ്ങളെയും കാലാവസ്ഥയെയും കണക്കിലെടുത്തു് ശരിയായ സമീപനം നടത്തുകയെന്നതാണ് വ്യാപനത്തിൻെറ മറെറാരു തത്വം. സാഹചര്യപഠനം വ്യാപനവിജ്ഞാനത്തിൻെറ ഒരു പ്രധാനഭാഗമാണ്.

# 6

## പഠനവും പ്രബോധനവും

സ്വന്തം കാര്യങ്ങളിൽ സ്വയം തീരുമാനം എടുക്കുന്നതിലേക്ക് വ്യക്തികളെ കഴിവുള്ളവരാക്കിത്തീർക്കുകയാണ് വ്യാപനവിജ്ഞാനം ചെയ്യുന്നത് പുരാതനാദർശങ്ങളിൽ നിന്നും ചിന്താഗതിയിൽ നിന്നും വ്യതിചലിപ്പിച്ച് ഗ്രാമീണരെക്കൊണ്ട് നൂതനരീതികൾ സ്വീകരിപ്പിക്കുക എന്നത് ക്ഷിപ്രസാധ്യമല്ല. പഴഞ്ചൻ വിശ്വാസങ്ങളും സമ്പ്രദായങ്ങളും മാററി തൽസ്ഥാനത്ത് പുതിയ അറിവും വൈദഗ്ധ്യവും പ്രതിഷ്ഠിക്കുന്നതിന് പ്രത്യേകം അധ്യയനമാവശ്യമാണ്. ചിന്താഗതിയും പ്രവർത്തനരീതികളും മാത്രമല്ല, മനുഷ്യൻ തന്നെ പരിവർത്തനത്തിനു വിധേയനാകണം. ഇതു വിദ്യാഭ്യാസം മൂലമാണുണ്ടാകുന്നത്. ഗ്രാമീണരുടെ ഇടയിൽ ഇത്തരത്തിലുള്ള പരിവർത്തനങ്ങളുളവാക്കുന്നതിന് വേണ്ടിയുള്ള അനൗപചാരികവിദ്യാഭ്യാസരീതിക്കാണ് വിജ്ഞാനവ്യാപനം എന്ന് പറയുന്നത്.

സേവനം മനുഷ്യന് ആവശ്യമുള്ളത് ചെയ്തു കൊടുക്കുന്നു. വിദ്യാഭ്യാസമാകട്ടെ മനുഷ്യന് വേണ്ടത് എങ്ങിനെ സ്വയം നേടാമെന്ന് പഠിപ്പിക്കുകയാണ് ചെയ്യുന്നത്. സേവനം മനുഷ്യനിൽ പരാശ്രയം വർധിപ്പിക്കുമ്പോൾ വിദ്യാഭ്യാസം സ്വാശ്രയശീലം പോഷിപ്പിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു പിടിച്ച്, പുതിയ കുറെ അറിവ് വെറുതെ പകർന്നു കൊടുക്കുകയല്ല വിദ്യാഭ്യാസം ചെയ്യുന്നത്. മനുഷ്യന്റെ ബുദ്ധിശക്തിയും ഗ്രഹണശക്തിയും വിവേചനശക്തിയും വളർത്തി സ്വന്തം പ്രശ്നങ്ങളെപ്പററി അവനിൽ ബോധമുളവാക്കുവാനും പരിഹാരമാർഗങ്ങളെപ്പററി സ്വയം ചിന്തിക്കുവാനും വിദ്യാഭ്യാസം ഉപകരിക്കുന്നു.

വിദ്യാഭ്യാസത്തിന് പ്രായം ഒരിക്കലും പ്രതിബന്ധമല്ല. വ്യാപനവിദ്യാഭ്യാസവും സാമാന്യവിദ്യാഭ്യാസവും തമ്മിൽ വലിയ അന്തരമൊന്നുമില്ല. സാമാന്യവിദ്യാഭ്യാസം ഔപചാരികമാണ്. പ്രായപരിധിയനുസരിച്ച് രീതികളിൽ

വ്യത്യാസങ്ങൾ കാണും. എന്നാൽ വളരെ അനൗപചാരികമായി പ്രായക്ലിപ്തിയില്ലാതെ, ജാതിമതവ്യത്യാസങ്ങൾക്കതീതമായി എല്ലാ ജനങ്ങൾക്കും നൽകുന്നതാണ് വ്യാപനവിദ്യാഭ്യാസം. ഗ്രാമീണർ എവിടെയാണോ അവിടെയാണതിൻെറ ക്ലാസ്സ്മുറി. മനുഷ്യനിൽ നിഗൂഢമായിരിക്കുന്ന വാസനകളെ ഉന്നത്തി ജീവിതമാർഗങ്ങൾ പരിഷ്കരിച്ച് നൂതനാശയങ്ങളും രീതികളും സ്വീകരിച്ച് ആവശ്യങ്ങളെയും പ്രശ്നങ്ങളെയും പരിഹരിക്കാനുള്ള കഴിവ് വ്യാപനവിദ്യാഭ്യാസം നേടിക്കൊടുക്കുന്നു. മാനസികപരിവർത്തനത്തിലൂടെ മനുഷ്യനെ മാററുകയെന്നുള്ളതാണ് രണ്ടു രീതിയിലുള്ള വിദ്യാഭ്യാസത്തിൻെറയും ആന്തരികമായ ലക്ഷ്യം. ആശയവിനിമയമാർഗങ്ങൾ (Communication methods) രണ്ടിലും ഒന്നു തന്നെ.

വ്യാപനപ്രവർത്തനത്തിൻെറ കേന്ദ്രലക്ഷ്യം ഗ്രാമീണർക്ക് സ്വയം സഹായത്തിനുള്ള കഴിവ് വർധിപ്പിക്കുകയാണ്. വിദ്യാഭ്യാസത്തിലൂടെയാണീ ലക്ഷ്യപ്രാപ്തി ഉദ്ദേശിച്ചിരിക്കുന്നതു്. അധ്യയനത്തിനു് ശിക്ഷണവും ശിക്ഷണത്തിനു് അധ്യാപകന്റെ ഭാഗത്തു നിന്നു ചില പ്രത്യേകകഴിവുകളും സാമർഥ്യവും ഉണ്ടാകേണ്ടതാണ്. എന്തു്, എങ്ങനെ, എന്തു കൊണ്ടു് പഠിപ്പിക്കണമെന്നു് അധ്യാപകൻ അറിഞ്ഞിരിക്കേണ്ടതുണ്ടു്.

മനുഷ്യൻ ജനനം മുതൽ പുതിയ അറിവുകളും മർഗങ്ങളും സമ്പാദിക്കുവാനുള്ള ഒരു അധ്യയനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നു. ശൈശവത്തിൽ രക്ഷാകർത്താക്കന്മാരാണ് അദ്ധ്യാപകർ. വളരുന്നതോടെ പഠനം തുടരുന്നുവെങ്കിലും തന്നിൽ താഴെയുള്ളവർക്കു് ശിക്ഷണവും നൽകുന്നു. മനുഷ്യനെ മനുഷ്യനാക്കുന്നതു് ഈ അധ്യയനവും പ്രബോധനവുമാണ്. മനുഷ്യനെ അഭ്യസ്തവിദ്യരാക്കാനുള്ള സന്ദർഭം കൊടുക്കുന്നതു് ദിനംപ്രതിയുള്ള ഈ ബോധനാവസരങ്ങളാണ്. വെറും അക്ഷരാഭ്യാസമല്ല വിദ്യാഭ്യാസം. മനുഷ്യൻെറ സ്വഭാവപരിവർത്തനത്തിനും സ്വഭാവരൂപീകരണത്തിനും ഉത്തരവാദികളായ എല്ലാ പഠനാനുഭവങ്ങളുടെയും ആകത്തുകയാണ് വിദ്യാഭ്യാസം.

ആഗ്രഹാനുസരണം മനുഷ്യസ്വഭാവത്തിൽ വരുത്തുന്ന പരിവർത്തനമാണ് വിദ്യാഭ്യാസം.

വ്യക്തിയെ സ്വപ്രയത്നാനുഭവങ്ങളിൽ കൂടി പ്രവർത്തനത്തിലും പ്രവർത്തനരീതികളിലും പരിവർത്തനത്തിനു വിധേയമാക്കുന്ന പ്രക്രിയയാണ് പഠനം.

പഠനപ്രവർത്തനത്തെ സ്വഭാവപരിവർത്തനലക്ഷ്യത്തിലെത്തുന്നതിനു് പ്രോത്സാഹിപ്പിക്കുവാനും നയിക്കുവാനും പററിയ സാഹചര്യങ്ങളൊരുക്കുന്ന പ്രക്രിയയാണ് പ്രബോധനം.

വ്യാപനവിദ്യാഭ്യാസത്തിലെ അധ്യാപകരാണ് വ്യാപനപ്രവത്തകർ. അവരുടെ മുഖ്യപ്രവർത്തനം പ്രബോധനമാണ്, ശിക്ഷണമാണ്. അതു കൊണ്ടു് ഈ പ്രക്രിയയുടെ തത്വങ്ങളും മാർഗങ്ങളും അവരറിഞ്ഞിരിക്കേണ്ടതു് വളരെ ആവശ്യമാകുന്നു.

## പഠനപ്രക്രിയ

മനുഷ്യവാസനകളിൽ ഏററവും വിശിഷ്ടമായതു് പഠനത്തിനുള്ള കഴിവാണു്. ജീവിതത്തിൽ ഏകദേശം ആദ്യത്തെ പത്തിരുപതു വർഷം മനുഷ്യൻ നിരന്തരം പഠനത്തിൽ ഏർപ്പെടുന്നു. ഒരു വ്യക്തി പുതിയ ആശയങ്ങളും അറിവുകളും വിചാരങ്ങളും വിദ്വേഷങ്ങളും സമ്പാദിക്കുന്നതു് പഠനം മൂലമാണു്. പഠനത്തിൽ കൂടി വ്യക്തിയുടെ ചിന്താഗതിയിലും ഗ്രഹണശക്തിയിലും വിചാരപ്രക്രിയയിലും പരിവർത്തനങ്ങൾ വരുന്നു. ഒരിക്കലും നിറുത്താതെ തുടർന്നു കൊണ്ടു പോകുന്ന ഒരു പ്രക്രിയയാണു് പഠനം. പഠനം പല തരത്തിലുണ്ടു്.

## ബോധം

മനുഷ്യൻ പഠിക്കുവാനുപയോഗിക്കുന്ന രീതികളിൽ പ്രാഥമികവും ലഘുവും ആയതാണിതു്. കണ്ണു്, മൂക്കു്, ത്വക്കു്, നാക്കു്, ചെവി എന്നീ ഇന്ദ്രിയങ്ങൾ വഴി ബാഹ്യമായ പ്രചോദകങ്ങൾ (Stimulations) മനുഷ്യശരീരത്തിനുള്ളിലേക്കു് സ്വീകരിക്കപ്പെടുന്നു. ഈ ജ്ഞാനേന്ദ്രിയങ്ങളുടെ പ്രവർത്തനപാടവം എല്ലാവരിലും ഒരു പോലെ അല്ല. പഞ്ചേന്ദ്രിയങ്ങൾ ഒന്നിച്ചു് ചേർന്നാണു് പ്രവർത്തിക്കുന്നതു്. പരിശീലനം കൊണ്ടു് ഇവയുടെ പ്രവർത്തനചതുരതയെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും. പഞ്ചേന്ദ്രിയങ്ങളുടെ അഭാവത്തിൽ മാനുഷികപ്രവർത്തനങ്ങൾ പാടേ നിലച്ചു പോകുന്നു.

## അവഗമം (ഗ്രഹണം)

പഞ്ചേന്ദ്രിയങ്ങളിൽ കൂടി ലഭിക്കുന്ന പ്രചോദകങ്ങൾക്കു് അർത്ഥം നൽകുമ്പോൾ അവഗമമായി വിവക്ഷിക്കപ്പെടുന്നു. പ്രചോദകങ്ങൾ ശൃംഖല മാതിരി ഒന്നിനോടൊന്നു് ബന്ധപ്പെട്ടു് കിടക്കുകയാണു്. അധ്യേതാവിന്റെ മുൻകാലാനുഭവങ്ങൾ, ഭാവി ആഗ്രഹങ്ങൾ, ഉത്തേജനം ലഭിക്കുന്ന പഠനാവസരങ്ങൾ എന്നിവയെ ആശ്രയിച്ചാണു് ഗ്രഹണശക്തി സ്ഥിതിചെയ്യുന്നതു്. വ്യക്തികളുടെ നേരിട്ടുള്ള അനുഭവങ്ങളിൽ നിന്നാണു് ശരിയായ അവഗമമുണ്ടാകുന്നതു്. ജ്ഞാനേന്ദ്രിയങ്ങൾ ഏററവും കൂടുതൽ അവഗാഢമായി പ്രവർത്തിപ്പിക്കുമ്പോൾ അവഗമം വളരെ സൂക്ഷ്മതയുള്ളതാകുന്നു.

## ചലനകുശലത

പ്രവൃത്തികൾ ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യവും ചാതുര്യവുമാണിതു്. അവഗമത്തെയും ബോധത്തെയും ആശ്രയിച്ചാണു് വൈദഗ്ദ്ധ്യം നേടുന്നതു്. മാംസപേശികളുടെ പ്രവർത്തനം അകത്തു നിന്നോ പുറത്തു നിന്നോ ഉള്ള പ്രചോദകങ്ങളിൽ കൂടി ലഭിക്കുന്ന ബോധത്തെ ആസ്പദമാക്കിയാണു്.

## ഉരുവിട്ടുപഠിക്കൽ

മാനസികമായവൈദഗ്ദ്ധ്യപരിശീലനമാണിതു്. മുൻപു് ലഭ

ക്കുന്ന ചതുരതയോട്ട് ഒരുമിച്ച് ചേർന്നാണ് ഈ പഠനരീതി. ബുദ്ധിയുടെ തുടക്കമാണ് മനഃപാഠം പഠിക്കൽ.

### ശ്രമപരാജയവിധി

പ്രകൃതിയിലെ എല്ലാ ജീവികൾക്കും പുതിയ സാഹചര്യങ്ങളോടും പരിതസ്ഥിതികളോടും പോരാടാതെ ഗത്യന്തരമില്ല. എന്തു ചെയ്യണമെന്നും എങ്ങിനെ ചെയ്യണമെന്നും നേരത്തെ കുട്ടി അറിവില്ല. പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് പല ശ്രമങ്ങളും ചെയ്യുന്നു. പല പരീക്ഷണങ്ങളിൽ നിന്നും പരാജയങ്ങളിൽ നിന്നും ശരിയായ രീതി മനസ്സിലാക്കുന്നു. ഇതിനാണ് ശ്രമ പരാജയവിധി (Trial and error method)എന്നു പറയുന്നത്.

### അധ്യയനതത്വങ്ങൾ

പഠനം ഒരു സജീവപ്രക്രിയയാണ്. സ്വയംപ്രവർത്തനത്തിൽ ഏർപ്പെടുന്നതു കൊണ്ട് മാത്രമേ ഒരാൾക്ക് വിദ്യാഭ്യാസം ലഭിക്കുകയുള്ളൂ. പണം കൈമാറുന്നതു പോലെ കൊടുക്കൽവാങ്ങലിനധീനമല്ല അധ്യയനം. സ്വന്തം പ്രയത്നത്തിൽ കൂടിയാണ് പഠനം നടക്കുന്നതു്.

പഠനം സ്വഭാവപരിവർത്തനം ഉളവാക്കുന്നു. മനുഷ്യന്റെ ഭാവനയിലും അറിവിലും പ്രവൃത്തിയിലും അധ്യയനത്താൽ മാററങ്ങൾ വരുന്നു. പഠനത്തിനു മുൻപുള്ള മനുഷ്യനും പഠനത്തിനു ശേഷമുള്ള മനുഷ്യനും തമ്മിൽ വളരെ അന്തരമുണ്ട്.

പഠനം മനുഷ്യൻ അവിരാമം തുടർന്നു കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. മനുഷ്യൻ എപ്പോഴും പുതിയ അറിവുകൾ സ്വീകരിക്കുകയും പഴയ അറിവുകളെ പുതുക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ദേഹി ദേഹത്തെ കൈവെടിയുമ്പോൾ മാത്രമേ ഈ പ്രക്രിയക്കു വിരാമമുള്ളൂ.

## അധ്യയനമൂല്യങ്ങൾ

പരിശീലനം: അധ്യയനത്തിന്റെ പ്രധാനമൂല്യങ്ങളിലൊന്നാണ് പരിശീലനം. വെറും നിരർഥകമായി അശ്രദ്ധയോടെ പരിശീലനം നടത്തുന്നതു കൊണ്ട് പഠനം നടക്കണമെന്നില്ല. പരിശീലനത്തിന്റെ തീഷ്ണതയെ ആശ്രയിച്ചാണ് അധ്യയനത്തിന്റെ വിജയം. പരിശീലനം കുറയുമ്പോൾ പഠനവും കുറയും. ഇടവിട്ടുള്ള പരിശീലനം ജ്ഞാനത്തെ നിരന്തരം നില നിർത്തുവാൻ ആവശ്യമാണ്.

### പ്രഭാവം

പഠനത്തിൽ പരിശീലനത്തെ പ്രോത്സാഹിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതും അതിൽ നിന്നും ലഭിക്കുന്ന ഫലത്തെ ആശ്രയിച്ചിരിക്കും. ഫലം തൃപ്തികരമാണെങ്കിൽ അധ്യയനത്തെ അഭിവൃദ്ധിപ്പെടുത്തും. അസംതൃപ്തി

യാണുളവാകുന്നതെങ്കിൽ പഠനത്തിന്റെ പുരോഗതി കുറയുന്നു. ഒരളവ് വരെ അസംതൃപ്തി അധ്യേതാവിനു് ഉത്തേജനം നൽകുവാൻ സഹായിക്കും.

## ബന്ധം

ഒന്നിനോടൊന്നു് ബന്ധപ്പെട്ടു കിടക്കുന്ന അനുഭവങ്ങൾ ഒരുമിച്ച് ഓർമിക്കുവാൻ എളുപ്പമുണ്ട്. പടിപടിയായി സംഭവിക്കുന്ന പ്രവർത്തനങ്ങൾ തുടർച്ചയായി വീണ്ടും ഓർമയിലുദിക്കാൻ സഹായകമാണു്. ഒരു പടി അടുത്ത പടിയെ അനുസ്മരിപ്പിക്കുന്നു. സിദ്ധാന്തവും പ്രയോഗവും ഒന്നിച്ചു പോയെങ്കിലേ ഒന്നു് മറെറാന്നിനെ സ്മരണമണ്ഡലത്തിലെത്താൻ സഹായിക്കുകയുള്ളു. ഉദാഹരണമായി കീടനാശിനി തളിക്കുന്നതു് പഠിക്കുമ്പോൾ, കീടനാശിനി തയ്യാറാക്കുന്നതു്, സ്പ്രെയറിൽ നിറയ്ക്കുന്നതു്, ഉപകരണം ഒരുക്കുന്നതു്, തളിനോസ്സിൽ (Nozzle) പിടിക്കുന്നതു് എന്നിങ്ങനെ പല പടികൾ ക്രമമായി വേണം ചെയ്യുവാൻ. പിന്നീട്ട് അതാവർത്തിക്കുമ്പോൾ ഓരോ പടിയും ക്രമാനുഗതമായി ഓർമിക്കുന്നു.

## പഠനത്തിന്റെ സവിശേഷതകൾ

അധ്യയനം പ്രകൃതിയിലെ വളച്ച് പോലെ അനുസ്യൂതം പ്രവഹിക്കുന്ന ഒരു പ്രക്രിയയാണു്. അധ്യേതാവിന്റെ നിലവാരത്തിൽ നിന്നും പഠനം തുടങ്ങണം. പഠനം അധ്യേതാവിന്റെ കഴിവുകൾ വികസിക്കുന്നതനുസരിച്ച് പടിപടിയായി വർധിക്കുന്നു. നൂതനമായ അറിവുകൾ പഴയതുമായി ബന്ധപ്പെടുത്തണം.

വ്യക്തമായ ലക്ഷ്യങ്ങൾ പഠനത്തിനു് ആവശ്യമാണു്. ഈ ലക്ഷ്യങ്ങൾ അധ്യേതാവിന്റെ ബുദ്ധിക്കും ചിന്താശക്തിക്കും യുക്തമായിരിക്കണം. ഉദ്ദേശ്യങ്ങളാണു് പഠനപ്രക്രിയയെ നേരായ മാർഗത്തിലൂടെ നയിക്കുന്നതു്. പഠനത്തിൽ അധ്യേതാക്കൾക്കു് താല്പര്യവും തന്മൂലം പ്രയോജനവും ഉണ്ടായിരിക്കണം. അവരുടെ കായികവും സാംസ്കാരികവുമായ കഴിവിനനുയോജ്യമായതും പ്രാപിക്കാൻ സാധ്യതയുള്ളതും ആയിരിക്കണം. അറിവ് നിലനിർത്തുവാൻ നിരന്തരമായ അഭ്യാസവും ആവശ്യമാണു്.

ജ്ഞാനസമ്പാദനത്തിനു് നിദാനമായ പഞ്ചേന്ദ്രിയങ്ങളെ പഠനത്തിനു് ഏററവും കൂടുതൽ ഉപയോഗിക്കണം. പഠനപ്രവർത്തനങ്ങളിൽ കൂടുതൽ ഇന്ദ്രിയങ്ങളെ സജീവമാക്കുമ്പോൾ കൂടുതൽ അധ്യയനം നടക്കുന്നു. വ്യാപനത്തിൽ മിക്കവാറും കാഴ്ചയിൽക്കൂടിയും കേൾവിയിൽക്കൂടിയും പ്രവർത്തിയിൽക്കൂടിയും ആണു് സന്ദേശങ്ങൾ (ജ്ഞാനം) അദ്ധ്യേതാക്കൾ സ്വീകരിക്കുന്നതു്. ചിലർക്കു് ശ്രവണശക്തിയായിരിക്കും കൂടുതൽ ശക്തിപൂർവം പ്രവർത്തിക്കുന്നതു്. മററു ചിലർക്കു് കാഴ്ചശക്തിയായിരിക്കും. ഇനിയും ചിലർക്കു് പ്രവർത്തിച്ചാലേ വിദ്യയഭ്യസിക്കുവാൻ പററുകയുള്ളുവെന്നും വരാം. പഠനകാര്യക്ഷമത, ഏതെല്ലാം ഇന്ദ്രിയങ്ങളെ പ്രവർത്തനോന്മുഖമാക്കാൻ അധ്യാപകനു കഴിയും എന്നതിനെ ആശ്രയിച്ചിരിക്കും.

അധ്യയനം മനുഷ്യന്റെ മറിഞ്ഞുകിടക്കുന്നചിന്താശക്തിയെ ഉണർത്താനും തൃപ്തിപ്പെടുത്താനും കെൽപുള്ളതായിരിക്കണം. പ്രകൃതിയെ അതിജീവിക്കുവാനുള്ള മാനുഷികവാസനയെ അഭിവൃദ്ധിപ്പെടുത്താനുതകുന്ന പഠനസാഹചര്യങ്ങളാണഭികാമ്യം. ഇതു് അധ്യാപകനിൽ ഒരു ഭാരിച്ച ചുമതലയാണു് ഏല്പിക്കുന്നതു്. അധ്യേതാവിൻെറ കഴിവിനെ ചോദ്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് പഠനദൃഢതയ്ക്കു് നല്ലതു്.

പഠനം കൊണ്ടു് പ്രവൃത്തിപരമായ ബോധശക്തി (പ്രാവർത്തികവിജ്ഞാനം--functional understanding) ഉണ്ടാകണം. സിദ്ധാന്തം പ്രായോഗികമായി ഉപയോഗിക്കാൻ വേണ്ട കഴിവു് പഠനം കൊണ്ടു് ലഭിക്കുന്നു. തക്കസമയത്തു് ശാസ്ത്രീയജ്ഞാനം പ്രവർത്തനത്തിൽ ഉപയോഗിക്കാൻ അപ്രാപ്തനായാൽ പഠനം തുലോം നിഷ്പ്രയോജനമാണു്. അതു കൊണ്ടു് അധ്യാപകൻ സിദ്ധാന്തവും പ്രായോഗികതയും തമ്മിൽ ബന്ധിപ്പിച്ചു് വാസ്തവികതയെ ഉദ്ദീപിപ്പിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കണം. ശരിയായ ധാരണക്കു് (ഗ്രഹണത്തിനു്) മുന്നോടിയാണു് ജ്ഞാനം. പ്രവിധിവിജ്ഞാനത്തെപ്പററി പ്രായോഗികധാരണ വളർത്തുന്നതിനു്, സമഷ്ടിയെപ്പററിയും, അതിൻെറ ഘടകങ്ങൾ, ഘടകങ്ങൾ തമ്മിലുള്ള ബന്ധം, ഘടകങ്ങളും സമഷ്ടിയുമായുള്ള ബന്ധം എന്നിവയെപ്പററിയും മനസ്സിലാക്കാനുള്ള കഴിവു് വേണം. ഉദാഹരണമായി കർഷകൻ നെല്ലിനു് രാസവളം ചേർക്കാൻ പഠിക്കുന്നു എന്നു കരുതുക. രാസവളം ചേർക്കുന്നതു് ഒരു നല്ല നടപടിയാണെന്നു മാത്രം ധരിച്ചാൽ മതിയാവുകയില്ല. രാസവളപ്രയോഗം എന്നതിൽ, രാസവളം എന്തു്, എത്ര ഇടണം, എപ്പോൾ ഉപയോഗിക്കണം, എങ്ങിനെ ഇടണം എന്ന പല ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഒരു സമ്പൂർണ്ണാശയത്തിൻെറ ഭാഗങ്ങളും അവ തമ്മിലുള്ള ബന്ധവും വ്യക്തമായ പ്രവർത്തനവും പൂർണ്ണാശയത്തോടുള്ള സ്വാരസ്യവും മനസ്സിലാക്കിയാലേ പ്രായോഗികധാരണ ഉളവാകുകയുള്ളു.

ശരിയായ പഠനം പല പ്രഭാവനങ്ങൾക്കു് (exposures) ശേഷമേ ഉണ്ടാവുകയുള്ളു. 80% പഠനം ലഭിക്കുവാൻ അധ്യേതാക്കളെ ഏററവും കുറഞ്ഞതു് അഞ്ചു തവണയെങ്കിലും പ്രഭാവനവിധേയമാക്കിയിരിക്കണം. നൂറു് ശതമാനത്തിനു് 9-ഓ 10-ഓ തവണയും. ഇതു കൊണ്ടു് ഉദ്ദേശിക്കുന്നതു് അധ്യേതാവിന്റെ ഒന്നിൽ കൂടുതൽ ജ്ഞാനേന്ദ്രിയങ്ങൾ വ്യാപൃതമാക്കത്തക്കവിധത്തിൽ, ശ്രവ്യദൃശ്യ സഹായികൾ (Audio-visual Aids) ഉപയോഗിച്ചു് പഠനസാഹചര്യങ്ങൾ സജ്ജീകരിക്കണമെന്നാണു്.

## പഠനത്തെ സ്വാധീനിക്കുന്ന സംഗതികൾ

**ലക്ഷ്യങ്ങൾ:** വ്യക്തമായ ലക്ഷ്യങ്ങളാണു് പഠനപ്രവർത്തനങ്ങളെ നിർണായകമായി നിയന്ത്രിക്കുന്നതു്. അതിനാൽ അധ്യാപകനും അധ്യേതാവിനും പഠനലക്ഷ്യങ്ങൾ സ്പഷ്ടമായി അറിവുണ്ടായിരിക്കണം. പ്രവർത്തനാഭിക്രിയയ്ക്കും (functional reaction) വിഷയസംഘാടനത്തിനും നല്ല ലക്ഷ്യങ്ങൾ പ്രോത്സാഹജനകമാണു്.

**അഭിലാഷതലങ്ങൾ:** ഒരു വ്യക്തി എത്തുവാൻ അഭിലഷിക്കുന്ന നിലവാരമാണിതു് സൂചിപ്പിക്കുന്നതു്. പ്രവർത്തനങ്ങൾ എല്ലാം ആ ഉന്നതനിലവാരത്തിൽ എത്താനുള്ള ലക്ഷ്യത്തോടെയാണു് ചെയ്യുന്നതു്. ഈ നിലവാരം അധ്യേതാവിന്റെ കഴിവിനനുയോജ്യമായിരിക്കണം. ജയാപജയങ്ങളെപ്പററി യഥാസമയം അപഗ്രഥനം നടത്തേണ്ടതാണു്.

**ജയാപജയങ്ങളെപ്പററിയുള്ള അറിവു്:** ജയാപജയങ്ങളെപ്പററിയുള്ള ജ്ഞാനം ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണു്. ലക്ഷ്യങ്ങളില്ലെങ്കിൽ ഫലത്തിനു് സ്ഥാനമില്ല. ഈ അറിവു് പ്രതികരണങ്ങളുടെ (Responses) തിരഞ്ഞെടുക്കലിലും തിരസ്കരണത്തിലും നിർണായകമാണു്. ഫലത്തെപ്പററി അറിയാത്തിടത്തോളം കാലം പരിശീലനം (Practice) നിഷ്പ്രയോജനമാണു്.

**ബോധശക്തി:** നൂതനജ്ഞാനവും പഴയതുമായി ഉള്ള ബന്ധം വിവേചിച്ചറിയാനുള്ള കഴിവാണു് ബോധശക്തി. ചിന്താശക്തിയിൽ കൂടിയാണിതുണ്ടാവുന്നതു്. പഠനത്തിൻെറ ഗുണവും പ്രായോഗികതയും ബോധശക്തിയെ ആശ്രയിച്ചിരിക്കുന്നു.

**അധ്യേതാവിന്റെ പ്രായം:** ജനനം തുടങ്ങി പ്രായപൂർത്തി വരെ മനുഷ്യൻെറ പഠനത്തോതു് വർധിച്ചു കൊണ്ടിരിക്കും. അവിടന്നങ്ങോട്ടു്, അൻപതു്—അറുപതു് വയസ്സു വരെ ക്രമേണ കുറഞ്ഞു വരും. അറുപതിനു മേൽ കൂടുതൽ വേഗത്തിൽ ക്ഷയിക്കും. പ്രായം കൂടുന്തോറും പഠനത്തോതു് ക്ഷയിക്കുന്നതു് ജ്ഞാനേന്ദ്രിയങ്ങളുടെ കാര്യക്ഷമത കുറയുന്നതു കൊണ്ടാണു്. ഈ സംഗതി അധ്യാപകൻ വളരെ മനസ്സിരുത്തേണ്ടതാണു്.

**അധ്യയനക്കഴിവു്:** പാരമ്പര്യമായി വ്യക്തിക്കു് കിട്ടുന്ന സ്വഭാവവൈശിഷ്ട്യമാണു് പഠനക്കഴിവു് കൂട്ടുന്നതും കുറയ്ക്കുന്നതും. പക്ഷേ ജ്ഞാനസമ്പാദനത്തിനുള്ള സാഹചര്യങ്ങളും പരിതസ്ഥിതികളും ഈ കഴിവിനെ സാരമായി ബാധിക്കും. 80% ആളുകളും സാമാന്യകഴിവോ അതില്പരിയായ കഴിവോ ഉള്ളവരാണു്. പഠിക്കുവാൻ തുല്യസന്ദർഭങ്ങൾ എല്ലാവർക്കും ധാരാളമായി നൽകണം.

**ഭൗതിക-സാമുദായികസാഹചര്യങ്ങൾ:** സാമുദായികച്ചുററുപാടുകൾ പഠനത്തെ സാരമായി ബാധിക്കും. ഇരിപ്പിടം, വായു, വെളിച്ചം, സുഖദായകമായ അന്തരീക്ഷം എന്നീ ഭൗതികമായ സൗകര്യങ്ങളും പഠനത്തെ സ്വാധീനിക്കുന്നു. ആരെയും വ്യാകുലപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉണ്ടാകരുതു്.

**വികാരങ്ങൾ:** മനുഷ്യൻെറ വിവിധ വികാരങ്ങളും അവയുടെ നന്മതിന്മയും പഠനത്തെ വളരെയധികം സ്വാധീനിക്കുന്നു. നല്ല വികാരങ്ങൾ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നു. നേരായ മാർഗങ്ങളിൽ കൂടി വികാരങ്ങളെ നയിക്കുവാൻ ശീലിപ്പിക്കണം

## പ്രബോധനം (ശിക്ഷണം)

അധ്യയനപ്രക്രിയ സഫലമാക്കാനുള്ള ഏകമാർഗം ശിക്ഷണ

മാകുന്നു. പഠനസാഹചര്യങ്ങൾ സംഘടിപ്പിക്കുന്നതാണ് ശിക്ഷണം. മാനസികപരിവർത്തനാനുകൂലമായ ലക്ഷ്യങ്ങളെ ആസ്പദമാക്കിയ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും മാർഗദർശനവും ലഭിക്കുന്ന സാഹചര്യങ്ങളെ സംഘടിപ്പിക്കുന്ന പ്രക്രിയക്കാണ് പ്രബോധനം എന്ന് പറയുന്നത്. അധ്യാപകൻ ഒരു സ്റ്റേജ് മാനേജരാണ്. ഉദ്ദേശ്യാനുസരണം പഠനം നടക്കാൻ ക്രിയാത്മകമായ പശ്ചാത്തലം സൃഷ്ടിക്കുന്നു. പഠനകാര്യങ്ങൾ അധ്യേതാവിൻെറ ശ്രദ്ധയെ ആകർഷിക്കണം; അതിൽ താല്പര്യം ജനിക്കണം. പഠിക്കാനുള്ള ആഗ്രഹങ്ങൾ വളരണം; തുടർന്നു പ്രവർത്തനത്തിലേക്ക് നയിക്കുന്നു. നിശ്ചിത ലക്ഷ്യങ്ങൾ നേടാനുള്ള മനഃപൂർവ്വമായ ഒരു പ്രക്രിയയാണിത്. അത് പ്ലാനും ഡിസൈനും പ്രകാരം ആസൂത്രണം ചെയ്തിട്ടുള്ള ഒരു പരിപാടിയായിരിക്കണം.

അധ്യേതാവിൻെറ അനുഭവങ്ങളും പഠനപശ്ചാത്തലങ്ങളും ലക്ഷ്യത്തിലെത്താൻ ഉതകുന്നതായിരിക്കണം. പഴയ അനുഭവങ്ങൾ പുതിയതിനാൽ മാറ്റണം. നൂതനജ്ഞാനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ സ്വഭാവപരിഷ്ക്കരണത്തിനുതകണം. ഇങ്ങിനെ മനുഷ്യൻെറ സ്വഭാവപരിവർത്തനത്തിന് അവസരം സൃഷ്ടിക്കുന്ന സൂത്രധാരനാണധ്യാപകൻ.

ശിക്ഷണത്തിൻെറ ചില പ്രത്യേകതകളാണ് താഴെ വിവരിക്കുന്നത്:

ശിക്ഷണത്തെ ഒരു മനഃപൂർവമായ പ്രക്രിയ ( Intentional Process) ആയി വേണം കരുതുവാൻ. അത് ഒരു ശ്രമ–പരാജയപ്രസ്ഥാനമല്ല. നിശ്ചിതോദ്ദേശ്യങ്ങളോടെ നിയന്ത്രണത്തിന് വിധേയമായി പ്രബോധനം പ്രവർത്തിക്കുന്നു. സ്വഭാവപരിവർത്തനത്തിന് ബാഹ്യപ്രേരകം ആവശ്യമാണ്; ബാഹ്യമായ ഉദ്ദീപനങ്ങളെ ഒരുക്കുകയാണ് ശിക്ഷണത്തിൻെറ കടമ. ഫലപ്രദമായ ശിക്ഷണത്തിൽ കൂടിയേ ഫലപ്രദമായ പഠനം ഉണ്ടാവുകയുള്ളൂ. നല്ല ശിക്ഷണത്തിന് പ്ലാനും ഡിസൈനും വേണം. അധ്യാപകന് ശിക്ഷണകലയിൽ വൈദഗ്ധ്യം ഉണ്ടായിരിക്കണം. വിവിധശിക്ഷണപ്രവിധികൾ (Techniques) കൈകാര്യം ചെയ്യാൻ ശേഷിയും ജ്ഞാനവും വേണം. പ്രബോധനം എല്ലാവരെക്കൊണ്ടും സാധ്യമാവുകയില്ല. അതിന് പ്രത്യേകം ചതുരതയും ഭാവനാസമ്പത്തും അനിവാര്യമാണ്. അധ്യേതാവ് പഠിച്ചില്ലെങ്കിൽ അധ്യാപകൻ പഠിപ്പിച്ചിട്ടും ഇല്ലെന്നു വേണം കരുതാൻ.

പ്രബോധനം അടിസ്ഥാനമായി മൂന്ന് തരത്തിലുള്ള പരിവർത്തനങ്ങൾ മനുഷ്യനിലുളവാക്കുന്നു.

1. ജ്ഞാനം: ശിക്ഷണം വിവിധ വിഷയങ്ങളിലും അതിന്റെ അഗാധതയിലും മാററം വരുത്തുന്നു.

2. പ്രവൃത്തിചാതുര്യം ( skill ): പുതിയ രീതികളിൽ കൂടി പ്രവർത്തിക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കുന്നു. പ്രശ്നങ്ങളേപ്പററി വിവേചനപൂർവം പഠിക്കുന്നതിനും പരിഹാരങ്ങൾ ആലോചിച്ചുറയ്ക്കുന്നതിനും ഉള്ള കഴിവ് ചിന്താശക്തിയിലുള്ള പരിവർത്തനം കൊണ്ടുണ്ടാകുന്നു. വിവിധഉപകരണങ്ങളും സാമഗ്രികളും ശരിയായി പ്രവർത്തിപ്പിക്കാനുള്ള കഴിവ് കായികവൈദഗ്ധ്യം കൊണ്ട് ലഭിക്കുന്നു.

3. ഭാവന (ചിന്താഗതി): മനുഷ്യൻ ദൈനംദിനജീവിതത്തിൽ അവൻെറ ഭാവനയിൽ കാണുന്നതു് പ്രവർത്തിക്കുന്നു. അവൻ പല വിശ്വാസങ്ങൾക്കും ചിന്താഗതിക്കും വിധേയനാണു്. അവൻ എന്തു എങ്ങിനെ ചെയ്യുന്നു എന്നുള്ളതു് അവൻെറ മനോഗതിക്കനുസൃതമാണു്. ശിക്ഷണം കൊണ്ടു് മനുഷ്യൻെറ ചിന്താഗതിയിൽ മാററം ഉണ്ടായി, ജ്ഞാനസമ്പാദനത്തിൽ കൂടുതൽ താൽപര്യം ജനിക്കുകയും ഗ്രഹണശക്തിയിൽ പരിവർത്തനമുണ്ടാവുകയും ചെയ്യുന്നു.

ശിക്ഷണത്തിനു് ഫലപ്രദമായ ആശയവിനിമയം ആവശ്യമാണു്. രണ്ടു വ്യക്തികൾ പരസ്പരം ആശയങ്ങളും ചിന്താശകലങ്ങളും കൈമാറി അതിൻെറ അർത്ഥത്തിലും പൊരുളിലും അന്യോന്യം ധാരണയിലെത്തുന്ന പ്രക്രിയയ്ക്കാണു് ആശയവിനിമയപ്രക്രിയ (Communication Process) എന്നു് പറയുന്നതു്. മനുഷ്യൻെറ എല്ലാ പ്രവർത്തനരംഗത്തും ഇതു് അത്യന്താപേക്ഷിതമാണു്. പ്രത്യേകിച്ചു് ശിക്ഷണരംഗത്തു്. നല്ല പ്രബോധനത്തിൻെറ കാതൽ (essence) ഫലപ്രദമായ ആശയവിനിമയമാണു്. അധ്യാപകൻെറ ശിക്ഷണപാടവം വിഷയപരിജ്ഞാനത്തെപ്പോലെ തന്നെ ആശയവിനിമയവൈദഗ്ധ്യത്തേയും ആശ്രയിച്ചിരിക്കും. ആശയങ്ങൾ വിനിമയം ചെയ്യാൻ കഴിയാത്തവൻ പ്രബോധനത്തിനു് പ്രാപ്തനല്ല. അധ്യാപകൻെറ വിഷയപരിജ്ഞാനം, പഠന–ശിക്ഷണപ്രക്രിയയിലുള്ള ജ്ഞാനം, എഴുതുവാനും വായിക്കുവാനും പറയുവാനും ഉള്ള കഴിവു്, ശ്രാവ്യ–ദൃശ്യസഹായികളെ ഒരുക്കുവാനുള്ള കഴിവ് എന്നിവയെ ആസ്പദമാക്കിയാണു് ആശയവിനിമയപാടവം സ്ഥിതി ചെയ്യുന്നതു്.

ശിക്ഷണത്തിനു് വിഷയങ്ങളും മാർഗങ്ങളും വേണം. അധ്യേതാവു് സ്വീകരിച്ചു് ഗ്രഹിക്കാനുദ്ദേശിക്കുന്ന വിഷയങ്ങൾക്കാണു് അന്തർവസ്തുവെന്നു് പറയുന്നതു്. നൂതനാശയങ്ങൾ അധ്യേതാവിനു് പകരാൻ ഉപയോഗിക്കുന്ന രീതികളാണു് ആശയവിനിമയമാർഗങ്ങൾ. ശിക്ഷണത്തിൻെറ വിജയത്തിനു് എന്തു പഠിപ്പിക്കണം എങ്ങനെ പഠിപ്പിക്കണം എന്നതാണു് നിദാനം.

മനുഷ്യൻെറ പ്രധാനജ്ഞാനേന്ദ്രിയങ്ങളുടെ ഉപയോഗം ശിക്ഷണത്തിനു് അത്യന്താപേക്ഷിതമാണു്. പഞ്ചേന്ദ്രിയങ്ങളാണു് മനുഷ്യൻെറ മനസ്സിലേക്കു് അറിവു് കടക്കുവാനുള്ള മാർഗം. ഘ്രാണം, ദർശനം, സ്പർശനം, ശ്രവണം, രസനം എന്നീ അഞ്ചു സംവേദനങ്ങളിൽ കൂടിയാണു് ബാഹ്യപ്രചോദനങ്ങൾ മനുഷ്യൻ സ്വീകരിക്കുന്നതു്. എന്നാൽ വിജ്ഞാനവ്യാപനത്തിൽ കൂടുതൽ ശിക്ഷണം നേടുന്നതു് കാണുകയും കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽ നിന്നാണു്. പഠനസാഹചര്യങ്ങൾ തയ്യാറാക്കുന്നതിൽ പ്രാധാന്യം നൽകേണ്ടതു് ഈ മൂന്നു സംവേദനങ്ങൾക്കാണു്. ഇവയുടെ സമ്മിശ്ര ഉപയോഗമാണു് എപ്പോഴും അഭികാമ്യം.

ലക്ഷ്യപ്രാപ്തിക്കു് അധ്യേതാക്കൾക്കു് ഫലപ്രദമായ പഠനാനുഭവങ്ങൾ ഉണ്ടായിരിക്കണം. ഒരു വ്യക്തിക്കു് പഠിക്കുവാനുള്ള സംഗതികൾ കണ്ടിട്ടോ കോട്ടിട്ടോ പ്രവർത്തിച്ചിട്ടോ മാനസികവും കായികവുമായ അഭിക്രിയ ജനിക്കുകയും തദ്വാരാ പഠിക്കേണ്ടതിൻെറ അർത്ഥവും സ്വാരസ്യവും മനസ്സി

ലാകുകയും ചെയ്യുന്നതിനാണ് പഠനാനുഭവം എന്നു് പറയുന്നതു്. വിദ്യാഭ്യാസപ്രക്രിയയുടെ അടിസ്ഥാനതത്വമാണിതു്. ക്ലാസിലെ വെറും ശാരീരികമായ സാമീപ്യം കൊണ്ടു് പഠനം ഉണ്ടാവുകയില്ല. പഠനസാഹചര്യങ്ങളിൽ അധ്യേതാവ് എന്തു ചെയ്യുന്നു, എത്ര ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടു് എന്നിവയെ ആസ്പദമാക്കിയാണ് പഠനം നടക്കുന്നതു്. അധ്യാപകന്റെ പ്രവൃത്തിയിൽ നിന്നല്ലാ അധ്യേതാവിന്റെ പ്രവർത്തനത്തിൽ നിന്നാണ് പഠനം ഉണ്ടാകുന്നതു്. ഫലപ്രദമായ പഠനാനുഭവം ജനിക്കുന്നതു്, എന്തു്, എന്തു കൊണ്ടു്, എങ്ങിനെ ചെയ്യണമെന്നറിയാവുന്ന വിദഗ്ധാധ്യാപകൻ ഒരുക്കുന്ന നല്ല പഠനപരിതസ്ഥിതികളിൽ നിന്നാണ്.

ശിക്ഷണപ്രക്രിയയിൽ പ്രധാനമായി അഞ്ചു ഘടകങ്ങൾ ഉണ്ടു്:

1. അധ്യാപകൻ അഥവാ നേതാവ്:-ശിക്ഷണം വിജയിക്കുന്നതിനു് അധ്യാപകനു് ശരിയായ ലക്ഷ്യങ്ങൾ വേണം. അധ്യാപകനു് വേണ്ട മററു യോഗ്യതകൾ ആത്മാർത്ഥത, വിഷയപാണ്ഡിത്യം, ആശയവിനിമയസാമർത്ഥ്യം, ജനാധിപത്യസമീപനം, ശിക്ഷണോപകരണങ്ങളുപയോഗിക്കുവാനുള്ള കഴിവ് എന്നിവയാണ്.

2. അധ്യേതാവ്:— പഠിക്കേണ്ട ആവശ്യം, താല്പര്യം, കഴിവ്, ജ്ഞാനം പ്രായോഗികമാക്കാനുള്ള കഴിവ് എന്നിവയാണ് അധ്യേതാവിനു വേണ്ട യോഗ്യതകൾ.

3. പഠനവിഷയം:— പഠനവിഷയം അധ്യേതാവിന്റെ ആവശ്യത്തിനുതകുന്നതും പ്രായോഗികവും ഫലപ്രദമായി സംഘടിപ്പിക്കപ്പെട്ടതും ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തത്തക്കതും ശ്രദ്ധയെ ആകർഷിക്കാൻ പറ്റിയതും ആയിരിക്കണം.

4. ഭൗതികസാഹചര്യങ്ങൾ:— ഫലപ്രദമായ പ്രബോധനം ബാഹ്യമായ സാഹചര്യങ്ങളെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. വായു, വെളിച്ചം, ചൂടു് ഇവ പ്രധാനമാണ്. ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന ബാഹ്യാകർഷകങ്ങൾ ഒഴിവാക്കണം.

5. ശിക്ഷണോപകരണങ്ങളും സാമഗ്രികളും:— ഫലപ്രദമായ ആശയവിനിമയം നടത്തുന്നതിനു് ശരിയായ ഉപകരണങ്ങളും മാർഗങ്ങളും വേണ്ടത്ര വിദഗ്ദ്ധമായി ഉപയോഗിച്ചാലേ പ്രബോധനം വിജയപ്രദമാവുകയുള്ളു.

ഈ അഞ്ചു ഘടകങ്ങളുടെ പരസ്പരബന്ധവും വിദ്യാഭ്യാസപ്രക്രിയയിൽ ഇവയ്ക്കോരോന്നിനുമുള്ള സ്ഥാനവും ശരിക്കു ഗ്രഹിച്ചു് ഇവ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ അധ്യാപകനു കഴിയണം. എങ്കിലേ ഫലപ്രദമായ പഠനം നടക്കുകയുള്ളു.

# 7

# സാമൂഹ്യവികസനവും വ്യാപനവിജ്ഞാനവും

## സമുദായം

അടിസ്ഥാനപരമായി ഒരേ ജീവിതമൂല്യങ്ങളും ജീവസന്ധാരണപ്രവർത്തനങ്ങളും സാമൂഹ്യമതാചാരങ്ങളും ഉള്ളവരും അടുത്തടുത്തു താമസിക്കുന്നവരുമായ മനുഷ്യജീവികളുടെ സംഘടനക്കാണ് സമുദായം (Community) എന്നു് പറയുന്നതു് അതു് ഒരു സാമൂഹ്യസംഘടനയാണ്. സംഘടനയുടെ ദൃഢതക്കും ഐക്യത്തിനും യോജിപ്പിനും നിദാനമായ ആദർശൈക്യവും താല്പര്യങ്ങളും ഭാവനയും ഉള്ള വ്യക്തികളാണ് ഈ സംഘടനയിലെ അംഗങ്ങൾ.

പരസ്പരബന്ധം സ്ഥാപിക്കാൻ ഭൂമിശാസ്ത്രപരമായുള്ള സൗകര്യം, ദൈനംദിനാവശ്യങ്ങൾക്ക് സ്വാഭാവികമായി സംഘടിക്കുവാനും പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനുമുള്ള സൗകര്യങ്ങൾ, ചെറിയ സമൂഹങ്ങൾക്ക് താങ്ങാനാവാത്തതാണെങ്കിലും പ്രത്യേകപ്രാവീണ്യം നേടത്തക്കവണ്ണം വിപുലമായ പ്രവർത്തനരംഗങ്ങൾ, സാമൂഹ്യസ്ഥാപനങ്ങളെ പോററിപ്പുലർത്തുവാനുള്ള വിഭവസമൃദ്ധി, സാമൂഹ്യസ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുവാനുള്ള കഴിവ് എന്നിവയാണ് സമുദായത്തിനുണ്ടായിരിക്കേണ്ട യോഗ്യതകൾ.

കാർഷികവൃത്തിയിൽ കർഷകർ തങ്ങളുടെ താല്പര്യങ്ങളുടെ സംരക്ഷണത്തിനായി സഹകരിക്കേണ്ടതു് അനിവാര്യമാണ്. സമുദായം വെറും സാമൂഹ്യതാല്പര്യങ്ങളുടെ സംരക്ഷണാർത്ഥം ഉള്ളതാണ് എന്ന് കരുതുന്നതു് അത്ര ശരിയല്ല. അതു് വ്യക്തികളുടെ വികാസത്തിന്റെ പ്രതീകമാണ്. എല്ലാ പ്രവർത്തനരംഗങ്ങളിലും നടത്തിപ്പിലും ഭാഗഭാക്കാകാനുള്ള മനുഷ്യന്റെ അഗാധമായ അഭിനിവേശമാണ് സമുദായത്തിന്റെ ആന്തരികമായ ഉദ്ദേശ്യം.

വ്യക്തിപരമായ കഴിവിനു് അതീതമായ ഉന്നതലക്ഷ്യങ്ങൾ നേടാനുള്ള ഉപാധിയാണു് സമുദായം.

### സമുദായത്തിൻെറ ഘടകങ്ങൾ

വ്യക്തി, നായകൻ, സംഘം എന്നീ മൂന്നു് ഘടകങ്ങളാണു് സമുദായത്തിനുള്ളതു്.

**വ്യക്തി:** വ്യക്തികളുടെ സമാഹാരമാണു് സമൂഹം. വ്യക്തിക്കു് ബുദ്ധിശക്തിയുണ്ടു്, ചിന്താശക്തിയുണ്ടു്. പല നൈസർഗികവാസനകളും അനൈച്ഛികചേഷ്ടകളും സ്വഭാവരീതികളും അവനെ നിയന്ത്രിക്കുന്നു. ശാരീരികവും മാനസികവുമായ സാഹചര്യങ്ങളിൽ നിന്നുള്ള പ്രചോദനങ്ങളാൽ അവൻ യാന്ത്രികമായി പ്രവർത്തിക്കുന്ന വിവിധ വാസനകളുടെയും സ്വഭാവപ്രകൃതിയുടെയും സമാഹാരമാണു് വ്യക്തിത്വം. വ്യക്തിയുടെ ബാഹ്യമായ ശാരീരികരൂപവും വികാരങ്ങളും വിശ്വാസങ്ങളും വ്യക്തിത്വത്തിൽ അടങ്ങുന്നു. പാരമ്പര്യസ്വഭാവവും സാമുദായികപരിതസ്ഥിതികളും പ്രകൃതിസാഹചര്യങ്ങളും പ്രത്യേകാനുഭവങ്ങളും വ്യക്തിത്വവികസനത്തെ വളരെ സ്വാധീനിക്കുന്നു. പൗരാണികകാലത്തു് വ്യക്തികളെക്കാൾ സമൂഹത്തിനായിരുന്നു പ്രാധാന്യം. കാലക്രമേണ സാമൂഹ്യനിയന്ത്രണത്തിൽ നിന്നു് വ്യക്തികൾ വിമുക്തരാവുകയും വ്യക്തിപ്രഭാവം വർദ്ധിച്ചതോതിൽ വികസിക്കുകയും ചെയ്തു. ചുമതലകളുടെ ആസ്ഥാനം വ്യക്തിയിലേക്കു് മാററപ്പെട്ടു. പക്ഷേ അനാശ്രയത്വം (independence) നഷ്ടപ്പെടുത്താതെ വ്യക്തി എത്ര മാത്രം സാമൂഹ്യജീവിതത്തിൽ പങ്കെടുക്കുന്നുവോ അത്രയും വ്യക്തിപ്രഭാവം വിശാലവും ധന്യവും ആകും.

### സംഘം (സമൂഹം)

താല്ക്കാലികമല്ലാത്ത സാമീപ്യത്തെയും ഒരേ വിശ്വാസങ്ങളെയും താല്പര്യങ്ങളെയും സംഘടിതപെരുമാററത്തെയും ആസ്പദമാക്കിയുള്ള മനഃശാസ്ത്രപരമായ പ്രതികരണങ്ങളും പരസ്പരം മാറാവുന്ന സ്ഥാനങ്ങളും ഉള്ള രണ്ടോ അതിലധികമോ ആളുകളുടെ കൂട്ടത്തിനാണു് സംഘം (സമൂഹം) എന്നു് സാമൂഹ്യശാസ്ത്രത്തിൽ വിവക്ഷിക്കുന്നതു്. പന്തുകളി കാണാൻ കൂടുന്നവരെ പോലെ പെട്ടെന്നു പിരിഞ്ഞു പോകുന്ന ഒരു കൂട്ടമല്ല സാമൂഹ്യസംഘം. അംഗങ്ങൾ ഒരേ അഭിലാഷങ്ങളും വികാരങ്ങളും ഉള്ളവരാണു്. ഒരു സംഘത്തിൻെറ സാമൂഹിക ഐക്യം കൊണ്ടു് മററുള്ളവർ അതിനെ വ്യക്തിയായി പ്രകീർത്തിക്കുന്നു. സമൂഹത്തിൻെറ അംഗങ്ങളും അതിനെ ഒരു സത്തയായി കരുതുന്നു. സംഘങ്ങൾക്കു് പൊതുലക്ഷ്യപ്രാപ്തിക്കു വേണ്ടി നായകനും നേതൃത്വവും ആവശ്യമാണു്. ചെറുസംഘങ്ങളിൽ നിസ്വാർത്ഥസേവനത്തിനുള്ള ജാഗ്രൂകത അംഗങ്ങളിൽ ധാരാളം കാണാം. സംഘങ്ങൾ ഐച്ഛികമോ അനൈച്ഛികമോ ആകാം. കുടുംബം, വംശം, ജാതി മുതലായവയെല്ലാം അനൈച്ഛികമാണു്; സഹകരണസംഘം ഐച്ഛികമാകുന്നു.

ബഹുജനസമ്മതങ്ങളായ സംസ്കാരമൂല്യങ്ങളും ആചാരസംഹിതകളും നിലനിർത്തുവാനാണ് അനൈച്ഛികസംഘടനകൾ വർത്തിക്കുന്നത്. അംഗങ്ങളുടെ പൊതുതാല്പര്യങ്ങളും അഭിലാഷങ്ങളും നേടാനാണ് ഐച്ഛികസംഘടനകൾ. സംഘടനകളുടെ വിജയവും നിലനില്പും അതിന്റെ ഉദ്ദേശശുദ്ധിയെയും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്ക് അനുകൂലമായി വർത്തിക്കാനുള്ള കഴിവിനെയും ആശ്രയിച്ചാണിരിക്കുന്നത്.

### നായകൻ

ഔപചാരികമായി അംഗീകരിച്ചതോ അല്ലാത്തതോ ആയ ഒരു നായകൻ എല്ലാ സമൂഹത്തിലും ഉണ്ട്. സംഘാംഗങ്ങളുടെ അഭിലാഷങ്ങളും താല്പര്യങ്ങളും കൂടുതലായി പ്രതിഫലിപ്പിക്കുന്ന വ്യക്തിത്വത്തോടു കൂടിയവനാണ് നേതാവ്. സംഘത്തിന്റെ പ്രതിനിധി, വക്താവ്, സൂത്രധാരൻ, അധ്യാപകൻ, മാധ്യസ്ഥൻ, സംഘടനാലക്ഷ്യങ്ങളുടെയും ആദർശങ്ങളുടെയും പ്രതീകം എന്നീ വിവിധനിലകളിൽ നായകൻ പ്രവർത്തിക്കുന്നു.

### നേതൃത്വം

സംഘാംഗങ്ങളുടെ സഹകരണത്തിൽ കൂടി മാത്രം നിറവേററാൻ കഴിയുന്ന ലക്ഷ്യങ്ങളും ആവശ്യങ്ങളും നേടിയെടുക്കുന്നതിന് സംഘത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും വ്യക്തിയോ വ്യക്തികളോ വഹിക്കുന്ന പങ്കിന്, സ്ഥാനത്തിന്, പദവിക്ക് നേതൃത്വം എന്നു പറയാം. ആശിക്കുന്ന ഉദ്ദേശ്യങ്ങൾ സഫലീകൃതമാക്കാൻ ജനങ്ങളെ സ്വാധീനിക്കുന്ന പ്രവൃത്തിയാണ് നേതൃത്വം. അതിൽ സഹകരണവും ധാരണയും അന്തർലീനമാണ്. ഗ്രാമീണസമുദായങ്ങളിൽ വിജ്ഞാനത്തിന്റെയും പരിചയസമ്പന്നതയുടെയും അടിസ്ഥാനത്തിൽ ആചാരമര്യാദകൾക്കനുസൃതമായി പ്രവർത്തനങ്ങളെ നയിക്കുവാനുള്ള കഴിവാണ് നേതൃത്വത്തിന്റെ യോഗ്യത. പഴയ കാലത്ത് അധികാരമായിരുന്നു നേതൃത്വത്തിന്റെ അടിസ്ഥാനം. ഇപ്പോൾ മാനുഷികമൂല്യങ്ങളെ ആസ്പദമാക്കിയാണ് നേതൃത്വം സ്ഥിതി ചെയ്യുന്നത്. ശരിയായ നേതൃത്വം സമൂഹത്തിലെ അംഗങ്ങളുടെ വ്യക്തിവൈഭവത്തെ വളർത്താനാണ്, വ്യക്തികളെ അടിമപ്പെടുത്തുവാനല്ല ശ്രമിക്കുന്നത്. അംഗങ്ങൾക്ക് അനവധി നൂതനാശയങ്ങൾ പകരാൻ കഴിവുള്ള ഒരധ്യാപകനാണ് നേതാവ്.

മിക്കവാറും മനുഷ്യർ ജന്മനാ അനുയായികളാകാനാഗ്രഹിക്കുന്നു. ചുരുക്കം ചിലരിൽ നേതൃത്വത്തിന്റെ ലക്ഷണങ്ങൾ കാണാം. കപ്പലിന്റെ ചുക്കാൻ പോലെ സമൂഹത്തിനെ അതിന്റെ ലക്ഷ്യത്തിലേക്ക് മാർഗദർശനം നൽകി മോഹങ്ങളും അഭിനിവേശങ്ങളും നിറവേററുന്നതിന് നേതൃത്വം വിജയകരമായി പ്രവർത്തിക്കുന്നു.

സമൂഹത്തിലുള്ള നേതാക്കന്മാരുടെ എണ്ണം അതിന്റെ വളർച്ചയുടെയും സാമൂഹ്യബോധത്തിന്റെയും സൂചികയാണ്. വിവിധ തരത്തിലുള്ള നേതൃത്വങ്ങൾ ഭിന്നസാഹചര്യങ്ങളിൽ നിന്നുത്ഭവിക്കുന്നു. ആധുനികനേതൃത്വം

വിശാലവും ജനാധിപത്യപരവുമാണ്. നിലവിലുള്ളതിനെ നശിപ്പിക്കാതെ അഭിവൃദ്ധിപ്പെടുത്തുകയാണതിൻെറ ലക്ഷ്യം.

### സാമൂഹ്യസംഘടനയും സംസ്കാരവും

ഏതു് സമുദായത്തിനും എത്ര പൗരാണികമായിരുന്നാലും അതിൻെറതായ ഒരു സംസ്കാരമുണ്ടു്. ഒരു പ്രത്യേക സമുദായത്തിലെ അംഗമെന്ന നിലയ്ക്കു് ഒരാൾ അഭ്യസിക്കുന്നതും സമ്പാദിക്കുന്നതുമായ എല്ലാം സംസ്കാരത്തിൽ ഉൾക്കൊള്ളുന്നു. മനുഷ്യൻെറ സാമൂഹ്യസ്വഭാവം സമുദായത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു. മാനുഷികമൂല്യങ്ങളും തത്വസംഹിതകളും ആചാരങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും വാസനകളും എല്ലാം തലമുറകളായിട്ടുള്ള സംഘടിതജീവിതത്തിൽ നിന്നാണുണ്ടായിട്ടുള്ളതു്. ഇങ്ങനെയുള്ള സംസ്കാരം അംഗങ്ങളുടെ പ്രകൃത്യാ ഉള്ള ആഗ്രഹങ്ങളും ലക്ഷ്യങ്ങളും നിറവേററുന്നു. അതു് സമൂഹങ്ങളെ മനഃശാസ്ത്രപരമായും സാമൂഹ്യമായും പാരിസ്ഥിതികമായും ആദർശപരമായും സംയോജിക്കുന്നു. നല്ല സംസ്കാരം ജനാഭിലാഷം നിറവേററുകയും സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വ്യക്തിക്കു് സ്വന്തം വ്യക്തിത്വത്തെ പ്രകടിപ്പിക്കുവാൻ അവസരം നൽകുകയും ചെയ്യുന്നു.

സാമൂഹ്യക്ഷേമത്തെ സംബന്ധിച്ചിടത്തോളം പ്രവർത്തനങ്ങളുടെ ഏകോപനമാണു് സാമൂഹ്യസംഘടനയുടെ ഹൃദയം. സമുദായത്തിൽ സംഘട്ടനമോ മത്സരമോ ഇല്ലാതെ സഹകരണത്തിൽ മാത്രം പ്രവർത്തിക്കുന്ന സമുദായങ്ങൾ നിശ്ചലമോ പുരോഗമനരഹിതമോ ആയിരിക്കും. എന്തെന്നാൽ അഭിവൃദ്ധി ക്രമവൽക്കരണത്തിൽ നിന്നാണുണ്ടാകുന്നതു്. ഒരുത്തമ സാമൂഹ്യസംഘടന അഭിപ്രായഭിന്നതകളെയും വൈരുദ്ധ്യമാർന്ന ചിന്താഗതികളെയും അംഗീകരിക്കുകയും ക്രമവൽക്കരിക്കുകയും ചെയ്യും. വ്യക്തികൾ തമ്മിലും സംഘങ്ങൾ തമ്മിലും ഉള്ള ഗുപ്തമായ വിരോധം പ്രതിപക്ഷങ്ങളെ സ്വാംശീകരിക്കുന്നതോടെയാണു് തീരുന്നതു്. പക്ഷേ സമൂഹത്തിനു് കൂടുതൽ ചലനാത്മകത്വവും ഐക്യവും പുരോഗതിയും ഉണ്ടാകുന്നതു് സഹവർത്തിത്വത്തിൽ നിന്നാണു്. സാമുദായികപരിവർത്തനങ്ങളിൽ പ്രവിധിവിജ്ഞാനപുരോഗതി കൊണ്ടോ സാമൂഹ്യസംഘാടനം കോണ്ടോ ഉളവാകുന്ന അധികാരകേന്ദ്രീകരണം കാലാന്തരത്തിൽ അസമത്വത്തിനും അനീതിക്കും ചൂഷണത്തിനും ഹേതുവായിത്തീരും. അതു് തടയുവാൻ അംഗങ്ങളുടെ പൗരബോധത്തിനും സാമൂഹ്യമനസ്ഥിതിക്കും മാത്രമേ കഴിയൂ. ഗ്രാമതലം വളരെ സങ്കീർണമാണു്. നിക്ഷിപ്തതാല്പര്യങ്ങളാണു് ഐക്യത്തിനു് വിലങ്ങുതടിയായി നിൽക്കുന്നതു്. സാമ്പത്തികോന്നമനത്തിനും സമുദായസ്ഥാനത്തിനുമുള്ള മാത്സര്യമാണു് ഗ്രാമങ്ങളിൽ ആശയസംഘട്ടനങ്ങളുടെ അടിസ്ഥാനം.

### സമുദായസംഘടന

സമുദായത്തിൻെറ വിവിധഭാഗങ്ങൾ ഏകോപിച്ചു് ഒരു ഘടകമായി വർത്തിക്കുന്ന രീതിക്കാണു് സാമൂഹ്യസംഘടന എന്നു് പറയുന്നതു്. ശരീരത്തിൻെറ വിവിധാവയവങ്ങൾ ഏകോപിച്ചു് യൂണിററായി പ്രവർത്തി

കുന്നതു പോലെയാണ് സമുദായസംഘടനയും. വ്യക്തികളും ബന്ധുക്കളും വ്യക്തികളും സമൂഹവും വ്യക്തികളും സമുദായവും തമ്മിൽ പരസ്പരമുള്ള ബന്ധമാണ് സമുദായസംഘടനയുടെ ലക്ഷ്യം. ജീവിതോദ്ദേശ്യങ്ങളിലും ആശയങ്ങളിലും ഐക്യമുള്ളവരിൽ ഭദ്രതയും അഭിവൃദ്ധിയും സഹകരണവും കൈവരുത്തുവാൻ സമുദായസംഘടന സഹായിക്കുന്നു.

വ്യക്തിക്ക് സാഹചര്യങ്ങളുമായി സമായോജനം വരുത്തുവാനും ജീവിതം, വർഗവർധനവ്, പ്രവർത്തനം എന്നീ രംഗങ്ങളിൽ നിയന്ത്രണം ഉണ്ടാക്കാനും സമുദായസംഘടന വേണം. വ്യക്തിയും സംഘടനയും തമ്മിലുള്ള ബന്ധം വളർത്തി സുഖജീവിതസൗകര്യങ്ങൾ വർധിപ്പിച്ച് സാമാന്യക്ഷേമത്തിനും ജീവിതമൂല്യങ്ങൾക്കും വേണ്ടി സഹകരിച്ച് പ്രവർത്തിക്കുന്നതിനും സംഘടന സഹായിക്കുന്നു. സമുദായൈക്യബോധം ജനിപ്പിക്കുക, ആവശ്യങ്ങൾ നിറവേററുക, സാമൂഹ്യനിയന്ത്രണം ഏർപ്പെടുത്തുക, വിവിധരംഗത്തെ പ്രവർത്തനങ്ങളിൽ ഏകോപനം ഉണ്ടാക്കുക, സാമുദായികവാസന വളർത്തുക, സമുദായത്തെ അനാശാസ്യവും അരോചകവും അഹിതവുമായ സ്വാധീനശക്തിയിൽ നിന്നും രക്ഷിക്കുക ഉദ്ദേശൈക്യമുള്ള മറ്റു സംഘടനകളുമായി സഹകരിക്കുക, അഭിപ്രായഭിന്നതകളിൽ നിന്ന് ഐക്യം ഉണ്ടാക്കുക, നേതൃത്വപരിശീലനം കൊടുക്കുക എന്നിങ്ങനെ വിവിധോദ്ദേശ്യങ്ങൾ സമുദായസംഘടനയ്ക്കുണ്ട്.

ഗ്രൂപ്പ് ചിന്ത ( group thinking ), പൊതുജനനന്മ, ചുമതലാബോധം പ്രവർത്തി വിഭജനം (division of labour), വ്യക്തി വൈഭവത്തിന് അംഗീകാരം നൽകൽ, സംഘടിതശ്രമത്തിൻെറ മാഹാത്മ്യം മനസ്സിലാക്കൽ. പ്രവർത്തനസാതത്യം (continuity) നിലനിർത്തൽ എന്നീ പ്രയോജനങ്ങൾ സാമൂഹ്യസംഘടന കൊണ്ട് ലഭിക്കുന്നു.

സാമൂഹ്യസംഘടനകൾ പല തരത്തിലും വിധത്തിലും കാണാം. പരമ്പരാഗതമായിട്ടുള്ള സംഘടനകളിൽ ചിലതാണ് ജാതിവിഭാഗങ്ങൾ (caste panchayats), മതസംഘടനകൾ എന്നിവ. നിയമപ്രകാരമുള്ള ഔപചാരികസംഘടനകളാണ് ഗ്രാമപഞ്ചായത്ത്, സഹകരണസംഘം തുടങ്ങിയവ. പ്രത്യേക ഉദ്ദേശ്യത്തോടു കൂടിയതാണ് യുവജനസംഘടന, കലാസമിതി, സ്പോർട്ട്സ് ക്ലബ് മുതലായവ.

## സംസ്കാരപരിവർത്തനം

സാംസ്കാരികപരിവർത്തനങ്ങൾ സാധാരണയായി ഉണ്ടാകുന്നത്, പുതിയ കണ്ടുപിടിത്തങ്ങളിൽ കൂടിയും ആവിഷ്കാരത്തിൽ കൂടിയും വിസരണത്തിൽ (diffusion) കൂടിയും നൂതനസാംസ്കാരികവിശേഷകങ്ങൾ (traits) സ്വീകരിക്കുന്നതു കൊണ്ടും, മററു സംസ്കാരങ്ങളുമായി സാമീപ്യവും ബന്ധവും പുലർത്തുന്നതു കൊണ്ടും ഒരേ സംസ്കാരത്തിൽ നിന്നു അനുഭവസഞ്ചയങ്ങൾ ഉണ്ടാകുന്നതു കൊണ്ടും, പരീക്ഷണഘട്ടങ്ങളും പ്രതിസന്ധികളും സമൂഹത്തെ ബാധിക്കുന്നതു കൊണ്ടും ആകുന്നു.

ചെറിയ സംഘടനകൾ എപ്പോഴും അതിൻെറ സംസ്കാരത്തോടു വളരെ ഗാഢമായി പററിപ്പിടിച്ചിരിക്കും.

പാരിസ്ഥിതികം, സാമുദായികം, ആദർശപരം, മനശ്ശാസ്ത്രപരം എന്നിങ്ങനെ നാലു രംഗത്താണ് പ്രധാനമായും പരിവർത്തനങ്ങളുടെ ആഘാതം അനുഭവപ്പെടുന്നതു്.

പാരിസ്ഥിതികം: മനുഷ്യനും അവന്റെ വിഭവവിശേഷങ്ങളുമായുള്ള ബന്ധത്തിനുമാണു് മാററം വരുന്നതു്. ഈ രംഗത്തുള്ള ചലനങ്ങൾ ജീവസന്ധാരണത്തിനു് വൈഷമ്യമുണ്ടാക്കുന്നു. ഉദാഹരണമായി ഇന്ത്യയിൽ തുണിമില്ലുകളുടെ ആവിർഭാവം ഗ്രാമീണകൈത്തറിവ്യവസായക്കാരെ നിരാധാരരാക്കി.

സാമുദായികം: സമുദായത്തിലെ ഘടനാപരമായ ബന്ധങ്ങൾക്കു് വലിയ മാററങ്ങൾ സംഭവിക്കുന്നു. സാങ്കേതികവിജ്ഞാനപുരോഗതി (technological devlopment) ക്കു് ശേഷം ഉളവായ സമ്പദ്‌വ്യവസ്ഥ, സാമുദായികൈക്യത്തെ നശിപ്പിച്ചു്, ആചാരാധികാരങ്ങളെ തകിടം മറിച്ചു് വ്യക്തിപ്രാധാന്യമുള്ള സമാകലന (inte rated) സംഘടനാരീതിയെ പകരം സ്ഥാപിച്ചു.

ആദർശപരം: പൗരാണികാദർശങ്ങൾക്കും ജീവിതമൂല്യങ്ങൾക്കും രീതികൾക്കും പരിവർത്തനങ്ങൾ ഉണ്ടാകുന്നു. ഉദാഹരണമായി, പുരാതനകാലത്തെ ഏകാധിപത്യം മാറുമ്പോൾ രാഷ്ട്രീയാനിശ്ചിതത്വം, പിന്നീടു് സമുദായത്തിൽ സംതുലനാവസ്ഥ ലഭിക്കുന്നതു വരെ സംഭവിക്കും.

മനഃശാസ്ത്രപരം: സാമൂഹ്യപരിവർത്തനങ്ങൾ ജീവിതത്തോടുള്ള സമീപനത്തിലും സാംസ്കാരികപ്രതിരൂപങ്ങളിലും മാററങ്ങൾ ഉണ്ടാക്കുന്നു. സമുദായാംഗങ്ങൾക്കു് പ്രപഞ്ചത്തോടും സഹജീവികളോടും ഒരു പോലുള്ള വികാരങ്ങളും വാസനകളും ഉണ്ടാകും. പ്രവിധിവിജ്ഞാനപരിവർത്തനത്തിൻെറ ആഘാതം കൊണ്ടു് ഈ ആശയങ്ങളും ചിന്താഗതിയും ഉടഞ്ഞു് ഛിന്നഭിന്നമാകുന്നു. വ്യക്തികൾക്കു് പുതിയ സാഹചര്യങ്ങളുമായി സമായോജനം സംജാതമാക്കേണ്ടതുണ്ടു്. പാശ്ചാത്യരുടെ പുരോഗമിച്ച സാമൂഹ്യസംഘടനകളിൽ പോലും വർണ്ണവിവേചനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായുള്ള സംയോജനക്കുറവാണു് കാണിക്കുന്നതു്.

## സാമൂഹ്യവികസനം

സമുദായത്തിൽ ആസൂത്രിതവും നിയന്ത്രിതവുമായ സാംസ്കാരികപരിവർത്തനം ഉളവാക്കുന്ന പ്രക്രിയയാണു് സാമൂഹ്യവികസനം. പരിവത്തനം നേരത്തെ ആലോചിച്ചുറച്ചതാണു്; സാവധാനമാണു്; അച്ചടക്കത്തോടുകൂടിയതാണു്. ഈ പ്രക്രിയയിൽ പുതിയ ജീവിതമൂല്യങ്ങളുമായി ബന്ധവും പുതിയ സിദ്ധാന്തങ്ങളുടെ അംഗീകാരവും അടങ്ങിയിരിക്കുന്നു. സാമൂഹ്യവികസനം, പുതിയ സാഹചര്യങ്ങളും പശ്ചാത്തലങ്ങളും മനഃപൂർവം സൃഷ്ടിക്കുകയും അവയെ അംഗീകരിക്കുവാൻ സമുദായത്തെ നിർബന്ധിക്കുകയും ചെയ്യുന്നു. ഈ സംരംഭത്തിൽ സമൂഹത്തിൻെറ സമതുലിതാവസ്ഥ നഷ്ടപ്പെടുന്നു. നഷ്ടം നികത്തുന്നതിനുള്ള ശ്രമത്തിൽ സമൂഹത്തിലെ ഗുപ്തമായിരിക്കുന്ന കഴിവുകളുടെ പ്രക

ടനത്തിന്നവസരം ലഭിക്കുന്നു. സാമൂഹ്യവികസനത്തിനു് രണ്ടു ഘട്ടങ്ങളുണ്ടു്. ആദ്യഘട്ടത്തിൽ സമുദായം വിദ്യാഭ്യാസപരമായി പുതിയ ജീവിതമൂല്യങ്ങളെ അംഗീകരിക്കുന്നു. രണ്ടാമത്തേതു് പ്രവർത്തനപരമായി ഉദ്ദേശ്യലക്ഷ്യങ്ങളിൽ എത്തിച്ചേരാനുള്ള പരിശ്രമങ്ങളാണു്. വിദ്യാഭ്യാസപരവും സ്വേച്ഛാപരവും സഹകരണപരവും ജനാധിപത്യപരവും ആയ ഒരു സാമൂഹ്യഎൻജിനീയറിങ് പ്രക്രിയയാണു് സാമൂഹ്യപരിവർത്തനം. അതു് പരിണാമപരമാണു്; സമാകലിതമാണു്; വിവിധസാമൂഹ്യക്രിയകൾക്കൊള്ളുന്നതാണു്; സാതത്യമുള്ളതാണു്; ചലനാത്മകമാണു്; ശൃംഖലാഭിക്രിയമാണു്; ഐച്ഛികമാണു്; ജനാഭിലാഷങ്ങളടിസ്ഥാനപ്പെടുത്തിയുള്ളതാണു്.

സമുദായം ഒരു ജീവിയെപ്പോലെയാണു്. അതിനു് വളർച്ചയും മാറ്റങ്ങളും ഉണ്ടു്. അനിയന്ത്രിതമാണെങ്കിൽ ആചാരാനുഷ്ഠാനങ്ങളുടെയും അനുഭവങ്ങളുടെയും നേതൃത്വത്തിലായിരിക്കും പരിവർത്തനങ്ങൾ സംഭവിക്കുക. മിക്കവാറും ഈ പരിവർത്തനം ഒരു കേന്ദ്രത്തെ ചുററി ഒരേ ഭ്രമണപഥത്തിലായിരിക്കും. രേഖിയമായ പുരോഗമനമില്ല. നൂററാണ്ടുകളായി സൈ്ഥതികമായ നിലപാടാണു് ഈ സമുദായങ്ങൾക്കുള്ളതു്. എങ്കിലും ബാഹ്യസംസ്കാരങ്ങളുടെ പ്രചോദനം കൊണ്ടും ശാസ്ത്രസാങ്കേതികപുരോഗതിയുടെ സമ്മർദം കൊണ്ടും സമുദായത്തിൽ പരിവർത്തനങ്ങൾ സംഭവിക്കുന്നു. പലപ്പോഴും മാററങ്ങൾ അതിശീഘ്രവും വഴിതെററിയവയും ആയെന്നു വരും. ആയതിനാൽ സാമൂഹ്യപരിവർത്തനം കർശനനിയന്ത്രണത്തോടു കൂടിയതും ആസൂത്രിതവും ആയിരിക്കണം.

ഒരു സമുദായം അതിൻെറ പശ്ചാത്തലവും പരിതസ്ഥിതികളുമായി പരിപൂർണരമ്യതയിലും സാമ്യാവസ്ഥയിലും കഴിയുന്നു. പരിസരങ്ങൾക്കു് മാററം വരുമ്പോൾ സമുദായവും പരിവർത്തനത്തിനു് വിധേയമാകുന്നു. സമുദായത്തിൻെറ ആവശ്യങ്ങൾ മാറുമ്പോൾ പരിസരങ്ങൾ രൂപാന്തരപ്പെടുത്തി കൈകാര്യം ചെയ്യണം. എന്തായാലും ബോധപൂർവമായും നിയന്ത്രണത്തിനും നേതൃത്വത്തിനും വിധേയമായും സമുദായാഭിവൃദ്ധി കൈവരുത്തേണ്ടതാണു്.

## സാമൂഹ്യവികസനം എങ്ങനെ ?

**വ്യക്തികളിൽക്കൂടി:—** പുതിയ ജീവിതമൂല്യങ്ങളുടെ അംഗീകാരം എപ്പോഴും ഒരു സമുദായത്തിൽ വ്യക്തികളിൽ നിന്നാണു് തുടങ്ങുന്നതു്. ജീവിതത്തിലെ എതിർപ്പുകളെ ആദ്യം നേരിടുന്നതു് വ്യക്തികളാണു്. കാലക്രമത്തിൽ പുതിയ മൂല്യങ്ങളുടെ അംഗീകാരവും പഴയ ആശയങ്ങളുടെ ക്രമീകരണവും മററു വ്യക്തികളിലേക്കു് വ്യാപിക്കുന്നു. പരിവർത്തനം വ്യക്തികൾക്കു് അപ്രാപ്യമാണെങ്കിൽ സാമൂഹ്യവികസനം സാധ്യമല്ല.

**ജനാഭിലാഷത്തിൽക്കൂടി:—** ജനങ്ങളുടെ സുപ്രധാനവും ആന്തരികവുമായ ആവശ്യങ്ങളെ സാക്ഷാൽക്കരിക്കുന്നതിനായിരിക്കണം സാമൂഹ്യവികസനം. എന്നാൽ മാത്രമേ വികസനോദ്യമത്തിനു് ജനഹൃദയത്തിൽ വേരൂന്നാനും ജനങ്ങളെ ആത്മാർഥമായി പങ്കെടുപ്പിക്കാനും സംഘടിതഎതിർപ്പുക

ളെയും അസ്വാസ്ഥ്യങ്ങളെയും തരണം ചെയ്യാനും സമൂഹത്തിലെ ലീനവും ക്രിയാത്മകവുമായ കഴിവുകളെ ഉണർത്തുവാനും തുടർച്ചയായ അഭിവൃദ്ധി സുലഭമായി കൈവരുത്തുവാനും കഴിയുകയുള്ളു.

ജനസമ്മതത്തോടു കൂടി:— സാമ്പത്തികപരിവർത്തനവും സാംസ്കാരികസംയോജനവും ഒരുമിച്ചു പോകണം. സാംസ്കാരികപരിവർത്തനം കൂടാതെയുള്ള സാമ്പത്തികാഭിവൃദ്ധി വെറും ക്ഷണികവും വൈദേശികവും ആയിരിക്കും. സാംസ്കാരികപരിവർത്തനത്തിൽ മാററത്തിനുള്ള മനസ്സമ്മതം ലയിച്ചിട്ടുണ്ടു്. ശാശ്വതമായ പരിവർത്തനത്തിനുള്ള സമ്മതം വിദ്യാഭ്യാസത്തിൽക്കൂടി മാത്രമാണു് ലഭിക്കുന്നതു്.

പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമാണു് ഗ്രാമസമുദായത്തിലെ എല്ലാ രംഗങ്ങളിലെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതു്.

നൂതനരീതികളും മാർഗങ്ങളും സാധാരണ ഉല്പതിഷ്ണുക്കളുടെതായ സമൂഹങ്ങൾ സ്വീകരിക്കുകയും യാഥാസ്ഥിതികരും സ്ഥാപിതതാല്പര്യക്കാരും തിരസ്കരിക്കുകയും എതിർക്കുകയും ചെയ്യും. വ്യക്തികളുടെയും സമൂഹത്തിന്റെയും പെരുമാററം, സ്നേഹം, ഭയം, വിദ്വേഷം, അധികാരമോഹം, യജമാനത്വം എന്നീ വിവിധ മാനുഷികവികാരങ്ങളെ അടിസ്ഥാനമാക്കിയാണു് നിയന്ത്രിക്കപ്പെടുന്നതു്. ഒരു സമുദായം ആദ്യഘട്ടത്തിലെങ്കിലും പരിവർത്തനത്തെ എതിർപ്പു കൂടാതെ സ്വീകരിക്കാറില്ല. അതിനുള്ള കാരണം ഇവയാണു്:

1. നൂററാണ്ടുകളായി പ്രകൃതിയുടെ അനിയന്ത്രിതമായ സ്വാധീനത്തിലും അന്ധവിശ്വാസങ്ങളുടെ പിടിയിലും അമർന്നിരിക്കുന്ന ഗ്രാമീണരുടെ ഹൃദയം നിയതിവാദിയാണു്. ഇതഃപര്യന്തം അഭിവൃദ്ധിപ്പെടുത്താൻ കഴിയാത്ത മനുഷ്യന്റെ വ്യവസ്ഥിതി ഇനി നന്നാക്കാൻ സാധിക്കുമെന്നു് അവൻ വിശ്വസിക്കുന്നില്ല.

2. ബാഹ്യലോകവുമായി ശാരീരികവും മാനസികവുമായി തലമുറകളായി വിച്ഛേദിക്കപ്പെട്ടു കിടക്കുന്ന ഗ്രാമവാസികൾക്കു് വളരെ സങ്കുചിതമായ അനുഭവജ്ഞാനമേ ഉള്ളു. അവർ പുതുമയെ സംശയദൃഷ്ടിയോടും തെററിദ്ധാരണയോടും കൂടിയാണു് വീക്ഷിക്കുന്നതു്.

3. വിദേശിയും പട്ടണവാസിയും മധ്യവർത്തിയും ർക്കാരുദ്യോഗസ്ഥനും എക്കാലത്തും ഗ്രാമവാസികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണു്. ആയതുകൊണ്ടു് പരിവർത്തനത്തിനുള്ള പുതിയ സമീപനം ഗ്രാമീണരിൽ സംശയവും ആശങ്കയും അങ്കുരിപ്പിക്കുന്നു.

4. കർഷകരായ ഗ്രാമീണരിൽ ചിലർക്കു് പുതിയ രീതികളും മാർഗങ്ങളും സ്വീകാര്യമായിരുന്നാൽ തന്നെയും ബഹുഭൂരിപക്ഷവും കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചു് പഴമയിൽ കൂടുതൽ ഭദ്രതയും ഉറപ്പും ദർശിക്കുന്നു. അരിഷ്ടിച്ചു് മുന്നോട്ടു് നയിക്കുന്ന ദൈനംദിനജീവിതത്തിൽ അവർ ഒരു ഭാഗ്യപരീക്ഷണത്തിനു് സന്നദ്ധരല്ല.

5. പുതിയ രീതികൾക്കു് എപ്പോഴും കൂടുതൽ നിക്ഷേപങ്ങളും (Investments) പ്രയത്നവും ശ്രമവും ആവശ്യമാണു്. ഗ്രാമീണരുടെ ജന്മസിദ്ധമായ അലസത

യും സുരക്ഷിതത്വത്തിനുള്ള അഭിവാഞ്ഛയും മിക്ക ഗ്രാമീണരെയും വികസനപ്രവർത്തനത്തിലൂടെ മുന്നോട്ട് പോകുന്നതിൽ നിന്നും തടയുന്നു.

6. കർഷകർക്ക് അവരുടെ സമുദായമദ്ധ്യത്തിൽ സ്ഥാനമുണ്ട്. വ്യക്തിപരമായി പുതിയ ആശയങ്ങൾ സ്വീകരിച്ചാൽ സഹജീവികൾ പരിഹസിക്കുമോ എന്നും, സമൂഹത്തിലെ സ്ഥാനം നഷ്ടപ്പെടുമോ എന്നും അവർ ഭയപ്പെടുന്നു. തൻമൂലം നൂതനരീതികൾ പരീക്ഷിക്കുവാൻ ഗ്രാമീണർ വൈമനസ്യം കാണിക്കുന്നു.

ആദ്യഘട്ടങ്ങളിൽ സാമൂഹ്യവികസനങ്ങളെപ്പററി ജനങ്ങളിൽ വിശ്വാസമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്. ജനങ്ങൾക്ക് പ്രിയംകരമായ സംസ്കാരത്തെയും വിശ്വാസങ്ങളെയും സാമൂഹ്യസ്ഥാപനങ്ങളെയും ബഹുമാനിക്കണം. അതേസമയം ശാസ്ത്രീയനേട്ടങ്ങൾ ഉപയോഗിച്ചുകൊണ്ട് സാമ്പത്തികപുരോഗതി കൈവരിച്ച് ജീവിതനിലവാരം ഉയർത്തുവാൻ യത്നിക്കുകയും വേണം. സമുദായത്തിന്റെ ജീവിതമൂല്യങ്ങൾക്ക് സാരമായ കോട്ടം തട്ടാതെയും ജീവിതപാരമ്പര്യത്തെ ഹനിക്കാതെയുമാണ് അഭിവൃദ്ധി ഉണ്ടാകേണ്ടത്.

സാമൂഹ്യവികസനത്തിന്റെ ആവശ്യകതയിൽ വിശ്വാസം, ജനാധിപത്യത്തിലുള്ള വിശ്വാസം, സാമൂഹ്യനീതിയിലുള്ള വിശ്വാസം, ഗ്രാമീണജനങ്ങളുടെ കഴിവിൽ വിശ്വാസം, ശാസ്ത്രത്തിലും സാങ്കേതികവിജ്ഞാനത്തിലും വിശ്വാസം എന്നിങ്ങനെ അഞ്ചു വിശ്വാസങ്ങൾ സാമൂഹ്യവികസനത്തിൽ വ്യാപനപ്രവർത്തകർക്ക് അനിവാര്യമാണ്. സംഘടനകളിൽ കൂടിയും നേതാക്കളിൽ കൂടിയുമാണ് വ്യാപനപ്രവർത്തകർ ഗ്രാമീണരെ സമീപിക്കുന്നത്.

സാമൂഹ്യസേവനത്തിൻെറ സിദ്ധാന്തം സമൂഹത്തിൻെറ നിലനില്പ് സുഗമമാക്കുകയാണ്. ക്രിയാത്മകമായ സാംസ്കാരികനിലവാരം പുലർത്തി, സാമൂഹ്യാന്തരീക്ഷത്തിൽ ഭൗതികമായ തൃപ്തിയും ഐക്യബോധവും ഉണ്ടാക്കിയാണ് സമൂഹത്തിൻെറ നിലനിൽപ്പ് സുരക്ഷിതമാക്കുന്നത്. സാമൂഹ്യക്ഷേമപരിപാടി വളരെ ബുദ്ധിപൂർവം ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതാണ്; വ്യക്തമായ ലക്ഷ്യങ്ങളോടു കൂടിയതാണ്; വിശാലമായി വിഭാവനം ചെയ്തതാണ്; ശാസ്ത്രീയമായി മൂല്യാങ്കനം ചെയ്യപ്പെട്ടിട്ടുള്ളതാണ്; കാര്യക്ഷമതയോടു കൂടി നടപ്പാക്കിയതാണ്. ക്ഷേമപ്രവർത്തനങ്ങൾ സമൂഹത്തിൻെറ സന്തതസാഹചര്യങ്ങളുമായി ചലനാത്മകമായ സംതുലനാവസ്ഥ ( equilibrium ) സ്ഥാപിക്കുന്നതിനു നിരന്തരം ശ്രമിക്കുന്നു.

ദേശീയവിജ്ഞാനവ്യാപനസർവീസ് ആദ്യമായി സ്ഥാപിച്ചത് ഇന്ത്യയിലല്ല. സാമൂഹ്യവികസനരീതികൾ ആദ്യമായി നടപ്പിലാക്കിയതും ഭാരതമല്ല. പക്ഷേ ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടു കിടക്കുന്ന ഗ്രാമീണർ മഹത്തായ ഒരു വികസനവിഭവമാണെന്നും സാമൂഹ്യവികസനം വിജ്ഞാനവ്യാപനമാർഗമായി ഉപയോഗിക്കുമെന്നും ഇദംപ്രഥമമായി, ഔദ്യോഗികമായും വ്യക്തമായും പ്രഖ്യാപിച്ചത് ഇന്ത്യയാണ്. രാഷ്ട്രപുനർനിർമാണ പരിപാടിയുടെ ഭാഗമായി ഒന്നാം പഞ്ചവത്സരപദ്ധതിയിൽ സാമൂഹ്യവിക

സനപദ്ധതി ആവിഷ്കരിക്കപ്പെട്ടു. 1952 ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തിദിനത്തിൽ ഉൽഘാടനം ചെയ്ത സാമൂഹ്യവികസനപരിപാടിയെപ്പററി കരടുപദ്ധതിയിൽ പറഞ്ഞിരുന്നതിപ്രകാരമാണ്: "ഗ്രാമീണരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവുമായ ജീവിതത്തിന് രൂപാന്തരം വരുത്തുവാനുതകുന്ന പ്രക്രിയ ആരംഭിക്കാൻ പഞ്ചവത്സരപദ്ധതി അഭിലഷിക്കുന്ന രീതി സാമൂഹ്യവികസനവും പ്രാവർത്തികമാക്കാനുള്ള ഏജൻസി ഗ്രാമീണവ്യാപനപ്രവർത്തകരുമാണ്."

## പ്രധാനലക്ഷ്യങ്ങൾ

പഞ്ചവത്സരപദ്ധതിയുടെ ഒരു അവിഭാജ്യഘടകമാണ് ഇന്ത്യയിൽ സാമൂഹ്യവികസനം. എല്ലാ രംഗത്തും ജനാധിപത്യമായി ആസൂത്രിതവികസനമാണുദ്ദേശ്യം. സാമൂഹ്യവികസനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ സാമ്പത്തികാഭിവൃദ്ധി, സാമൂഹ്യനീതി, ജനാധിപത്യത്തിന്റെ വളർച്ച എന്നിവയാണ്. ഇവ തമ്മിൽ പരസ്പരം ബന്ധിപ്പിച്ച് സമീകൃതമായി പുരോഗമനം ഉണ്ടാകുവാനാണ് ശ്രമം. ഉദാഹരണത്തിന് സാമ്പത്തികാഭിവൃദ്ധിയിൽ കാർഷികോല്പാദനവർധനവ് ഒരു ലക്ഷ്യമാകുന്നു. അതേ സമയം കൃഷിഭൂമി കൃഷി ചെയ്യുന്നവനു ലഭിക്കുമാറ് ഭൂപരിധി നിശ്ചയിക്കുകയും വിഭജിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക സാമൂഹ്യനീതിക്കുള്ള പടികളാണ്. ജനാധിപത്യമില്ലാതെ, സാമ്പത്തിക സാമൂഹ്യോല്ക്കർഷത്തിനു ഉദ്യമിക്കുന്നതു് വളരെ അരക്ഷിതമായ അടിസ്ഥാനത്തിലായിരിക്കും. സാമ്പത്തികാധഃപതനത്തിൽ കൂടി സാമൂഹ്യനീതിയോ ജനാധിപത്യാദർശങ്ങളെ ബലി കഴിച്ച് സാമ്പത്തികാഭിവൃദ്ധിയോ, രണ്ടും അഭികാമ്യമല്ല. രണ്ടും കൂടി പൊരുത്തപ്പെടുത്തിയുള്ള ഒരു മധ്യവർത്തിത്വമാണ് അഭിലഷണീയം.

ആസൂത്രിതവികസനത്തിന് ഇന്ത്യക്ക് പ്രചോദനം ലഭിക്കുന്നതു് ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേററ് പോളിസിയിൽ നിന്നാണ്. ക്ഷേമരാഷ്ട്രത്തിന്റെ സങ്കല്പവും അതിലുണ്ട്. ജനക്ഷേമപ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള പങ്ക് ക്ഷേമരാഷ്ട്രസിദ്ധാന്തത്തിന്റെ അടിസ്ഥാനതത്വങ്ങളിലൊന്നാണ്. ജനങ്ങളുടെ സാമ്പത്തികസാമൂഹികാഭിവൃദ്ധിക്കു മുൻപിൽ മനുഷ്യന്റെ അന്തസ്സ്, വ്യക്തിസ്വാതന്ത്ര്യം, സമ്പത്ത് സമാഹരിക്കാനുള്ള അവകാശം മുതലായ ജനാധിപത്യത്തിന്റെ അത്യുന്നതമൂല്യങ്ങൾ സംരക്ഷിക്കേണ്ടതായുണ്ട്. എന്നിരുന്നാലും വ്യക്തിയുടെ അവകാശങ്ങൾ സാമൂഹ്യനീതിക്കുള്ള യത്നത്താൽ മയപ്പെടുത്തേണ്ടതുണ്ട്. സ്വത്ത് സമ്പാദനം സമൂഹതാല്പര്യങ്ങൾക്കതീതമായിരിക്കരുത്. വ്യക്തിയും സമൂഹവും വ്യക്തിതാല്പര്യങ്ങളും ദേശീയാദർശങ്ങളും തമ്മിലുള്ള അനുരഞ്ജനവും സുസ്വരതയും സഹകരണപ്രവർത്തനത്തിൽ കൂടി ക്രമാനുഗതമായി വർധിപ്പിക്കേണ്ടതാണ്.

രാജ്യത്തിലെ ബഹുജനങ്ങൾക്ക് ആഹാരം, വസ്ത്രം, പാർപ്പിടസൗകര്യം, ആരോഗ്യസംരക്ഷണസൗകര്യങ്ങൾ എന്നിവ നല്കി ഐശ്വര്യപൂർണമായ ജീവിതം പടുത്തുയർത്തുവാൻ, അവരെ സഹായിക്കുകയാണ് സാമൂഹ്യവികസനത്തിന്റെ ആന്തരികമായ ഉദ്ദേശ്യം. ലക്ഷ്യങ്ങൾ അതു നേടാനാവശ്യമായ സമയമനുസരിച്ച്

ഹ്രസ്വമോ ദീർഘമോ ആകാം. ശാസ്ത്രസഹായത്താൽ കാർഷികരംഗത്ത് ഉല്പാദനം വർധിപ്പിക്കുക, തൊഴിലില്ലായ്മ പരിഹരിച്ച് ജോലിസൗകര്യങ്ങൾ വർധിപ്പിക്കുക, ഇവയെല്ലാം ഹ്രസ്വകാലലക്ഷ്യങ്ങളാണ്. സമൂഹത്തിൽ വിശ്രമസമയവും നിരുപയോഗമായ കഴിവുകളും പ്രവർത്തനോന്മുഖമാക്കി ജീവിതസൗകര്യങ്ങൾ വർധിപ്പിക്കുന്നത് ഒരു മധ്യകാലലക്ഷ്യമായി കണക്കാക്കാം. സ്വാശ്രയബോധവും ആത്മവിശ്വാസവും ഐക്യബോധവും സുസ്വരതയും ഉള്ള സമുദായങ്ങളെ സൃഷ്ടിക്കുകയെന്നുള്ളത് ഒരു ദീർഘകാലലക്ഷ്യമാണ്.

ഗ്രാമോദ്ധാരണപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഭാരതത്തിന് അഭിമുഖീകരിക്കേണ്ട പ്രധാനപ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്:

1. പരമ്പരാഗതവും അശാസ്ത്രീയവുമായ കാർഷികരീതികളെ പിന്തുടരുന്നതുകൊണ്ട് അനുഭവപ്പെടുന്ന ഉല്പാദനക്കുറവ്.
2. ഉല്പാദനക്ഷമത വർധിപ്പിക്കുവാൻ ആവശ്യമായ മൂലധനനിക്ഷേപത്തിന്റെ അപര്യാപ്തത.
3. ശാസ്ത്രീയ–സാങ്കേതികനേട്ടങ്ങൾ പ്രയോജനപ്പെടുത്താനുള്ള ഗ്രാമീണരുടെ അശക്തി.
4. വൻപിച്ച തൊഴിലില്ലായ്മയും വർധിച്ചു വരുന്ന തൊഴിൽഅപര്യാപ്തതയും.
5. ത്വരിതഗതിയിൽ ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന സമുദായസംഘടന.

എല്ലാ കാരണങ്ങളും പരസ്പരം ബന്ധപ്പെട്ടതാണ്. സ്വതസ്സിദ്ധമായ വളർച്ചയും അശക്തമായ സമ്പദ്‌വ്യവസ്ഥയുടെ അധഃപതനത്തിനും സൈ്ഥതികത്വത്തിനും ഈ ഘടകങ്ങളുടെ സംഘടിതഫലമാണ് കാരണം. രാഷ്ട്രത്തിന്റെ പ്രകൃതിവിഭവങ്ങൾ അഭിവൃദ്ധിക്ക് അപര്യാപ്തമാണ്. മററു രംഗത്തു നിന്നും വിഭവശേഷികളെ ഗ്രാമാഭിവൃദ്ധിക്ക് തിരിച്ചു വിടുവാനുള്ള സാധ്യതയും വിരളമാണ്. കുറെക്കാലത്തേക്ക് ഗ്രാമങ്ങൾക്ക് സുലഭമായ സ്വന്തം വിഭവശേഷിയിൽ—ഭൂമിയും മനുഷ്യനും—തന്നെ ആശ്രയിക്കണം.

ഇന്ത്യയിൽ കാർഷികരംഗത്ത് ശാസ്ത്രീയവിജ്ഞാനം ഉല്പാദനവർധനവിന് ഉപയോഗിക്കാനുള്ള പ്രോത്സാഹനം ഭൂപരിഷ്ക്കരണനിയമങ്ങളിൽ നിന്ന് ലഭിക്കേണ്ടിയിരിക്കുന്നു. കർഷകന് ചെയ്യുന്ന പ്രയത്നത്തിന്റെ മുഴുവൻ പ്രതിഫലവും കിട്ടുമെന്നുറപ്പു വരുത്തണം. ദാരിദ്ര്യത്തിലും അജ്ഞതയിലും അനാരോഗ്യത്തിലും കഴിയുന്ന ഗ്രാമീണക്ക് സാമൂഹ്യചിന്തയേ ഇല്ല; സമ്പത്തിനേക്കാളധികം ബാധ്യതയാണവർക്ക്. ഗ്രാമീണരുടെ പ്രവർത്തനശേഷി വളർത്തി സുശക്തമാക്കുന്നതാണ് സാമൂഹ്യവികസനത്തിന്റെ അന്തിമലക്ഷ്യം. സമർപ്പണബുദ്ധിയും സഹകരണബോധവും സ്വാശ്രയത്വവും പുരോഗമനവീക്ഷണഗതിയും ഉളവാക്കി മനുഷ്യനെ വ്യക്തിയെന്ന നിലയിലും സമുദായത്തിലെ ഒരംഗമെന്ന നിലയിലും വളർത്തുന്നതാണ് സാമൂഹ്യവികസനം.

## തത്വങ്ങൾ

വികസനത്തിനുള്ള ആഗ്രഹം ജനങ്ങളുടെതായിരിക്കണം. എല്ലാ

പരിവർത്തനങ്ങളും സ്വയം സഹായിക്കുന്നതിൽ നിന്നാണുത്ഭവിക്കുന്നതു്. ഗ്രാമങ്ങളിൽ ജീവിതത്തിന്റെ വിവിധമുഖങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ടു് വികസനം സർവതോമുഖമായിരിക്കണം. സഹകരണത്തിന്റെ എല്ലാ തത്വങ്ങളും വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിരന്തരം പ്രായോഗികമാക്കുന്നു.

സാമൂഹ്യവികസനം ഒരു പരിപാടിയും ഒരു മാർഗവും ആകുന്നു. ഗ്രാമീണാഭിവൃദ്ധിക്കു് സ്വയം സഹായിക്കാൻ വേണ്ടുന്ന പ്രേരണയും പ്രചോദനവും നൽകുന്ന മാർഗമാണു് സാമൂഹ്യവികസനം. ഗ്രാമീണരിലേക്കു് വാർത്താവിനിമയവാഹികളെ എത്തിച്ചു കൊടുക്കുന്നതും പരിശീലനം സിദ്ധിച്ച പ്രവർത്തകരെ വിവിധച്ചുമതലാനിർവഹണത്തിനു് ഗ്രാമങ്ങളിലേക്കയയ്ക്കുന്നതും പ്രധാനപ്പെട്ട ഒരു പരിപാടിയാണു്.

ഒരു മാർഗമെന്ന നിലയ്ക്കു് സാമൂഹ്യവികസനം താഴെപ്പറയുന്ന നാലു ഘട്ടങ്ങളിലായി വ്യാപിച്ചു് കിടക്കുന്നു:

1. സമൂഹത്തിലെ പ്രശ്നങ്ങളും ആവശ്യങ്ങളും ക്രമീകൃതമായ ചർച്ചകളിൽ കൂടിയും വിചിന്തനങ്ങളിൽ കൂടിയും നിശ്ചയിക്കുക.
2. പ്രശ്നപരിഹാരങ്ങൾ ക്രമബദ്ധമായി ആസൂത്രണം ചെയ്യുക.
3. ലക്ഷ്യപ്രാപ്തിക്കു് സമുദായത്തിലെ സാമ്പത്തിക-സാമൂഹ്യ-ഭൗതികവിഭവശേഷികളെ സഞ്ചയിച്ചു് സജ്ജമാക്കുക.
4. വികസനച്ചുമതലകൾ ഏറ്റെടുക്കുവാനും അവയ്ക്കു നേതൃത്വം നൽകുവാനും കഴിവുള്ള സംഘടനകൾ രൂപീകരിക്കുക.

ജനാധിപത്യം, സാമൂഹ്യനീതി, ഗ്രാമീണരുടെ കഴിവു്, ഗ്രാമപുനരുദ്ധാരണപ്രവർത്തനത്തിന്റെ ആവശ്യകത, മനുഷ്യനന്മയ്ക്കു് ശാസ്ത്രത്തിനുള്ള കഴിവു് എന്നിവയിലുള്ള വിശ്വാസം സാമൂഹ്യവികസനത്തിന്റെ മറ്റൊരടിസ്ഥാനതത്വമാണു്.

രാഷ്ട്രത്തിന്റെ വളർച്ചയ്ക്കു് ഗ്രാമോദ്ധാരണം അനിവാര്യമാണു്. ഗ്രാമീണരിൽ സീമാതീതമായ ശക്തി ഒളിഞ്ഞു കിടക്കുന്നുണ്ടു്. വേണ്ട വിധത്തിൽ കൈകാര്യം ചെയ്താൽ ഈ കഴിവു് ഉല്പാദനവർധനവിനുപയോഗിക്കാം. സമുദായത്തിന്റെ വളർച്ചയെ സഹായിക്കാൻ ഗ്രാമീണർക്കു മാത്രമേ സാധിക്കൂ. ഗവണ്മെന്റു് നേതൃത്വവും സാഹചര്യങ്ങളും നൽകുന്നു. പക്ഷേ, സുന്ദരമായൊരു ഭാവി വേണമെന്നുള്ള ഗ്രാമീണരുടെ ആഗ്രഹത്തിലും, അതു് സംഘടിതമായ പ്രയത്നത്താൽ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന അറിവിലുമാണു് സാമുദായികവികസനത്തിനുള്ള ഉദ്ദീപനം സ്ഥിതി ചെയ്യുന്നതു്.

സാമൂഹ്യപരിവർത്തനത്തിന്റെ ത്വരണത്തിനും മാനുഷികാഭിവൃദ്ധിക്കും ശാസ്ത്രവും പ്രവിധിവിജ്ഞാനവും വലിയ സംഭാവനകൾ നൽകുന്നു. പക്ഷേ വിദഗ്ദ്ധമായ കൈകാര്യത്തിൽ മാത്രമേ ശാസ്ത്രം ഗ്രാമീണർക്കു് സഹായകമാകൂ. ശാസ്ത്രീയസാങ്കേതികവിജ്ഞാനം എത്ര വേഗത്തിൽ ഗ്രാമീണർക്കു് അംഗീകരിക്കാനും പ്രയോജനപ്പെടുത്തുവാനും കഴിയും എന്നതിനെ ആശ്രയി

ച്ചാണ് സാമൂഹ്യവികസനത്തിന്റെ വിജയം. പുതിയ അറിവു പ്രയോഗിച്ച് ദാരിദ്ര്യവും അജ്ഞതയും അനാരോഗ്യവും അന്ധവിശ്വാസങ്ങളും അകററി ഉല്പാദനം വർധിപ്പിച്ച് സാമൂഹ്യക്ഷേമം കൈവരിക്കുന്നു.

ജനാധിപത്യരീതിയിലുള്ള സമീപനമാണ് സാമൂഹ്യവികസനത്തിൽ അഭിലഷണീയം. അപ്പോൾ ജനലക്ഷങ്ങൾ വികസനപരിശ്രമത്തിൽ പങ്കാളികളാകുന്നു. എങ്കിൽ മാത്രമേ ഈ ബൃഹത്തായ പദ്ധതി പ്രായോഗികമാവുകയുള്ളു. സാമൂഹ്യവികസനം ജനാധിപത്യത്തെ ആശ്രയിച്ചിരിക്കുന്നു; ജനാധിപത്യാദർശങ്ങളുടെ വളർച്ച സാമൂഹ്യവികസനത്തെയും. ജനാധിപത്യവും സാമൂഹ്യവികസനവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. രണ്ടും മനുഷ്യന്റെ വളർച്ചക്ക് അവശ്യമായ പ്രക്രിയകളാകുന്നു. അതു കൊണ്ടു തന്നെയാണ് അധികാരവികേന്ദ്രീകരണം വളരെ ത്വരിതഗതിയിൽ നടപ്പാക്കേണ്ടതു്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ രൂപീകരണത്തിലോ അധികാരം ഗ്രാമതലത്തിലേക്ക് വിടുന്നതിലോ ഇതിന്റെ വ്യാപ്തി ഒതുങ്ങുന്നില്ല. ജനാധിപത്യപ്രക്രിയക്കു് ഓജസ്സും തേജസ്സും ഉറച്ചതും വിപുലവും ആയ അടിസ്ഥാനവും നൽകുന്നതാണതിന്റെ ലക്ഷ്യം.

സാമൂഹ്യവികസനത്തിനുപയോഗിക്കുന്ന മാർഗങ്ങൾ വിജ്ഞാനവ്യാപനവും സാമൂഹ്യസംഘാടനവും ആണ്. വികസിച്ചു കൊണ്ടിരിക്കുന്ന ജനാധിപത്യരാഷ്ട്രത്തിലെ ചുമതലബോധമുള്ള പൗരനെന്ന നിലയിലേക്കുയരാൻ വേണ്ട മാനസികവും ആശയപരവും പ്രാവർത്തികവുമായ അറിവുകൾ വ്യാപിപ്പിച്ച് മാനുഷികമൂല്യങ്ങളെ ഉയർത്തുകയാണ് വിജ്ഞാനവ്യാപനം ചെയ്യുന്നതു്. സാമൂഹ്യവിദ്യാഭ്യാസത്തിലും വയോജനവിദ്യാഭ്യാസത്തിലും വളരെ പ്രാധാന്യം വ്യാപനത്തിനുണ്ട്. സാമൂഹ്യശാസ്ത്രത്തിനു് ലഭിച്ചിട്ടുള്ള വിവിധ വാർത്താവിനിമയരീതികളും വ്യാപനമാർഗങ്ങളും ഉപയോഗിച്ച് അനുഭവസമ്പന്നരായ പ്രവർത്തകരിൽ കൂടി ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി നിയന്ത്രിതമായ പരിവർത്തനം സാമൂഹ്യരംഗത്തും വിജ്ഞാനരംഗത്തും ഉണ്ടാകുന്നു.

സാമൂഹ്യവികസനരംഗത്ത് ഫലപ്രദമായ പുരോഗതി നേടുന്നതിനു് സമുദായത്തെ ശരിയായ വിധത്തിൽ സംഘടിപ്പിക്കേണ്ടതുണ്ട്. ഇന്ത്യൻഗ്രാമങ്ങളിൽ സമുദായം അതിവേഗത്തിൽ ഛിന്നഭിന്നമായിക്കൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തിന്റെ വളർച്ചക്ക് സാമൂഹ്യസംഘടനകൾ ആവശ്യമാണ്. ഗ്രാമതലത്തിൽ സംഘടനാപരമായ ഐക്യം വളർത്തുവാനുള്ള മൂന്ന് അടിസ്ഥാനസ്ഥാപനങ്ങളാണ് സ്കൂളും പഞ്ചായത്തും സഹകരണസംഘവും.

വികസനത്തിന്റെയും പൗരധർമങ്ങളുടെയും ആധികാരികകേന്ദ്രമാണ് പഞ്ചായത്ത്. സഹകരണസംഘം സാമ്പത്തികരംഗത്തും സ്കൂൾ സാംസ്കാരികരംഗത്തും പ്രാധാന്യമുള്ള സംഘടനകളാണ്. പഞ്ചായത്തിനോടനുബന്ധിച്ച് പ്രത്യേകപ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം സംയുക്തസംഘടനകൾ സൃഷ്ടിക്കണം. പഞ്ചായത്ത് നിയമപരമായ ഒരു ജനകീയസ്ഥാപന

മാണ്. പ്രായപൂർത്തിയായ ഗ്രാമവാസികൾ പഞ്ചായത്തിനെ തിരഞ്ഞെടുക്കുന്നു. പ്രവർത്തനങ്ങൾ പല കമ്മിററികളിൽ കൂടി, സമുദായത്തിലെ വികസനതല്പരരായ സാമൂഹ്യപ്രവർത്തകരെ കൂട്ടിച്ചേർത്തു് സംഘടിപ്പിക്കുന്നു. ഗവണ്മെൻറിൽ നിന്നുള്ള പണം ഗ്രാമങ്ങളിലേയ്ക്കു് പഞ്ചായത്തിലൂടെ പ്രവഹിക്കുന്നു. ഗ്രാമതലത്തിലുള്ള സർക്കാരാണു് പഞ്ചായത്തു്.

സ്കൂൾ ഒരു സാമൂഹ്യകേന്ദ്രമായി വളർത്തി കായികവും മാനസികവും സാംസ്കാരികവുമായ വ്യാപനപ്രവർത്തനത്തിനു് ഉപയോഗിക്കുന്നു. ചെറിയൊരു സമൂഹത്തെ ഉദ്ദേശിച്ചായിരിക്കണം ഓരോ സംഘടനയും. അപ്പോൾ സമുദായസ്നേഹവും സംഘടനാവിചാരവും ഉണ്ടാകും. സാമൂഹ്യൈക്യം എന്ന ആദർശത്തെ വളർത്തുകയാണു് മൂന്നു സ്ഥാപനങ്ങളും തമ്മിൽ സംയോജിച്ച പ്രവർത്തനത്തിൻെറ ലക്ഷ്യം.

നിക്ഷിപ്തതാൽപര്യങ്ങളോടു കൂടിയ സംഘടനകൾ പ്രോത്സാഹജനകമല്ല. സഹകരണത്തിൻെറ സങ്കുചിതലക്ഷ്യങ്ങളിൽ സമൂലപരിവർത്തനം വരുത്തി പരസ്പരസഹായത്താൽ സമുദായാവശ്യങ്ങൾ നിറവേററണം. സഹകരണം സാമൂഹ്യപരിവർത്തനത്തിനുള്ള ഉപകരണമാണു്.

ജനാധിപത്യരീതിയിൽ ജനങ്ങളുടെ പങ്കോടു കൂടി ഗ്രാമാഭിവൃദ്ധിക്കു വേണ്ടിയുള്ള പ്രവർത്തനമാണു് സാമൂഹ്യവികസനം. വിജ്ഞാനവ്യാപനവും സാമൂഹ്യസംഘാടനവും വ്യക്തമായ പരിപാടികളിൽ കൂടിയാണു് പ്രായോഗികമായി നടപ്പാക്കുന്നതു്. കർഷകരെ നൂതനമായ കൃഷിരീതികൾ അഭ്യസിപ്പിക്കുന്നതിനു് കാർഷികപരിപാടികൾ ആവശ്യമാണു്; ഗ്രാമീണരിൽ പൊതുജനാരോഗ്യബോധം വളർത്തുവാൻ ആരോഗ്യപരിപാടികൾ വേണം. സാമൂഹ്യസംഘടനകളും സ്ഥാപനങ്ങളും ചുമതലകൾ ഏറെറടുക്കുവാൻ മുന്നോട്ടു് വന്നാൽ മാത്രമേ സംഘടനയ്ക്കു് ശക്തിയും പുഷ്ടിയും ലഭിക്കുകയുള്ളു.

### സാമൂഹ്യവികസനത്തിൻെറ സവിശേഷതകൾ

സാമൂഹ്യവികസനത്തിനു് താഴെ പറയുന്ന സവിശേഷതകൾ ഉണ്ടായിരിക്കണം:

1. സ്വമനസ്സാലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് ജനങ്ങളെ സഹായിക്കുന്ന വികസനപ്രവർത്തനം അവരുടെ അടിസ്ഥാനാവശ്യങ്ങളെ ആസ്പദമാക്കിയിരിക്കണം.
2. ഗ്രാമജീവിതം വളരെ സമ്മിശ്രമാകയാലും നിരവധി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാകയാലും സാമൂഹ്യവികസനപരിപാടി വിവിധോദ്ദേശ്യപരവും സംയോജനകരവുമായിരിക്കണം.
3 പ്രാദേശികമായി ലഭിക്കുന്ന സർവവിഭവശേഷിയും—നേതൃത്വപരവും മാനുഷികവും ഭൗതികവും—ഉപയോഗയോഗ്യമാക്കുന്ന പരിപാടികളായിരിക്കണം ആസൂത്രണം ചെയ്യേണ്ടതു്. പുറമെ നിന്നുള്ള സഹായങ്ങൾ കഴിയുന്നതും നിരുത്സാഹപ്പെടുത്തണം.
4. ജനങ്ങളുടെ ആത്മവിശ്വാസവും കഴിവും വർധിപ്പിക്കുവാനുതകുന്ന സ്ഥാ

യിയായ അഭിവൃദ്ധിയെ ലാക്കാക്കി വേണം സാമൂഹ്യവികസനം സംഘടിപ്പിക്കുവാൻ.

5. സാമൂഹ്യപുരോഗതിയുടെ ഫലം സമുദായത്തിൽ വ്യത്യാസം കൂടാതെ തുല്യമായി അനുഭവിക്കുവാൻ ഉതകുന്നതായിരിക്കണം പരിപാടിയുടെ സമീപനം. സാമൂഹ്യനീതി നടപ്പാക്കാൻ സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങളെ കുറച്ചു കൊണ്ടു വരണം.

സാമൂഹ്യവികസനത്തിൻെറ പ്രാഥമികഉദ്ദേശ്യങ്ങൾ പ്രാദേശികാവശ്യങ്ങളെയും അഭിലാഷങ്ങളെയും അടിസ്ഥാനമാക്കിയാണെങ്കിലും മഹത്തായ ദേശീയലക്ഷ്യങ്ങളെ അവഗണിക്കാൻ ഒരിക്കലും പാടില്ല. ഈ പരിപാടികളെല്ലാം ബൃഹത്തായ ദേശീയപദ്ധതിയുടെ ഘടകങ്ങൾ മാത്രമാണ്.

# 8

## അംഗീകാരപ്രക്രിയ

സാമൂഹ്യജീവിതത്തിലെ ഏതു രംഗത്തും മനുഷ്യൻ സംഘടിതമായും ഒററയ്ക്കും വിദ്യാഭ്യാസം ചെയ്യുന്നതിലും മററുള്ളവരെ സ്വാധീനിക്കുന്നതിലും വ്യാപൃതനാണ്. വ്യാവസായികരംഗത്തും തൊഴിലാളിസംഘടനകളിലും രാഷ്ട്രീയരംഗത്തും പൊതുജനസമ്പർക്കത്തിന് വേണ്ട പരിപാടികളുണ്ട്. മതവിശ്വാസങ്ങളെ വ്യാപിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സാമുദായിക സംഘടനകൾ പരിശ്രമിക്കുന്നു. വ്യക്തികൾ മററുള്ളവരുടെ വികാരങ്ങളെയും ആശയങ്ങളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നതിന് അശ്രാന്തപരിശ്രമം നടത്തുന്നു. എവിടെയും മനുഷ്യനുദ്ദേശിക്കുന്ന മാതിരി ആശയവിനിമയം ഫലപ്രദമാവുകയോ മാനസികപരിവർത്തനങ്ങൾ ഉളവാക്കുകയോ ചെയ്യുന്നില്ല. ഇതിന് നൂതനവിനിമയസമ്പ്രദായങ്ങൾ അനിവാര്യമാണ്. ഗ്രാമീണജനങ്ങൾക്ക് പുതിയ അറിവുകളും രീതികളും വിസരണം ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ട ചില സംഗതികളാണിവിടെ പ്രതിപാദിക്കുന്നത്.

ഗ്രാമീണകർഷകർ എങ്ങനെ പുതിയ അറിവുകളും രീതികളും സ്വീകരിക്കുന്നു? ഏതു തരത്തിലുള്ള സന്ദേശങ്ങളാണവർക്ക് കൂടുതൽ സ്വീകാര്യം ? അവരുമായി എളുപ്പത്തിൽ എങ്ങനെ സമ്പർക്കം പുലർത്താം ? എന്താശയങ്ങളാണവരിൽ കൂടുതൽ പ്രതികരണമുളവാക്കുന്നത് ? അവരെ ഏററവും കൂടുതൽ സ്വാധീനിക്കുന്ന ശക്തികൾ ഏതൊക്കെയാണ് ? വിജ്ഞാനവ്യാപനപ്രവർത്തകരും പൊതുജനങ്ങളെ സ്വാധീനിക്കുവാനാഗ്രഹിക്കുന്ന മററു പ്രവർത്തകരും ഈ ചോദ്യങ്ങളുടെ ഉത്തരം അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്. ഒരു സമൂഹത്തിൽ എല്ലാ അംഗങ്ങളും പുതിയ രീതികളെ ഒരേ സമയത്ത് അംഗീകരിക്കുന്നില്ല. ചുരുക്കം ചിലർ പ്രഥമശ്രവണത്തിൽ തന്നെ നൂതനാശയങ്ങൾ അംഗീകരിക്കുന്നു. മററു ചിലർ വളരെക്കാലം കാത്തതിനു ശേഷം സ്വീക

രിക്കുന്നു ഇനിയും വേറൊരു കൂട്ടർ നൂതനാശയങ്ങളെ ഒരു കാലത്തും അംഗീകരിക്കുന്നില്ല. ആരാണിവർ? എന്താണീ പ്രത്യേകതകൾക്ക് കാരണം? ഈ പ്രശ്നങ്ങൾക്കുള്ള ഉത്തരം വ്യാപനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നു.

വ്യക്തികളുടെ അംഗീകാരപ്രക്രിയ

സാധാരണയായി പുതിയ ആശയങ്ങളും പ്രവർത്തനരീതികളും പ്രവർത്തനങ്ങളും കേൾക്കുന്ന മാത്രയിൽ തന്നെ കൂടുതൽ പേർ സ്വീകരിക്കാറില്ല. ആദ്യം ശ്രവിക്കുന്നതു മുതൽ അന്ത്യത്തിൽ അംഗീകരിക്കുവാൻ തീരുമാനിക്കുന്നതു വരെ ദിവസങ്ങളോ ആണ്ടുകൾ തന്നെയോ വേണ്ടി വരും. പുതുമയെ ആശ്ലേഷിക്കുവാനുള്ള അന്തിമനിശ്ചയം മാനസികവും ഭൗതികവും ആയ പല സംഭവപരമ്പരകളുടെയും സ്വാധീനശക്തികളുടെയും ദീർഘകാലപ്രവർത്തനത്തിൻെറ പരിണതഫലമായി ഉണ്ടാകുന്നതാണ്. പുതിയ ആശയങ്ങൾ ചിലർ പെട്ടെന്നംഗീകരിക്കുന്നു. മററു പലരും കൊല്ലങ്ങളോളം നിശ്ശബ്ദരായി കാത്തിരുന്നതിനു ശേഷം സ്വീകരിക്കുന്നു. നൂതനാശയങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ടി വരുന്ന കാലയളവ് പലരിലും പല പ്രകാരത്തിലാണ്.

അമേരിക്കയിലെ സാമൂഹ്യശാസ്ത്രജ്ഞന്മാർ നിരവധി കൊല്ലക്കാലമായി നടത്തി വരുന്ന ഗവേഷണത്തിൽ നിന്നു് പുതിയ വിധികളംഗീകരിക്കുന്നതിനു് മുൻപു്, വ്യക്തികൾ മാനസികമായി വ്യക്തവും വ്യത്യസ്തവുമായ ഘട്ടങ്ങളിൽ കൂടി കടന്നു പോകുന്നതായി തെളിഞ്ഞിട്ടുണ്ട്.

അറിവ്: പ്രഥമഘട്ടമാണിതു്. ഒരു വ്യക്തി ആദ്യമായി പുതിയ ആശയത്തെയോ രീതിയെയോ, ഉല്പന്നത്തെയോ പററി ഈ ഘട്ടത്തിൽ കേൾക്കുന്നു. വളരെ പൊതുവായ അറിവ് മാത്രമേ വ്യക്തിക്കുള്ളൂ. നൂതനാശയത്തിൻെറ പ്രത്യേകഗുണങ്ങളോ പ്രയോജനങ്ങളോ പ്രയോഗരീതികളോ അജ്ഞാതമാണ്. പുതിയ ഒരു സമ്പ്രദായം ഉണ്ടെന്നു് മാത്രം വ്യക്തി ഇത്തരുണത്തിൽ അറിയുന്നു.

അഭിരുചി: പുതുമയെപ്പററി കൂടുതലായി അറിയുവാൻ ആഗ്രഹം ജനിക്കുന്നതാണ് രണ്ടാം ഘട്ടം. വ്യക്തി ഇപ്പോൾ, പുതിയ രീതിയുണ്ടെന്നു് വെറുതെ കേൾക്കുന്നതിൽ മാത്രം സംതൃപ്തനല്ല. അതു് എന്താണ്; എങ്ങനെ ഉപയോഗിക്കാം? പ്രയോജനമെന്താണ്? എന്നെല്ലാം വിശദമായി ഗ്രഹിക്കുവാൻ അയാൾ ആഗ്രഹിക്കുന്നു. കൂടുതലായി വായിച്ചു പഠിക്കുവാനുള്ള താല്പര്യം ഈ ഘട്ടത്തിൽ ജനിക്കുന്നു.

വിലയിരുത്തൽ: നൂതനാശയം തനിക്കെത്ര മാത്രം പ്രയോജനകരമാണെന്നു് സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ തുലനം ചെയ്യുകയാണ് വ്യക്തി ഈ ഘട്ടത്തിൽ ചെയ്യുന്നതു്. പുതിയ സമ്പ്രദായത്തിൻെറ നന്മതിന്മകളെ വിശകലനം ചെയ്യുന്നു. മുൻപരിചയത്തിൻെറ അനുഭവത്തിൽ ഒരു മാനസികപരീക്ഷണം നടക്കുകയാണ്. പുതിയ രീതി പഴയതിനെക്കാൾ മെച്ചമാണെന്നു് മനസ്സിലാക്കിയാൽ ചെറിയ തോതിലുള്ള ഒരു പരീക്ഷണത്തിനു് വ്യക്തി തയ്യാറാകുന്നു.

പരീക്ഷണം: പുതിയ അറിവ് താരതമ്യേന ഉത്തമമാണെന്ന് കണ്ടാൽ, ചെറിയ തോതിൽ പ്രയോഗിച്ച് നോക്കാൻ വ്യക്തി തുനിയുന്നു. പുതിയ പ്രവർത്തനരീതികൾ ഈ അവസരത്തിൽ ആവശ്യമാണ്. എന്ത്, എപ്പോൾ, എങ്ങനെ, എവിടെ ചെയ്യണമെന്ന് വ്യക്തിക്ക് വ്യക്തമായി ഈ ഘട്ടത്തിൽ അറിയണം. വിദഗ്ദ്ധനായ പ്രവർത്തകൻെറ സഹായം പരീക്ഷണവിജയത്തിനു് വേണ്ടതാണ്. ചെറിയ തോതിലുള്ള പരീക്ഷണമാണ് ആദ്യം ചെയ്യുന്നത്. അതിലെ വിജയാപജയങ്ങൾ അവസാനം പുതിയ രീതിയെ അംഗീകരിക്കണമോ തിരസ്കരിക്കണമോ എന്നു തീരുമാനിക്കുന്ന കാര്യത്തിൽ വ്യക്തിയെ സ്വാധീനിക്കുന്നു.

അംഗീകാരം: പരീക്ഷണം വിജയിച്ചാൽ വ്യക്തി പുതിയ രീതി അംഗീകരിക്കുന്നു. തുടർന്ന് വർധിച്ച തോതിൽ പ്രയോഗിക്കുന്നു. മറിച്ച് പരീക്ഷണം പരാജയമെങ്കിൽ, പുതിയ രീതി അസ്വീകാര്യമാണെന്ന നിഗമനത്തിലാണെത്തുക.

എല്ലാ വ്യക്തികളും എല്ലായ്പോഴും ഈ അഞ്ചു ഘട്ടങ്ങളും തരണം ചെയ്തു കൊള്ളണമെന്ന് നിർബന്ധമില്ല. പ്രഥമശ്രവണം മുതൽ അംഗീകാരത്തിനുള്ള അന്തിമതീരുമാനം വരെയുള്ള കാലഘട്ടത്തിൽ ഒരു വ്യക്തിക്ക് മാനസികമായി വിചാരങ്ങളിലും വികാരങ്ങളിലും പ്രവർത്തനങ്ങളിലും ഉണ്ടാകാവുന്ന പ്രതികരണങ്ങളാണ് ഈ പഞ്ചഘട്ടങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. അംഗീകാരപ്രക്രിയയിലെ വിവിധഘട്ടങ്ങൾ എല്ലാവരിലും എപ്പോഴും പ്രത്യക്ഷമായി പ്രകടമായിക്കൊള്ളണമെന്നില്ല. അംഗീകാരം ഒരിക്കൽ സിദ്ധിച്ചാലും പുനരാലോചനയ്ക്കു വരാൻ പാടില്ല എന്നുമില്ല. അംഗീകരണസമയം വിവിധ വ്യക്തികളിൽ മണിക്കൂറുകൾ തുടങ്ങി, ദിവസങ്ങളോ വർഷങ്ങളോ വരെ നീണ്ടുപോകാം. നൂതനാശയത്തിൻെറ സങ്കീർണത, ചെലവ്, പ്രയോജനം, സാഹചര്യങ്ങൾ മുതലായവ നൂതനാശയത്തിൻെറ അംഗീകാരത്തിനു് വേണ്ട സമയത്തിൻെറ ദൈർഘ്യത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. പുതിയതു് പഴയതുമായി തട്ടിച്ചു നോക്കുമ്പോൾ അസംഗതമാണെങ്കിൽ, അംഗീകാരം സാധ്യമല്ല. സാമൂഹ്യസാഹചര്യങ്ങൾ പ്രതികൂലമാണെങ്കിൽ അംഗീകാരം അമാന്തത്തിലാണ്.

വ്യക്തിയുടെ അംഗീകാരസിദ്ധാന്തത്തിൻെറ വിവിധഘട്ടങ്ങളിൽ സന്ദേശത്തിൻെറ ഉദ്ഗമസ്ഥാനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അറിവിന്റെ ഉറവിടങ്ങളെ നാലായി തരം തിരിച്ചിരിക്കുന്നു. ബഹുജനമാധ്യമം (mass media), കാർഷികവികസനഏജൻസികൾ, മറ്റു കർഷകരും സുഹൃത്തുക്കളും, വ്യാവസായികഏജൻസികൾ. പുതിയ രീതികളെപ്പററി കർഷകർക്ക് ആദ്യഅറിവ് ലഭിക്കുന്നതു് ബഹുജനമാധ്യമത്തിൽക്കൂടിയാണ്. കർഷകരും സുഹൃത്തുക്കളും, കാർഷികവികസനഏജൻസികൾ, വ്യാവസായികഏജൻസികൾ എന്ന മുറയ്ക്കാണ് മററുള്ള ഉറവിടങ്ങൾ അറിവ് വ്യക്തിക്ക് നൽകുന്നതു്.

ദ്വിതീയഘട്ടത്തിൽ കർഷകന് പുതിയ രീതിയെക്കുറിച്ച് വിശദമായ വിവരങ്ങൾ ലഭിക്കുവാൻ കൂടുതൽ പ്രയോജനകരം ബഹുജനമാധ്യമവും മററു കർഷകരും സുഹൃത്തുക്കളും ആണ്. കാർഷികവികസനഏജൻസികൾ മൂന്നാം സ്ഥാനവും വ്യാവസായികഏജൻസികൾ നാലാം സ്ഥാനവുമാണർഹിക്കുന്നതു്.

വിലയിരുത്തൽഘട്ടത്തിൽ വ്യക്തിക്ക് കൃത്യമായ വിവരങ്ങൾ പുതിയ രീതിയുടെ നന്മകളെ വിലയിരുത്തുന്നതിന് ആവശ്യമാണ്. പരിചയസമ്പന്നരായ കർഷകസുഹൃത്തുക്കളെയാണ് പ്രധാനമായി ഇതിലേക്ക് വ്യക്തികൾ സമീപിക്കുന്നതു്. കാർഷികവികസനഏജൻസികൾക്ക് രണ്ടും വ്യാവസായികഏജൻസികൾക്ക് മൂന്നും ബഹുജനമാധ്യമത്തിന് നാലും സ്ഥാനങ്ങളാണ് ലഭിക്കുന്നതു്.

പരീക്ഷണഘട്ടത്തിൽ സുഹൃത്തുക്കളും മററു കർഷകരുമാണ് ഏററവും പ്രധാനമായി അറിവിന്റെ ഉറവിടങ്ങളെന്ന നിലയിൽ വർത്തിക്കുന്നതു്. കാർഷികവികസന ഏജൻസികൾ രണ്ടാംസ്ഥാനവും വ്യാവസായികഏജൻസികൾ മൂന്നാംസ്ഥാനവും ബഹുജനമാധ്യമം അവസാനത്തെ സ്ഥാനവും അർഹിക്കുന്നു.

അംഗീകരിക്കുന്ന ഘട്ടത്തിൽ സ്വന്തം പരീക്ഷണഫലമാണ് കർഷകന് ഏററവും പ്രേരകമായിരിക്കുന്നതു്. മററു കർഷകരുടെയും സുഹൃത്തുക്കളുടെയും അനുഭവങ്ങൾ ഇതിനുപോൽബലകമാണ്. ബഹുജനമാധ്യമവും കാർഷികവികസനഏജൻസികളും മുൻതീരുമാനത്തെ വീണ്ടും ഉറപ്പിക്കുന്നതിന് സഹായകമാകുന്നു. വ്യാവസായികഏജൻസികൾ ഈ ഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നും ചെയ്യുന്നില്ല.

## സമൂഹാംഗീകാരപ്രക്രിയ

ഒരു സമുദായത്തിൽ എല്ലാ വ്യക്തികളും ഒരേ സമയത്തു് നൂതനരീതികളെ സ്വീകരിക്കുന്നില്ല. ആദ്യം അംഗീകാരനിരക്ക് കുറഞ്ഞിരിക്കും. സമൂഹത്തിൽ പരിവർത്തനങ്ങളും പുതുമകളും സ്വീകരിക്കുവാൻ സാധ്യതയുള്ളവരിൽ ഭൂരിഭാഗവും അംഗീകരിക്കുന്നതു വരെ, മന്ദഗതിയിലാരംഭിച്ച് അംഗീകരണം വർധമാനമായി മുന്നോട്ട് കുതിക്കുന്നു. പിന്നീടും നൂതനരീതികൾ അംഗീകരിക്കുന്നവരുണ്ടെങ്കിലും അവരുടെ സംഖ്യ ക്രമാനുഗതമായി കുറഞ്ഞാണ് വരുന്നതു്. സമുദായാംഗീകാരത്തിന്റെ പ്രകൃതം വൃദ്ധിജവക്രം പോലെയാണ്.

ആദ്യമായി അംഗീകരിക്കുന്നവരിൽ പ്രഥമധാരണ മുതൽ അംഗീകരണം വരെയുള്ള കാലയളവ് വളരെ കൂടുതലാണ്. അമേരിക്കയിൽ ഗവേഷകർ സങ്കരചോളത്തിന്റെ അംഗീകാരത്തെക്കുറിച്ച് കാഷികസമുദായങ്ങളുടെയിടക്ക് നടത്തിയ പരീക്ഷണങ്ങളിൽ നിന്നും അനുമാനിക്കുന്നതു് ആദ്യത്തെ ആറു് ശതമാനം അംഗീകാരകർക്ക് ആറു് വർഷം വേണ്ടി വന്നപ്പോൾ

MUNAVIRUL ISLAM HIGH SCHOOL COCHIN-11. ERNAKULAM

പിന്നീട്ടുള്ള എൺപതു് ശതമാനം അംഗീകാരകർക്ക് പുതിയ ആശയത്തെ സ്വീകരിക്കുവാൻ നാലു വർഷം മാത്രം മതിയായിരുന്നു എന്നാണു്.

അംഗീകാരചക്രം പൂർത്തിയാകുന്നതിനു് വേണ്ട സമയദൈർഘ്യം വ്യത്യസ്തമാണു്. "ഹൈബ്രിഡ്" ആദ്യമായി സമുദായത്തിൽ പ്രത്യക്ഷപ്പെടാനും അംഗീകരിക്കപ്പെടാനും അനന്തരം അപ്രത്യക്ഷമാകാനും ഒരു വർഷമേ വേണ്ടി വന്നുള്ളു. അമേരിക്കൻ പബ്ലിക്ക് സ്കൂൾ സമ്പ്രദായത്തിന് പൂർണ്ണമായ അംഗീകാരം സിദ്ധിക്കുവാൻ അൻപതിലേറെ കൊല്ലങ്ങൾ വേണ്ടി വന്നു. പുതിയ ഒരു കീടനാശിനി കൃഷിക്കാരെക്കൊണ്ടംഗീകരിപ്പിക്കുവാൻ ചുരുക്കം ചില വർഷങ്ങൾ മതിയാകും. താരതമ്യേന വളരെ ലഘുവായ ആശയങ്ങൾ പോലും ഗ്രാമീണരെക്കൊണ്ടു് പ്രാവർത്തികമാക്കാൻ പത്തോ പന്ത്രണ്ടോ വർഷങ്ങൾ വേണ്ടി വരുന്നു. അംഗീകാരചക്രത്തിന്റെ ഭ്രമണം പൂർത്തിയാകാൻ ഒരു തലമുറയ്ക്കു് മുൻപ് വേണ്ടിയിരുന്നത്ര സമയം ഇപ്പോൾ വേണ്ട. ഭാവിയിൽ അതു് ഇനിയും കുറയും.

### അംഗീകാരകരുടെ വർഗ്ഗീകരണം

ഒരു സമൂഹത്തിലെ എല്ലാ വ്യക്തികളും ഒരേ സമയത്തു് തന്നെ ഒരു നൂതനരീതിയും അംഗീകരിക്കുന്നില്ല എന്നതു കൊണ്ടു് അംഗീകാരകരെ പല ഇനങ്ങളായി തിരിക്കാം. ഈ വിഭജനത്തിനാസ്ഥാനം അംഗീകാര സമയമാണു്. ഹെർബർട്ട് ലയൺബർഗർ എന്ന സാമൂഹ്യശാസ്ത്രജ്ഞൻ ഇവരെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1. അകാലാംഗീകാരകർ (Early Adopters)
2. വിളംബിതാംഗീകാരകർ (Late Adopters)
3. അധികാംഗീകാരകർ (Majority Adopters)

അമേരിക്കൻ പശ്ചാത്തലത്തിൽ ഇവരുടെ സവിശേഷതകൾ ലയൺബർഗർ പറയുന്നതിപ്രകാരമാണു്:–

അകാലാംഗീകാരകർ: എല്ലാവരിലും മുൻപ് പുതിയ രീതികൾ അംഗീകരിക്കാൻ ആഗ്രഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്കു് സാധാരണയിൽ കവിഞ്ഞ വരുമാനവും വലിയകൃഷിയിടവും കാണും. അവർ നിർലോഭമായി പണം വ്യയം ചെയ്യുവാനുള്ള മനസ്ഥിതിക്കാരായിരിക്കും. മദ്ധ്യവയസ്സരോ അതിലും കുറഞ്ഞ പ്രായക്കാരോ ആയിരിക്കും. മാനസികമായി എപ്പോഴും വലിയ ജാഗ്രതയുള്ളവരും സംഘടനകളിൽതല്പരരും പ്രവർത്തകരുമായിരിക്കും. ബാഹ്യലോകവുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന അവർക്കു് സമുദായത്തിനു പുറത്തു് ധാരാളം കൂട്ടുകെട്ടുകളുണ്ടായിരിക്കും. അവർ ഔദ്യോഗികസംഘങ്ങളിൽ പ്രവർത്തിക്കുകയും രാജ്യവ്യാപകമായ സംഘടനകളിൽ പങ്കെടുക്കുവാൻ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യും.

ഇവർ ഗവേഷണകേന്ദ്രങ്ങളുമായി നേരിട്ടു ബന്ധം പുലർത്തുന്നു. നൂത

നവിജ്ഞാനത്തിന്റെ ഉദ്ഗമസ്ഥാനവുമായും വ്യാവസായികപരീക്ഷണശാലക ളുമായും കാർഷികവികസനപ്രവർത്തകരുമായും ഇവർക്ക് സമ്പർക്കമുണ്ട്. പ്രാദേശികവിദഗ്ദ്ധരുമായുള്ള സമ്പർക്കത്തിൽ തൃപ്തരാകാതെ, നേരിട്ട് കേന്ദ്രവിദഗ്ദ്ധരുമായി ബന്ധം പുലർത്തുവാനും അവർ ശ്രമിക്കുന്നു. റേഡിയോ, ടെലിവിഷൻ, സാങ്കേതികപ്രസിദ്ധീകരണങ്ങൾ മുതലായ വിവിധ വാർത്താവിനിമയമാധ്യമങ്ങൾ ജ്ഞാനസമ്പാദനത്തിനു പ്രയോഗിക്കാൻ ഇവർക്കു പ്രയാസമില്ല. പുതിയ സമ്പ്രദായങ്ങളെപ്പററി പഠിക്കുവാൻ ബഹുദൂരം പ്രയാണം ചെയ്യുന്നതിനും യാതൊരു മടിയുമില്ല.

**വിളംബിതാംഗീകാരകർ:** ഈ വിഭാഗത്തിൽപ്പെട്ടവരധികവും ചെറുകിടകർഷകരാണ്. കാർഷികവൃത്തിയിൽ നിന്നു് കഷ്ടിച്ച് ജീവസന്ധാരണത്തിനുള്ളതു് മാത്രമേ ഇവർ സമ്പാദിക്കുന്നുള്ളു. ഇക്കൂട്ടത്തിൽ മദ്ധ്യവയസ്കർ ഉൾപ്പെട്ടുവെങ്കിലും, പ്രായേണ പ്രായം ചെന്നവരാണധികവും. കാർഷികോല്പാദനവർധനവിനെക്കാളധികവും ജീവിതഭദ്രതയിലാണ് അവർക്കു താല്പര്യം. ജീവിതത്തിൽ യാതൊരു വിധത്തിലുമുള്ള അനിശ്ചിതാവസ്ഥയെയും അഭിമുഖീകരിക്കുവാൻ ഇവർ സന്നദ്ധരല്ല. താരതമ്യേന പ്രയോജനകരമാണെന്നു് മറ്റുള്ളവർ തെളിയിച്ചിട്ടുള്ള രീതികൾ അനുകരിക്കുവാൻ ഔൽസുക്യം പ്രദർശിപ്പിക്കും.

ബന്ധുമിത്രാദികളെ സന്ദർശിക്കുന്നതാണവരുടെ ഏററവും വലിയ സാമൂഹ്യസമ്പർക്കം. കർഷകസഹവാസികളും മിത്രങ്ങളുമാണ് ഇവരുടെ അറിവിനു് നിദാനമായിട്ടുള്ളതു്. റേഡിയോയും കാർഷികപ്രസിദ്ധീകരണങ്ങളും അറിവിന്റെ സ്രോതസ്സായി ഉപയോഗിക്കും. ഔദ്യോഗികകാർഷികവികസനഏജൻസികളോടും വ്യാപനപ്രവർത്തകരോടും പൊതുവേ ഇവർക്കു് അവജ്ഞയാണ്. സ്വീകാരയോഗ്യമായ അറിവ് അവരുടെ കൈവശമുണ്ടെന്നംഗീകരിക്കാൻ ഇവർക്കു മടിയാണ്. തദ്ദേശനേതാക്കളെ വ്യക്തിപരമായി അറിയുകയും ബന്ധം പുലർത്തുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്യും.

**അധികാംഗീകാരകർ:** നൂതനസമ്പ്രദായങ്ങൾ അംഗീകരിക്കുന്നതിൽ ഭൂരിപക്ഷവും ശരാശരി വരുമാനക്കാരായ സാധാരണകൃഷിക്കാരാണ്. കാർഷികവൃത്തിയിൽ പുതിയ രീതികൾ സ്വീകരിക്കുവാൻ ഇവരിൽ ഭൂരിഭാഗവും ഉത്സുകരാണ്. സംശയം ദൂരീകരിക്കുന്നതിനു നൂതനാശയങ്ങൾ സ്വീകരിക്കുന്നതിനും കർഷകസഹവാസികളെയാണധികവും ആശ്രയിക്കുന്നതു്. ഇവർ വളരെ സാങ്കേതികമായ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നില്ലെങ്കിലും സാധാരണ പത്രങ്ങളും വാരികകളും വായിക്കുകയും റേഡിയോയും ടെലിവിഷനും ഉപയോഗിക്കുകയും ചെയ്യും.

അറിവിന്റെ ഉദ്ഗമസ്ഥാനവും പുതിയ രീതികളുടെയും സമ്പ്രദായങ്ങളുടെയും ഉറവിടവും വിസാരണവും വ്യക്തികളുടെ അംഗീകാരരീതിയെ സാരമായി സ്വാധീനിക്കുന്നു. ആശയവിസാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു വിനിമയകനും സന്ദേശസ്രോതസ്സിനും സന്ദേശലക്ഷ്യത്തിനുമിടക്ക് വിക്ഷേപിക്കുന്ന സന്ദേശങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും. വിനിമയകർ കർഷകർ തന്നെയാകുമ്പോൾ വ്യാപനം ചെയ്യുന്ന

ആശയങ്ങളെ വിലയിരുത്തി ധനാത്മകമോ ഋണാത്മകമോ ആയ ശ്രുപാർശ കൾ ഉൾക്കൊള്ളിക്കുന്നു.

വിജ്ഞാനസ്രോതസ്സുകളെ നാലായി തിരിച്ചിരിക്കുന്നു:

1. **ബഹുജനമാധ്യമം:** ഇവയിൽ വർത്തമാനപത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, വാരികകൾ, മാസികകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അംഗീകാരപ്രക്രിയയുടെ ആദ്യഘട്ടത്തിൽ പുതിയ ആശയങ്ങളെ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് വളരെ ഫലപ്രദമായ മാധ്യമമാണിതു്. നൂതനരീതി എന്താണു്, എങ്ങനെയാണു്, എന്തിനാണു് തുടങ്ങിയ കാര്യങ്ങൾ മാസികകളിലും പ്രസിദ്ധീകരണങ്ങളിലും പ്രത്യക്ഷപ്പെടുന്നു. ഇതു് ഒരു ഏകമുഖമായ സന്ദേശവാഹിയാണെങ്കിൽ കൂടി അമൂർത്തമായ സമ്പർക്കത്തിൽ കൂടി, പ്രേക്ഷകരിൽ പുതിയ രീതിയെപ്പററി ആദ്യബോധം ഉളവാക്കുകയും പിന്നീടു് കൂടുതൽ അറിയുവാനുള്ള താല്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു. പ്രേക്ഷകർക്കു് ബഹുജനമാധ്യമം എളുപ്പത്തിൽ പ്രാപ്യമാണു്. സാധാരണ താല്പര്യമുള്ള സന്ദേശങ്ങൾ നിരന്തരം വിക്ഷേപിക്കുവാൻ എളുപ്പവുമാണു്.

2. **സ്നേഹിതരും അയൽവാസികളും:** പുതിയ രീതിയുടെ താരതമ്യേനയുള്ള ഗുണദോഷങ്ങളെ വിലയിരുത്തുന്ന ഘട്ടത്തിലും ചെറിയ തോതിൽ പരീക്ഷിച്ചു നോക്കുന്ന അവസരത്തിലുമാണു് ഈ സ്രോതസ്സിൽ നിന്നുള്ള അറിവുകൾ ഏറ്റവും അഭികാമ്യം. വിളംബിതാംഗീകാരകർക്കും മറ്റു കക്ഷികൾക്കും പുതിയ അറിവിനെപ്പറ്റി ആദ്യബോധം കിട്ടുന്നതു് അയൽവാസികളിൽ നിന്നാണു്. തുടർന്നുള്ള ഘട്ടങ്ങളിലും സുഹൃത്തുക്കളും കർഷകമിത്രങ്ങളും വിലയേറിയ അറിവുകൾ പ്രദാനം ചെയ്യുന്നുണ്ടു്. വ്യാസാരണപ്രക്രിയയിൽ ചില കർഷകർ മററുള്ളവരെക്കാൾ കൂടുതൽ പങ്കു വഹിക്കുന്നു. ഒരേ വ്യക്തി പലർക്കും പല തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതായി വരും.

3. **കാർഷികഏജൻസികൾ.** വിജ്ഞാനവ്യാപനഏജൻസികളും മറ്റു വികസനപ്രവർത്തകരും പുതിയ മാർഗങ്ങളുടെ വിലയിരുത്തൽ ഘട്ടത്തിലും പരീക്ഷണഘട്ടത്തിലും വളരെ കൃത്യമായ വിജ്ഞാനശകലങ്ങൾ അംഗീകാരകർക്കു് നൽകുന്നു. അകാലാംഗീകാരകർക്കു് കാർഷികഏജൻസികളിൽ നിന്നാണു് സാധാരണയായി പുതിയ രീതികളെപ്പററിയും ഉല്പന്നങ്ങളെപ്പററിയും വിവരങ്ങൾ ലഭിക്കുന്നതു്.

4. **വ്യാവസായികഏജൻസികൾ:** വർത്തകരും വ്യവസായപ്രതിനിധികളും പുതിയ രീതികളെപ്പറ്റി വ്യാപനം നടത്തുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ടു്. അംഗീകരണപ്രക്രിയയിൽ പരീക്ഷണഘട്ടത്തിലാണു് ഈ സ്രോതസ്സിൽ നിന്നു ലഭിക്കുന്ന വിജ്ഞാനം പ്രയോജനപ്പെടുന്നതു്. പുതിയ സമ്പ്രദായങ്ങളുടെ അംഗീകരണം, തുടർച്ചയായി ഉപയോഗിക്കുവാനുള്ള തീരുമാനം എന്നീ വിഷയങ്ങളിൽ ഈ ഏജൻസികൾക്കു ഒരു നിർണായകസ്വാധീനം ഉണ്ടു്.

## പ്രത്യേകപ്രവർത്തകർ

ഒരു സമുദായത്തിൽ നൂതനരീതികൾ അംഗീകരിക്കപ്പെടുന്നതു് പല

പ്രകാരത്തിലുള്ള പ്രവർത്തനങ്ങളുടെ പരിണതഫലമായിട്ടാണ്. പുതിയ രീതിയെ തദ്ദേശീയമായി ആദ്യം അവതരിപ്പിക്കണം. ഈ ചുമതലാനിർവഹണത്തിൽ നിന്നുളവാകുന്ന നഷ്ടവും ഭയാശങ്കയും അംഗീകാരപ്രക്രിയയിൽ ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു. ഈ പ്രത്യേകപ്രവർത്തകരുടെ, മറെറാരു പ്രവർത്തനം നൂതനാശയങ്ങളെപ്പററി ജനങ്ങളിൽ വിനിമയം നടത്തുക എന്നുള്ളതാണ്. കർഷകർ പരസ്പരം അവരുടെ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യും. ഈ ചർച്ചകളിൽ കൂടിയാണ് ആശയവിനിമയം നടക്കുന്നത്. പല കർഷകരും വ്യക്തികളിൽ നിന്ന് വസ്തുനിഷ്ഠമായ അറിവും ഉപദേശവും ലഭിക്കുവാൻ ആഗ്രഹിക്കുന്നു. വ്യക്തിപരമായ പ്രശ്നങ്ങൾക്ക് വ്യക്തമായ പരിഹാരം പോലും അവർ ആവശ്യപ്പെട്ടേക്കും. മററു ചിലർ മുൻപ് എടുത്ത തീരുമാനങ്ങൾക്ക് ഉപോൽബലകമായി ഉപദേശങ്ങൾ ആവശ്യപ്പെടുന്നു. അവരുടെ ചിന്താഗതിയോട് യോജിപ്പ് കാണുന്നതിൽ സന്തുഷ്ടിയും വിശ്വാസവും കാണുന്നു. ഇനിയും ഒരു കൂട്ടർക്ക് സമുദായത്തിൽ ഔന്നത്യമുള്ളവരിൽ നിന്ന് ഒരു ബഹുമതിമുദ്ര വേണം. വെറുതെ ആരെങ്കിലും അംഗീകരിച്ചാൽ അവർ തൃപ്തരല്ല. ഇപ്രകാരം ഒരു സമൂഹത്തിലെ വിവിധവ്യക്തികൾക്ക് വിഭിന്നരീതിയിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന "പ്രത്യേകപ്രവർത്തകർ" അംഗീകാരപ്രക്രിയയിൽ വർത്തിക്കുന്നുണ്ട്. അവർ നിർവഹിക്കുന്ന ജോലികളും അവരുടെ പ്രത്യേകതകളും അറിഞ്ഞിരിക്കേണ്ടതു് ആശയാംഗീകരണത്തിൽ പ്രധാനമാണ്.

## നവമാർഗപ്രവർത്തകൻ

പുതിയ രീതി ആദ്യമായി അംഗീകരിക്കുന്നതും പ്രായോഗികമാക്കുന്നതും ഇവരാണ്. സമുദായത്തിൽ അതിനൊരു മാന്യതയും കല്പിച്ചിട്ടുണ്ട്. നൂതനാശയങ്ങൾ സ്വീകരിക്കുവാനുള്ള സന്നദ്ധതയിൽ കൂടിയാണ് ഗവേഷകർ അവരെ നിർവചിക്കുന്നതു്. ലയൺ ബർഗറും വീൽക്കണിങ്ങും അവരുടെ പ്രത്യേകതകളെപ്പററി ഇപ്രകാരം പറയുന്നു: "അകാലാംഗീകാരകരിൽപ്പെടുന്നു; സാധാരണയിൽ കവിഞ്ഞ കൃഷിയിടവും മൂലധനവുമുണ്ട്; ഭയാശങ്കകൾ ലവലേശമില്ലാതെ ഏതു രംഗത്തും മുന്നിട്ടു പ്രവർത്തിക്കുവാൻ മനസ്സുണ്ട്; മദ്ധ്യവയസ്സിൽ കവിയാത്ത പ്രായമേയുള്ളു. ചെറുപ്പക്കാരായ കർഷകർക്ക് സാധാരണയായി സമൂഹത്തിന് സ്വീകാര്യമായ സമ്പ്രദായങ്ങളിൽ നിന്നും വ്യതിചലിക്കാൻ സാമൂഹ്യനിയന്ത്രണത്തിൻെറ കർക്കശത കൊണ്ടോ മൂലധനത്തിൻെറ അപര്യാപ്തത കൊണ്ടോ ആണ് സാധിക്കാത്തതു്."

കാർഷികരംഗത്തു് ജനങ്ങൾ പരിവർത്തനോന്മുഖരല്ലാത്ത സമൂഹത്തിൽ നവമാർഗസ്ഥാപകന് സമുന്നതസ്ഥാനം ലഭിക്കാറില്ല. ആ മാന്യത അവരാഗ്രഹിക്കാറുമില്ല. തങ്ങൾ എപ്പോൾ പാപ്പരാകുമെന്നു് ററുനോക്കിക്കൊണ്ടിരിക്കുന്നവരാണ് അയൽക്കാർ എന്നവർക്കറിയാം. നവമാർഗസ്ഥാപകർ ജാഗരൂകരും കാർഷികഗവേഷണസ്ഥാപനങ്ങളിൽ നിന്നും പരീക്ഷണകേന്ദ്രങ്ങളിൽ നിന്നും നേരിട്ട് പുതിയ അറിവുകൾ സമ്പാദിക്കുന്നതിൽ തല്പരരുമാണ്. വ്യാ

പനപ്രവർത്തകരെക്കാൾ മുൻപ് പല രീതികളും അവരറിയുന്നു. പുതിയ വിത്തുകളും വളങ്ങളും കീടനാശിനികളും പൊതുവായി അവതരിപ്പിക്കുന്നതിനു മുൻപ് അവർ കരസ്ഥമാക്കുന്നു. ഔപചാരികവും അനൗദ്യോഗികവുമായ സംഘടനകളിൽ, സമുദായത്തിനു പുറത്ത് ഇവർക്ക് സമ്പർക്കമുണ്ടായിരിക്കും. കൂടാതെ തങ്ങളെപ്പോലെ പുരോഗമനവാദികളായ കർഷകരിൽ നിന്നുപദേശങ്ങൾ സ്വീകരിക്കുവാനും ഇവർ ഉത്സുകരാണ്.

നവരീതിസ്ഥാപകരെ നൂതനവിജ്ഞാനത്തിന്റെ സ്രോതസ്സായി സ്വീകരിക്കുന്നത് അസാധാരണമാണ്. അവരുടെ പ്രവർത്തനങ്ങൾ സാധാരണക്കാർ സൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നാലും അനുകരിക്കുകയില്ല. സാധാരണക്കാരനു് തങ്ങളുടെ വിശ്വാസത്തിനു് പാത്രമായവർ പ്രവർത്തിച്ചു് വിജയിക്കുന്നതു് പ്രത്യക്ഷത്തിൽ കണ്ടാൽ മാത്രമേ ബോധ്യമാകയുള്ളൂ. മററുള്ളവർ അംഗീകരിച്ചാലും തിരസ്കരിച്ചാലും നവമാർഗസ്ഥാപകർ വിസാരണപ്രക്രിയയിൽ സുപ്രധാനമായ ഒരു പങ്കാണു് വഹിക്കുന്നതു്. തദ്ദേശ പരീക്ഷണങ്ങളിൽക്കൂടി സംശയാലുക്കൾക്കു് നൂതനസമ്പ്രദായങ്ങളിൽ വൈധീകരണം ലഭിക്കുന്നതിനു വേണ്ട 'ഭാഗ്യപരീക്ഷണ'ത്തിനു് നവമാർഗപ്രവർത്തകരാണു് മുതിരുന്നതു്.

## പ്രധാനനിവേദകർ

ആശയങ്ങളെ വിനിമയം ചെയ്യുന്നതിൽ വലിയ പങ്കു് വഹിക്കുന്നവരാണു്, പ്രധാനനിവേദകർ. അവരെ സമൂഹത്തിലെ അംഗങ്ങൾ എപ്പോഴും ആശ്രയിക്കുന്നു. മിക്കവാറും അംഗങ്ങൾക്കു് പുതിയ അറിവു് ലഭിക്കുന്നതു് ഇവരുടെ സമ്പർക്കം മൂലമാണു്. റോജേഴ്സ് ഇവരെ "അഭിപ്രായനായകന്മാർ" (opinion leaders) എന്നാണു് വിളിക്കുന്നതു്.

അവർ സമൂഹത്തിന്റെ പരമ്പരാഗതമായ ജീവിതമൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. സമുദായത്തിന്റെ നിലയും വിലയും മാനവും കാത്തുസൂക്ഷിച്ചു് ഉയർത്തിപ്പിടിക്കേണ്ടതവരാണു്. സമുദായനിലയ്ക്കും അഭിലാഷങ്ങൾക്കും അനഭിലഷണീയമായ രീതിയിലുള്ള വ്യതിചലനങ്ങൾക്കു് ഇവർ തുനിയുകയില്ല. സാധാരണക്കാരനെക്കാൾ അല്പം മാത്രം കൂടുതൽ പുതിയ സമ്പ്രദായങ്ങൾ അംഗീകരിച്ചിരിക്കും.

ഇവർ വിസാരണപ്രക്രിയയിൽ വെറും ആശയവിനിമയം മാത്രമല്ല പുതിയ അറിവുകളെ തിരഞ്ഞെടുത്തു് സ്വന്തമായ ആശയങ്ങളും അനുശാസനങ്ങളും അഭിപ്രായങ്ങളും ചേർത്തു് വിക്ഷേപിക്കുകയും ചെയ്യുന്നു വ്യക്തിപരമായ സ്വാധീനശക്തി വിനിമയത്തിൽ പ്രയോഗിക്കുന്നുണ്ടു് ത്വരിതപരിവർത്തനത്തിലുള്ള ജാഗരൂകതയും കാർഷികരംഗത്തു് പരിഷ്കൃതസമ്പ്രദായങ്ങൾ ശീഘ്രഗതിയിലംഗീകരിക്കുന്ന സ്വഭാവവും മാന്യതയുടെ മാനദണ്ഡമായി നിരീക്ഷിക്കുന്ന സമൂഹത്തിൽ നവമാർഗസ്ഥാപകനും നൂതനവിജ്ഞാനത്തിന്റെ സ്രോതസ്സും ഒന്നാകാം. പരിവർത്തനോന്മുഖമല്ലാത്ത സമൂഹത്തിൽ സ്ഥിതി നേരെ മറിച്ചാണു്.

### സ്വാധീനശാലികൾ

മററുള്ളവരുടെ തീരുമാനങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ സാധിക്കുന്നവരാണിവർ. സമൂഹസ്വഭാവമനുസരിച്ച് ഇവരുടെ പ്രത്യേകതകളും വ്യത്യസ്തമാണ്. നല്ല വരുമാനവും വലിയ കൃഷിയിടവും ഇവർക്കുണ്ടായിരിക്കും. സാധാരണയിൽ കവിഞ്ഞ ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടാകും. അയൽവാസികൾക്ക് പുതിയ അറിവ് കൊടുക്കുവാനുള്ള സന്നദ്ധതയാണ് ഇവരുടെ ഒരു പ്രത്യേകത. ഔദ്യോഗികസംഘടനകളിൽ പ്രവർത്തിക്കുന്നതിനുള്ള ഔൽസുക്യം, പുതിയ സമ്പ്രദായങ്ങൾ സ്വീകരിക്കാനുള്ള ആവേശം, എല്ലാ ജ്ഞാനസ്രോതസ്സുകളും ഉപയോഗിക്കുവാനുള്ള വെമ്പൽ, വിശാലമനസ്കത തുടങ്ങിയവയൊക്കെ ഇവരുടെ പ്രത്യേകതകളാണ്.

ഇവർ സന്ദേശങ്ങൾ തിരഞ്ഞെടുത്ത് വ്യാഖ്യാനിച്ച് ഉപദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിക്കുകയും ജനങ്ങൾ അതു പ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു. സാധാരണക്കാരുടെ ചഞ്ചലമായ തീരുമാനങ്ങൾക്ക് ഉറപ്പു വരുത്തുവാൻ ഇതു് വളരെയേറെ സഹായകമാണ്. കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കുന്ന സംഗതികൾ മററുള്ളവരെ പഠിപ്പിക്കുന്നതിൽ ഇവർ തല്പരരാണ്. സമൂഹത്തിൽ വിളംബിതാംഗീകാരകർ അവർക്കു വിശ്വാസമില്ലാത്തവരിൽ നിന്നു് മാർഗനിർദേശങ്ങൾ സ്വീകരിക്കില്ല. ഇങ്ങനെയുള്ളവരുടെ സമീപനത്തിനു് ലാഘവത്വം നൽകുന്നതു് പ്രധാനവിനിമയകരും സ്വാധീനശാലികളും ആണ്.

പ്രവർത്തനങ്ങൾക്ക് നിയമസാധൂകരണം നൽകുകയാണിവരുടെ പ്രധാനകർത്തവ്യം. കർഷകർക്ക് ഇവർ സുസമ്മതരായിക്കഴിഞ്ഞാൽ പുതിയ രീതിയോ ആശയമോ ഉല്പന്നമോ സ്വീകാര്യമാകും. അംഗീകാരപ്രക്രിയയിൽ ഇവരുടെ സേവനം നിസ്തുലമാണ്. അംഗീകൃതഏജൻസികളുടെ പ്രവർത്തനമില്ലെങ്കിൽക്കൂടി ഗ്രാമീണരിൽ നല്ലൊരു ഭാഗം പ്രത്യേകപ്രവർത്തകരെ അനുകരിച്ച് നൂതനസമ്പ്രദായങ്ങൾ നടപ്പിലാക്കും. ഈ സ്വാധീനശക്തി ഗ്രാമസമൂഹങ്ങളിൽ ചുരുക്കം ചിലരിലായിരിക്കും സ്ഥിതി ചെയ്യുന്നതു്. നാഗരികസമുദായങ്ങളിൽ അതു് പലരിലും വിപുലമായി വ്യാപിച്ചിരിക്കും. ഇവരുടെ സ്വാധീനം പല രംഗങ്ങളിലുമുണ്ടാകും.

### അവിശ്വാസികൾ

നൂതനപരിവർത്തനങ്ങൾ സമുദായത്തിൽ അവതരിപ്പിക്കുന്നതിനു് വിഘാതങ്ങൾ സൃഷ്ടിക്കുന്നവരാണ് അവിശ്വാസികൾ. പുതിയ സമ്പ്രദായങ്ങളുടെ അംഗീകാരത്തിനു് അതിന്റെ മഹിമയെക്കുറിച്ച് സാധാരണയിൽക്കവിഞ്ഞ തെളിവുകൾ ഇവർ ആവശ്യപ്പെടുന്നു. പുതിയ പരിപാടികളുടെ ആവിഷ്കരണത്തിൽ പ്രമാദങ്ങൾ പററാതിരിക്കുന്നതിനു് അവിശ്വാസികളുടെ പ്രവർത്തനം സഹായകമാകുന്നുണ്ട്. ത്വരിതപരിവർത്തനങ്ങൾ സുലഭമായി നടക്കുന്ന സമൂഹങ്ങളിൽ സ്ഥിരതയുണ്ടാക്കുകയാണു് അവിശ്വാസികൾ ചെയ്യുന്നതു്.

## വിചാരണത്തിന് ബാധകമായ സാമൂഹ്യഘടകങ്ങൾ

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒററപ്പെട്ട ജീവിക്കുവാൻ അവനിഷ്ടപ്പെടുന്നില്ല. അവൻെറ ഈ സാമൂഹ്യസ്വഭാവം പല പ്രകാരത്തിലും ജീവിതത്തെ സ്വാധീനിക്കുന്നു. മനുഷ്യൻ വിവിധ സംഘടനകളിലും സാമൂഹ്യവ്യൂഹങ്ങളിലും പ്രവർത്തിക്കുന്നു. വ്യക്തികൾ പ്രാഥമികമായി കുടുംബത്തിലെ അംഗങ്ങളാണ്. കുടുംബാംഗങ്ങളുടെ പ്രതീക്ഷകൾക്കും ആശകൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി വർത്തിച്ചാൽ മാത്രമേ കുടുംബത്തിലും സമുദായത്തിലും വ്യക്തിയുടെ സ്ഥാനമാനങ്ങൾ നിലനിൽക്കുകയുള്ളു. കർഷകർ എപ്പോഴും സമൂഹമായി ജീവിക്കുന്നു ഒരു വ്യക്തിക്കും സമുദായാംഗങ്ങളുടെ ആഗ്രഹങ്ങളെയും അഭിരുചിയെയും അവഗണിച്ച് സ്വന്തമായി തീരുമാനമെടുക്കുവാൻ സ്വാതന്ത്ര്യമില്ല. വ്യക്തികൾ ഗ്രൂപ്പുകളുടെ സംഘടിതമായ നിയന്ത്രണത്തിനു വിധേയരാണ്. വ്യക്തി സമുദായത്തിലെ ഔദ്യോഗികാംഗമല്ലെങ്കിൽ കൂടി സാമൂഹ്യനിയന്ത്രണമുണ്ടാകും.

## തദ്ദേശസംഘങ്ങൾ

ഒരു പ്രദേശത്ത് നിവസിക്കുന്ന ആളുകളാണ് തദ്ദേശസംഘങ്ങളിലെ അംഗങ്ങൾ. ഒരുമയും ഉടമസ്ഥതാബോധവും ഇവർക്കുണ്ടായിരിക്കും. കുടുംബങ്ങൾ തമ്മിൽ പരസ്പരം അറിയുകയും പല രംഗത്തും പരസ്പരം സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. അംഗങ്ങളുടെ പെരുമാററം അലിഖിതനിബന്ധനകളാൽ നിയന്ത്രിതമാണ്. പുതുമയുടെ അംഗീകാരത്തിലും മററു പല കാര്യങ്ങളിലും സംഘത്തിൻെറ സമ്മർദമനുസരിച്ച് അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുവാൻ അംഗങ്ങൾ നിർബന്ധിതരാണ്.

**കുടുംബം:** കുടുംബാംഗങ്ങൾ പലപ്പോഴും നൂതനരീതികളുടെ അംഗീകാരത്തിൽ വലിയ സ്വാധീനം ചെലുത്താറുണ്ട്. കുട്ടികൾ അച്ഛനമ്മമാരെയും, ഭാര്യമാർ ഭർത്താക്കന്മാരെയും പുതിയ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനു പ്രേരിപ്പിക്കുന്നു. കുടുംബഘടനയും, അംഗങ്ങളുടെ പ്രായവും എണ്ണവും ഇക്കാര്യത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഉന്നതനിലവാരം പുലർത്തുവാനുള്ള താല്പര്യം, സാമൂഹ്യപ്രവർത്തനത്തിൽ പങ്കെടുക്കുന്നതു മൂലം ലഭിക്കുന്ന മാന്യത, ജീവിതസൗകര്യങ്ങൾ വർധിപ്പിക്കുക എന്ന ലക്ഷ്യം എന്നിവയാണ് കുടുംബത്തിൽ പുതുമയുടെ അംഗീകാരത്തിനു സഹായകമായ ഘടകങ്ങൾ.

**സാമൂഹ്യകക്ഷികൾ:** സാധാരണക്കാരിൽ നിന്നകന്ന സാമൂഹ്യസമത്വവും സഹവർത്തിത്വവുമുള്ള കുറെ വ്യക്തികളുടെ സംഘമാണിത്. അംഗങ്ങൾ തമ്മിലടുത്തു പെരുമാറുകയും അന്യോന്യം ക്ഷേമൈശ്വര്യങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. നൂതനാശയങ്ങളുടെ അംഗീകാരത്തിൽ ഇവർക്കുള്ള പ്രാധാന്യം വിസ്മരിക്കാവുന്നതല്ല.

**നിർദേശസംഘങ്ങൾ:** വ്യക്തികൾ അഭിപ്രായം രൂപീകരിക്കുകയോ പ്രവർത്തനത്തിന് തീരുമാനിക്കുകയോ ചെയ്യുമ്പോൾ നിർദേശങ്ങളാരായുന്ന സംഘങ്ങളാണിവ. അംഗത്വം നിർബന്ധിതമല്ല. വ്യക്തികൾക്കും കുടുംബങ്ങൾക്കും നിർദേശങ്ങൾ നല്കുന്നവരാകാൻ സാധിക്കും. ക്ഷണികവും അവ്യക്തവുമെങ്കിലും ഈ സംഘങ്ങൾ അംഗീകരണപ്രക്രിയയിൽ പ്രധാനമായ പ്രേരണ ചെലുത്തുന്നുണ്ട്.

**ഔപചാരികസംഘങ്ങൾ:** ഈ സംഘങ്ങൾക്ക് ഔപചാരികമായി ഭരണഘടനയും നയപരിപാടികളും പദ്ധതികളും ഭാരവാഹികളും ഉണ്ടായിരിക്കും. പ്രത്യേക ലക്ഷ്യങ്ങൾക്കു വേണ്ടിയാണ് ഇവ സംഘടിപ്പിക്കപ്പെടുന്നത്. വിജ്ഞാനവ്യാപനോദ്ദേശ്യത്തോടു കൂടിയ ഈ സംഘങ്ങൾ ആശയവിനിമയരംഗത്ത് വിലയേറിയ സംഭാവനകളാണ് നേരിട്ട് നൽകുന്നത്.

**സ്ഥാനികഘടകങ്ങൾ:** സമുദായത്തിൽ പ്രത്യേകപദവിക്കും മാന്യതയ്ക്കും അടിസ്ഥാനമായ വസ്തുതകളാണ് വർധിച്ച തോതിലുള്ള വരുമാനം, വലിയ കൃഷിയിടം, ഉന്നതവിദ്യാഭ്യാസം മുതലായവ. നൂതനവിജ്ഞാനത്തിന്റെ വ്യാപനത്തിൽ സാമൂഹികപദവികൾക്ക് നിദാനമായ പ്രസ്തുതഘടകങ്ങൾക്ക് വലിയ സ്വാധീനമുണ്ട്.

## സാംസ്കാരികഘടകങ്ങൾ

**സംസ്കാരം:** മനുഷ്യനിർമിതമായ സാഹചര്യങ്ങളുടെ ആകത്തുകയാണ് സംസ്കാരം. മനുഷ്യൻ സമൂഹത്തിലെ അംഗമെന്ന നിലയ്ക്ക് പഠിക്കുന്നതും നേടുന്നതും എല്ലാം സംസ്കാരത്തിലുൾപ്പെടുന്നു. സംഗീതം, വിജ്ഞാനം, കല ഇവയ്ക്കു പുറമേ ആചാരങ്ങൾ, വിശ്വാസങ്ങൾ, പെരുമാററങ്ങൾ കണ്ടുപിടിത്തങ്ങൾ തുടങ്ങിയവയെല്ലാം അതിലുൾപ്പെടും. സംസ്കാരത്തിൻെറ ഭൗതികവശം സ്പർശിച്ചും മനസ്സിലാക്കാവുന്നതാണ്. മറുവശം സ്പർശനത്തിലൂടെയോ ദർശനത്തിലൂടെയോ വേർതിരിച്ചറിയുവാൻ പററുകയില്ല. ശരിയും തെററുമായ ആശയങ്ങൾ, ആളുകളെയും സ്ഥലങ്ങളെയും സംഗതികളെയും സംബന്ധിക്കുന്ന ഭാവങ്ങൾ, വികാരങ്ങൾ മുതലായവ അക്കൂട്ടത്തിൽപ്പെട്ടതാണ്.

വിശ്വാസങ്ങളും വികാരങ്ങളും ചിന്താഗതികളും മനുഷ്യൻെറ പ്രവർത്തനങ്ങളെ ഓരോ കാലഘട്ടത്തിൽ നിയന്ത്രിക്കുന്നു. പരമ്പരാഗതമായ സംസ്കാരത്തിൻെറ പ്രത്യേകതകൾക്കനുസൃതമായി അവൻെറ പെരുമാററങ്ങൾ രൂപപ്പെടുന്നു. ഏതൊരു കാര്യത്തിലും എന്തു വീക്ഷണഗതിയാണു പുലർത്തേണ്ടതു് എന്നു് ഭാഗികമായി സംസ്കാരമാണ് തീരുമാനിക്കുന്നതു്. ഉദാഹരണമായി, കഴിഞ്ഞ മൂവായിരം വർഷങ്ങളായി ഭൂമിയുടെ പ്രകൃതിയിലും ഘടനയിലും യാതൊരു മാററവും സംഭവിച്ചിട്ടില്ലെങ്കിലും, മനുഷ്യൻെറ ധാരണയ്ക്കും വീക്ഷണഗതിക്കും വലിയ മാററങ്ങൾ വന്നുഭവിച്ചിട്ടുണ്ട്.

ജീവിതരംഗത്തു് പുതിയ പുതിയ സംവിധാനങ്ങൾ സ്വീകരിക്കുന്നതു് സമൂഹത്തിൻെറ സാംസ്കാരികപശ്ചാത്തലത്തെ ആശ്രയിച്ചിരിക്കും. ബാഹ്യമായി യാതൊരു സമ്പർക്കവും പുലർത്താത്ത ഒററപ്പെട്ട സമുദായങ്ങളാണ് പരിവർത്തനങ്ങളെ ഏററവും ശക്തിയായി പ്രതിഷേധിക്കുന്നതു്.

മൂല്യങ്ങളും അഭിഭാവങ്ങളും: മനുഷ്യകല്പിതമായ വിലയാണ് മൂല്യങ്ങൾ. മനുഷ്യപ്രവർത്തനങ്ങളെയും ചിന്താഗതികളെയും മൂല്യങ്ങൾ നിയന്ത്രിക്കുന്നു. അതുകൊണ്ട് അവ വ്യക്തികളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനഘടകങ്ങളായിത്തീരുന്നു. അഭിഭാവങ്ങൾ പ്രവർത്തനത്തിനും സങ്കല്പത്തിനും ഉള്ള പ്രേരണയാണ്. സമുദായത്തിൽ ഏതു മൂല്യങ്ങൾക്കാണ് കൂടുതൽ പ്രധാന്യം കല്പിച്ചിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് പുതിയ രീതികൾ അംഗീകരിക്കപ്പെടുന്നത്.

## വൈയക്തികഘടകങ്ങൾ

**പ്രായം:** മധ്യസ്ഥരാണ് അംഗീകാരത്തിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നത് എന്നാണ് പല പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളത്. യുവകർഷകർക്ക് നൂതനാശയങ്ങളംഗീകരിക്കാൻ അഭിലാഷമുണ്ടെങ്കിലും അവസാനതീരുമാനം അവ നടപ്പിലാക്കുവാനുള്ള മൂലധനത്തെ ആശ്രയിച്ചിരിക്കുന്നു.

**വിദ്യാഭ്യാസം:** കാർഷികവൃത്തിയിൽ വിദ്യാഭ്യാസം ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു യോഗ്യതയായി കരുതപ്പെട്ടിട്ടില്ല. ഉന്നതവിദ്യാഭ്യാസം പ്രായോഗികത്വത്തിനു പകരം സിദ്ധാന്തങ്ങൾക്കു പ്രാധാന്യം നൽകാൻ പ്രേരകമാവുകയും ചെയ്യും. സാധാരണയായി വിദ്യാഭ്യാസം പുതുമയെ അംഗീകരിക്കുന്നതിനു് സഹായകമാണ്.

**മനഃശാസ്ത്രപരമായ ഘടകങ്ങൾ:** മനുഷ്യന്റെ ബുദ്ധിപരത മാനസിക നമ്യത, ദൃഢമതാസ്കതി എന്നിവ പുതുമയുടെ അംഗീകരണത്തിൽ ബാധകമാണ്. കാർഷികോൽപാദനം വർധിപ്പിക്കുവാനുള്ള ആഗ്രഹം കൃഷിയിൽ പുതിയ രീതികളംഗീകരിക്കുവാൻ പ്രേരിപ്പിക്കും. മാനസികദൃഢത പഴയ രീതിയെ തുടരുവാനുള്ള സമ്മർദമാണ് ചെലുത്തുന്നത്. മാനസികനമ്യതയുള്ളവർക്ക് പലരീതിയിലുള്ള ക്രമവൽക്കരണങ്ങൾക്കും കഴിവുണ്ടാകും. ആ മനസ്ഥിതിയുള്ളവർ മററുള്ളവരെ അപേക്ഷിച്ച് കൂടുതൽ അംഗീകാരകരായിരിക്കും.

## സ്ഥൈതികഘടകങ്ങൾ

സ്ഥൈതികഘടകങ്ങൾ: സാഹചര്യങ്ങളനുസരിച്ചാണ് കർഷകർ പുതിയ കാർഷികരീതികളംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നത്. എന്തൊക്കെയാണീ സാഹചര്യങ്ങളെന്നു നോക്കാം:

1. കാർഷികവരുമാനം: വർധിച്ച വരുമാനം എപ്പോഴും പുതിയ സമ്പ്രദായങ്ങളംഗീകരിക്കുവാൻ സഹായകമാണ്.

2. കൃഷിയിടത്തിന്റെ വലിപ്പം: ചെറുകിടകർഷകർ പുതിയ രീതികൾ സ്വീകരിക്കുവാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നു. വൻകിടകർഷകർ അക്കാര്യത്തിൽ കൂടുതൽ തല്പരരാണ്.

3. ഭൂനയം: സ്വന്തം ഭൂമിയിൽ പ്രവർത്തിക്കുന്ന കൃഷിക്കാർക്കു് പുതിയ സമ്പ്രദായങ്ങൾ പ്രയോഗിക്കാൻ താല്പര്യമുണ്ട്. മറിച്ച് പാട്ടക്കാർക്കു് ഉത്സാഹം തീരെ കുറവാണ്.

4. സമുദായമാന്യത: പുതിയ രീതികളുടെ അംഗീകാരവും കാർഷികപുരോഗതിയിലുള്ള അഭിവാഞ്ഛയും സമുദായത്തിൽ മാന്യതയ്ക്കു നിദാനമാകുമ്പോൾ പുതിയ ആശയങ്ങളും വേഗത്തിൽ സ്വീകരിക്കപ്പെടുന്നു.

5. പുതിയ അറിവിന്റെ സ്രോതസ്സ്: കൂടുതൽ സ്രോതസ്സുകളും അവയുമായുള്ള സമ്പർക്കവും അംഗീകാരപ്രക്രിയയുടെ തോതിനെ ബാധിക്കുന്നു. ഔദ്യോഗിക ഏജൻസികൾക്കാണ് കൂടുതൽ പ്രാധാന്യം.

6. ജീവിതനിലവാരം: ഉന്നതജീവിതനിലവാരം പുതിയ മാർഗങ്ങൾ കൃഷിയിൽ സ്വീകരിക്കുന്നതിനു പ്രേരകമാണ്.

7. പുതിയ രീതിയുടെ പ്രകൃതം:

എ) ചെലവും വരുമാനവും: സാധാരണയായി ചെലവ് കൂടുതൽ വരുന്ന പ്രയോഗങ്ങൾ സാവധാനത്തിൽ മാത്രമേ അംഗീകരിക്കപ്പെടുകയുള്ളൂ. വർധിച്ച വരുമാനമുള്ള രീതികൾ ചെലവു കൂടുതലാണെങ്കിലും പെട്ടെന്നു സ്വീകരിക്കപ്പെടും. പെട്ടെന്നനുഭവം തരുന്ന പുതുമകളെ വേഗത്തിൽ സ്വീകരിക്കും.

ബി) സങ്കീർണത: വളരെ ലഘുവായ രീതികൾ സാധാരണയായി വളരെ സങ്കീർണമായവയെക്കാൾ എളുപ്പത്തിൽ അംഗീകരിക്കപ്പെടും. ഉദാഹരണമായി വളംചേർക്കൽ സമ്പ്രദായം സ്വീകരിക്കുന്നതിനു മുമ്പായി പുതിയ വളം സ്വീകരിക്കാൻ കർഷകർ തയ്യാറാവും.

സി) പ്രത്യക്ഷത: പ്രദർശനത്തിനു സൗകര്യമുള്ള പുതിയ സമ്പ്രദായങ്ങൾ അല്ലാത്തവയേക്കാൾ എളുപ്പത്തിൽ അംഗീകരിക്കപ്പെടും. എലിവിഷം ഉപയോഗിക്കുന്നതിന്റെ ഫലം എളുപ്പത്തിൽ പ്രദർശിപ്പിക്കാൻ പ്രയാസമാണ്. ഫലവും നിരീക്ഷിക്കുവാൻ എളുപ്പമല്ല. സ്പ്രേജലസേചനം പ്രദർശിപ്പിക്കുവാനും ഫലം നിരീക്ഷിക്കുവാനും വേഗം സാധിക്കുന്നതുകൊണ്ട് ആ സമ്പ്രദായം കൂടുതൽ വേഗത്തിൽ സ്വീകാര്യമാണ്.

ഡി) വിഭാജ്യത: ചെറിയ ഘടകങ്ങളായി വിഭജിക്കാൻ എളുപ്പമുള്ള രീതികൾ വേഗത്തിൽ അംഗീകരിക്കപ്പെടുന്നു. ചെറിയ തോതിൽ പരീക്ഷിക്കുവാൻ അസാധ്യമായ സമ്പ്രദായങ്ങൾ സ്വീകാര്യമാകുവാൻ കാലതാമസമുണ്ടാകും.

ഇ) സാംഗത്യം: നിലവിലിരിക്കുന്ന ആശയവിശ്വാസങ്ങളോട് യോജിക്കുന്ന പുതിയ രീതികൾ എളുപ്പത്തിൽ സ്വീകരിക്കപ്പെടുന്നു. നേർവരിക്കു നടുന്നതു് മാന്യതയുടെ അടിസ്ഥാനമായി കരുതുന്നവർ അങ്ങിങ്ങായി നടുകയില്ല. ഹൈബ്രിഡ് ചോളം അംഗീകരിച്ചവർ ഹൈബ്രിഡ് പന്നികളെ സ്വീകരിക്കുന്നതിൽ വിമുഖരായിരിക്കില്ല. പവർസ്പ്രേയർ ഉപയോഗിച്ച ഒരു കൃഷിക്കാരൻ രാസകളനാശിനി നിഷ്പ്രയാസം സ്വീകരിക്കുകയുണ്ടായി.

പുതിയ ആശയങ്ങളും സമ്പ്രദായങ്ങളും ആവിർഭവിച്ചുകഴിഞ്ഞാൽ അവയെ സമൂഹം പൂർണമായി പ്രയോഗിക്കുന്നതിനു വലിയ കാലവിളംബം സംഭവിക്കുന്നുണ്ട്. അമേരിക്കയിൽ ഹൈബ്രിഡ് ചോളം കണ്ടുപിടിച്ച് 14 വർഷം കഴിഞ്ഞതിനുശേഷമാണ് അതിനു കർഷകരുടെ അംഗീകാരം ലഭിച്ചതു്. രാസവളം ചേർക്കലിനടിസ്ഥാനമായി മണ്ണുപരിശോധന നടത്തണ

മെന്ന തത്വം 20 വർഷത്തിനു് ശേഷവും എല്ലാവരും അംഗീകരിച്ചിട്ടില്ല. ശാസ്ത്രീയാവിഷ്ക്കരണത്തിനും അവയുടെ അംഗീകാരത്തിനുമിടക്കുള്ള സമയ ദൈർഘ്യം കുറയ്ക്കുക എന്ന പ്രശ്നം സാമൂഹ്യശാസ്ത്രജ്ഞന്മാരെ അലട്ടുന്ന ഒരു വലിയ കീറാമുട്ടിയാണു്. വിവിധ സമുദായങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്നു തെളിഞ്ഞിട്ടുള്ളതു്, അംഗീകാരകർക്കു് പല പ്രത്യേകതകളുമുണ്ടു് എന്നാണു്. ഈ വസ്തുത മനസ്സിലാക്കി വിജ്ഞാനവ്യാപനപരിപാടികൾ ആസൂത്രണം ചെയ്യുന്നതു് കൂടുതൽ ഫലപ്രദമായിരിക്കും. വിഭിന്ന സ്വഭാവ വിശേഷതകളുള്ള കർഷകർക്കു് അനുയോജ്യമായ വിദ്യാഭ്യാസപരിപാടികൾ വ്യാപനപ്രവർത്തകർ രൂപീകരിക്കണം. പ്രത്യേകാംഗീകാരവിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ പഠനപ്രഭാവത്തെ പോഷിപ്പിക്കുന്നു.

വ്യാപനപ്രവർത്തനത്തിൽ സംഘങ്ങൾ മുഖേന വിദ്യയഭ്യസിപ്പിക്കുവാൻ മുതിരുമ്പോൾ താഴെപ്പറയുന്ന സംഗതികൾ ഓർമിക്കേണ്ടതുണ്ടു്.

വിളംബിതാംഗീകാരകരും അവിശ്വാസികളും, ചർച്ചകളിലും നൂതനാശയങ്ങൾ അംഗീകരിച്ചു നടപ്പാക്കാൻ താല്പര്യമുള്ള ഔദ്യോഗിക സംഘങ്ങളിലും പങ്കെടുക്കുകയില്ല.

നവമാർഗസ്ഥാപകർ ചർച്ചാസമ്മേളനങ്ങളിലും മററും പങ്കെടുത്താലും മററുള്ളവരുടെ ചിന്താഗതിയും വീക്ഷണവും അവരെ യാതൊരു തരത്തിലും ആകർഷിക്കുകയില്ല

അകാലാംഗീകാരകരിൽ ഭൂരിപക്ഷവും സാധാരണയായി എല്ലാ ചർച്ചാസമ്മേളനങ്ങളിലും പങ്കെടുക്കുകയും മററുള്ളവരുടെ പ്രേരണയ്ക്കും സ്വാധീനത്തിനും വശംവദരാകുകയും ചെയ്യും. അവർ സജീവമായി ഔദ്യോഗികസംഘടനകളിലും സ്ഥാപനങ്ങളിലും സംഘങ്ങളിലും സമൂഹങ്ങളിലും പ്രവർത്തിക്കും.

അംഗീകാരകരുടെ സ്വഭാവവിശേഷങ്ങൾക്കനുസൃതമായി കഴിവുകൾ ഉപയോഗിക്കാനും പഠനസാഹചര്യങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നതു് വളരെ അഭികാമ്യമാണു്. ഈ രംഗത്തു് കൂടുതൽ അറിവു് ലഭിക്കുന്നതിനു് അനതിവിദൂരഭാവിയിൽ സാധ്യതകൾ തുലോം വിരളമാണു്. ഇന്നത്തെ അറിവിന്റെ അടിസ്ഥാനത്തിൽ കല്പനാവൈഭവവും മനോധർമവും ഉപയോഗിച്ചു് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയല്ലാതെ സാമൂഹ്യരംഗത്തു് മററു പോംവഴികളില്ല.

# 9

## ആശയവിനിമയപ്രക്രിയ

ലോകത്തു് ഒരാശയവിനിമയകൻെറ (communicator) പ്രവൃത്തിക്കു് ഇത്ര വളരെ പ്രാധാന്യം മറെറാരു കാലത്തും കൈവന്നിട്ടില്ല. ഇതഃപര്യന്തം ലോകം കണ്ടിട്ടില്ലാത്തത്ര ആളുകൾ കാര്യങ്ങൾ പഠിക്കാനായി മുന്നോട്ടു വരുന്നു. പുതുതായി വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ ഉപകാരപ്രദമായ നൂതനാശയങ്ങൾ ജനങ്ങളിലേക്കു് വിനിമയം ചെയ്യുന്നതു പോലെ പ്രാധാന്യമുള്ള മറെറാരു സംഗതിയില്ലല്ലോ. ലക്ഷോപലക്ഷം ജനങ്ങളുടേ ദാരിദ്ര്യവും അജ്ഞതയും അനാരോഗ്യവും മാററി അഭിവൃദ്ധിയും ക്ഷേമവും കൈവരുത്തുന്നതിനുള്ള ശക്തി ആശയവിനിമയപ്രക്രിയയിൽ അടങ്ങിയിട്ടുണ്ടു്.

ജനോപകാരപ്രദമായ പുതിയ ആശയങ്ങൾ ജനങ്ങളിലേക്കു് പകർത്തി അവയുടെ സ്വാരസ്യം മനസ്സിലാക്കി അവരെക്കൊണ്ടു് അംഗീകരിപ്പിച്ചു് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനു് വിജ്ഞാനവ്യാപനപ്രവർത്തകർക്കു് ഗ്രാമോദ്ധാരണരംഗത്തു് ഒരു വെല്ലുവിളി നേരിടേണ്ടതായിട്ടുണ്ടു്. ഈ വെല്ലുവിളി സ്വീകരിക്കുക എന്നതു് വ്യാപനപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഗൗരവപൂർണവും ഉജ്ജ്വലവുമായ ഒരനുഭവമാണു്. ജനക്ഷേമം സ്ഥിതിചെയ്യുന്നതു് ഗ്രാമീണവികസനപരിപാടികളുടെ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും വിജയത്തിലാണു്. ഗ്രാമീണരുടെ സാമുദായികസാമ്പത്തികാഭിവൃദ്ധിക്കു് സഹായിക്കുന്ന വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിൽ ഈ സംരംഭം തികച്ചും പ്രാധാന്യമർഹിക്കുന്നു. പുതിയ രീതികൾ ചിലപ്പോൾ ജനങ്ങളിൽ സംഭ്രമവും പ്രകോപനവും സൃഷ്ടിച്ചേക്കാൻ ഇടയുണ്ടു്. ഈ വെല്ലുവിളിയാണു് വ്യാപനപ്രവർത്തകർ നേരിടേണ്ടതു്.

വ്യാപനപ്രവർത്തകൻെറ വിജയം വളരെയധികം, നല്ല ആശയങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള കഴിവിലാണു് സ്ഥിതി ചെയ്യുന്നതു്. പ്രാ

യോഗികവിജ്ഞാനം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ജനങ്ങളെ സഹായിക്കുന്നതിലാണ് വ്യാപനപ്രവർത്തകൻ വെല്ലുവിളിയെ അഭിമുഖീകരിക്കേണ്ടിവരുന്നതു്. ഇതിനു് ഫലപ്രദമായ ആശയവിനിമയം കൂടിയേ തീരൂ.

ആശയവിനിമയം ശരിയായ ധാരണ ജനിപ്പിക്കുന്നു. ഉത്തരവുകളയക്കുകയല്ല ഇതു്. നൂതനമായ അറിവിൻെറ അർത്ഥത്തെ പററി ശരിയായ ധാരണയും കാഴ്ചപ്പാട്ടുമുണ്ടാക്കുകയാണ്. വിനിമയം സഞ്ചി കുത്തി നിറയ്ക്കുന്നതുപോലെ അല്ല, ദീപം കൊളുത്തുന്നതു പോലെയാണ്. നല്ല പ്രവിധിവിജ്ഞാനത്തിലും അവ വിനിമയം ചെയ്യാനുള്ള വൈദഗ്ധ്യത്തിലുമാണ് ഭാവിപുരോഗതി സ്ഥിതിചെയ്യുന്നതു്. സാമ്പത്തികാഭിവൃത്തിയും സാമൂഹ്യപരിവർത്തനവും ധാരാളം നൂതനാശയങ്ങളും രീതികളും ഫലപ്രദമായി വിസാരണം ചെയ്തു് പ്രാവർത്തികമാക്കിയാലേ ഉണ്ടാവുകയുള്ളു. ആശയവിനിമയത്തിനു് വ്യാപന വിദ്യാഭ്യാസരംഗത്തു് കൂടുതൽ പ്രാധാന്യം നൽകണം.

## ആശയവിനിമയപ്രക്രിയ

സാമൂഹ്യവികസനത്തിനു വേണ്ടിയുള്ള വിജ്ഞാനവ്യാപനത്തിൽ, ആശയവിനിമയത്തിൻെറ പ്രാഥമിക ലക്ഷ്യം, ജനങ്ങളിൽ ആശിക്കുന്ന രീതിയിലുള്ള സ്വഭാവപരിവർത്തനം വരുത്തുന്നതിനുതകുന്ന വിദ്യയഭിസിപ്പിക്കുകയാണ്. പഴമയെ തിരസ്കരിച്ചു്, പുതിയ പാനാനുഭവങ്ങളുണ്ടാകുന്നതു വരെ ജനങ്ങൾ നിലവിലുള്ള രീതികൾ തന്നെ തുടന്നു കൊണ്ടുപോകും. പുതിയ ജീവിതരീതിയും പ്രവത്തനരീതിയും ജനങ്ങൾ സ്വീകരിക്കണമെങ്കിൽ എന്തെങ്കിലും പ്രചോദനം ഉണ്ടായിരിക്കണം. പുതുമയെ അംഗീകരിക്കുവാനുള്ള പ്രേരണ, പഴയ സമ്പ്രദായം തുടരുവാനുള്ള പ്രേരണയെക്കാൾ വലുതായിരിക്കണം. ജീവിതപരിവർത്തനത്തിനു് നിദാനമായ പ്രചോദനം നൽകുകയായിരിക്കണം ആശയവിനിമയത്തിൻെറ ലക്ഷ്യം. ഈ ഉദ്യമത്തിൻെറ വിജയപ്രാപ്തിക്കു്, വിനിമയപ്രക്രിയയെപ്പറ്റി ശരിയായ ധാരണയും തത്വങ്ങളെപ്പററിയും ഘടകങ്ങളെപ്പററിയും ശരിയായ ബോധവും ആവശ്യമാകുന്നു.

വിദഗ്ധനായ വിനിമയകൻ ഉപയോഗപ്രദമായ സന്ദേശം ശരിയായ മാർഗങ്ങളിൽക്കൂടി ഫലപ്രദമായി പാകപ്പെടുത്തി ജനങ്ങളിൽ ആഗ്രഹത്തിനൊത്ത പ്രതികരണം ഉളവാക്കാൻ വേണ്ടി അവർക്കു് എത്തിച്ചു കൊടുക്കുകയെന്നതാണ് ഫലപ്രദമായ ആശയവിനിമയം. ഈ പ്രക്രിയയിൽ പ്രധാനമായി ആറു് ഘടകങ്ങൾ ഉണ്ടു്. ആശയവിനിമയകൻ, സ്വീകർത്താക്കൾ, സന്ദേശം അഥവാ ഉള്ളടക്കം, ആശയവിനിമയവാഹികൾ, സന്ദേശകൈകാര്യം, സ്വീകർതൃ പ്രതികരണം എന്നിവയാണ് ഈ ഘടകങ്ങൾ. ഇവയെ ആകർഷകമായ രീതിയിൽ കൈകാര്യം ചെയ്യുകയാണ് വിനിമയത്തിൻെറ വിജയത്തിനു് ആവശ്യം.

ആശയവിനിമയകൻ: വിനിമയം ചെയ്യേണ്ട സന്ദേശങ്ങളുടെ ഉത്ഭവസ്ഥാനമാണ് വിനിമയകൻ. ഈ വ്യക്തി സന്ദേശത്തെ ശരിയായ വിധത്തിൽ

വ്യാഖ്യാനിച്ച് അതിനു രൂപം കൊടുക്കുകയും സ്വീകർത്താക്കളിൽ വേണ്ട മാതിരി പ്രതികരണങ്ങളുളവാക്കുകയും ചെയ്യുന്നു. വിനിമയകൻ, ഗ്രാമസേവകനോ കോളേജ് പ്രിൻസിപ്പലോ അധ്യാപകനോ നേതാവോ ഭരണാധികാരിയോ ആരും ആകാം.

സ്വീകർത്താക്കൾക്കയയ്ക്കുന്ന സന്ദേശങ്ങളുടെ ഉത്ഭവസ്ഥാനമെന്ന നിലയ്ക്ക്, വിനിമയകൻ ഈ പ്രക്രിയയുടെ പരിണിതഫലത്തെ സാരമായി ബാധിക്കുന്ന ഒരു ഘടകമാണ്. വിനിമയകന്റെ വിശ്വാസ്യത, ആശയവിനിമയത്തിലെ ഒരു സുപ്രധാന കണ്ണിയാണ്. വിനിമയകൻ ആരാണ്? അദ്ദേഹത്തിന്റെ ഉദ്ദേശ്യം എന്താണ്? അദേഹത്തിനു എന്തറിയാം? എന്തു വീക്ഷണഗതിയാണു പുലർത്തുന്നതു്? എങ്ങനെ പ്രവർത്തിക്കും? പ്രവർത്തനം പ്രയോജനകരമാണോ? എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ വിനിമയകനുമായി സമ്പർക്കത്തിലേർപ്പെടുന്ന സ്വീകർത്താക്കളുടെ മനസ്സിലുദിക്കുന്നു. ഈ ചോദ്യങ്ങളിലൂടെ അവർ വിനിമയകന്റെ വിശ്വാസ്യതയെ അളന്നു തിട്ടപ്പെടുത്താൻ ശ്രമിക്കുന്നു. സ്വീകർത്താക്കളുടെ വിശ്വാസം ആർജിക്കാൻ വിനിമയകൻ അപ്രാപ്തനായാൽ, ആശയവിനിമയം നടക്കുകയില്ല.

വിനിമയകന്റെ വിശ്വാസ്യത വർധിപ്പിക്കുന്നതിന് പല കാര്യങ്ങളും ചെയ്യുവാൻ സാധിക്കും. ആശയവിനിമയത്തിന്റെ പ്രഭാവപരിപോഷണത്തിനു് സഹായകമാകുന്ന ചില വസ്തുതകളാണു് താഴെ കൊടുക്കുന്നതു്.

1. വിനിമയകനു് ലക്ഷ്യങ്ങളെപ്പററി വ്യക്തവും കൃത്യവുമായ ധാരണ ഉണ്ടായിരിക്കണം.

2. പ്രേക്ഷകരുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ, കഴിവ്, വാസന എന്നിവയെപ്പററിയും സന്ദേശത്തിന്റെ പ്രയോജനം, സാധ്യത, ഉള്ളടക്കം ഇവയെപ്പററിയും നല്ല വിവരമുണ്ടായിരിക്കേണ്ടതു് വിനിമയകന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു യോഗ്യതയാണ്.

3. വിനിമയമാർഗങ്ങളെപ്പറ്റി വിനിമയകൻ ശരിയായ ധാരണ ഉൾക്കൊള്ളണം.

4. പ്രവൃത്തിവൈദഗ്ധ്യവും പരിമിതികളെപ്പററിയുള്ള ബോധവും വിനിമയകനു് ആവശ്യമാണ്.

5. വിനിമയകനു പ്രേക്ഷകരിലുള്ള താല്പര്യവും സന്ദേശത്തിലുള്ള വിശ്വാസവും ആശയവിനിമയപ്രക്രിയയിലുള്ള താല്പര്യവും വൈദഗ്ധ്യവും വിനിമയ പദ്ധതിയും പരിപാടിയും രൂപീകരിക്കുന്ന വിഷയത്തിൽ അടിസ്ഥാനഘടകങ്ങളായിരിക്കണം.

6. സന്ദേശത്തിന്റെ തിരഞ്ഞെടുക്കലിലും അവ കൈകാര്യം ചെയ്യുന്നതിലും, ആശയപ്രകടനത്തിലും ഉള്ള സാമർത്ഥ്യം പ്രവർത്തനങ്ങൾ വിജയത്തിലെത്തിച്ചേരുന്നതിനുള്ള ഉപാധികളാണ്.

**സ്വീകർത്താക്കൾ:** വിനിമയകൻ വിക്ഷേപിക്കുന്ന സന്ദേശത്തിന്റെ ഉപഭോക്താക്കളാണ് സ്വീകർത്താക്കൾ. സാമ്പത്തികവും സാമൂഹികവുമായ പുരോഗമനത്തിനു് സഹായകമായ സന്ദേശങ്ങളാണു് ഇവർ സ്വീകരിക്കുന്നതു്. ആശയവി

നിമയത്തിന്റെ സാഫല്യം സന്ദേശം സ്വീകരിക്കപ്പെട്ടതിനു ശേഷമുള്ള പ്രവർത്തനമാററങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്.

സ്ത്രീകൾ, പുരുഷന്മാർ, യുവജനങ്ങൾ, ഗ്രാമീണർ, നേതാക്കന്മാർ എന്നിവർ പ്രത്യേകമായോ സംഘങ്ങളായോ സ്വീകർത്താക്കളാകാം. ഇക്കാര്യത്തിൽ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ചോ, സാമൂഹ്യപദവിയനുസരിച്ചോ, പ്രത്യേക താൽപര്യങ്ങൾ പരിഗണിച്ചോ എങ്ങനെ വേണമെങ്കിലും വർഗീകരണം നടത്താം. ശരിയായ വിധത്തിൽ വർഗീകരണം ചെയ്തില്ലെങ്കിൽ സന്ദേശവിക്ഷേപണത്തിന്റെ ഉന്നം പിഴച്ചു പോകാൻ സാധ്യതയുണ്ട്. സ്വീകർത്താക്കളുടെ തരം തിരിക്കലിൽ എത്രത്തോളം സമസ്വരത പാലിക്കുന്നുവോ അത്രത്തോളം ആശയവിനിമയം വിജയിക്കും. സ്വീകർത്താക്കളെപ്പററിയുള്ള ശരിയായ ധാരണയുണ്ടാകുന്നതു് അവരുടെ വർഗീകരണത്തിലൂടെയാണ്. പ്രധാനമായി സ്വീകർത്താക്കളെ രണ്ടായി തരം തിരിക്കാം.

1. ഉദ്ദിഷ്ട സ്വീകർത്താക്കൾ: വിനിമയകന്റെ സന്ദേശം സ്വീകരിക്കാൻ ഉദ്ദേശിക്കപ്പെട്ടവരാണ് ഉദ്ദിഷ്ടസ്വീകർത്താക്കൾ. ഇവർ മൂന്നു പ്രകാരത്തിലുണ്ടു്.

   എ. സന്ദേശം സ്വീകരിച്ചു് അതനുസരിച്ചു് പ്രവർത്തിക്കുന്നവർ.
   ബി. സന്ദേശം സ്വീകരിച്ചുവല്ലും അതനുസരിച്ചു് പ്രവർത്തിക്കാത്തവർ.
   സി. സന്ദേശം സ്വീകരിക്കാത്തവർ.

2. അനുദ്ദിഷ്ട സ്വീകർത്താക്കൾ: ഒരു നിശ്ചിതസീമയിൽപ്പെട്ടവരാണെങ്കിലും സന്ദേശവിനിമയത്തിൽ ഇച്ഛയില്ലാത്തവരാണ് അനുദ്ദിഷ്ടസ്വീകർത്താക്കൾ.

സ്വീകർത്താക്കളെ സ്ഥിതിജസ്വീകർത്താക്കളെന്നും ലഭ്യസ്വീകർത്താക്കളെന്നും സജീവസ്വീകർത്താക്കളെന്നും കൂടി തിരിക്കാം. സ്വീകർത്താക്കളെ എത്രത്തോളം വിവിധവർഗങ്ങളായി വേർതിരിക്കാൻ സാധിക്കുന്നുവോ അത്രത്തോളം ആശയവിനിമയം കൂടുതൽ ഫലവത്താകുന്നു. സ്വീകർത്താക്കളെപ്പററി അറിഞ്ഞിരിക്കേണ്ട മററു കാര്യങ്ങൾ:

1. സ്വീകർത്താക്കളുടെ സാമൂഹ്യരംഗത്തു് സുസ്ഥാപിതമായ വാർത്താവിനിമയമാർഗങ്ങൾ.
2. അവർ വിലമതിക്കുന്ന ജീവിതമൂല്യങ്ങളും ലക്ഷ്യങ്ങളും.
3. സമൂഹത്തിലെ സമവിന്യാസത്തിനുതകുന്ന ആചാരസംഹിതകളും അനുഷ്ഠാനങ്ങളും സ്വാധീനശക്തികളും.
4. വ്യക്തിത്വത്തിന്റെ പരിവർത്തനസാധ്യതയും അതിനെ ബാധിക്കുന്ന ഘടകങ്ങളും.
5. സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവും ആയ നിലവാരം.
6. വിദഗ്ദ്ധോപദേശകരുടെയും സ്വീകർത്താക്കളുടെയും വീക്ഷണത്തിൽ അവരുടെ ആവശ്യങ്ങൾക്കുള്ള അന്തരം.
7. സ്വന്തം പരിതസ്ഥിതികളെ സ്വീകർത്താക്കൾ വീക്ഷിക്കുന്ന വിധം.

സ്വീകർത്താക്കളുടെ ഗുണവിശേഷങ്ങൾ അറിഞ്ഞിരിക്കുന്നതു് വിനിമയകർക്കു് ആശയവിനിമയത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനു് സഹായകമാണു്. വിനിമയപ്രക്രിയയിൽ സ്വീകർത്താക്കളുടെ ഭാഗഭാഗിത്വം സ്വമേധയാ ഉള്ളതാകുന്നു. പ്രയോജനപ്രദമായ അറിവു് വിനിമയിച്ചു് സ്വീകർത്താക്കളെ വശീകരിച്ചു്, അവയെ സ്വീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ജനങ്ങൾക്കു് പ്രവർത്തനതൽപരതയോ പരിപാടികളിൽ അഭിനിവേശമോ ഉണ്ടാവുകയില്ല. വില്ലാളിയെപ്പോലെ വിനിമയകൻ ശരിയായ ലക്ഷ്യത്തിൽ കേന്ദ്രീകരിച്ചു വേണം പ്രവർത്തിക്കുവാൻ. അല്ലെങ്കിൽ തൊടുത്തു വിടുന്ന അമ്പുകൾ എത്ര കൂടുതലുണ്ടായാലും അവയൊക്കെ നിഷ്പ്രയോജനമാകും.

## സന്ദേശം അഥവാ ഉള്ളടക്കം

സാമൂഹ്യവികസനത്തിനു വേണ്ട വിജ്ഞാനവ്യാപനത്തിൽ ഫലപ്രദമായ വാർത്താവിനിമയം പഠനത്തെ പ്രോത്സാഹിപ്പിക്കുന്നു. അതായതു് ആശയവിനിമയം വിദ്യാഭ്യാസത്തിനു് അത്യന്താപേക്ഷിതമാണു്. പഠനം ശൂന്യതയിൽ നടക്കുകയില്ല. പഠിക്കുവാൻ വിഷയം ആവശ്യമാണു്. ആശയവിനിമയത്തിൽ സ്വീകർത്താക്കൾക്കു പ്രദാനം ചെയ്യുവാൻ എന്തെങ്കിലും ഉണ്ടായിരിക്കണം. അതാണു് സന്ദേശം.

സ്വീകർത്താക്കൾ സ്വീകരിച്ചു് മനസ്സിലാക്കി അംഗീകരിച്ചു് പ്രാവർത്തികമാക്കണമെന്നു് വിനിമയകൻ ആഗ്രഹിക്കുന്ന വസ്തുതയാണു് സന്ദേശം. കാർഷികമായോ പൊതുജനാരോഗ്യപരമായോ ഉള്ള ശാസ്ത്രീയവസ്തുതകൾ, വ്യക്തികളോ സംഘങ്ങളോ കമ്മിററികളോ ചെയ്യേണ്ട പ്രവർത്തനങ്ങൾ, പ്രവർത്തനക്രമങ്ങൾ എന്നിങ്ങനെ സുശക്തമായ സന്ദേശങ്ങൾ നിരവധിയുണ്ടു്.

സാങ്കേതികശാസ്ത്രീയജ്ഞാനം അതേ രൂപത്തിൽ വിസാരണം ചെയ്യുകയല്ല സന്ദേശം. "രാസവളപ്രയോഗം വിളവുല്പാദനം വർധിപ്പിക്കുന്നു," "സമീകൃതാഹാരം ആരോഗ്യസംരക്ഷണത്തിനു് സഹായകമാണു്" എന്നിങ്ങനെയുള്ള പ്രസ്താവനകൾ സ്വീകർത്താക്കൾ അംഗീകരിക്കേണ്ട സന്ദേശങ്ങളെയാണു് പ്രതിനിധാനം ചെയ്യുന്നതു്. ഈ സന്ദേശങ്ങൾക്കു് ഉപോൽബലകമായ സത്യങ്ങൾ വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്നതായിരിക്കും ഒന്നോ രണ്ടോ മണിക്കൂർ നേരത്തെ വിനിമയത്തിനു് വേണ്ട വിഷയം. ചിത്രങ്ങളിലെ പ്രചരണപരമായ തലക്കെട്ടുകൾ, മന്ത്രിമാരുടെ ഉൽബോധനങ്ങൾ, ഉല്പന്നങ്ങളെക്കുറിച്ചു് ആവർത്തിച്ചാവർത്തിച്ചു് പരസ്യങ്ങളിൽക്കൂടിയുള്ള പ്രസ്താവനകൾ തുടങ്ങിയവയെല്ലാം വിനിമയത്തിന്റെ സാധ്യതക്കു് പ്രാബല്യം നൽകുന്ന ഉള്ളടക്കത്തെ ആസ്പദമാക്കിയുള്ള സന്ദേശങ്ങളാണു്.

വിനിമയത്തിനു് ശേഷവും സ്വീകർത്താക്കൾക്കു് എന്തു ചെയ്യണമെന്നോ എങ്ങോട്ടു് പോകണമെന്നോ അറിയില്ലെങ്കിൽ സന്ദേശം അവരിൽ എത്തിയിട്ടില്ല എന്നു വേണം അനുമാനിക്കുവാൻ. ശ്രോതാവിന്റെ ശ്രദ്ധക്കുറവാണെങ്കിൽ തന്നെ അപൂർണമായ വിനിമയപ്രക്രിയയാണിതിനു മുഖ്യകാരണം.

പലപ്പോഴും സന്ദേശത്തിൻെറ താല്പര്യം വാക്കുകളിലും വാചകങ്ങളിലും ഒളിഞ്ഞു കിടക്കും. വിനിമയകനു് തന്നെ അവ്യക്തമായിരിക്കുമെങ്കിൽ സ്വീകർത്താക്കൾക്കു് സന്ദേശം ലഭിക്കാതിരിക്കുന്നതിൽ അത്ഭുതമില്ലല്ലോ. വാർത്താവിനിമയ പ്രക്രിയയുടെ സുപ്രധാനവും പ്രാഥമികവുമായ ലക്ഷ്യം ജനങ്ങൾക്കു് വ്യക്തമായി മനസ്സിലാകത്തക്ക വിധത്തിൽ സന്ദേശങ്ങൾ വിസാരണം ചെയ്യുകയെന്നുള്ളതാണു്. നല്ലതും ഫലപ്രദവുമായ സന്ദേശങ്ങളുടെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു:

1. സന്ദേശങ്ങൾ ലക്ഷ്യപ്രാപ്തിക്കനുയോജ്യവും സ്വീകർത്താക്കൾക്കു് മനസ്സിലാകത്തക്ക വിധത്തിൽ വ്യക്തവുമായിരിക്കണം.
2. സ്വീകർത്താക്കളുടെ സാമ്പത്തികവും സാമൂഹ്യവും മാനസികവും ശാരീരികവും ആയ കഴിവുകൾക്കതീതമായിരിക്കരുതു്.
3. സന്ദേശങ്ങൾ സ്വീകർത്താക്കളുടെ സാമൂഹികവും സാമ്പത്തികവുമായ താല്പര്യങ്ങളും ജീവിതമൂല്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ളതായിരിക്കണം.
4. കേട്ടാൽ പെട്ടെന്നു ഗ്രഹിക്കത്തക്ക രീതിയിലായിരിക്കണം സന്ദേശങ്ങളുടെ രൂപഘടന.
5. വസ്തുനിഷ്ഠവും ശാസ്ത്രീയസത്യങ്ങളുൾക്കൊള്ളുന്നതുമായിരിക്കുന്നതോടൊപ്പം സന്ദേശങ്ങൾ സമയോചിതവുമായിരിക്കണം.
6. അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ പ്രതിപാദിച്ചിരിക്കണം.
7. ആകർഷകത്വവും പ്രായോഗികതയും ഉണ്ടായിരിക്കണം.

താഴെ നിലവാരം പുലർത്തുന്ന ആശയവിനിമയസംരംഭത്തിൽ സന്ദേശത്തിനു് വരുന്ന വൈകൃതങ്ങൾ ഇവയാണു്:

1. സന്ദേശത്തിനു് ഉപോൽബലകമായ ചമത്കൃതശൈലിയിലുള്ള പ്രതിപാദ്യരീതിയിൽ നിന്നു് പ്രധാനസന്ദേശം വേർതിരിക്കാൻ കഴിയാതെ വരിക.
2. സന്ദേശം ശരിയായ വിധത്തിൽ സംഘടിക്കുകയോ സംയോജിക്കുകയോ ചെയ്യാതിരിക്കുക.
3. സന്ദേശവിനിമയത്തിൽ അവ്യക്തമായ സംജ്ഞകളുപയോഗിക്കുക
4. സ്വീകർത്താക്കളുടെ ആവശ്യങ്ങൾക്കനുയോജ്യമായ സന്ദേശങ്ങൾ തിരഞ്ഞെടുക്കാതിരിക്കുക.
5. വസ്തുനിഷ്ഠമായി, നിസ്വാർത്ഥമായി, നിക്ഷിപ്തതാല്പര്യങ്ങൾക്കതീതമായി സന്ദേശങ്ങളെ അവതരിപ്പിക്കുവാൻ സാധ്യമല്ലാതെ വരിക
6: സന്ദേശത്തിന്റെ പ്രാധാന്യത്തെയും പ്രായോഗികതയെയും പ്രയോജനത്തെയും സ്വീകർത്താക്കളുടെ വീക്ഷണകോണത്തിൽ കൂടി ദർശിക്കാതിരിക്കുക.

പ്രേക്ഷകർക്കു് മനസ്സിലാക്കാനും അംഗീകരിക്കാനും പ്രാവർത്തികമാക്കാനും ഉതകുന്ന സന്ദേശങ്ങൾ സമാഹരിച്ചു് തയ്യാറാക്കുന്നതു് വാർത്താവിനിമയ പ്രക്രിയയിലെ സുപ്രധാനനടപടിക്രമമാണു്. സമൂഹത്തിൻെറ അഭിവൃദ്ധിക്കു് അനുയോജ്യമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുന്നതിനു് പ്രേരകമായ ഘടകങ്ങളിൽ വളരെ സുപ്രധാനമായ സ്ഥാനമാണു് സന്ദേശത്തിനുള്ളതു്. സാമൂഹ്യ

ക്ഷേമത്തിനു വേണ്ട വ്യാപനവിദ്യാഭ്യാസത്തിന്റെ അന്തസ്സത്തയാണ് സന്ദേശം.

## ആശയവിനിമയവാഹികകൾ

വിനിമയപ്രക്രിയയിൽ സ്വീകർത്താവിനെയും വിനിമയകനെയും തമ്മിൽ ബന്ധിപ്പിക്കേണ്ടതാവശ്യമാകുന്നു. അതിനുള്ള ഉപാധിയാണ് വിനിമയവാഹികകൾ. സന്ദേശങ്ങൾ അയയ്ക്കുന്നവരെയും സ്വീകരിക്കുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്ന സേതുവാണ് വാഹിക; സന്ദേശങ്ങളെ അങ്ങോട്ടും ഇങ്ങോട്ടും അയയ്ക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പന്ഥാവാണത്. ഉദ്ദേശിക്കുന്ന സ്വീകർത്താക്കളുമായി സമ്പർക്കം പുലർത്തുന്നതിനുപയോഗിക്കുന്ന ഏതു് മാർഗവും വാർത്താവിനിമയവാഹികയാണ്. പുസ്തകങ്ങൾ, മാസികകൾ, ബുള്ളറ്റിനുകൾ, ലഘുലേഖകൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വിവിധരീതിയിലുള്ള സമ്മേളനങ്ങൾ, റേഡിയോ, പത്രങ്ങൾ, പഠനസന്ദർശനങ്ങൾ, പ്രദർശനങ്ങൾ വ്യക്തിസന്ദർശനങ്ങൾ തുടങ്ങി വാഹികകൾ വിവിധ തരത്തിലുണ്ട്. സ്വീകർത്താക്കളുമായി സമ്പർക്കം പുലർത്താൻ വിനിമയകനെ സഹായിക്കുന്ന വാഹികകളാണ് ഇവയെല്ലാം.

വിനിമയവാഹികകൾ സ്വയം പ്രവർത്തനനിരതമല്ല. ലക്ഷ്യപ്രാപ്തിക്കുതകുന്ന നല്ല സന്ദേശം ശരിയായ വഴിക്ക്, സമയോചിതമായി സ്വീകർത്താക്കൾക്ക് എത്തിച്ചുകൊടുക്കാൻ വാഹികകളെ നേരാംവണ്ണം ഉപയോഗിക്കുകയാണ് വേണ്ടതു്. വാർത്താവിനിമയപ്രക്രിയയിൽ സുപ്രധാനങ്ങളായ നടപടിയാണ് ഉചിതമായ വാഹികകളുടെ തിരഞ്ഞെടുക്കലും അവയുടെ പ്രയോഗവും. സന്ദേശം എത്ര പ്രാധാന്യമർഹിക്കുന്നതായാലും അവ ശരിക്ക് പാകപ്പെടുത്തി ശരിയായ വാഹികകളിൽ കൂടി വിക്ഷേപണം ചെയ്താൽ മാത്രമേ സ്വീകർത്താക്കൾക്കു ലഭിക്കുകയുള്ളു. എത്ര കഠിനാധ്വാനം നടത്തിയാലും സ്വീകർത്താക്കൾക്ക് സന്ദേശം എത്തിയില്ലെങ്കിൽ ആശയവിനിമയം നടക്കുകയില്ല. അനഭ്യസ്തരായ വിനിമയകർക്ക് വാർത്താവിനിമയത്തിന്റെ സങ്കീർണതയെപ്പററി പരാമർശിക്കുന്നതു് അരോചകമായിരിക്കും. മറിച്ച് ആശയപ്രേഷണത്തിന്റെ തത്വങ്ങളെയും സങ്കീർണതയെയും പററി നിശ്ചയമുള്ള വിദഗ്ദ്ധർക്ക് അങ്ങനെ തോന്നുകയില്ല.

വാഹികകളിൽ പല മാർഗതടസ്സങ്ങളും ഉണ്ടാകാനിടയുണ്ട്. ഈ പ്രതിബന്ധങ്ങൾ സന്ദേശം സ്വീകർത്താക്കളിൽ എത്തുന്നതിനെ തടസ്സപ്പെടുത്തുന്നു. അവ വിവിധരംഗത്തും പല കാരണങ്ങളാലും ഉണ്ടാകുന്നു.

1. ഉദ്ദേശിക്കുന്ന സ്വീകർത്താക്കളിൽ വാഹികകൾ എത്താതിരിക്കുക: ഒരു വാഹിക കൊണ്ടു് വിവിധതരത്തിയുള്ള സ്വീകർത്താക്കളെ പ്രാപിക്കുക തുലോം അസാധ്യമാണ്. ഉദാഹരണമായി ഒരു മീററിങ്ങിൽ എല്ലാ ആളുകളും പങ്കെടുക്കുകയില്ലല്ലോ. റേഡിയോ എല്ലാവർക്കും ലഭ്യമല്ല. ഉണ്ടെങ്കിൽ തന്നെ സമയത്തു് ശ്രവിച്ചെന്നു വരികയില്ല. അക്ഷരാഭ്യാസമില്ലാത്തവർക്ക് ലിഖിത സന്ദേശങ്ങൾ നിഷ്പ്രയോജനമാണ്. വിദ്യാഭ്യാസമുള്ളവർ തന്നെ പലരും വായിക്കുകയില്ല.

2. വാഹികകളെ വിനിമയകൻ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാതിരിക്കുക: റേഡിയോ, മീററിങ്ങ്, സന്ദർശനങ്ങൾ മുതലായ വാർത്താവിനിമയവാഹികകൾ വിദഗ്ദ്ധമായി ഉപയോഗിച്ചില്ലെങ്കിൽ, സന്ദേശം സ്വീകർത്താക്കളിൽ എത്തിക്കുവാനുള്ള അവയുടെ കഴിവ് വളരെക്കുറയും. ഒരു യോഗത്തിൽ വിനിമയകൻെറ പ്രസംഗം ശ്രാവ്യമല്ലാത്തവർക്കു് സന്ദേശം എന്താണെന്നറിയുന്നതിനു് സാധിക്കുകയില്ലല്ലോ.

3. ലക്ഷ്യപ്രാപ്തിക്കനുയോജ്യമായ വാഹികകൾ തിരഞ്ഞെടുക്കാതിരിക്കുക: ഒരു ഉദ്ദേശ്യസാധ്യത്തിനു് എല്ലാ വിനിമയവാഹികകളും ഒരു പോലെ ഫലപ്രദമല്ല. ഉദാഹരണമായി ഒരു കമ്പോസ്റ്റ് വളക്കുഴി നിർമിക്കുന്നതു് എങ്ങനെ എന്നു കാണിച്ചുകൊടുക്കുകയാണു് ഉദ്ദേശ്യമെങ്കിൽ അതിനു് റേഡിയോ, വർത്തമാനപത്രം മുതലായ വാഹികകൾ അപര്യാപ്തമാണു്. ഒരു മാതൃകാപ്രകടനസമ്മേളനമാണാവശ്യം. മറിച്ചു് സാധാരണ അറിവു് പകർത്തുവാനാണുദ്ദേശ്യമെങ്കിൽ റേഡിയോവും വർത്തമാനപത്രവും അനുയോജ്യമാണു്.

4. സ്വീകർത്താക്കളുടെ പ്രാപ്തിക്കനുകൂലമായ വാഹികകൾ ഉപയോഗിക്കാതിരിക്കുക: വായിക്കുവാൻ വശമില്ലാത്ത സ്വീകർത്താക്കളെ ഉദ്ദേശിച്ചു് ലിഖിത സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതു് അനുചിതമാണു്. അവർക്കു് ആ സന്ദേശങ്ങളെപ്പററി യാതൊന്നും മനസ്സിലാക്കുവാൻ ഇതു് സഹായകമല്ല.

5. ഭൗതികതടസ്സങ്ങളെ അകററി നിർത്താൻ കഴിയാതിരിക്കുക: വാഹികകളിൽകൂടി സന്ദേശം പ്രവഹിക്കുമ്പോൾ ഇതരവ്യഗ്രതകൾ ശ്രദ്ധയുടെ കേന്ദ്രീകരണത്തെ വ്യതിചലിപ്പിക്കുന്നു. ഒരു യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ആളുകൾ വരികയും പോവുകയും ചെയ്യുക, ശബ്ദായമാനമായ അന്തരീക്ഷം നില നിൽക്കുക, നിയന്ത്രണാതീതമായ ചൂടോ തണുപ്പോ ഉണ്ടായിരിക്കുക, വെളിച്ചം അപര്യാപ്തമായിരിക്കുക തുടങ്ങിയവയെല്ലാം സന്ദേശത്തിൻെറ പ്രഭാവത്തെ സാരമായി ബാധിക്കുന്നു. അനാകർഷകമായ പ്രദർശനങ്ങൾ, അപ്രസക്തമായ ലേഖനങ്ങൾ, ബാധിതമായ റേഡിയോ പ്രക്ഷേപണങ്ങൾ മുതലായവ വാഹികകളുടെ പ്രഭാവത്തെ പ്രതികൂലമായി ബാധിക്കുന്നു.

6. സ്വീകർത്താക്കളുടെ ശ്രദ്ധക്കുറവും വീക്ഷണവൈകല്യവും: മിക്കവാറും സ്വീകർത്താക്കളിൽ എത്തുന്ന സന്ദേശങ്ങൾ ദൃശ്യവും ശ്രാവ്യവും പ്രാവർത്തികവുമാണു്. വിനിമയകനിൽ അനുസ്യൂതമായ ശ്രദ്ധ ഒരു സ്വീകർത്താവും കേന്ദ്രീകരിക്കുന്നില്ല. സന്ദേശത്തിൻെറ ഉദ്ദേശ്യസഫലതയ്ക്കു് ഇതു് വലിയ ആഘാതമാണു്.

7. പല വാഹികകൾ സമാന്തരമായി ഉപയോഗിക്കാതിരിക്കുക: ഒന്നിലധികം വാഹികകൾ ഒരേ സമയത്തുപയോഗിച്ചാൽ, സന്ദേശം ലക്ഷ്യസ്ഥാനത്തെത്താൻ കൂടുതൽ സാധ്യതയുണ്ടു്. ഒരു വാഹികയും ഒററയ്ക്കു് എല്ലാ സ്വീകർത്താക്കളുമായും ഫലപ്രദമായി സമ്പർക്കം പുലർത്തുന്നില്ല. അഞ്ചോ ആറോ വാഹികകൾ സംഘടിതമായി ഉപയോഗിക്കുമ്പോൾ സന്ദേശം ഏററവും കൂടുതൽ വ്യാപകമാകുകയും

സ്വീകർത്താക്കളിൽ പരിവർത്തനത്തിനു് നിദാനമായ പ്രേരണ ഉളവാക്കുകയും ചെയ്യുന്നു.

8. ധാരാളം വാഹികകൾ പരമ്പരയായി ഉപയോഗിക്കുക: ധാരാളം വാഹികകൾ ശ്രേണികളായി സന്ദേശപ്രക്ഷേപണത്തിനുപയോഗിക്കുമ്പോൾ പരിണതഫലം കുറഞ്ഞുവരുന്നതു് വിനിമയപ്രക്രിയയിലെ ഒരു പ്രധാനതത്വമാണു്. ഇന്ത്യയിൽ ഒരു മേഖലാ വിജ്ഞാനവ്യാപനവിദഗ്ധൻ കർഷകർക്കു് ഒരു സന്ദേശം അയക്കുന്നതായി കരുതുക. അയാൾ ആദ്യം അതു് കാർഷികവിദഗ്ധനയയ്ക്കുന്നു; അയാൾ തദ്ദേശകാർഷികവികസനോദ്യോഗസ്ഥനു് അയയ്ക്കുന്നു; അവിടെ നിന്നും ഗ്രാമീണവികസനപ്രവർത്തകനു് അയച്ചുകൊടുക്കുന്നു. അയാൾ ഗ്രാമീണനേതാക്കൾക്കും അവർ കർഷകർക്കും അയയ്ക്കുന്നു. ഈ ശ്രേണിയുടെ ഉപയോഗത്തിൽ സന്ദേശം ലക്ഷ്യസ്ഥാനത്തു് എത്തിയോ എന്ന പ്രശ്നവും എത്തിയെങ്കിൽ സന്ദേശത്തിന്റെ കെട്ടും മട്ടും ഉള്ളടക്കവും വ്യാപ്തിയും അസ്സലുപോലെ തന്നെയാണോ എന്ന പ്രശ്നവും ഉദിക്കുന്നു. വിനിമയകൻ കർഷകരിൽ നിന്നു് എത്ര കണ്ടു് അകന്നിരിക്കുന്നുവോ, അത്രയും സന്ദേശത്തിന്റെ കൃത്യത നഷ്ടപ്പെടുവാൻ സാധ്യത വർധിക്കുന്നു. വിനിമയവാഹികകൾ സുദീർഘമാകുമ്പോൾ വാഹികകൾ സമാന്തരമായി ഉപയോഗിക്കുകയും ശ്രേണിയിൽ അപ്രസക്തങ്ങളായ പടികളെ കുറച്ചു് വയ്ക്കുകയും വേണം.

മേൽ പ്രതിപാദിച്ച തടസ്സങ്ങൾ എത്രത്തോളം കുറയ്ക്കുവാൻ കഴിയുന്നുവോ, അത്രത്തോളം കൂടുതൽ വാർത്താവിനിമയം ഫലപ്രദമാകും. വാഹികകളിൽ സന്ദേശങ്ങളുടെ അവതരണഭംഗിയും മേന്മയും വർധിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യമാണു്:

1. സന്ദേശത്തിന്റെ ലക്ഷ്യങ്ങൾ വ്യക്തമായിരിക്കണം.
2. സന്ദേശത്തിൽ വ്യക്തമായ നിർദേശങ്ങൾ അടങ്ങിയിരിക്കണം.
3. പ്രേക്ഷകരുടെ എണ്ണം, ആവശ്യങ്ങൾ, വിഷയപരിജ്ഞാനം എന്നിവയെ കുറിച്ചു് വിനിമയകർക്കു് നല്ല അറിവുണ്ടായിരിക്കണം.
4. ലഭ്യമായ വാഹികകളിൽ നിന്നു് സ്വീകർത്താക്കളെ സമീപിക്കുവാനുതകുന്ന വാഹികകൾ തിരഞ്ഞെടുക്കണം.
5. വാഹികകൾ സമാന്തരമായും ശ്രേണിയായും വർധിക്കണം.
6. സന്ദേശാംഗീകരണത്തിനാവശ്യമായ ദൃശ്യ-ശ്രാവ്യ-പ്രാവർത്തികസഹായികൾ ഉണ്ടായിരിക്കണം.
7. പ്രവർത്തനത്തിലേക്കു പ്രേരിപ്പിക്കുവാൻ ആവശ്യമായ സ്വാധീനങ്ങൾ സഞ്ചയിക്കപ്പെട്ടിരിക്കണം.

## സന്ദേശകൈകാര്യം

സ്വീകർത്താക്കൾക്കു ലഭ്യമാകാനുതകുന്ന വിധത്തിൽ സന്ദേശം കൈകാര്യം ചെയ്യുകയാണിതു്. സന്ദേശം അവതരിപ്പിക്കുന്നതിൽ വൈദഗ്ധ്യം, രീതി, തന്മയത്വം, സംവിധാനം എന്നിവയെല്ലാമാണു് കൈകാര്യത്തിൽ ഉൾക്കൊള്ളുന്നതു്. സന്ദേശത്തിന്റെ ഉള്ളടക്കമല്ല അവതരണരീതിയാണു് കൈകാര്യത്തിൽ പ്രധാനം.

സന്ദേശത്തെപ്പററി വ്യക്തവും കൃത്യവുമായ ധാരണ വളർത്തുവാനും സ്വീകർത്താക്കൾക്ക് വാസ്തവികമായിത്തോന്നാനും വേണ്ടിയാണ് സന്ദേശാഭികല്പനം നടത്തുന്നത്. ഇതിന് വിനിമയകന് നല്ല കല്പനാവൈഭവവും മനുഷ്യസ്വഭാവത്തിന്റെ വിവിധവശങ്ങളെപ്പററി ശരിയായ ധാരണയും ആവശ്യമാണ്. കഴിവുള്ള അധ്യാപകനും ഇല്ലാത്ത അധ്യാപകനും തമ്മിലുള്ള അന്തരം ഈ രംഗത്താണ് കൂടുതൽ വ്യക്തമാകുന്നത്.

സ്വീകർത്താക്കളുടെ മുമ്പിൽ പ്രസംഗിക്കുമ്പോഴും പ്രദർശനങ്ങൾ നടത്തുമ്പോഴും ശ്രദ്ധിക്കേണ്ട സംഗതികൾ ഇവയാണ്:

1. അടിസ്ഥാനവസ്തുതകളെ സ്പർശിക്കുന്ന ആശയങ്ങൾ മാത്രം നിശ്ചിതസമയത്തിനുള്ളിൽ അവതരിപ്പിക്കുക.
2. സത്യം വസ്തുനിഷ്ഠമായും വ്യക്തമായും അവതരിപ്പിക്കുക.
3. മുന്നാലോചനയില്ലാതെയോ കുറിപ്പുകൾ നോക്കിയോ പ്രസംഗിക്കാതിരിക്കുക.
4. സ്വീകർത്താക്കളുടെ പ്രത്യേകതകളെപ്പററിയും ബുദ്ധിശക്തിയെപ്പററിയും മനസ്സിലാക്കുക.
5. അവതരണത്തിൽ നാടകീയത സൃഷ്ടിക്കുക.
6. സന്ദേശകൈകാര്യത്തിൽ ആത്മാർത്ഥത, താല്പര്യം, ലാഘവത്വം, മനോധർമ്മം, ആകർഷകമായ അംഗവിക്ഷേപങ്ങൾ, സ്വരമാധുര്യമുള്ള ശബ്ദം, തീക്ഷ്ണത, വേഗത തുടങ്ങിയവ ഉണ്ടായിരിക്കണം.
7. ദൃശ്യ–ശ്രാവ്യഉപകരണങ്ങൾ ഉപയോഗിക്കുക.

ആശയങ്ങൾ സ്വീകർത്താക്കളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ഉപയോഗിക്കുന്ന മാധ്യമങ്ങൾ പല തരത്തിലുണ്ട്. മാതൃകകൾ, യഥാർത്ഥവസ്തുക്കൾ, പ്രതിരൂപങ്ങൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, ചാർട്ടുകൾ, സിനിമ, നാടകങ്ങൾ, പാട്ടുകൾ മുതലായ മാധ്യമങ്ങളാണ് ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുന്നത്.

സന്ദേശം ഫലപ്രദമായി അവതരണത്തിന് തയ്യാറാക്കുന്നത് ഒരു വിദഗ്ദ്ധമായ ജോലിയാണ്. അത് എങ്ങനെ നിർവഹിക്കണമെന്ന് ഗ്രന്ഥങ്ങളിൽ കാണുകയില്ല. സന്ദർഭാനുസരണം വിനിമയകന്റെ മനോധർമ്മമനുസരിച്ച് ഒരുക്കേണ്ട പ്രവൃത്തിയാണത്. അനുഭവജ്ഞാനം, ആസൂത്രണം, ആശയം എഴുതി ഫലിപ്പിക്കുവാനുള്ള പാടവം, വിദ്യാഭ്യാസതത്വങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം, വിഷയവിജ്ഞാനം, വിനിമയവാഹികകളെ കൈകാര്യം ചെയ്യാനുള്ള കഴിവ് ഇവയെല്ലാം ഈ പ്രവർത്തനത്തിന് ആവശ്യമാണ്.

### സ്വീകർത്തൃപ്രതികരണം

സന്ദേശത്തിന്റെ സമ്മർദം കൊണ്ട് സ്വീകർത്താക്കളിൽ ഉളവാകുന്ന പ്രവർത്തനമാററമാണ് പ്രതികരണം. ആശയവിനിമയപ്രക്രിയയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണിത്. മാനസികമായോ കായികമായോ ഉള്ള പ്രവർത്തനമാററങ്ങളിൽക്കൂടിയാണ് സ്വീകർത്താക്കളുടെ പ്രതികരണം പ്രത്യക്ഷമാവുക. മുൻപ് പ്രതിപാദിച്ച അഞ്ചു ഘടകങ്ങളും (വിനിമയകൻ,

സ്വീകർത്താവ്, സന്ദേശം, വാഹികകൾ, സന്ദേശാവതരണം) നിർദിഷ്ട ലക്ഷ്യങ്ങളിലെത്തുവാൻ ഉപകരിക്കുന്ന ഉപാധികളാണ്. ആഗ്രഹാനുസരണമുള്ള പരിവർത്തനങ്ങൾ ആരംഭിക്കുന്നതു വരെ പരിവർത്തന പരിപാടികളൊന്നും ലക്ഷ്യത്തിലെത്തുകയില്ല. വിനിമയപ്രവർത്തകന്റെ പ്രവർത്തനമല്ല ആ പ്രവർത്തനം മൂലം ജനങ്ങളുടെ പെരുമാററത്തിൽ എന്തു മാററമുണ്ടായി എന്നതാണ് പരിവർത്തനപരിപാടികൾ വിലയിരുത്തുമ്പോൾ അടിസ്ഥാനമായി സ്വീകരിക്കേണ്ട വസ്തുത. സാമൂഹ്യവികസനത്തിൽ വിജ്ഞാനവ്യാപനം ലക്ഷ്യമല്ല, മാർഗം മാത്രമാണ്.

വിദ്യാഭ്യാസപരമായ മാനസികപരിവർത്തനത്തിൽ നിന്നുത്ഭൂതമാകുന്ന പ്രവർത്തനങ്ങളാണ് അന്തിമലക്ഷ്യം. വികസനരംഗത്ത്, ഇന്നത്തെ സന്ദേശം ഇന്നത്തെ അവശതകൾ പരിഹരിക്കുന്നതിനുദ്ദേശിച്ചുള്ളതാണ്. ആവശ്യങ്ങൾ മാറുന്നതനുസരിച്ച് സന്ദേശങ്ങളും വ്യത്യസ്തങ്ങളാകും.

വിജയകരമായ വിനിമയം വെറും പ്രവർത്തനം കൊണ്ടും തൃപ്തിപ്പെടുന്നില്ല. നിർദിഷ്ടരീതികളിൽ പ്രത്യേകതരത്തിലുള്ള പ്രവർത്തനത്തിൽ കലാശിച്ചാൽ മാത്രമേ വിനിമയം ഫലപ്രദമായി എന്നു കരുതാൻ നിർവാഹമുള്ളൂ. സ്വീകർത്താക്കളുടെ പ്രതികരണം വളരെ സങ്കീർണമായ ഒരു പ്രതിഭാസമാണ് വളരെ ശ്രദ്ധയോടെ കൃത്യമായി പരാമർശിക്കേണ്ട വിഷയമാണിത്. മനുഷ്യസ്വഭാവം വളരെ സങ്കീർണമാണ്. പരിവർത്തനം ലക്ഷ്യമാക്കിയുള്ള പരിപാടികളിൽ വിജയത്തിന്റെ മാനദണ്ഡം, ജനങ്ങളുടെ പ്രവർത്തനങ്ങളിൽ ഉദ്ദേശിച്ച രീതിയിൽ മാററങ്ങൾ വരുത്തുകയാണ്. നിർദിഷ്ടമാർഗങ്ങളിൽ കൂടി മനുഷ്യസ്വഭാവത്തിൽ പരിവർത്തനം സൃഷ്ടിക്കുന്നതു് സാമൂഹ്യരംഗത്തെ ഏറ്റവും വിശിഷ്ടമായ പ്രവൃത്തിയാണ്.

ഗ്രാമീണപുനരുദ്ധാരണപ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്ന വിനിമയപ്രവർത്തകർ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ പോരാ; ലക്ഷ്യത്തിലും ശ്രദ്ധിക്കണം. ഇന്നത്തെ അവസ്ഥയ്ക്ക് മാററം വന്നാൽ മാത്രമേ അഭിവൃദ്ധിയും പുരോഗതിയും കൈവരികയുള്ളൂ. ഇന്നത്തെ പരിതസ്ഥിതി മാററാൻ പരിവർത്തനതല്പരരായ ജനങ്ങൾ പ്രവർത്തിക്കണം. പരിവർത്തനപരിപാടികളുടെ മാർഗം അനുസ്യൂതമായി തുടരുന്നതിനുള്ള ഏകന്യായീകരണം അതിൽ നിന്നു് ലഭിക്കുന്ന ഫലം മാത്രമാകുന്നു.

ആരു് എന്തു് വിനിമയം ചെയ്തു? ആർക്കു് എന്തിനു് വേണ്ടി ഏതു് വാഹികകളിൽ കൂടി വിനിമയം നടക്കുന്നു? എന്തു് ഫലമാണുണ്ടായിട്ടുള്ളതു്? എന്നിവയാണ് വാർത്താവിനിമയപ്രക്രിയയിൽ അന്ത്യമായി ഉദിക്കുന്ന ചോദ്യങ്ങൾ.

വിനിമയത്തിന്റെ ഓരോ പടിയിലും മൂന്നു ഘട്ടങ്ങളുണ്ടു്—ആശയപ്രകടനം, വ്യാഖ്യാനം, പ്രതികരണം. വ്യക്തമായ ഭാവപ്രകടനമോ, സൂക്ഷ്മവും കൃത്യവുമായ വ്യാഖ്യാനമോ, ശരിയായ പ്രതികരണമോ ഇല്ലാതിരുന്നാൽ ആശയവിനിമയം വിജയപ്രദമായില്ല എന്നാണർത്ഥം.

ആശയങ്ങളുടെ പ്രകടനവും പ്രചരണവും അവയെ വ്യാഖ്യാനിച്ച് അംഗീകരിപ്പിക്കലും രണ്ടും രണ്ടാണ്. വിനിമയകൻെറ ആശയപ്രകടനം നിയന്ത്രണാധീനമാണു്. പക്ഷേ സ്വീകർത്താക്കളുടെ വ്യാഖ്യാനവും പ്രതികരണവും നിയന്ത്രണാതീതമാണു്.

വിനിമയകനു് പ്രക്രിയയെപ്പററിയുള്ള ധാരണയ്ക്കു് അനുസൃതമായിട്ടാണു് ആശയവിനിമയം നടക്കുന്നതു്.

ആശയവിനിമയം ഒരു ദ്വിധ്രുവപ്രക്രിയയാണു്. വിനിമയകനും പ്രേക്ഷകനും തമ്മിൽ അന്യോന്യക്രിയയുണ്ടു്.

ആശയങ്ങളെയും വസ്തുക്കളെയും സിദ്ധാന്തങ്ങളെയും പ്രതിനിധീകരിക്കുന്ന പ്രതീകങ്ങൾ വ്യക്തവും വസ്തുനിഷ്ഠവും ആയിരിക്കണം. ശരിയായ പ്രതീകങ്ങൾ ശരിയായ ആശയങ്ങൾക്കു പ്രയോഗിച്ചാൽ ശരിയായ പ്രതികരണം, പ്രേക്ഷകരിൽ നിന്നു് പ്രതീക്ഷിക്കാം. ധാരണ ഉണ്ടായാൽ മാത്രമേ സംജ്ഞകൾക്കു് അർഥം ലഭിക്കുന്നുള്ളു.

ആശയവിനിമയത്തിനു് അടിസ്ഥാനമായ പ്രതീകം വാക്കാണു്. മറ്റു സംജ്ഞകളോടൊരുമിച്ചു പ്രയോഗിക്കുമ്പോൾ വാക്കു് കൂടുതൽ ഫലപ്രദമാകുന്നു. എത്ര സങ്കീർണമായ മാനുഷികവികാരങ്ങളുടെയും ചിന്തകളുടെയും വിഭാവനങ്ങളുടെയും വിനിമയത്തിനു് വാക്കുകൾ മാത്രമാണു് പ്രതീകങ്ങൾ. വ്യാപനപ്രവർത്തനങ്ങളുടെ വിജയം വാക്കുകളും അതു പോലുള്ള മറ്റു സംജ്ഞകളും മനുഷ്യോപകാരപ്രദമായ ആശയങ്ങൾ വിനിമയം ചെയ്യുവാൻ പ്രയോഗിക്കുന്നതിലുള്ള വൈദഗ്ദ്ധ്യത്തിലും മനോധർമത്തിലും കലാവൈഭവത്തിലുമാണു് സ്ഥിതി ചെയ്യുന്നതു്.

മനുഷ്യമനസ്സിൽ പുതിയ ആശയങ്ങൾ പ്രതിഷ്ഠിക്കുകയാണു് വിനിമയപ്രക്രിയയുടെ സർവപ്രധാനമായ ലക്ഷ്യം. വ്യാപനവിദ്യാഭ്യാസം ഈ ഉദ്ദേശ്യം സാക്ഷാൽക്കരിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. ഉപഭോക്താക്കൾക്കു് എത്രമാത്രം നൂതനാശയങ്ങൾ കൈമാറാൻ കഴിയുന്നു എന്നതിലാണു് ഗ്രാമീണവികസനത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു്. ആശയവിനിമയം പ്രവൃത്തിയിൽ കലാശിക്കണം. ശരിക്കു് പ്രയോഗിച്ചാൽ ലക്ഷോപലക്ഷം ജനങ്ങളെ വിജ്ഞാനവ്യാപനപ്രവർത്തനത്തിൽ കൂടി അഭിവൃദ്ധിയിലേയ്ക്കു് നയിക്കുവാൻ ആശയവിനിമയപ്രക്രിയയ്ക്കു് സാധിക്കും.

മനുഷ്യനെ സ്വാധീനിക്കുവാൻ കഴിയുന്ന ശക്തികളിൽ പ്രധാനം ആശയങ്ങളാണു്. ഗ്രാമങ്ങളിൽ വസിക്കുന്ന ബഹുലക്ഷം ജനങ്ങൾക്കു് അഭിവൃദ്ധിയുടെ സന്ദേശങ്ങൾ എത്തിച്ചു് അവരെ ബോധവാന്മാരാക്കി കർമനിരതരാക്കുക എന്നതു് വ്യാപനപ്രവർത്തകർക്കു് ഗ്രാമോദ്ധാരണപ്രവർത്തനത്തിൽ ലഭിക്കുന്ന പരമോന്നതമായ ഒരു സന്ദർഭവും വെല്ലുവിളിയുമാണു്.

# 10

## വ്യാപനരീതികൾ

ജനങ്ങളെ സ്വാശ്രയരാക്കി, സ്വപ്രയത്നത്താൽ സ്വന്തം പ്രശ്നങ്ങൾക്ക് പരിഹാരം നേടുന്നതിന് സഹായിക്കുകയാണ് വ്യാപനപ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ഇതിന് വിദ്യാഭ്യാസം കൂടിയേ തീരൂ. വിദ്യ അഭ്യസിപ്പിക്കുന്നതിൽ അധ്യാപകർക്ക് പ്രത്യേകകഴിവുകളും അന്യാദൃശമായ സാമർഥ്യവും ഔചിത്യവും താല്പര്യവും ഉണ്ടായിരിക്കണം. അധ്യാപകന് പാഠ്യവിഷയത്തിൽ ജ്ഞാനം വേണം; വിദ്യാഭ്യാസപ്രക്രിയയെപ്പററിയും പഠനതത്വങ്ങളെപ്പററിയും അറിവ് വേണം. വ്യാപനരീതികൾ കൈകാര്യം ചെയ്യുന്നതിലും ഗ്രാമീണരുമായി സഹവർത്തിച്ച് പ്രവർത്തിക്കുന്നതിലും അധ്യാപകർ വിദഗ്ധരായിരിക്കണം.

വ്യാപനം വിദ്യാഭ്യാസത്തിൽ കൂടി ഇച്ഛാനുസരണമുള്ള പരിവർത്തനത്തിന് പ്രേരണ നൽകുന്നു. വ്യാപനപ്രവർത്തനത്തിന്റെയും ഗ്രാമീണനേതാക്കളുടെയും പ്രധാനകർത്തവ്യം ജനങ്ങൾക്ക് പഠനസന്ദർഭങ്ങൾ സൃഷ്ടിക്കുകയും മാനസികവും കായികവുമായ പ്രവൃത്തികളിൽ കൂടി അഭിലഷണീയമായ ശിക്ഷണം നേടിയെടുക്കുകയുമാണ്. ഈ കർത്തവ്യനിർവഹണം വ്യാപനമാർഗങ്ങളുടെ വിദഗ്ധമായ കൈകാര്യത്തിലൂടെയും വിദ്യാഭ്യാസതത്വങ്ങളെ സുശക്തമായി അനുസന്ധാനം ചെയ്യുന്നതിലൂടെയുമാണ് നടക്കുന്നത്.

നല്ല വ്യാപനവിദ്യാഭ്യാസം സത്യങ്ങളെയും സൂത്രങ്ങളെയും യാന്ത്രികമായി അവതരിപ്പിക്കുന്നതിലല്ല സ്ഥിതി ചെയ്യുന്നത്. ജനങ്ങൾക്ക് വ്യാപനത്തിൽ കൂടി പുതിയ അറിവുകൾ ലഭിക്കുകയും അവരുടെ പ്രശ്നങ്ങളും പുതിയ ജ്ഞാനവുമായി ബന്ധപ്പെടുകയും അറിവ് പ്രാവർത്തികമാക്കാൻ വേണ്ട വൈദഗ്ധ്യം അവർക്ക് ലഭിക്കുകയും ചെയ്യുകയെന്നത് വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ്. ജ്ഞാനം മാത്രം പ്രവർത്തനത്തിന്

പ്രേരകമാകുന്നില്ല. വ്യക്തിക്ക് എന്തറിയാമെന്നതിനല്ല മറിച്ച് അറിവിനെ ആസ്പദമാക്കി സ്വതന്ത്രമായി എന്ത്, എങ്ങനെ പ്രവർത്തിക്കുവാൻ കഴിയും എന്നതിനാണ് പ്രാധാന്യം. നൂതനാശയങ്ങളേയും പ്രായോഗികവസ്തുതകളെയും പററി ജനങ്ങളെ ബോധവാന്മാരാക്കുക എന്നതു് പ്രായേണ പ്രയാസം കുറഞ്ഞ ജോലിയാണ്. പക്ഷെ അവരിൽ ശരിയായ ധാരണ വളർത്തുകയും അറിവ് പ്രായോഗികമാക്കുകയും ചെയ്യുക അത്ര സുകരമല്ല.

വ്യാപനം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം മാനുഷികസ്വഭാവത്തിൽ ഇച്ഛാനുസാരം പരിവർത്തനങ്ങൾ ഉളവാക്കുന്നു. ഉല്പാദനപ്രക്രിയയ്ക്ക് മൂന്ന് ഘടകങ്ങളുണ്ട് — അസംസ്കൃതസാധനങ്ങൾ, ഉപാധികൾ, ഉല്പന്നങ്ങൾ. ഇവിടെ ജനങ്ങളാണ് അസംസ്കൃതസാധനങ്ങൾ; വ്യാപനമാർഗങ്ങളാണ് ഉപാധികൾ; അഭിലഷണീയമായ സ്വഭാവപരിവർത്തനങ്ങളാണ് ഉല്പന്നങ്ങൾ.

"അധ്യാപകൻ ആഗ്രഹിക്കുന്നതും ചിന്തിക്കുന്നതും വിശ്വസിക്കുന്നതും ആരെയും പഠിപ്പിക്കാൻ സാധ്യമല്ല. കാണാനും കേൾക്കാനും സ്പർശിക്കാനും ധരിക്കാനും പ്രവൃത്തിയിൽ വരുത്താനും കഴിവുള്ള സംഗതികൾ അധ്യേതാക്കളുടെ മുമ്പിൽ നിരത്തുക മാത്രമാണ് അധ്യാപകനു് തന്റെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി ചെയ്യുവാൻ കഴിയുന്നതു്. അതു കൊണ്ടു് ഈ പ്രവത്തനങ്ങൾ സാധ്യമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലാണ് അധ്യാപകന്റെ കഴിവ് സ്ഥിതി ചെയ്യുന്നതു്. അധ്യാപകൻ സംസാരിക്കുമ്പോഴും എഴുതുമ്പോഴും ചിത്രങ്ങൾ, മാതൃകകൾ, വാസ്തവവസ്തുക്കൾ, യന്ത്രങ്ങൾ മുതലായ ധാരണോദ്ദീപകങ്ങളായ പ്രതീകങ്ങൾ ഉപയോഗിച്ച്, അധ്യേതാക്കളെ ഉദ്ദേശ്യസാധ്യത്തിനുതകുന്ന ഉത്തേജകവുമായി അടുപ്പിക്കണം." എന്നാണ് ഈററൺ, "കോളേജ് ടീച്ചിംങ്'" എന്ന പുസ്തകത്തിൽ പറയുന്നതു്. വ്യാപനപ്രവർത്തകന്റെ കർത്തവ്യം സ്വന്തം വീക്ഷണഗതികൾ മററുള്ളവരെ അടിച്ചേല്പിക്കുകയല്ല. മറിച്ച് വിദ്യാഭ്യാസപരമായി അഭിവൃദ്ധിക്കുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ്. ഗ്രാമീണരെ നൂതനരീതികളും മാർഗങ്ങളും അംഗീകരിപ്പിക്കുന്നതിനു് മാർഗങ്ങൾ നിരവധിയുണ്ടു്. വ്യാപനപ്രവർത്തകർക്കു് ഇവയെപ്പററി ശരിയായ അറിവ് ഉണ്ടായിരിക്കേണ്ടതാണ്.

ആഗ്രഹാനുസരണം മനുഷ്യസ്വഭാവത്തിനു പരിവർത്തനം സൃഷ്ടിക്കുക മാത്രമാണ് വ്യാപനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എല്ലാ പരിവർത്തനങ്ങൾക്കും ബാഹ്യമായ ഉദ്ദീപനങ്ങളാണ് കാരണം. സംഘടിതമായ വിജ്ഞാനവ്യാപനം ബാഹ്യമായ ഉദ്ദീപനമാണ്. അവ ഫലപ്രദമായി ഉപയോഗിക്കുന്നതിനു ശരിയായ ആസൂത്രണവും സംവിധാനവും ആവശ്യമാണ്. അതു് വെറും ശ്രമ–പരാജയവിധിയല്ല. ഫലപ്രദമായ അഭ്യസനം സസൂക്ഷ്മം ആസൂത്രണം ചെയ്തിട്ടുള്ള ഉള്ളടക്കത്തിൽ നിന്നും നടപടിക്രമങ്ങളിൽ നിന്നും പ്രവിധിവിജ്ഞാനത്തിൽ നിന്നും ഉളവാകുന്നു.

വിജയപ്രദമായ വ്യാപനവിദ്യാഭ്യാസത്തിനു് അവശ്യം വേണ്ട സവിശേഷതകളാണ് താഴെ പറയുന്നതു്:

1. കൃത്യമായും വ്യക്തമായും നിർവചിക്കപ്പെട്ട ലക്ഷ്യങ്ങൾ.
2. അറിവിലും ആശയങ്ങളിലും വൈദഗ്ദ്ധ്യത്തിലും മാററങ്ങൾ വരുത്താനുള്ള കഴിവ്.
3. അധ്യാപകൻ, അധ്യേതാവ്, വിഷയം, അഭ്യസനസാമഗ്രികൾ എന്നീ ഘടകങ്ങൾ അടങ്ങിയ പഠനസാഹചര്യം.
4. അധ്യേതാക്കൾക്ക് ഫലപ്രദമായ പഠനാനുഭവങ്ങൾ ഉണ്ടാക്കാനുള്ള കഴിവ്.
5. ആശയവിനിമയത്തിൽ വിവിധമാർഗങ്ങൾ ഒററയ്ക്കും കൂട്ടായും ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സൗകര്യം.

വ്യാപനപ്രവർത്തനത്തിൽ ആശയവിനിമയത്തിന് അവലംബിക്കുന്ന മാർഗങ്ങൾ ഔപചാരികവിദ്യാഭ്യാസരംഗത്ത് ഉപയോഗിക്കുന്ന മാർഗങ്ങളിൽ നിന്നും അല്പം ഭിന്നമാണ്. വ്യാപനവിദ്യാഭ്യാസം എല്ലാ തരക്കാർക്കും പ്രായക്കാർക്കും ശരിയായ ജീവിതായോധനത്തിന് വേണ്ട അഭ്യസനം നൽകുന്നു. ജനങ്ങളുടെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വ്യാപനവിദ്യാഭ്യാസം സംഘടിപ്പിക്കുന്നത്. അനൗപചാരികമായ സമീപനമായതുകൊണ്ട് പലപ്പോഴും അഭ്യസനവും സേവനവും തമ്മിൽ തിരിച്ചറിയാൻ വിഷമിക്കും. അധ്യാപകരെന്ന നിലയ്ക്ക് വ്യാപനപ്രവർത്തകർക്ക് അഭിലഷണീയമായ പരിവർത്തനങ്ങളെക്കുറിച്ചും ജനങ്ങളെ സ്വാധീനിക്കുവാൻ ഉതകുന്ന മാർഗങ്ങളെക്കുറിച്ചും വ്യാപനമാർഗങ്ങൾ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുവാനുള്ള രീതികളെക്കുറിച്ചും അഗാധമായ അറിവുണ്ടായിരിക്കണം.

ജീവിതഭദ്രത, അംഗീകാരം, മാന്യത, നൂതനാനുഭവങ്ങൾ എന്നിവയ്ക്കുള്ള ആഗ്രഹമാണ് മനുഷ്യനെ പ്രവർത്തനോന്മുഖനാക്കാൻ പ്രേരിപ്പിക്കുന്നത്. വ്യാപനപ്രവർത്തകർക്ക് ഈ പ്രേരകശക്തികളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കണം. പ്രായമായ മനുഷ്യർ പഠിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്നത് ആകർഷണീയവും അഭിലഷണീയവുമായ പഠനലക്ഷ്യങ്ങൾ ഉള്ളപ്പോഴും പ്രയത്നത്തിലൂടെ സംതൃപ്തി ഉളവാകുമ്പോഴും മാത്രമാണ്. ജ്ഞാനസമ്പാദനം പഞ്ചേന്ദ്രിയങ്ങൾ വഴിയാണ് സംഭവിക്കുന്നത്. സാധാരണയായി പഠനം കാഴ്ചയിലും കേൾവിയിലും പ്രവൃത്തിയിലും കൂടിയാണ് നടക്കുന്നത്. അഭ്യസനപ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ ഇവയാണ്:

1. അധ്യേതാക്കളുടെ ശ്രദ്ധയെ ആകർഷിക്കൽ.
2. പഠിക്കുവാൻ ആഗ്രഹം ജനിപ്പിക്കൽ.
3. പഠനവിഷയത്തിൽ ബോധ്യം വരുത്തൽ.
4. അധ്യേതാക്കളെ പ്രവൃത്തിയിലേയ്ക്കു നയിക്കൽ.
5. സംതൃപ്തിയുളവാക്കൽ.

ഒരു മെക്കാനിക്കിന് സ്ക്രൂഡ്രൈവർ, സ്പാനർ, ഹാമർ തുടങ്ങിയ പണിയായുധങ്ങൾ എപ്രകാരം പ്രാധാന്യമർഹിക്കുന്നുവോ അപ്രകാരം പ്രാധാന്യമർഹിക്കുന്നു, വ്യാപനപ്രവർത്തകക്ക് ആശയവിനിമയത്തിനാവശ്യമായ വ്യാപനമാർഗങ്ങൾ. എത്ര സങ്കീർണമായ ജോലികളും ചെയ്യുന്നതിലുള്ള മെക്കാനി

ക്കിന്റെ പ്രവർത്തനവൈഭവം പണിയായുധങ്ങളുടെ ലഭ്യതയിലും അവ ശരിക്ക് ഉപയോഗിക്കുവാനുള്ള കഴിവിലുമാണടങ്ങിയിരിക്കുന്നത്.

വ്യാപനവിദ്യാഭ്യാസത്തിനുപയോഗിക്കുന്ന ആശയവിനിമയവാഹികകൾ സാമാന്യ വിദ്യാഭ്യാസരംഗത്ത് നിലവിലുള്ളതു തന്നെയാണ്. പല മാർഗങ്ങൾ ഒരുമിച്ചോ വെവ്വേറെയോ സന്ദർഭാനുസരണം വ്യാപനപ്രവർത്തകർക്ക് ഉപയോഗിക്കേണ്ടതായി വരും. കർഷകനെയോ ഗ്രാമീണനെയോ വഴിക്കു വെച്ചോ കൃഷിസ്ഥലത്തു വെച്ചോ വാസസ്ഥാനത്തു വെച്ചോ സമീപിച്ച് ആശയവിനിമയം നടത്താം. ഏതു വിധത്തിലുള്ള സമീപനമായാലും അന്തിമലക്ഷ്യം സ്വഭാവ പരിവർത്തനം തന്നെ.

വ്യാപനമാർഗങ്ങളെ വിവിധരീതിയിൽ തരം തിരിക്കാം. അമേരിക്കൻ കാർഷികവകുപ്പിന്റെ ഒരു പ്രസിദ്ധീകരണത്തിൽ വിവിധവ്യാപനമാർഗങ്ങളെ സ്വീകർത്തൃസമ്പർക്കരീതിയനുസരിച്ചും ഉപയോഗരീതിയനുസരിച്ചും പല ഗ്രൂപ്പുകളായി തരം തിരിച്ചിരിക്കുന്നു. സമ്പർക്കരീതിയനുസരിച്ച് വ്യക്തിസമ്പർക്കം, സംഘസമ്പർക്കം, ബഹുജനസമ്പർക്കം എന്നിങ്ങനെ മൂന്നു തരം തിരിവുകളുണ്ട്.

**വ്യക്തിസമ്പർക്കം:** സ്വീകർത്താക്കളുമായി ഒറ്റയ്ക്ക് കൃഷിസ്ഥലത്തു വെച്ചോ ഗൃഹത്തിൽവെച്ചോ ഓഫീസിൽ വെച്ചോ സമ്പർക്കം പുലർത്തുന്ന രീതിയാണിത്. വ്യക്തികളുടെ പ്രത്യേകാവശ്യങ്ങളോ പ്രശ്നങ്ങളോ ചർച്ചചെയ്ത് പരിഹാരം തേടുകയാണ് ഈ സമ്പർക്കത്തിന്റെ ഉദ്ദേശ്യം. ഇതിനു വേണ്ടി വിനിയോഗിക്കുന്ന വിവിധമാർഗങ്ങൾ ഇവയാണ്:

1. ഗൃഹ–കൃഷിസ്ഥല സന്ദർശനങ്ങൾ
2. ഓഫീസ് സന്ദർശനം
3. ടെലിഫോൺ സമ്പർക്കം
4. വ്യക്തിപരമായ കത്തുകൾ
5. ഫലപ്രകടനങ്ങൾ

**സംഘസമ്പർക്കം:** ഒരേ പ്രശ്നങ്ങളും താല്പര്യങ്ങളും അഭിലാഷങ്ങളും ഉള്ള ഒരു സംഘം ആളുകൾ കൂടുമ്പോൾ ആ ഗ്രൂപ്പുമായി സമ്പർക്കം പുലർത്തുന്നതാണ് സംഘസമ്പർക്കം. വ്യക്തിസമ്പർക്കം പോലെ ഇതിലും അഭിമുഖസമ്പർക്കത്തിനുള്ള സാധ്യതകളുണ്ട്. എല്ലാ തരത്തിലുമുള്ള ചർച്ചകളും ഗ്രൂപ്പുസമ്മേളനങ്ങളും ഈ ഇനത്തിൽ പെടുന്നു. സംഘസമ്പർക്കത്തിനുള്ള പ്രധാനമാർഗങ്ങൾ താഴെപ്പറയുന്നവയാണ്.

1. മീററിങ്ങുകൾ
   എ. രീതിപ്രകടനമീററിങ്ങ്
   ബി. ഫലപ്രകടനമീററിങ്ങ്
2. നേതൃത്വപരിശീലനക്യാമ്പുകൾ
3. പഠനപര്യടനങ്ങളും സന്ദർശനങ്ങളും

**ബഹുജനസമ്പർക്കം:** അനേകം സ്വീകർത്താക്കളുമായി ഒരേ സമയത്ത്

സമ്പക്കം പുലത്തുവാൻ ഉതകുന്ന മാർഗങ്ങളാണിതിൽ ഉൾപ്പെട്ടുന്നതു്. അഭിമുഖ സമ്പർക്കത്തിനു് അവസരം ലഭിക്കുന്നില്ല. ബഹുജനസമ്പർക്കത്തിൽ വ്യക്തിപരമായ സമീപനം സാധ്യമല്ല. വികസിതരാഷ്ട്രങ്ങളിൽ പ്രചുരപ്രചാരങ്ങളായ പല വ്യാപനരീതികളും നമ്മുടെ രാജ്യത്തു് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. പക്ഷേ അനതിവിദൂരഭാവിയിൽ ഇവയുടെ പ്രയോഗം സർവസാധാരണമാകാൻ സാധ്യതയുണ്ടു്.

## ബഹുജനസമ്പർക്കത്തിനുള്ള പ്രധാനമാധ്യമങ്ങൾ

1. പ്രസിദ്ധീകരണങ്ങൾ—ലഘുലേഖകൾ, പ്രബന്ധങ്ങൾ, ലഘുപുസ്തകങ്ങൾ
2. വർത്തമാനപ്പത്രങ്ങൾ
3. ചാക്രികലേഖനങ്ങൾ
4. റേഡിയോ
5. ടെലിവിഷൻ
6. പ്രദർശനങ്ങൾ
7. പോസ്റ്ററുകൾ
8. നാടകങ്ങൾ
9. പാവക്കൂത്തുകൾ
10. ഭജനകളും കീർത്തനങ്ങളും നാടോടിപ്പാട്ടുകളും

രൂപഭേദമനുസരിച്ചു് വ്യാപനമാർഗങ്ങളെ ലിഖിതം, ശ്രാവ്യം, ദൃശ്യം, എന്നിങ്ങനെ മൂന്നായി വിഭജിച്ചിട്ടുണ്ടു്.

**ലിഖിതം:** എല്ലാ പ്രസിദ്ധീകരണങ്ങളും ഈ വിഭാഗത്തിൽ പെട്ടുന്നു. ചിത്രങ്ങളുണ്ടെങ്കിലും സന്ദേശം വ്യാപിപ്പിക്കാൻ ലേഖനങ്ങളാണുപയോഗിക്കുന്നതു്. വർത്തമാനപ്പത്രങ്ങൾ, ബുള്ളറ്റിനുകൾ, ലഘുലേഖകൾ വ്യക്തിപരമായ എഴുത്തുകൾ, ചാക്രികലേഖനങ്ങൾ ഇവയെല്ലാം ഇത്തരത്തിലുള്ളവയാണു്.

**ശ്രാവ്യം:** ചർച്ചകളിലും യോഗങ്ങളിലും പ്രസംഗങ്ങളിൽക്കൂടിയും സംസാരത്തിൽക്കൂടിയുമാണു് ആശയവിനിമയം നടക്കുന്നതു്. ശ്രവണമാധ്യമത്തിൽക്കൂടിയാണു് സന്ദേശങ്ങൾ സ്വീകരിക്കപ്പെട്ടുന്നതു്. പല ദൃശ്യസഹായികളും സന്ദർഭാനുസരണം ഉപയോഗിക്കാം. കൃഷിസ്ഥലസന്ദർശനം, ഗൃഹസന്ദർശനം, ഓഫീസ് സന്ദർശനം തുടങ്ങിയവയും ടെലിഫോൺ, റേഡിയോ തുടങ്ങിയ മററു മാധ്യമങ്ങളും ഈ വിഭാഗത്തിൽ പെട്ടുന്നു.

**ദൃശ്യം:** ദർശനേന്ദ്രിയത്തിലൂടെ ആശയവിനിമയം സാധ്യമാക്കുന്ന മാർഗങ്ങൾ ഈ വിഭാഗത്തിലടങ്ങുന്നു. ധാരാളം ദൃശ്യോപകരണങ്ങൾ ഈ മാർഗങ്ങളിൽ ഉപയോഗിക്കപ്പെട്ടുന്നു. ഫലപ്രകടനം, രീതിപ്രകടനം, പ്രദർശനം, സിനിമാ കാംപെയിൻ, ഭിത്തിപ്പരസ്യങ്ങൾ, ടെലിവിഷൻ തുടങ്ങിയവ ദൃശ്യമാർഗങ്ങളാണു്.

## വ്യാപനമാർഗങ്ങൾ

**കൃഷിസ്ഥല — ഗൃഹസന്ദർശനം:** വ്യാപനപ്രവർത്തകർ കർഷ

കനെയോ ഗ്രാമീണനെയോ, നേരിട്ട് കൃഷിസ്ഥലത്ത് വെച്ചോ ഗൃഹത്തിൽ വെച്ചോ പ്രത്യേകഉദ്ദേശ്യത്തെ മുൻനിർത്തി സമീപിക്കുന്ന രീതിയാണിത്. ഗ്രാമീണകർഷകരുടെ പരിചയവും വിശ്വാസവും ആർജിക്കുന്നതിനും, വ്യക്തിപരവും അല്ലാതെയുമുള്ള പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുന്നതിനും, കാർഷിക പ്രശ്നങ്ങളെ വ്യക്തമായി മനസ്സിലാക്കുന്നതിനും വൈദഗ്ദ്ധ്യം നേടുന്നതിനും വിവരങ്ങൾ സമ്പാദിക്കുന്നതിനും, വാർത്തകൾ വ്യാപിപ്പിക്കുന്നതിനും വ്യാപന പ്രവർത്തകർ ഈ മാർഗമാണ് അവലംബിക്കുന്നത്. ഈ സമീപനരീതി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ:

1. സന്ദർശനത്തിന് വ്യക്തമായ ലക്ഷ്യം ഉണ്ടായിരിക്കണം.
2. കർഷകന്റെ സമയവും സൗകര്യവും കണക്കിലെടുത്ത് കൃത്യനിഷ്ഠ പാലിക്കണം.
3. സന്ദർശനത്തിനുള്ള പരിപാടി കാലേക്കൂട്ടി തയ്യാറാക്കണം.
4. ദൂരം കൊണ്ട് അപ്രാപ്യമായ കൃഷിയിടങ്ങളെയും കർഷകരെയും സന്ദർശിക്കാൻ വിട്ടുപോകരുത്.

ഈ രീതി ഗ്രാമീണരിൽ പ്രവൃത്തിവൈദഗ്ധ്യം ഉളവാക്കുവാനും പുതിയ സമ്പ്രദായങ്ങളിൽ ആഗ്രഹം ജനിപ്പിക്കുവാനും ഉത്തമമാണ്. ഗ്രാമകർഷകർക്ക് തങ്ങളുടെ പ്രശ്നങ്ങളെ സ്വയം പരിഹരിക്കുവാൻ ഈ വ്യാപന മാർഗം സഹായകമാകുന്നു. കർഷകനെയോ ഗ്രാമീണനെയോ മറേറതെങ്കിലും വ്യക്തിയെയോ സമീപിച്ച് അവരുമായി സമ്പർക്കം പുലർത്തുവാൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ ഇവയാണ്:

1. കക്ഷികൾക്ക് താല്പര്യമുള്ള വിഷയങ്ങളിൽ സംഭാഷണം ആരംഭിക്കണം.
2. കർഷകനെ അവിരാമമായി സംസാരിക്കുവാൻ പ്രേരിപ്പിക്കുകയും അനുവദിക്കുകയും ചെയ്യണം.
3. കർഷകൻ ശ്രദ്ധിക്കുവാൻ തയ്യാറുള്ളപ്പോൾ മാത്രമേ വ്യാപനപ്രവർത്തകൻ സംസാരിക്കുവാൻ പാടുള്ളു.
4. സാവധാനം സസന്തോഷം സൗമ്യതയോടെ ലളിതമായ ഭാഷ ഉപയോഗിച്ച് സംസാരിക്കണം.
5. സത്യവും കൃത്യവുമായ പ്രസ്താവനകളേ നടത്താവൂ.
6. വിവാദവിഷയങ്ങൾ അനാവശ്യമായി വലിച്ചിടരുത്.
7. സംഭാഷണമദ്ധ്യേ പുതിയ ആശയാവിഷ്ക്കരണത്തിൻെറ ഖ്യാതി കർഷകന് നൽകണം.
8. കർഷകനിൽ നിന്ന് പഠിക്കുന്നതിലും കർഷകനെ പഠിപ്പിക്കുന്നതിലും ആത്മാർത്ഥത കാണിക്കണം.
9. ശരിയായ സമയത്ത് സന്ദർശനമവസാനിപ്പിച്ച് സുഹൃത്തിനെപ്പോലെ വിടവാങ്ങണം.
10. ഓരോ സന്ദർശനത്തെപ്പററിയും ഉള്ള വിവരങ്ങൾ വ്യാപനപ്രവർത്തകൻ രേഖപ്പെടുത്തണം.

11. കഴിയുമെങ്കിൽ പ്രസിദ്ധീകരണങ്ങളും മററും സന്ദർഭോചിതമായി കൃഷിക്കാരന് സന്ദർശനസമയത്ത് നൽകണം.

ഈ വ്യാപനമാർഗത്തിന്റെ ഗുണങ്ങൾ:

1. ഗ്രാമീണരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായകമാകുന്നു.
2. വ്യാപനപ്രവർത്തകന് സ്വന്തം പ്രവർത്തനത്തിൽ ആത്മവിശ്വാസം ഉണ്ടാകുന്നു.
3. ശരിയായ ഗ്രമീണനേതാക്കന്മാരെ കണ്ടെത്തുവാൻ അവസരം ലഭിക്കുന്നു.
4. ഔദ്യോഗികവികസനപ്രവർത്തനത്തിൽ ജനങ്ങളുടെ താല്പര്യം വർധിപ്പിക്കുന്നു.
5. മററു വ്യാപനമാർഗങ്ങളിൽ കൂടി സമീപിക്കുവാൻ അസാധ്യമായവരുമായി സമ്പർക്കം പുലർത്തുവാനുതകുന്നു.
6. പത്രലേഖനങ്ങൾക്ക് വിഷയം ലഭിക്കുന്നു.

കർഷകസന്ദർശനത്തിന്റെ പരിമിതികൾ:

1. ഫലപ്രദമാകുന്ന സമ്പർക്കങ്ങളുടെ എണ്ണം വളരെ പരിമിതമാണ്.
2. ഈ മാർഗത്തിനു് താരതമ്യേന കൂടുതൽ സമയവും പണച്ചെലവും വേണ്ടി വരുന്നു.
3. കൂടുതൽ പ്രതികരണമുള്ളവരും പുരോഗമനേച്ഛുക്കളുമായ കർഷകരെ തുടരെത്തുടരെ സന്ദർശിക്കാൻ വ്യാപനപ്രവർത്തകർക്കു താല്പര്യം വർധിക്കുന്നതു മൂലം മററു കർഷകർക്ക് വ്യാപനപ്രവർത്തകരോടുള്ള വിദ്വേഷം വർധിക്കുന്നതിനു കാരണമാകുന്നു.

കർഷകസന്ദർശനങ്ങളോ കൃഷിസ്ഥലസന്ദർശനങ്ങളോ സംഘടിപ്പിക്കുന്നതിൽ മനസ്സിരുത്തേണ്ട ചില പ്രധാന നടപടിക്രമങ്ങൾ ഇവയാണ്:

1. അഭ്യസന പ്ലാനിൽ സന്ദർശനത്തിന്റെ സ്ഥാനം നിർണയിക്കുക.
2. ആരെയാണ്, എവിടെയാണ്, സന്ദർശിക്കേണ്ടതു് എന്ന് തീരുമാനിക്കുക.
3. സന്ദർശനലക്ഷ്യം വ്യക്തമാക്കുക.
4. സന്ദർശനത്തിന്റെ വിശദാംശങ്ങൾ പ്ലാൻ ചെയ്യുക.
5. പ്ലാൻ അനുസരിച്ച് സന്ദർശനം നടത്തുക.
6. സന്ദർശനത്തെപ്പററി വിശദമായി രേഖപ്പെടുത്തുക.
7. സന്ദർശനാനന്തരം അനുഗമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ടെലിഫോൺസമ്പർക്കം

വ്യക്തികളുമായി സമ്പർക്കം പുലർത്തുന്നതിന് വ്യാപനപ്രവർത്തകർക്ക് ഉപയോഗിക്കാവുന്ന ഒരു മാർഗമാണ് ടെലിഫോൺ. പരിഷ്കൃത രാജ്യങ്ങളിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ടെലിഫോൺ ദൈനംദിനജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഉപകരണമാണ്. എന്നാൽ അവികസിതരാജ്യങ്ങളിൽ ടെലിഫോണിന്റെ പ്രവർത്തനം അത്ര പ്രചാരത്തിൽ എത്തിയിട്ടില്ല.

വ്യക്തികൾക്കുള്ള കത്തുകൾ

വ്യാപനപ്രവർത്തകർ നൂതനാശയങ്ങളും രീതികളും അറിവുകളും ആശയങ്ങളും മററും അടങ്ങുന്ന കത്തുകൾ കർഷകർക്ക് അയയ്ക്കുന്ന രീതിയാണിതു്. നൂതനസമ്പ്രദായങ്ങളുടെ അംഗീകാരത്തിൽ അത്ര വലിയ പ്രേരണ ഈ വ്യാപനമാർഗത്തിൽ നിന്നു് ലഭിക്കുന്നില്ല. പ്രേക്ഷകരുടെ അക്ഷരാഭ്യാസത്തോതു് ഈ മാർഗത്തെ സാരമായി ബാധിക്കും. ഇന്ത്യയിൽ സാക്ഷരതാം കുറവായതു കൊണ്ടു് ഈ മാർഗത്തിൻെറ ഉപയോഗം വളരെ പരിമിതമാണു്.

മാതൃകാപരമായ കത്തുകൾക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ:

1. ഉദ്ദേശ്യസാദ്ധ്യത്തിനാവശ്യമായ എല്ലാ വിവരങ്ങളും അടങ്ങിയിരിക്കണം.
2. വിനയത്തോടെ വ്യക്തമായി സംക്ഷിപ്തരൂപത്തിലായിരിക്കണം എഴുതേണ്ടതു്.
3. അർത്ഥശങ്കക്കിടയാകാത്ത തരത്തിലുള്ള സരളമായ ഭാഷ ഉപയോഗിക്കണം.
4. പ്രതിപാദിക്കുന്ന വസ്തുക്കൾ സത്യസന്ധമായിരിക്കണം.
5. കത്തിലുടനീളം മര്യാദയുടെ സ്വരം മാറെറാലിക്കൊള്ളണം.

ഓഫീസ് സന്ദർശനം

കർഷകർ പുതിയ ആശയങ്ങളോ സമ്പ്രദായങ്ങളോ അന്വേഷിച്ചോ പ്രശ്നങ്ങൾക്കു് പരിഹാരം തേടിയോ വ്യാപനപ്രവർത്തകനെ അയാളുടെ ആഫീസിൽ ചെന്നുകാണുന്ന രീതിയാണിതു്. സംഘടിതമായ സാമൂഹ്യ പദ്ധതി പ്രവർത്തനത്തിനു ശേഷം നമ്മുടെ രാജ്യത്തും വ്യാപനപ്രവർത്തകരെ അന്വേഷിച്ചു് ചെല്ലുന്നവരുടെ സംഖ്യ വർധിച്ചുവരുന്നുണ്ടു്. ജനങ്ങൾക്കു് നിഷ്പ്രയാസം പോയി വരുവാൻ കഴിയുന്ന സ്ഥലത്തു് വേണം ഓഫീസ് സ്ഥാപിക്കുവാൻ. കർഷകരുമായി കൂടുതൽ കൂടുതൽ സമ്പർക്കം പുലർത്തുന്നതിനും, വ്യക്തികളിൽ താല്പര്യം സൃഷ്ടിക്കുന്നതിനും, പ്രശ്നങ്ങളെ വിശദമായി ചർച്ചചെയ്യുന്നതിനും കർഷകരെയും സംഘടനകളെയും ബന്ധിപ്പിക്കുന്നതിനും മററും ഈ സന്ദർശനങ്ങൾ ഉപയോഗിക്കാം.

ഓഫീസ് സന്ദർശനത്തിൽ വ്യാപനപ്രവർത്തകർ മനസ്സിരുത്തേണ്ട സംഗതികൾ:–

1. സന്ദർശകരോടു് വളരെ സൗഹൃദത്തോടെ പെരുമാറുക.
2. ഓഫീസ് സജ്ജീകരണങ്ങളും മററും ആകർഷകമാക്കുക.
3. വ്യാപന പ്രവർത്തകർ ഓഫീസിൽ ഉണ്ടാകുന്ന സമയം കൃത്യമായി പരസ്യപ്പെടുത്തുക.
4. പ്രവർത്തകരുടെ അസാന്നിധ്യത്തിലും സന്ദർശകർക്കു് വിവരങ്ങൾ ആവശ്യാനുസരണം ലഭിക്കത്തക്ക ഏർപ്പാടുകൾ ചെയ്യുക.
5. സന്ദർശനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുക.
6. കാര്യമാത്രപ്രസക്തമായ സന്ദർശനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അനാവശ്യമായ സന്ദർശനങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

ഈ മാർഗത്തിൻെറ പ്രയോജനങ്ങൾ ഇവയാണ്:

1. സന്ദർശകരുടെ സംതൃപ്തി പുനസ്സന്ദർശനത്തിനു് വഴി തെളിക്കുന്നു.
2. വ്യാപനപ്രവർത്തകർക്ക് സമുദായത്തിലുള്ള മാന്യത വർധിക്കുന്നു.
3. ഗ്രാമങ്ങളിൽ പ്രവർത്തനങ്ങൾക്ക് സഹായകമായ അന്തരീക്ഷം ഉണ്ടാകുന്നു.
4. വ്യക്തികളുടെ പ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു.
5. സാമൂഹ്യസംഘടനയെപ്പററി ശരിയായ ധാരണ സൃഷ്ടിക്കുവാൻ കഴിയുന്നു.

## പരിമിതികൾ

1. വ്യാപനപ്രവർത്തകർ എപ്പോഴും ഓഫീസിൽ ഉണ്ടായിരിക്കുകയില്ല എന്നതു കൊണ്ടു് സന്ദർശകരിൽ അസംതൃപ്തി ഉളവാകും.
2. സന്ദർശകർ വ്യക്തിപരമായ താല്പര്യങ്ങൾക്ക് സന്ദർശനത്തെ ദുരുപയോഗപ്പെടുത്തും.

## പ്രകടനങ്ങൾ

നൂതനസമ്പ്രദായങ്ങളുടെ മേന്മ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു് ഉത്തമമായ മാർഗങ്ങളിലൊന്നാണു് പ്രകടനം. വ്യാപനപ്രവർത്തനങ്ങളുടെ ആദ്യഘട്ടങ്ങളിൽ ജനങ്ങളിൽ വിശ്വാസം ജനിപ്പിക്കുന്നതിനും പുതിയ രീതികളെപ്പററി ബോധ്യം വരുത്തുന്നതിനും പ്രകടനങ്ങളാണ് ഏററവും പററിയതു്. ഫലപ്രകടനം, രീതിപ്രകടനം എന്നിങ്ങനെ പ്രകടനങ്ങൾ രണ്ടു രീതിയിലുണ്ടു്.

## ഫലപ്രകടനം

ഗ്രാമീണർ പണ്ടുകാലം മുതൽക്കേ തുടർന്നു പോരുന്ന പ്രവർത്തനരീതികളിൽ നിന്നു വ്യതിചലിക്കാൻ വിമുഖത കാണിക്കുന്നു. തലമുറകളായി നിലനിൽക്കുന്ന മാർഗങ്ങളിൽ നിന്നുണ്ടാകുന്ന തുച്ഛമായ ഉല്പാദനം എക്കാലവും സുനിശ്ചിതമാണു്. വ്യാപനപ്രവർത്തകർ പുതിയ രീതികൾ സ്വീകരിക്കാൻ ഗ്രാമീണരെ ആഹ്വാനം ചെയ്യുമ്പോൾ പെട്ടെന്നു് അവയ്ക്കതിൽ വിശ്വാസം ജനിക്കുന്നില്ല. പുതിയ രീതിയിലുള്ള ഭാഗ്യപരീക്ഷണത്തിനു് അവർ തയ്യാറായെന്നു വരില്ല. പുതിയ സമ്പ്രദായത്തിൻെറ മെച്ചം ഒരു പരീക്ഷണത്തിൽ കൂടി പ്രകടിപ്പിച്ചാൽ മാത്രമെ ഗ്രാമീണർക്ക് പുതിയ രീതി അനുകരിക്കാനും അംഗീകരിക്കാനും ഔത്സുക്യം ഉണ്ടാവുകയുള്ളു.

ഫലപ്രകടനം ഗവേഷണമോ പുതിയ കണ്ടുപിടിത്തങ്ങൾക്കുള്ള ശ്രമമോ അല്ല. പരീക്ഷണശാലകളിൽ നിന്നും ലഭിക്കുന്ന ശാസ്ത്രീയസത്യങ്ങളെ പ്രത്യക്ഷത്തിൽ തെളിയിച്ചു് ഗ്രാമീണർക്കും വ്യാപനപ്രവർത്തകർക്കും വിശ്വാസം ഉളവാക്കുകയാണ് ഫലപ്രകടനം കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ശുപാർശചെയ്യുന്ന നൂതന സമ്പ്രദായങ്ങൾ തദ്ദേശീയമായി പ്രാവർത്തികമാണെന്നു് ഈ മാർഗം കാണിച്ചുകൊടുക്കുന്നു. ഫലപ്രകടനം വളരെ സമയ

മെട്ടക്കും. താരതമ്യപഠനമാണതിന്റെ ജീവൻ. ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണം. ഫലപ്രകടനത്തിന്റെ വിജയം പുതിയതു് പഴയതിനെക്കാൾ മെച്ചമാണെന്നു് തെളിയിക്കുന്നതിലാണു്. കപ്പക്കു് രാസവളം ഉപയോഗിക്കുന്നതിന്റെ ഫലം പ്രദർശിപ്പിക്കുന്നതുപോലെ, ഒരു രീതിയുടെ പ്രയോജനം മനസ്സിലാക്കുവാനോ. ജപ്പാൻമാതൃകാനെൽകൃഷി' പോലെ രീതികളുടെ ശൃംഖലയെ പ്രകടിപ്പിക്കുവാനോ ഈ വ്യാപനമാർഗം ഉപയോഗിക്കാം. പ്രകടനങ്ങൾ കൂടുതൽ സങ്കീർണമാകുമ്പോൾ ഓരോ സമ്പ്രദായത്തിനും നിദാനമായ ഫലങ്ങളെ വേർതിരിച്ചു് കാണിക്കുവാൻ പ്രയാസമാണു്. വളരെ ലഘുവും വ്യക്തവുമായ രീതികളുടെ പ്രയോജനങ്ങൾ പ്രകടിപ്പിക്കുകയാണുത്തമം.

ഫലപ്രകടനം സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ ഇവയാണു്:

1 പ്രകടനത്തിനു് ഉപയോഗപ്പെടുത്തുന്ന സാഹചര്യങ്ങളെപ്പററി വിശദമായി പഠിക്കുക.
2. പ്രകടനം നടത്തുന്നതിന്റെ ലക്ഷ്യം വ്യക്തമാക്കുക.
3. ജനങ്ങളുമായി ആലോചിച്ചു് അവരുടെ താല്പര്യങ്ങൾ എന്താണെന്നറിയുക.
4. പ്രകടനത്തിനു് പ്ലാൻ തയ്യാറാക്കുന്നതിനു് മുൻപു് വിദഗ്ധന്മാരുമായി ആലോചിക്കുക.
5. പ്രാദേശികമായി പ്രകടനത്തിൽ സഹകരിക്കുന്നവരെ തിരഞ്ഞെടുക്കുക.
6. തിരഞ്ഞെടുത്ത വ്യക്തികളുമായി പ്രകടനപ്ലാൻ വിശദമായി ചർച്ച ചെയ്യുക.
7. പ്രകടനം കൊണ്ടു് കൂടുതൽ പ്രേക്ഷകർക്കു് പ്രയോജനം സിദ്ധിക്കുവാൻ വേണ്ടത്ര പ്രചരണം കൊടുക്കുക.
8. പ്രകടനത്തിനാവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുക.
9. പ്രകടനം നടത്തുവാനുള്ള വയലുകളോ സ്ഥലങ്ങളോ മാർക്കു് ചെയ്യുക.
10 പ്രകടനത്തിൽ പങ്കെടുക്കുന്ന കർഷകരെക്കൊണ്ടു് ശരിയായ രേഖകൾ സൂക്ഷിപ്പിക്കുക.
11. വിവിധ പ്രവർത്തനങ്ങളുടെ കലണ്ടർ സൂക്ഷിക്കുക.
12. സന്ദർശകരെ സംഘടിപ്പിച്ചു് പ്രകടനങ്ങൾ കാണിച്ചു കൊടുക്കുക.
13. വിവിധ പ്രവർത്തനങ്ങൾ വിവരിക്കുന്നതിനു് പ്രകടനത്തിൽ സഹകരിക്കുന്ന കർഷകരെ അനുവദിക്കുക.
14. പ്രകടനത്തിന്റെ അന്തിമഘട്ടത്തിൽ ധാരാളം പ്രേക്ഷകരെ പ്രകടനസ്ഥലത്തു് കൊണ്ടുവരിക.
15. പുതിയ സമ്പ്രദായത്തിന്റെ വിവിധവശങ്ങൾ സംക്ഷിപ്തമായി കാഴ്ചക്കാർക്കു് വിവരിച്ചുകൊടുക്കുക.
16. പ്രകടനത്തിന്റെ വിജയപ്രദമായ ഫലം പ്രചരിപ്പിക്കുക.
17. പുതിയരീതി അംഗീകരിക്കുവാൻ സാധ്യതയുള്ള മററു കർഷകരെ പട്ടികയിലുൾപ്പെടുത്തുക.

18. വർത്തമാനപ്പത്രങ്ങളിൽ വിജയം വരിച്ച പ്രകടനഫലത്തെപ്പററി ലേഖനങ്ങൾ എഴുതുക.

വിജയപ്രദമെന്ന് അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടിട്ടുള്ള പുതിയ സമ്പ്രദായങ്ങളും രീതികളും പ്രചരിപ്പിക്കുവാൻ മാത്രമേ ഫലപ്രകടനം ഉപയോഗിക്കുവാൻ പാടുള്ളൂ. പരീക്ഷണങ്ങൾക്കും ഗവേഷണങ്ങൾക്കും വേണ്ടി ഈ വ്യാപനമാർഗം ഉപയോഗിക്കരുത്. നൂതനരീതിയും സാധാരണരീതിയും തമ്മിലുള്ള താരതമ്യ പഠനമാണതിൻെറ കാതൽ. അശ്രദ്ധമായും ആത്മാർത്ഥതയില്ലാതെയും വളരെ ഫലപ്രകടനങ്ങൾ സംഘടിപ്പിക്കുന്നതിലും ഉത്തമം ശരിയായ രീതിയിൽ ഒരെണ്ണം നടത്തുന്നതാണ്. ഫലപ്രകടനം നൂതനസമ്പ്രദായങ്ങളുടെ അംഗീകാരത്തിന് പ്രേരകമായ ഒരു നല്ല വ്യാപനമാർഗമാണ് എന്ന് നിരവധി പഠനങ്ങൾ അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്.

### അനുകൂലഗുണങ്ങൾ

1. പുതിയ രീതികളുടെ വിനിമയത്തിന് അത്യുത്തമമായ മാർഗമാണ് ഫലപ്രകടനം.
2. അവിശ്വാസികളെ പ്രത്യക്ഷത്തിൽ ബോധ്യപ്പെടുത്തുവാൻ ഈ മാർഗത്തിന് കഴിവുണ്ട്.
3. ഏതാശയത്തിൻെറയും സത്യാവസ്ഥ വെളിപ്പെടുത്തുന്നു.
4. വ്യാപനപ്രവർത്തകന് സ്വപ്രയത്നത്തിൽ വിശ്വാസവും ആത്മസംതൃപ്തിയും നൽകുന്നു.
5. പ്രാദേശികനേതൃത്വപരിശീലനം ഫലപ്രകടനത്തിൽ കൂടി സാധ്യമാകുന്നു.
6. വ്യാപനപ്രവർത്തകരുടെ കഴിവിനെപ്പററി കർഷകർക്ക് ബോധ്യം വരുത്തുന്നു.

### പരിമിതികൾ

1. വളരെ ചെലവു് കൂടിയ ഒരു വ്യാപനമാർഗമാണ് ഫലപ്രകടനം.
2. വ്യാപനപ്രവർത്തകൻെറ സമയം വളരെ ചെലവഴിക്കേണ്ടിവരുന്നു.
3. നല്ല സഹചാരികളായ പ്രകടനക്കാർ വളരെ വിരളമായിരിക്കും.
4. പ്രകടനത്തിൻെറ അന്തിമദശയിൽ ഫലം ബോധ്യമാകുന്ന സമയത്തു് വളരെക്കുറച്ചു് ആളുകൾ മാത്രമേ സന്നിഹിതരായിരിക്കുകയുള്ളൂ.
5. പ്രകൃതിയുടെ നിയന്ത്രണാധീനമല്ലാത്ത പ്രവർത്തനങ്ങൾ മൂലം പ്രകടനഫലം ചിലപ്പോൾ വിപരീതമായി വരും.
6. എല്ലാ രീതികൾക്കും പ്രകടനം അനുയോജ്യമല്ല.
7. പരാജയമടങ്ങുന്ന ഫലപ്രകടനങ്ങൾ വ്യാപനപ്രവത്തനത്തിന് പ്രതികൂലമായ സാഹചര്യങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കും.

### രീതിപ്രകടനം

ഏററവും പൗരാണികമായ ഒരു പ്രബോധനരീതിയാണ് രീതിപ്രക

ടനം. മനുഷ്യൻ അവന്റെ കുട്ടികളെ ഭക്ഷണം തേടാനും കൃഷിചെയ്യുവാനും, എന്നു തന്നെയല്ല ജീവിക്കുവാൻ തന്നെയും രീതിപ്രകടനത്തിൽ കൂടിയാണു് അഭ്യസിപ്പിച്ചതു്. ഭാഷയും എഴുത്തും മററും പ്രചാരത്തിൽ വരുന്നതിനു് മുമ്പു് ആശയങ്ങൾ വിനിമയം ചെയ്യു് രീതികൾ അംഗീകരിപ്പിക്കുന്നതിനു് പ്രാചീനമനുഷ്യൻ പോലും ഉപയോഗിച്ച വിധിയാണു് രീതിപ്രകടനം.

ഒരു ചെറിയ ഗ്രൂപ്പിനു് പുതിയ രീതിയോ പുതിയ സമ്പ്രദായത്തിലുള്ള പഴയ രീതിയോ നിർവ്വഹിക്കുന്ന വിധം കാണിച്ചുകൊടുക്കുന്ന ഹ്രസ്വകാല പ്രകടനമാണിതു്. പുതിയ സമ്പ്രദായത്തിന്റെ മേന്മ മനസ്സിലാക്കാൻ ഈ മാർഗം ഉപകരിക്കുന്നില്ല. ഒരു പ്രവൃത്തി എങ്ങനെ ചെയ്യാമെന്നാണു് രീതിപ്രകടനം വിശദമാക്കുന്നതു്, ഇതിലൂടെ ഗവേഷണമോ പരീക്ഷണമോ നടക്കുന്നില്ല. വ്യാപനപ്രവർത്തകൻ സ്വന്തം കൈകളാൽ പ്രവർത്തിച്ചുകാണിച്ചു കൊടുക്കുന്നതുകൊണ്ടു് പ്രേക്ഷകർക്കു് വലിയ താല്പര്യവും പ്രവർത്തകർക്കു് ആത്മവിശ്വാസവും ഉണ്ടാക്കുന്നു. "പ്രവൃത്തിയിൽക്കൂടി പഠിക്കുകയും, കാണുന്നതു് വിശ്വസിക്കുകയും" എന്ന തത്വമാണു് രീതി പ്രകടനത്തിൽ അടങ്ങിയിരിക്കുന്നതു്. പുതിയ വൈദഗ്ധ്യങ്ങൾ അഭ്യസിപ്പിക്കുവാൻ ഉത്തമമായ മാർഗമാണതു്.

രീതിപ്രകടനത്തിന്റെ ആസൂത്രണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ താഴെപ്പറയുന്നവയാണു്:

1. പ്രകടനലക്ഷ്യം വിദഗ്ധമായി ചർച്ച ചെയ്യു് തീരുമാനിക്കുക.
2. പ്രാദേശികനേതാക്കളുമായി പര്യാലോചിച്ചു് താല്ക്കാലികപരിപാടി ഉണ്ടാക്കുക.
3. ജനങ്ങളുടെ ആവശ്യങ്ങളെ ആസ്പദമാക്കി പ്രകടനം സംഘടിപ്പിക്കുക
4. പ്രകടനം സന്ദർഭോചിതമായിരിക്കാൻ ശ്രദ്ധിക്കുക.
5. പ്രകടനത്തിൽ സംബന്ധിക്കേണ്ട പ്രേക്ഷകരെ തിരഞ്ഞെടുത്തു് സമയവും. സ്ഥലവും അറിയിക്കുക.
6. പ്രകടനത്തിനാവശ്യമായ സാധനസാമഗ്രികളുടെ പട്ടിക തയ്യാറാക്കുക.
7. പ്രകടനത്തിനു് നിവൃത്തിയുള്ളേടത്തോളം പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുക
8. പ്രകടനത്തിനു് നല്ല പ്രചാരണം നൽകുക.
9. വ്യാപനപ്രവർത്തകർ പ്രകടനപ്രദർശനത്തിന്റെ റിഹേഴ്സൽ നടത്തുക.
10. പ്രകടനമീററിംഗിൽ വിശദീകരിക്കാൻ ധാരാളം ദൃശ്യോപകരണങ്ങൾ ഉപയോഗിക്കുക.
11. വിജയപ്രദമായി പ്രദർശിപ്പിക്കുന്ന രീതി പ്രകടനത്തെപ്പററി ലേഖനങ്ങൾ തയാറാക്കി പ്രസിദ്ധപ്പെടുത്തുക.
12. പ്രകടനങ്ങളുടെ വിശദമായ രേഖകൾ സൂക്ഷിക്കുക.

### പ്രകടനം നടത്തുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ

1. പ്രകടനത്തിന് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് നേരത്തെ കൂട്ടി എത്തി സാമഗ്രികളുടെ പ്രവർത്തനം പരിശോധിക്കുക.
2. ഇരിപ്പിടസൗകര്യങ്ങൾ തൃപ്തികരമാണോ എന്ന് പരിശോധിക്കുക.
3. പ്രകടനത്തിൽ സംബന്ധിക്കാനെത്തുന്ന എല്ലാ പ്രേക്ഷകർക്കും നല്ല വണ്ണം കാണാനുള്ള സൗകര്യം ഉണ്ടാക്കുക.
4. പ്രകടനം ക്രമാനുഗതമായി പടിപടിയായി കാണിക്കുക.
5. ഓരോ പടിയും സാവധാനത്തിൽ വ്യക്തമായി ചെയ്തു കാണിക്കുക. പ്രധാനഘടകങ്ങൾക്കു പ്രത്യേകമായ പരിഗണന നൽകുക.
6. ഓരോ ഘട്ടത്തിലും പ്രേക്ഷകരിൽ നിന്ന് ചോദ്യങ്ങളുണ്ടാകാൻ സഹായകമായ നിലപാട്ട് സ്വീകരിക്കുകയും സംശയങ്ങൾ അപ്പോഴപ്പോൾ പരിഹരിക്കുകയും ചെയ്യുക.
7. പ്രേക്ഷകരിൽ നിന്നു തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് പുതിയ രീതി പ്രയോഗിച്ചു നോക്കാൻ സന്ദർഭം കൊടുക്കുക.
8. പ്രകടനവിഷയത്തെ പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ പ്രേക്ഷകർക്കു വിതരണം ചെയ്യുക.
9. പുതിയ രീതിയുടെ അംഗീകരണത്തിൽ തല്പരരായ വ്യക്തികളുടെ മേൽവിലാസം വാങ്ങി സൂക്ഷിച്ച് അനുഗമനപ്രവർത്തനങ്ങൾ തുടരുക.
10. വാഗ്വാദങ്ങളും തർക്കങ്ങളും കഴിയുന്നത്ര ഒഴിവാക്കുക.
11. പരമ്പരാഗതമായി ജനങ്ങൾ തുടരുന്ന പഴയ രീതിയെ പുച്ഛിക്കാതിരിക്കുക.

### രീതിപ്രകടനത്തിൻെറ ഗുണങ്ങൾ

1. പ്രവൃത്തികുശലതയും പുതിയ വൈദഗ്ധ്യങ്ങളും അഭ്യസിപ്പിക്കുന്നതിന് വളരെ ഫലപ്രദമാണ് ഈ വ്യാപനമാർഗം.
2. ഇത് പ്രവൃത്തിയെ പ്രോത്സാഹിപ്പിക്കുന്നു.
3. വ്യാപനപ്രവർത്തകർക്ക് ജനങ്ങളുടെ വിശ്വാസം ആർജിക്കാൻ ഇത് ഉപകരിക്കുന്നു.
4. വിജയപ്രദമായ രീതിപ്രകടനം മൂലം വ്യാപനപ്രവർത്തകർക്ക് സ്വന്തം കഴിവിൽ വിശ്വാസം ജനിക്കുന്നു
5. വിജയകരമായ രീതിപ്രകടനം വ്യാപനപ്രവർത്തനപ്രചരണത്തെ സഹായിക്കുന്നു.
6. തദ്ദേശകർഷകരുമായി സമ്പർക്കം പുലർത്തുവാൻ ഉപകരിക്കുന്നു.
7. കുറഞ്ഞ ചെലവിൽ പുതിയ രീതികൾ ആവിഷ്ക്കരിക്കാനും അവതരിപ്പിക്കാനും സാധ്യമാകുന്നു.

പരിമിതികൾ

1. എല്ലാവിഷയങ്ങളും രീതിപ്രകടനത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങുന്നില്ല.
2. ആസൂത്രണവും തയാറെടുപ്പും ഉപകരണങ്ങളും വൈദഗ്ദ്ധ്യവും ഇതിനു് ആവശ്യമാണു്.
3. പ്രകടനം ശരിയായ രീതിയിൽ സമായോജനം ചെയ്യില്ലെങ്കിൽ ഉദ്ദേശ്യത്തിനു വിപരീതമായ ഫലമുണ്ടാകും.
4. ഒരു സംഘത്തിൽപ്പെട്ട എല്ലാവർക്കും ഒരുപോലെ സ്വീകാര്യമായ പ്രകടനം സംഘടിപ്പിക്കുവാൻ പ്രയാസമാണു്.

**യോഗങ്ങൾ**

പ്രേക്ഷകരെ ഒരു സംഘം എന്ന നിലയിൽ സമീപിക്കുന്നതിനുള്ള മറെറാരു മാർഗമാണു് വിവിധതരത്തിലുള്ള സമ്മേളനങ്ങൾ അഥവാ യോഗങ്ങൾ. സംഘസമീപനത്തിൽ സർവസാധാരണമായി ഉപയോഗിക്കുവാൻ പററിയ വ്യാപനമാർഗമാണിതു്. ഔപചാരികവും അനൗപചാരികവുമായ ചർച്ചകൾ, സ്കൂൾയോഗങ്ങൾ, പഞ്ചായത്തു ചർച്ചായോഗങ്ങൾ കൃഷിയിടങ്ങളിലുള്ള കർഷകയോഗങ്ങൾ, വീട്ടുകളിൽ വീട്ടമ്മമാരുടെ സമ്മേളനങ്ങൾ, ഔദ്യോഗികകോൺഫറൻസുകൾ, രീതിപ്രകടനയോഗങ്ങൾ, ഫലപ്രകടനയോഗങ്ങൾ, ഗ്രാമസഹായകപരിശീലനക്യാമ്പുകൾ തുടങ്ങിയവ വിവിധരീതിയിലുള്ള യോഗങ്ങൾക്കു് ഉദാഹരണങ്ങളാണു്.

ലക്ഷ്യങ്ങളും സാഹചര്യങ്ങളും മാറുന്നതിനനുസരണമായി യോഗങ്ങളുടെ സ്വഭാവത്തിലും മാററങ്ങളുണ്ടാകും. യോഗങ്ങൾ സംഘടിപ്പിക്കുന്നതിനു് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളാണു് താഴെ പറയുന്നതു്.

1. വ്യാപനപ്രവർത്തകർ മേലുദ്യോഗസ്ഥന്മാരുമായി കൂടിയാലോചിക്കുക.
2. പ്രാദേശികനേതാക്കളുമായി താൽക്കാലികപരിപാടികളെപ്പററി ആലോചിക്കുക.
3. ഭംഗിയായി പ്രസംഗിക്കുവാൻ കഴിവുള്ളവരെ യോഗങ്ങളിൽ പങ്കെടുപ്പിക്കുക.
4. സാമൂഹ്യപരിപാടികളും വിനോദപരിപാടികളും യോഗങ്ങളിൽ ഉൾപ്പെടുത്തുക.
5. ആവശ്യമായ പ്രചരണം മുൻകൂട്ടി നൽകുക.
6. എല്ലാ വിഭാഗം ആളുകൾക്കും യോഗത്തിൽ സംബന്ധിക്കുവാനുള്ള സാഹചര്യമുണ്ടാക്കുക.

യോഗം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ

1. യോഗം നടത്തുവാൻ തിരഞ്ഞെടുക്കുന്ന സ്ഥലം പ്രദേശത്തിൻെറ കേന്ദ്രസ്ഥാനത്തായിരിക്കണം.

2. യോഗങ്ങൾ സംഘടിപ്പിക്കുന്നത് കർഷകർക്ക് താരതമ്യേന ജോലികൾ കുറഞ്ഞ സമയത്തായിരിക്കണം.
3. തികഞ്ഞ സമയനിഷ്ഠ പാലിക്കണം.
4. പ്രേക്ഷകശ്രദ്ധയെ ഹഠാദാകർഷിക്കാൻ സ്വതന്ത്രചർച്ചകളും അഭിപ്രായ പ്രകടനങ്ങളും ഉണ്ടാകണം. പക്ഷേ, അഭിപ്രായ സംഘട്ടനങ്ങളും സംഘർഷങ്ങളും കഴിയുന്നതും ഒഴിച്ചുനിർത്തുകയാണ് വേണ്ടത്.
5. യോഗങ്ങളിൽ പങ്കെടുക്കുന്ന പ്രേക്ഷകർക്ക് വേണ്ട അംഗീകാരവും സ്ഥാനവും നൽകണം.
6. തദ്ദേശീയനേതാക്കളെ കഴിയുന്നത്ര യോഗത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രമിക്കണം.
7. വ്യക്തികളുടെ സേവനങ്ങളെ കഴിയുന്നത്ര എടുത്തുപറഞ്ഞു പ്രകീർത്തിക്കണം.
8. യോഗത്തിനു് ശേഷമുള്ള അനുഗമന പ്രവർത്തനങ്ങളെപ്പററി വ്യക്തമായ സൂചന നൽകണം.
9. വിജയപ്രദമായ യോഗങ്ങളുടെ വിവരണങ്ങൾ പത്രങ്ങളിൽ കഥാരൂപത്തിൽ എഴുതണം.
10. യോഗം സമാപിച്ചശേഷം പ്രേക്ഷകർക്ക് അനുയോജ്യമായ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യണം.
11. യോഗത്തോടനുബന്ധിച്ച് പ്രദർശനങ്ങളും സിനിമയും മററും നടത്തണം.
12. കഴിവുള്ളേടത്തോളം ശ്രാവ്യ ദൃശ്യ ഉപകരണങ്ങൾ ഉപയോഗിക്കണം.

## പ്രയോജനങ്ങൾ

1. ഒരേസമയം ധരാളം പ്രേക്ഷകരുമായി സമ്പർക്കം പുലർത്താൻ സാധിക്കുന്നു.
2. മററു വ്യാപനമാർഗങ്ങൾക്കു് മുന്നോടിയായി ഉപയോഗിക്കാം.
3. സംഘ മനഃശാസ്ത്രമുപയോഗിച്ച് വ്യാപനത്തിനു് വളരെ പ്രചരണം നേടാം.
4. മുഖത്തോടുമുഖമുള്ള സമ്പർക്കത്തിൽ നിന്നും പ്രേക്ഷകരുടെ പ്രതികരണം മനസ്സിലാക്കാൻ സാധിക്കുന്നു.
5. വ്യക്തിപരമായ സമ്പർക്കത്തെ പരിപോഷിപ്പിക്കുന്നു.
6. വ്യക്തികളുടെ മാന്യത വർധിപ്പിക്കാനുതകുന്നു.
7. മററു വ്യാപനമാർഗങ്ങളെ അപേക്ഷിച്ച് ചെലവ് കുറവാണ്.

## പരിമിതികൾ

1. യോഗങ്ങൾക്കു തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലം എല്ലായ്പോഴും ആവശ്യത്തിനു് മതിയായെന്നു വരികയില്ല.

2. വ്യക്തിപരമായ ചർച്ചകൾക്ക് അവസരങ്ങൾ വളരെ കുറവായിരിക്കും.
3. വിഭിന്നതാല്പര്യക്കാരും സ്വഭാവക്കാരുമായ പ്രേക്ഷകരുടെ ഇടയ്ക്ക് വിഷയം വിജയപ്രദമായി കൈകാര്യം ചെയ്യുവാൻ പ്രയാസം നേരിട്ടും.
4. അടിയന്തിര പരിതഃസ്ഥിതികൾ കൊണ്ടോ, പ്രകൃതികോപങ്ങൾ കൊണ്ടോ ഹാജരാകുന്ന അംഗങ്ങളുടെ എണ്ണം കുറയും.

വിവിധതരം യോഗങ്ങൾ

പ്രസംഗയോഗം: പ്രേക്ഷകവൃന്ദത്തിന്റെ മുമ്പിൽ വിഷയം ഒരു വിദഗ്ധനെക്കൊണ്ട് ആധികാരികമായി പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്ന മാർഗമാണിത്. പ്രസംഗകനും ശ്രോതാക്കൾക്കും തിരഞ്ഞെടുത്ത വിഷയത്തെക്കുറിച്ച് വ്യക്തമായ ധാരണയാവശ്യമാണ്. ശ്രോതാക്കളുടെ താല്പര്യമനുസരിച്ചുള്ള വിഷയങ്ങളാണ് പ്രസംഗത്തിനു് അഭികാമ്യം. ഈ രീതി മുഖ്യമായും ഒരു ഏകമുഖവിനിമയമാണ്. ചോദ്യോത്തരങ്ങൾക്ക് സന്ദർഭം നൽകുകയാണെങ്കിൽ വിനിമയം ദ്വിമുഖമാകുന്നു.

ഔപചാരികമായ പ്രസംഗങ്ങളിൽ ഏകമുഖമായ വിനിമയം മാത്രമാണ് നടക്കുന്നതു്. യാതൊരു തടസ്സവുമില്ലാതെ പൂർണവും വിശദവുമായ വിവരങ്ങൾ നൽകുവാൻ പററിയ മാർഗമാണ് പ്രസംഗം. ഒരു സംഘത്തിനു് വളരെ ദ്രുതഗതിയിൽ ആശയങ്ങൾ വിനിമയം ചെയ്യാൻ കഴിയുന്നു. പ്രസംഗകനോ അധ്യക്ഷനോ വിചാരിച്ചാൽ സുശക്തമായ നിയന്ത്രണം ഏർപ്പെട്ടുത്താം. പ്രസംഗത്തിൽ കൂടി ഫലപ്രദമായ ആശയവിനിമയം സാധ്യമാക്കുന്നതിനു് പ്രസംഗകനു് അസാമാന്യമായ കഴിവുണ്ടായിരിക്കണം. സംഘാംഗങ്ങൾക്കോ, നേതാക്കൾക്കോ, പ്രസംഗവിഷയത്തിലോ അവതരണത്തിലോ യാതൊരു സ്വാധീനവുമില്ല. പ്രസംഗത്തിൻെറ പ്രഭാവം പ്രേക്ഷകരിൽ നിന്നും വസ്തുനഷ്ടമായി അറിയാൻ വിഷമമാണ്.

പക്ഷേ, വിദഗ്ധമായ അറിവ് ഔപചാരികമായി നേരിട്ടു നൽകാൻ പ്രസംഗസമ്മേളനം ഉത്തമമാണ്. പ്രശ്നങ്ങൾ കണ്ടു പിടിക്കാനോ പ്രശ്നങ്ങളുടെ വിവിധവശങ്ങളെപ്പററി ഗഹനമായി പഠിക്കാനോ, പ്രശ്നപരിഹാരങ്ങൾ പര്യാലോചിക്കാനോ ഈ മാർഗം ഉപയോഗിക്കാം. സംഘാംഗങ്ങൾക്ക് പ്രചോദനം നൽകുവാൻ പ്രസംഗങ്ങൾക്ക് കഴിവുണ്ട്. വ്യക്തിയുടെ അനുഭവങ്ങൾ പങ്കിട്ടുവാൻ പ്രസംഗം ഉപകരിക്കും.

സംഘാംഗങ്ങൾക്ക് ആശയൈക്യവും പൊതുതാല്പര്യവും ഉണ്ടായിരിക്കുകയും അവർ സാമൂഹ്യനിയന്ത്രണത്തിനു് വിധേയരാവുകയും ചെയ്യുമ്പോൾ ഈ മാർഗം ഉപയോഗപ്രദമാണ്. ശ്രോതാക്കൾക്ക് പ്രസംഗത്തിൽക്കൂടി ആശയങ്ങൾ അംഗീകരിക്കാൻ കഴിവുണ്ടായിരിക്കണം.

ഫലപ്രദമായ പ്രസംഗത്തിനു് വേണ്ട യോഗ്യതകൾ ഇവയാണ്:

1. പ്രസംഗവിഷയം പ്രേക്ഷകർക്കു് താല്പര്യമുള്ളതായിരിക്കണം.
2. പ്രസംഗത്തിന്റെ പ്രാരംഭം കുറിക്കുന്നതു് ഒരു വെല്ലുവിളിയോടു കൂടി വേണം.

3. പ്രസംഗകനും ശ്രോതാക്കൾക്കും തമ്മിൽ ഐക്യം ഉണ്ടായിരിക്കണം.
4. പ്രസംഗത്തിൽ ആശയങ്ങൾ യുക്തിയുക്തമായി അടുക്കോടും ചിട്ടയോടും കൂടി സംവിധാനം ചെയ്ത് അവതരിപ്പിക്കണം.
5. ധാരാളം ദൃശ്യശ്രവ്യോപകരണങ്ങൾ പ്രസംഗസമയത്ത് ഉപയോഗിക്കണം.
6. പ്രസംഗത്തിലെ പ്രധാനഘടകങ്ങൾക്ക് വ്യക്തമായ പ്രസക്തിയും പ്രാധാന്യവും നൽകണം.

സംഘചർച്ച: രണ്ടോ അതിലധികമോ വ്യക്തികൾ അന്യോന്യം ആശയങ്ങളും അഭിപ്രായങ്ങളും വിജ്ഞാനങ്ങളും കൈമാറുകയും വിശദീകരണങ്ങൾ നടത്തുകയും ചെയ്യുന്ന പ്രക്രിയക്ക് ചർച്ച എന്ന് പറയുന്നു. അംഗങ്ങളുടെ ഇടയിൽ പരസ്പരാഭിക്രിയയ്ക്ക് ചർച്ച സന്ദർഭം നൽകുന്നു. ചർച്ചകളിൽ കൂടി സംഘത്തിന് ഐക്യബോധം ഉളവാകും. നേതൃത്വച്ചുമതലകൾ ഏറ്റെടുക്കുന്നതിന് സംഘാംഗങ്ങൾക്ക് ചർച്ചയിൽ അവസരം ലഭിക്കും. അംഗങ്ങളുടെ വീക്ഷണമണ്ഡലങ്ങൾ വികസിപ്പിക്കുവാൻ ചർച്ചകൾ സഹായകമാകുന്നു. സംഘചർച്ചയിൽ നടക്കുന്ന സ്വതന്ത്രമായ ആശയവിനിമയത്തിൽ കൂടിയാണ് നേതൃത്വപരിശീലനം ലഭിക്കുന്നത്. സ്വതന്ത്രവും തുറന്നതുമായ ചർച്ചകളിൽ നിന്നും അനൗപചാരികവും അനുവദനീയവുമായ സാമൂഹ്യാന്തരീക്ഷം ഉളവാകും. അറിവ് അനുഭവങ്ങളോട്ട് കൂട്ടിയിണക്കാനും ധാരണാശക്തി അഗാധമാക്കാനും കുഴഞ്ഞ പ്രശ്നങ്ങളിൽ തീരുമാനമെടുക്കാനും പ്രവർത്തന പരിപാടികൾ രൂപീകരിക്കാനും പറ്റിയ മാർഗമാണ് ചർച്ച.

ഫലപ്രദമായ ചർച്ചകൾ നടത്തുന്നതിൽ ശ്രദ്ധിക്കേണ്ട നടപടിക്രമങ്ങൾ ഇവയാകുന്നു:

1. ഏതു് ചർച്ചയ്ക്കും വ്യക്തമായ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും ഉണ്ടായിരിക്കണം.
2. ചർച്ചയല്ലാതെ മററു പോംവഴികളുണ്ടോ എന്ന് ചിന്തിക്കണം.
3. സംഘചർച്ചയ്ക്ക് ഉതകുന്ന വിഷയം കണ്ടെത്തണം.
4. വ്യക്തമായും കൃത്യമായും ചിന്തിക്കാൻ കഴിയുന്ന വ്യക്തിയെ ചർച്ച നയിക്കാൻ നിയോഗിക്കണം.
5. ചർച്ചയ്ക്ക് അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ കണ്ടുപിടിക്കണം. ഇരിപ്പിട സൗകര്യം വേണ്ടത്ര ഉണ്ടാക്കണം.
6. ചർച്ചാവേളയിൽ അനൗപചാരികമായ അന്തരീക്ഷം നിലനിർത്തണം.
7. ചർച്ചാനടപടികൾ യഥാസമയം രേഖപ്പെടുത്താൻ ഏർപ്പാടുകൾ ചെയ്യണം.
8. ചർച്ചയിൽ എല്ലാ അംഗങ്ങൾക്കും അവസരസമത്വം ലഭിക്കണം.
9. കൂടെക്കൂടെ സംഘലക്ഷ്യം അംഗങ്ങളെ ഓർമിപ്പിക്കണം. (ഇതു് ഉദ്ദേശ്യങ്ങളിൽ നിന്നകന്ന് ചർച്ചകൾ കാടുകയറിപ്പോകാതിരിക്കുവാൻ നല്ലതാണ്).

ചർച്ചകൾ വിവിധതരത്തിലുണ്ട്. സന്ദർഭവും സാഹചര്യങ്ങളുമനുസരിച്ച് ഇവയും തമ്മിൽ അല്പസ്വല്പം വ്യത്യാസങ്ങൾ ഉണ്ടായിരിക്കും.

എ. പ്രസംഗാനന്തര ചർച്ച: പ്രസംഗത്തിനു ശേഷം ശ്രോതാക്കൾക്ക് ചോദ്യം ചോദിക്കുവാനവസരം ലഭിക്കുകയും ചോദ്യങ്ങൾക്ക് പ്രസംഗകൻ ഉത്തരം നൽകുകയും ചെയ്യുന്നു. ഔപചാരികമായ സദസ്സിൽ വെച്ച് സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങൾ നടത്താൻ ചില അംഗങ്ങൾക്ക് മടിയുണ്ടായിരിക്കും. ഇതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ചോദ്യങ്ങൾ എഴുതിക്കൊടുക്കാവുന്നതാണ്.

ബി. ഫിലിംഫോറം: ചർച്ചകളും ഫിലിം പ്രദർശനവും ചേർന്നതാണ് ഫിലിം ഫോറം. ഫിലിം പ്രദർശനത്തിനു മുമ്പും പിമ്പും പ്രതിപാദ്യവിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. പ്രസംഗത്തിന്റെ സ്ഥാനമാണ് സിനിമ എടുക്കുന്നത്. പക്ഷേ, പ്രസംഗകനെപ്പോലെ സിനിമ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയില്ല. സിനിമാപ്രദർശനം സംഘടിപ്പിക്കുന്ന വ്യാപനപ്രവർത്തകൻ ഫിലിം നേരത്തെ കാണുകയും പ്രതിപാദ്യ വിഷയങ്ങളിൽ പ്രസക്തങ്ങളായ ചോദ്യങ്ങൾക്കുത്തരം തയ്യാറാക്കി വയ്ക്കുകയും ചെയ്യുന്നു. പൊതുജനങ്ങളിൽ താല്പര്യവും വികാരങ്ങളും ഉണർത്തുവാൻ പററിയ ഒരു മാധ്യമമാണ് സിനിമ.

സി. സിംപോസിയം: ഒരു വിഷയത്തിന്റെ വിവിധ വശങ്ങളെപ്പറ്റി തുല്യപ്രഭാവരായ വ്യക്തികൾ ആധികാരികമായി വീക്ഷണഗതികൾ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നതിനാണ് സിംപോസിയം എന്നു പറയുന്നത്. സിംപോസിയത്തിന്റെ നടത്തിപ്പിന് ഒരു നിയന്ത്രകൻ ആവശ്യമാണ്. പ്രസംഗങ്ങളെയും തുടർന്നുണ്ടാകാവുന്ന ചർച്ചകളെയും ഇദ്ദേഹം നിയന്ത്രിക്കുന്നു. ഓരോ പ്രസംഗവും ഏററിയാൽ 20 മിനിട്ടിൽ കൂടാൻ പാടില്ല. ആകെ അവതരണം ഒരു മണിക്കൂറിൽ കവിഞ്ഞാൽ സദസ്യർ മുഷിയും. അവതരണാനന്തരം ശ്രോതാക്കൾക്ക് ചോദ്യങ്ങൾക്ക് അവസരം നൽകപ്പെടുന്നു.

അടിസ്ഥാനഅറിവ്, സത്യാവസ്ഥകൾ, വീക്ഷണഗതികൾ മുതലായവ അവിരാമമായും ക്രമബദ്ധമായും പ്രകടിപ്പിക്കാൻ പററിയ മാർഗമാണ് സിംപോസിയം. സിംപോസിയത്തിൽ വളരെ സങ്കീർണമായ വിഷയങ്ങൾ വ്യക്തിക്കനുയോജ്യമായ വിധത്തിൽ വിഭജിച്ച് അവരുടെ എല്ലാ വിഷയങ്ങളെപ്പററിയുമുള്ള വിദഗ്ധാഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിന് സാധ്യമാകുന്നു. ഒരു വിഷയത്തെപ്പററിയുള്ള വിഭിന്നമായ വീക്ഷണഗതികൾ ഒരുമിച്ച് അവതരിപ്പിക്കുന്നതിനാൽ ആ വിഷയത്തിലേക്കു ജനശ്രദ്ധ ആകർഷിക്കപ്പെടുകയും അതേപ്പറ്റി കൂടുതൽ ചിന്തിക്കുവാനും സ്വാഭിപ്രായങ്ങൾ രൂപീകരിക്കുവാനും ജനങ്ങൾക്കവസരം ലഭിക്കുകയും ചെയ്യുന്നു. തന്മൂലം വിജ്ഞാനവ്യാപനത്തിൽ ഈ മാർഗം അഭിലഷണീയമാണ്.

ഡി. പാനൽചർച്ച്: പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വിദഗ്ധന്മാർ ശ്രോതാക്കളുടെ മുമ്പിൽ വച്ച് നടത്തുന്ന ചർച്ചയാണിത്. സംഭാഷണരൂപത്തിലുള്ളതായിരിക്കും ചർച്ച. പാനൽ അംഗങ്ങളുടെ ഔപചാരികമായ പ്രസംഗങ്ങൾ അനുവദനീയമല്ല. ആധ്യക്ഷ്യം വഹിക്കുന്നയാൾ അംഗങ്ങളെ ആരംഭത്തിൽ സദസ്സിനു പരി

ചയപ്പെടുത്തുന്നു. പാനലിലെ എല്ലാ അംഗങ്ങളെയും ചർച്ചകളിൽ ഒരുപോലെ പങ്കെടുപ്പിക്കേണ്ടതു് അധ്യക്ഷന്റെ ചുമതലയാണു്. ചർച്ചകളിൽ ഔപചാരികമോ അനൌപചാരികമോ ആയ അന്തരീക്ഷം ഉണ്ടാകാം. ശ്രോതാക്കളുടെ ശ്രദ്ധയ്ക്കു വേണ്ടി നടത്തുന്ന ഒരു ചെറിയ ഗ്രൂപ്പ് ചർച്ചയാണു് പാനൽ ചർച്ച എന്നു വേണമെങ്കിൽ പറയാം.

ശ്രദ്ധാപൂർവം കൈകാര്യം ചെയ്യാത്തപക്ഷം പാനൽ ചർച്ച, പാനൽ അംഗങ്ങളുടെ ഒരു പ്രസംഗപരമ്പരയാകാനുള്ള സാധ്യതയുണ്ടു്.

ഇ. സംഘക്കൂടിക്കാഴ്ച: ചെറിയ ഗ്രൂപ്പുമായുള്ള കൂടിക്കാഴ്ചയാണിതു്. സദസ്യരുടെ മുമ്പിൽ വച്ചു് ചർച്ചാനായകന്റെ ചോദ്യങ്ങൾക്കു് ഗ്രൂപ്പംഗങ്ങൾ ഉത്തരം പറയുന്നു. ശ്രോതാക്കൾ ചോദ്യങ്ങളും ഉത്തരങ്ങളും കേൾക്കുന്നു. ഒരു വിദഗ്ധസംഘവുമായിട്ടാകാം ചിലപ്പോൾ കൂടിക്കാഴ്ച നടക്കുന്നതു്. അല്ലെങ്കിൽ ശ്രോതാക്കളിൽ തന്നെയുള്ള വ്യക്തികളുമായിട്ടാകാം. ഈ ചർച്ചയിലും അധ്യക്ഷനു തന്നെയാണു് പ്രാമാണ്യം. ചർച്ചകൾക്കു് പ്രേരകവും വിദഗ്ധാഭിപ്രായങ്ങൾ മനസ്സിലാക്കുന്നതിനു സഹായകവുമായ ഒരു മാർഗമാണു് കൂടിക്കാഴ്ച.

എഫ്. പണിപ്പുര: ഇപ്പോൾ വളരെ പ്രചാരമുള്ള ഒരു ആശയവിനിമയരീതിയാണു് പണിപ്പുര. പണിപ്പുരയിൽ സംബന്ധിക്കുന്ന എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി കാലേക്കൂട്ടി ഒരു ആസൂത്രണയോഗം നടത്തുന്നു. ചർച്ചാവിഷയത്തിന്റെ വിവിധവശങ്ങളിൽ താല്പര്യമുള്ള വ്യക്തികളാണു് പണിപ്പുരയിൽ പങ്കെടുക്കുക. പ്ലാനനുസരിച്ചു് ധാരാളം സമയം പ്രശ്നത്തിന്റെ പ്രസക്തമായ ഭാഗങ്ങൾ ചർച്ച ചെയ്യുവാൻ വിനിയോഗിക്കുന്നു. അന്ത്യത്തിൽ ചർച്ചകൾ ക്രോഡീകരിച്ചു് അവയുടെ സംക്ഷിപ്തരൂപം അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നു. ആസൂത്രണവും ചർച്ചയുടെ ഫലങ്ങളെ വിലയിരുത്തലും പണിപ്പുരയുടെ കാതലാണു്. പണിപ്പുരയുടെ വിജയകരമായ നടത്തിപ്പിനു് ഒന്നിലധികം ദിവസങ്ങൾ വേണ്ടിവരും. നഗരങ്ങളിലെ ശബ്ദായമാനമായ അന്തരീക്ഷത്തിൽ നിന്നും ഒഴിഞ്ഞുമാറി പ്രശാന്തവും പ്രസന്നവുമായ സാഹചര്യങ്ങളിലാണു് പണിപ്പുര കൂടുതൽ ഫലപ്രദമായി സംഘടിപ്പിക്കാവുന്നതു്.

പണിപ്പുരയുടെ അടിസ്ഥാനത്തിൽ ചർച്ചകൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ട നടപടികൾ:

1. പണിപ്പുരയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾക്കു് രൂപം കൊടുക്കുകയും പ്രചാരം കൊടുക്കുകയും ചെയ്യുകയാണു് ആദ്യപടി.
2. പണിപ്പുരയുടെ നിയന്ത്രണത്തിനു് ഒരാളെ നേതാവായി തിരഞ്ഞെടുക്കണം.
3. ആളുകളെ സംഘടിപ്പിക്കുവാനും പ്രവർത്തനം ആരംഭിക്കുവാനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യണം.
4. സജ്ജീകരണങ്ങൾ ശരിപ്പെടുത്തുന്നതിനു് അധ്യാപകനെയോ ഒരു പൗരസമിതിയെയോ നിയോഗിക്കാവുന്നതാണു്.

5. അധ്യക്ഷനായിരിക്കണം ആദ്യം ചർച്ചാവിഷയം സംഘത്തിൽ അവതരിപ്പിക്കേണ്ടതു്.
6. അംഗങ്ങളുടെ താല്പര്യമനുസരിച്ചു് പ്രവർത്തനഗ്രൂപ്പുകൾ തിരഞ്ഞെടുക്കപ്പെടണം.
7. പ്രവർത്തനഗ്രൂപ്പുകൾ പ്രത്യേകം സമ്മേളിച്ചു് ചർച്ചകൾ നയിക്കുവാൻ നായകനെയും നടപടി രേഖപ്പെടുത്താൻ റെക്കോർഡറെയും നിയമിക്കണം.
8. ഓരോ ഗ്രൂപ്പിനും വിദഗ്ധന്മാരുടെ ഉപദേശം ലഭ്യമാക്കണം.
9. വർക്കു്ഷോപ്പ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആസൂത്രണസമിതി തന്നെ ചുമതല ഏറെറടുക്കണം.

പണിപ്പുര കൂടുതൽ ഫലപ്രദമാകണമെങ്കിൽ താഴെപറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കണം.

1. സുഖസൗകര്യങ്ങളുള്ള സ്ഥലം വർക്ക്ഷോപ്പിനു് ഏർപ്പെടുത്തണം.
2. പണിപ്പുര അംഗങ്ങൾക്കു് ചർച്ച ചെയ്യുന്ന പ്രശ്നത്തിൽ ആത്മാർത്ഥമായ താല്പര്യം വേണം.
3. പണിപ്പുരയിൽ അംഗമായി സംബന്ധിക്കാത്തവരുടെ പ്രസംഗങ്ങൾ അനുവദിക്കരുതു്.
4. സാങ്കേതികവിദഗ്ധന്മാരുടെ സേവനം ഉപയോഗിക്കണം.

സംഘാംഗങ്ങൾക്കു് പ്രശ്നങ്ങളുടെ വിവിധ വശങ്ങളെപ്പററി പഠനം നടത്തുന്നതിനു് പണിപ്പുര സഹായകമാണു്. സാധാരണ പഠനാവസരങ്ങളിൽ നിന്നും വ്യത്യസ്തമായി എല്ലാ വ്യക്തികളും അവരവരുടെ സംഭാവനകൾ പണിപ്പുരയുടെ നേട്ടങ്ങൾക്കായി നൽകുന്നു.

**ജി. സമ്മേളനങ്ങൾ:** വിജ്ഞാനം പ്രദാനം ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിനും ആശയങ്ങൾ വിനിമയം ചെയ്യുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഗ്രൂപ്പുകൾക്കു പ്രചോദനം നല്കുന്നതിനും സമ്മേളനങ്ങൾ ഉപയോഗിക്കാം. പ്രത്യേകകഴിവുകളുള്ള കുറെ വ്യക്തികൾ അവരവരുടെ ആഭിപ്രായങ്ങളും അനുഭവങ്ങളും കൈമാറുന്നതിനു് ഒരു നേതാവിന്റെ അധ്യക്ഷതയിൽ ഒത്തുചേരുന്നതാണു സമ്മേളനം.

കമ്മിററി സമ്മേളനപ്ലാൻ തയാറാക്കുകയും ചർച്ചകളുടെ കാര്യപരിപാടി ആവിഷ്കരിക്കുകയും ചെയ്യുന്നു. സമ്മേളനത്തിൽ വിഷയാവതരണത്തിനു് നിയുക്തരാകുന്ന പ്രാസംഗികർക്കു പ്രബന്ധങ്ങൾ തയാറാക്കി അവതരിപ്പിക്കാം. സമ്മേളനത്തിനു് ആഗതരാകുന്ന അംഗങ്ങൾ തയാറെടുത്തു് തന്നെ വരേണ്ടതാണു്. അംഗങ്ങൾക്കു് ആശയവ്യാപനമോ സംഘടിത പ്രവർത്തനമോ ആണു് ലക്ഷ്യമെങ്കിൽ അവർ നിരീക്ഷകരായിമാത്രം ഇരുന്നാൽ പോരാ, ചർച്ചയിൽ സജീവമായി പങ്കെടുക്കുകയാണു വേണ്ടതു്.

സമ്മേളനങ്ങൾ വിജയിക്കണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യമാണു്:

1. സമ്മേളനത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പററി അംഗങ്ങൾ ബോധവാന്മാരായിരിക്കണം.
2. അംഗങ്ങൾ താല്പര്യപൂർവം ചർച്ചകളിൽ പങ്കെടുക്കുവാനുള്ള തയാറോടു കൂടി വരണം.
3. സമ്മേളനാരംഭത്തിൽ ഭാരവാഹികൾ സമ്മേളനലക്ഷ്യങ്ങളും നടപടിക്രമങ്ങളും അംഗങ്ങൾക്ക് വിവരിച്ചു കൊടുക്കണം.
4. വലിയ ഗ്രൂപ്പാണെങ്കിൽ ചെറിയ സംഘങ്ങളായി വിഭജിച്ച് പ്രത്യേകം നേതാക്കളെ നിശ്ചയിക്കണം.
5. ചർച്ചയുടെ പുരോഗതിയെ വിലയിരുത്തുകയും അവലോകനം ചെയ്യുകയും വേണം.
6. സമ്മേളനാന്ത്യത്തിൽ തീരുമാനങ്ങൾ എടുക്കുകയും അവ നടപ്പിലാക്കാൻ നിശ്ചയിക്കുകയും വേണം.

## ഐച്ഛികവും പ്രാദേശികവുമായ നേതൃത്വം

ഏതു സമുദായത്തിലും നേതാക്കൾക്ക് അനുയായികളിൽ സ്വാധീനമുണ്ട്. പ്രാദേശികനേതൃത്വത്തിൻെറ സഹായത്തോടെ കർഷകരെ സമീപിക്കുവാനും നൂതനാശയങ്ങൾ പ്രചരിപ്പിക്കുവാനും വ്യാപനപ്രവർത്തകർക്കു സാധിക്കുന്നു. പുതിയ രീതികൾ എതിർപ്പില്ലാതെ കർഷകരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും വ്യാപനപ്രവർത്തകരുടെ അഭാവത്തിൽ ജനങ്ങൾക്ക് സ്വയം പ്രവർത്തിക്കുവാൻ ശേഷിയുണ്ടാക്കുന്നതിനും പ്രാദേശികനേതൃത്വത്തെ പരിശീലിപ്പിക്കുന്നതു മൂലം വ്യാപനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നു.

പ്രാദേശികനേതൃത്വരൂപീകരണത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ.

1. ശരിയായ നേതൃത്വഗുണങ്ങളുള്ളവരെ കണ്ടെത്തുക.
2. നേതാക്കളുടെ പ്രത്യേക കർത്തവ്യങ്ങൾ തിട്ടപ്പെടുത്തുക.
3. തിരഞ്ഞെടുത്തവരെ പരീക്ഷണാർഥം ചുമതലകൾ ഏല്പിക്കുക.
4. നേതൃത്വപരിശീലനക്യാമ്പുകൾ സംഘടിപ്പിച്ച് സാങ്കേതികവിഷയങ്ങളിലും സംഘടനാതത്വങ്ങളിലും വിദഗ്ധപരിശീലനം നൽകുക.
5. ഗ്രാമസഹായകർക്ക് അർഹിക്കുന്ന മാന്യത അംഗീകരിച്ചു കൊടുക്കുക.
6. ഗ്രാമീണനേതൃത്വത്തിൻെറ ഉപദേശങ്ങൾ സ്വീകരിക്കുക.
7. സ്വന്തമായ ആശയങ്ങൾ രൂപീകരിക്കുന്നതിന് അവരെ സഹായിക്കുക.
8. സാമൂഹ്യപ്രവർത്തനരംഗത്ത് കൂടുതൽ ചുമതലകൾ അവരെ ഏല്പിക്കുക.
9. വ്യാപനപ്രവർത്തകർ ഗ്രാമങ്ങൾ സന്ദർശിച്ച് നേതാക്കന്മാരുടെ ഗണനീയമായ പരിശ്രമങ്ങളെ അഭിനന്ദിക്കുക.

## ഗുണങ്ങൾ

1. വ്യാപനരംഗത്ത് പരിശ്രമങ്ങൾ ദ്വിഗുണീഭവിക്കുന്നു.
2. നാട്ടുകാർക്ക് നേതാക്കളിൽ വിശ്വാസമുള്ളതു കൊണ്ട് വ്യാപനരംഗത്ത്

അവരിൽ കൂടിയുള്ള സമീപനം നൂതനസമ്പ്രദായങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് സഹായകമാകുന്നു.

3. നേതാക്കളിൽ കൂടിയുള്ള സമീപനം വ്യാപനപ്രവർത്തകർക്ക് സമയലാഭം ഉണ്ടാക്കുന്നു.
4. സമുദായത്തിൽ സ്വാശ്രയബോധം വളർത്തുന്നു.
5. സമുദായൈക്യവും മൈത്രിയും വളർത്തുന്നു.
6. താരതമ്യേന ചെലവു കുറഞ്ഞ വ്യാപനമാർഗമാണിത്.
7. വ്യാപനപ്രവർത്തനങ്ങൾ പരാജയപ്പെടുകയാണെങ്കിൽ ജനങ്ങൾക്കോ വ്യാപനപ്രവർത്തകർക്കോ ഉണ്ടാകാനിടയുള്ള ആഘാതം ലഘൂകരിക്കുവാൻ പ്രാദേശികനേതൃത്വം സഹായകമാകുന്നു.

പരിമിതികൾ

1. പ്രവർത്തനോന്മുഖരായ നേതാക്കളുടെ എണ്ണം തുലോം കുറവായിരിക്കും.
2. കപടനേതൃത്വവും അസൂയയും ഈ മാർഗത്തിന്റെ പ്രഭാവത്തെ പ്രതികൂലമായി ബാധിക്കുന്നു.
3. ഗ്രൂപ്പ് ഫലപ്രദമായി അഭിവൃദ്ധിപ്പെടുന്നതു വരെ പ്രവർത്തനം വളരെ മന്ദഗതിയിലായിരിക്കും.
4. നേതാക്കന്മാർ അവരുടെ സ്ഥാനവും മാന്യതയും വ്യക്തിപരമായ താൽപര്യങ്ങൾക്ക് ഉപയോഗിക്കാം.
5. വ്യാപനപ്രവർത്തകർക്ക് ജനങ്ങളുമായുള്ള സമ്പർക്കം കുറഞ്ഞു വരും.

അഭിയാനം

സമുദായത്തെ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്നിനെ ആസ്പദമാക്കി അല്പകാലത്തേയ്ക്ക് സംഘടിപ്പിക്കുന്ന ഒരു തീവ്രപ്രചാനപദ്ധതിയാണ് അഭിയാനം അഥവാ കാംപെയിൻ. ഈ വ്യാപനമാർഗം സ്വീകരിക്കുന്നതിനു മുമ്പ് പുതിയ സമ്പ്രദായങ്ങളോ രീതികളോ പൊതുജനങ്ങൾക്ക് തൃപ്തികരമാണെന്ന് നിസ്സംശയം തെളിഞ്ഞിരിക്കണം. സമൂഹത്തിന്റെ വികാരനിർഭരമായ ഭാഗഭാഗിത്വമാണ് പ്രവർത്തനത്തിനു പ്രേരണ നൽകുന്നത്. കാംപെയിൻ ഫലപ്രദമായി നടത്തുവാൻ സഹായകമായ നടപടികൾ:—

1. തദ്ദേശീയമായ പൊതുആവശ്യങ്ങൾ കണ്ടെത്തുക.
2. പ്രാദേശികനേതാക്കന്മാരും വിവിധ വികസന ഏജൻസികളുമായി കൂടിയാലോചിക്കുക
3. കാംപെയിൻ നടത്തിപ്പിനെ പററി വിദഗ്ധരുമായി ചർച്ച ചെയ്യുക.
4. സാങ്കേതികവിദഗ്ധരുടെ സേവനങ്ങളും സാമഗ്രികളുടെ സംഭരണവും സുദൃഢമാക്കുക.
5. പ്ലാനനുസരിച്ചു പ്രവർത്തിക്കുക.
6. എല്ലാ പ്രവർത്തനങ്ങളും നേതാക്കളിൽ കൂടി സംഘടിപ്പിക്കുക.

7. കാംപെയിൻ പ്രവർത്തനപുരോഗതിയെ സൂസൂക്ഷ്മം വീക്ഷിച്ചു കൊണ്ടിരിരിക്കുക.
8. പരാജയകാരണങ്ങൾ വിശകലനം ചെയ്തു പഠിക്കുക.

### അഭിയാനത്തിന്റെ മേന്മകൾ

1. ഹ്രസ്വകാലം കൊണ്ടു് കൂടുതൽ ജനങ്ങളുമായി സമ്പർക്കം സാധ്യമാകുന്നു.
2. ചുരുങ്ങിയ ചെലവിൽ കൂടുതൽ ഫലം ലഭിക്കുന്നു.
3. വിജയകരമായി സമാപിച്ച അഭിയാനം മററു വ്യാപനമാർഗങ്ങളുടെ ഉപയോഗത്തിനു് പര്യാപ്തവും സുഗമവും ആയ അന്തരീക്ഷം സൃഷ്ടിക്കുന്നു.
4. സമുദായത്തിനു് സ്വന്തം കഴിവിൽ വിശ്വാസം ഉണ്ടാകുന്നു.
5. സമുദായത്തിന്റെ പൂർണ്ണപിൻതുണയും പങ്കെടുക്കലും ഇല്ലാത്ത അസാധ്യമായ പ്രവർത്തനങ്ങളിൽ അഭിയാനം സഹായകമാണു്.

### പരിമിതികൾ

1. എല്ലാ പ്രവർത്തനരംഗങ്ങളും പൂർണമായി സഹകരിച്ചെങ്കിൽ മാത്രമേ അഭിയാനം ഫലപ്രദമാവുകയുള്ളു.
2. വ്യാപിപ്പിക്കുന്ന ആശയമോ സമ്പ്രദായമോ വളരെ സങ്കീർണമോ സാങ്കേതികമോ ആയാൽ കാംപെയിൻ വിജയിക്കില്ല.
3. വിപുലമായ ആസൂത്രണവും തയാറെടുപ്പും വിവിധഏജൻസികളുടെ സന്തതസഹകരണവും തീവ്രപ്രയത്നവും ഇതിനു് ആവശ്യമാണു്.
4. ചില പ്രത്യേക വിഷയങ്ങൾക്കു് മാത്രമേ അഭിയാനം അനുയോജ്യമാവുകയുള്ളു.

### പഠനപര്യടനം

ഒരു സംഘം വ്യക്തികളെ പ്രത്യേകലക്ഷ്യങ്ങളോടെ പല സ്ഥലങ്ങളിലും കൊണ്ടുപോയി പുതിയ സമ്പ്രദായങ്ങളും പ്രകടനങ്ങളും മററും കാണിച്ചു് ചർച്ചകൾക്കു സൗകര്യമുണ്ടാക്കുന്ന മാർഗമാണു് പഠനപര്യടനം. പര്യടനത്തിലൂടെ സഞ്ചയിക്കപ്പെടുന്ന അനുഭവങ്ങളും അതിന്റെ പ്രഭാവവും പരിവർത്തനത്തിനുള്ള പ്രചോദനം അംഗങ്ങൾക്കു നൽകുന്നു. പുതിയ രീതികൾ വിജയപ്രദമായി പ്രയോഗിച്ചിരിക്കുന്നതു് നേരിട്ടു കാണുവാൻ അവസരം ലഭിക്കുന്ന അംഗങ്ങൾ ജനങ്ങൾക്കു് പുതിയ സമ്പ്രദായങ്ങളിൽ താൽപര്യം ജനിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളിൽ മുഴുകും. ചർച്ചകൾ നടത്താനും പഠനപര്യടനത്തിൽ വേണ്ടുവോളം സന്ദർഭങ്ങൾ ലഭിക്കുന്നു.

### പഠനപര്യടനത്തിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ

1. പഠനപര്യടനലക്ഷ്യം എന്താണെന്നു് നിശ്ചയിക്കുക.
2. പര്യടനസംഘത്തിന്റെ ഘടന നിർണയിക്കുക.
3. പരിപാടിയുടെ വിശദാംശങ്ങൾ സംഘാംഗങ്ങളുമായി ചർച്ച ചെയ്തു് സന്ദർശനതീയതിയും സമയവും സ്ഥലങ്ങളും തീരുമാനിക്കുക.

4. സന്ദർശിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളുമായി കാലേകൂട്ടി സമ്പർക്കം പുലർത്തുക.
5. സന്ദർശനാവസരത്തിൽ അംഗങ്ങൾക്ക് ചോദ്യോത്തരങ്ങൾക്ക് സമയമനുവദിക്കണം.
6. അംഗങ്ങൾ പര്യടനത്തെപ്പററി വിശദമായി നോട്ടുകുറിക്കണം.
7. ഹ്രസ്വകാലത്തിൽ തിരക്ക് പിടിച്ച പരിപാടികൾ രൂപീകരിക്കരുത്.
8. വിശ്രമത്തിനും വിനോദത്തിനും പരിപാടിയിൽ സ്ഥാനം ഉണ്ടായിരിക്കണം.
9. പര്യടനത്തിൻെറ വിവിധപരിപാടികൾ എഴുതി ഉണ്ടാക്കി അംഗങ്ങളെ ധരിപ്പിക്കണം.
10. വിവിധവിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നവരായിരിക്കണം അംഗങ്ങൾ.
11. സംഘത്തിൻെറ വലിപ്പം അനിയന്ത്രിതമായിപ്പോകാതെ സൂക്ഷിക്കണം.
12. പര്യടനത്തിൽ കൂടി നേടിയ അനുഭവങ്ങൾ വിവരിക്കുവാൻ ഓരോ അംഗത്തിനും അവസരം നൽകണം.
13. പര്യടനത്തിനു ശേഷം അനുഗമനപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
14. പര്യടനാനുഭവങ്ങൾ ലേഖനരൂപേണ പ്രസിദ്ധീകരിക്കണം.

ഗുണങ്ങൾ

1. പഠനപര്യടനം പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നു.
2. നേരിട്ടു കണ്ടനുഭവപ്പെടുന്നതിനാൽ പുതിയ ആശയങ്ങളുടെ അംഗീകാരസാധ്യതകൾ വർധിക്കുന്നു.
3. തുടർന്നുള്ള വ്യാപനപ്രവർത്തനങ്ങൾക്ക് സംഘാംഗങ്ങളിൽ നിന്നും സജീവമായ സഹകരണം ലഭിക്കുന്നു.
4. സംഘാംഗങ്ങളും വ്യാപനപ്രവർത്തകരും തമ്മിൽ ശരിയായ ധാരണ ഉണ്ടാകുന്നു.
5. അംഗങ്ങളുടെ വീക്ഷണമണ്ഡലങ്ങൾ വികസിക്കുന്നു.

പരിമിതികൾ

1. താരതമ്യേന ചെലവ് വളരെ കൂടുതലാണ്.
2. എല്ലാവർക്കും അനുയോജ്യമായ സമയം തിട്ടപ്പെടുത്തുവാൻ പ്രയാസമുണ്ട്.
3. വളരെ അംഗങ്ങൾക്ക് സഞ്ചാര താമസ സൗകര്യങ്ങൾ സുലഭമായി ലഭിക്കുന്നത് പ്രയാസമേറിയ ഒരു കാര്യമാണ്.
4. പര്യടനം വിജയപ്രദമായി നടത്തിയില്ലെങ്കിൽ ഇച്ഛാഭംഗത്തിനും നിരാശയ്ക്കും ഇടവരും.
5. വിദ്യാഭ്യാസലക്ഷ്യത്തെ മറികടക്കുന്ന മററു താല്പര്യങ്ങൾ പര്യടനത്തിൻെറ പ്രഭാവത്തെ കുറയ്ക്കുന്നു.

## പ്രസിദ്ധീകരണങ്ങൾ

ബഹുജനസമ്പർക്കത്തിന് വേണ്ടി ഉപയോഗിക്കുന്ന ലിഖിതമാധ്യമങ്ങളാണ് പ്രസിദ്ധീകരണങ്ങൾ. പത്രലേഖനങ്ങൾ, ചാക്രികലേഖനങ്ങൾ ചുവർപത്രങ്ങൾ, പോസ്റ്ററുകൾ, ലഘുപത്രികകൾ, ചെറു പുസ്തകങ്ങൾ, ലഘുലേഖകൾ മുതലായവ ഈ വിഭാഗത്തിലുൾപ്പെടും. ജനങ്ങൾക്ക് ബോധ്യം വരുത്തുന്നതിനുള്ള മററു മാർഗങ്ങൾക്ക് ഉപോൽബലകമായിട്ടാണ് പ്രസിദ്ധീകരണങ്ങൾ ഉപയോഗിക്കപ്പെടുന്നത്. സ്വീകർത്താക്കളുമായി മററു മാർഗങ്ങളിൽക്കൂടി പ്രവർത്തകർ സമ്പർക്കം പുലർത്തുമ്പോൾ ഇവ വിതരണം നടത്തുന്നു.

## വർത്തമാനപ്പത്രങ്ങൾ

പൊതുജനസമ്പർക്കത്തിനുള്ള ഒരു മാധ്യമമാണ് വർത്തമാനപ്പത്രങ്ങൾ. പക്ഷേ, പത്രങ്ങൾ പ്രയോജനപ്പെടണമെങ്കിൽ ജനങ്ങൾക്ക് സാക്ഷരത്വം ഉണ്ടായിരിക്കണം. വ്യാപന സന്ദേശങ്ങൾ പത്രദ്വാരാ ജനങ്ങൾക്ക് ലഭിക്കുന്നു. സമുദായവും വ്യാപനപ്രവർത്തകരും തമ്മിലുള്ള ഒരു സംഗമവേദിയാണ് പത്രം. ജനങ്ങളെ ഒരേ സമയത്തുതന്നെ പ്ലാനും പരിപാടികളും പുരോഗതിയുടെ തോതും അറിയിക്കുവാൻ പത്രങ്ങൾക്ക് കഴിവുണ്ട്.

പത്രലേഖനങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ ഇവയാണ്:

1. സന്ദേശം കഥാകഥനരൂപത്തിലാണ് സംവിധാനം ചെയ്യേണ്ടത്
2. ലളിതമായ ഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കത്തക്ക വണ്ണം അട്ടക്കി പ്രതിപാദിക്കണം.
3. വ്യക്തിപരമായ സമീപനം അഭിലഷണീയമാണ്.
4. വിഷയത്തിൻെറ വിശദാംശങ്ങൾ വ്യക്തമായി നൽകിയിരിക്കണം.
5. വിവിധപ്രസിദ്ധീകരണങ്ങളിൽ സന്ദേശം ഒരേ സമയത്ത് പ്രത്യക്ഷപ്പെടണം.
6. കർഷകരെ അവരുടെ അനുഭവങ്ങളെക്കുറിച്ച് എഴുതുവാൻ പ്രോൽസാഹിപ്പിക്കണം.

വർത്തമാനപ്പത്രങ്ങൾക്ക് പ്രചാരമില്ലാത്ത ഗ്രാമങ്ങളിലും സാക്ഷരത്വം കുറവായ പ്രദേശങ്ങളിലും ഉപയോഗിക്കാവുന്നതാണ് ചുവർപത്രങ്ങൾ (wall news papers) ഗ്രാമീണർക്കു പ്രാധാന്യമുള്ള വാർത്തകളും സന്ദേശങ്ങളും നിർദ്ദേശങ്ങളും കലാപരമായി സംവിധാനം ചെയ്ത് ഗ്രാമങ്ങളിൽ മർമപ്രധാനമായ സ്ഥലങ്ങളിൽ പതിക്കുന്നു. സചിത്രസന്ദേശങ്ങൾ കൂടുതൽ ആകർഷകമായിരിക്കും. വിദ്യാഭ്യാസമുള്ളവർക്ക് ഇല്ലാത്തവരെ വായിച്ചു കേൾപ്പിക്കാവുന്നതാണ്.

## ലഘുലേഖകൾ, പത്രികകൾ തുടങ്ങിയവ

പാഠ്യപദ്ധതിയുടെ അടിസ്ഥാനം പ്രസിദ്ധീകരണങ്ങളാണ്. ശാസ്ത്രീയമായി വിവേകപൂർവം ഉപയോഗിക്കുകയാണെങ്കിൽ പ്രസിദ്ധീകരണങ്ങൾ

വിജ്ഞാനവ്യാപനത്തിന് ഫലപ്രദമായ ആയുധങ്ങളായിരിക്കും. കർഷകരുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി വേണം പ്രസിദ്ധീകരണങ്ങൾ സജ്ജമാക്കാൻ. പ്രാദേശികഭാഷയിൽ ചെറിയ വാക്യങ്ങളിൽ ധാരാളം ചിത്രങ്ങൾ ഉൾക്കൊള്ളിച്ച് അവ നിർമ്മിക്കണം. ഓരോന്നിലും പ്രദാനം ചെയ്യുന്ന അറിവുകൾ പൂർണ്ണമായിരിക്കണം.

പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിൽ ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ ഇവയാകുന്നു:

1. ലഘുവായ ആശയങ്ങൾ അവതരിപ്പിച്ച് ഗ്രാമീണർക്ക് താല്പര്യമുള്ള വിഷയങ്ങളെപ്പററി എഴുതുക.
2. ഗ്രാമീണർക്കു മനസ്സിലാകുന്ന ഭാഷ മാത്രമേ ഉപയോഗിക്കാവൂ.
3. ചെറിയ ഖണ്ഡികകളുപയോഗിക്കുക. ആശയങ്ങൾ പേജിൽ തിക്കികയററരുത്.
4. ചിത്രങ്ങൾ ധാരാളമായി ഉപയോഗിച്ച് പ്രസിദ്ധീകരണം ആകർഷകമാക്കുക.
5. പൂർണ്ണമായ നിർദ്ദേശങ്ങൾ നൽകുക.
6. നിർദ്ദേശങ്ങളുടെ കൃത്യത പരിശോധിക്കുക.

പ്രസിദ്ധീകരണങ്ങളുടെ മേന്മകൾ:

1. സാക്ഷരതയുള്ള പ്രേക്ഷകരിൽ ഭൂരിഭാഗത്തേയും പ്രസിദ്ധീകരണങ്ങളിൽക്കൂടി സമീപിക്കുവാൻ സാധിക്കുന്നു.
2. പ്രസിദ്ധീകരണങ്ങൾ സൂക്ഷിച്ചു വെച്ച് ഭാവിയിൽ ഉപയോഗിക്കുവാൻ സാധിക്കുന്നു.
3. താരതമ്യേന ചെലവ് കുറഞ്ഞ മാർഗമാണ് ഇത്.
4. കൃത്യവും വിശദവുമായ വിവരങ്ങൾ നൽകാൻ സാധിക്കുന്നു.

പരിമിതികൾ

1. സാക്ഷരതയില്ലാത്തവർക്ക് നിഷ്പ്രയോജനമാണ്.
2. മററു മാർഗങ്ങൾ ഒഴിവാക്കിയാൽ ഇവ മാത്രം കൊണ്ട് ലക്ഷ്യപ്രാപ്തി സാധ്യമല്ല.
3. ശരിയായി സംവിധാനം ചെയ്ത് അവതരിപ്പിച്ചില്ലെങ്കിൽ പ്രാധാന്യം നഷ്ടപ്പെടും.
4. സാധാരണയായി സാമാന്യ ഉപയോഗത്തിന് വേണ്ടി നിർമ്മിക്കുന്നതുകൊണ്ട് പ്രത്യേക ലക്ഷ്യങ്ങൾക്ക് മതിയാവുകയില്ല.
5. വ്യക്തിപരമല്ലാത്ത സമ്പർക്കം കൊണ്ട് യോഗത്തിൻെറയോ ചർച്ചകളുടേയോ വ്യക്തി സമീപനത്തിൻെറയോ സാമൂഹ്യമൂല്യങ്ങളില്ല.

ചാക്രികലേഖനം

വളരെ ഫലപ്രദമായ ഒരു ആശയവിനിമയമാധ്യമമാണ് ചാക്രികലേഖനം. ടൈപ്പു ചെയ്ത കോപ്പികളെടുത്തതോ അച്ചടിച്ചതോ ആയ എഴുത്തുകളിൽ ഗ്രാമീണർക്ക് ആവശ്യമുള്ള സന്ദേശം അടങ്ങിയിരിക്കുന്നു. വ്യക്തിപര

മായി ഗ്രാമീണർക്ക് വ്യാപന പ്രവർത്തകരുടെ അടുക്കൽ നിന്നും എഴുത്തുകൾ കിട്ടുന്നതിൽ മനഃശാസ്ത്രപരമായി വളരെ പ്രധാന്യം ഉണ്ട്. ഈ എഴുത്തുകൾ ആശയ പരിവർത്തനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. യോഗങ്ങൾക്ക് പ്രചാരണം കൊടുക്കുന്നതിനും കാർഷിക കുടുംബപ്രശ്നങ്ങളെപ്പററി വിവരം നൽകുന്നതിനും യുവജന സംഘവുമായോ നേതാക്കളുമായോ സമ്പർക്കം പുലർത്തുന്നതിനും ഈ മാർഗം ഉപയോഗിക്കാം. സാമാന്യ വിവരങ്ങൾ വിനിമയം ചെയ്യുന്നതിനും തുടർച്ചയായി സമ്പർക്കം നില നിറുത്തിപ്പോരുന്നതിനും ചാക്രികലേഖനം ഉപകരിക്കുന്നു.

ചാക്രികലേഖനം വ്യാപനമാർഗമായി ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ താഴെ കൊടുക്കുന്നു:

1. ചാക്രികലേഖനം തയാറാക്കുന്നതിനു മുമ്പ് അതു് ആവശ്യമാണോ സമയോചിതമായി അറിവ് പ്രദാനം ചെയ്യുമോ മററു മാർഗങ്ങൾക്ക് ഉപോൽബലകമാണോ എന്ന് നിശ്ചയിക്കണം.
2. ചാക്രികലേഖനത്തിന്റെ പ്രത്യേകലക്ഷ്യം വ്യക്തമാക്കണം. ഏതു് വിഭാഗം സ്വീകർത്താക്കളുമായാണ് സമ്പർക്കം പുലർത്തേണ്ടതു് എന്നു നിശ്ചയിക്കുക.
3. ചാക്രികലേഖനത്തിന്റെ പ്ലാൻ ഉണ്ടാക്കുക. പ്ലാനിൽ ലക്ഷ്യങ്ങൾ നേടുന്ന വിധം ജനങ്ങളുടെ ആവശ്യങ്ങളുമായുള്ള ബന്ധം, ചർച്ചാവിഷയം, ലേഖനപരമ്പരയുടെ എണ്ണം, തീയതികൾ, വിതരണലിസ്റ്റ് മുതലായവ പ്രതിപാദിച്ചിരിക്കണം.

പ്ലാനനുസരിച്ച് വിദഗ്ധോപദേശത്തോടെ, നല്ല രീതിയും ശൈലികളുമുപയോഗിച്ച് കത്തു എഴുതിയുണ്ടാക്കുക. വ്യക്തിപരമായ സമീപനം കത്തിൽ അഭിലഷണീയമാണ്.

## ഗുണങ്ങൾ

1. സ്വീകർത്താക്കൾക്ക് വേഗത്തിൽ ലഭിക്കുന്നു.
2. പ്രവർത്തനനിരതരല്ലാത്തവർക്കും ലഭിക്കുന്നു.
3. സമയോചിതമായ അറിവ് പ്രത്യേകതാൽപര്യമുള്ള സംഘാംഗങ്ങൾക്ക് എത്തിക്കാം.
4. വിവിധ വിഷയങ്ങൾ പ്രതിപാദിക്കാൻ പററിയ മാർഗമാണ്.
5. മററ് വ്യപനമാർഗങ്ങൾക്ക് അനുബന്ധമായി ഉപയോഗിക്കാം.
6. സാമാന്യേന കുറഞ്ഞ ചെലവിൽ പുതിയ സമ്പ്രദായങ്ങളുടെ അംഗീകാരത്തിന് പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു.

## പരിമിതികൾ

1. വളരെ കോപ്പികൾ സജ്ജമാക്കാൻ പ്രത്യേകയന്ത്രസാമഗ്രികൾ ആവശ്യമാണ്.

2. നിരന്തരമായി ഉപയോഗിക്കുമ്പോൾ പ്രഭാവത്തിന് ഹാനി തട്ടും.
3. ലേഖനം വൃത്തിയായും ശരിയായും സംവിധാനം ചെയ്തില്ലെങ്കിൽ പണവും സമയവും നഷ്ടപ്പെടുന്നു.
4. സാക്ഷരതയുമുള്ള ജനങ്ങൾക്കു മാത്രമേ പ്രയോജനകരമാകുന്നുള്ളു.

റേഡിയോ

ഫലപ്രദമായ ഒരു പുതിയ ബഹുജനവിനിമയമാധ്യമമാണ് റേഡിയോ. അവികസിതരാജ്യങ്ങളിൽ പ്രചുരപ്രചാരത്തിലിനിയും വന്നിട്ടില്ലാത്ത ഒരു സുപ്രധാന വാർത്താവിനിമയവാഹികയാണിതു്. പരിഷ്കൃത രാജ്യങ്ങളിൽ ദൈനം ദിനജീവിതത്തിൽ ബഹുജന സമ്പർക്കത്തിന് റേഡിയോ അനിവാര്യമാണ്. മററു മാർഗങ്ങളെ അപേക്ഷിച്ച് ഏററവും ചുരുങ്ങിയ കാലയളവിൽ ഏററവും കൂടുതൽ ജനങ്ങളുമായി സമ്പർക്കം പുലർത്താൻ ഈ മാധ്യമം പ്രയോജനപ്പെടുന്നു. അടിയന്തിര വാർത്തകൾ പ്രക്ഷേപണം ചെയ്ത് ശ്രോതാക്കളെ അറിയിക്കുന്നതിന് റേഡിയോ പോലെ പററിയ മറെറാരുപകരണമില്ല. വികസിത രാജ്യങ്ങളിൽ വ്യാപനപ്രവർത്തകർ പതിവായി റേഡിയോ ഉപയോഗിച്ച് സമയോചിതമായ നിർദ്ദേശങ്ങളും അറിവുകളും ഗ്രാമീണർക്കും കർഷകർക്കും നൽകുന്നു.

ചർച്ചകളും പ്രസംഗങ്ങളും സിംപോസിയങ്ങളും സംഭാഷണങ്ങളും നാടകങ്ങളും നാടോടിപ്പാട്ടുകളും ചർച്ചകളും റേഡിയോവിലൂടെ പ്രക്ഷേപണം ചെയ്യാം. പത്രംപോലെയാണ് റേഡിയോ. പത്രത്തിൽ വായിക്കുന്നു, റേഡിയോവിൽ കേൾക്കുന്നു എന്ന വ്യത്യാസം മാത്രം.

റേഡിയോ വ്യാപനമാർഗമായി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ താഴെ വിവരിക്കുന്നു:

1. ഗ്രാമീണപരിപാടികൾ കേൾക്കുവാൻ ഗ്രാമവാസികളെ പ്രോത്സാഹിപ്പിക്കുക.
2. കർഷകരെ റേഡിയോ സ്റ്റേഷനുമായി സമ്പർക്കം പുലർത്താൻപ്രേരിപ്പിക്കുക.
3. പ്രത്യേക പരിപാടികൾ കർഷകരെ നേരത്തെക്കൂട്ടി അറിയിക്കുക.
4. പ്രാദേശികപ്രാധാന്യമുള്ള കഥകൾക്കും കലാപരിപാടികൾക്കും പ്രക്ഷേപണത്തിൽ സ്ഥാനം നല്കുക.

റേഡിയോയുടെ മേന്മകൾ:

1. കൂടുതൽ ജനങ്ങളുമായി കുറഞ്ഞ ചെലവിൽ സമ്പർക്കം പുലർത്താൻ സാധ്യമാകുന്നു
2. അടിയന്തിരവാർത്തകൾ പെട്ടെന്നു് ശ്രോതാക്കൾക്ക് എത്തിക്കാം.
3. വിവിധ രംഗങ്ങളിലുള്ള പ്രായോഗികാനുഭവങ്ങൾ കൈമാറുന്നു.
4. വിദഗ്ധരെക്കൊണ്ടു് പ്രസംഗിപ്പിക്കാം.
5. പ്രാദേശികകഴിവുകൾക്ക് പ്രോത്സാഹനം നൽകാനുപകരിക്കും.

6. സാക്ഷരതാമില്ലാത്തവർക്കും ഉള്ളവരിൽ തന്നെ എഴുതുവാനോ വായിക്കുവാനോ താല്പര്യമില്ലാത്തവർക്കും സന്ദേശം ലഭിക്കുന്നു.
7. നല്ലൊരു പ്രേക്ഷകവൃന്ദത്തെ സൃഷ്ടിച്ചെടുക്കുവാൻ റേഡിയോ മൂലം സാധ്യമാകുന്നു.
8. മററു വ്യാപനമാർഗങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നു.

## പരിമിതികൾ

1. എല്ലാ വ്യക്തികൾക്കും റേഡിയോ ഉണ്ടായിരിക്കില്ല.
2. റേഡിയോ ഉള്ളവർ പ്രക്ഷേപണസമയത്ത് ശ്രദ്ധിക്കുകയില്ല.
3. പരിപാടിയുടെ സമയം ശ്രോതാക്കളുടെ സൗകര്യത്തിന് അനുയോജ്യമായിരിക്കില്ല.
4. കലാപരിപാടികളുടെ സമ്മിശ്രസമ്മേളനത്തിൽ സന്ദേശം നിഷ്പ്രഭമാകും.
5. അവികസിതരാജ്യങ്ങളിൽ പ്രക്ഷേപണസൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്.
6. വ്യാപനപ്രവർത്തകർക്ക് റേഡിയോ സ്റ്റേഷനുമായി അടുത്ത ബന്ധം ലഭിക്കുന്നില്ല.

## ടെലിവിഷൻ

നമ്മുടെ രാജ്യത്ത് ഇനിയും പ്രചാരത്തിൽ വന്നിട്ടില്ലാത്ത ഒരു വിനിമയവാഹികയാണ് ടെലിവിഷൻ. ഇത് ആധുനിക ശാസ്ത്രപുരോഗതിയുടെ ഒരു വൻപിച്ച നേട്ടമാണ്. വികസിത രാഷ്ട്രങ്ങളിൽ, ദൈനംദിന ജീവിതത്തിൽ വിപുലമായി ഉപയോഗിക്കുന്ന പഠനമാധ്യമമാണ് ടെലിവിഷൻ. പ്രേക്ഷകർക്ക് വിനിമയകനെ മുഖത്തോടു മുഖം കാണുവാൻ സാധിക്കുന്നു. ടെലിവിഷനിൽ ഒരു രീതി എന്താണെന്നും എങ്ങനെയാണെന്നും കാണിക്കുവാൻ സാധിക്കും. ഒരേ സമയത്ത് കാണാനും കേൾക്കാനും സാധിക്കുന്നതുകൊണ്ട് പഠനപ്രഭാവം വർധിക്കുന്നു. രീതിപ്രകടനം വലിയ പ്രേക്ഷകസംഘത്തെ പ്രദർശിപ്പിക്കുന്നതിന് സാധിക്കും. ധാരാളം ശ്രാവ്യദൃശ്യോപകരണങ്ങൾ ഉപയോഗിച്ച് പഠനാനുഭവങ്ങൾക്ക് വാസ്തവികത വർധിപ്പിക്കുവാൻ ടെലിവിഷൻ പര്യാപ്തമാണ്.

## ടെലിവിഷന്റെ മേന്മകൾ

1. മുഖത്തോടു മുഖമായ സമ്പർക്കം മറ്റു മാർഗങ്ങളെ അപേക്ഷിച്ച് കൂടുതലുണ്ട്.
2. റേഡിയോയുടെ ശ്രാവ്യപ്രഭാവത്തെ ദൃശ്യത്തിൽക്കൂടി ടെലിവിഷനിൽ വർധിപ്പിക്കുന്നു.
3. വിവിധ രംഗങ്ങളിലെ എല്ലാ ആളുകളുമായി സമ്പർക്കം പുലർത്തുന്നു.
4. പ്രധാന പ്രവർത്തനങ്ങളുടെ വ്യക്തമായ പ്രദർശനം സാദ്ധ്യമാണ്.
5. ദീർഘമായ പ്രക്രിയകളെ സിനിമയിലേപ്പോലെ സംക്ഷിപ്തമാക്കി, ഹ്രസ്വകാലയളവിൽ പ്രദർശിപ്പിക്കുവാൻ കഴിയും.

6. മനുഷ്യദൃഷ്ടിക്ക് അഗോചരവും അസാദ്ധ്യവുമായ ദൃശ്യങ്ങൾ ടെലിവിഷനിൽകൂടി കാണാം.

പരിമിതികൾ

1. വ്യാപന സന്ദേശങ്ങളും കലാപരിപാടികളുമായി കിടമത്സരം ഉണ്ടാകുന്നു.
2. ടെലിവിഷൻ ദർശിക്കുകയും മററു പ്രവർത്തനങ്ങൾ തുടരുകയും ഒരേ സമയത്തു് അസാധ്യമാണ്.
. ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്യുവാൻ അസാമാന്യമായ വൈദഗ്ധ്യം വേണം.
4. ചെലവ് ദുസ്സഹമാണ്. ടെലിവിഷന്റെ വിലയും നടത്തിപ്പുചെലവും വളരെ കൂടുതലാണ്.

പ്രദർശനങ്ങൾ

വാക്കുകളിൽ കൂടി വിനിമയം ചെയ്യുന്ന ആശയങ്ങൾക്ക് ഉപോൽബലകമായി ഉപയോഗിക്കുന്ന ശ്രാവ്യദൃശ്യോപകരണങ്ങളല്ല, പ്രാഥമികമായി അറിവ് പ്രചരിപ്പിക്കുവാൻ ഉപകരിക്കുന്ന പ്രദർശനങ്ങളാണിവിടെ വിവക്ഷിക്കുന്നതു്. പ്രാദേശികവും ദേശീയവും ആയി സംഘടിപ്പിക്കപ്പെടുന്ന പ്രദർശനങ്ങൾ ഇതിലുൾപ്പെടും. മോഡലുകളും, പ്രതിരൂപങ്ങളും ചാർട്ടും പോസ്റ്ററുകളും മുറ അനുസരിച്ച് ക്രമബദ്ധമായി സംവിധാനം ചെയ്തു പ്രദർശിപ്പിക്കുന്നതിനാണ് എക്സിബിഷൻ എന്നു പറയുന്നതു്. വ്യാപനവിദ്യാഭ്യാസത്തിലെ മൂന്നു് ഘടകങ്ങൾ താല്പര്യമുളവാക്കുക, പഠിക്കുവാനാഗ്രഹം ജനിപ്പിക്കുക തീരുമാനം എടുക്കുന്നതിനവസരം നൽകുക, എന്നിവയാണല്ലോ–പ്രദർശനങ്ങളിൽ കൂടി ഗ്രാമീണർക്കും പൊതുജനങ്ങൾക്കും നൂതനരീതികളിൽ താല്പര്യം ഉളവാകുകയും ആഗ്രഹം ജനിപ്പിക്കുകയും അംഗീകാരതീരുമാനത്തിനവസരം ലഭിക്കുകയും ചെയ്യുന്നു. വ്യാപനത്തെപ്പററി വ്യക്തമായ ധാരണ ഉണ്ടാക്കുന്നതിനു് പ്രദർശനങ്ങൾക്കു കഴിയും.

പ്രദർശനത്തിൽ ശ്രദ്ധിക്കേണ്ട പ്രധാനവസ്തുതകൾ ഇവയാണ്:

1. പ്രദർശനസ്വഭാവം നിശ്ചയിക്കുക. സമയം, പ്രേക്ഷകർ, ലക്ഷ്യം എന്നിവയെപ്പററി തീരുമാനിക്കുക.
2. ലളിതവും ലഘുവുമായ ആശയങ്ങൾ സംവിധാനം ചെയ്യുക.
3. സംവിധാനം തുടർച്ചയായും ക്രമബദ്ധമായും വേണം.
4. സംവിധാനസാമഗ്രികൾ കഴിയുന്നത്ര കുറച്ച് ഉപയോഗിക്കുക.
5. ആകർഷണീയമായി സജ്ജീകരിക്കുക.
6. മാർഗദർശകർക്കു് പ്രേക്ഷകരെ ഗൈഡ്ചെയ്യുന്നതിനു് ശരിയായ നിർദ്ദേശങ്ങൾ നൽകിയിരിക്കണം.
7. പ്രവർത്തന മാതൃകകൾ കൂടുതൽ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കുന്നതായിരിക്കണം.

8. അനുയോജ്യമായ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യണം.
9. പ്രദർശനത്തിനു് വേണ്ടത്ര പ്രചാരം നൽകുക.
10. പ്രാദേശിക ഉത്സവസമയത്തോ ആഘോഷസമയത്തോ പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
11. പ്രദർശനപ്രഭാവത്തെ വിലയിരുത്തുക. പ്രേക്ഷകരുടെ അഭിപ്രായങ്ങളും വീക്ഷണങ്ങളും വിശകലനം ചെയ്തു് ഭാവിയിലേയ്ക്കു് പാഠങ്ങൾ തയ്യാറാക്കുക.

ഗുണങ്ങൾ

1. നിരക്ഷരരായ ജനങ്ങളെ സമീപിക്കുന്നതിനു് അനുപേക്ഷണീയമാണു്.
2. പദ്ധതികളുടേയും പരിപാടികളുടേയും ആരംഭഘട്ടത്തിൽ പ്രദർശനത്തിനു് വളരെ പ്രചരണമൂല്യമുണ്ടു്.
3. ക്രിയാത്മകമായ പ്രദർശനങ്ങൾ ചിന്തോദ്ദീപകമാണു്.
4. വിവിധ സ്വഭാവത്തിലും രീതിയിലുമുള്ള ആളുകൾ പ്രദർശനത്തിൽ ഒരു പോലെ താല്പര്യം പ്രദർശിപ്പിക്കുന്നു.
5. ക്രിയാത്മകമായ കഴിവുകളുപയോഗിക്കുവാൻ അവസരം ലഭിക്കുന്നു.
6. ആരോഗ്യകരമായ മാത്സര്യബുദ്ധി വളർത്തുന്നു.
7. വിവിധ ഉല്പന്നങ്ങൾക്കു് വിപണിയുണ്ടാക്കുവാൻ പ്രയോജനപ്പെടുന്നു.

പരിമിതികൾ

1. വലിയ തയ്യാറെടുപ്പാവശ്യമാണു്. ധാരാളം ബുദ്ധിമുട്ടുകളും ഉണ്ടു്.
2. വിപുലമായി ഉപയോഗിക്കാൻ അസാധ്യമാണു്.
3. തുടർച്ചയായി ഉപയോഗിക്കുവാൻ പററുകയില്ല.
4. പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളേയും പ്രതിനിധീകരിച്ചു് പ്രദർശിപ്പിക്കുവാൻ പ്രയാസമാണു്.

നാടകങ്ങളും ഗാനങ്ങളും

ഗ്രാമീണർക്കു് വളരെ പ്രിയംകരമാണു് നാടോടിഗാനങ്ങൾ. എല്ലാ രാജ്യത്തും വിവിധതരത്തിലുള്ള ഗാനശില്പങ്ങൾ നിലവിലുണ്ടു്. സമൂഹത്തിന്റെ സാംസ്കാരികാവശ്യങ്ങൾ നിറവേററാനുതകുന്നതും, പൗരാണികകാലത്തെ ധീരകൃത്യങ്ങളെപ്പററി പ്രതിപാദിക്കുന്നതുമായ ഗാനങ്ങൾ ആലപിക്കുന്നവരും ഗ്രാമങ്ങളിൽ ധാരാളമുണ്ടു്. വിനോദത്തിനു് പുറമെ വിജ്ഞാനവുംകൂടി പകരാൻ ഈ ഗാനങ്ങൾ മാധ്യമമായി ഉപയോഗപ്പെടുത്താം.

വ്യാപനപ്രവർത്തനത്തിൽ ഈ കലാകാരന്മാരുടെ സേവനം നൂതനാശയങ്ങളെ വ്യാപിപ്പിക്കുന്നതിനു് ഉപകരിക്കുമെന്നു് തെളിഞ്ഞിട്ടുണ്ടു്. പുതിയ ആശയങ്ങളും ഗാനരൂപത്തിലാക്കണം. സരളവും ഹൃദ്യവുമായ ഗാനങ്ങൾക്കു് ശ്രോതാക്കളെ ഹഠാദാകർഷിക്കാൻ കഴിവുണ്ടു്. ഇതു് സാക്ഷരതയില്ലാത്തവർക്കും ഉപകരിക്കുന്നു.

എല്ലാ രാജ്യത്തും സംഘടിതമായ നാടകസംഘങ്ങൾ നിലവിലുണ്ട്. പ്രൊഫഷണൽ നാടകങ്ങളും അമച്ച്വർ നാടകങ്ങളും ഇക്കൂട്ടത്തിലുണ്ട്. മിക്കവാറും പൗരാണികകഥകൾക്കാണ് പ്രചാരം. കാരണം കഥാതന്തു എല്ലാവർക്കും സുനിശ്ചിതമാണ്. നാടകം ധാരാളം പ്രേക്ഷകരെ ആകർഷിക്കുന്നു. ജീവിതപ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും നാടകരൂപത്തിൽ അവതരിപ്പിക്കുന്നതിന് തന്മയത്വമുണ്ട്. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം പ്രേക്ഷകരുടെ ധാർമ്മികചിന്തയെ ഉണർത്തുന്നു. വളരെ സുശക്തമായ ഒരു വിനിമയമാധ്യമമാണ് നാടകം. സാമൂഹ്യമണ്ഡലത്തിൽ പല പരിവർത്തനങ്ങളും സൃഷ്ടിക്കുവാൻ നാടകങ്ങൾക്കു കഴിയും.

വ്യാപനപ്രവർത്തകർ പ്രചരിപ്പിക്കേണ്ട ആശയങ്ങളും വിജ്ഞാനശകലങ്ങളും തയ്യാറാക്കുകയും നാടകരൂപത്തിൽ കഥയും സംഭാഷണവും ഒരുക്കി സാഹിത്യകാരന്മാരെക്കൊണ്ട് എഴുതിപ്പിക്കുകയും ചെയ്യണം. നാടകത്തിലെ ഓരോ കഥാപാത്രത്തിനും ചേർന്ന നടീനടന്മാരെ തിരഞ്ഞുപിടിക്കണം. നല്ല പരിശീലനം ലഭിച്ചശേഷം നാടകം പ്രദർശിപ്പിക്കാം. സാമൂഹികപരിവർത്തനത്തിന് പ്രേരകമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ നാടകത്തിന് കഴിവുണ്ട്. നിരക്ഷരർക്കും നാടകം ഉപകരിക്കുന്നു.

# 11

## വ്യാപനവും ദൃശ്യശ്രവ്യോപകരണങ്ങളും

ദൃശ്യശ്രവ്യോപകരണങ്ങൾ പഠനാനുഭവങ്ങളുടെ പ്രഭാവത്തിന് മാറ്റു കൂട്ടുന്നു. മനുഷ്യന്റെ ഗ്രഹണശക്തി പഞ്ചേന്ദ്രിയങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. എത്ര കൂടുതൽ ഇന്ദ്രിയങ്ങളെ ഉദ്ദീപിപ്പിക്കുന്നുവോ അത്രയും ആശയവിനിമയം കൂടുതൽ ഫലപ്രദമാകുന്നു. വിനിമയപ്രഭാവം വർധിപ്പിക്കുവാൻ വിവിധജ്ഞാനേന്ദ്രിയങ്ങളെ ഒരേസമയത്ത് പ്രവർത്തിപ്പിക്കണം. ബുദ്ധിപരമായി വലിയ വികസനമില്ലാത്തവർക്ക് നല്ല ധാരണയ്ക്ക് ദൃശ്യശ്രവ്യോപകരണങ്ങൾ സഹായകമാണ്. ബുദ്ധിശാലികൾക്ക് വലിയ വ്യത്യാസം ഉണ്ടായെന്നു വരികയില്ല. വെറും പ്രസംഗങ്ങളെക്കാൾ 50 % കൂടുതൽ ഫലപ്രദമാണ് സ്ലൈഡ് പ്രദർശിപ്പിച്ച് സംസാരിക്കുന്നത്.

എല്ലാ ഇന്ദ്രിയങ്ങളേയും ഉൾപ്പെടുത്തിയുള്ള വിനിമയത്തിലൂടെ ഓർമയെ 90 ശതമാനംവരെ നിലനിർത്തുവാൻ സാധിക്കുന്നു. ഇത് സാധ്യമാകുന്നത് പ്രകടനത്തിൽക്കൂടി മാത്രമാണ്. ദൃശ്യശ്രവ്യോപകരണങ്ങൾ മാത്രംകൊണ്ടു വിനിമയം പൂർണമാകില്ല. മറ്റു വ്യാപനമാർഗങ്ങളുടെ ഭാഗമായി മാത്രമേ അവയ്ക്ക് സ്ഥാനമുള്ളു. പൗരാണികഭാരതീയവിദ്യാഭ്യാസസമ്പ്രദായത്തിൽ പുതിയ അറിവുകളും ആശയങ്ങളും മൂല്യങ്ങളും വിനിമയം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന വാഹികകൾ ശ്രവ്യദൃശ്യപ്രധാനങ്ങളായിരുന്നു. പാവക്കൂത്ത്, കഥാകാലക്ഷേപങ്ങൾ, നാടകങ്ങൾ, ഭജനകീർത്തനങ്ങൾ, ചിത്രമെഴുത്ത്, കൊത്തുവേലകൾ മുതലായവയെല്ലാം ഇതിന് മകുടോദാഹരണങ്ങളാണ്. ഇടക്കാലത്ത് വിദ്യാഭ്യാസരംഗത്തുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി പൂർവസിദ്ധാന്തങ്ങളും രീതികളും നിരുപയോഗമാവുകയും യാന്ത്രികമായ ജ്ഞാനസമ്പാദനത്തിന് പ്രാധാന്യം ലഭിക്കുകയും ചെയ്തു. സാമാന്യബുദ്ധിമാത്രമുള്ള നിരക്ഷരരായ ഗ്രാമീണരിൽ വ്യാപനപ്രവർത്തനത്തിന് ദൃശ്യശ്രവ്യോ-

പകരണങ്ങൾ അനിവാര്യമാണ്. ഓരോ വിനിമയമാർഗത്തിലും അനുയോജ്യമായ സഹായികൾ ഉപയോഗിച്ചാൽ വ്യാപനമാർഗത്തിന്റെ പ്രഭാവം പ്രബലപ്പെടും. വ്യക്തിസമീപനത്തിലോ സംഘസമ്പർക്കത്തിലോ ബഹുജനസമീപനത്തിലോ ഇവ ഉപയോഗയോഗ്യമാണ്.

| | | |
|---|---|---|
|  | വായന മാത്രം | 10-15% |
|  | കേൾവി മാത്രം | 20-25% |
|  | കാഴ്ച മാത്രം | 30-35% |
|  | കാഴ്ചയും കേൾവിയും | 50% |
|  | പഞ്ചേന്ദ്രിയങ്ങളും | 90% |

ചിത്രം; 1

ജ്ഞാനേന്ദ്രിയങ്ങളുടെ താരതമ്യാവബോധം കാണിക്കുന്ന ചാർട്ട്

കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ഗ്രാമീണകർഷകൻ "വയലും വീടും" പരിപാടിയിൽ ഫലപ്രദമായ മുട്ടയുൽപാദനത്തിന് കോഴിയെ 'കൾ' (cull) ചെയ്യണമെന്നും കൂടുതൽ വിവരങ്ങൾക്ക് വികസനപ്രവർത്തകനെ സമീപിക്കണമെന്നുമുള്ള ആഹ്വാനം ശ്രദ്ധിച്ചു എന്നിരിക്കട്ടെ. ഈ കർഷകൻ കോഴിയുടെ കള്ളിങ്ങിനെപ്പററി പഠിക്കുന്നതിന് വ്യാപനപ്രവർത്തകനെ സമീപിക്കുന്നതു് ഒരു വ്യക്തിപരമായ സമ്പർക്കമാണ്. ഈ സന്ദർഭത്തിൽ പ്രവർത്തകൻ വാക്കുകളും വാചകങ്ങളും കൊണ്ട് എത്രമാത്രം കസർത്തുകൾ കാണിച്ചാലും "കള്ളിങ്" പഠിക്കുവാൻ ഉത്തമവും ക്ലേശരഹിതവും ഫലപ്രദവും ആയ മാർഗം,

തിരഞ്ഞു് മാറേറണ്ട കോഴിയെ നേരിട്ട കാണിച്ചുകൊട്ടക്കുന്നതാണു്. വ്യക്തി സമീപനത്തിൽ ചുരുക്കം ചില സന്ദർഭങ്ങളിലൊഴിച്ചു് ബാക്കി എല്ലാ അവസരങ്ങളിലും അഭികാമ്യമായ സഹായിയാണു് യഥാൎത്ഥവസ്തു.

സംഘസമീപനത്തിലും സമയോചിതമായി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ പല ഉപകരണങ്ങളും ആശയവിനിമയത്തിനുപയോഗിക്കാം. "എലിനശീകരണത്തെ"പ്പററി ഗ്രൂപ്പിനെ പഠിപ്പിക്കുകയാണു് ലക്ഷ്യമെങ്കിൽ, സഹായികളായി, പല പടങ്ങളും ഫ്ളാനൽ ഗ്രാഫുകളും എലിക്കൂട്ടും എലിക്കെണിയും വിഷവും മററും കരുതിയിരിക്കണം. എലിക്കെണി വെയ്ക്കുന്നതും എലിവിഷം കൂട്ടുന്നതും പ്രയോഗിക്കുന്നതും പ്രകടനരൂപേണ പ്രദർശിപ്പിക്കുന്നതു് ശരിയായ ധാരണ വളർത്തുന്നതിനു് പ്രയോജനകരമാണു്.

ബഹുജനസമ്പർക്കത്തിനു് പ്രത്യേകം സംവിധാനം ചെയ്ത ദൃശ്യോപകരണങ്ങളാണാവശ്യം. നൂതനരീതികളെപ്പററി ബോധം ജനിപ്പിക്കുകയാണു് ഇവിടെ ലക്ഷ്യം. ലളിതവും ആകർഷകവുമായ പോസ്റ്ററുകൾ ഇതിനു് പററിയതാണു്. ഉദാഹരണത്തിനു്, ഐ. ആർ. 8 എന്ന പുതിയ ഇനം നെല്ലിൻെറ ഗുണഗണങ്ങളെപ്പററി പ്രചരിപ്പിക്കുവാൻ കർഷകർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ചിത്രങ്ങളും പോസ്റ്ററുകളും പ്രദർശിപ്പിക്കുന്നതു് ഏററവും പററിയ ഒരു മാർഗമാണു്.

രീതിപ്രകടനവും ഫലപ്രകടനവും പഠനസന്ദർശനങ്ങളും ദൃശ്യശ്രവ്യോപകരണങ്ങളുടെ ഉപയോഗം അത്യന്താപേക്ഷിതമായ വ്യാപനമാർഗ്ഗങ്ങളാണു്. അവയ്ക്കുള്ള പ്രാധാന്യം പല ഇന്ദ്രിയങ്ങളെ ഒരേസമയത്തു് ഉണർത്തുവാൻ കഴിയുന്നു എന്നതിലാണു് സ്ഥിതിചെയ്യുന്നതു്.

## വിവിധദൃശ്യശ്രവ്യോപകരണങ്ങൾ

ദൃശ്യസഹായികൾ :

1. യഥാൎത്ഥവസ്തുക്കൾ
2. മാതൃകകൾ
3. ചിത്രങ്ങൾ
4. പോസ്റ്ററുകൾ
5. ബ്ളാക്കു് ബോർഡു്
6. ഫ്ളാനൽ ഗ്രാഫ്
7. ഫ്ളാഷ് കാർഡു്
8. ഫ്ളിപ്പ് ബുക്കു്
9. ചാർട്ടുകൾ, ഗ്രാഫുകൾ
10. ബുള്ളററിൻ ബോർഡുകൾ
11. പാവക്കൂത്തു്
12. സിനിമ
13. സ്ലൈഡ്

ശ്രാവ്യോപകരണങ്ങൾ :

1. ടേപ്പ് റെക്കാർഡർ
2. ഗ്രാമഫോൺ

ദൃശ്യശ്രാവ്യോപകരണങ്ങൾ :

1. സിനിമ
2. ടെലിവിഷൻ

"ഒരു പഴയ ചൈനീസ് പഴഞ്ചൊല്ലിൽ ഇപ്രകാരം പറയുന്നു: ഞാൻ കേൾക്കുകയാണെങ്കിൽ മറക്കും; ഞാൻ കാണുകയാണെങ്കിൽ ഓർമിക്കും; ഞാൻ ചെയ്യുകയാണെങ്കിൽ എനിക്കു മനസ്സിലാകും". കേട്ടാൽ മാത്രം പഠനം നടക്കുന്നില്ല; കാഴ്ചയിലും പ്രവൃത്തിയിലും കൂടിയാണ് ശരിയായ ധാരണ ലഭിക്കുന്നത്. പ്രവർത്തനത്തിന് പ്രേരകമായ പഠനം കേൾവിയിൽക്കൂടി മാത്രം ലഭിക്കുന്നില്ല. ദൃശ്യശ്രാവ്യോപകരണങ്ങൾ, കൂടുതൽ പഠിക്കുന്നതിനും വേഗത്തിൽ പഠിക്കുന്നതിനും പഠിക്കുന്നത് കൂടുതൽ കാലത്തേക്കു ഓർമയിൽ നിർത്തുന്നതിനും സഹായകമാണെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ദൃശ്യശ്രാവ്യോപകരണങ്ങളിലൂടെയുള്ള ആശയവിനിമയത്തിന്റെ മെച്ചങ്ങൾ ഇവയാകുന്നു:

1. അധ്യാപകനു പാഠ്യവസ്തുക്കൾ ക്രമബദ്ധമായി സംഘടിപ്പിക്കുന്നതിനു സഹായകമാകുന്നു.
2. ആശയങ്ങൾ മനസ്സിൽ മാഞ്ഞുപോകാത്ത വിധത്തിൽ പതിപ്പിക്കുന്നതിനുതകുന്നു.
3. പഠനം സജീവവും വാസ്തവികവുമാക്കുന്നു.
4. നിരർത്ഥകങ്ങളായ വാക്യപ്രയോഗങ്ങളുടെ ദുസ്സഹത്വം ദൂരീകരിക്കുന്നു.
5. പഠിതാക്കൾക്ക് താല്പര്യം ജനിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നു.
6. ശ്രദ്ധയാകർഷിക്കാനും പിടിച്ചുനിർത്താനും സഹായിക്കുന്നു.
7. ചിന്തയേയും പ്രവൃത്തിയേയും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
8. വീക്ഷണഗതികൾക്ക് പരിവർത്തനം ഉണ്ടാക്കുന്നു.
9. ബോധനത്തിൽ സമയലാഭം ഉണ്ടാക്കുന്നു.
10. അവതരിപ്പിക്കുന്ന ആശയങ്ങൾ വ്യക്തമാക്കുന്നു.

ദൃശ്യശ്രാവ്യോപകരണങ്ങൾ അധ്യാപകനു സ്വന്തം ആശയങ്ങൾ പഠിതാക്കളിലേക്ക് വിനിമയം ചെയ്യുന്നതിനു സഹായകമാണ്. ഒരു മനുഷ്യന്റെ ഹൃദയത്തിലേക്കുള്ള ഏററവും നല്ല മാർഗം വയററിൽ കൂടിയാണ്; പക്ഷേ, അവന്റെ തലച്ചോറിലേക്കുള്ള മാർഗമാകട്ടെ ചെവിയിൽ കൂടിയും കണ്ണിൽക്കൂടിയുമാകുന്നു. ഈ ആശയത്തിന്റെ സാക്ഷാൽക്കാരമാണ് ദൃശ്യശ്രാവ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള ബോധനം.

ദൃശ്യശ്രാവ്യോപകരണങ്ങളുടെ ആസൂത്രണത്തിലും സംവിധാനത്തിലും താഴെപ്പറയുന്ന മൂന്നു വസ്തുതകൾ ഓർത്തിരിക്കേണ്ടതുണ്ട്.

1. എന്തു പറയണമെന്നും എന്താണതിൻെറ പ്രാധാന്യമെന്നും മുൻകൂട്ടി നിശ്ചയിക്കുക.
2. പാഠ്യവിഷയം ക്രമവൽക്കരിക്കുക.
3. പ്രധാനവസ്തുതകൾ പ്രകടിപ്പിക്കത്തക്കവണ്ണം ഉപകരണങ്ങൾ നിർമ്മിക്കുക.

ദൃശ്യസഹായികളുടെ നിർമ്മാണത്തിന് ഉദ്യമിക്കുമ്പോൾ കണക്കിലെടുക്കേണ്ട പല വസ്തുതകളുമുണ്ട്. നിർമ്മാതാവിന് സ്ഥിതിഗതികളെപ്പററി വ്യക്തമായ ധാരണയുണ്ടായിരിക്കണം.

1. എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു ബോധനോപകരണം നിർമ്മിക്കുക സാധ്യമല്ല.
2. ബോധനലക്ഷ്യത്തെപ്പററിയും പഠനവിഷയത്തെപ്പററിയും ശരിയായ ധാരണ ഉണ്ടായിരിക്കുക.
3. അധ്യേതാക്കളുടെ പ്രകൃതം അറിഞ്ഞിരിക്കുക.
4. ഉപകരണങ്ങളുടെ നിർമ്മാണച്ചെലവ്, ലഭ്യത എന്നിവയെപ്പററി അറിഞ്ഞിരിക്കുക.

ദൃശ്യശ്രവ്യോപകരണങ്ങൾ തിരഞ്ഞെടുക്കുമ്പോഴും ഉപയോഗിക്കുമ്പോഴും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. പ്രേക്ഷകരുടെയും അധ്യേതാക്കളുടെയും സവിശേഷതകൾ മനസ്സിലാക്കി വേണം ഉപകരണങ്ങൾ പ്രയോഗിക്കുവാൻ.
2. പ്രയോഗിക്കുവാൻ എളുപ്പമുള്ളതായിരിക്കണം.
3. വ്യക്തവും ലളിതവുമായിരിക്കണം.
4. കൈകാര്യം ചെയ്യുന്നതിനും കൊണ്ടുനടക്കുന്നതിനും പ്രയാസമില്ലാത്തതായിരിക്കണം.
5. ഉപകരണങ്ങൾ വൃത്തിയും ആകർഷകത്വവും ഉള്ളവയായിരിക്കണം.
6. സമയവും സന്ദർഭവും അനുസരിച്ച് മാത്രമേ അവ ഉപയോഗിക്കാവൂ.

## വിവിധ ദൃശ്യശ്രവ്യോപകരണങ്ങൾ

**യഥാർത്ഥവസ്തുക്കൾ:** ഉത്തരേന്ത്യയിൽ ധാരാളം പേർ പാൻസുപ്പാരി (അടയ്ക്ക) ഉപയോഗിക്കുന്നുണ്ടെങ്കിലും അവരിൽ കമുക് കണ്ടിട്ടുള്ളവർ വളരെ വിരളമായിരിക്കും. കമുകിനെ വിവരിക്കുവാൻ എത്ര വാക്യങ്ങൾ പ്രയോഗിച്ചാലും അത് ഒരു യഥാർത്ഥ മരം കാണിച്ചുകൊടുക്കുന്നതു പോലെ ഫലപ്രദമാവുകയില്ല. മരം ദർശിക്കുമ്പോൾ വളരെ വ്യക്തവും കൃത്യവുമായ ധാരണ ഉണ്ടാകുന്നു.

യഥാർത്ഥവസ്തുക്കൾക്ക് മനുഷ്യൻെറ പഞ്ചേന്ദ്രിയങ്ങളെ ഉണർത്താനുള്ള കഴിവുള്ളതുകൊണ്ട് അതു പഠനത്തിന് പ്രോത്സാഹനം നൽകുന്നു. ദൃശ്യസഹായികളിൽ മറെറാന്നിനും ഇത് സാധ്യമല്ല. വ്യാപനരംഗത്ത് എണ്ണമററ യഥാർത്ഥവസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. കോഴിക്കുഞ്ഞോ എരുമയോ ഇൻജക്ഷൻ സിറിഞ്ചോ ബുൾഡോസറോ നെൽച്ചെടിയോ വൻവൃക്ഷമോ എന്നുവേണ്ട ഏതൊരു വസ്തുവും ദൃശ്യോപകരണങ്ങളായി ഉപയോഗിക്കാം.

## മാതൃകകൾ

കുന്നുകൾ, റോഡുകൾ, വീടുകൾ, പാലങ്ങൾ മുതലായവയുടെ മാതൃകകൾ നിർമിച്ച് കുട്ടികൾ കളിക്കുന്നു. അവക്ക് കണ്ടുപരിചയമുള്ള വസ്തുക്കളെയാണ് മാതൃകകൾ പ്രതിനിധാനം ചെയ്യുന്നത്. പരിശീലനകേന്ദ്രങ്ങളിൽ വിവിധമാതൃകകൾ അധ്യയനത്തെ അഭിവൃദ്ധിപ്പെടുത്തുന്നു. മനുഷ്യന് മാതൃകാനിർമാണത്തിലുള്ള അഭിവാഞ്ഛ ശതാബ്ദങ്ങളായി നിലനിൽക്കുന്നതാണ്. പൗരാണികഈജിപ്തുകാർ വള്ളങ്ങളുടെയും മററും സുന്ദരമായ മാതൃകകളുണ്ടാക്കി സൂക്ഷിച്ചിരുന്നുവത്രേ.

പ്രായവ്യത്യാസമില്ലാതെ എല്ലാവരേയും ആകർഷിക്കുന്ന വസ്തുവാണ് മാതൃക. അതുകൊണ്ട് വ്യാപനപ്രവർത്തനത്തിൽ ഒരു സുപ്രധാനമായ സ്ഥാനം അവയ്ക്കുണ്ട്. മാതൃകകൾ ശരിക്കുള്ള വലിപ്പത്തിലുള്ളവയോ ചെറുതോ വലുതോ ആകാം. സന്ദർഭോചിതമായിട്ടായിരിക്കണം വ്യാപനപ്രവർത്തകർ അവയെ ഉപയോഗിക്കേണ്ടത്. പ്രവർത്തിക്കുന്ന മാതൃകകൾ ചെലവ് കൂടിയവയാണെങ്കിലും കൂടുതൽഫലപ്രദമാണ്. ബഹുജനസമീപനത്തിന് മാതൃകകൾ വലുതായിരിക്കുകയാണ് നല്ലത്. പ്രേക്ഷകർക്ക് വലിപ്പവ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിക്കൊടുക്കണം.

മാതൃകകളുടെ മെച്ചങ്ങൾ:

1. പുറമേ കാണാൻ അസാധ്യമായ വസ്തുക്കളും മററും കണ്ടു മനസ്സിലാക്കുന്നതിന് മാതൃകകൾ സഹായകമാണ്.
2. സങ്കീർണങ്ങളായ ഘടകങ്ങൾ വ്യക്തമായി പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ കഴിയുന്നു.
3. പ്രേക്ഷകന്റെ ശ്രദ്ധ അപ്രധാനമായ ഭാഗങ്ങളിൽ പതിയാതിരിക്കുവാൻ ഇടനൽകുന്നു.

കുന്നിൻചരിവിൽ മുകളിലേക്ക് ഉഴവ് നടത്തുന്നതിന് സമതലത്തിൽ ഉഴവു നടത്തുന്നതിനേക്കാൾ ശക്തി കൂടുതലാവശ്യമുണ്ട്. മാതൃക ഉപയോഗിച്ച് പ്രേക്ഷകരെ ഈ വസ്തുത എളുപ്പം പഠിപ്പിക്കാം. ഒരു ട്രാക്ടറിന്റെ മാതൃകയും റബ്ബർവളയവും ഇതിലേക്ക് ആവശ്യമാണ്. ട്രാക്ടർമോഡൽ, റബ്ബർവളയമുപയോഗിച്ചു വലിക്കുമ്പോൾ പരന്ന സ്ഥലത്ത് റബ്ബർവളയം അല്പം മാത്രമെ വലിയുകയുള്ളു. ചരിവിൽ, മുകളിലേക്ക് വലിക്കുമ്പോൾ വളയം കൂടുതൽ വലിയുന്നു. ഇതിൽനിന്ന് ചരിവിൻമുകളിലേക്ക് കയറുവാൻ ശക്തി കൂടുതലാവശ്യമാണെന്ന വസ്തുത ബോധ്യമാകും.

## ചിത്രങ്ങൾ, സ്ലൈഡുകൾ, ഫോട്ടോഗ്രാഫുകൾ

ഒരു ചിത്രം പതിനായിരം വാക്കുകൾക്ക് സമമാണെന്നാണ് പഴഞ്ചൊല്ല്. ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിന് ചിത്രങ്ങൾ സഹായിക്കുന്നു. യാതൊരു ദൃശ്യോപകരണങ്ങളും കൂടാതെ ഫലപ്രദമായി ആശയവിനിമയം നടത്താൻ അസാമാന്യമായ കഴിവുള്ളവർ വളരെ വിരളമാ

ണല്ലോ. വാചാലത കുറഞ്ഞവർക്കും ചിത്രങ്ങളുടെ സഹായമുണ്ടെങ്കിൽ വളരെ ഫലപ്രദമായി ആശയവിനിമയം നിർവഹിക്കാൻ സാധിക്കുന്നു. കുറഞ്ഞ വാക്കുകൾ ഉപയോഗിച്ചു കൂടുതൽ ധ്വനിപ്പിക്കുക എന്ന പ്രസംഗകലയുടെ ധർമം അങ്ങനെ നിഷ്പ്രയാസം നിറവേററുവാൻ ചിത്രങ്ങൾക്കു കഴിവുണ്ട്.

പടങ്ങൾ, വരച്ചതോ പെയിൻറു് ചെയ്തതോ ഛായാഗ്രഹണം ചെയ്തതോ ആകാം. ക്യാമറയ്ക്കു് വലിയ ഫോട്ടോകൾ ചെറുതാക്കാനും ചെറിയതിനെ വലുതാക്കാനും കഴിയും. ബുള്ളററിൻബോർഡിലും മററും ആകർഷകമായി ചിത്രങ്ങൾ സജ്ജീകരിക്കുന്നതു് ഗ്രാമീണശ്രദ്ധയെ ആകർഷിക്കുവാൻ പററിയതാണു്. അവരുടെ ചിത്രങ്ങളടങ്ങിയതാണെങ്കിൽ പ്രത്യേകിച്ചും ശ്രദ്ധേയമാകും. നിരക്ഷരരായ ഗ്രാമീണരിൽ ചിത്രങ്ങൾ മുഖേന ആശയങ്ങൾ വ്യാപിപ്പിക്കാൻ സാധ്യമാകുന്നു. ചിത്രങ്ങൾ ബഹുവർണത്തിലോ കറുപ്പും വെളുപ്പും മാത്രം കലർന്നതോ ആകാം.

ചിത്രങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനുതകുന്ന നിർദ്ദേശങ്ങൾ:

1. പടങ്ങൾ കഥാകഥനരൂപത്തിൽ ക്രമീകരിക്കണം.
2. ഒരു ചിത്രത്തിൽ ഒരാശയമോ ഘടകമോ മാത്രമെ ആകാവൂ.
3. ചിത്രപശ്ചാത്തലം ലഘുവും സരളവും ആയിരിക്കണം.
4. പ്രധാനപ്രതിപാദ്യവിഷയം പ്രധാന്യം കൊടുത്തു് ചിത്രത്തിൽ പ്രദർശിപ്പിച്ചിരിക്കണം.

## ബ്ളാക്കു്ബോർഡു്

സാധാരണ നിലയിൽ വിദ്യാഭ്യാസത്തിനു്, വിദ്യാലയങ്ങളിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത പഠനസാമഗ്രികളിലൊന്നാണു് ബ്ലാക്കു്ബോർഡു്. വ്യാപനപ്രവർത്തകർക്കു് വഹനീയമായ ബ്ലാക്കു്ബോർഡുകൾ വേഗത്തിൽ നിർമിച്ചു് എഴുതുന്നതിനും പടങ്ങൾ വരക്കുന്നതിനും ഉപയോഗിക്കാം. സംഘചർച്ചകൾക്കും യോഗങ്ങൾക്കും ഇവ ഉത്തമമാണു്. വിനിമയകൻെറ ഭാവനക്കും മനോധർമത്തിനും കഴിവിനും അനുസൃതമായി ബ്ലാക്കു്ബോർഡു് ഉപയോഗിക്കാം. ബ്ലാക്കു്ബോർഡിൻെറ ഉപയോഗപരിധി വിനിമയകൻെറ കഴിവിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു.

ചുരുട്ടിക്കൊണ്ടു നടക്കാവുന്നതും സ്ഥിരമായി ഉറപ്പിച്ചിട്ടുള്ളതുമായ ബ്ലാക്കു്ബോർഡുകളുണ്ടു്. വ്യാപനപ്രവർത്തകർക്കു് സൗകര്യപ്രദമാണു് ചുരുട്ടിയെടുക്കാവുന്ന തരത്തിലുള്ളതു്. വില കുറഞ്ഞ തടികൊണ്ടും ക്യാൻവാസുകൾ കൊണ്ടും ബ്ലാക്കു്ബോർഡുകൾ നിർമിക്കാം. ഇപ്പോൾ കറുത്ത നിറത്തിനു് പകരം പച്ചനിറമാണു് ഗവേഷകർ നിർദ്ദേശിക്കുന്നതു്. ഇതിൽ ഇളം മഞ്ഞ നിറത്തിലുള്ള ചോക്കുപയോഗിച്ചെഴുതിയാൽ ദൃശ്യത വർധിപ്പിക്കുമെന്നാണു് വിദഗ്ധാഭിപ്രായം.

ബ്ലാക്കു്ബോർഡിൻെറ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ ഇവയാകുന്നു:

1. ബോർഡ് എപ്പോഴും വൃത്തിയായി സൂക്ഷിക്കുക.
2. മായ്ക്കുന്നതിന് വൃത്തിയുള്ള തുടപ്പൻ ഉപയോഗിക്കുക.
3. വലിയ അക്ഷരത്തിൽ വൃത്തിയായി എഴുതുക.
4. എഴുതിക്കൊണ്ടിരിക്കുമ്പോൾ സംസാരിക്കാതിരിക്കുക.
5. എഴുതിയതിനു ശേഷം പ്രേക്ഷകരെ അഭിമുഖീകരിച്ച് ചർച്ച തുടങ്ങുക.
6. ബോർഡ് നിറയെ എഴുതാതിരിക്കുക.
7. എഴുത്തിൽ ചുരുക്കെഴുത്ത് ഉപയോഗിക്കാതിരിക്കുക.
8. ചിത്രീകരണങ്ങൾ ലഘുവും സരളവുമായിരിക്കുക.
9. പല വർണങ്ങളിലുള്ള ചോക്ക് ഉപയോഗിക്കുക.
10. എഴുതിക്കഴിഞ്ഞാൽ ബ്ലാക്ക്ബോർഡിന്റെ മുൻപിൽ നിൽക്കാതെ ഒരു വശത്ത് മാറി നിൽക്കുക.

## ഫ്ലാനൽ ഗ്രാഫ്

ഉരക്കടലാസിൻകഷണങ്ങളോ ഫ്ലാനലോ പരുക്കൻ തുണിയോ വേറൊരു തുണിക്കഷണത്തോട് ഒട്ടുന്ന തത്വമാണ് ഫ്ലാനൽഗ്രാഫിന്റെ നിർമാണത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. കടലാസിൽ വരച്ച ചിത്രങ്ങളുടെയോ




ചിത്രം: 2.

ഫ്ലാനൽ ഗ്രാഫ് ഉപയോഗിച്ച് വ്യാപനതത്വങ്ങൾ പഠിപ്പിക്കുന്നു.

എഴുത്തുകളുടെയോ പുറകിൽ ഉരക്കടലാസോ ഫ്ളാനലോ ഒട്ടിച്ച് അവ ഫ്ളാനൽ തുണി പൊതിഞ്ഞ ബോർഡിൽ പററിച്ചുവെയ്ക്കുമ്പോൾ ഒട്ടിനിൽക്കുന്നു. ബ്ലാക്ക്ബോർഡിലോ മറിച്ചിട്ട മേശയിലോ ഫ്ളാനൽ വിരിച്ച് അതിൽ ദൃശ്യങ്ങൾ പ്രദർശിപ്പിക്കാം.

നാടകീയമായ അവതരണത്തിലാണ് ഫ്ളാനൽഗ്രാഫിൻെറ ഭംഗിയും ആകർഷകത്വവും സ്ഥിതിചെയ്യുന്നതു്. പ്രേക്ഷകരുടെ മുൻപിൽ മനോധർമ്മമനുസരിച്ച് വിവിധരീതികളിൽ ഫ്ളാനൽ ഗ്രാഫുപയോഗിക്കാം. ചെലവു കുറഞ്ഞതും ആർക്കും അനായാസേന നിർമിക്കാവുന്നതുമാണ് ഈ ഉപകരണം. ഉരക്കടലാസിൻകഷണം അല്ലെങ്കിൽ ഫ്ളാനൽ, കാർഡ്ബോർഡ്, പശ, ചായപ്പെൻസിലുകൾ തംബ്ടാക്സ്, കത്രിക, പ്രദർശനത്തിനുതകുന്ന പടങ്ങൾ, എഴുത്തുകൾ എന്നീ സാമഗ്രികളാണ് ഫ്ളാനൽഗ്രാഫ് ഉണ്ടാക്കാൻ വേണ്ടതു്.

ഫ്ളാനൽ ഗ്രാഫ് നിർമാണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ താഴെ പറയുന്നു:

1. പ്രേക്ഷകരോടു് പറയുവാനുള്ളതു് എന്താണെന്ന് ആദ്യം നിശ്ചയിക്കുക.
2. സന്ദേശം യുക്തിക്കനുസരിച്ച് ക്രമാനുഗതമായി സജ്ജമാക്കുക.
3. പ്രതിപാദ്യവിഷയത്തിലെ മർമപ്രധാനങ്ങളായ ഭാഗങ്ങൾ ചിത്രീകരിക്കുക.
4. ചിത്രീകരണത്തിനു് കലാകാരൻെറ സഹായം ആവശ്യമെങ്കിൽ ഉപയോഗിക്കുക.
5. ചിത്രങ്ങളും എഴുത്തുകളും കാർഡ്ബോർഡിൽ എഴുതി കഷണങ്ങളായിട്ടു മുറിച്ചെടുക്കുക.
6. കടലാസിൻെറ മറുപുറത്തു് ഫ്ളാനലോ ഉരക്കടലാസിൻകഷണങ്ങളോ ഒട്ടിക്കുക.
7. അവതരണം ഒന്നോ രണ്ടോ പ്രാവശ്യം പരിശീലിക്കുക.

## ഫ്ളാഷ് കാർഡ്


ഹ്രസ്വദൃശ്യസന്ദേശങ്ങളാണ് ഫ്ളാഷ്കാർഡുകൾ. സംസാരത്തിൽ കൂടിയുള്ള സന്ദേശാവതരണത്തിൽ പ്രമുഖമായ ഭാഗങ്ങൾക്കു് പ്രാധാന്യം കൊടുക്കുന്നതിനു് ഇവ ഉപയോഗിക്കുന്നു. പ്രവർത്തകർക്കു് കാർഡുകൾ കൊണ്ടുനടക്കുവാനും പ്രദർശിപ്പിക്കുവാനും എളുപ്പമാണ്. മുപ്പതിൽ കുറവു് അംഗങ്ങളുള്ള സംഘചർച്ചകളിലും ചെറുസമ്മേളനങ്ങളിലും ഇതു് ഉപയോഗിക്കാം. സന്ദേശം കഥാരൂപത്തിൽ ക്രമാനുഗതമായ ചിത്രങ്ങളാക്കി ചർച്ചയ്ക്കിടയിൽ അവതരിപ്പിക്കുന്നു. കാർഡുകളിൽ വ്യക്തമായും ലളിതമായും വലിപ്പത്തിലും എഴുതുകയും വരയ്ക്കുകയും ചെയ്യണം. ഏററവും ഫലപ്രദമായ ഫ്ളാഷ്കാർഡിനു വളരെക്കുറച്ചു മാത്രം വിശദീകരണം മതി. ഒരു ചർച്ചയ്ക്കു് പത്തോ പന്ത്രണ്ടോ കാർഡിൽ കവിയാൻ പാടില്ല.

ഫ്ളാഷ്കാർഡുകളുപയോഗിച്ച് വിജ്ഞാനവ്യാപനം സുഗമമാക്കാൻ അറിഞ്ഞിരിക്കേണ്ട സംഗതികൾ:

1. ഓരോ കാർഡിലും ചിത്രീകരിച്ചിരിക്കുന്ന സന്ദേശത്തിൻെറ വിശദാംശങ്ങൾ വിനിമയകനറിഞ്ഞിരിക്കണം.
2. ലളിതവും സരളവുമായ വാക്കുകളും പ്രാദേശികപദപ്രയോഗങ്ങളും സ്വീകരിക്കുക.
3. തദ്ദേശവാസികളെയും ഗ്രാമത്തെയും ചിത്രീകരണത്തിൽ ഉൾപ്പെടുത്തുക.
4. കാർഡുകൾ എല്ലാവർക്കും കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുക. ഇതിനു് കാർഡുകൾ ശരീരത്തോട്ട് ചേർത്തു് സഭാംഗങ്ങൾക്കു് അഭിമുഖമായി പിടിച്ചാൽ മതിയാകും.
5. സംസാരിക്കുന്ന സമയത്തു് കാർഡിലേക്കു് നോക്കുക.
6. കാർഡുകൾ ക്രമാനുഗതമായി സൂക്ഷിക്കുക.

## ഫ്ളിപ് ബുക്ക്

ഇതും വിഷയത്തെ ക്രമാനുഗതമായി അവതരിപ്പിക്കുന്നതിനു് സഹായിക്കുന്നു. ഒരേ വലിപ്പത്തിലുള്ള കടലാസുകൾ കട്ടിയുള്ള രണ്ടു പുറംചട്ടകളിൽ ബന്ധിച്ചു് പുറംചട്ട മടക്കത്തക്ക വിധത്തിലാക്കുന്നു. ചട്ടയുടെ മറേറ അററത്തുള്ള രണ്ടു തുളകളിൽ കൂടി ഒരു ചരട്ട് രണ്ടു ചട്ടയേയും ചേർത്തു് ലംബമായി നിർത്തുന്നു. ഓരോ കടലാസിലും സന്ദേശത്തിൻെറ ഒരു ഭാഗം കാ



ചിത്രം: 3. ഫ്ളിപ്ബുക്ക്

ണം. ചർച്ചകൾക്കിടയിൽ ഓരോ കടലാസ്സും മറിച്ച് ചിത്രത്തേയോ ലിഖിതത്തേയോ പ്രദർശിപ്പിക്കുന്നു.

കുറെ കടലാസുകൾ ചേർത്ത് ഒരററം തുന്നി ലളിതമായ ഫ്ളിപ് ബുക്കുണ്ടാക്കി വിവിധസന്ദർഭങ്ങളിൽ ഉപയോഗിക്കാം. ചിത്രങ്ങൾ പെൻസിൽ കൊണ്ടോ ചായം കൊണ്ടോ മഷി കൊണ്ടോ വരയ്ക്കാം. ഓരോ പേജിൽ നിലം ഒരുക്കുന്നതും ഉഴുന്നതും വളമിടുന്നതും ഞാറു നടുന്നതും കള പറിക്കുന്നതും വിളവ് വളരുന്നതും കൊയ്യുന്നതും ചിത്രീകരിക്കാം.

## ചാർട്ടുകളും ഗ്രാഫുകളും

വ്യാപനപ്രവർത്തനം അനുസ്യൂതം പ്രവഹിക്കുന്ന പരിവർത്തനങ്ങളുടെ സമാഹാരമാണ്. കാർഷികരംഗത്ത് നിരന്തരം മാററങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഈ വ്യതിയാനങ്ങൾ ചർച്ചകളിൽ അവതരിപ്പിക്കുവാൻ താരതമ്യ പഠനം ആവശ്യമാണ്. പല വസ്തുതകൾ തമ്മിലുള്ള ബന്ധം കാണിക്കാനും മാററങ്ങൾ വിശദീകരിക്കാനും ഗ്രാഫുകളും ചാർട്ടുകളും ഉപയോഗിക്കുന്നു. ആശയങ്ങളുടെ പ്രധാനഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെ ക്രമാനുഗതമായും യുക്തിയുക്തമായും പടങ്ങളും ലിഖിതങ്ങളും കൊണ്ട് ചിത്രീകരിക്കുന്നതിനാണ് ചാർട്ട് എന്നു പറയുന്നത്. ചാർട്ടുകൾ പല തരത്തിലുണ്ട്.

**സംഘടനാചാർട്ട്:** വിദ്യാർത്ഥികൗൺസിലിൻെറ ഘടനയേയോ ഗവൺമെൻറിൻെറ ഘടനയേയോ ഉല്പാദനപ്രക്രിയയുടെ പുരോഗതിയേയോ ചിത്രീകരിക്കുന്നതിനു സംഘടനാചാർട്ടുകൾ ഉപയോഗിക്കുന്നു.

**ട്രീചാർട്ട്:** ഒരു കുടുംബത്തിൻെറ ഉത്ഭവവും വളർച്ചയും ചിത്രീകരിക്കാൻ തയാറാക്കുന്ന വൃക്ഷത്തിൻെറ മാതിരിയുള്ള ചാർട്ടാണിത്. കുടുംബനായകനെയും ഭാര്യയെയും രണ്ടു വേരുകളായും ഭാവിതലമുറയെ വൃക്ഷത്തിന്റെ മററു ഭാഗങ്ങളായും ചിത്രീകരിക്കുന്നു. കൽക്കരിയിൽ നിന്ന് ലഭിക്കുന്ന വിഭിന്നമായ ഉല്പന്നങ്ങളെ ചിത്രീകരിക്കുവാൻ ഈ ചാർട്ട് ഉത്തമമാണ്.

**ടാബുലർ ചാർട്ട്:** ഒരു ചർച്ചാവിഷയത്തിന് അനുകൂലവും പ്രതികൂലവുമായുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും അന്താരാഷ്ട്രസംഘടനയിലെ അംഗത്വം ചിത്രീകരിക്കുന്നതിനും മററും ഈ ചാർട്ടുകൾ ഉപയോഗിക്കാം. സമയവുമായി ബന്ധിക്കാമെന്നുള്ളതാണ് ഇതിൻെറ സവിശേഷത.

**ഗ്രാഫ്:** സംഖ്യാദത്തങ്ങളെ ചാക്ഷുഷമായി ചിത്രീകരിക്കുന്നതാണ് ഗ്രാഫുകൾ. വിവരണങ്ങളിൽ ഘടകങ്ങൾ തമ്മിലുള്ള പ്രധാനബന്ധങ്ങളും അവയ്ക്കു വരുന്ന വ്യതിയാനങ്ങളും ഗ്രാഫിൽ വ്യക്തമാക്കാൻ സാധിക്കും. ഗ്രാഫുകൾ പലവിധമുണ്ട്.

1. **രേഖാഗ്രാഫ്:** ഗ്രാഫുകളിൽ ഏററവും കൃത്യമായതാണ് രേഖാഗ്രാഫ്. രണ്ടു വ്യത്യസ്തഘടകങ്ങൾ തമ്മിലുള്ള ബന്ധവും അവയുടെ ചലനഗതിയും കാണിക്കുവാൻ രേഖാഗ്രാഫുപയോഗിക്കുന്നു. വളർച്ചയും വികസനവും കാലത്തിനനുസരിച്ച് ചിത്രീകരിക്കാം. പല രേഖകൾ ഉപയോഗിച്ചാൽ വിപ

ണിയിലെ വിലനിലവാരവും ഉല്പന്നങ്ങളും തമ്മിലുള്ള ബന്ധം പ്രദർശിപ്പിക്കാം.

2. ബാർഗ്രാഫ്: മനസ്സിലാക്കുവാൻ ഏററവും എളുപ്പം ബാർഗ്രാഫാണ്. പല കാലങ്ങളിൽ വിവിധ നേട്ടങ്ങളോ അഭിവൃദ്ധിയോ ബാർരൂപത്തിൽ ചിത്രീകരിക്കപ്പെടുന്നു. ഉദാഹരണത്തിന് തുടർച്ചയായി മൂന്നു വർഷം രാസവളം ഉപയോഗിച്ചാൽ ഉല്പാദനത്തിലുണ്ടാകുന്ന മാററങ്ങൾ ചിത്രീകരിക്കുന്നതിനു് ബാർ ഗ്രാഫ് മതി.

3 പൈഗ്രാഫ്: ഒരു വൃത്തത്തിൻെറ വിവിധസെക്ടറുകൾ പൂർണരൂപത്തിൻെറ വിവിധ വിഭാഗങ്ങളെയാണ് ചിത്രീകരിക്കുന്നത്. പൈഗ്രാഫിനു് രണ്ടു പ്രത്യേകതകളുണ്ട്. ആകെത്തുകയെയോ പൂർണരൂപത്തെയോ ഇതു് പ്രതിനിധീകരിക്കും. ഘടകങ്ങൾ ഓരോന്നും ശതമാനമായി പ്രദർശിപ്പിക്കുന്നു. മണ്ണിലടങ്ങിയിട്ടുള്ള വിവിധഘടകങ്ങൾ പൈഗ്രാഫിൽ കൂടി വ്യക്തമായി ചിത്രീകരിക്കാം. ഇതാണ് ഏററവും കൃത്യമായി വസ്തുതകൾ മനസ്സിലാക്കുവാൻ സഹായകമായ ഗ്രാഫ്.

4. ചിത്രഗ്രാഫ്: പ്രേക്ഷകർക്കു് സന്ദേശത്തിൻെറ വ്യക്തമായ രൂപീ ലഭിക്കുന്നതിനും സന്ദേശവുമായി ബന്ധപ്പെടുന്നതിനും ചിത്രങ്ങളോ പടങ്ങളോ ഉപയോഗിച്ചുണ്ടാക്കുന്ന ഗ്രാഫാണ് ഇതു്. ചിത്രങ്ങൾ ശ്രദ്ധയാകർഷിക്കുകയും വസ്തുസ്ഥിതികളുടെ യഥാർത്ഥവിവരങ്ങൾ നൽകുകയും ചെയ്യുന്നു.

ചാർട്ടുകളുടെയും ഗ്രാഫുകളുടെയും നിർമാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ഒരാശയത്തിൻെറ പ്രധാനഭാഗങ്ങൾ മാത്രം ലളിതവും സരളവുമായ രീതിയിൽ അവതരിപ്പിക്കുക.
2. താരതമ്യപ്പെടുത്തൽ കഴിയുന്നതും ചുരുക്കുക. വളരെ വിവരങ്ങൾ നൽകുന്നതു് ആശയക്കുഴപ്പത്തിനിടവരുത്തും.
3. വലിയ കടലാസിൽ ധാരാളം സ്ഥലമുപയോഗിച്ചു് തിക്കി ഞെരുക്കാതെ എഴുതുക. അപ്രസക്തങ്ങളായ വിശദവിവരങ്ങൾ ചാർട്ടിൽ നൽകരുതു്.
4. യുക്തിക്കനുസൃതമായ ഒരു ക്രമീകരണം പടങ്ങളും ലിഖിതങ്ങളും പ്രദർശിപ്പിക്കുന്നതിൽ അനുവർത്തിക്കുക.
5. ചിത്രങ്ങൾക്കു് അനുയോജ്യമായ രീതിയും ശരിയായ അനുപാതവും ഉപയോഗിച്ചു് ചാർട്ടുകൾ ആകർഷകമാക്കുക.
6. ചിത്രങ്ങളും വാക്കുകളും ഗ്രാഫിൽ സൂചിപ്പിക്കുന്ന വിവരം വ്യക്തമാക്കാനുപയോഗിക്കുക.
7. അവ്യക്തമായ ചിത്രീകരണങ്ങൾ വർജിക്കുക.
8. സമാനഗുണങ്ങളായ ഘടകങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുക. പരസ്പരബന്ധമില്ലാത്ത ആശയങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തി പ്രേക്ഷകർക്കു് തെററിദ്ധാരണയുണ്ടാക്കാതിരിക്കുക.
9. ചാർട്ടിൽ പ്രധാനവാക്കുകൾ ഉപയോഗിക്കുക. വാക്കുകൾ വായിക്കുവാൻ എളുപ്പമായതും അർത്ഥം വ്യക്തമായി ധ്വനിപ്പിക്കുന്നതും ആയിരിക്കണം.

## പ്രദർശനദൃശ്യങ്ങൾ

പോസ്റ്ററുകൾ: ത്വരിതപ്രയാണം നടത്തിക്കൊണ്ടിരിക്കുന്ന പ്രേക്ഷകരെ അല്പ സമയത്തേക്ക് ആകർഷിച്ചു നിർത്തി ഒരു നൂതനാശയത്തിൻെറ ബീജം അവരിൽ അങ്കുരിപ്പിക്കുവാൻ വർണപ്പകിട്ടും ഡിസൈനുകളും കലർത്തി പ്രയോഗിക്കുന്ന ഒരു വ്യാപനമാർഗമാണ് പോസ്റ്റർ. അത്യാകർഷകമായ ചിത്രങ്ങളിൽ കൂടിയാണ് സന്ദേശം വിക്ഷേപിക്കപ്പെടുന്നതു്. ശീഘ്രസഞ്ചാരം ചെയ്യുന്ന മനുഷ്യർക്ക് പുതിയ ആശയത്തെയോ ഉൽപന്നത്തെയോ പററിയുള്ള പ്രാഥമികധാരണ നൽകുകയാണ് പോസ്റ്റർ ചെയ്യുന്നതു്. വ്യവസായത്തിലും രാഷ്ട്രീയത്തിലും ധാരാളമായി ഈ ദൃശ്യസഹായി ഉപയോഗിക്കപ്പെടുന്നു. പോസ്റ്റർ ആരും സമഗ്രമായി സമയമെടുത്തു് വായിച്ചു പഠിക്കാറില്ല. ഒരു ചിത്രവും ഒന്നോ രണ്ടോ വാക്കുകളും ആണ് പോസ്റ്ററിൽ ഉണ്ടായിരിക്കുക. ഒരു വിഹഗവീക്ഷണം കൊണ്ടു് പ്രേക്ഷകനു് കേന്ദ്രാശയം പിടി കിട്ടണം. ഒററ നോട്ടത്തിനു് സന്ദേശം വ്യക്തമാകണം. വിശദാംശങ്ങളും ദീർഘപ്രതിപാദനങ്ങളും പോസ്റ്ററിൻെറ പ്രഭാവത്തെ കുറയ്ക്കുന്നു.

പോസ്റ്ററിനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ:

1. നാടകീയമായ ലാളിത്യം.
2. വിഷയത്തിൻെറ അനുയോജ്യത.
3: ചുരുങ്ങിയ വാക്കുകൾ.
4. ആകർഷകത്വം.
5. ഭാവസ്ഫുരണത്തിനു് ചൈതന്യം നൽകുന്ന വർണസംവിധാനം.

പോസ്റ്ററിൻെറ നിർമാണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ:

1. ഏതുതരത്തിലുള്ള പ്രേക്ഷകരെ ഉദ്ദേശിച്ചാണ് പോസ്റ്ററുകൾ നിർമിക്കുന്നതെന്നു് തീരുമാനിക്കുക.
2. വരയ്ക്കുന്ന ചിത്രത്തിൻെറയും വാക്കുകളുടെയും നക്കൽ തയ്യാറാക്കുക.
3. സന്ദേശം ഒററനോട്ടത്തിൽ മനസ്സിലാകത്തക്കവണ്ണം സംഗ്രഹിച്ചിരിക്കുക.
4. ആദ്യം പോസ്റ്ററിൻെറ ഒരു ചെറിയ പതിപ്പ് തയ്യാറാക്കുക.
5. വലിയ അക്ഷരങ്ങളിൽ ലളിതമായി എഴുതുക.
6. ചിത്രങ്ങളും വാക്കുകളും ഞെക്കി ഞെരുക്കാതെ ധാരാളം സ്ഥലമിട്ടു് ചേർക്കുക.

പോസ്റ്ററുകൾ ഉപയോഗിക്കുന്നതു കൊണ്ടു് മററു വ്യാപനമാർഗങ്ങൾ ത്യാജ്യങ്ങളാകുന്നില്ല. വിവിധ വ്യാപനരീതികൾക്ക് ഉപോൽബലകമായി പോസ്റ്ററുപയോഗിക്കണം. പോസ്റ്റർ എത്ര ആകർഷകമായാലും മർമസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചില്ലെങ്കിൽ പ്രയോജനമില്ല. പ്രേക്ഷകരുടെ പ്രതികരണമാണ് പോസ്റ്ററുകളുടെ പ്രഭാവത്തിൻെറ മാനദണ്ഡം. പോസ്റ്ററുകളിൽ കൂടി ഉത്ഭൂതമാകുന്ന താല്പര്യത്തെ മററു മാർഗങ്ങളിൽ കൂടി പോഷിപ്പിച്ചു് ലക്ഷ്യപ്രാപ്തിക്കുപയോഗിക്കണം.

### ചുമർപത്രങ്ങൾ

ഏകദേശം പോസ്റ്റർ മാതിരി തന്നെയാണ് ചുമർപത്രങ്ങളും. ചുമർ പത്രത്തിൽ ഒരാശയത്തിൽ കൂടുതൽ ഒരു സമയം വിനിമയം ചെയ്യുന്നു എന്നതാണ് പ്രധാനവ്യത്യാസം. രാഷ്ട്രീയവും സാമൂഹ്യവുമായ ആശയങ്ങളുടെയും വാർത്തകളുടെയും പ്രചരണത്തിന് ഗ്രാമതലത്തിൽ ഇവ ഉപയോഗിക്കാറുണ്ട്. വിവരണങ്ങൾ ചുരുക്കി ധാരാളം പടങ്ങളും ചിത്രീകരണങ്ങളും ഉൾക്കൊള്ളിച്ച് ചുമർ പത്രങ്ങളുണ്ടാക്കുന്നു. വ്യാപനരംഗത്ത് വിപുലമായ ഉപയോഗസാധ്യത ഇതിനുണ്ട്. പ്രേക്ഷകർക്ക് തടസ്സം കൂടാതെ കാണത്തക്ക സാഹചര്യമുള്ള മർമസ്ഥലങ്ങളിൽ വേണം ഇവ പ്രദർശിപ്പിക്കുവാൻ.

### ബുള്ളറ്റിൻ ബോർഡ്

പ്രേക്ഷകർക്ക് പാഠ്യവിഷയം പടങ്ങളും ചിത്രങ്ങളും ഗ്രാഫുകളും മററും ഉപയോഗിച്ച് ചിത്രീകരിക്കുന്ന സാമഗ്രിയാണ് ബുള്ളററിൻ ബോർഡ്. താരതമ്യേന ചെലവ് കുറഞ്ഞ ഒരു ദൃശ്യസഹായിയാണിതെങ്കിലും നമ്മുടെ രാജ്യത്ത് വ്യാപനപ്രവർത്തകരുടെ ഇടയിൽ ഇതിനു വലിയ പ്രചാരമില്ല. പ്രേക്ഷകരെ ആകർഷിച്ച് അവരുടെ ജിജ്ഞാസ ഉണർത്തി അവരിൽ താല്പര്യം ജനിപ്പിച്ച് പ്രവൃത്തിയിലേക്ക് നയിക്കുവാൻ പ്രാപ്തിയുള്ള ഒരു മാധ്യമമാണ് ബുള്ളററിൻ ബോർഡ്. മീററിങ്ങുകളുടെയും പ്രകടനങ്ങളുടെയും സ്ഥലസമയങ്ങൾ ഇതിൽ പ്രഖ്യാപിക്കാം.

ബുള്ളററിൻ ബോർഡ് സജ്ജീകരിക്കുവാൻ വേണ്ട സാമഗ്രികൾ മരം കൊണ്ടുള്ള ബോർഡ്, വർണക്കടലാസുകൾ, കത്രിക, പശ, മൊട്ടുസൂചികൾ, കാർഡ്ബോർഡു കൊണ്ടുള്ള അക്ഷരങ്ങൾ, വിവിധതരത്തിലും ആകൃതിയിലുമുള്ള പടങ്ങൾ എന്നിവയാണ്.

ബുള്ളററിൻ ബോർഡ് സജ്ജീകരിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ ഇവയാകുന്നു:

1. ഒരു കേന്ദ്രആശയത്തെ മുൻനിറുത്തി ബോർഡ് സംവിധാനം ചെയ്യുക.
2. കേന്ദ്രാശയത്തെ ചിത്രീകരിക്കാൻ സഹായിക്കുന്ന ചിത്രങ്ങളും വരകളും ഡിസൈനുകളും ഉപയോഗിക്കുക.
3. വർണക്കടലാസിൽ പശ്ചാത്തലത്തിന് അനുയോജ്യമായ തരത്തിൽ ചിത്രങ്ങൾ പശ ഉപയോഗിച്ച് ഒട്ടിക്കുക.
4. പടങ്ങൾ ക്രമീകരിക്കുന്ന വിധം മനസ്സിൽ കാണുക. വിവിധരീതികളുടെ നക്കൽ തയ്യാറാക്കി ഏററവും ആകർഷകമായി സംവിധാനം ചെയ്യുക.
5. തിരഞ്ഞെടുത്ത സംവിധാനരീതിയുടെ സ്കെച്ച് സജ്ജമാക്കുക.
6. ബോർഡിൽ പിന്നുകളും സൂചികളും ഉപയോഗിച്ച് ചിത്രങ്ങളും എഴുത്തുകളും സ്കെച്ച് പ്രകാരം നിരത്തുക.
7. ബുള്ളററിൻ ബോർഡ് മർമപ്രധാനമായ സ്ഥലത്ത് സ്ഥാപിക്കുക.
8. ബോർഡ് ശരിയായി പ്രകാശിതമാക്കുക.

9. പ്രേക്ഷകരുടെ കണ്ണുകൾക്ക് സമാന്തരമായി സ്ഥാപിക്കുക.

പാവക്കൂത്ത്

പാവക്കൂത്ത് പൗരാണികമായ ഒരു കലയാണ്. നാടകത്തിന്റെ മേന്മകൾ എല്ലാം ഇതിനുമുണ്ട്. ചെറിയ മനുഷ്യരൂപങ്ങൾ അദൃശ്യഹസ്തങ്ങളാൽ സദസ്സിൽ പ്രേക്ഷകരുടെ മുൻപിൽ ചലിപ്പിക്കപ്പെടുന്നു. ഓരോ രൂപവും രംഗത്ത് നാടകത്തിലേതു പോലെ അതാതിന്റെ ഭാഗങ്ങൾ അഭിനയിക്കുന്നു. പാവകൾ രണ്ടു തരത്തിലുണ്ട്—ചരടുകൾ ഉപയോഗിച്ചു ചലിപ്പിക്കുന്നതും കൈ കൊണ്ട് ചലിപ്പിക്കുന്നതും. ചരടുപാവകളെ നിർമിക്കാനും കളിപ്പിക്കാനും വിദഗ്ധമായ പരിശീലനം ആവശ്യമാണ്. കൈകൊണ്ടുള്ളതു് വളരെ ലഘുവാണ്.

ചൂണ്ടുവിരൽ കടക്കത്തക്ക വണ്ണമുള്ള ഒരു കുഴൽ—കട്ടിക്കടലാസിലോ മുളയിലോ ആകാം–എടുക്കുക. അതിന്റെ ഒരററത്ത് പാവയുടെ തലയുദ്ദേശിക്കുന്ന വലിപ്പത്തിൽ ചുരുട്ടിക്കൂട്ടിയ പത്രക്കടലാസ് ചുററുക. ചരടു കൊണ്ടു വരിഞ്ഞ് അൽപം പശതേച്ചാൽ ഒട്ടിയിരിക്കും. കടലാസിന്റെ പുറത്ത് പേപ്പിയർ മാഷ് (PAPIER MACHE) പുരട്ടുക. (1 ഇഞ്ച് വീതിയിൽ പത്രക്കടലാസ് വെട്ടി വെള്ളത്തിലിട്ട് സ്വൽപം അലവും ചേർത്ത് 24 മണിക്കൂർ കുതിർക്കുക. ഒരു കൈ നിറയെ മാവ് ചേർത്ത് റൊട്ടിമാവ് മാതിരിയാക്കുക—ഇതാണ് പേപ്പിയർ മാഷ്). എന്നിട്ട് കഴുത്തിനു മുകളിൽ തലയ്ക്കു രൂപം കൊടുക്കുക. ഉരത്തിൽ ആകർഷകങ്ങളായ വസ്തുങ്ങൾ പിടിപ്പിക്കണം. ഇവ സജീവങ്ങളായ നിറങ്ങളുപയോഗിച്ച് ചായമിട്ട് തയാറാക്കുക.

പാവയെ കളിപ്പിക്കുന്നതു് ചൂണ്ടുവിരൽ കുഴലിനകത്തിട്ട്, മധ്യവിരലും തള്ളവിരലും കൈകളാക്കി ചലിപ്പിച്ചു കൊണ്ടാണ്. കൈപ്പത്തി വസ്ത്രങ്ങൾക്കുള്ളിൽ ഒളിഞ്ഞിരിക്കുന്നു. അല്പം പരിശീലനം കൊണ്ട് സജീവമായ ചലനങ്ങൾ ഉണ്ടാക്കാൻ പഠിക്കാം. മേശപ്പുറം രംഗമാക്കി ഉപയോഗിക്കാം. മെക്സിക്കോയിൽ പാവ വളരെ പ്രചാരമുള്ള ഒരു വിനിമയവാഹികയാണ്. ഇവിടെ മോട്ടോർ വാഹനങ്ങളിൽ തന്നെ പാവക്കളിക്കുള്ള രംഗം സജ്ജമാക്കി ഗ്രാമങ്ങളിൽ പ്രദർശിപ്പിക്കാറുണ്ട്.

നാടകത്തെ അപേക്ഷിച്ച് പാവക്കളിക്ക് പല മെച്ചങ്ങളും ഉണ്ട്. അവ താഴെ വിവരിക്കുന്നു:

1. പാവക്കൂത്തു സംഘടിപ്പിക്കുവാൻ വളരെ കുറച്ച് അംഗങ്ങൾ മതി.
2. ഓരോ കഥാപാത്രത്തിന്റെയും സംഭാഷണങ്ങൾ മനഃപാഠമാക്കേണ്ട ആവശ്യമില്ല; വായിച്ചാൽ മതി.
3. വളരെക്കുറച്ച് പരിശീലനം മതിയാകും.
4. അസാധാരണമായ കഥാപാത്രങ്ങളെ (മൃഗങ്ങൾ, പച്ചക്കറികൾ, രാക്ഷസന്മാർ) പ്രതിനിധീകരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും നാടകത്തെക്കാൾ സൗകര്യം പാവക്കൂത്തിനുണ്ട്.


5. ചുരുങ്ങിയ സമയം കൊണ്ട് എവിടെ വേണമെങ്കിലും അവതരിപ്പിക്കാം.
6. രംഗത്തിനു വളരെക്കുറച്ച് സജ്ജീകരണങ്ങൾ മതി.

## പ്രക്ഷേപിതദൃശ്യങ്ങൾ

പ്രക്ഷേപിതദൃശ്യങ്ങളിൽ 16 മി. മീ. സിനിമാ, സ്ലൈഡ്സ്, ഫിലിംസ്ട്രിപ്, ഒപ്പേക്പ്രൊജക്ഷൻ മുതലായവ ഉൾപ്പെടുന്നു. മററു സഹായികളേക്കാൾ പല മെച്ചങ്ങളും പ്രക്ഷേപിത ദൃശ്യങ്ങൾക്കുണ്ട്.


## സിനിമ

വിദ്യാഭ്യാസരംഗത്ത് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു ശ്രവ്യദൃശ്യസഹായിയാണ് സിനിമ. ചലിക്കുന്ന ചിത്രങ്ങളുടെ ഒരു ശൃംഖലയാണ് സിനിമ. വിഷയത്തെ ഫലപ്രദമായി ആസൂത്രണം ചെയ്ത്, ചിത്രീകരിച്ച് ശബ്ദലേഖനം ചെയ്ത് സിനിമ സജ്ജമാക്കുന്നു. വിപുലമായ സാമഗ്രികളും സംവിധാനങ്ങളും ഇവയുടെ നിർമാണത്തിനാവശ്യമാണ്. സിനിമാപ്രദർശനത്തിന് വില കൂടിയ ഉപകരണങ്ങൾ കൂടിയേ തീരൂ.



ചിത്രം 4. സിനിമാപ്രൊജക്ടർ ( 16 മി. മീ. )

നിശ്ചലങ്ങളായ നിരവധി ചിത്രങ്ങളുടെ ശൃംഖലയാണ് ഫിലിമിലുള്ളത്. ഓരോ ചിത്രവും തിരശ്ശീലയിലൂടെ തുടർച്ചയായി പ്രകാശിപ്പിക്കപ്പെടുന്നു. ഓരോ ചിത്രവും പ്രദർശനവസ്തുവിന്റെ അല്പം വ്യത്യസ്തമായ അവസ്ഥയെയാണ് ചിത്രണം ചെയ്യുന്നത്. ഇങ്ങനെ പല നിലപാടിലുള്ള ചിത്രങ്ങൾ തുടർച്ചയായി ദ്രുതഗതിയിൽ പ്രദർശിപ്പിക്കുമ്പോൾ ചലനത്തിന്റെ പ്രതീതി ഉളവാകുന്നു. ഫിലിമിൽ തന്നെ ശബ്ദവും ആലേഖനം ചെയ്തിട്ടുണ്ട്.



ചിത്രം 5

സിനിമാ പ്രൊജക്ടറിൽ ഫിലിം ഘടിപ്പിക്കേണ്ട രീതി വിശദമാക്കുന്ന ചിത്രം.

## സിനിമയുടെ ഉപയോഗം

1. ഗ്രൂപ്പിന്റെ താൽപര്യത്തെ പിടിച്ചു നിർത്തുന്നു.

2. കാഴ്ചയും കേൾവിയും സമ്മിശ്രമായുള്ളതു കൊണ്ടു് രണ്ടു് ഇന്ദ്രിയങ്ങളെ ഒരേ സമയത്തു് പ്രവർത്തിപ്പിക്കുന്നു.
3. ഭാഷാസീമയെ അതിലംഘിച്ചു് ആശയവിനിമയം സാധ്യമാകുന്നു.
4. സാധാരണകാഴ്ചക്കു് വിധേയമല്ലാത്ത സ്ഥലങ്ങളും വസ്തുക്കളും പരിതസ്ഥിതികളും സിനിമയിൽ കൂടി പ്രദർശിപ്പിക്കാം.
5. തുടർച്ചയായി ദീർഘകാലയളവിൽ നടക്കുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുരുങ്ങിയ സമയത്തിൽ അവതരിപ്പിക്കുവാൻ സിനിമക്കു സാധിക്കുന്നു.
6. സംഭവങ്ങൾ അഭിലേഖം ചെയ്തു സൂക്ഷിക്കുവാനും ഭാവിയിൽ പ്രദർശിപ്പിക്കുവാനും കഴിയുന്നു.
7. പ്രകൃത്യാ ഉള്ള ചലനത്തിന്റെയോ പ്രവർത്തനത്തിന്റെയോ വേഗത വർധിപ്പിച്ചോ കുറച്ചോ പ്രദർശിപ്പിക്കാം.
8. ദൃഷ്ടിക്കു് അഗോചരമായ വസ്തുക്കളും പ്രക്രിയകളും വലുതാക്കി സ്ക്രീനിൽ പ്രദർശിപ്പിക്കാം.

വിദ്യാഭ്യാസപരമായ സിനിമകൾ 16 മി. മീ. വലിപ്പത്തിലാണുള്ളതു്. ശബ്ദലേഖനം ചെയ്തതും അല്ലാത്തതുമായ ഫിലിമുകളുണ്ടു്. ശബ്ദലേഖനമുള്ള ഫിലിമിൽ ഒരു വശത്തു മാത്രമെ സ്പ്രോക്കറ്റ് സുഷിരങ്ങൾ കാണുകയുള്ളു. നിശ്ശബ്ദഫിലിമിൽ രണ്ടുവശത്തും സുഷിരങ്ങളുണ്ടു്. നിശ്ശബ്ദഫിലിമിൽ ഒരു സെക്കൻഡിൽ 16 പടങ്ങൾ പ്രക്ഷേപിക്കപ്പെടുമ്പോൾ ശബ്ദഫിലിമിൽ 24 പടങ്ങളാണു് പ്രക്ഷേപിക്കുന്നതു്. നിശ്ശബ്ദഫിലിം ശബ്ദഫിലിമിന്റെ വേഗതയിൽ ഓടിച്ചാൽ അസ്വാഭാവികതയനുഭവപ്പെടും.

സിനിമയെ പഠനസഹായിയായി ഉപയോഗിക്കുമ്പോൾ അനുസരിക്കേണ്ട നിയമങ്ങൾ:

1. സിനിമാപ്രദർശനത്തിന്റെ ലക്ഷ്യം വ്യക്തമാക്കുക.
2. പ്രേക്ഷകരുടെ മുൻകാലാനുഭവങ്ങൾ, പ്രായം, വിദ്യാഭ്യാസനിലവാരം, താല്പര്യങ്ങൾ, സംസ്കാരം, ആചാരങ്ങൾ മുതലായവ കണക്കിലെടുക്കണം.
3. സിനിമ ഒരു പഠനസഹായിയായിട്ടു് മാത്രമെ ഉപയോഗിക്കാവൂ.
4. സിനിമയിൽ അടങ്ങിയിരിക്കുന്ന പ്രധാന വസ്തുതകളെക്കുറിച്ചു് പ്രേക്ഷകരെ നേരത്തെ കൂട്ടി അറിയിക്കണം. അല്ലെങ്കിൽ അവ ശ്രദ്ധിക്കപ്പെടാതെ പോകും.
5. സിനിമ പഠനവിഷയത്തെ എത്രമാത്രം പിൻതാങ്ങുന്നു എന്നു് മനസ്സിലാക്കണം.
6. പ്രദർശനത്തിനു ശേഷം സജീവമായ ചർച്ചക്കു് പ്രേക്ഷകർക്കു് അവസരം നൽകണം.


സിനിമാപ്രദർശനം ഫലപ്രദമാകണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:

1. സ്ഥലം, തീയതി, സമയം ഇവ നേരത്തെ പ്രഖ്യാപിച്ചിരിക്കണം.

2. പ്രദർശനസാമഗ്രികൾ സംഘടിപ്പിക്കണം.
3. പ്രദർശനത്തിനു് വേണ്ടത്ര പ്രചരണം നൽകണം.
4. പ്രദർശനം നിർദിഷ്ട സമയത്താരംഭിക്കണം.
5. പ്രേക്ഷകർക്കു് സൗകര്യമായി ഇരിക്കുവാൻ സ്ഥലസൗകര്യങ്ങൾ വേണം.

## പരിമിതികൾ

1. സിനിമാ ഫിലിം നിർമിക്കൽ വളരെ ചെലവുള്ളതാണു്.
2. സിനിമയിലെ ഭാഷയും പശ്ചാത്തലവും എല്ലാ സന്ദർഭങ്ങൾക്കും അനുയോജ്യമായിരിക്കില്ല.
3. എല്ലാ വിഷയങ്ങൾക്കും ഉചിതമായ ഫിലിമുകൾ സുലഭമല്ല



ചിത്രം 6 സ്ലൈഡ് പ്രൊജക്ടർ

## സ്ലൈഡുകൾ–ഫിലിം സ്ട്രിപ്പുകൾ

ഫിലിം സ്ട്രിപ് നിശ്ചലചിത്രങ്ങളുടെ ഒരു ശൃംഖലയാണു്. ഓരോ പടത്തിലും വിവരണങ്ങൾ എഴുതിയിരിക്കും. 35 മി. മീ. വലിപ്പത്തിലുള്ള ഫിലിമിനു് ½ മുതൽ 1 മീറ്റർവരെ നീളം കാണും. 30 മുതൽ 50 വരെ ചിത്രങ്ങളും ഉണ്ടായിരിക്കും. വർണത്തിലോ കറുപ്പ്–വെളുപ്പിലോ ചിത്രങ്ങൾ ഉണ്ടാ

ക്കാം. പ്രദർശനസാമഗ്രികൾ ഘനം കുറഞ്ഞതും വഹനീയങ്ങളുമാണ്.

സ്ലൈഡ് ഫലപ്രദമായ ഒരു ദൃശ്യസഹായിയാണ്. വർണ്ണത്തിലും കറുപ്പ്-വെളുപ്പിലും നിർമ്മിക്കാം. ചിത്രങ്ങൾ കൈകൊണ്ട് വരച്ചോ ഛായാഗ്രഹണം ചെയ്തോ തയ്യാറാക്കി കാർഡ്ബോർഡ് മൗണ്ടിൽ ഉറപ്പിച്ച് പ്രക്ഷേപിക്കാനുപയോഗിക്കുന്നു. സ്ലൈഡുകൾ പല വലിപ്പത്തിലും ഉണ്ടാക്കാം.

സ്ലൈഡുകളും ഫിലിംസ്ട്രിപ്പുകളും പ്രക്ഷേപിക്കാൻ പ്രൊജക്റ്ററുകൾ ആവശ്യമാണ്. സാധാരണ പ്രൊജക്ററിൽ കൈകളാൽ ഓരോ ചിത്രവും മാററുന്നു. തനിയെ പ്രവർത്തിക്കുന്ന ഉപകരണങ്ങളും സുലഭമാണ്. വിദ്യുച്ഛക്തി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പെട്രോമാക്സ് ഉപയോഗിച്ചും സ്ലൈഡുകൾ പ്രദർശിപ്പിക്കാം.

സ്ലൈഡുകൾ നല്ലവണ്ണം ഉപയോഗിച്ചാൽ ഗ്രൂപ്പിന്റെ താല്പര്യത്തെ ഉണർത്താനും നിലനിറുത്താനും കഴിയും. പ്രക്ഷേപിക്കുന്ന സന്ദേശം കഥാചിത്രരൂപത്തിൽ സംവിധാനം ചെയ്യുന്നതാണുത്തമം. വളരെയധികം സ്ലൈഡുകൾ ഒരേ സമയത്ത് കാണിച്ചാൽ പ്രേക്ഷകരുടെ താല്പര്യം കുറയുകയും ഔൽസുക്യം നശിക്കുകയും ചെയ്യും. 30 എണ്ണം മിതമാണ്; 40 ആകുമ്പോൾ പ്രേക്ഷകർ മുഷിയും; 50 ആകുമ്പോൾ പ്രേക്ഷകർ അശ്രദ്ധരാകും.




ചിത്രം 7. സ്ലൈഡുകളുടെ എണ്ണം കൂടുന്നതനുസരിച്ച് കാണികളുടെ ഔൽസുക്യത്തിൽ വരുന്ന മാററം


ഗുണങ്ങൾ

1. ഓരോ പ്രവർത്തകനും കുറഞ്ഞ ചെലവിൽ സ്ലൈഡുകൾ നിർമ്മിക്കുവാൻ കഴിയും.
2 പ്രത്യേക ഗ്രൂപ്പുകളുടെ ആവശ്യാനുസരണം നിർമ്മിച്ചുപയോഗിക്കാം.
3. പ്രേക്ഷകരെ പടിപടിയായി പഠിപ്പിച്ച് പ്രവർത്തനത്തിലേക്ക് നയിക്കുവാനുത്തമമാണ്.

4. പ്രകൃതിവർണങ്ങളിലോ കറുപ്പ്–വെളുപ്പിലോ നിർമിക്കാം.
5. പ്രവർത്തകർക്ക് കൊണ്ടുനടക്കുവാൻ എളുപ്പമാണ്.
6. സന്ദർഭോചിതമായി സ്ലൈഡുകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം.
7. വളരെക്കാലം ഉപയോഗിക്കാൻ സാധിക്കും.

പരിമിതികൾ

1. പ്രദർശനത്തിന് പ്രത്യേക ഉപകരണങ്ങളും സാമഗ്രികളും ഇരുട്ടുമുറിയും ആവശ്യമാണ്.



ചിത്രം 8
ഒപ്പേക് പ്രൊജക്റ്റർ

2. ചലനം കാണിക്കാൻ സാധ്യമല്ല.
3. പ്രദർശനത്തോടൊപ്പം വിവരണം നൽകണം.
4. എല്ലാ വിഷയങ്ങൾക്കും അനുയോജ്യമായ സ്ലൈഡുകളും സ്ട്രിപ്പും സുലഭമല്ല

ഒപ്പേക് പ്രൊജക്ടർ

ചിത്രങ്ങളും പടങ്ങളും സ്കെച്ചുകളും പുസ്തകങ്ങളിൽ നിന്നോ കടലാസിൽ നിന്നോ നേരിട്ട് പ്രക്ഷേപിക്കുവാനുള്ള ഉപകരണമാണ് ഒപ്പേക്ക് പ്രൊജക്ടർ. ചർച്ചാവേളയിൽ ഇരുട്ടുമുറിക്കകത്തു് സ്ക്രീനിൽ ചിത്രങ്ങൾ പ്രക്ഷേപിക്കുവാൻ സാധ്യമാകുന്നു. വിദ്യാലയങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും ധാരാളം ഉപയോഗസാധ്യത ഇതിനുണ്ടു്.

സ്ക്രീനുകൾ (തിരസ്കരണികൾ)

പ്രക്ഷേപിതമായ ചിത്രങ്ങൾ സ്ക്രീനുകളിൽ പ്രതിഫലിക്കുന്നു. എല്ലാതരം പ്രക്ഷേപണങ്ങൾക്കും സ്ക്രീൻ ആവശ്യമാണ്. ഏതെങ്കിലും നിരപ്പായതും പ്രകാശം പ്രതിഫലിപ്പിക്കുവാൻ കഴിവുള്ളതുമായ ഉപരിതലം സ്ക്രീൻ ആയി ഉപയോഗിക്കാം. തിരസ്കരണികൾ പല വിധത്തിലുണ്ടു്.

1. ഫ്ളാററ്മാററി: റബ്ബർ കൊണ്ടു് ഉണ്ടാക്കിയ സ്ക്രീൻ ആണിതു്. കഴുകി വൃത്തിയാക്കാം. പൂപ്പൽ വന്നു് ചീത്തയാകാൻ സാധ്യത കുറവാണ്.


2. ഗ്ലാസ് ബീഡഡ് സ്ക്രീൻ: പ്ലാസ്റ്റിക് തുണിയിലോ റബ്ബർ തുണിയിലോ ഗ്ലാസ് ബീഡ്സ് ഒട്ടിച്ചിട്ടുള്ള സ്ക്രീൻ ആണിതു്.
മാററി സ്ക്രീനിൽ പ്രേക്ഷകവീക്ഷണകോണം വളരെ വലുതാണ്. ഗ്ലാസ് ബീഡഡ് സ്ക്രീനിൽ പ്രതിഫലനം കൂടുമെങ്കിലും വീക്ഷണകോണം ചെറുതായിരിക്കും. വശങ്ങളിൽ ഇരിക്കുന്നവർക്ക് മങ്ങിയ ചിത്രമേ ദർശിക്കാൻ സാധിക്കൂ.

3. പ്ലാസ്റ്റിക് സ്ക്രീൻ: ഇതു് പ്ലാസ്റ്റിക് തുണി കൊണ്ടുള്ള സ്ക്രീനാണ് മാററി സ്ക്രീനിനേക്കാൾ കൂടുതൽ പ്രതിഫലനമുണ്ടു്. പക്ഷേ സ്ക്രീൻ നിരപ്പാക്കി നിർത്തുവാൻ പ്രയാസമാണ്; ചുളുക്കുകൾ വരും.

പ്രത്യേക സ്ക്രീൻ ഇല്ലാതെ തന്നെ വൃത്തിയും വെൺമയുമുള്ള ഭിത്തികളിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കാവുന്നതാണ്.

ശ്രാവ്യസഹായികൾ


ടേപ് റെക്കാർഡർ: രാസലേപനം ചെയ്തിട്ടുള്ള പ്ലാസ്റ്റിക് നാടയിൽ ശബ്ദം ആലേഖനം ചെയ്യുന്നതിനുള്ള ഉപകരണമാണ് ടേപ്റെക്കാർഡർ. പല ആകൃതിയിലും പ്രകൃതിയിലും ഇപ്പോൾ ഇവ ലഭ്യമാണ്. വിദ്യുച്ഛക്തിയുപയോഗിക്കുന്ന വലിയ സ്റ്റുഡിയോമോഡലുകൾ തുടങ്ങി ബാറ്ററി കൊണ്ടു പ്രവർത്തിക്കുന്ന ചെറിയ പോക്കററ് മോഡലുകൾ വരെ ഇന്നു പ്രചാര




ചിത്രം 9. കാണികളുടെ ഇരിപ്പിടവും സ്ക്രീനും തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവുംകുറഞ്ഞതും കൂടിയതുമായ അകലം കാണിക്കുന്ന ചിത്രം

ത്തിലുണ്ട്. ശബ്ദങ്ങൾ അതേ രൂപത്തിൽ ആലേഖനം ചെയ്ത് പുനരാവിഷ്കരിക്കുന്നു. വ്യാപനപ്രവർത്തകർക്ക് പല സന്ദർഭങ്ങളിലും പ്രയോജനകരമാണ് ടേപ്പ് റെക്കാർഡർ. വിദഗ്ധന്മാരും കർഷകരും തമ്മിലുള്ള ചർച്ചയോ

സംഭാഷണമോ ചോദ്യോത്തരങ്ങളോ അഭിലേഖനം ചെയ്ത് റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യാൻ ടേപ്‌റെക്കാർഡർ ഉപയോഗിക്കുന്നു. വീണ്ടും അതേ ടേപ്പ് തന്നെ ആദ്യത്തെ ശബ്ദം മായ്ച്ച് റെക്കാർഡു ചെയ്യാനുപയോഗിക്കാം. ശാസ്ത്രീയ രംഗത്തും വ്യാവസായികരംഗത്തും ടേപ്‌റെക്കാർഡ് വിപുലമായ തോതിൽ ഉപയോഗിക്കപ്പെടുന്നുണ്ട്.



ചിത്രം 10. ടേപ്‌റെക്കാർഡർ

### ഗ്രാമഫോൺ

സജീവമായ വ്യാപനപ്രവർത്തനത്തിൽ വളരെ വിരളമായേ ഗ്രാമഫോൺ ഉപയോഗിക്കുന്നുള്ളു. ശബ്ദവീചികളെ ഭാവി ഉപയോഗത്തിനു വേണ്ടി രേഖപ്പെടുത്തി സൂക്ഷിക്കാൻ ഗ്രാമഫോൺ കൊള്ളാം. അരക്കു കൊണ്ടു് നിർമിതമായ ഡിസ്ക്കുകളിലാണ് ശബ്ദലേഖനം നടത്തപ്പെടുന്നതു്. ഈ ശബ്ദം വീണ്ടും ഗ്രാമഫോണിൽ കൂടി ശ്രാവ്യമാകുന്നു. ഇതിനു് വളരെ പരിമിതമായ ഉപയോഗമേ ഇപ്പോൾ കാണുന്നുള്ളു.

### ശ്രവ്യദൃശ്യസഹായികളുടെ തിരഞ്ഞെടുക്കൽ

സഹായികൾ പലതും ലഭ്യമാണെങ്കിലും ഓരോ സന്ദർഭത്തിനും അനു

യോജ്യമായതു് തിരഞ്ഞു പിടിക്കുന്നതു് ഏററവും വിഷമകരമായ പ്രവൃത്തിയാണു്.

ആദ്യമായി ബോധനോദ്ദേശ്യം വ്യക്തമാക്കണം. പ്രേക്ഷകരിൽ ഏതു് രീതിയിലുള്ള പരിവർത്തനമാണു് വരുത്തേണ്ടതു് എന്നു നിശ്ചയിക്കുക. പുതിയ സമ്പ്രദായത്തിനു് അംഗീകാരം ലഭിക്കുവാൻ ശ്രവ്യദൃശ്യസഹായികൾ ഉപകരിക്കുമെങ്കിൽ സ്വീകരിക്കുക.

രണ്ടാമത്തെ നടപടി പ്രേക്ഷകരുടെ സ്വഭാവം മനസ്സിലാക്കുകയാണു്. പ്രേക്ഷകരുടെ പശ്ചാത്തലം, പ്രായം, വിദ്യാഭ്യാസയോഗ്യത, അനുഭവസമ്പത്തു് ഇവ മനസ്സിലാക്കിയിരിക്കണം. ആശയവിനിമയം ഭൂതകാലാനുഭവങ്ങളുടെ വെളിച്ചത്തിലാണുണ്ടാകുന്നതു്. ട്രാക്ടറിനെപ്പററിയുള്ള സിനിമ ട്രാക്ടർ ഒരിക്കലും കണ്ടിട്ടില്ലാത്തവരെ കാണിക്കുന്നതു കൊണ്ടു പ്രയോജനമില്ല. പ്രേക്ഷകർക്കു അനുയോജ്യമാണോ എന്നു തിട്ടപ്പെടുത്താതെ, സിനിമയ്ക്കു വേണ്ടി സിനിമ പ്രദർശിപ്പിക്കുന്നതു് ഉചിതമല്ല. രേഖാഗ്രാഫു് ഒരിക്കലും കണ്ടിട്ടില്ലാത്ത പ്രേക്ഷകരെ രേഖാഗ്രാഫിൽ കൂടി നിശ്ചിത കാലയളവിൽ വിലയ്ക്കു വരുന്ന മാററങ്ങൾ കാണിച്ചു കൊടുക്കുന്നതു് ഉചിതമല്ല. കുട്ടികൾക്കു് ഗ്രാഫിനേക്കാൾ പററിയതു് മോഡലുകളും വസ്തുക്കളും സ്ലൈഡുകളും ആണു്.

അടുത്തതായി ചിന്തിക്കേണ്ടതു് ശ്രവ്യദൃശ്യസഹായികളുടെ നിർമാണത്തിനുള്ള ചെലവിനെപ്പററിയാണു്. ബജററനുസരിച്ചുള്ള തുകയിൽ ഒതുങ്ങുന്ന സഹായികളേ പ്ലാൻ ചെയ്യാവൂ. ഏററവും കൂടുതൽ ചെലവു് സിനിമാനിർമാണത്തിനാണു്. പക്ഷേ ശരിയായ സന്ദർഭത്തിൽ ചെലവിനനുസരണമായ പ്രയോജനവും ഇതു കൊണ്ടുണ്ടാകും. പ്രവർത്തകർക്കു് അഭിലഷണീയമായ സഹായികളുടെ ലഭ്യതയാണു് അടുത്തതായി പരിചിന്തിക്കേണ്ട വിഷയം. യഥാർഥവസ്തുവാണു് ഉത്തമമായ സഹായി. അതിന്റെ അഭാവത്തിൽ മാത്രമേ മാതൃകകളെപ്പററി ചിന്തിക്കാവൂ. ചിത്രങ്ങളും പടങ്ങളും പിന്നീടാണു് വരുന്നതു്

അത്യുത്തമമായ ഒരു പഠനസഹായി ഇല്ലെന്നുള്ളതാണു് അടിസ്ഥാനപരമായ വസ്തുത. ആശയവിനിമയത്തിനു് നൂറു ശതമാനവും ഉതകുന്ന ഉപകരണങ്ങളില്ല. പ്രത്യേകസന്ദർഭങ്ങൾക്കനുയോജ്യമായ സഹായികളെ സ്വരൂപിക്കുകയാണു് ഉത്തമമായ മാർഗം.

ശ്രവ്യദൃശ്യസഹായികളുടെ പ്രഭാവത്തിന്റെ മാനദണ്ഡം നിർമാണച്ചെലവായിരിക്കരുതു്. അഭ്യാസത്തിലൂടെ ഉളവാകുന്ന ഫലങ്ങളെ ആസ്പദമാക്കി ശ്രവ്യദൃശ്യസഹായികളെ വിലയിരുത്തണം. ന്യൂയോർക്കു് സ്റ്റേററിലെ ഒരു വ്യാപനപ്രവർത്തകനോടു് തന്റെ ദൃശ്യശ്രവ്യസഹായികളെപ്പററി ചോദിച്ചപ്പോൾ നൽകിയ ഉത്തരം ഇതാണു്: "കൊല്ലങ്ങളായി ഞാൻ കർഷകരുമായി സംസാരിച്ചു നോക്കി. പക്ഷേ യാതൊരു പ്രതികരണവും അവരിൽ നിന്നുണ്ടായില്ല. എന്റെ ദൃശ്യശ്രവ്യസഹായികൾ ഭാരിച്ച ചുമടാണു്. പക്ഷേ ഞാൻ ആ ഭാരം ചുമക്കും; അവ നല്ല ഫലങ്ങൾ ഉളവാക്കുന്നു".

അധ്യാപകാധ്യേതാക്കളുടെ മനസ്സുകൾ ഏകീകരിക്കാത്ത പക്ഷം ആശ

യവിനിമയം ഫലപ്രദമാകില്ല. ദൃശ്യശ്രവ്യസഹായികൾ ഈ സമ്മേളനം സുസാധ്യമാക്കുന്നു. അവ വിനിമയതടസ്സങ്ങളെ നീക്കി സന്ദേശപ്രവാഹം വാഹകളിലൂടെ ത്വരിതപ്പെടുത്തുന്നു.

ആശയവിനിമയം വളരെ സങ്കീർണമായ ഒരു പ്രക്രിയയാണ്. പല വാക്കുകൾക്കും നാനാർത്ഥങ്ങളുണ്ട്. സന്ദർഭമാണ് ശരിക്കുള്ള അർത്ഥം നൽകുന്നത്. വാക്കുകൾക്ക് മനുഷ്യനിൽ പല രീതിയിലുള്ള ചേതോവികാരങ്ങൾ വളർത്തുവാൻ സാധിക്കും. തെററിധാരണകളും ഈ വികാരങ്ങൾ മൂലമാണുണ്ടാകുന്നത്. അനുയോജ്യമായ ദൃശ്യസഹായികൾ വിനിമയകനുദ്ദേശിക്കുന്ന അർത്ഥം പ്രേക്ഷകനു ലഭിക്കുവാൻ സഹായിക്കുന്നു.

പ്രേക്ഷകരിൽ അനുകൂലപ്രതികരണങ്ങൾ ഉണ്ടാക്കുവാൻ ദൃശ്യങ്ങൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ:

1. എല്ലാ ഇന്ദ്രിയങ്ങളെയും ഒരു പോലെ ആകർഷിക്കാനുള്ള കഴിവ്.
2. ആശയങ്ങളുടെ സുഗ്രഹതയും ആധുനികത്വവും.
3. സങ്കീർണമല്ലാത്ത സംവിധാനം.
4. പ്രവർത്തനത്തെ പ്രചോദിപ്പിക്കാനും ചിന്തയെ ഉദ്ദീപിപ്പിക്കാനുമുള്ള കഴിവ്.

# 12

## വ്യാപനത്തിൽ പരിപാടികളുടെ ആസൂത്രണം

ഗ്രാമീണരുടെ ജീവിതത്തിൽ പരിവർത്തനം വരുത്തുക എന്നതാണ് വ്യാപനപ്രവർത്തനങ്ങളുടെ ലക്ഷ്യം. ഇന്നു് നിലവിലുള്ള അവസ്ഥ അസ്വീകാര്യവും അപര്യാപ്തവുമാണെന്നും അഭിലഷണീയമായ സ്ഥിതിവിശേഷങ്ങൾ ഉചിതമായ പ്രവർത്തനങ്ങളിൽ കൂടി ഉണ്ടാക്കാമെന്നും ഗ്രാമീണരെ പഠിപ്പിക്കുകയാണ് വ്യാപനപ്രവർത്തനങ്ങളുടെ മുഖ്യകർത്തവ്യം. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ ഒരുമിച്ചു സംഘടിച്ചാൽ ഭാസുരമായ ഒരു ഭാവി കൈവരുത്തുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു് രൂപം കൊടുക്കുവാൻ കഴിയും. ഇതിലേക്കുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്യുവാൻ ഭാവനാശക്തിയും പ്രായോഗികവൈദഗ്ധ്യവും ഒരു പോലെ ആവശ്യമാണ്. ആസൂത്രണപ്രക്രിയ പരിവർത്തനത്തിനുള്ള ആവശ്യത്തെയും ആഗ്രഹത്തെയും ആണ് സൂചിപ്പിക്കുന്നതു്.

ജനാധിപത്യവ്യവസ്ഥയിൽ വ്യക്തിസ്വാതന്ത്ര്യവും സ്വയംനിർണയാവകാശവുമാണ് ഏററവും വിലമതിക്കപ്പെട്ട മൂല്യങ്ങൾ. വ്യക്തിക്കും സമുദായത്തിനും ഒരു പോലെ ഭാസുരമായ ഭാവി കെട്ടിപ്പടുക്കുന്ന പ്രവർത്തനത്തിലാണ് നാമിന്നേർപ്പെട്ടിട്ടുള്ളതു്. ഓരോ പൗരനും തന്റെ കടമ നിർവഹിക്കുമെന്നതാണ് സമൂഹത്തിന്റെ പ്രതീക്ഷ. വ്യക്തിസ്വാതന്ത്ര്യം, സ്വയംനിർണയാവകാശം, സാമ്പത്തികോന്നമനം, സാമൂഹ്യപുരോഗതി, ഇവയൊന്നും കഠിനാധ്വാനം കൊണ്ടു മാത്രം ഉണ്ടാകുന്നതല്ല. അവ സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യുന്നതു്, ക്രിയാത്മകമായ ചിന്തയുടെയും പരിപാടികളുടെയും ആസൂത്രണത്തിന്റെയും ഫലമായാണു്. സമുദായത്തിനു് നന്മ ചെയ്യാൻ ആസൂത്രിതപരിപാടികളിൽ കൂടി മാത്രമേ വ്യക്തികൾക്കു് സാധിക്കൂ. സമുദായത്തിന്റെ വിലമതിക്കാനാവാത്ത ഉന്നതമൂല്യങ്ങളെ നിലനിറുത്താനും പരി

പോഷിപ്പിക്കാനും വ്യക്തിക്ക് സാധ്യമാകണമെങ്കിൽ വ്യക്തമായ പരിപാടി ആവശ്യമാണ്. ജനാധിപത്യവ്യവസ്ഥിതിയിൽ ഓരോ പൗരനും അല്പമെങ്കിലും പങ്കെടുക്കുവാൻ അവസരം നൽകുന്ന ഒരു സാമൂഹ്യപ്രക്രിയയാണ് ആസൂത്രണം.

സാമ്പത്തികവും സാമൂഹ്യവും ആത്മീയവും കലാപരവുമായ ആവശ്യങ്ങൾ നിറവേററാനുതകുന്ന പരിവർത്തനങ്ങളാണ് ജനങ്ങൾക്ക് പ്രധാനം. അടിസ്ഥാനപരമായി എല്ലാ ഗ്രാമീണ വികസനപദ്ധതികളും ജനങ്ങളെ സഹായിക്കുവാൻ നിലകൊള്ളുന്നു. പരിപാടികൾ പൊതുജനാവശ്യങ്ങൾ നിറവേററുന്നില്ലെങ്കിൽ ജനങ്ങൾ അതിൽ പങ്കെടുക്കുകയില്ല. ജനങ്ങളുടെ ആവശ്യങ്ങളാണ് ഗ്രാമീണാസൂത്രണത്തിൻെറ കാതൽ.

ഉപയോഗപ്രദമായ ഒരു പരിപാടി രൂപീകരണമാണ് സംഘടിതമായ ഗ്രാമോദ്ധാരണപ്രവർത്തനത്തിൻെറ ആദ്യത്തെ പടി. ആസൂത്രകർക്ക് പ്രധാനാവശ്യങ്ങളെ അപ്രധാനമായവയിൽ നിന്ന് വേർതിരിക്കുവാൻ കഴിയണം. എബ്രഹാം ലിങ്കൺ പറഞ്ഞിരിക്കുന്നത് "നമ്മൾ എവിടെയാണെന്നും എങ്ങോട്ട് പോകണമെന്നും അറിയാമായിരുന്നെങ്കിൽ, എന്ത്, എങ്ങനെ ചെയ്യണമെന്ന് വിധിക്കാൻ എളുപ്പമായിരുന്നു" എന്നാണ്. ആസൂത്രണം ശൂന്യതയിൽ നിന്നുണ്ടാകുന്നതോ സ്വയം പ്രവർത്തിക്കുന്നതോ ആയ ഒരു പ്രക്രിയയല്ല നല്ല പരിപാടികൾക്കു വേണ്ടി ആഗ്രഹിച്ചാൽ മാത്രം പോരാ, പ്രവർത്തിക്കുകയും വേണം. പരസ്പരം ബന്ധപ്പെട്ട നിരവധി ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടുപിടിക്കുന്ന പ്രക്രിയയുടെ സംയുക്തഫലമാണ് പരിപാടി. "എന്ത് നേട്ടങ്ങൾ, എന്ത് വിഭവ ശേഷികൾ കൊണ്ട്, എങ്ങനെ, ആര് നേടുന്നു" എന്നീ ചോദ്യങ്ങൾക്കുള്ള വ്യക്തമായ മറുപടിയാണത്.

ചെയ്തു തീർക്കുവാനുള്ള പ്രവൃത്തികളുടെ പ്രാധാന്യത്തിൽ നിന്നും സങ്കീർണതയിൽ നിന്നുമാണ് പ്ലാനിങ്ങിൻെറ ആവശ്യം ഉളവാകുന്നത് അനുവർത്തിക്കേണ്ട പ്രവർത്തനമാർഗങ്ങൾ കണ്ടു പിടിച്ച് നിർണയിക്കുന്നതാണ് പ്ലാനിങ്ങ്. പുരോഗമനാത്മകമായ പരിവർത്തനങ്ങളുടെ അഭിലഷണീയതയിൽ നിന്നാണ് പരിപാടികളുടെ ആസൂത്രണം ഉടലെടുക്കുന്നത്. ചില രീതിയിലുള്ള മാററങ്ങൾ സ്വാഗതാർഹമാണ്. കഴിഞ്ഞകാലപരിപാടികളും അവ നടപ്പാക്കാൻ അവലംബിച്ച മാർഗങ്ങളും വർത്തമാനകാലത്തേയ്ക്കും ഭാവിയിലേയ്ക്കും പര്യാപ്തമല്ല എന്ന ധാരണ പ്ലാനിങ്ങ് അരക്കിട്ടുറപ്പിക്കുന്നു.

വ്യാപനപ്രവർത്തകർ നിർവഹിക്കേണ്ട കൃത്യങ്ങളിൽ ഏററവും ശ്രമകരമായ ഒന്നാണ് ഗ്രാമോദ്ധാരണപരിപാടികളുടെ ആസൂത്രണം. ആസൂത്രകർ പരിപാടികൾ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുന്നത് അഭിലഷണീയമല്ല. ജനകീയപരിപാടികളുടെ വേരുകൾ ജനങ്ങളിലൂന്നി നിൽക്കണം. ഗ്രാമാഭിവൃദ്ധിയുടെ ആസൂത്രണം വളരെ സങ്കീർണവും ദുർഘടവുമായ ഒരു പ്രശ്നമാണ്.

നല്ല ആസൂത്രണം ബുദ്ധിപൂർവം നിർവഹിക്കേണ്ട ഒരു പ്രവർത്തനമാണ്. അതിൽ തത്വങ്ങളുടെയും സത്യങ്ങളുടേയും പഠനമടങ്ങിയിരിക്കുന്നു.

പ്രത്യേകവൈദഗ്ധ്യവും പ്രാവീണ്യവും ആസൂത്രണത്തിൽ ആവശ്യമാണ്. മാത്രമല്ല, വിജ്ഞാനവും ഭാവനാവൈഭവവും കർമ്മകുശലതയും അനുമാനശക്തിയും വേണം. അതു് ഭാവിയിലേയ്ക്കു വഴി കാട്ടുന്ന തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയാണ്. തീരുമാനങ്ങൾ ബുദ്ധിപൂർവമല്ലെങ്കിൽ പലപ്പോഴും ലക്ഷ്യത്തിലെത്തുകയില്ല. പ്രവർത്തനലക്ഷ്യങ്ങളും മാർഗങ്ങളും നിർണയിക്കുന്നതിൽ സത്യമായ വസ്തുതകളെയും സാരാർത്ഥവിധികളെയും സംയോജിപ്പിക്കാനുള്ള അപാരമായ കഴിവ് ആവശ്യമാണ്. * ഡോ. പാൾ ലീഗൻസിന്റെ അഭിപ്രായത്തിൽ ആസൂത്രണത്തിനു തുനിയുന്നവർക്കു് താഴെപ്പറയുന്ന കഴിവുകൾ ആവശ്യമാണ്.

1. പ്ലാനിങ്ങിന്റെ പ്രവർത്തനത്തെപ്പററിയും പ്രകൃതത്തെപ്പററിയും ശരിയായ ധാരണ.
2. ആസൂത്രണനടപടികൾ ആവിഷ്കരിക്കാനുള്ള വൈദഗ്ധ്യം.
3. പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടുപിടിക്കുവാനുള്ള വൈദഗ്ധ്യം.
4. മുഖ്യമായ ലക്ഷ്യങ്ങൾ രൂപീകരിക്കുന്നതിലുള്ള സാമർത്ഥ്യം.
5. ലക്ഷ്യപ്രാപ്തിക്കു് ഉചിതമായ മാർഗങ്ങളും പ്രവർത്തനങ്ങളും ആവിഷ്കരിക്കാനുള്ള വൈദഗ്ധ്യം.
6. പ്രമുഖനേതാക്കളെ പ്ലാനിങ്ങ് പ്രക്രിയയിൽ പങ്കെടുപ്പിക്കുവാനുള്ള സാമർത്ഥ്യം.

പരിപാടികളുടെ ആസൂത്രണം എന്താണ്?

**വ്യാപനപരിപാടി:** ജനങ്ങളുടെയും പ്രവർത്തകരുടെയും സഹകരണത്തിലൂടെ ഉളവാകുന്ന ഒരു ധാരണയാണ് പരിപാടി. ധാരണ സ്ഥാനികസ്ഥിതികളെയും പ്രശ്നങ്ങളെയും ലക്ഷ്യങ്ങളെയും ലക്ഷ്യപ്രാപ്തിക്കുള്ള ശുപാർശകളെയും പററിയാണ്.

നിശ്ചയരൂപീകരണത്തിനു് സഹായകമായ സ്ഥാനികസ്ഥിതിവിവരങ്ങളും, മുൻഗണന നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പ്രശ്നങ്ങളും, സാധ്യതയുള്ള പരിഹാരമാർഗങ്ങളും അടങ്ങിയ ഒരു പ്രസ്താവനയെന്ന് പരിപാടിയെ നിർവചിക്കാം.

പ്ലാൻ: പ്രവർത്തനങ്ങളുടെ ഒരു പരിപാടിയുടെ ഫലപ്രദമായ നിർവഹണത്തിനുള്ള ഉചിതമായ പ്രവർത്തന ജ്ജീകരണങ്ങളുടെ രൂപരേഖയാണ് പ്ലാൻ. പ്രവൃത്തിയെ സംബന്ധിച്ച് എന്തു്, എന്തു കൊണ്ടു്, എങ്ങനെ, എപ്പോൾ, എവിടെ, ആരാൽ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു പ്ലാൻ ഉത്തരം നൽകും.

പദ്ധതി: വാർഷികപ്ലാനിലെ വ്യക്തമായ ഒരു പ്രശ്നത്തിന്റെ പരിഹാര

---

* J Paul Leagans, Programme Plannig to Meet Peoples needs in the Book "Extension Education and Community Development, Govt. of India"

മാർഗങ്ങളടങ്ങിയ ഒരിനമാണ് പദ്ധതി അഥവാ പ്രോജക്ട്. പരിപാടി വർഷങ്ങളായി തുടർന്നു പോകേണ്ട ഒന്നായിരിക്കും. പ്ലാൻ ഒരു വർഷം കൊണ്ടു ചെയ്തു തീർക്കേണ്ട പ്രവർത്തനമാണ്. പ്രോജക്ടിൽ ഏതെങ്കിലും ഒരു തരം പ്രശ്നത്തിന്റെ പരിഹാരമാണ് വിഭാവനം ചെയ്യപ്പെടുന്നത്.

പ്രവർത്തന കലണ്ടർ: നമ്പർമുറയും തീയതിമുറയും ഓരോ പടിയും എപ്പോൾ നിർവഹിക്കണമെന്ന് സൂചിപ്പിക്കുന്ന പ്രവർത്തനപ്ലാനാണ് കലണ്ടർ. പ്രവർത്തനത്തിന്റെ സമയവിവരപ്പട്ടികയാണിത്. ഓരോ മാസത്തിലെയും പ്രധാനസംഭവങ്ങൾ കാലേക്കൂട്ടി നിശ്ചയിച്ച് കടലാസ്സിൽ രൂപം കൊടുക്കുന്നു.

പരിപാടി ആസൂത്രണം: ജനങ്ങളുമായി യോജിച്ച് അവരുടെ സ്ഥിതിയെയും പ്രശ്നങ്ങളെയും നിർണയിക്കാൻ പരിശ്രമിക്കുകയും ലക്ഷ്യങ്ങളും പരിഹാരമാർഗങ്ങളും നിർദേശിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് പരിപാടി ആസൂത്രണം. നമ്മുടെ പരിതസ്ഥിതിയിൽ പരിപാടിയും പ്ലാനും സംയോജിപ്പിക്കുന്നത് അഭിലഷണീയമായിരിക്കും.

ലക്ഷ്യം: ദൂരസ്ഥിതമായ പ്രാപ്യസ്ഥാനമാണ് ലക്ഷ്യം. ലക്ഷ്യത്തിൽ വിവിധ ഉദ്ദേശ്യങ്ങൾ അടങ്ങിയിരിക്കും.

ഉദ്ദേശ്യം: ചലനത്തിന്റെ മാർഗമാണ് ഉദ്ദേശ്യം. ഇതു് പ്രവർത്തനം ഏതു് ദിക്കിലേക്കാണ് നീങ്ങുന്നതു് എന്നു കാണിക്കുന്നു. കൃത്യമായി നിർവചിക്കപ്പെടുന്ന ഉദ്ദേശ്യങ്ങൾ അളന്നു തിട്ടപ്പെടുത്താവുന്നതാണ്.

ഗോൾ: ഏതെങ്കിലും ഒരു വഴിക്ക് (ദിശ) ഒരു ക്ളിപ്തസമയത്തിനുള്ളിൽ തരണം ചെയ്യേണ്ട ദൂരമാണ് ഗോൾ.

ഒരു ക്ളിപ്തകാലയളവിൽ പ്രശ്നങ്ങൾക്ക് യഥാവിധി പരിഹാരം നേടുന്നതാണ് പരിപാടി ആസൂത്രണം. അതിൽ നേടുവാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും അതിലേയ്ക്കുള്ള മാർഗങ്ങളും സൂചിപ്പിക്കുകയും ആരു് എപ്പോൾ ഏതു കൃത്യം നിർവഹിക്കുമെന്ന് നിർദേശിക്കുകയും ചെയ്തിരിക്കണം.

## പരിപാടികളിൽ ആസൂത്രണത്തിന്റെ ആവശ്യം

കെൽസിയും ഹേർണിയും അവരുടെ സഹകരണവ്യാപനപ്രവർത്തനം എന്ന ഗ്രന്ഥത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ആസൂത്രണം ആവശ്യമാണെന്നു പറഞ്ഞിരിക്കുന്നു:

1. എന്തു് എന്തുകൊണ്ട് എങ്ങനെ ചെയ്യണമെന്ന് സൂക്ഷ്മമായി പരിചിന്തിക്കാൻ
2. പൊതുജനോപയോഗത്തിനാവശ്യമായ ലിഖിത പ്രസ്താവനയുണ്ടാക്കുവാൻ
3. പുതിയ നിർദ്ദേശങ്ങളെ പരിചിന്തനം ചെയ്യുന്നതിനു് വഴികാട്ടാൻ
4. പുരോഗതി വിശകലനം ചെയ്ത് അളക്കാവുന്ന ലക്ഷ്യങ്ങൾ സ്ഥാപിക്കുവാൻ
5. പ്രധാന പ്രശ്നങ്ങളെ അപ്രധാനങ്ങളായവയിൽ നിന്നും, ശാശ്വത പരിവ

ത്തനങ്ങളെ താൽക്കാലികങ്ങളിൽ നിന്നും വേർതിരിച്ചു കിട്ടുവാനുള്ള മാർഗങ്ങൾ ആരായുവാൻ

6. മാർഗങ്ങളെ ലക്ഷ്യങ്ങളായി തെററിദ്ധരിക്കാതിരിക്കാനും പ്രധാനവും അപ്രധാനവുമായ ആവശ്യങ്ങളെ വേർതിരിച്ചു കാണാനും

7. പ്രവർത്തകർക്ക് മാററം വരുമ്പോൾ പ്രവർത്തനങ്ങൾ അവിച്ഛിന്നം തുടന്നു പോകുവാൻ

8. സമയ-ധനനഷ്ടങ്ങൾ ഒഴിവാക്കാനും കാര്യക്ഷമത വർധിപ്പിക്കുവാനും

## ആസൂത്രണതത്വങ്ങൾ

1. വ്യാപനപരിപാടികളുടെ ആസൂത്രണം സ്ഥാനികവസ്തുതകളുടെ സൂക്ഷ്മവിശ്ലേഷണത്തെ അടിസ്ഥാനമാക്കി നിർവ്വഹിക്കണം.

ഭൂമി, ജനങ്ങൾ, ആചാരങ്ങൾ, കുടുംബങ്ങൾ, സമുദായങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ ഏജൻസികൾ എന്നിവയെല്ലാം സ്ഥാനികവസ്തുതകളായി കണക്കിലെടുക്കണം. വ്യാപനസംഘടനയുടെ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഈ ഘടകങ്ങളെ വിശകലനം ചെയ്യേണ്ടത്. സെൻസസ് റിപ്പോർട്ടുകൾ, അന്വേഷണക്കമ്മീഷൻ റിപ്പോർട്ടുകൾ, സ്ഥാനിക സ്ഥിതിവിവരങ്ങളുടെ സർവ്വേക്ഷണറിപ്പോർട്ടുകൾ, ഭൂതകാലപരിശ്രമങ്ങളുടെ പഠനങ്ങൾ തുടങ്ങിയവ ആസൂത്രണത്തിനാസ്പദമാക്കേണ്ടതുണ്ട്.

2. പരിപാടികൾ തദ്ദേശവാസികളുടെ നിലവിലുള്ള സാമ്പത്തിക-സാമൂഹിക-സാങ്കേതികനിലവാരമനുസരിച്ച് ക്രമീകരിക്കപ്പെടണം.

ജനങ്ങളുടെ അനുഭവങ്ങളും വിദ്യാഭ്യാസനിലവാരവും സാമ്പത്തികശേഷിയും പെട്ടെന്നുള്ള പരിവർത്തനങ്ങൾക്ക് അനുകൂലമല്ലെങ്കിലും പലപ്പോഴും അവരെ ഒററയടിക്കു പരിഷ്കൃതരാക്കുവാനുള്ള ശ്രമങ്ങൾ നടക്കാറുണ്ട്. ചിരകാലാനുഭവങ്ങൾ അടിഞ്ഞു കൂടിക്കിടക്കുന്ന മനുഷ്യഹൃദയം ക്ഷിപ്രപരിവർത്തനങ്ങൾക്കു വിധേയമാവില്ല. അതുകൊണ്ട് വ്യാപനപരിപാടികളുടെ ആസൂത്രണത്തിൽ ജനങ്ങളുടെ കഴിവും വിഭവശേഷിയും അനുഭവങ്ങളും വിശ്വാസങ്ങളും ആയിരിക്കണം അടിസ്ഥാനമാക്കേണ്ടതു്. ഔപചാരികവിദ്യാഭ്യാസത്തിൻെറ തത്വങ്ങൾ തന്നെയാണ് ഇവിടെയും പ്രവർത്തിക്കുന്നതു്. പ്രാഥമികവിദ്യാഭ്യാസവും സെക്കൻഡറി വിദ്യാഭ്യാസവും കഴിഞ്ഞതിനു ശേഷം മാത്രമേ വിദ്യാർഥികൾക്ക് കലാലയവിദ്യാഭ്യാസത്തിന് അർഹത സിദ്ധിക്കുന്നുള്ളവല്ലോ. ഇതുപോലെ ശാസ്ത്രീയവും നൂതനവുമായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിക്കുവാൻ സാമ്പത്തികവും ഭൗതികവുമായ ശേഷിയുള്ള കർഷകർക്കു മാത്രമേ സാധ്യമാവൂ.

3. പരിപാടി സമഗ്രവും വ്യാപകവുമായിരിക്കണം.

എല്ലാ സാമ്പത്തികസാമൂഹികവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു പരിപാടിയാണ് അഭികാമ്യമായിട്ടുള്ളതു്, ജാതിമതഭേദമില്ലാതെ പണ്ഡിതനെന്നോ പാമരനെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാ

MUNAVVIRUL ISLAM HIGH
COCHIN-11.
ERNAKULAM

ദമില്ലാതെ എല്ലാ ജനവിഭാഗങ്ങളെയും എല്ലാ രംഗങ്ങളും സ്പർശിക്കുന്ന പരിപാടികളാണ് അഭിലഷണീയം.

4. വ്യക്തിപരമായും കൂട്ടായും സ്വന്തം പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം നേടാനുള്ള കഴിവിനെ പരിപോഷിപ്പിക്കത്തക്ക വിധത്തിലുള്ള വിദ്യാഭ്യാസത്തിന് ആസൂത്രണത്തിൽ പ്രാധാന്യം നൽകിയിരിക്കണം.

5. ജനാധിപത്യരീതിയിൽ വ്യാപനപ്രവർത്തകരുടെയും ജനങ്ങളുടെയും നേതാക്കന്മാരുടെയും മറ്റു സഹകാരികളുടെയും സംയുക്താഭിമുഖ്യത്തിലായിരിക്കണം പരിപാടികളുടെ രൂപീകരണം.

തദ്ദേശവാസികളെയും നേതാക്കളെയും അടിസ്ഥാനാവശ്യങ്ങളെപ്പററി ബോധവാന്മാരാക്കുകയും വിദഗ്ധോപദേശങ്ങൾ നൽകി ജനങ്ങളെ ആസൂത്രണത്തിൽ സജീവമായി പങ്കെടുപ്പിക്കുകയും ചെയ്യണം.

6. ലക്ഷ്യങ്ങൾ നേടാനുള്ള ഉപാധികൾ ഉപയോഗിക്കണം.

എല്ലാ സമുദായങ്ങളിലും വിവിധ തരത്തിലുള്ള ഔപചാരികമായ സംഘടനകൾ നിലവിലുണ്ട്. വ്യാപനപ്രവർത്തകർ ഇവയുമായി സമ്പർക്കം പുലർത്തേണ്ടതാണ്. സംഘടനാലക്ഷ്യങ്ങൾക്ക് വ്യാപനലക്ഷ്യങ്ങളുമായി സാദൃശ്യമുണ്ടെങ്കിൽ അവയെ പ്രവർത്തനപരിധിയിൽപ്പെടുത്താം. വ്യാപനപ്രവർത്തകൻ ഏകനായാൽ വലിയ സഹകരണം ഉണ്ടാവില്ല. നിലവിലുള്ള സംഘടന അപര്യാപ്തമായി തോന്നുമ്പോൾ പുതിയതു് രൂപീകരിക്കുകയാണ് ഉചിതം. പക്ഷേ സംഘടനകൾ തമ്മിൽ സംഘട്ടനത്തിനിടവരാതെ സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണത്തിലും പ്രവർത്തനങ്ങളിലും പ്രാദേശികനേതാക്കന്മാരെ പങ്കെടുപ്പിക്കണം. നല്ല പരിപാടി പുരോഗമനേച്ഛുക്കളും ജനക്ഷേമതല്പരരുമായ സമുദായാംഗങ്ങളുടെയും സാങ്കേതികപരിശീലനം ലഭിച്ച പ്രവർത്തകരുടെയും സംയുക്തസഹകരണയത്നത്തിൽ നിന്നാണുണ്ടാകുന്നത്. പൊതുജനങ്ങളെ ആസൂത്രണത്തിൽ പങ്കെടുപ്പിക്കുന്നതു് ഒരു സങ്കീർണ്ണപ്രശ്നമാണ്. ജനങ്ങൾക്കു വേണ്ടി എന്തു ചെയ്യുന്നു എന്നതിനേക്കാൾ ജനങ്ങൾ എന്തു ചെയ്യുന്നു എന്നതിനാണ് പ്രാധാന്യം. എല്ലാ ജനങ്ങളെയും പങ്കെടുപ്പിക്കുന്നതു് അസാധ്യമാകയാൽ തദ്ദേശസ്ഥിതിഗതികളെപ്പററി അറിവുള്ള നേതാക്കളെയാണ് ആസൂത്രണത്തിൽ പങ്കെടുപ്പിക്കേണ്ടതു്. പരിപാടികളുടെ നിർവഹണത്തിൽ ജനങ്ങളെയെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഭാഗഭാക്കാക്കണം.

8. പരിപാടികൾക്ക് പ്രത്യേക അടിയന്തിരാവസ്ഥകളെയും ഹ്രസ്വകാലപരിവർത്തനങ്ങളെയും ദീർഘകാലപരിതഃസ്ഥിതികളെയും കൈകാര്യം ചെയ്യത്തക്ക വണ്ണം നമ്യതയുണ്ടായിരിക്കണം.

ദീർഘകാലലക്ഷ്യങ്ങളും ഹ്രസ്വകാലലക്ഷ്യങ്ങളും ഒരുമിച്ചു പോകണം. അടിയന്തിരകാലഘട്ടങ്ങളിൽ പരിപാടികൾ ജനഹിതത്തിനു വഴങ്ങണം. പ്രകൃതികോപങ്ങൾ പരിപാടികളെ തകിടം മറിക്കാത്ത വിധത്തിലാ

യിരിക്കണം ആസൂത്രണം ചെയ്യേണ്ടതു്. പരിപാടികൾക്കു് നമ്യതയില്ലെങ്കിൽ ജനങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേററുവാൻ അസാധ്യമാകും.

9. ജനങ്ങൾക്കു് ബോധ്യം വന്നവയും അവർ അംഗീകരിച്ചിട്ടുള്ളവയുമായ ആവശ്യങ്ങൾ നിറവേററാനുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുക.

ഗ്രാമീണരുടെ എല്ലാ പ്രശ്നങ്ങളും ഒരേസമയത്തു് പരിഹരിക്കാൻ സാധ്യമായി എന്നു വരില്ല. ജനങ്ങളുടെ വീക്ഷണത്തിൽ പ്രധാനമെന്നു് തോന്നിക്കുന്ന ആവശ്യങ്ങൾക്കു് മുൻഗണന കൊടുക്കണം. കുടുംബങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ നിന്നു് ആരംഭിച്ചു് പടിപടിയായി മററു രംഗങ്ങളിലേക്കു് പ്രവേശിക്കണം.

10. ജനങ്ങൾക്കു് മനസ്സിലാകുന്ന ഭാഷയിൽ പ്രവർത്തനോദ്ദേശ്യങ്ങൾ വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കണം.

ജനങ്ങൾക്കു് പുരോഗതി കൈവരുത്തണമെങ്കിൽ വ്യാപനോദ്ദേശ്യങ്ങൾ വ്യക്തമായി നിർവചിക്കുകയും പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ അവയെ വിലയിരുത്തുകയും വേണം. നല്ല ഉദ്ദേശ്യങ്ങൾ കൂടുതൽ ആളുകളെ മുന്നോട്ടു പോകാൻ പ്രേരിപ്പിക്കുന്നു. മൂന്നു നിലവാരത്തിലുള്ള ഉദ്ദേശ്യങ്ങളാണു് കെൽസിയും ഹെർണിയും അംഗീകരിക്കുന്നതു്:

1. അടിസ്ഥാനഉദ്ദേശ്യങ്ങൾ
2. സാമാന്യഉദ്ദേശ്യങ്ങൾ
3. പ്രവർത്തനഉദ്ദേശ്യങ്ങൾ

വ്യാപനപ്രവർത്തകർക്കും ജനങ്ങൾക്കും വ്യത്യസ്തമായ ഉദ്ദേശ്യങ്ങളാണുള്ളതു്. ഐ. ആർ. 8 വിത്തു് കൃഷിക്കാരെക്കൊണ്ടു് അംഗീകരിപ്പിക്കുകയെന്നതു് പ്രവർത്തകരുടെയും, കൃഷിയിൽ നിന്നു കൂടുതൽ ആദായം ഉണ്ടാക്കുകയെന്നതു് കർഷകരുടെയും ഉദ്ദേശ്യമാണു്. ഇവ രണ്ടും പലപ്പോഴും വ്യത്യസ്തങ്ങളായിരിക്കും. പക്ഷേ പ്രവർത്തകരുടെയും ജനങ്ങളുടെയും ഉദ്ദേശ്യങ്ങൾ തമ്മിൽ താദാത്മ്യം പ്രാപിക്കുന്നതാണു് ഏററവും അഭികാമ്യം.

വ്യാപനലക്ഷ്യങ്ങൾ മൂന്നു വിധത്തിലാകാം.

1. വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ
2. സാമ്പത്തിക ലക്ഷ്യങ്ങൾ
3. സാമുദായിക ലക്ഷ്യങ്ങൾ

വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ അറിവിലും ആശയഗതിയിലും വൈദഗ്ധ്യത്തിലും ഉള്ള പരിവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണു്. സാമ്പത്തികമായ ലക്ഷ്യങ്ങളിൽ വർധിച്ച കാർഷികോൽപാദനം, കൃമികീടങ്ങളിൽ നിന്നുള്ള നാശനഷ്ടങ്ങൾ കുറയ്ക്കൽ, മണ്ണിന്റെ വീര്യവർധനവു് തുടങ്ങിയ ഭൗതികപരിവർത്തനങ്ങളാണുദ്ദേശിക്കപ്പെടുന്നതു്. സഹകരണപ്രവർത്തനം, ആരോഗ്യ സംരക്ഷണം, പാർപ്പിട സൗകര്യങ്ങൾ മുതലായവ സാമൂഹ്യലക്ഷ്യങ്ങ

ളാണ്. സാമ്പത്തിക ലക്ഷ്യങ്ങളിൽ കൂടി സാമൂഹ്യലക്ഷ്യത്തിലെത്തുകയെന്നതാണ് അഭിലഷണീയമായ സമീപനം.

11. പരിപാടികളുടെ ആസൂത്രണത്തിൽ മൂല്യാങ്കനത്തിനുള്ള സജ്ജീകരണങ്ങൾ ഉൾപ്പെടുത്തിയിരിക്കണം. എല്ലാ ഘട്ടങ്ങളിലെയും പ്രവർത്തനങ്ങളുടെ ശരിയായ രേഖകൾ സൂക്ഷിക്കുന്നതു് ഇതിനാവശ്യമാണ്.

12. വ്യാപനപ്രവർത്തനങ്ങൾ വിദഗ്ധമേൽനോട്ടത്തിൽ അനുഭവസമ്പന്നരും പരിശീലനം സിദ്ധിച്ചവരുമായ പ്രവർത്തകരാൽ നടത്തപ്പെടണം.

സാങ്കേതികപരിശീലനത്തിന് പകരം വയ്ക്കാൻ മറ്റൊന്നുമില്ല. പ്രവർത്തകർക്ക് ജനങ്ങളുടെ പ്രീതിയും ബഹുമാനവും ആർജിക്കത്തക്ക അനുഭവസമ്പന്നതയും പരിശീലനവും ആവശ്യമാണ്. ഒരു വ്യക്തിക്ക് എല്ലാരംഗത്തും ഒരുപോലെ പ്രാഗത്ഭ്യം ഉണ്ടാവുക സാധ്യമല്ല. പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള വിദഗ്ധന്മാരുടെ സേവനം ഉചിതമായ രംഗങ്ങളിൽ ഉപയോഗിക്കേണ്ടതാണ്. വ്യാപനപ്രവർത്തകർക്കു് പ്രായോഗിക പ്രവർത്തനസാമർത്ഥ്യത്തിൽകൂടി ജനസമ്മതി നേടുവാൻ കഴിയണം. വ്യാപനമാർഗങ്ങൾ വിദഗ്ധമായി കൈകാര്യം ചെയ്യുവാൻ അവശ്യമായ പരിശീലനം പ്രവർത്തകക്കു് നൽകേണ്ടതാണ്.

13. സമയം, സൗകര്യങ്ങൾ, സാമ്പത്തികസ്ഥിതി തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്താൽ പരിപാടി പ്രായോഗികമായിരിക്കണം.

വളരെയേറെ പ്രശ്നങ്ങളെ ഒരേ സമയത്തു് നേരിടുകയെന്നതു് സർവസാധാരണമായി കണ്ടു വരുന്ന ഒരു പാളിച്ചയാണ്. എളുപ്പം പരിഹരിക്കാവുന്ന മുഖ്യപ്രശ്നങ്ങളെ വേർതിരിച്ചു കാണുന്നതിൽ ശ്രദ്ധിക്കേണ്ടതാകുന്നു. അതേ സമയം തന്നെ സങ്കീർണങ്ങളായ അടിസ്ഥാനപ്രശ്നങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ നേരിടുവാനുള്ള പദ്ധതികളും രൂപീകരിക്കേണ്ടതാണ്.

### ആസൂത്രണഘടകങ്ങൾ

ആസൂത്രണത്തിൽ അതിപ്രാധാന്യമുള്ള നാലു പടികളാണുള്ളതു്.

1. പ്ലാനിങ്ങിൽ ജനങ്ങളെ പങ്കെടുപ്പിക്കുവാനുള്ള പദ്ധതി
2. പരിപാടിയുടെ ആസൂത്രണ നടപടിക്രമങ്ങൾ.
3. ആസൂത്രണ ഫലം
4. വാർഷികപ്രവർത്തനപ്ലാൻ

### ആസൂത്രണത്തിൽ ജനങ്ങളുടെ പങ്ക്

പ്രാദേശികമായി നേടുവാനുദ്ദേശിക്കുന്ന ലക്ഷ്യനിർണയപ്രക്രിയയാണ് ഗ്രാമീണവികസനാസൂത്രണത്തിന്റെ കാതൽ. ഗ്രാമീണവ്യാപനപ്രവർത്തകരെ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ് ജനങ്ങളുടെ ആവശ്യങ്ങളെയും താല്പര്യങ്ങളെയും പ്രതിഫലിപ്പിക്കുന്ന ലക്ഷ്യങ്ങൾ രൂപീകരിക്കുകയെന്നതു്. സമർത്ഥമായി ഈ പ്രശ്നം കൈകാര്യം ചെയ്യുകയെന്നതു് വിദഗ്ധർക്കു പോലും തലവേദനയുണ്ടാക്കുന്നതാണ്. ജനങ്ങളും പ്രവർത്തകരും ചേർന്നാണ് ലക്ഷ്യ

ങ്ങൾ നിർവചിക്കുന്നത്. ആസൂത്രണരംഗത്ത് ജനങ്ങളുടേതായ സംഭാവന സംഘസമീപനത്തിൽ കൂടിയാണ് ലഭിക്കുക. വ്യത്യസ്ത സംഘടനാരൂപവും പ്രത്യേകമായി ഇതിനുത്തമമാണെന്ന നിഗമനത്തിൽ ഗവേഷകന്മാർ എത്തിയിട്ടില്ല.

ജനങ്ങളുടെ പങ്ക് കൂടുതൽ ലഭ്യമാകുന്ന സാഹചര്യങ്ങൾ ഇവയാണ്:

1. ആസൂത്രണത്തിനു് അനുദ്യോഗസ്ഥാംഗങ്ങളുടെ ഒരു കമ്മിറ്റി സംഘടിപ്പിക്കുക
2. തദ്ദേശതാൽപര്യങ്ങൾക്കും വിവിധ സാമ്പത്തികസാമൂഹികഗ്രൂപ്പുകൾക്കും പ്രധാനതൊഴിലുകൾക്കും കമ്മിററിയിൽ പ്രാതിനിധ്യം നൽകുക.
3. ആസൂത്രണക്കമ്മിററിയിലെ ഓരോ അംഗവും അവരവരുടെ ചുമതലകളും ലക്ഷ്യങ്ങളും സംഘപ്രവർത്തനമാർഗങ്ങളും എന്താണെന്നു മനസ്സിലാക്കുക.
4. സമുദായത്തിലെ വിവിധതലങ്ങളിൽ നിന്നും ജനാധിപത്യരീതിയിൽ കമ്മിററിയിലേയ്ക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുക.
5. സംഘത്തിൻെറ പ്രവർത്തനം അനുസ്യൂതം തുടരുവാനും താൽക്കാലിക ഗ്രൂപ്പുകളെ സമയത്തിനു ശേഷം പിരിച്ചു വിടാനും പുതിയ അംഗങ്ങളെ ചേർക്കുവാനും തക്ക പരിപാടികൾ രൂപീകരിക്കുക.

## ആസൂത്രണ നടപടികൾ

അനുയോജ്യമായ ഒരു പരിപാടിയുടെ സംവിധാനത്തിനു് വേണ്ടതായ നടപടികളാണിവിടെ പ്രതിപാദിക്കുന്നത്. ഇവയാണ് പ്രധാന നടപടികൾ

1. ആസൂത്രണത്തിനാസ്പദമായ സ്ഥാനികവസ്തുതകൾ ശേഖരിക്കുകയും അവയെ അപഗ്രഥിച്ച് വിലയിരുത്തുകയു ചെയ്യുക.

സ്ഥാനിക സ്ഥിതിഗതികളെ ഗൗനിക്കാതെയാണ് വ്യാപനത്തിൽ പലപ്പോഴും ലക്ഷ്യനിർവചനം നിർവഹിക്കപ്പെടുന്നത്. ഈ നടപടി അശാസ്ത്രീയമാണെന്നുമാത്രമല്ല സമുദായത്തിൽ പരിവർത്തനങ്ങളുടെ അംഗീകാരത്തിനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. പ്രശ്നങ്ങൾ ജനങ്ങൾക്കു പ്രധാനങ്ങളാണെന്നുള്ള വിശ്വാസമുണ്ടാക്കിയില്ലെങ്കിൽ അവരുടെ സഹകരണം ലഭിക്കുകയില്ല. കാഷികരംഗമുൾപ്പെടെയുള്ള ഏതു രംഗത്തു പുരോഗമനപദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്ഥാനികമായ ഉപാധികളെയും വിഭവശേഷികളെയും പററി വിശദമായ വിവരങ്ങൾ ശേഖരിക്കണം. ഗ്രാമതലത്തിലെ ജനങ്ങൾ അവരുടെ സംസ്കാരം, ചിന്താഗതികൾ, ആചാരങ്ങൾ, സാമ്പത്തിക സ്ഥിതി, കാർഷികാസംഘങ്ങൾ, ജനസംഖ്യക്കണക്കുകൾ തുടങ്ങിയ നിരവധി വിവരങ്ങൾ സർവെ നടത്തി ശേഖരിക്കേണ്ടതാണ്. ഇവയെ വിശകലനം ചെയ്ത് ആസൂത്രണത്തിനു് ആവശ്യമായ ഉപാധികൾ സ്വീകരിക്കുന്നതാണ് അഭിലഷണീയമായ സമീപനം.

1. ലക്ഷ്യനിർവചനം: സമൂഹത്തിൻെറ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ലക്ഷ്യങ്ങൾ വ്യക്തമായും സരളമായും നിർവചിച്ചിരിക്കണം. ജനങ്ങളാണ് വ്യാപനപ്രവർത്തകരുടെ സഹായത്തോടെ ലക്ഷ്യനിർവചനം നിർവഹിക്കു

ന്നതു്. ആസൂത്രണക്കമ്മിററി സ്ഥിതിഗതികളുടെ വിവിധ വശങ്ങളെപ്പററി സമഗ്രമായി ചർച്ച ചെയ്തു് തീരുമാനങ്ങളെടുക്കണം. ലക്ഷ്യങ്ങൾ യാതൊരു തെററിദ്ധാരണയ്ക്കും ഇട കൊടുക്കാത്ത വിധത്തിൽ വ്യക്തമായി നിർവചിച്ചിരിക്കേണ്ടതാണു്. ലക്ഷ്യങ്ങൾ തീരുമാനിച്ചു കഴിഞ്ഞാൽ അവയ്ക്കു വേണ്ടത്ര പ്രചരണങ്ങൾ നൽകണം.

2. പ്രശ്നനിർവ്വചനം: ഇവിടെ പ്രതിപാദിക്കുന്നതു് ലക്ഷ്യപ്രാപ്തിക്കു വിഘാതമായിരിക്കുന്നതും തരണം ചെയ്യേണ്ടതുമായ പ്രതിബന്ധങ്ങളെപ്പററിയാണു്. വ്യക്തികൾക്കു് സ്വന്തം വിഭവങ്ങളുടെ സഹായത്തോടെയോ സമൂഹസഹകരണത്തിലൂടെയോ സമൂഹത്തിനു് പുറത്തു് നിന്നു ലഭിക്കുന്ന സഹായത്തോടെയോ പരിഹരിക്കാവുന്ന പ്രശ്നങ്ങളുണ്ടു്. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ ആസൂത്രണക്കമ്മിററി പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്തു് വർഗീകരിക്കുന്നു. വൻപ്രശ്നങ്ങളെ ചെറിയ ഘടകങ്ങളായി വിഭജിക്കണം. സജീവമായ ചർച്ചകളിൽ കൂടി പ്രശ്നങ്ങളുടെ കാരണങ്ങളും പരിഹാരമാർഗങ്ങളും തെളിഞ്ഞു വരുന്നു. അവസാനപരിശോധനയിൽ അടിസ്ഥാനപ്രശ്നങ്ങൾ വെളിച്ചത്തു വരും.

ആവശ്യങ്ങൾ ആസൂത്രണപ്രക്രിയയിൽ കൂടിയാണു് കണ്ടെത്തുന്നതു്. ഇന്നുള്ള സ്ഥിതിയുടെയും ഭാവിയിലുണ്ടാകാൻ ആഗ്രഹിക്കുന്ന സ്ഥിതിയുടെയും അന്തരമാണു് "ആവശ്യം." എന്തുണ്ടു് എന്നതു് സ്ഥാനികസ്ഥിതിഗതികൾ പഠിക്കുന്നതിൽ നിന്നു മനസ്സിലാക്കാം. ജനങ്ങൾ അവരുടെ ആശയഗതികൾ ഭൗതികഘടകങ്ങളായ മണ്ണു് വിളവുകൾ, കാർഷികായുധങ്ങൾ, കന്നുകാലികൾ ആദിയായവ സ്ഥാനികസ്ഥിതികളുടെ കൂട്ടത്തിൽ പരിഗണിക്കേണ്ടവയാണു്.

ഭാവിയിലെ അഭിലഷണീയമായ അവസ്ഥ പരീക്ഷണങ്ങളിൽ നിന്നും ഗവേഷണങ്ങളിൽ നിന്നും ജീവിതമൂല്യപരിഗണനയിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. ഉദാഹരണമായി കർഷകന്റെ നെല്ലുൽപാദനത്തെ എടുത്തു നോക്കാം. ഇന്നത്തെ ഉൽപാദനത്തോതു് കുറവാണെന്നു് സ്ഥിതിവിവരങ്ങളിൽ നിന്നു് മനസ്സിലാക്കാം. ഐ. ആർ-8 ഉപയോഗിച്ച് ഉൽപാദനം 50 % കൂട്ടാമെന്നു് പരീക്ഷണങ്ങളിൽ നിന്നും തെളിഞ്ഞിട്ടുണ്ടു്.

ഇന്നത്തെ സ്ഥിതിവിവരശേഖരണം കൊണ്ടു് പരിപാടിയുണ്ടാകുന്നില്ല. അടുത്ത ഘട്ടത്തിൽ ഏതവസ്ഥയാണാഗ്രഹിക്കുന്നതു് എന്നു് ആസൂത്രകർ തീരുമാനിക്കണം. പരിപാടികളുടെയും ലക്ഷ്യങ്ങളുടെയും ഗോളുകളുടെയും ടാർഗററുകളുടെയും രൂപീകരണം ഭാവിയിലെന്തു് നേടണമെന്നു് നിർണയിക്കുന്ന പ്രക്രിയയാണു്.

ഭാവിസ്ഥിതിയുടെ നിലവാരം പരിവർത്തനവിധേയരാകാൻ പോകുന്ന ജനങ്ങളുടെ ഭൗതിക-സാമ്പത്തിക-സാമൂഹിക-മാനസിക കഴിവുകൾക്കു് അനുസൃതമായിരിക്കണം. നിലവിലുള്ളതും ഭാവനയിലുള്ളതുമായ സ്ഥിതിഗതികളുടെ അന്തരമനുസരിച്ചാണു് ആവശ്യത്തിന്റെ വലിപ്പവും പ്രകൃതവും സ്ഥിതിചെയ്യുന്നതു്. അന്തരം വലുതാകുമ്പോൾ ആവശ്യം ബൃഹത്തായിരിക്കും.

4. പ്രശ്നങ്ങൾക്കു് പരിഹാരം കാണുക: സാങ്കേതികമായ പ്രശ്നങ്ങൾക്കു് പരി

ഹാരം നിർദേശിക്കുവാൻ വ്യാപനപ്രവർത്തകർക്കും വിദഗ്ധോപദേശകർക്കും സാധിക്കും. പരിഹാരങ്ങൾ പ്രാവർത്തികമാക്കുന്ന മാർഗങ്ങളും കണ്ടുപിടിക്കാം. പക്ഷേ പല ഗ്രാമീണപ്രശ്നങ്ങൾക്കും സാങ്കേതികസമീപനത്തേക്കാൾ ആവശ്യം സംഘടനാപരമായ സമീപനമാണ്. ജനങ്ങളും പ്രവർത്തകരും ഒരുമിച്ചുണ്ടാക്കുന്ന പ്രശ്നപരിഹാരങ്ങളാണ് പ്രായോഗികമായി സ്വീകരിക്കപ്പെടുന്നത്. സംഘടനാനേതാക്കന്മാരുടെയും വിവിധ ഏജൻസികളുടെയും ഗ്രാമീണ നേതാക്കന്മാരുടെയും സഹകരണം ഇതിനു സമ്പാദിക്കണം.

5. മുൻഗണനപ്രകാരം നേരിടേണ്ട പ്രശ്നങ്ങൾ തീരുമാനിക്കുക. ഒരു സമയത്ത് വളരെ കൂടുതൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് അഭികാമ്യമല്ല. ആസൂത്രണക്കമ്മിററി പ്രദേശികമായ പ്രശ്നങ്ങളെപ്പററി സൂക്ഷ്മനിരീക്ഷണം നടത്തി ചർച്ച ചെയ്തു് സമുദായപ്രാധാന്യമനുസരിച്ച് ആവശ്യങ്ങൾക്കു് മുൻഗണന വിധിക്കുന്നു. ചർച്ചയിൽ പ്രശ്നങ്ങളുടെ പരിഹാരത്തിനായി തരണം ചെയ്യേണ്ട പ്രതിബന്ധങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിക്കേണ്ടതാണ്.

6. വാർഷികപ്രവർത്തനപ്ലാൻ: ഇതിലുദ്ദേശിക്കുന്നതു് പ്രശ്നപരിഹാരത്തിനുതകുന്ന പ്രവർത്തനങ്ങളുടെ പട്ടികയാണ്. ലക്ഷ്യപ്രാപ്തിക്കു് വേണ്ട എല്ലാ മാർഗങ്ങളും എപ്പോൾ, എവിടെ, ആരു് സംഘടിപ്പിക്കുമെന്നു് വിശദമായി പ്ലാനിൽ കാണിച്ചിരിക്കും. പ്രവർത്തനങ്ങളെപ്പററി ജനങ്ങൾക്കു് ബോധം ഉണ്ടാക്കുവാനുപയോഗിക്കേണ്ട ആശയവിനിമയമാർഗങ്ങളും, മൂല്യാങ്കനത്തിനുള്ള നടപടിക്രമങ്ങളും പ്ലാനിൽ ഉണ്ടായിരിക്കേണ്ടതാണ്. കമ്മിററിയുടെ ചർച്ചക്കു് ശേഷം ജനാധിപത്യമാർഗത്തിൽ കൂടി അംഗീകരിക്കപ്പെടുന്ന പ്ലാനിനു് ലിഖിതരൂപം നൽകണം. വ്യക്തികളും സംഘടനകളും സംഘാംഗങ്ങളും നിർവഹിക്കേണ്ട കടമകളും കർമങ്ങളും പട്ടികയിൽ പ്രത്യേകം വ്യക്തമാക്കിയിരിക്കേണ്ടതാണ്.

7. പ്ലാനനുസരിച്ചുള്ള പ്രവർത്തനം: പരിപാടിയുടെ വിജയം അവയുടെ നിർവഹണത്തിനുള്ള മാർഗങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. നിർവഹിക്കേണ്ട പ്രവർത്തനങ്ങളുടെ സമയവിവരം കാണിക്കുന്ന കലണ്ടർ നിർമിക്കണം. നിർവഹണത്തിനു വേണ്ട ഉപകരണങ്ങളും വ്യാപനത്തിനാവശ്യമായ ശ്രവ്യദൃശ്യസഹായികളും നേരത്തെ കൂട്ടി സംവിധാനം ചെയ്തിരിക്കണം. ഗ്രാമീണസ്ഥാപനങ്ങളുടെ സഹകരണം ലഭിച്ചാൽ പരിപാടിയുടെ നിർവഹണം സുഗമമായിരിക്കും.

8. പുരോഗതിയുടെ തുടർച്ചയായ പരിശോധനയും നിരൂപണവും പ്രവർത്തനങ്ങളുടെ ഫലങ്ങൾ വിലയിരുത്തുവാനുള്ള നടപടിക്രമങ്ങൾക്കു് പ്ലാനിൽ പ്രധാനമായ സ്ഥാനമുണ്ടു്. മൂല്യാങ്കനത്തിനും ഭാവിപ്രവർത്തനം സുഗമമാക്കുന്നതിനും റെക്കാർഡുകൾ ആവശ്യമാണ്. റെക്കാർഡിൽ സമയം, സ്ഥലം, പ്രവൃത്തികൾ സജ്ജീകരണം പ്രവർത്തന മാർഗങ്ങൾ തുടങ്ങിയ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തിയാൽ മാത്രമേ പരിപാടിയുടെ വിജയത്തിനോ പരാജയത്തിനോ ആസ്പദമാക്കിയ കാരണങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളു.

9. പുരോഗതിയുടെ അവലോകനവും ഭാവിപരിപാടിയുടെ ഭാവനാരൂപവും: ഗ്രാമീണസ്ഥാപനങ്ങൾ വ്യാപനപ്രവർത്തകരുടെ സഹായസഹകരണങ്ങളോടെ ഗ്രാമപുനരുദ്ധാരണ പരിപാടികളുടെ പുരോഗതി യഥാവസരം അവലോകനം ചെയ്യണം. ഭാവിപ്രവർത്തനങ്ങളുടെ രൂപം സങ്കല്പത്തിൽ കാണുന്നതിന് ഈ നിരൂപണം പ്രയോജനപ്പെടുന്നു. ഇതുവഴിയായാലേ ആസൂത്രണചക്രം പൂർത്തിയാവുകയുള്ളൂ. ചില പരിപാടികളുടെ അംഗീകാരത്തിനും മററു ചിലവയുടെ തിരസ്കരണത്തിനുമുള്ള കാരണങ്ങൾ ഗവേഷണത്തിൽ കൂടി കണ്ടുപിടിക്കണം. വിലയിരുത്തൽ സമയത്ത് വാർഷികസമ്മേളനങ്ങളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുന്നത് പ്രവർത്തനങ്ങളെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും തദ്വാരാ ആത്മവിശ്വാസവും സംതൃപ്തിയും കൈവരിക്കുന്നതിനും ഉപകരിക്കുന്നു.

## പരിപാടി

ഒരു നിശ്ചിത കാലയളവിൽ ജനങ്ങളുടെ സ്വഭാവത്തിലും ജീവിതനിലവാരത്തിലും വരുത്തേണ്ട പ്രധാന പരിവർത്തനങ്ങളെപ്പററി സൂക്ഷ്മം എഴുതിയുണ്ടാക്കിയ പ്രസ്താവനയാണ് വ്യാപനവിദ്യാഭ്യാസത്തിൽ പരിപാടി എന്നു പറയുന്നത്. പരിപാടിയിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകങ്ങൾ

1. പ്രശ്നങ്ങൾ പ്രകാശിതമാക്കുന്ന പ്രാഥമിക ഉപാത്തങ്ങൾ
2. മുഖ്യ ആവശ്യങ്ങൾ.
3. ആവശ്യങ്ങൾ നിറവേററാനുള്ള പ്രധാന മാർഗങ്ങൾ
4. ദീർഘകാലലക്ഷ്യങ്ങളുടെ നിർവചനം

പരിപാടിയടങ്ങുന്ന പ്രസ്താവന ഉദ്യോഗസ്ഥന്മാർക്കും അനുദ്യോഗസ്ഥന്മാർക്കും എളുപ്പം ഗ്രഹിക്കത്തക്ക വിധത്തിൽ രചിച്ചിരിക്കണം. ഔദ്യോഗികപ്രവർത്തനങ്ങൾക്ക് പരിപാടിയാണ് മാർഗദർശി.

ദീർഘകാലപരിപാടിയുടെ പ്രസ്താവനയ്ക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ:

1. പ്രസ്താവന എല്ലാ അംഗങ്ങളുടെയും ഗ്രൂപ്പുകളുടെയും ഉപയോഗത്തിന് യോജിച്ചതായിരിക്കണം.
2. പ്രാഥമിക സ്ഥാനിക വിവരങ്ങൾ പ്രശ്നമേഖലകളെ വ്യക്തമായി പ്രകാശിപ്പിച്ചിരിക്കണം.
3. പ്രധാന പ്രശ്നങ്ങളും ആവശ്യങ്ങളും വ്യക്തമാക്കിയിരിക്കണം.
4. ഓരോ പ്രശ്നമേഖലയിലും വേണ്ട ദീർഘകാലലക്ഷ്യങ്ങളും ഹ്രസ്വകാലലക്ഷ്യങ്ങളും വ്യക്തമായി പ്രതിപാദിച്ചിരിക്കണം.
5. പ്രസ്താവന അഭിലഷണീയമായ സാഹചര്യങ്ങളുടെ സ്ഥാനികസ്ഥിതിഗതികളെ പ്രകടമാക്കണം.
6. സാമ്പത്തികവും സാമൂഹ്യവുമായ പ്രാധാന്യമുള്ള ലക്ഷ്യങ്ങളെ സംബന്ധിക്കുന്ന വിഷയവിവരങ്ങൾ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടായിരിക്കണം.

## പരിപാടി രൂപീകരണത്തിനുള്ള ഗൈഡിന്റെ മാതൃക.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| സ്ഥിതിവിവര പ്രതിപാദനം. (മുഖ്യമായ വിവരങ്ങൾ മാത്രം ചേർക്കുക) | മുഖ്യമായ ആവശ്യങ്ങൾ (സ്ഥിതിവിവരങ്ങൾ ഉപയോഗിച്ച് നിലവിലുള്ളതും ആഗ്രഹിക്കുന്നതുമായ അവസ്ഥകൾ തമ്മിലുള്ള അന്തരം രേഖപ്പെടുത്തുക.). | നേടാനുള്ള ലക്ഷ്യങ്ങൾ (രണ്ടാം കാളത്തിൽ നിന്നും കമ്മിററി അംഗീകരിച്ച ആവശ്യങ്ങൾ ലക്ഷ്യരൂപത്തിലാക്കുക) | ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ (ഓരോ ലക്ഷ്യത്തിനും അനുയോജ്യമായ പ്രാഥമിക മാർഗങ്ങൾ ചേർക്കുക) | പ്രവർത്തന കലണ്ടർ (ഓരോ പ്രവൃത്തിയും എന്നു തുടങ്ങുമെന്നും എത്ര സമയം നീണ്ടുനില്ക്കുമെന്നും കാണിക്കുക) |
| | | | | |

7. പരിപാടിയുടെ സംഗ്രഹരൂപം എല്ലാവർക്കും ഉപയോഗിക്കത്തക്ക വിധത്തിൽ ഒരുക്കിയിരിക്കണം.
8. പൊതുജനങ്ങൾക്ക് പരിപാടിയുടെ സ്വഭാവവും ലക്ഷ്യങ്ങളും മനസ്സിലാക്കുവാൻ ഉചിതമായ മാർഗങ്ങളിൽ കൂടി ലിഖിതപരിപാടി വിതരണം ചെയ്തിരിക്കണം.
9. വാർഷികപ്രവർത്തനപ്ലാനിന് അടിസ്ഥാനമായി ഉപയോഗിക്കണം.

## വാർഷികപ്രവർത്തനപ്ലാൻ

ദീർഘകാല പരിപാടികളോട് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉതകുന്ന നടപടിക്രമങ്ങളുടെ ഒരു നിശ്ചിതരൂപരേഖയാണ് വാർഷികപ്ലാൻ. ഒരു വർഷത്തിൽ ചെയ്യേണ്ട പ്രവൃത്തികളും അതിന് സ്വീകരിക്കേണ്ട മാർഗങ്ങളും നിർദേശങ്ങളുമടങ്ങുന്ന ഗൈഡാണിത്. വാർഷികപ്ലാനിൽ വ്യക്തമാക്കേണ്ട സംഗതികൾ:

1. ഒരു വർഷത്തേക്ക് ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ക്രമാനുഗതമായി നിർവഹിക്കുവാനുള്ള മാർഗം
2. പ്രവർത്തനഫലങ്ങളെ വിലയിരുത്തുന്നതിനുള്ള പദ്ധതികളുടെയും നടപടികളുടെയും പ്രതിപാദനം
3. പരിപാടിയിലെ വിവിധ പ്രവൃത്തികളുടെ ക്ളിപ്തമായ സമയവിവരപ്പട്ടിക

ഗ്രാമീണവികസനപരിപാടികളുടെ ആസൂത്രണത്തിൽ ആസൂത്രകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ ഇവയാകുന്നു.

1. വ്യാപനസംഘടനയുടെ ലക്ഷ്യങ്ങളെയും രീതികളെയും പററിയുള്ള അറിവ്
2. പരിപാടികളിലെ ബന്ധപ്പെട്ട വിഷയങ്ങളിൽ സാങ്കേതികപരിജ്ഞാനം
3. പ്രവർത്തനനിർവഹണത്തിന് സഹായകമായ വിധത്തിൽ പരിപാടികളുടെ ലക്ഷ്യങ്ങളെ വ്യക്തമായി നിർവചിക്കാനും സ്ഫുടീകരിക്കാനുമുള്ള കഴിവ്
4. തത്വങ്ങളും പ്രയോഗങ്ങളും തമ്മിലുള്ള ബന്ധം വിവേചിച്ചറിയാനുള്ള സാമർഥ്യം
5. അന്വേഷണൗൽസുക്യം
6. ജനസമ്പർക്കം സ്ഥാപിക്കുന്നതിനുള്ള വൈദഗ്ധ്യം. (സമുദായനേതാക്കളും സഹപ്രവർത്തകരും പൊതുജനങ്ങളുമായി സഹകരിക്കുന്നതിനുള്ള സാമർഥ്യമാണിത്)

വ്യാപനത്തിൽ പരിപാടികളുടെ ആസൂത്രണം ഫലപ്രദമായി നിർവഹിക്കുന്നതിന് അവശ്യം അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ ഇവയാണ്.

1. വസ്തുതകൾ കണ്ടുപിടിക്കുക
2. പ്രശ്നങ്ങളെ തിരിച്ചറിയുക
3. വിഭവശേഷികളെ വിവേചിച്ചറിയുക

4. സംഘടിത തീരുമാനങ്ങൾ എടുക്കുക
5. ലക്ഷ്യങ്ങൾ നിർവചിക്കുക
6. പ്രവർത്തനപ്ലാൻ രൂപീകരിക്കുക
7. പ്രവർത്തിക്കുക
8. പുരോഗതിയെ വിലയിരുത്തുക

വ്യാപനപ്രവർത്തനത്തിൽ ആസൂത്രണരംഗത്ത് പ്രവർത്തകർക്ക് വളരെയേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതുണ്ട്.
പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1. വിദ്യാഭ്യാസലക്ഷ്യങ്ങളും ദേശീയസാമ്പത്തികലക്ഷ്യങ്ങളും തമ്മിലുള്ള പൊരുത്തക്കേട്.

അടിയന്തിരമായ സാമ്പത്തികലക്ഷ്യങ്ങളാണ് മിക്കവാറും വ്യാപന വിദ്യാഭ്യാസത്തിന് പ്രേരണ നൽകിയത്. പലപ്പോഴും പുരോഗതിയുടെ അത്യാകാംക്ഷയിലും വ്യഗ്രതയിലും വിദ്യാഭ്യാസലക്ഷ്യങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.

അവികസപ്രിതദേശങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിനു ഗവണ്മെൻറ് ഭാഗികമായ ധനസഹായം നൽകുന്നു. പക്ഷേ എല്ലാ ആവശ്യങ്ങളും നിറവേററുക എന്നതു് ഗവണ്മെൻറിൻെറ കഴിവിനതീതമാണ്. ജനഹിതത്തെ മാനിക്കാതിരിക്കുവാനും നിവൃത്തിയില്ല. സ്കൂൾ നിർമാണവും, റോഡു വെട്ടലും കുളം കുഴിക്കലും പാലം പണിയലുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

2. പരമ്പരാഗതസംഘടനകളുടെ അപര്യാപ്തത: പരമ്പരാഗതമായ സാമൂഹ്യസംഘടനകൾ വികസനങ്ങൾക്കാവശ്യമായ ഉത്തേജനങ്ങൾ നൽകുന്നില്ല. വ്യത്യസ്തലക്ഷ്യങ്ങളോടു കൂടി സമുദായത്തിൽ രൂപം കൊണ്ടിട്ടുള്ള സംഘടനകളാണിവ. ഈ സംഘടനകളുടെ രൂപത്തിലും ലക്ഷ്യങ്ങളിലും വൻപിച്ച പരിവർത്തനങ്ങൾ വരുത്തിയാൽ മാത്രമെ സമൂഹത്തിൽ ത്വരിത പരിവർത്തനങ്ങൾക്ക് വഴിയൊരുക്കുവാൻ സാധിക്കുകയുള്ളു.

ഉദാഹരണമായി, പഞ്ചായത്ത് താത്വികമായി പൗരാണികകാലത്ത് നീതിന്യായനടത്തിപ്പിനുള്ള സ്ഥാപനമായിട്ടാണറിയപ്പെട്ടിരുന്നതു്. ഇന്നവയെ പുനരുജ്ജീവിപ്പിച്ച് വികസനങ്ങൾക്കുപയോഗിക്കുവാനാണ് പരിശ്രമം. നിലവിലുള്ള സംഘടനകളും ഗ്രൂപ്പുകളും വ്യാപനപ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുക എന്ന തത്വം ശരിയാണെങ്കിലും പല രംഗങ്ങളിലും പുതിയവ രൂപീകരിക്കേണ്ടി വരും.

3. ആസൂത്രണത്തിൽ പരിശീലനവും അനുഭവസമ്പന്നതയുമുള്ള പ്രവർത്തകരുടെ അപര്യാപ്തത:

കേന്ദ്രീകൃതഭരണപാരമ്പര്യം നിലനിന്നിരുന്നേടത്ത് അധികാരവികേന്ദ്രീകരണത്തിൻെറ ആശയം പരക്കെ അംഗീകരിക്കപ്പെടേണ്ടതുണ്ട്. വ്യാപ

നത്തിൽ ജനങ്ങളോടുള്ള സമീപനം സാധാരണ ഉദ്യോഗസ്ഥമേധാവിത്വ രീതികളിൽ നിന്നും വളരെ ഭിന്നമായതു കൊണ്ട്, ഈ രംഗത്ത് വലിയ പരിവത്തനം ഉണ്ടാക്കാൻ പ്രവർത്തകർ ബാധ്യസ്ഥരാണ്. ജനാധിപത്യരീതികളിലും വ്യാപനസമീപനരീതികളിലും പ്രവർത്തകർക്കു സമഗ്രമായ പരിശീലനം ആവശ്യമാണ്.

# 13

## മൂല്യാങ്കനം വ്യാപനത്തിൽ

മനുഷ്യന്റെ വിവിധ പ്രവർത്തനമണ്ഡലങ്ങളിൽ രണ്ടു നൂററാണ്ടുകളായി കൈവന്നിട്ടുള്ള അത്ഭുതപൂർവമായ വിജയം പ്രവർത്തനപ്രഭാവത്തെ ശാസ്ത്രീയമായി മൂല്യനിർണയം ചെയ്യുന്നതിൽ പരാജയപ്പെട്ടിരുന്നുവെങ്കിൽ അസാധ്യമാകുമായിരുന്നു. ഭൗതികപ്രതിഭാസങ്ങളെ കൃത്യമായി അളന്നു തിട്ടപ്പെടുത്താനുള്ള മാർഗങ്ങൾ ഇന്നുണ്ട്. ദൂരം കൃത്യമായി അളക്കാം; രസതന്ത്രജ്ഞന് ഒരു ദ്രാവകത്തിലെ അഴുക്ക് കൃത്യമായി തിട്ടപ്പെടുത്താം; ശാസ്ത്രകാരന്മാർക്ക് വെടിയുണ്ട, പ്രകാശം, വിദ്യുച്ഛക്തി മുതലായവയുടെ വേഗത കൃത്യമായി നിശ്ചയിക്കാം. ഭൗതികമായ അളവിനെക്കാൾ കൃത്യത കുറയുമെങ്കിലും സാമൂഹ്യശാസ്ത്രജ്ഞന്മാർ വികാരം, ചിന്താഗതി, സ്വതസിദ്ധമായ ബുദ്ധിശക്തി എന്നീ അമൂർത്തങ്ങളായ സംഗതികളുടെ നിർണയത്തിലും വളരെയധികം പുരോഗമിച്ചിട്ടുണ്ട്.

മൂല്യാങ്കനം മനുഷ്യന്റെ എല്ലാ പ്രവർത്തനരംഗത്തും അറിഞ്ഞോ അറിയാതെയോ നടക്കുന്നുണ്ട്. നാലുമണിക്ക് നടക്കാനിറങ്ങുമ്പോൾ ആകാശത്തിലേക്ക് നോക്കി വീട്ടുകാരിയോട് "ഇന്നു മഴ പെയ്യുവാൻ സാധ്യതയുണ്ട്, കുടയിങ്ങെടുത്തോളൂ" എന്നു പറയുന്നതും സദ്യയുണ്ണ കഴിഞ്ഞ് കൈ കഴുകുമ്പോൾ "ശാപ്പാട് കേമമായി" എന്നു കൂട്ടുകാരോട് പറയുന്നതും എല്ലാം നാമറിയാതെ നടത്തുന്ന വിലയിരുത്തലിന്റെ പ്രായോഗിക വകഭേദങ്ങളാണ്. എല്ലാവരും എല്ലായ്പ്പോഴും പങ്കെടുക്കുന്ന ഒരു സാധാരണ പ്രവർത്തനമാണ് മൂല്യാങ്കനം അഥവാ വിലയിരുത്തൽ. സാധാരണ വിലയിരുത്തലുകളിൽ ശാസ്ത്രീയമായ കൃത്യത കുറഞ്ഞേക്കാം. തത്വങ്ങളും സിദ്ധാന്തങ്ങളും മനസ്സിലാക്കിയുള്ള വിലയിരുത്തലായിരിക്കില്ലല്ലോ ഇത്. ഇവിടെ 100 ശതമാനം കൃത്യത വേണമെന്നില്ല. അതൊട്ടു സാധ്യവുമല്ല. പക്ഷേ മൂല്യാങ്കനം ദിവസേനയുള്ള പ്രയോ

ഗം തുടങ്ങി ശാസ്ത്രീയഗവേഷണം വരെ വിവിധ രൂപത്തിലുണ്ട്. സാധാരണ തീരുമാനങ്ങൾ എടുക്കുന്നതിലുള്ള എടുത്തുചാട്ടം തെററായ വിലയിരുത്തലിൽ നിന്നും വരുന്നതാണ്. നിഗമനത്തിൽ സംഭവിക്കാവുന്ന തെററിന്റെ തോതനുസരിച്ച് വിലയിരുത്തൽ രീതികൾ കക്കശമാക്കാം.

മൂല്യാങ്കനം വ്യാപനത്തിൽ വസ്തുതകളുടെ നിജസ്ഥിതി അറിയാനും വ്യാഖ്യാനിക്കാനും സഹായകമാകുന്നു. സംഘടനയെപ്പററിയോ പ്രവർത്തനത്തെപ്പററിയോ, വിധി പറയാനോ നിഗമനങ്ങളിൽ എത്തിച്ചേരാനോ തീരുമാനങ്ങൾ രൂപീകരിക്കാനോ സഹായകമായ വസ്തുതകളെ ശാസ്ത്രീയമായി സമീപിക്കുന്ന രീതിക്കാണ് വ്യാപനമൂല്യാങ്കനം എന്നു പറയുന്നത്. വ്യാപനപ്രവർത്തകനെ സംബന്ധിച്ചിടത്തോളം തന്റെ പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കാനാവശ്യമായ വിവരങ്ങൾ സമ്പാദിക്കുന്നത് വിലയിരുത്തലിലൂടെയാണ്. അഭിലഷണീയമായ മാനസികപരിവർത്തനങ്ങളാണല്ലോ വ്യാപനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തികളിൽ മാനസാന്തരം വന്നിട്ടുണ്ടോ വരുന്നുണ്ടോ എന്ന് നിരീക്ഷണം നടത്തുന്ന പ്രക്രിയയാണ് മൂല്യാങ്കനം. ജനങ്ങളിൽ വ്യാപനം കൊണ്ട് വിദ്യാഭ്യാസപരമായ പരിവർത്തനങ്ങൾ വിവിധഘട്ടങ്ങളിലാണുണ്ടാകുന്നത്. പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴും പ്രവർത്തനലക്ഷ്യങ്ങൾ നിർവചിക്കുമ്പോഴും പ്രവർത്തനപ്ലാൻ രൂപീകരിക്കുമ്പോഴും പ്ലാനനുസരിച്ച് പ്രവർത്തിക്കുമ്പോഴും പ്രവർത്തനപുരോഗതി നിർണയിക്കുമ്പോഴും വ്യാപനത്തിൽ വിലയിരുത്തൽ ആവശ്യമാണ്.

വ്യാപനമൂല്യാങ്കനത്തിന്റെ പ്രയോജനം:

1. ഭാവിപ്രവർത്തനങ്ങളെപ്പററിയുള്ള തീരുമാനങ്ങളെടുക്കുന്നതിനു സഹായിക്കുന്നു.
2. ചില പ്രവർത്തനങ്ങളിൽ ഉദ്ദേശിച്ച ഫലങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നറിയുന്നതിനുതകുന്നു.
3. വിദ്യാഭ്യാസപരിപാടികളുടെ പ്രഭാവത്തെ മനസ്സിലാക്കുന്നതിനും സമീപനത്തിൽ മാററങ്ങൾ ആവശ്യമാണോ എന്ന് തീരുമാനിക്കുന്നതിനും വിലയിരുത്തൽ ഉപകരിക്കുന്നു.
4. വ്യാപനപ്രവർത്തകന് തന്റെ പരിശ്രമത്തിൽ ഭദ്രതയും വിശ്വാസവും നൽകുന്നു.
5. പൊതുജനസമ്പർക്കത്തിനും സമീപനത്തിനും സുശക്തമായ അടിസ്ഥാനം നൽകുന്നു.
6. പരിപാടികളുടെ മൂല്യത്തിന് തെളിവുകൾ ലഭിക്കുന്നു.
7. പ്രവർത്തനസഹകാരികൾക്കും നേതാക്കൾക്കും നേട്ടങ്ങളെപ്പറ്റിയുള്ള ധാരണയുണ്ടാക്കുകയും സംതൃപ്തി നൽകുകയും ചെയ്യുന്നു.
8. വ്യാപനമാർഗങ്ങളുടെ പ്രഭാവപരിശോധനയ്ക്കുപകരിക്കുന്നു.
9. പരിപാടികളുടെ ആസൂത്രണത്തിനാവശ്യമായ പശ്ചാത്തലവിവരങ്ങൾ നൽകുവാൻ സഹായിക്കുന്നു.

10. മൂല്യാങ്കനത്തിൽ കൂടി ലഭിക്കുന്ന പ്രത്യക്ഷതെളിവുകൾ നിരൂപകന്മാരെ സഹകാരികളാക്കി മാററാൻ സഹായിക്കുന്നു.
11. പ്രവർത്തകർക്കു് പ്രശ്നങ്ങളെ വസ്തുനിഷ്ഠവും ക്രമബദ്ധവുമായി സമീപിക്കുന്നതിനു് പ്രേരണ കിട്ടുന്നു.

പ്രവർത്തനപ്രഭാവത്തെ അളക്കുന്നതിനു് അവശ്യം അറിഞ്ഞിരിക്കേണ്ട അഞ്ചു ചോദ്യങ്ങളുണ്ടു്.

(1) അറിയേണ്ട വസ്തുതകൾ എന്താണു് ?
(2) ഇവ എവിടെ നിന്നും എങ്ങനെ ശേഖരിക്കും ?
(3) ആരാണു് ശേഖരിക്കേണ്ടതു് ?
(4) എങ്ങനെയാണു വിശകലനം ചെയ്യേണ്ടതു് ?
(5) നിരൂപണഫലം എങ്ങനെ ഉപയോഗിക്കും ?

ഫലപ്രദമായ വിലയിരുത്തലിനുണ്ടായിരിക്കേണ്ട യോഗ്യതകൾ.

1. വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. പ്രവർത്തനോദ്ദേശ്യം വ്യക്തമല്ലെങ്കിൽ മൂല്യാങ്കനം അസാധ്യമായിരിക്കും. സാമാന്യലക്ഷ്യവും പ്രത്യേക ലക്ഷ്യങ്ങളും സരളമായി പ്രകടിപ്പിച്ചിരിക്കണം.
2. പ്രബലമായ അളവുപകരണങ്ങൾ. പ്രവർത്തനഫലമായുണ്ടാകുന്ന പരിവർത്തനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തുന്നതിനു് പ്രബലമായ ഉപാധികൾ ആവശ്യമാണു്.
3. വസ്തുനിഷ്ഠത. വ്യക്തിപരമായ യാതൊരു പരിഗണനകളും ശാസ്ത്രീയമായ പഠനത്തെ സ്വാധീനിച്ചുകൂടാ. പക്ഷഭേദം കൂടാതെയുള്ള വസ്തുനിഷ്ഠമായ അവലോകനമാണാവശ്യം.
4. വിശ്വസനീയത. മൂല്യനിർണയത്തിൽ ഫലങ്ങൾ വിശ്വസനീയമാകണമെങ്കിൽ ഉപകരണങ്ങളും അളവു് സമ്പ്രദായങ്ങളും കുററമററതായിരിക്കണം.
5. പരിവർത്തനത്തിൽ കൃത്യമായ തെളിവുകളുണ്ടായിരിക്കണം. മാററങ്ങൾക്കു് നിദാനമായ തെളിവുകൾ അളക്കത്തക്കതായിരിക്കണം. പ്രവർത്തനത്തിനു് മുൻപും പിൻപുമുള്ള അവസ്ഥാന്തരം അവലോകനം ചെയ്താൽ മാത്രമേ പരിവർത്തനം മൂലമുണ്ടായ മാനസാന്തരം പ്രകാശിതമാകയുള്ളൂ.
6. പ്രായോഗികത. മൂല്യാങ്കനം നടത്തുന്നതിനാവശ്യമായ വിഭവശേഷികൾ വേണം. സമയവും പണവും പ്രധാന ഘടകങ്ങളാണിക്കാര്യത്തിൽ.

മൂല്യാങ്കനരൂപരേഖ: മൂല്യാങ്കനരൂപരേഖ തയ്യാറാക്കുമ്പോൾ കണക്കിലെടുക്കേണ്ട പ്രധാന മേഖലകളും അവയെ ബന്ധിക്കുന്ന പ്രശ്നങ്ങളും താഴെ കൊടുക്കുന്നു.

1. വിലയിരുത്തലിൻെറ ആവശ്യകത: എന്തു് പ്രവർത്തനം, പരിപാടി, പ്രശ്നം, മാർഗങ്ങൾ, സ്ഥിതി; എന്തിനു് വിലയിരുത്തണം? പഠനഫലം വ്യാപനത്തിൽ എങ്ങനെ ഉപയോഗിക്കാം ?
2. മൂല്യാങ്കനത്തിൻെറ പ്രത്യേകലക്ഷ്യങ്ങൾ; സ്ഥാനികവിശകലനമാണോ വിലയിരുത്തലിൻെറ ലക്ഷ്യം? പഠനലക്ഷ്യങ്ങളെ വിലയിരുത്തുകയാണോ ? എന്തു് പ്രശ്നങ്ങൾക്കാണുത്തരം കാണേണ്ടതു് ?

3. വിലയിരുത്തലിൽ പ്രത്യേകമായി ഉത്തരങ്ങൾ കാണേണ്ട പ്രശ്നങ്ങൾ: സ്ഥാനികപഠനമാണെങ്കിൽ എന്തെല്ലാം വിവരങ്ങൾ അറിയണം? പഠനപ്രഭാവനിർണയമാണെങ്കിൽ, എന്തു് പഠിപ്പിച്ചു, ആരെ, എങ്ങനെ പഠിപ്പിച്ചു, എന്തു പരിവർത്തനങ്ങളാണാഗ്രഹിച്ചതു്?
4. വിവരങ്ങളുടെ സ്രോതസ്സ്: ആരാണ് ശരിയായ വിവരങ്ങൾ (തെളിവുകൾ) നൽകുന്നതു്. കർഷകരോ, ക്ലബ്ബംഗങ്ങളോ, ഗൃഹനായികമാരോ, നേതാക്കന്മാരോ? സാമ്പിൾ വേണോ; എങ്കിൽ എങ്ങനെ സാമ്പിൾ ചെയ്യും? വിവരങ്ങൾ അഭിലേഖം ചെയ്യണോ വേണ്ടയോ?
5. വിവരശേഖരണം: എങ്ങനെ ഏതു മാർഗങ്ങളുപയോഗിച്ച് വിവരങ്ങൾ ശേഖരിക്കും? ആരാണ് ശേഖരിക്കുക?
6. അഭിലേഖാ ഫോം രൂപീകരണം: എന്തു രൂപമാണ് ഉപയോഗിക്കുക? സംഭരിക്കുന്ന വിവിധ ഉപാത്തങ്ങൾ ഏവ? ചോദ്യരൂപീകരണവും പ്രാഗ് പരീക്ഷണവും എങ്ങനെ?
7. ഉപാത്തവിഛേദനം: ശേഖരിച്ച വിവരങ്ങൾ എങ്ങനെ വർഗീകരിക്കും? എങ്ങനെ സാരണീകരിക്കും.
8. നിരൂപണഫലത്തിന്റെ വ്യാഖ്യാനവും പ്രയോഗവും: പഠനത്തിനു് ഇന്നുള്ള വിവരങ്ങൾ എങ്ങനെ അവതരിപ്പിക്കും? പ്രായോഗികമായി വ്യാപനത്തിൽ ഉപയോഗിക്കേണ്ട വിധം എന്താണ്?

## ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും

സാധാരണയായി യാതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങൾ, എല്ലാവർക്കും സുപരിചിതമെന്ന ധാരണയിൽ പ്രത്യേകം വ്യക്തമായി നിർവചിക്കാറില്ല. ഉദ്ദേശ്യങ്ങൾ എല്ലാവർക്കും അറിയാമല്ലോ. വെറുതെ അതിനു സമയം കളയണ്ട എന്നുള്ള പ്രവചനങ്ങൾ സുവിദിതമാണ്. വ്യക്തമായ ലക്ഷ്യനിർവചനത്തിന് സമയം ചെലവഴിക്കേണ്ടതിന്റെ പ്രാധാന്യം സാധാരണക്കാർ മനസ്സിലാക്കാറില്ല. അഭ്യസ്തവിദ്യരായ വിദഗ്ധന്മാരിൽ പലരും ഇതിൽനിന്നും വ്യത്യസ്തരല്ല. വിദ്യാഭ്യാസലക്ഷ്യങ്ങളെ ആസ്പദമാക്കിയാണ് പാഠ്യവിഷയങ്ങൾക്ക് രൂപം കൊടുക്കുകയും പഠനരീതിയും മാർഗങ്ങളും അനുഭവങ്ങളും സംഘടിപ്പിക്കുകയും നേട്ടങ്ങളെയും പുരോഗതിയെയും വിലയിരുത്തുകയും ചെയ്യേണ്ടതെന്ന് അവരിൽ പലർക്കും അറിഞ്ഞുകൂടാ.

ലക്ഷ്യങ്ങൾ വ്യക്തിഗതമോ സാമുദായികമോ ആകാം. സാമാന്യലക്ഷ്യങ്ങളും പ്രത്യേക ലക്ഷ്യങ്ങളുമുണ്ട്. പ്രവർത്തനപരാജയങ്ങളിൽ അധികവും വിവിധ നിലകളിലുള്ള ഈ ലക്ഷ്യങ്ങളെ വേർതിരിച്ചു മനസ്സിലാക്കാനുള്ള കഴിവുകേടുകൊണ്ടാണ് സംഭവിക്കുന്നതു്.

വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങൾ പഠനാനുഭവങ്ങളുടെ തിരഞ്ഞെടുക്കലിലും സംഘാടനത്തിലും വിദ്യഭ്യാസപ്രവർത്തനങ്ങളെ വിലയിരുത്തുവാൻ വ്യക്തമായ മാർഗദർശനം നൽകുന്നതിലും പ്രയോജനപ്പെടുന്നു.

ലക്ഷ്യങ്ങൾ പ്രവർത്തനപരിപാടികളുടെ രൂപത്തിൽ ആലേഖനം ചെയ്യുന്നതു് ശരിയല്ല. പരിപാടികളുടെ രൂപത്തിലുള്ള ലക്ഷ്യങ്ങൾ പ്രവർത്തനാന്ത്യത്തിൽ നേടിയെടുക്കുവാനുദ്ദേശിക്കുന്ന പരിവർത്തനങ്ങൾ എന്താണെന്നു് ചൂണ്ടിക്കാണിക്കുന്നില്ല. അതുകൊണ്ടു് പ്രവർത്തനപരിപാടികൾ ലക്ഷ്യങ്ങൾ നേടുവാനുള്ള മാർഗങ്ങൾ മാത്രമാണു്.

വ്യാപനവിദ്യാഭ്യാസലക്ഷ്യനിർവചനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ കണക്കിലെടുക്കേണ്ടതാണു്.

1. പരിവർത്തനം ആഗ്രഹിക്കുന്ന മേഖല ലക്ഷ്യനിർവചനത്തിൽ നിന്നു് വ്യക്തമാണോ ?
2. എന്തു തരത്തിലുള്ള സ്വഭാവപരിവർത്തനമാണഭിലഷിക്കുന്നതെന്നു് ലക്ഷ്യത്തിൽ വ്യക്തമാണോ ?
3. ജനങ്ങളുടെയും വ്യാപനപ്രവർത്തകരുടെയും സഹകരിച്ചുള്ള പ്രയത്നഫലമായാണോ ലക്ഷ്യങ്ങൾ രൂപീകരിച്ചിട്ടുള്ളതു് ?
5. ആസൂത്രണത്തിനും പ്രവർത്തനത്തിനും മൂല്യാങ്കനത്തിനും അടിസ്ഥാനമാക്കത്തക്കവണ്ണം ലക്ഷ്യങ്ങൾ പ്രാധാന്യമുള്ളവയാണോ ?
6. നിർവചിക്കപ്പെടുന്ന ലക്ഷ്യങ്ങൾക്കു് ദേശീയ വ്യാപനലക്ഷ്യങ്ങളും ജനങ്ങളുടെ ലക്ഷ്യങ്ങളുമായി ഏകീഭാവമുണ്ടോ ?
7. പ്രവർത്തകരുടെ യത്നം നിഷ്ഫലമാകാതിരിക്കത്തക്കവണ്ണം ലക്ഷ്യങ്ങൾ ഉറപ്പുള്ളവയാണോ ?
8. കക്ഷികളുടെ നിലയും അംഗങ്ങളുടെ വളർച്ചയും ലഭ്യമായ വിഭവശേഷികൾക്കും അനുയോജ്യമായി ലക്ഷ്യങ്ങൾ പ്രാപ്യമാണോ ?
9. നിർവചിക്കപ്പെടുന്ന ലക്ഷ്യങ്ങൾക്കു് ഹ്രസ്വകാലവും ദീർഘകാലവുമായ ഉദ്ദേശ്യങ്ങളോടു് അടുത്തു ബന്ധപ്പെടുവാൻ സാധിക്കുമോ ?

## ലക്ഷ്യത്തിലേക്കുള്ള പുരോഗതിയുടെ തെളിവു്

സാഹചര്യങ്ങളെപ്പററി മനസ്സിലാക്കുവാനും നേരായ പഥത്തിലൂടെയാണോ പുരോഗമിക്കുന്നതെന്നു് പരിശോധിക്കുവാനും ലക്ഷ്യങ്ങളിലെത്തിയോ എന്നറിയുവാനും തെളിവുകൾ ആവശ്യമാണു്. ഏതെങ്കിലും വധത്തിൽ പ്രമാണമാകുന്ന ബാഹ്യമായ അടയാളമോ സൂചനയോ ആണു് "തെളിവു്" എന്നതുകൊണ്ടു് വിവക്ഷിക്കുന്നതു്. വിജയപ്രദമായ വിദ്യാഭ്യാസത്തിൻെറ തെളിവു് നേരായ പഥത്തിലൂടെയുള്ള മാനസികപരിവർത്തനമാണു്. മനുഷ്യന്റെ സ്വഭാവപരിവർത്തനവും മാനസാന്തരങ്ങളും പൂർണമായും ദൃഷ്ടിക്കു് ഗോചരമല്ല. ആയതിനാൽ നിരീക്ഷണവിധേയമായ സ്വഭാവങ്ങളോ മാനസാന്തരഫലങ്ങളോ അന്വേഷിക്കുവാൻ നാം നിർബന്ധിതരാകുന്നു.

സ്വഭാവപരിവർത്തനം അളക്കുവാൻ സൗകര്യപ്രദമായ മൂന്നു് ഘട്ടങ്ങളുണ്ടു്.

ആദ്യത്തേതു് പരിവർത്തനങ്ങൾക്കു് മുമ്പുള്ള സ്ഥിതിവിശേഷത്തെ യളക്കുകയാണു്. വ്യാപനപ്രവർത്തനങ്ങളോ പരിപാടികളോ ആരംഭിക്കുന്നതിനു്

മുൻപു നടത്തുന്ന വിശകലനം ബെഞ്ച് മാർക്ക് എന്നറിയപ്പെടുന്നു. അടിസ്ഥാനസ്ഥിതിഗതികളുടെ പഠനത്തിൽ നിന്നു് പ്രവർത്തനം മൂലം എന്തു വ്യതിയാനങ്ങൾ ഉണ്ടായി എന്നു് മനസ്സിലാക്കാം.

രണ്ടാമത്തേതു് ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ നടത്തുന്ന പഠനമാണു്. ഇതു് "പ്രോഗ്രസ്സ് റിപ്പോർട്ട്" എന്നറിയപ്പെടുന്നു. പ്രവർത്തനത്തിനു് കൂടുതൽ ഫലപ്രദമായ മാർഗങ്ങൾ ഏതാണെന്നും ഏതിനു് പരിഗണന കൂടുതൽ നൽകണമെന്നും അറിയുന്നതിനു് ഇതു സഹായകമാകുന്നു

മൂന്നാമത്തേതു് പ്രവർത്തനാന്ത്യത്തിൽ ഉദ്ദേശ്യങ്ങൾ സഫലീകൃതമായോ എന്ന പഠനമാണു്. ലക്ഷ്യം കൈവന്നുവോ എന്നും പഴയലക്ഷ്യങ്ങൾ തുടരണമോ പുതിയതു് വേണമോ എന്നും തീരുമാനിക്കുന്നതു് ഈ പഠനത്തിലൂടെയാണു്.

പരിവർത്തനങ്ങൾ വ്യക്തമാക്കുന്ന തെളിവുകൾ ഏതൊക്കെയാണു് എന്നു് നിർണയിക്കുന്നതു് താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണം.

1. പ്രകടിതമാകുന്ന സ്വഭാവങ്ങൾക്കു് തെളിവുകൾ എന്ന നിലയിലുള്ള സ്ഥിരത.
2. വിവിധ സ്വഭാവങ്ങളെ അളക്കുവാനുള്ള സൗകര്യം.
3. തെളിവുകൾ സുലഭമാകുമ്പോൾ പരിധി നിർണയിക്കുന്നതിന്റെ അടിസ്ഥാനം.
4. സ്വഭാവനിർണയത്തിൽ സമയത്തിന്റെ സ്വാധീനം.
5. പശ്ചാത്തല വിവരങ്ങളുടെ ലഭ്യത. പശ്ചാത്തലവിവരങ്ങൾ സ്വീകർത്താക്കളെ വർഗീകരിക്കുന്നതിനും മാനകീകരിക്കുന്നതിനും താരതമ്യപ്പെടുത്തുന്നതിനും ആവശ്യമാകുന്നു.

## പ്രശ്നമേഖലകളെയും പഠനോദ്ദേശ്യങ്ങളെയും തിരിച്ചറിയൽ.

വ്യാപനപ്രവർത്തനങ്ങളെ ഫലപ്രദമായി വിലയിരുത്തുന്നതിനു് പ്ലാൻ ആവശ്യമാണു്. നിരീക്ഷണമർഹിക്കുന്ന പ്രശ്നങ്ങളെ കൃത്യമായി വേർതിരിച്ചറിയുക എന്നതു് പല പ്രകാരത്തിലും വളരെ പ്രാധാന്യമർഹിക്കുന്നു. പഠനോദ്ദേശ്യങ്ങളെ തിരഞ്ഞെടുക്കുവാനും തീരുമാനങ്ങൾക്കു് സുശക്തമായ അടിസ്ഥാനമിടുവാനും പഠനഫലങ്ങൾ പ്രായോഗികമാക്കുവാനും വ്യാപനപ്രവർത്തകർക്കു് പ്ലാൻ ഉപകരിക്കും.

പ്രശ്നങ്ങളെപ്പററി മൊത്തത്തിൽ മനസ്സിലാക്കിയ ശേഷം വിശദമായ നിരീക്ഷണത്തിനു് വിധേയമാക്കേണ്ട പ്രത്യേക പ്രശ്നങ്ങൾ ഏതൊക്കെയെന്നു തീരുമാനിക്കണം. ഓരോ പ്രശ്നത്തിനും വിവിധവശങ്ങളുണ്ടു്. അതിൽ ഏതു വശമാണു് നിഷ്കൃഷ്ടമായ വിലയിരുത്തലിനു് വിധേയമാക്കേണ്ടതു് എന്നു് നിശ്ചയിക്കുകയും അതിനു ശേഷം പഠനത്തിന്റെ പ്രത്യേക ലക്ഷ്യം എന്താണെന്നു് തീരുമാനിക്കുകയും ചെയ്യണം. ഇവിടെ ഓർമിക്കേണ്ട ഒരു സംഗതി വിദ്യാഭ്യാസലക്ഷ്യങ്ങളും വിലയിരുത്തൽ ലക്ഷ്യങ്ങളും ഒന്നായിക്കൊള്ളണമെ

ന്നില്ല എന്ന വസ്തുതയാണ്. ഉത്തരങ്ങൾ കണ്ടുപിടിക്കേണ്ട ചോദ്യങ്ങളുടെ ഒരു ശൃംഖലയുണ്ടാക്കുകയാണ് ലക്ഷ്യങ്ങൾക്കു കൃത്യത ലഭിക്കുവാനുള്ള ഒരു വഴി. വിലയിരുത്തലിൽ ആ ചോദ്യങ്ങൾക്കുത്തരം ലഭിക്കുന്നു.

## തെളിവുകളുടെ സ്രോതസ്സ്

പ്രാഥമികം ദ്വിതീയം എന്നിങ്ങനെ രണ്ടു സ്രോതസ്സുകളിൽ നിന്നാണ് തെളിവുകൾ ലഭിക്കുന്നത്. അഭിമുഖസംഭാഷണങ്ങളും ചോദ്യാവലികളും പ്രവർത്തനറിപ്പോർട്ടുകളുമാണ് പ്രാഥമികസ്രോതസ്സ്. പ്രാഥമികസ്രോതസ്സിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ ഏകീകരിച്ചവതരിപ്പിക്കുകയാണു ദ്വിതീയ സ്രോതസ്സിൽ ചെയ്യുന്നത്. പ്രാഥമികസ്രോതസ്സിൽ കൂടി ലഭ്യമാകുന്ന പല അവ്യക്തവിവരങ്ങളും അപഗ്രഥിച്ച് വിശകലനം ചെയ്ത് വ്യാഖ്യാനിക്കുന്നതിൽ കൂടി വിജ്ഞാനശേഖരത്തിന് വിലയേറിയ പല വസ്തുതകളും ലഭിക്കുന്നു.

ചോദ്യാവലികൾ, അഭിമുഖസംഭാഷണങ്ങൾ, കൂടിക്കാഴ്ചകൾ, ക്ലബ്റിപ്പോർട്ടുകൾ, പ്രകടന സഹകാരികൾ, വ്യാപനറിപ്പോർട്ടുകൾ മുതലായവ പ്രാഥമിക സ്രോതസ്സുകളുടെ ഉദാഹരണങ്ങളാണ്. സെൻസസ് റിപ്പോർട്ടുകൾ വിശകലനം ചെയ്ത് പുതിയ നിഗമനങ്ങൾ രൂപീകരിച്ചാൽ അത് ദ്വിതീയസ്രോതസ്സാകും. പലപ്പോഴും രണ്ടു സ്രോതസ്സുകളും തമ്മിൽ വേർതിരിക്കുവാൻ പ്രയാസമുണ്ട്. പ്രാഥമികസ്രോതസ്സാണ് എപ്പോഴും ശാസ്ത്രീയമായ പഠനത്തിന് അഭികാമ്യം.

## സാംപിളൽ

വ്യാപനപ്രവർത്തകർ നിരവധി സ്വീകർത്താക്കളെ പ്രവർത്തനത്തിനിടയ്ക്ക് സമീപിക്കുകയും മൂല്യാങ്കനത്തിന് വേണ്ട തെളിവുകൾ ഇവരിൽ നിന്നു ശേഖരിക്കുകയും ചെയ്യുന്നു. പക്ഷേ പരിവർത്തനത്തിന് വിധേയമായ കക്ഷികൾ ക്രമത്തിലധികമാകുമ്പോൾ തെളിവുകൾ എല്ലാവരിൽ നിന്നും സംഭരിക്കുക പ്രായോഗികമല്ല. തദവസരത്തിൽ സാംപിളൽ ആവശ്യമായി വരുന്നു. സമൂഹത്തെപ്പററി മൊത്തത്തിൽ നിഗമനങ്ങളിലെത്താൻ തക്കവിധം കുറേ ഏകകങ്ങളെ മൊത്തം സമൂഹത്തിൽനിന്നു് തിരഞ്ഞെടുക്കുന്നതാണ് സാമ്പിൾ. സാമ്പിൾ എടുക്കുന്നതിൽ നാലു ഘട്ടങ്ങളുണ്ട്.

1. സമഷ്ടിയുടെ മൊത്തത്തിലുള്ള നിർവചനം. വ്യാപനപ്രവത്തനത്തിൽ തെളിവു തരുന്ന കക്ഷികൾ കർഷകരാണ്. വിദ്യാഭ്യാസലക്ഷ്യങ്ങൾക്കനുസൃതമായി കക്ഷികൾ ആരാണെന്നു് തീരുമാനിക്കപ്പെടുന്നു. ഇങ്ങനെയുള്ള കക്ഷികളുടെ നിർവചനമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്.
2. സാംപിളലിനുള്ള പ്ലാൻ രൂപീകരിക്കലും നടപ്പാക്കലും.
3. സാമ്പിളുകൾ നൽകുന്ന തെളിവുകൾ വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരൽ.

4. സാമ്പിളുകളിൽ കൂടി ലഭ്യമായ നിഗമനങ്ങളെ ആസ്പദമാക്കി സമൂഹത്തിനു ബാധകമായ തീരുമാനങ്ങൾ എടുക്കൽ.

യാദൃച്ഛികസാമ്പിൾ, പട്ടികസാമ്പിൾ, മേഖലാസാമ്പിൾ, സ്തരീകൃത സാമ്പിൾ, വിധിനിർണയ സാമ്പിൾ എന്നിങ്ങനെ വിവിധ സാമ്പിൾ ക്രമങ്ങളുണ്ട്. സാംഖ്യികമായ (statistical) തെറ്റുകൾ കഴിയുന്നതും കുറയ്ക്കത്തക്ക വിധത്തിൽ പ്രാതിനിധ്യസ്വഭാവമുള്ള സാമ്പിളുകൾ എടുക്കുകയും, അവയെ പരീക്ഷണാർത്ഥം പരിശോധിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണ്.

## തെളിവുകളുടെ സംഭരണരീതി

തെളിവുകളുടെ വിവരങ്ങൾ എവിടെ നിന്നു് ലഭിക്കുമെന്നു് തീരുമാനിച്ചാൽ പിന്നീട്ട് പര്യാലോചിക്കേണ്ടതു്, ആ തെളിവുകൾ ഏതു മാർഗത്തിൽ കൂടി ശേഖരിക്കാമെന്നാണ്. പ്രവർത്തനസാഹചര്യങ്ങൾ, പണച്ചെലവു്, സമയം, വിഭവശേഷി തുടങ്ങിയവയെ ആസ്പദമാക്കിയാണു് രീതി നിശ്ചയിക്കുന്നതു്.

## സംഭരണമാർഗങ്ങൾ

1. തപാൽ ചോദ്യാവലി: വിവരങ്ങൾ നൽകുവാനാവശ്യപ്പെട്ടുകൊണ്ടും പൂരിപ്പിച്ചു തിരിച്ചയയ്ക്കണമെന്ന വ്യവസ്ഥയിലും കക്ഷികൾക്കയച്ചുകൊടുക്കുന്ന ചോദ്യാവലിയാണിതു്. ചോദ്യാവലികൾക്കു ലഭിക്കുന്ന പ്രതികരണം, പഠന ലക്ഷ്യങ്ങളുടെയും ചോദ്യങ്ങളുടെയും വ്യക്തത, സാമ്പിളുകളുടെ പ്രാതിനിധ്യ സ്വഭാവം ഇവയെ ആശ്രയിച്ചാണീമാർഗത്തിന്റെ പ്രായോഗികത സ്ഥിതി ചെയ്യുന്നതു്. താരതമ്യേന ഈ മാർഗം ചെലവു കുറഞ്ഞതും എളുപ്പവുമാണെങ്കിലും ഉത്തരങ്ങളുടെ പൂർണതയ്ക്കു് ഉറപ്പുമില്ല.

2. വ്യക്തിഗതമായ അഭിമുഖസംഭാഷണ ആലേഖ്യം: തെളിവുശേഖരണാർത്ഥം വ്യക്തികളുമായി അഭിമുഖ സംഭാഷണം നടത്തുമ്പോൾ പൂരിപ്പിക്കുന്നതിനുപയോഗിക്കുന്ന ആലേഖ്യമാണിതു്. ചോദ്യകർത്താവു തന്നെയാണു് പൂരിപ്പിക്കുന്നതു്. ഇതു് വളരെ ഔപചാരികമായ രീതിയാണ്. സ്ഥിതിഗതികൾ പ്രത്യക്ഷത്തിൽ വീക്ഷിക്കുന്നതിനും, സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും ഈ മാർഗം ഉപകരിക്കുന്നു. ഒരു നല്ല ശതമാനം ചോദ്യങ്ങൾക്കു് ഉത്തരങ്ങൾ ലഭ്യമാകുന്നു. ചോദ്യങ്ങൾക്കെല്ലാം പൂർണമായ ഉത്തരം ലഭിക്കും. മനസ്സിലാകാത്ത ചോദ്യങ്ങൾ വിശദീകരിക്കുന്നതിനവസരവുമുണ്ടു്.

3. വിതരണം ചെയ്യപ്പെടുന്ന ചോദ്യാവലി; കക്ഷികൾക്കു നേരിട്ടു് തെളിവുകൾ ശേഖരിക്കുന്നയാൾ ചോദ്യാവലി വിതരണം ചെയ്യുന്നു. വ്യക്തികൾക്കോ ഗ്രൂപ്പിനു മൊത്തമായോ ചോദ്യാവലി കൊടുക്കാം. ചോദ്യങ്ങൾക്കുത്തരം കക്ഷികളെക്കൊണ്ടു് എഴുതിക്കുകയോ അടയാളപ്പെടുത്തിക്കുകയോ ചെയ്യുന്നു. പ്രവർത്തനപുരോഗതി നിർണയിക്കുന്നതിനും പരിപാടികളുടെ ആസൂത്രണത്തിനും ഈ മാർഗമുപയോഗിക്കാറുണ്ടു്.

4. സംഘക്കൂടിക്കാഴ്ച: പഠനനേതാവ് സംഘത്തിൽ വിതരണം ചെയ്യുന്ന ചോദ്യാവലിയിൽ ചോദ്യകർത്താവ്, ചോദ്യങ്ങൾ വായിക്കുന്നതിനനുസരണമായി അംഗങ്ങൾ ഉത്തരം രേഖപ്പെടുത്തുന്ന സമ്പ്രദായമാണിത്. മൊത്തത്തിന്റെ ശരിയായ പ്രാതിനിധ്യം വഹിക്കത്തക്കവണ്ണം സാമ്പിളുകൾ സൂക്ഷ്മതയോടെ തിരഞ്ഞെടുക്കണം. ഈ സമ്പ്രദായത്തിന് താരതമ്യേന ചെലവു കുറവാണെങ്കിലും, ഒരു മീററിംഗിൽ ആഗതരാകുന്ന അംഗങ്ങൾക്ക് വളരെ വിരളമായേ, മുഴുവൻ പേരുടെയും പ്രാതിനിധ്യമുണ്ടാവുകയുള്ളു.

5. വ്യക്തിവൃത്താന്തപഠനം: ഒന്നോ രണ്ടോ വ്യക്തമായ സംഭവങ്ങളെയോ (case) അനുഭവങ്ങളെയോ വ്യക്തികളെയോ കുടുംബത്തെയോ പററി പ്രത്യേകമായി നടത്തുന്ന പഠനമാണിത്. സൂഷ്മമായ സംഭവങ്ങളുടെ പ്രഭാവത്തെപ്പററിയുള്ള വിശ്വസനീയവും ലളിതവുമായ കഥാരൂപവിവരണമാണ് വൃത്താന്തപഠനം. ശരിയായ വിധത്തിൽ സംഘടിപ്പിച്ച് അവതരിപ്പിച്ചാൽ വിലയേറിയ തെളിവുകൾ ശേഖരിക്കുന്നതിന് ഇതു സഹായകമാകും. പ്രശ്നപരിഹാരത്തിന് ഈ മാർഗം ഏററവും അഭിലഷണീയമാണ്.

6. ക്രമബദ്ധമായ നിരീക്ഷണനടപടികൾ: ഇതു് കൃഷിയിടങ്ങളും, കർഷകഗൃഹങ്ങളും സന്ദർശിക്കുന്ന സമയത്തുപയോഗിക്കുന്ന രീതിയാണ്. വ്യാപനപ്രവർത്തകർ ശുപാർശ ചെയ്തിട്ടുള്ള രീതികളും സമ്പ്രദായങ്ങളും പ്രയോഗിക്കുന്നതു് നേരിട്ടു വീക്ഷിച്ച്, ക്രമബദ്ധമായി വിലയിരുത്തുകയാണീ നടപടിയുടെ ഉദ്ദേശ്യം. അംഗീകരണത്തിന്റെ തോതു മനസ്സിലാക്കാനും, പ്രഥമദൃഷ്ട്യാ വിവരങ്ങൾ ശേഖരിക്കാനും ഇതുമൂലം സാധ്യമാകുന്നു. പക്ഷേ നിരീക്ഷകന് വിലയിരുത്തലിൽ സ്വന്തം മൂല്യങ്ങളായിരിക്കും പലപ്പോഴും അടിസ്ഥാനമാകുക.

7. റെക്കാർഡുകളുടെ ക്രമബദ്ധമായ പഠനം: കാർഷികവികസനറിപ്പോർട്ടുകളെ സമഗ്രമായി അപഗ്രഥിച്ചു പഠിക്കുന്ന രീതിയാണിത്. വെറും റിപ്പോർട്ടുവായനയും ക്രോഡീകരണവും മാത്രമല്ലിത്. പ്രവർത്തനരംഗങ്ങളിലേക്കിറങ്ങാതെ റെക്കാർഡുകളിൽ നിന്നു തെളിവുകൾ നേരിട്ട് ലഭ്യമാകുന്നു. ശരിയായ റെക്കാർഡുകളിൽ നിന്നു വിശ്വസനീയമായ ഭൂതകാലവിവരങ്ങൾ ലഭിക്കും.

തെളിവുശേഖരണമാർഗങ്ങളുടെ തിരഞ്ഞെടുപ്പിന് ബാധകമായ ഘടകങ്ങൾ:–

1. പഠനലക്ഷ്യങ്ങൾ
2. തെളിവ് ശേഖരിക്കാനുപയോഗിക്കുന്ന ഉപാധി
3. തെളിവുകൾ നൽകുന്ന കക്ഷികൾ
4. ലഭ്യമായ വിഭവശേഷികൾ (Resourses)
5. ഓരോ മാർഗത്തിന്റെയും ഗുണങ്ങളും പരിമിതികളും

മൂല്യാങ്കനപ്ലാനിൽ, തെളിവുശേഖരണത്തിൽ ആരെല്ലാം ഉൾപ്പെടും, എപ്പോൾ വിവരങ്ങൾ ശേഖരിക്കും, പഠനം എവിടെ നടത്തും എന്നുകൂടി തീരുമാനിക്കേണ്ടതുണ്ട്.

### ദത്തശേഖരണ ഉപാധികൾ

വ്യക്തിസ്വഭാവവും ശീലവുമളക്കാൻ പല മാർഗങ്ങളുമുണ്ട്. ഒരു വ്യക്തിക്ക് എന്തറിയാം, അയാൾ എന്തു വിചാരിക്കുന്നു, എന്തു ചെയ്യുന്നു എന്നൊക്കെ നിർണയിക്കാനുള്ള മാർഗങ്ങൾ ഇന്നു സുലഭമാണ്. ഓരോ പരിപാടിക്കും യോജിച്ച പ്രത്യേക ഉപാധികൾ തെളിവുശേഖരണത്തിനുപയോഗിക്കണം. ഉപാധികൾ പഠനലക്ഷ്യത്തെയും ലഭിക്കാനാഗ്രഹിക്കുന്ന തെളിവുകളെയും ആശ്രയിച്ചിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് പഠനലക്ഷ്യങ്ങളുടെ പുരോഗതിയളക്കാൻ പല ഉപാധികളുമുണ്ട്. സ്വഭാവമാററങ്ങൾ തിട്ടപ്പെടുത്തുന്നതിനുപയോഗിക്കുന്ന ചില മാർഗങ്ങൾ താഴെ കൊടുക്കുന്നു.

1. വിജ്ഞാനചോദ്യങ്ങൾ
2. ധാരണാചോദ്യം
3. വൈദഗ്ധ്യശ്രേണീകരണം
4. അഭിരുചിപരീക്ഷ

അളവുപകരണങ്ങൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ.

1. സാധുത്വം അളക്കുവാൻ ആഗ്രഹിക്കുന്നതെന്താണ്? അതു ശരിയായി അളന്നുവോ? എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് സാധുത്വം.
2. വിശ്വസനീയത. സമൂഹത്തിൽ നിന്നു് തിരഞ്ഞെടുത്ത സാമ്പിളുകൾക്കു് എത്രമാത്രം പ്രാതിനിധ്യമുണ്ട്? അളവു് എത്രമാത്രം വിശ്വസിക്കാം എന്നു നിർണയിക്കുന്നതാണ് വിശ്വസനീയത.
3. വസ്തുനിഷ്ഠത. വ്യാഖ്യാനിക്കാനോ വിധി പറയാനോ പ്രത്യക്ഷവും പെട്ടെന്നു തിരിച്ചറിയത്തക്കതും വ്യക്തവുമായ അടിസ്ഥാനം ഉപാധിക്കു വേണം. വ്യക്തിപരമായ പരിഗണനകൾക്കോ പക്ഷഭേദത്തിനോ ഇട നൽകരുത്.
4. പ്രായോഗികത. അളവുപകരണം പ്രായോഗികമായിരിക്കണം. പണവും സമയവും സൗകര്യവും പ്രായോഗികതയെ ബാധിക്കുന്ന കാര്യങ്ങളാണ്.
5. സാരള്യം അളക്കാനുള്ള ഉപാധി വളരെ ലഘുവും സരളവുമാകണം. ചോദ്യങ്ങൾ വ്യക്തവും വായിച്ചു മനസ്സിലാക്കത്തക്കതും നിഷ്പ്രയാസം ഉത്തരം പറയാവുന്നതും ആയിരിക്കണം.

### സാരണീകരണം

സാരണീകരണത്തിൽ ലഭ്യമാകുന്ന വിവരങ്ങളും ദത്തങ്ങളും വ്യാഖ്യാനത്തിനും അപഗ്രഥനത്തിനും സൗകര്യപ്രദമായ വിധത്തിൽ സംഘടിപ്പിക്കുകയാണ് ചെയ്യുന്നതു്. കക്ഷികളിൽ നിന്നു് ലഭിച്ചിട്ടുള്ള വിവരങ്ങൾ ഗ്രൂപ്പുകളായി തിരിച്ച് സംഗ്രഹിക്കുന്നു. സാരണീകരണത്തിനു് പല സാങ്കേതിക മാർഗങ്ങളുമുണ്ട്.

## അപഗ്രഥനവും വ്യാഖ്യാനവും

ശേഖരിച്ച ഉപാത്തങ്ങളെ ചോദ്യങ്ങൾക്കുത്തരം ലഭിക്കുന്നതിനു വേണ്ടി മുറയനുസരിച്ച് സംഘടിപ്പിക്കുന്നതാണ് അപഗ്രഥനം. സംഭരിക്കപ്പെട്ട തെളിവുകളെ ഘടകങ്ങളായി വിഭജിക്കുന്നു. ആലങ്കാരഭാഷയിൽ പറഞ്ഞാൽ ഉപാത്തങ്ങളാകുന്ന നെല്ല് മില്ലിലിട്ട് കുത്തി അരിയും ഉമിയും തവിടുമാക്കുന്ന പ്രവൃത്തിയാണ് അപഗ്രഥനം കൊണ്ട് നിർവഹിക്കപ്പെടുന്നത്.

ലഭിക്കുന്ന ഉത്തരങ്ങൾക്ക് അർത്ഥം കല്പിക്കുന്ന പ്രക്രിയയാണ് വ്യാഖ്യാനം. "അതുകൊണ്ടെന്ത്"? എന്ന ചോദ്യത്തിനുത്തരം നൽകുകയാണ് വ്യാഖ്യാനം ചെയ്യുന്നത്. സാധാരണഗതിയിൽ വിവരങ്ങൾ അപഗ്രഥിച്ചതിനു് ശേഷമാണ് വ്യാഖ്യാനിക്കുക. ഉത്തരങ്ങളിൽ അന്തർലീനമായ അർത്ഥം പരിശോധിച്ചു നിർണയിക്കുക എന്നതാണ് വ്യാഖ്യാനത്തിൻെറ ഉദ്ദേശ്യം.

## പഠനറിപ്പോർട്ട്

മൂല്യാങ്കനഫലങ്ങൾ ഉപയോഗപ്രദമാകണമെങ്കിൽ റിപ്പോർട്ട രൂപത്തിൽ അവതരിപ്പിക്കണം. ലിഖിതമായ റിപ്പോർട്ട് പലർക്കും ഉപയോഗിക്കാം. റിപ്പോർട്ടിൻെറ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ:

1. തരംതിരിവ്: പഠനറിപ്പോർട്ട് ആരെ ഉദ്ദേശിച്ചാണു നിർമിക്കുന്നത് എന്നു വ്യക്തമാക്കിയിരിക്കണം. റിപ്പോർട്ടുപയോഗിക്കാൻ സാധ്യതയുള്ളവർ മൂന്നു തരത്തിലുണ്ട്. ഓരോ വിഭാഗത്തിലുമുള്ളവരെ ഉദ്ദേശിച്ചുള്ള റിപ്പോർട്ട് പ്രത്യേകരീതിയിലുള്ളതായിരിക്കണം.

   എ. ശാസ്ത്രീയഗവേഷകർ: വിശദമായ റിപ്പോർട്ട് ഇവർക്കാവശ്യമാണ്.

   ബി. വ്യാപനവിദ്യാഭ്യാസപ്രവർത്തകർ: റിപ്പോർട്ടിൽ വ്യാപനപരിപാടിക്ക് പഠനം കൊണ്ടുള്ള പ്രയോജനം ചൂണ്ടിക്കാണിക്കണം.

   സി. സാധാരണജനങ്ങൾ: റിപ്പോർട്ട് സംഗ്രഹിച്ച് സാങ്കേതികസംജ്ഞകൾ ചുരുക്കി പ്രയോജനം പൊതുജനങ്ങൾക്കു വായിച്ചു മനസ്സിലാക്കത്തക്ക രീതിയിലായിരിക്കണം തയാറാക്കേണ്ടത്.

2. റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ട പ്രധാനവസ്തുതകൾ

   1. വിഷയവിവരം
   2. ശീർഷകവും ഉപശീർഷകങ്ങളും
   3. പഠനത്തിൻെറ സംഗ്രഹിച്ച സ്റ്റേററ്മെൻറ്
   4. പഠനലക്ഷ്യങ്ങളും നടപടിക്രമങ്ങളും
   5. നിഗമനങ്ങൾ
   6. ആന്തരാർത്ഥം
   7. അവലംബപ്രബന്ധങ്ങൾ
   8. അനുബന്ധം

3. **ലേഖനശൈലി:** ഫലപ്രദമായ ശൈലി, റിപ്പോർട്ട് എളുപ്പം വായിച്ചു മനസ്സിലാക്കാനും പ്രയോഗിക്കാനും ഉപകരിക്കുന്നു. ലളിതമായ ശൈലിയും ലഘുവാക്യങ്ങളും ചെറുവാക്കുകളും വ്യക്തിപരമായ സമീപനരീതിയും റിപ്പോർട്ടിനു് അഭിലഷണീയമാണു്. സാംഖ്യികവിവരങ്ങൾ റിപ്പോർട്ടിൽ കഴിയുന്നതും കുറയ്ക്കുന്നതു് ഉചിതമായിരിക്കും. ലഘുചിത്രീകരണങ്ങൾ ആശയവിനിമയത്തിനു് സഹായകമാണു്.

4. **ദത്താവതരണം:** വിവരണരൂപത്തിലുള്ള റിപ്പോർട്ട് സാധാരണ ആകർഷകമായിരിക്കില്ല. വിവരണത്തിനു് പുറമെ റിപ്പോർട്ടിൽ സാരണികളും ചാർട്ടുകളും ഗ്രാഫുകളും ചിത്രങ്ങളും നൽകുന്നതു് അഭിലഷണീയമായിരിക്കും.

## പഠനഫലത്തിൻെറ ഉപയോഗം

വ്യാപനപ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കു് മൂന്നു് മാർഗങ്ങളുണ്ടു്. സ്വന്തമായ ധാരണയുടെ അടിസ്ഥാനത്തിൽ പരിവർത്തനങ്ങളുണ്ടാക്കുകയാണു് ഏററവും എളുപ്പമായ മാർഗം. പക്ഷേ പ്രശ്നപരിഹാരത്തിനുള്ള ഏററവും നല്ല മാർഗമായി ഇതിനെ കണക്കാക്കാൻ വയ്യ.

വിദഗ്ധന്മാരുടെ ശാസ്ത്രീയനിർദേശങ്ങൾ അനുസരിച്ചു് പ്രശ്നം പരിഹരിക്കുകയാണു രണ്ടാമത്തെ മാർഗം. ഈ രണ്ടു മാർഗങ്ങളുടെയും മധ്യത്തിലാണു് മൂല്യാങ്കനം. ഇതിൽ അനുഭവസാമീപ്യവും ശാസ്ത്രീയരീതിയിലുള്ള നടപടിക്രമവും ഉള്ളതുകൊണ്ടു് ശാസ്ത്രീയഗവേഷണത്തിൻെറ ഫലം ലഭിക്കുന്നു.

പഠനത്തിൽ നിന്നുണ്ടാകുന്ന ഫലത്തെ പ്രവർത്തനപുരോഗതിക്കുപയോഗിക്കണം. പഠനത്തിൽ വിവരിച്ചിട്ടുള്ള സാഹചര്യങ്ങൾക്കു് യുക്തമാണോ എന്നു പരിശോധിച്ചിട്ടേ ശുപാർശകൾ അംഗീകരിക്കാവൂ.

റിപ്പോർട്ട് ഉപയോഗിക്കേണ്ടതു് മൂന്നു പ്രധാന പ്രവർത്തനങ്ങൾക്കു് ശേഷം വേണം.

1. റിപ്പോർട്ടിൽ കൂടി പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളുടെയും തീർപ്പുകളുടെയും യോഗ്യതയും ഗുണവും നിർണയിക്കുക. (പഠനലക്ഷ്യം, പഠനരീതി, തെളിവു നൽകേണ്ട കക്ഷികൾ, തെളിവു നൽകിയ സാമ്പിൾ, അവസരോചിതത്വം എന്നിവയെ ആശ്രയിച്ചിരിക്കുന്നു റിപ്പോർട്ടിൻെറ ഗുണം.)
2. റിപ്പോർട്ടിൽ നിന്നു് പ്രധാനമായ അഭിപ്രായങ്ങളുടെ സത്ത സംഗ്രഹിച്ചെടുക്കുക.
3. സ്വന്ത സ്ഥാനിക സാഹചര്യങ്ങൾക്കു് റിപ്പോർട്ടിലെ അനുഭവങ്ങൾ ബാധകമാകുമോ എന്നു് നോക്കുക.

## വ്യാപനമൂല്യാങ്കനത്തിലെ പ്രധാന ഘടകങ്ങൾ

**ലക്ഷ്യനിർവചനം:** ഒരു പ്രവൃത്തി ചെയ്യുവാൻ നിയുക്തരായ അധ്യേതാക്കളിൽ വരുത്തുവാനുദ്ദേശിക്കുന്ന പരിവർത്തനങ്ങളിൽ കൂടി ലക്ഷ്യനിർവചനം നടത്തുക.

**തെളിവുകളുടെ സ്രോതസ്സ്:** വ്യാപനപ്രവർത്തനത്തിൽ പങ്കുവഹിച്ചവർക്ക് മാത്രമേ വിജയത്തിന്റെയോ പരാജയത്തിന്റെയോ തെളിവുകൾ നൽകാൻ സാധിക്കുകയുള്ളു.

**പ്രാതിനിധ്യമുള്ള സാമ്പിൾ:** തെളിവുകൾ നൽകുന്നവർ തങ്ങൾ ഉൾക്കൊള്ളുന്നസമൂഹത്തെ എല്ലാ രീതിയിലും പ്രതിനിധാനം ചെയ്യുന്നവരായിരിക്കണം.

**ഉചിതമായ മാർഗങ്ങൾ:** ശേഖരിക്കുവാനുദ്ദേശിക്കുന്ന വിവരങ്ങൾക്കു് ഉചിതമായ സംഭരണരീതികൾ ഉപയോഗിക്കണം.

**ചോദ്യങ്ങളുടെ വ്യക്തത:** ചോദ്യങ്ങളിലെ വാചകഘടന നിഷ്പക്ഷവും വിശ്വസനീയവുമായ വിവരങ്ങൾ ലഭിക്കത്തക്കവണ്ണം സൂക്ഷ്മതയോടു കൂടിയുള്ളതായിരിക്കണം.

# 14

# ഗ്രാമീണയുവജനപ്രവർത്തനം

ഒരു രാഷ്ട്രത്തിൻെറ പുരോഗതിയും ക്ഷേമവും യുവാക്കളുടെ പരിശീലനത്തെയും അച്ചടക്കബോധത്തെയുമാണ് അധികപങ്കും ആശ്രയിച്ചിരിക്കുന്നത്. ചുമതലാബോധമുള്ള പൗരന്മാരായി വളരുവാൻ അവസരം നൽകിയാൽ മാത്രമേ അവർക്ക് ദേശീയതാല്പര്യങ്ങൾക്കനുസൃതമായി ഉയരുവാൻ സാധിക്കുകയുള്ളു. ശരിയായ പരിശീലനത്തിൽക്കൂടി മാത്രമേ യുവാക്കളെ സമുദായത്തിൻെറ ക്ഷേമൈശ്വര്യങ്ങൾ പരിരക്ഷിക്കുവാൻ ത്രാണിയുള്ള വ്യക്തികളാക്കി വളർത്തുവാൻ സാധിക്കുകയുള്ളു. ഏതു സമുദായത്തിലെയും യുവജനങ്ങൾ നിലവിലുള്ള ആശയങ്ങളിലും, ചിന്താഗതിയിലും, സാംസ്കാരികമൂല്യങ്ങളിലും തികച്ചും അസംതൃപ്തരായിരിക്കും. അവരുടെ അമർഷം പ്രവൃത്തികളിൽ കൂടിയാണ് പ്രകടിതമാകുന്നത്.

യുവജനങ്ങളിൽ പ്രകടിതമാകുന്ന പല ചീത്ത വാസനകളേയും നേർവഴിക്ക് തിരിച്ചുവിട്ട് സമുദായനന്മക്ക് ഉപയോഗിക്കാൻ സാധിക്കും. ഉദാഹരണമായി യുവാക്കളുടെ സ്വതസ്സിദ്ധമായ ജിജ്ഞാസ, സാഹസികത്വം, ദുരാചാരങ്ങളോടുള്ള വെറുപ്പ് തുടങ്ങിയവ സാമ്പത്തികസാമൂഹികരംഗത്ത് നൂതനാശയങ്ങളും സമ്പ്രദായങ്ങളും ആവിഷ്ക്കരിക്കുവാൻ സഹായകമാണ്. പല രാജ്യത്തും യുവാക്കളാണ് പുരോഗതിക്കു നിദാനമായ പുതിയ സിദ്ധാന്തങ്ങളുടെ ആവിഷ്കരണത്തിന് അനുകൂലമായ പ്രതികരണങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്നത്.

## യുവജനങ്ങളുടെ സവിശേഷതകൾ

എല്ലാ രംഗങ്ങളിലും യുവാക്കൾ നൂതനാനുഭവങ്ങൾ ആഗ്രഹിക്കുന്നു. പുതിയ അനുഭവങ്ങൾക്കുവേണ്ടി വീണ്ടുവിചാരമില്ലാതെ ഏതപകടത്തേയും നേരിടാൻ അവർക്ക് തെല്ലും മടിയില്ല. സാഹസികതയിൽ അവർ ആത്മസംതൃപ്തി

കാണുന്നു. സമൂഹത്തിൻെറയും കുടുംബത്തിൻെറയും സ്നേഹവും ആദരവും ആർജിക്കാൻ ആഗ്രഹിക്കുന്നു. യുവാക്കൾ സമുദായത്തിൽനിന്നും രണ്ടു വിധത്തിലുള്ള അംഗീകാരമാണ് ആഗ്രഹിക്കുന്നത്.

1. സ്വന്തം വ്യക്തിത്വത്തിനു മാന്യമായ സ്ഥാനം.
2. സ്വന്തം അഭിലാഷങ്ങൾക്കും ആഗ്രഹങ്ങൾക്കും നേട്ടങ്ങൾക്കും നൽകുന്ന അംഗീകാരം.

മാനവരാശിയുടെ ഇന്നത്തെ പുരോഗതി മുഖ്യമായിട്ടും യുവതലമുറയുടെ അശ്രാന്തപരിശ്രമം കൊണ്ടുണ്ടായതാണ്. അനുഭവങ്ങൾ മുതിർന്നവരെ യാഥാസ്ഥിതികരും ആചാരാനുഷ്ഠാനങ്ങളുടെ അടിമകളും ആക്കുമ്പോൾ, യുവാക്കൾ ജീവിതപ്രശ്നങ്ങളുമായി നിരന്തരം ഏറ്റുമുട്ടുന്നു. അവർ ഭയന്നു പിന്മാറുകയോ മടിച്ചു നിൽക്കുകയോ ചെയ്യുന്നില്ല.

## ഗ്രാമീണയുവജനങ്ങളുടെ സവിശേഷതകൾ

യുവാക്കൾ ഗ്രാമങ്ങളെ അപരിഷ്കൃതമായാണ് ഗണിക്കുന്നത്. ഗ്രാമീണരെ യാഥാസ്ഥിതികത്വത്തിൻെറയും അജ്ഞതയുടെയും, ദാരിദ്ര്യത്തിൻെറയും, അനാരോഗ്യത്തിൻെറയും പ്രതീകങ്ങളായി അവർ കരുതുന്നു പക്ഷെ ഗ്രാമീണരുടെ സ്വഭാവം ഈ മാനുഷികപ്രകൃതങ്ങളിലും വിശേഷണങ്ങളിലുമല്ല സ്ഥിതി ചെയ്യുന്നത്. പ്രയത്നംകൊണ്ട് അജ്ഞതയും ദാരിദ്ര്യവും അനാരോഗ്യവും അനാചാരങ്ങളും ഉന്മൂലനം ചെയ്യാം. അതുകൊണ്ട് ഗ്രാമങ്ങൾ ഗ്രാമങ്ങളല്ലാതായിത്തീരുകയില്ല. ഗ്രാമം പുരോഗമിച്ചാലും, അപരിഷ്കൃതമായാലും ഗ്രാമങ്ങളായിത്തന്നെ തുടരും. ഗ്രാമവാസികൾ പ്രകൃതിയോട് സഹകരിച്ച് പ്രാഥമിക ഉല്പാദനം നടത്തുന്നതുകൊണ്ട് അകന്നകന്നു താമസിക്കുവാൻ നിർബന്ധിതരാകുന്നു. നഗരങ്ങളിലാണ് ഈ പ്രാഥമിക ഉല്പന്നങ്ങൾക്ക് രൂപഭേദം വരുത്തുന്നത്. നഗരവാസികൾക്ക് ഒട്ടുത്തു തിങ്ങിപ്പാർക്കുവാൻ കഴിയുന്നു.

ഭാരതത്തിൽ 75% ജനങ്ങളും ഗ്രാമങ്ങളിൽ അധിവസിക്കുന്നതുകൊണ്ട് യുവജനങ്ങൾ എന്നു പറയുമ്പോൾ, ഗ്രാമീണയുവാക്കൾ എന്നർത്ഥമാക്കാം. രാഷ്ട്രത്തിനഭിവൃദ്ധി കൈവരിക്കുവാൻ എല്ലാ മാനുഷികശക്തികളും ഒത്തൊരുമിച്ച് സംഘടിക്കണം. യുവാക്കൾക്ക് രാഷ്ട്രനിർമ്മാണത്തിൽ അവരുടേതായ പങ്ക് വഹിക്കേണ്ടതായുണ്ട്. ചുരുക്കത്തിൽ ഗ്രാമീണപുനരുദ്ധാരണത്തിലും, സാമൂഹ്യ പരിവർത്തനത്തിലും യുവജനങ്ങൾക്ക് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്.

ജനങ്ങളെക്കൊണ്ട് നൂതനസമ്പ്രദായങ്ങൾ ത്വരിതഗതിയിൽ അംഗീകരിപ്പിച്ച് പ്രാവർത്തികമാക്കാനും അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കാനും യുവജനങ്ങൾക്ക് സാധിക്കും. സമുദായത്തിലെ വിവിധ രാഷ്ട്രപുനർനിർമ്മാണപ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കാനുള്ള അവസരം യുവജനങ്ങൾക്കുണ്ട്. ജീവിതത്തിലെ വിവിധ രംഗങ്ങളിൽ ശാസ്ത്രീയവിജ്ഞാനവും, നൂതനരീതികളും പ്രയോഗിക്കുന്നതിൽ തൽപരരായ യുവാക്കൾക്ക് നവമാർഗ പ്രചാരകരാകാൻ കഴിയും.

രാജ്യത്തിൻെറ പല ഭാഗത്തും സാമൂഹ്യസംഘടനകളുടെ നേതൃത്വത്തിൽ യുവജനപ്രസ്ഥാനം വളർത്തിയെടുക്കുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഈ രംഗത്തു് സംഘടിതമായ ശ്രമം വികസനപദ്ധതികളിൽക്കൂടിയാണു് നടത്തപ്പെട്ടിട്ടുള്ളതു്. വ്യാപനപ്രവർത്തനത്തിന്റെ വിജയത്തിനു് യുവജനങ്ങളുടെ സേവനം അത്യന്താപേക്ഷിതമാണു്. ശാസ്ത്രീയ ജ്ഞാനവും സാങ്കേതികരീതികളും ഗ്രാമീണരിൽ വ്യാപിപ്പിക്കുവാനുള്ള യുവജനങ്ങളുടെ അന്യാദൃശമായ കഴിവു് വ്യാപനരംഗത്തു് പ്രയോജനപ്പെടുന്നു. അഭ്യസ്തവിദ്യരുടെ ഇടയിൽ വർധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുവാനും, കാർഷികവൃത്തിയിൽ യുവാക്കൾക്കു് അഭിനിവേശം ജനിപ്പിക്കുവാനും വികസനപ്രവർത്തകർ തീവ്രമായി യത്നിക്കേണ്ടതുണ്ടു്. സമുദായത്തിൽ വെറും ഇത്തിക്കണ്ണികളായി അധഃപതിക്കാതെ സ്വാശ്രയശീലരും, രാഷ്ട്രസ്നേഹികളുമായി യുവജനങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ശ്രമിക്കേണ്ടതു് എല്ലാ പൗരന്മാരുടെയും ധർമമാണു്.

### യുവജനരംഗത്തെ പ്രവർത്തനങ്ങളും അവയുടെ ലക്ഷ്യങ്ങളും

1 ഗ്രാമീണ യുവതീയുവാക്കൾക്കു് നേതൃത്വപരിശീലനം നൽകുക.
2. അഭിലഷണീയവും, ആനന്ദപ്രദവുമായ ജീവിതത്തിനുതകുന്ന മൂല്യങ്ങൾ യുവാക്കളിൽ വളർത്തുക.
3. കാർഷികവൃത്തിയിലും കുടുംബസംവിധാനത്തിലും സാമൂഹികജീവിതത്തിലും സാങ്കേതികപരിശീലനം നൽകുക.
4. കാർഷികരംഗത്തും സാമൂഹികരംഗത്തും ഉണ്ടാകുന്ന പ്രശ്നങ്ങളെ ദേശീയാടിസ്ഥാനത്തിൽ നേരിടുന്നതിനുള്ള പരിശീലനം നൽകുക.
5. പഠിക്കുവാനും പരീക്ഷിക്കുവാനുമുള്ള വാസന വളർത്തുക.
6. ഗ്രാമീണജീവിതത്തെ മാനിക്കുവാനും ആസ്വദിക്കുവാനുമുള്ള പ്രവണത വളർത്തുക.
7. യുവാക്കളിൽ കലാഭിരുചിയും അച്ചടക്കവും സ്വാശ്രയത്വവും സഹകരണമനോഭാവവും വളർത്തുക.
8. യുവാക്കളിൽ സംഘടനാഭാരവാഹിത്വം ഏറ്റെടുക്കുവാനും സംഘത്തെ നയിക്കുവാനുമുള്ള കഴിവുകൾ വളർത്തുക.
9. ഗ്രാമീണയുവാക്കൾക്കനുയോജ്യമായ കായികവിനോദങ്ങളും ഉല്ലാസപ്രകടനങ്ങളും സംഘടിപ്പിക്കുക.
10. അച്ചടക്കത്തിലും കൂട്ടുത്തരവാദിത്വത്തിലും പരസ്പര പങ്കാളിത്വത്തിലും പരിശീലനം കൊടുക്കുക.
11. ജീവിതായോധനത്തിനു് ശാസ്ത്രീയമനോഭാവവും സമീപനവും വളർത്തുക.
12. ജീവിതനിലവാരം ഉയർത്തുന്നതിനു് വേണ്ട ജ്ഞാനവും വൈദഗ്ധ്യവും കൈവരുത്തുക.
13. അഭിപ്രായഭിന്നതകൾ സ്വതന്ത്രമായി ചർച്ചചെയ്തു് ഐകരൂപ്യം വരുത്തുവാനുള്ള മനഃസ്ഥിതിയുണ്ടാക്കുക.
14. പൗരധർമത്തെ ബഹുമാനിക്കുവാനും സാമ്പത്തികച്ചുമതലകൾ വഹിക്കുവാനും കഴിവുണ്ടാക്കുക.
15. സർവദാ പരിവർത്തനത്തിനു് വിധേയമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക

സാമൂഹിക സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുപോകുവാൻ യുവാക്കളെ തയ്യാറാക്കുക.

16. നൈസർഗികമായ കലാവാസനകളേയും, ക്രിയാത്മകമായ സഹകരണ മനഃസ്ഥിതിയെയും പരിപോഷിപ്പിക്കുക.

17. വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുവാൻ പ്രചോദനം നൽകുക.

18. പ്രവർത്തിയിൽക്കൂടി പഠിക്കുവാനും പഠിക്കുമ്പോൾ വരുമാനമുണ്ടാക്കാനും പരിശീലിക്കുക.

## യുവജനസംഘടനകൾ

അംഗത്വയോഗ്യത യുവജനങ്ങളുടെ പ്രായപരിധി 12 വയസ്സു മുതൽ 25 വയസ്സു വരെയാണ്. 12 മുതൽ 18 വരെ ജൂണിയറും 18 മുതൽ 25 വരെ സീനിയറും എന്ന് രണ്ടു വിഭാഗമാക്കുന്നതു് സൗകര്യപ്രദമായിരിക്കും. ഈ പരിധി സംഘതാല്പര്യം നിലനിറുത്തുന്നതിനും മേധാവിത്വം തടയുന്നതിനും സംഘമാത്സര്യം കുറയ്ക്കുന്നതിനും സഹായിക്കും. അംഗത്വം ഐച്ഛികമാണ്. ജാതിമതഭേദമെന്യേ സമ്പന്നനോ, ദരിദ്രനോ സംഘത്തിലംഗമാകാം. വ്യക്തിപരമായും ഗ്രൂപ്പടിസ്ഥാനത്തിലും നിശ്ചിതപദ്ധതികൾ പ്രവർത്തിച്ചു വിജയിപ്പിക്കണമെന്നതു് സംഘത്തിലെ അംഗങ്ങൾക്ക് നിർബന്ധിതമാണ്.

### സംഘടനയ്ക്കു വേണ്ട ഉപാധികൾ

1. ഉപദേശകനായി സമുദായത്തിലെ പ്രൗഢവയസ്കനായ നേതാവ്.
2. ചുരുങ്ങിയതു് പത്തു് അംഗങ്ങൾ.
3. തിരഞ്ഞെടുക്കപ്പെട്ട സംഘഭാരവാഹികൾ.
4. ക്രമമായ സമ്മേളനങ്ങൾ.
5. വാർഷിക പ്ലാനുകൾ.
6. വ്യക്തിപ്രയത്നപരിപാടികളുടെയും സംഘപ്രയത്നപരിപാടികളുടെയും പ്രകടനങ്ങൾ.
7. വാർഷികയോഗങ്ങൾ.

### സംഘപ്രവർത്തനം

യുവജനസംഘടനകൾ പ്രയത്നപരിപാടികളെ കേന്ദ്രീകരിച്ചാണ് സംഘടിപ്പിക്കപ്പെടുന്നതു്. പ്രവർത്തനങ്ങൾ വിവിധതരത്തിലുണ്ടു്.

1. സാമ്പത്തികപദ്ധതികൾ.
2. സാമൂഹ്യപദ്ധതികൾ.
3. സാംസ്കാരികപദ്ധതികൾ.
4. കായികവിനോദപരിപാടികൾ.

### വിനോദപരിപാടികൾ

വ്യക്തിപ്രാധാന്യമുള്ളതും സംഘപ്രാധാന്യമുള്ളതും ആയ പ്രവർത്തന പരിപാടികളാണു് അംഗങ്ങളുടെ പരിശീലനരംഗം. സമുദായത്തിൽ യുവജന പ്രവർത്തനതല്പരരായ നേതാക്കന്മാരുടെ മേൽനോട്ടത്തിൽ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യപ്പെടുന്നു. അംഗങ്ങളുടെ ക്രിയാത്മകമായ കഴിവുകൾക്കും ഒളിഞ്ഞുകിടക്കുന്ന വാസനകൾക്കും പ്രകാശംകൊടുക്കുന്നതു് ഈ പദ്ധതികളിൽ കൂടിയാണു്.

### സംഘങ്ങൾക്കു് അനുയോജ്യമായ പ്രവർത്തനപദ്ധതികൾ

വ്യക്തിപദ്ധതികൾ:

1. അടുക്കളത്തോട്ടനിർമാണം
2. കോഴിവളർത്തൽ
3. പൂന്തോട്ടനിർമാണം
4. ഫലവൃക്ഷത്തോട്ടനിർമാണം
5. കന്നുകാലി വളത്തൽ
6. പന്നിവളത്തൽ
7. ആടുവളർത്തൽ
8. തേനീച്ച വളത്തൽ
9. മരപ്പണികൾ
10. തുന്നൽ വേലകൾ
11. കൈത്തറി നെയ്ത്തു്
12. പട്ടുനൂൽപ്പുഴു വളത്തൽ
13. പഴഉല്പന്നങ്ങളുടെ ഉല്പാദനം
14. സോപ്പുണ്ടാക്കൽ
15. മെഴുകുതിരി, ചോക്കു് നിർമാണം

സംഘപദ്ധതികൾ

1. രീതിപ്രകടനങ്ങൾ സംഘടിപ്പിക്കുക
2. വിളവുസംരക്ഷണ കാംപെയിൻ നടത്തുക
3. ഗൃഹാലങ്കാരം പഞ്ചായത്തിൽ നടത്തുക
4. സംഘത്തിനു് ഓഫീസ് നിർമിക്കുക
5. സഹകരണസ്റ്റോർ സംഘടിപ്പിക്കുക

സാമൂഹ്യപദ്ധതികൾ

1. ഗ്രാമശുചീകരണ പരിപാടി.
2. പൊതുസ്ഥലങ്ങളുടെ അററകുററപ്പണി നടത്തുക.
3. വനമഹോത്സവം സംഘടിപ്പിക്കുക.

4. സാക്ഷരതാ സമഗ്രപരിപാടി നടപ്പിലാക്കുക.
5. പൊതു ഉത്സവങ്ങളിൽ വളണ്ടിയർ സേനയെ തയ്യാറാക്കുക.
6. കായികവിനോദങ്ങൾ സംഘടിപ്പിക്കുക.
7. ഘോഷയാത്രയും പരേഡുകളും നടത്തുക.
8. മത്സരങ്ങൾ സംഘടിപ്പിക്കുക.
9. മാതൃകാ കൃഷിത്തോട്ട സന്ദർശനങ്ങൾ സംഘടിപ്പിക്കുക.

പ്രയത്നപരിപാടി പ്രവർത്തനം യുവജനസംഘത്തിൻെറ കാതലാണ്. അംഗങ്ങൾ വിവിധ പരിപാടികൾ തിരഞ്ഞെടുക്കുന്നതു് വീട്ടിലെ പ്രവർത്തന പരിചയത്തിന്റെ വെളിച്ചത്തിലും രക്ഷകർത്താക്കളുടെയും പ്രൗഢവയസ്കനായ നേതാവിൻെറയും ഉപദേശപ്രകാരവുമാണ്. അംഗങ്ങൾക്ക് പ്രവർത്തനങ്ങളിൽ നിന്നുണ്ടാകുന്ന അനുഭവസമ്പത്തു് കാർഷികരംഗത്തെ പുരോഗതിക്ക് സഹായകമാകുന്നു.

അംഗങ്ങൾക്ക് അവരുടെ പ്രവർത്തനപദ്ധതികളിൽ നിന്നും നേടാൻ കഴിയുന്നതു് ഇവയാണ്.

1. കൃഷിയിലും കുടുംബസംവിധാനത്തിലും ശാസ്ത്രീയവിജ്ഞാനം
2. ഉടമസ്ഥാവകാശത്തിലുള്ള അഭിമാനം
3. റെക്കാർഡുകൾ സൂക്ഷിക്കാനുള്ള പരിശീലനം
4. പരാജയത്തിൽ നൈരാശ്യമുണ്ടാകാതെ തുടർന്നു പ്രവർത്തിക്കുവാനുള്ള കഴിവ്.

## ക്ലബ്ബ് സംഘടനാനടപടികൾ

1. ഗ്രാമീണർക്കു സംഘടനാ ലക്ഷ്യങ്ങളെ വ്യക്തമാക്കിക്കൊടുക്കുക.
2. യുവജനക്ഷേമതല്പരരായ ഗ്രാമനേതാക്കളുമായി ആലോചിച്ച് സമ്മേളനത്തിനു് തീയതിയും സമയവും സ്ഥലവും തീരുമാനിക്കുക.
3. യോഗത്തിൽ ക്ലബ്ബിന്റെ ലക്ഷ്യങ്ങളും അതു് സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങളും വിവരിക്കുക.
4. പ്രാദേശികമായ പ്രവർത്തനങ്ങൾ വിശദമാക്കുക.
5. അംഗങ്ങളാകാൻ സാധ്യതയുള്ള എല്ലാ യുവാക്കളേയും വിളിച്ച് സമ്മേളനം സംഘടിപ്പിക്കുക.
6. വ്യക്തികളെ ക്ലബ്ബിൽ അംഗങ്ങളായി ചേർക്കുക.
7. ജനാധിപത്യവ്യവസ്ഥിതിയിൽ സംഘഭാരവാഹികളെ തിരഞ്ഞെടുക്കുക.
7. വ്യക്തിപദ്ധതികളും സംഘപദ്ധതികളും തീരുമാനിക്കുക.
9. ഭാവിസമ്മേളനങ്ങളുടെ പരിപാടികൾ ആസൂത്രണം ചെയ്യുക.

## സംഘാടനം

വ്യാപനപ്രവർത്തകർ ആദ്യമായി ചെയ്യേണ്ട സംഗതി ഗ്രാമതലത്തിലെ യുവജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയാണ്. അവരുടെ ജീവിതരീതിയും ആചാരങ്ങളും വിദ്യാഭ്യാസനിലവാരവും മററും മനസ്സി

ലാക്കണം. ഗ്രാമവിദ്യാലയങ്ങളിൽ നിന്നും അഭ്യസ്തവിദ്യരുടെ കണക്കുകൾ ലഭിക്കും. ഗ്രാമത്തിൽ യുവജനക്ഷേമതൽപരരായ നേതാക്കളെ കണ്ടു പിടിക്കണം. സംഘസ്ഥാപനത്തിനു് താൽപര്യമുള്ള പ്രതിജ്ഞാബദ്ധരായ യുവനേതാക്കളെ തിരഞ്ഞു പിടിക്കുന്നതു ക്ഷിപ്രസാദ്ധ്യമല്ല. പല സംഘങ്ങളും അംഗങ്ങളുടെ താൽപര്യക്കുറവു മൂലം നിന്നു പോകുന്നതു് സർവസാധാരണമാണു്. മാർഗദർശകരുടെ ഉത്സാഹത്തിലാണു് ക്ലബ്ബിന്റെ വിജയം സ്ഥിതി ചെയ്യുന്നതു്. ഗ്രാമങ്ങളിലെ അനൗപചാരികമായ സമ്പർക്കങ്ങളിലൂടെയും യുവാക്കളുടെ വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലൂടെയും നേതൃത്വഗുണമുള്ള വ്യക്തികളെ കണ്ടുപിടിക്കാം.

യുവാക്കൾക്കു സംഘടിക്കുന്നതിനുള്ള പ്രേരണ നൽകുകയാണു് അടുത്ത പടി. അംഗത്വയോഗ്യതയുള്ളവരുമായി വ്യക്തിസമ്പർക്കത്തിൽ കൂടി വിനിമയപ്രവർത്തകൻ ആശയവിനിമയം നടത്തണം. യുവജനപ്രസ്ഥാനത്തിന്റെ നന്മകളെപ്പററി പ്രതിപാദിക്കുന്ന സിനിമകൾ പ്രദർശിപ്പിക്കുക സമൂഹത്തിൽ അഭിലഷണീയമായ ഒന്നോ രണ്ടോ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കെടുപ്പിക്കുക തുടങ്ങിയ പ്രവർത്തനമാർഗങ്ങളാണു് വ്യാപനപ്രവർത്തകർ സ്വീകരിക്കേണ്ടതു്. യുവാക്കളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ ഈ സന്ദർഭങ്ങളിലൂടെ വെളിച്ചത്തു് കൊണ്ടുവരാൻ കഴിയും.

സംഘടിക്കുവാൻ സമ്മതമുള്ള വ്യക്തികളെ ചേർത്തു് ആദ്യത്തെ യോഗം നടത്താവുന്നതാണു്. ഗ്രാമനേതാക്കളാണു് ഇതിനു് മുൻകൈ എടുക്കേണ്ടതു്. യോഗത്തിൽ നിന്നു് തിരഞ്ഞെടുക്കുന്ന ഭാരവാഹികൾക്കു് പ്രവർത്തനത്തിനുതകുന്ന പ്രസിദ്ധീകരണങ്ങൾ വ്യാപനപ്രവർത്തകർ നൽകണം. പ്രവർത്തനങ്ങൾക്കെല്ലാം മുൻകൈയെടുക്കാനുള്ള പരിശീലനം അവർക്കു് ലഭിക്കത്തക്കവണ്ണം സംഘാടകർ തിരശീലക്കു് പുറകിൽ നിൽക്കുകമാത്രമെ ചെയ്യാവു.

സംഘത്തിന്റെ പ്രവർത്തനപദ്ധതികൾ രൂപീകരിക്കുകയാണു് അടുത്ത പടി. അംഗങ്ങളുടെ താല്പര്യമനുസരിച്ചുള്ള പദ്ധതികളാണു് തിരഞ്ഞെടുക്കേണ്ടതു്. എല്ലാ അംഗങ്ങളും വ്യക്തിപരമായും സംഘപരമായും പ്രയത്നപരിപാടികൾ ഏറെറടുക്കേണ്ടതുണ്ടു്. വ്യക്തികൾ സംഘത്തിൽ കൂടിയും സംഘം വ്യക്തിയിൽ കൂടിയുമാണു് പ്രവർത്തനവിജയം കൈവരിക്കുന്നതു്. സംഘാടകരും ഗ്രാമനേതാക്കളും എല്ലാ സംഘപരിപാടികളിലും പങ്കുകൊള്ളണം.

സംഘടനയുടെ സാധാരണ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനു് വ്യക്തമായ നിർദ്ദേശങ്ങളും പരിപാടികളും ആവശ്യമാണു്. അംഗങ്ങളുടെ താല്പര്യമനുസരിച്ചു് മാസത്തിൽ ഒന്നോ രണ്ടോ സമ്മേളനങ്ങൾ നിർബ്ബന്ധമാക്കണം. മീററിംഗിൽ 15–20 മിനിട്ടു് സമയം ഔപചാരികമായ ചടങ്ങുകൾക്കു് വേണ്ടി ഉപയോഗിക്കാവുന്നതാണു്. വിദ്യാഭ്യാസപരമായ സംഗതികൾക്കോ രീതിപ്രകടനങ്ങൾക്കോ റിപ്പോർട്ടുകളുടെ ചർച്ചക്കോ പര്യടനറിപ്പോർട്ടിനോ കുറെ സമയം വിനിയോഗിക്കാം. ഇതു് അര മണിക്കൂറിൽ കൂടുതൽ ദീർഘിപ്പിക്കുന്നതു് അരോചകമായിരിക്കും. 15 മിനിട്ടു് സമയം കായിക

വിനോദങ്ങൾക്കുപയോഗിക്കുന്നതു് അഭികാമ്യമാണു്. ഓരോ സമ്മേളനത്തിലും പുതിയ വിനോദങ്ങൾ അവതരിപ്പിക്കുന്നതു് അംഗങ്ങളെ ആകർഷിക്കാൻ പര്യാപ്തമാണു്.

### വ്യാപനപ്രവർത്തകരും ഗ്രാമീണനേതാക്കന്മാരും

സംഘാംഗങ്ങളുടെ വിവിധ താല്പര്യങ്ങളെയും അഭിലാഷങ്ങളെയും വാസനകളെയും വ്യക്തമായും കൃത്യമായും മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാണു്. മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതിക്കനുസൃതമായി സംഘലക്ഷ്യങ്ങൾ പരിവർത്തനത്തിനു് വിധേയമായില്ലെങ്കിൽ ക്ലബ്ബിന്റെ പ്രവർത്തനം പാടേ നിലയ്ക്കും. അംഗങ്ങളുടെ അഭിലാഷങ്ങൾ നിറവേററാൻ സംഘാടകരും സംഘഭാരവാഹികളും സദാ ബദ്ധശ്രദ്ധരായിരിക്കണം. വ്യക്തിപരമായ സമീപനത്തിൽ കൂടി മാത്രമേ യുവാക്കൾക്കു് തൃപ്തി ലഭിക്കുകയുള്ളൂ.

സംഘത്തിൽ ചില പ്രത്യേക താല്പര്യങ്ങളെ കേന്ദ്രീകരിച്ചു് ഉപഗ്രൂപ്പുകൾ പ്രത്യക്ഷപ്പെട്ടും. കൃഷിയിലോ കായികരംഗത്തോ സാഹിത്യത്തിലോ മററു ലളിത കലകളിലോ അഭിരുചിയുള്ളവരായിരിക്കും ഉപഗ്രൂപ്പുകൾക്കു് രൂപം കൊടുക്കുന്നതു്. ഓരോ രംഗത്തും പ്രത്യേക താല്പര്യങ്ങളെ പോഷിപ്പിക്കുന്നതിനു് ഉപസംഘടനകൾ ഉപകരിക്കും. ഗ്രാമത്തിൽ പ്രത്യേകം സംഘങ്ങൾ ഇതിലേക്കു് ആവിർഭവിക്കുന്നതു് ആശാസ്യമല്ല. സംഘടനകൾ ഛിന്നഭിന്നമാകാതെ ദൃഢതയോടെ മുന്നോട്ടു പോവുകയാണാവശ്യം.

### യുവജനസംഘടനകളും സമുദായവും

ഗ്രാമങ്ങളിൽ രണ്ടുതരത്തിലുള്ള ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടു്. ഒന്നു് യുവജനങ്ങളെ രാഷ്ട്രീയവും മതപരവും വിഭാഗീയവുമായ സ്ഥാപിതതാല്പര്യങ്ങൾക്കു് വേണ്ടി ചൂഷണം ചെയ്യുന്നു. രണ്ടാമത്തേതു് യുവജനങ്ങളുടെ കഴിവിനെ അവരുടെ സ്വന്തം വളർച്ചക്കും അഭിവൃദ്ധിക്കും തദ്വാരാ ഗ്രാമജീവിതത്തിന്റെ ഭദ്രതക്കും വേണ്ടി വിനിയോഗിക്കുന്നു. ആദ്യം പറഞ്ഞ ഏജൻസി ശക്തിപ്രാപിച്ചാൽ അതു് രാഷ്ട്രത്തിനും സമൂഹത്തിനും ഒരുപോലെ ആപത്തായിരിക്കും.

പ്രാദേശിക സംഘടനയുടെ രക്ഷാധികാരം പഞ്ചായത്തുകൾക്കായിരിക്കണം. മററുള്ള ഏജൻസികളുടെ സംഭാവനകളും സേവനങ്ങളും പഞ്ചായത്തിൽ കൂടി വേണം പ്രവഹിക്കുവാൻ. വിവിധ പ്രകാരത്തിലുള്ള ക്യാംപുകൾ സംഘടിപ്പിക്കുന്നതിൽ കൂടി ക്ലബ്ബ് പ്രവർത്തനത്തിനു് കൂടുതൽ സമ്പർക്കശക്തിയുണ്ടാവുന്നതാണു്. അംഗങ്ങളും നേതാക്കളും തമ്മിൽ അഭിപ്രായഐക്യം സൃഷ്ടിക്കുവാൻ ഇതു് പ്രേരകമാകും. സംഘാടകർക്കും പ്രൗഢവയസ്കനേതാക്കൾക്കും പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണു് നല്ലതു്. യുവജനപ്രസ്ഥാനത്തിനു് പ്രചോദനം നൽകാൻ പഞ്ചായത്തുകൾ പ്രത്യേകം സമ്മേളിച്ചു് യുവജനപ്രശ്നങ്ങളെക്കുറിച്ചു ചർച്ച ചെയ്യണം. ഇതു് യുവാക്കളിൽ ആവേശം പകരാൻ ഉപകരിക്കും.

യുവജനസംഘടനകളുടെ വളർച്ചയിലും നിലനിൽപിലും സമൂഹത്തിനു് വലിയ പങ്കും ചുമതലയുമുണ്ടു്. സമുദായത്തിലെ അടിസ്ഥാനസ്ഥാപനങ്ങളായ പഞ്ചായത്തും സഹകരണസംഘവും വിദ്യാലയവും യുവാക്കൾക്കു് സഹായഹസ്തം നീട്ടണം. ക്ലബ്ബ് പ്രവർത്തനങ്ങൾക്കു് സമൂഹത്തിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർന്നു പ്രവർത്തിക്കാനുള്ള പ്രചോദനം ഉണ്ടാവുകയുള്ളു. ഓരോ ക്ലബ്ബിനും പ്രൗഢവയസ്കരായ നേതാക്കന്മാർ ഉപദേശകരായിരുന്നു് നേതൃത്വം നൽകണം.

പ്രൗഢവയസ്കനേതാവിന്റെ ചുമതലകൾ

1. ക്ലബ്ബിന്റെ സംഘാടനത്തിനു് പ്രയത്നിക്കുക.
2. യുവനേതാക്കൾക്കും സംഘഭാരവാഹികൾക്കും പരിശീലനം നൽകുക.
3. സമഗ്രമായ വാർഷികപരിപാടികൾ ആസൂത്രണം ചെയ്യുവാൻ സഹായിക്കുക.
4. രക്ഷകർത്താക്കന്മാരുടെയും സമുദായത്തിന്റെയും സ്കൂളുകളുടെയും സഹകരണം സുദൃഢമാക്കുക.
5. അംഗങ്ങളെ വിവിധപദ്ധതികൾ ആരംഭിക്കുവാനും പൂർത്തിയാക്കുവാനും സഹായിക്കുക.
6. സംഘപ്രവർത്തനങ്ങളുടെ ശരിയായ റെക്കാർഡുകൾ സൂക്ഷിക്കുവാൻ സഹായിക്കുക.
7. പഠനസന്ദർശനങ്ങൾക്കു് രൂപം കൊടുക്കുന്നതിനു് സഹായിക്കുക.
8. സംഘാടകരുടേയും നേതാക്കന്മാരുടേയും പരിശീലനക്യാമ്പുകളിൽ സംബന്ധിക്കുക.
9. സംഘാംഗങ്ങളുടെയും പ്രോജക്റ്റുകളുടെയും റെക്കാർഡുകൾ സൂക്ഷിക്കുക.
10. സംഘഭാരവാഹികൾക്കു് നിർദ്ദേശിച്ചിട്ടുള്ള ചുമതലകൾ നിർവഹിക്കാൻ പരിശീലനം നൽകുക.
11. പുതിയ അംഗങ്ങളെ ക്ലബ്ബിൽ പ്രവർത്തനം തുടങ്ങുന്നതിനു് സഹായിക്കുക.
12. ക്ലബ്ബിന്റെ പുരോഗതിയെ മററു് ഗ്രാമനേതാക്കളുമായി ചേർന്നു് വിലയിരുത്തുക.
13. ഗ്രാമത്തിൽ ഉചിതമായ തീവ്രയത്നപരിപാടികൾ തിരഞ്ഞെടുക്കാൻ അംഗങ്ങളെ സഹായിക്കുക.
14. ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ പഠിച്ചു് ജനാധിപത്യരീതിയിൽ ചുമതലാനിർവഹണം എങ്ങനെ നടത്താമെന്നു് മനസ്സിലാക്കുക.
15. ക്ലബ്ബിന്റെ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്തു് വേണ്ട ഉപദേശം നൽകുക.
16. ഗ്രാമവാസികൾക്കു് യഥാസമയം ക്ലബ്ബ് പ്രവർത്തനത്തെപ്പററി വിവരം നൽകുക.
17. കായികരംഗത്തും സാമൂഹികരംഗത്തും സംഘം അനുവർത്തിക്കേണ്ട നടപടികളെപ്പററി ഉപദേശം നൽകുക.

18. സമുദായതാല്പര്യങ്ങളുമായി സംഘപ്രവർത്തനങ്ങളെ പൊരുത്തപ്പെടുത്തുക.
19. പ്രകടനങ്ങളും പര്യടനങ്ങളും സംഘടിപ്പിക്കുവാൻ മുൻകയ്യെടുക്കുക.
20. അംഗങ്ങളുടെ ഗൃഹങ്ങളിലും വയലുകളിലും കൂടെക്കൂടെ സന്ദർശിച്ച് പ്രവർത്തനം തൃപ്തികരമാണോ എന്ന് പരിശോധിക്കുക.

### സംഘടനകൾ സുശക്തമായി പുരോഗമിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ

1. തദ്ദേശവാസിയും യുവജനക്ഷേമതല്പരനും ജനാധിപത്യവിശ്വാസിയും സംഘടനാവിദഗ്ദ്ധനുമായ ഒരു പ്രൗഢവയസ്കൻ ഉപദേശകനായി ഓരോ ക്ലബ്ബിനും ഉണ്ടായിരിക്കണം.
2. ക്ലബ്ബിന് ആസൂത്രണം ചെയ്യപ്പെട്ട സമതുലിതമായ ഒരു വാർഷികപ്ലാൻ ഉണ്ടായിരിക്കണം. പ്ലാനിൽ സാമ്പത്തികപദ്ധതികളെ കേന്ദ്രീകരിച്ച് മററു പരിപാടികളും ഉണ്ടായിരിക്കേണ്ടതാണ്.
3. പ്രൗഢവയസ്കനേതാവിനെ ക്ലബ്ബംഗങ്ങൾ പഞ്ചായത്തുകളോടും മററ് ഏജൻസികളോടും ആലോചിച്ച് തിരഞ്ഞെടുക്കണം.
4. ആവശ്യാനുസരണം സംഘത്തിന് സാമ്പത്തികസഹായം ലഭ്യമാകണം.
5. സംഘടനയിൽ രാഷ്ട്രീയമോ മതപരമോ വിഭാഗീയമോ ആയ ചിന്തകൾക്കു സ്ഥാനം ഉണ്ടായിരിക്കരുത്.
6. ക്ലബ്ബ് ഒരു സ്വയംഭരണസ്ഥാപനമായി വർത്തിക്കണം.
7. പൊതുതാല്പര്യങ്ങളെ പരിരക്ഷിക്കാൻ വിവിധ പരിപാടികളിൽ സമൂഹവുമായി സഹകരിക്കണം.
8. സംഘാംഗങ്ങൾക്കും ഭാരവാഹികൾക്കും വേണ്ടിയുള്ള പരിശീലനപരിപാടികൾ തുടരെത്തുടരെ സംഘടിപ്പിക്കണം.
9. അംഗങ്ങളുടെ നേട്ടങ്ങൾക്ക് സമുദായത്തിൽ അംഗീകാരം ലഭിക്കണം.
10. സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ പദ്ധതി ഉണ്ടായിരിക്കണം.
11. ത്വരിതപരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ സംഘലക്ഷ്യങ്ങൾക്കും പ്രവർത്തനരീതികൾക്കും നമ്യതയും അനുകൂലനക്ഷമതയും ഉണ്ടായിരിക്കണം.

## യുവജനസംഘടനകൾ മറുരാജ്യങ്ങളിൽ

ലോകത്തിലെ മിക്ക രാഷ്ട്രങ്ങളിലും യുവജനസംഘടനകളുണ്ട്. ചില രാജ്യങ്ങളിലുള്ള സംഘടനകളെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### ബ്രിട്ടൻ

യുവകർഷകസംഘടനാപ്രസ്ഥാനം ഇംഗ്ലണ്ടിലും വെയിൽസിലും ആദ്യം ആരംഭിച്ചത് 1921-ൽ ആണ്. പ്രഥമ യുവകർഷകക്ലബ്ബ് (Young Farmer's Club) ഒരു ഡയറി ക്ലബ്ബായി, ഡെവോണിലെ (Devon) ഹെമി

യോക്കു് (Hemyock) എന്ന സ്ഥലത്തു് ആരംഭിച്ചു. ലോർഡ് നോത്തു് ക്ളിഫ് ആണു് ഈ പ്രസ്ഥാനത്തിനു വിത്തു പാകിയതു്. അദ്ദേഹം അമേരിക്കയും കാനഡയും സന്ദർശിച്ചപ്പോൾ അവിടത്തെ ഫോർ എച്ച് ക്ളബ്ബുകളുടെ പ്രവർത്തനത്തിൽ ആകൃഷ്ടനാവുകയും, അത്തരത്തിലുള്ള പ്രസ്ഥാനങ്ങൾ ഇംഗ്ലണ്ടിലും പ്രചരിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. യുവകർഷകരെ കന്നുകാലിവളർത്തലിൽ തല്പരരാക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിയ യുണൈറ്റഡ് ഡയറി കമ്പനിയുടെ ഒരുദ്യോഗസ്ഥനും ഈ സംരംഭത്തിൽ അദ്ദേഹത്തെ സഹായിച്ചു. നോത്തു്ക്ളിഫിന്റെ മരണശേഷം കൃഷിവകുപ്പ് ഈ പ്രസ്ഥാനത്തിന്റെ പ്രവൎത്തനം വ്യാപിപ്പിക്കുന്നതുമതല ഏറ്റെടുത്തു് രാജ്യത്തുടനീളം സംഘടനകൾ ഉണ്ടാക്കി.

## ആസ്ട്രിയ

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, ആസ്ട്രിയയുടെ പുനരധിവാസത്തിനു് കാർഷികരംഗത്തു് ഉൽപാദനവർധനവുണ്ടാക്കുന്ന മാർഗങ്ങൾ വ്യാപിപ്പിക്കേണ്ടതു് ആവശ്യമാണെന്നു നേതാക്കൾക്കു് ബോധ്യമായി. ഈ ലക്ഷ്യപ്രാപ്തിക്കു് വ്യാപനസർവീസ് പരിപോഷിപ്പിക്കേണ്ടതു് ആവശ്യമാണെന്നും അവർ മനസ്സിലാക്കി. തുടന്നു് അമേരിക്കയിലെ വിജ്ഞാനവ്യാപനപ്രവൎത്തനത്തിന്റെ കാതലായ ഫോർ എച്ച് ക്ളബ്ബ് പോലുള്ള സംഘടന ആസ്ട്രിയയുടെ അമേരിക്കൻ മേഖലയിൽ സ്ഥാപിക്കപ്പെട്ടു. ആദ്യത്തെ സംഘടന 1949–ലാണു് ആരംഭിച്ചതു്.

## നോർവേ

നോർവേ യൂത്തു് അസോസിയേഷൻ 1896 ലാണു് ആരംഭിച്ചതു്. ഓരോ ക്ലബ്ബും അതിന്റേതായ നയങ്ങളോടു കൂടിയ സ്വതന്ത്രസംഘടനയാണു്. അംഗങ്ങൾ വാർഷികവരിസംഖ്യ അടയ്ക്കുന്നു. ഈ സംഘടനകളിൽ 15 മുതൽ 40 വരെ വയസ്സുള്ള 30,000 അംഗങ്ങളുണ്ടു്. സംഘടനകൾ പൗരാണികസംസ്കാരത്തെ നിലനിർത്തുന്നതിനും വ്യക്തിപരവും സാമൂഹികവുമായ വളർച്ചയ്ക്കു് നേതൃത്വം നൽകുന്നതിനും വേണ്ടി നിലകൊള്ളുന്നു.

1945 ൽ നോർവേ റൂറൽ യൂത്തു് യൂണിയൻ സ്ഥാപിക്കപ്പെട്ടു. ഇതു കർഷകയൂണിയനും കമ്യൂണിററി വിമൻസ് യൂണിയനും ആയി സഹകരിച്ചു പ്രവൎത്തിക്കുന്നു. യൂണിയൻ ഗ്രാമീണരംഗത്തു് സാമാന്യവിദ്യാഭ്യാസത്തിലും തൊഴിൽപരമായ വിദ്യാഭ്യാസത്തിലുമാണു് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്.

നോർവേ അഗ്രികൾച്ചറൽ ക്ളബ്ബ് അസോസിയേഷൻ 1924 ൽ ആരംഭിച്ചു. ഇതു് ഫോർ എച്ച് ക്ളബ്ബിന്റെ മാതൃകയിലാണു് പ്രവൎത്തിക്കുന്നതു്. ഇപ്പോൾ 17,000 ത്തിലേറെ അംഗങ്ങൾ ഈ ക്ലബ്ബുകൾക്കുണ്ടു്.

## ജപ്പാൻ

1948 ആഗസ്റ്റിൽ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് ലാ നടപ്പാക്കി

യതോടെയാണ് ജപ്പാനിൽ വ്യാപനപ്രവർത്തനത്തിൻെറ ആഭിമുഖ്യത്തിൽ ഗ്രാമീണയുവജനപരിപാടി ആരംഭിച്ചത്. ഈ നിയമം മൂലം പുതിയ അഗ്രികൾച്ചറൽ ടെക്നിക് എക്സ്റ്റൻഷൻ സർവീസ് സ്ഥാപിക്കപ്പെട്ടു. യുവജനസംഘടനകൾക്ക് രണ്ടു മുഖ്യവിഭാഗങ്ങളാണുള്ളത്. അവ 20 വയസ്സിനു താഴെയുള്ള അംഗങ്ങളോടുകൂടിയ ഫോർ എച്ച് ക്ലബ്ബുകളും, 21–നും 25–നും മധ്യേ പ്രായമുള്ള യുവതീയുവാക്കന്മാരടങ്ങിയ ഫാം സ്റ്റഡി യൂത്ത് ക്ലബ്ബും ആണ്. 1950 ലെ യുവജനപ്രവർത്തനനയപരിപാടികളുടെ ആവിഷ്കരണത്തോടെ സംഘടനാപ്രവർത്തനത്തിനു ത്വരിതപുരോഗതിയുണ്ടായി.

ജപ്പാനിൽ നിലവിലുള്ള യുവജനപ്രവർത്തനം മൂന്നു ഏജൻസികളുടെ രക്ഷാധികാരത്തിലാണ് നടക്കുന്നത്.

1. കൃഷി-വനം മന്ത്രികാര്യാലയത്തിലെ വികസനബ്യൂറോയുടെ വ്യാപനവിഭാഗം (Extension Division, Development Bureau, Ministry of Agriculture and Forestry).
2. പ്രാദേശികഗവണ്മെൻറുകളുടെ കൃഷി വികസനവിഭാഗം (Agricultural Improvement section of Prefectural Government).
3. ജപ്പാൻ ഫോർ എച്ച് അസോസിയേഷൻ (The Japan 4–H Association) ഒരു അനുദ്യോഗസ്ഥ സംഘടനയാണ്.

ശരാശരി ഒരു സമുദായത്തിൽ നാല് ക്ലബ്ബുകൾവീതം സംഘടിപ്പിച്ചിട്ടുള്ളതിൽ ആകെ 307,000 യുവജനങ്ങൾ അംഗങ്ങളായുണ്ട്. ഉന്നതനിലവാരത്തിലുള്ള തീവ്രയത്നപരിപാടികൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്.

## കൊറിയ

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കേണൽ ചാൾസ് എ. ആൻഡേഴ്സൻെറ നേതൃത്വത്തിൽ കിയുംഗി പ്രോവിൻസിൽ (Kyunggi Province) ഫോർ എച്ച് ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചു. അമേരിക്കൻ പട്ടാളം പ്രസിദ്ധീകരണങ്ങൾ കൊണ്ടു് ഇതിനെ സഹായിച്ചു. 1954–ൽ കൊറിയൻ ഫൗണ്ടേഷൻെറ സഹായത്തോടെ ദേശീയാടിസ്ഥാനത്തിൽ ഒരു പ്രചരണപരിപാടി തുടങ്ങാൻ ഫോർ എച്ച് ക്ലബ്ബുകൾ തീരുമാനിച്ചു. ഒരു ദേശീയ ഫോർ എച്ച് കമ്മിററി സംഘടനകൾക്കു സഹായം നൽകാനാരംഭിച്ചു.

## ഫിലിപ്പൈൻസ്

ബ്യൂറോ ഓഫ് സയൻസിൻെറ ഹോം എക്കണോമിക്സ് ഡിവിഷൻ മേധാവിയായ മിസ്സ് മറിയാ വൈ. ക്രോസാ (Miss Maria Y. Crossa, Chief, Home Economics Division, Bureau of Science )യുടെ ശ്രമഫലമായി ഫിലിപ്പൈൻസിൽ ആദ്യമായി യുവജനപ്രവർത്തനം ആരംഭിച്ചു. സംഘടനകളിൽ ആദ്യകാലത്തു് പെൺകുട്ടികളെയും മഹിളകളെയും മാത്രമേ അംഗങ്ങളാക്കിയിരുന്നുള്ളു 1946–ൽ ബ്യൂറോ ഓഫ് പ്ലാൻറ് ഇൻഡസ്ട്രിയുടെ അഗ്രികൾച്ചറൽ

എക്സ്റ്റെൻഷൻ ഡിവിഷന്റെ (Agricultural Extension Division Bureau of Plant Industry) ആഭിമുഖ്യത്തിൽ ഫോർ എച്ച് ക്ലബ്ബ് പ്രവർത്തനം തുടങ്ങി. ഇപ്പോൾ നിലവിലുള്ള പരിപാടികൾ 1952 ൽ തുടങ്ങിയതാണ്. 115,000 യുവതീയുവാക്കന്മാർ ഫോർ എച്ച് ക്ലബ്ബിൽ അംഗങ്ങളായുണ്ട്.

ഫോർമോസാ-തെയ്‌വാൻ

ഫോർമോസായിൽ ഫോർ സൗണ്ട്സ് ക്ലബ്ബ് (Four Sounds Club) എന്ന സംഘടന 1952 ൽ ആരംഭിച്ചു. പ്രവർത്തനത്തിന്റെ നടത്തിപ്പിലും സംഘാടനത്തിലും സഹകരിക്കുന്ന ഏജൻസികൾ ഇവയാണ്:

1. ജോയിൻറ് കമ്മിഷൻ ഓൺ റൂറൽ റീ കൺസ്ട്രക്‌ഷൻ
2. തെയ്‌വാൻ പ്രൊവിഷണൽ ഡിപ്പാർട്ടുമെൻറ് ഓഫ് എഡ്യുക്കേഷൻ
3. പ്രൊവിൻഷ്യൽ ഡിപ്പാട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ ആൻഡ് ഫോറസ്ട്രി
4. സീൻ ആൻഡ് ടൗൺ ഷിപ്പ് ഗവണ്മെൻറ് (Hsien and town ship Governments)
5. ഫാർമേഴ്സ് അസോസിയേഷൻ ഓഫ് സീൻ ആൻഡ് ടൗൺ ഷിപ്സ്

തായ്‌ലണ്ട്

എഫ്. എ. ഓ പ്രതിനിധിയുടെ പരിശ്രമഫലമായി 1952-ലാണ് യുവകാസിക്കോൺ എന്ന യുവകർഷകസംഘടന രൂപംകൊണ്ടത്. ഈ പരിപാടിക്ക് ആഭ്യന്തരം, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹായസഹകരണങ്ങൾ നിർലോഭം ലഭിച്ചു. യുനെസ്കോ (UNESCO) മുതലായ അന്താരാഷ്ട്രസംഘടനകളിൽ സഹായം കിട്ടി. 1953-ൽ പരിപാടി കൃഷിവകുപ്പിൻെറ കീഴിലാക്കി. ഇപ്പോൾ സംഘടനകളിൽ 2500 ലേറെ യുവാക്കൾ അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്.

അമേരിക്ക

ഫോർ എച്ച് ക്ലബ്ബ് പ്രവർത്തനം: അമേരിക്കയിൽ യുവജനപ്രസ്ഥാനത്തിൻെറ സമാരംഭത്തിന് പ്രേരകമായ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ അവിടെ ഈ നൂററാണ്ടിൻെറ ആരംഭത്തിൽ നടന്ന സാമൂഹ്യപരിവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് പഠിക്കേണ്ടതുണ്ട്. രാഷ്ട്രത്തിൻെറ ശ്രദ്ധയെ കർഷകയുവതീയുവാക്കളിലേക്ക് കേന്ദ്രീകരിക്കാൻ പല ശക്തികളും ഒരേ സമയത്ത് പ്രവർത്തിച്ചിരുന്നു. ഇതിനനുകൂലമായ സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. നിലവിലുള്ള ഗ്രാമീണവിദ്യാലയങ്ങൾ അപര്യാപ്തങ്ങളാണെന്നും കാർഷികജീവിതത്തോട്ട് അവ യാതൊരു ബന്ധവും പുലർത്തുന്നില്ലെന്നും വിദ്യാഭ്യാസചിന്തകർക്കുണ്ടായ വിശ്വാസം.

2. ഗാർഹികജീവിതത്തിലും കാർഷികവൃത്തിയിലും സാങ്കേതികവും പ്രായോഗികവുമായ വിദ്യാഭ്യാസം ആവശ്യമാണെന്നുള്ള പൊതു അഭിപ്രായം.
3. കാർഷികസമുദായങ്ങളിലേക്കു് നൂതനവിജ്ഞാനം വ്യാപിപ്പിക്കുവാൻ കാർഷികകലാലയങ്ങൾക്കുണ്ടായ തീവ്രമായ അഭിവാഞ്ഛ.
4. ജീവിതത്തിൽ ഉന്നതനിലവാരം കൈവരിക്കുവാനുള്ള കാർഷികകുടുംബങ്ങൾക്കുണ്ടായ വർധിച്ച ആഗ്രഹം.
5. പ്രസിഡൻറു് തിയഡോർ റൂസ്‌വെൽട്ടിൻെറ കൺട്രിലൈഫ് കമ്മിഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഗ്രാമീണജീവിതത്തെ ഉദ്ധരിക്കുവാനുള്ള ദേശീയാഭിലാഷം.

ഗ്രാമീണ യുവതീയുവാക്കന്മാർക്കു് ജീവിതായോധനത്തിൽ പരിശീലനം നൽകാനും ജീവിതം സമ്പൽസമൃദ്ധവും സുരക്ഷിതവുമാക്കാനും വ്യക്തിത്വത്തെ വളർത്താനും കണ്ടുപിടിക്കപ്പെട്ട മാർഗങ്ങളാണു് ഫോർഎച്ച്. പ്രയത്നമാണതിൻെറ അടിസ്ഥാനം. യുവജനങ്ങളിലാണു് ഈ പ്രസ്ഥാനത്തിൻെറ വേരൂന്നിയതു്. അംഗത്വം ഐച്ഛികമാണു്. ഇതൊരു സുപ്രധാന വിദ്യാഭ്യാസസിദ്ധാന്തമായി പരിണമിച്ചിട്ടുണ്ടു്.

ഒരു സുപ്രഭാതത്തിൽ യാദൃച്ഛികമായി ആവിഷ്കരിക്കപ്പെട്ട ഒരു പ്രസ്ഥാനമല്ല ഫോർഎച്ച്. കഠിനാധ്വാനത്തിൽ കൂടി സാവധാനമാണു് ഫോർഎച്ചിൻെറ പരിപാടികൾ രൂപം കൊണ്ടതു്. യുവജനങ്ങൾക്കു് ഒരു നല്ല നാളെയുണ്ടാക്കുവാൻ പൊതുജനക്ഷേമതല്പരരായ നേതാക്കന്മാർ പ്രയത്നിച്ചതിൻെറ പരിണതഫലമാണു് ഈ പ്രസ്ഥാനം. യുവജനപ്രവർത്തനത്തിനു് സമുദായനേതാക്കന്മാരുടെ അംഗീകാരം ലഭിച്ച സ്ഥലങ്ങളിലാണു് സംഘടനാപ്രവർത്തനമാരംഭിച്ചതു്.

1900 നാടട്ടപ്പിച്ചു് പുരോഗമനേച്ഛുയുള്ള വിദ്യാഭ്യാസപ്രവർത്തകർ വിദ്യാലയത്തിനു് പുറത്തു് കൃഷിയിലും കുടുംബസംസ്കാരത്തിലും വിദ്യാർത്ഥികൾക്കു് ചില പരിപാടികൾ രൂപീകരിക്കുവാൻ പ്രാരംഭമിട്ടു. സ്കൂൾപ്രദർശനങ്ങളിൽ ഇവരുടെ പ്രവർത്തനഫലമായുണ്ടായ കായ്കറികളും പൂക്കളും തുന്നൽസാമഗ്രികളും പ്രദർശിപ്പിച്ചു. ഈ പരിപാടികൾ ടെക്സാസ്, ജോർജിയ, ഒഹിയോ, അയോവാ, ഇല്ലിനോയിസ്, മിന്നസോട്ടാ, നെബ്രാസ്കാ, കാൻസാസ്, ഇൻഡ്യാനാ, മാസച്യുസെററസ് മുതലായ സംസ്ഥാനങ്ങളിലാണു് വ്യാപിച്ചതു്.

കോർണൽ സർവകലാശാലയിലെ ഡോ. ലിബർട്ടി ഹൈഡ്ബെയ്ലിയാണു് ന്യൂയോർക്കിൽ പ്രകൃതിപഠനത്തിനു് പ്രോത്സാഹനം നൽകിയതു്. സംസ്ഥാനനിയമസഭകൾ പ്രസിദ്ധീകരണങ്ങൾക്കു് വേണ്ടി പണം മാറ്റി വെച്ചു. ബെയ്ലിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ജൂണിയർ നാച്ചുറലിസ്റ്റ് ക്ലബ്ബ് അംഗങ്ങൾക്കു വേണ്ടി ഒരു മാസികയാരംഭിച്ചു. ന്യൂയോർക്കിലെ പ്രകൃതിപഠനപരിപാടി പരിപൂർണവിജയത്തിലെത്തി. പത്രങ്ങളുടെ മുക്തകണ്ഠമായ പ്രശംസ ഈ പ്രവർത്തനങ്ങൾക്കു ലഭിച്ചു. ഭാവനാസമ്പന്നരും ദീർഘദർശികളു

മായ വിദ്യാഭ്യാസപ്രവർത്തകർക്ക് ക്ലാസ്സുകളിൽ വിദ്യാർത്ഥികളുടെ ഇടയിൽ ഒരു നവചൈതന്യം സൃഷ്ടിക്കുവാൻ സാധിച്ചു ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് ഫോർഎച്ചിന്റെ ബീജാവാപം നടന്നതു്.

1901–ൽ ഒഹിയോയിലെ സ്പ്രിംഗ് ഫീൽഡിൽ എ ബി. ഗ്രഹാം ബാലികാബാലന്മാരുടെ ഗവേഷണക്ലബ്ബുകൾക്ക് രൂപം കൊടുത്തു. ആരംഭത്തിനു ശേഷം വൂസ്റ്റർ പരീക്ഷണകേന്ദ്രത്തിന്റെ സൂപ്രണ്ടിന്റെയും ഒഹിയോ സർവകലാശാലയുടെ കൃഷി ഡീനിന്റെയു സഹായസഹകരണങ്ങൾ ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി തൽപ്രവർത്തകർ ആവശ്യപ്പെട്ടു തുടർന്നുള്ള പ്രവർത്തനവിജയം ഗ്രഹാമിനെ സർവകലാശാലയിലെ: വ്യാപനവകുപ്പിന്റെ സൂപ്രണ്ട് സ്ഥാനത്തു് എത്തിച്ചു. 1906 ആയപ്പോഴേയ്ക്കും 60 ക്ലബ്ബുകളും 3000 അംഗങ്ങളും ഉണ്ടായി. ഗവേഷണശാലകൾക്കും കലാശാലകൾക്കും ഗ്രാമീണകർഷകർക്ക് വിനിമയം ചെയ്യുവാൻ ധാരാളം പുതിയ ആശയങ്ങളും അറിവുകളും ലഭിച്ചു. കർഷകരെ വിജയകരമായി സമീപിക്കുവാൻ സ്കൂൾ വിദ്യാർത്ഥികൾ ഒരു സുപ്രധാനമാധ്യമമാണെന്ന് അംഗീകരിക്കപ്പെട്ടു. അചിരേണ യുവജനസംഘടനകൾ ഇല്ലിനോയിസ്, ടെക്സാസ്, അയോവ, നെബ്രാസ്കാ, വടക്കൻ ഡക്കോട്ട മുതലായ സംസ്ഥാനങ്ങളിലേയ്ക്കു വ്യാപിച്ചു.

തിയഡോർ റൂസ്‌വെൽട്ടിന്റെ കൺടി ലൈഫ്കമ്മീഷൻ റിപ്പോർട്ട് യുവജനപ്രസ്ഥാനത്തിന് പുതിയ ഒരാവേശം നൽകി. റിപ്പോർട്ടിൽ യുവജനങ്ങൾക്ക് പ്രായോഗികപരിശീലനം നൽകേണ്ടതിന്റെയും കലാലയങ്ങൾ വർധിച്ച തോതിൽ വ്യാപനപ്രവർത്തനം നടത്തേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാണിച്ചിരുന്നു.

മിസ്സിസിപ്പി സംസ്ഥാനത്തു് (Mississippi) ഫെഡറൽ ഗവണ്മെന്റിന്റെ നേതൃത്വത്തിലാണ് യുവജനരംഗത്തെ ആദ്യകാലപ്രവർത്തനങ്ങൾ നടന്നതു്. ഹോംസ് കൗണ്ടിയിലെ (Holmes county) വിദ്യാഭ്യാസ സൂപ്രണ്ടായ വില്യം ഹാൾ സ്മിത്താണ് (William hall smith) ആദ്യത്തെ ധാന്യക്ലബ്ബ് ആരംഭിച്ചതു്. തുടർന്ന് 1907 ൽ വ്യാപനപിതാവായ സീമാൻ എ നാപ്പിന്റെ അനുയായിയായ എ. എഫ്. മേഹാർഗ് യുവജനപരിപാടികളെപ്പററി ചർച്ച ചെയ്യുന്നതിന് പൊതുപ്രവർത്തകരുടെ ഒരു മീററിംഗ് സംഘടിപ്പിച്ചു. കർഷകരുടെ രീതിപ്രകടനങ്ങളും ഫലപ്രകടനങ്ങളും പരാജയപ്പെട്ട സ്ഥലങ്ങളിൽ യുവജനങ്ങൾക്ക് വിജയിക്കുവാൻ സാധിക്കുമെന്ന് മെഹാർഗിന് മനസ്സിലായി. സ്മിത്തിന്റെ പ്രവർത്തനത്തിൽ അദ്ദേഹം ഉള്ളഴിഞ്ഞു സഹകരിച്ചു. തുടർന്ന് സ്മിത്ത് അമേരിക്കൻ കാർഷികവകുപ്പിന്റെ യുവജനപ്രവർത്തനപങ്കാളിയായി നിയമിക്കപ്പെട്ടു. വിദ്യാലയങ്ങൾക്ക് ചാക്രികലേഖനങ്ങളും നിർദ്ദേശപത്രങ്ങളും തപാൽചാർജ്ജ് കൂടാതെ അയക്കുന്നതിനുള്ള അനുവാദവും ഈ നിയമനത്തിലൂടെ അദ്ദേഹത്തിന് ലഭിച്ചു.

ഫെഡറൽ ഗവണ്മെന്റിന്റെ പല നിയമനിർമ്മാണങ്ങളും യുവജനപ്രസ്ഥാനത്തിന് വഴികാട്ടിയായിട്ടുണ്ട്. ഇതിൽ പ്രഥമഗണനീയമാണ്

1862–ൽ എബ്രഹാം ലിങ്കൺ ഒപ്പുവെച്ച മോറിൽ ആക്ട് (Morill Act). ഈ ആക്ടിൻ പ്രകാരം ലാൻഡ് ഗ്രാൻറ് കോളേജുകൾ സ്ഥാപിതമായി. 1887–ൽ പാസ്സായ ഹാച്ച് ആക്ടിൻപ്രകാരം കാർഷികഗവേഷണസ്ഥാപനങ്ങൾ തുടങ്ങി. 1914–ലെ സ്മിത്ത് ലിവർ ആക്ടാണ് മറെറാരു നിയമം. വ്യാപനസർവ്വീസ് സംഘടിപ്പിക്കുന്നതിൽ ഈ നിയമമാണ് സഹായകമായത്. സ്മിത്ത് ലിവർ ഫണ്ടിൽ 25 ശതമാനം തുക യുവജനക്ലബ്ബുകൾക്കും ചലിക്കുന്ന വിദ്യാലയങ്ങൾക്കും (Movable Schools) വേണ്ടി മാററിവെക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. അമേരിക്കൻ യുവജനപ്രസ്ഥാനത്തിന്റെ അനന്യസാധാരണമായ സവിശേഷത കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളും പൊതുക്ഷേമതല്പരരായ വ്യക്തികളും തമ്മിലുള്ള പരസ്പരസഹകരണമാണ്. ഗ്രാമീണയുവജനങ്ങളുടെ ആവശ്യാഭിലാഷങ്ങൾക്കനുസൃതമായി പരിപാടികൾ സജ്ജീകരിക്കുന്നതും, സമുദായത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രമുഖവ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രചോദനം സ്വീകരിക്കുന്നതുമായ ഒരു വിദ്യാഭ്യാസപ്രവർത്തനരംഗമാണിത്.

1960–ലെ കണക്കനുസരിച്ച്, 94,700 ഫോർ എച്ച് ക്ലബ്ബുകളും അവയിൽ 2, 296, 735 അംഗങ്ങളുമുണ്ടായിരുന്നു. യുവജനങ്ങളുടെ പങ്കാളിത്തം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 3,71,000 ഐച്ഛികനേതാക്കൾ വിവിധമണ്ഡലങ്ങളിൽ ഉപദേശകരായി പ്രവർത്തിക്കുന്നുണ്ട് 1928-ലെ ക്യാപ്പർ കെച്ചാം ആക്ടും 1945 ലെ ഫ്ളന്നാഗൻ ആക്ടും (Flannagan Act) യുവജനപ്രസ്ഥാനത്തിന് കൂടുതൽ പ്രോത്സാഹനങ്ങൾ നൽകി. 80–ാം കോൺഗ്രസ്സിന്റെ പൊതുനിയമം 772 ക്ലബ്ബ് പ്രവർത്തനങ്ങളുടെ വിദ്യാഭ്യാസനേട്ടങ്ങൾക്ക് ദേശീയാടിസ്ഥാനത്തിൽ അംഗീകാരം നൽകുകയും, ഫോർ എച്ച് ക്ലബ്ബിന്റെ പേരിനും ചിഹ്നത്തിനും ഭദ്രത നൽകുകയും ചെയ്തു.

## ഫോർഎച്ച്ക്ലബ്ബിൻെറ ലക്ഷ്യങ്ങൾ

താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരുത്തുവാൻ ഫോർഎച്ച് സംഘടന ജനങ്ങളെ സഹായിക്കുന്നു.

1. സംതൃപ്തകുടുംബജീവിതത്തിന്നാവശ്യമായ അറിവും വൈദഗ്ധ്യവും വാസനകളും സമ്പാദിക്കുക.
2. പ്രവർത്തനഫലങ്ങൾ ആസ്വദിക്കുകയും ചുമതലകൾ ഏറെറടുത്ത് വിജയകരമായി നിർവ്വഹിക്കുകയും ചെയ്യുക.
3. പൗരധർമ്മം നിറവേററാൻ വേണ്ട നേതൃത്വസാമർത്ഥ്യവും കഴിവുകളും സിദ്ധിക്കുക.
4. പ്രശ്നങ്ങളെ ശാസ്ത്രീയസമീപനത്തിൽ കൂടി പരിഹരിക്കാനും തീരുമാനങ്ങൾ എടുക്കാനും ശാസ്ത്രീയഗവേഷണമൂല്യങ്ങൾ ആസ്വദിക്കുവാനും ഉള്ള സാമർത്ഥ്യം ലഭിക്കുക.
5. രാഷ്ട്രസമ്പദ്‌വ്യവസ്ഥയും ശാസ്ത്രീയ–കാർഷിക ഗാർഹികസമ്പത്തുമാ

യുള്ള ബന്ധം മനസ്സിലാക്കുക.

6. കാർഷിക ഗാർഹിക രംഗത്തും മററു ബന്ധപ്പെട്ട രംഗങ്ങളിലും ജോലി സാധ്യതകൾ കണ്ടെത്തുവാനുള്ള കഴിവുണ്ടാക്കുക.
7. പ്രകൃതിവിഭവങ്ങളെ വേണ്ട വിധത്തിൽ ഉപയോഗിക്കുകയും പരിരക്ഷിക്കുകയും ചെയ്യാനുള്ള കഴിവ്.
8. വിശ്രമവേളകളെ വിവേകപൂർവ്വം ക്രിയാത്മകമായി ഉപയോഗിക്കുകയും ആരോഗ്യപരമായ ജീവിതം നിലനിർത്തുകയും ചെയ്യുക.
9. മാനുഷികമൂല്യങ്ങളുടെ ആടിസ്ഥാനത്തിൽ ജീവിതനിലവാരവും വ്യക്തിത്വവും അഭിവൃദ്ധിപ്പെടുത്തുക.
10. പരസ്പരധാരണയും പ്രവർത്തനശേഷിയും വളർത്തുക.

വിവിധ പ്രയത്നപരിപാടികൾ ഫോർഎച്ച് ക്ലബിന്റെ ജീവനാഡികളാണ്. പ്രവൃത്തിയിൽ കൂടി പഠിക്കുക എന്ന തത്വമാണ് സംഘപ്രവർത്തനത്തിന്റെ അടിസ്ഥാനം.

പല രംഗത്തും പ്രവർത്തിക്കുന്ന അനൗദ്യോഗികസ്ഥാപനങ്ങളും ഏജൻസികളും യുവജനപ്രവർത്തനങ്ങൾക്കു വളരെ സഹായകമാകുന്നുണ്ട്. നാഷണൽ കമ്മററി ഓൺ ഗേൾസ് ആൻഡ് ബോയിസ് ക്ലബ് വർക്ക് ഇൻ യു എസ്സ്. എ പൊതുക്ഷേമതല്പരരായ പൗരന്മാരുടെ ഒരു സഹകരണസ്ഥാപനമാണ്. ദേശീയസാംസ്ഥാനികനേതാക്കളുടെയും യുവജനക്ഷേമ തല്പരരായ വ്യവസായ പ്രമുഖരുടെയും സഹകരണത്തോടെ 1921 ൽ ആരംഭിച്ച ഈ സംഘടന ക്ലബ്പ്രവർത്തനങ്ങൾക്ക് അംഗീകാരവും പ്രചരണവും സാമ്പത്തികസഹായവും നൽകുന്നതിന് മുൻകൈ എടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. ഈ സംഘടനയുടെ ലക്ഷ്യങ്ങൾ പ്രധാനമായി താഴെ പറയുന്നവയാണ്.

1. ക്ലബ്ബും പ്രവർത്തനങ്ങൾക്ക് പ്രചരണം നൽകുക.
2. യുവകർഷകർക്ക് ബാങ്കുകളിൽ നിന്നും മററും കടവായ്പകൾ ലഭ്യമാക്കുക.
3. കലാലയങ്ങളിലേക്കും രാജ്യാന്തരപ്രദർശനമേളകളിലേയ്ക്കും പഠനപര്യടനങ്ങൾ സംഘടിപ്പിക്കുകയും, ഹ്രസ്വകാലപരിശീലനകോഴ്സുകൾ സംഘടിപ്പിക്കയും ചെയ്യുക.
4. യുവജനപ്രവർത്തനങ്ങൾക്ക് വിവിധസ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സാമ്പത്തികസഹായങ്ങൾ സമന്വയിക്കുക.

ഫോർഎച്ച് ക്ലബ്ബുകളുടെ ഐച്ഛികപ്രൗഢവയസ്കനേതാക്കൾക്ക് പരിശീലനം ഏർപ്പെടുത്തുന്നതിനും ഈ സംഘടന മുൻകൈയെടുക്കുന്നു. 37000 നേതാക്കൾക്ക് പരിശീലത്തിന് സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. വ്യാപനപ്രവർത്തകരുടെ നിർദേശപ്രകാരം പല പ്രസിദ്ധീകരണങ്ങളും ക്ലബ്ബുകൾക്ക് നൽകുന്നു. 1956-ൽ വിവിധക്ലബ്ബുകളിൽനിന്നുള്ള 1079 സാംസ്ഥാനികവിജയികൾക്ക് നാഷണൽ ഫോർഎച്ച് ക്ലബ് കോൺഗ്രസ്സിൽ പങ്കെടുക്കുവാനുള്ള ചെലവു വഹിച്ചത് ഈ സംഘടനയാണ്.

## ഇന്റർനാഷണൽ ഫാം യൂത്ത് എക്സ്ചെയിഞ്ച്

നാഷണൽ ഫോർഎച്ച്ക്ലബ് ഫൗണ്ടേഷൻ ഓഫ് അമേരിക്ക എന്ന അനൗദ്യോഗികവിദ്യാഭ്യാസ സംഘടനയുടെയും അമേരിക്കൻ കാർഷിക വകുപ്പിൻെറ വ്യാപനസർവീസിൻെറയും ലാൻഡ് ഗ്രാൻറ് കോളേജുകളുടെയും സംയുക്താഭിമുഖ്യത്തിലുള്ള ഒരു സംരംഭമാണിത്. അമേരിക്കയിൽ നിന്നും നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കർഷകയുവതീയുവാക്കന്മാരെ നാലു മാസം മുതൽ ആറു മാസം വരെയുള്ള കാലയളവിൽ അന്യരാജ്യങ്ങളിലയച്ച് ലോകസൗഹാർദവും സാഹോദര്യവും വളർത്തുവാൻ വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. മററു രാജ്യക്കാരുടെ ചിന്താഗതിയും പ്രശ്നങ്ങളും ആചാരങ്ങളും പഠിക്കുന്നതിനും ആശയങ്ങൾ വിനിമയം ചെയ്യുന്നതിനും ഈ പരിപാടി സഹായിക്കുന്നു. ക്ലബ്ബംഗങ്ങളുടെ പ്രവർത്തനത്തിന് അന്താരാഷ്ട്രീയമായ അംഗീകാരവും പരമോന്നതമായ മാന്യതയും ലഭിക്കുന്നതിനുതകുന്നതാണ് ഈ പരിപാടി. ഗവണ്മെൻറിൽ നിന്ന് ഒരു പൈസയും സഹായമായി ഇതിനു ലഭിക്കുന്നില്ല. സംഭാവനകൾ സംസ്ഥാനങ്ങളിൽ നിന്നും കാർഷികസംഘടനകളിൽ നിന്നും വ്യവസായസ്ഥാപനങ്ങളിൽ നിന്നും ഫോർഎച്ച്ക്ലബ്ബ്കളിൽ നിന്നുമാണ് ലഭിക്കുന്നത്. ചെലവിന്റെ ഒരു ഭാഗം വൻകിടവ്യവസായികളാണ വഹിക്കുന്നത്.

# 15

## നേതൃത്വവികസനം

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. ത്വരിതപരിവർത്തനങ്ങൾക്ക് ദിനംപ്രതി വിധേയമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ ജനങ്ങൾക്ക് മററുള്ളവരുമായി സമ്പർക്കം പുലർത്തേണ്ടതായും, സംഘടിതമായ പ്രവർത്തനങ്ങളിലേർപ്പെടേണ്ടതായും വരുന്നു. പ്രയത്നം, വിദ്യാഭ്യാസം, വിനോദം, രാഷ്ട്രീയം എന്നിങ്ങനെയുള്ള വിവിധ രംഗങ്ങളിൽ മനുഷ്യർ സംഘടിതരായാണ് പ്രവർത്തിക്കുന്നത്. പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നത് സംഘടിതശ്രമം കൊണ്ടാണ്. ഏതു പ്രകാരത്തിലുള്ള സമീപനത്തിലൂടെ സംഘടിതപ്രവർത്തനങ്ങളിൽ നിന്ന് അംഗങ്ങൾക്ക് സന്തോഷവും സംതൃപ്തിയും നൽകുവാൻ കഴിയുമെന്നതാണ് ഇന്ന് സമൂഹങ്ങളുടെ അതിപ്രധാനമായ ചിന്താവിഷയം. സംഘടിതപ്രവർത്തനങ്ങളുടെ വിജയത്തിന് പ്രഗത്ഭമായ നേതൃത്വം ആവശ്യമാണ്.

ചരിത്രത്തിൽ ഒരു കാലത്തും നേതൃത്വത്തിന് ഇന്നത്തെപ്പോലെ പ്രാധാന്യം ലഭിച്ചിട്ടില്ല. ആധുനികജീവിതത്തിലെ പല പ്രശ്നങ്ങളും സംഘടിതമായ ശ്രമം കൊണ്ടേ പരിഹരിക്കാൻ സാധ്യമാവൂ എന്നതാണിതിന്റെ കാരണം. പക്ഷെ ഒരു സംഘത്തിനും അതിനു ലഭ്യമാകുന്ന നേതൃത്വത്തിനതീതമായി ഉയരാൻ സാധ്യമല്ല.

എല്ലാ വ്യക്തികളിലും നേതൃത്വത്തിന്റെ അംശങ്ങൾ തെളിഞ്ഞു കിടക്കുന്നുണ്ട്. നേതൃത്വം പല രൂപത്തിലും വിധത്തിലുമാണ് പ്രകടിതമാകുന്നത്. ജനാധിപത്യരീതിയിലുള്ള നേതൃത്വത്തിന് അനുയായികൾ കൂടും. പരിശീലനം കൊണ്ടാണ് ശരിയായ നേതൃത്വത്തെ വളർത്തിയെടുക്കേണ്ടത്. ഇന്ത്യയിലെ അഞ്ചര ലക്ഷം ഗ്രാമങ്ങളിൽ സ്വയം പര്യാപ്തങ്ങളായ സമൂഹങ്ങളെ സൃഷ്ടിക്കുവാൻ യോഗ്യതയും കാര്യക്ഷമതയുമുള്ള നേതാക്കന്മാർ ആവശ്യമാണ്.

ഭാരതത്തിലെ ഏററവും മികച്ച പ്രകൃതിവിഭവം മനുഷ്യശക്തിയാണ്.

ജനാധിപത്യവ്യവസ്ഥിതിയിൽ സ്വന്തം ജീവിതലക്ഷ്യങ്ങൾ നേടാനുള്ള മാർഗങ്ങൾ തിരഞ്ഞെടുക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഈ അവകാശം ശരിയായ രീതിയിൽ വിനിയോഗിക്കാൻ ജനങ്ങളെ സഹായിക്കുകയാണ് വ്യാപനവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സംഘാംഗങ്ങൾക്ക് അവരുടെ ലക്ഷ്യം നേടിയെടുക്കാൻ ശരിയായ നേതൃത്വം ആവശ്യമാണ്. അംഗങ്ങളിൽ ബഹുഭൂരിപക്ഷവും നേതൃത്വത്തെ ആശ്രയിക്കുന്നു. നേതാവിന്റെ സ്ഥാനം സുസ്ഥിരമാണെങ്കിൽ മാത്രമേ സംഘടന വളരുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ. ഭാരതത്തിൽ ജനാധിപത്യത്തിന്റെ നിലനിൽപിന് എല്ലാ രംഗത്തും നേതൃത്വവികസനം അത്യന്താപേക്ഷിതമാണ്. വ്യാപനപ്രവർത്തനങ്ങൾ ജനങ്ങൾക്ക് വിദ്യാഭ്യാസവും നേതൃത്വപരിശീലനവും നൽകുന്നു.

പരമ്പരാഗതവും ജാതിമതാധിഷ്ഠിതവുമായ നേതൃത്വമാണ് ഗ്രാമങ്ങളിലധികവും കാണുന്നത്, ജന്മി, ഗ്രാമത്തിലെ ജമീൻദാർ, പൂജാരി ആദിയായവർ ജന്മനാ നേതൃത്വം സമ്പാദിച്ചവരാണ്. പ്രവൃത്തിയുടെ അടിസ്ഥാനത്തിലുള്ള നേതൃത്വവും ജാതിയടിസ്ഥാനത്തിലാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ് വ്യക്തിഗതനേതൃത്വം. ഓരോ പ്രവർത്തനരംഗത്തുമുള്ള വ്യക്തിയുടെ പ്രത്യേകവൈദഗ്ധ്യമാണ് ഇതിന്റെ അടിസ്ഥാനം. സമൂഹത്തിന്റെ മേൽ യാതൊരു അധികാരവുമില്ലെങ്കിലും അറിവിനെയും കഴിവിനെയും ആസ്പദമാക്കിയുള്ള ഈ നേതൃത്വം അഭികാമ്യമാണ്. രാഷ്ട്രീയനേതൃത്വവും സാമൂഹ്യനേതൃത്വവുമാണ് ഗ്രാമങ്ങളിൽ കാണുന്ന മററു രണ്ടു നേതൃത്വങ്ങൾ. ഗ്രാമപരിവർത്തനങ്ങളിൽ ഇവ വലിയ പങ്കു വഹിക്കുന്നുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഗ്രാമീണനേതൃത്വത്തിന് ജനാധിപത്യസിദ്ധാന്തങ്ങൾക്കനുസൃതമായി വലിയ മാററങ്ങൾ വന്നു കൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ പരിവർത്തനം മന്ദഗതിയിൽ പുരോഗമിക്കുന്നതു കൊണ്ട് സാധാരണക്കാരൻ നേതാക്കളോടൊപ്പം മുന്നോട്ട് പോകുന്നില്ല. പല രംഗത്തും പരമ്പരാഗതമായ നേതൃത്വത്തിന് ഗ്രാമീണരിൽ നിർണായകമായ സ്വാധീനമുണ്ട്. മതേതരജനാധിപത്യവ്യവസ്ഥിതിയുള്ള ഒരു ക്ഷേമരാഷ്ട്രത്തിൽ ജാതിമതാധിഷ്ഠിതമായ നേതൃത്വത്തിന് സ്ഥാനമില്ല. ഒളിഞ്ഞു കിടക്കുന്ന കഴിവുകളിൽ നിന്നും സന്ദർഭത്തിനനുയോജ്യമായ ദേശീയനേതൃത്വം വാർത്തെടുക്കുകയാണ് വ്യാപനപ്രവർത്തകർ ചെയ്യുന്നത്.

## നേതാവും നേതൃത്വവും

എല്ലാ സംഘടനകളിലും അംഗീകരിക്കപ്പെട്ടവരോ അല്ലാത്തവരോ ആയ നേതാക്കൾ സാധാരണയായി ഉണ്ടാകും. സംഘത്തിന്റെ ആശയങ്ങളെയും, അഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കത്തക്ക വ്യക്തിത്വമുള്ളയാളായിരിക്കും നേതാവ്.

സംഘത്തിന്റെ ആഗ്രഹമനുസരിച്ചുള്ള ലക്ഷ്യങ്ങൾ സഹകരണപരി

ശ്രമങ്ങളിൽ കൂടി നേടുന്നതിന് അംഗങ്ങളെ പ്രേരിപ്പിക്കുന്ന പ്രവർത്തനത്തിനാണ് നേതൃത്വം എന്നു പറയുന്നത്.

സംഘാംഗങ്ങളുടെ സംഘടിതശ്രമത്താൽ മാത്രം ലക്ഷ്യങ്ങളോ ആവശ്യങ്ങളോ നിറവേററാൻ വ്യക്തിയുടേയോ വ്യക്തികളുടേയോ സംഘടനകളിലെയും സമുദായങ്ങളിലെയും ഘടനയിലും പ്രവർത്തനത്തിലും ഉള്ള പങ്കും നിലയുമാണ് നേതൃത്വം ( ഹെപ്പിൾ ).*

സാമൂഹ്യസംഘടനകളുടെ പ്രവർത്തനത്തിന് നേതൃത്വം അപരിഹാര്യമാണ്. അനുയായികൾക്ക് വേണ്ടി അവരുമായി സഹകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന ഒരു സാമൂഹ്യപ്രക്രിയയാണ് നേതൃത്വം. സംഘടനനേതൃത്വത്തെ വ്യാഖ്യാനിക്കേണ്ടത് ജനാധിപത്യതത്വങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഒരു സംഘത്തിന്റെ ഘടനയിലും പ്രവർത്തനത്തിലും വ്യക്തിക്കോ വ്യക്തികൾക്കോ ഉള്ള പങ്കിനെയും സ്ഥാനത്തെയും അടിസ്ഥാനപ്പെടുത്തിയാണ് നേതൃത്വം സ്ഥിതിചെയ്യുന്നത്. നേതൃത്വത്തിന് അംഗങ്ങളുടെ ഇടയിൽ അംഗീകാരവും സ്ഥാനവും ലഭിക്കുന്നു. വ്യക്തിപരമായി നിറവേററാൻ അസാധ്യമായ ലക്ഷ്യങ്ങൾ നിറവേററാൻ സംഘടിതശ്രമം ആവശ്യമാണ്. ഈ ലക്ഷ്യം കൂട്ടായ ശ്രമം കൊണ്ട് നേടുക, എന്നതാണ് നേതൃത്വം കൊണ്ടുദ്ദേശിക്കപ്പെടുന്നത്.

സ്ഥാനമഹിമയും ദീർഘകാലജനസമ്പർക്കവും നേതൃത്വയോഗ്യതകളാണ്. ജനങ്ങൾ സ്വീകരിച്ച് അംഗീകരിക്കുന്ന രൂപത്തിലേ അതിന് നിലനില്പുള്ളു. പ്രത്യേകസാഹചര്യങ്ങളിൽ പ്രത്യേക കടമകൾ വിജയകരമായി നിറവേററുന്നതിനുള്ള വ്യക്തിയുടെ സാമർത്ഥ്യം അയാളെ നേതൃത്വത്തിലേക്കുയർത്തുക സാധാരണമാണ്.

ഒരു മനുഷ്യൻ ജന്മനാ സമ്പാദിക്കുന്ന കഴിവുകളോ, വിശേഷങ്ങളുടെ സമാഹാരമോ അല്ല നേതൃത്വം. നേതൃത്വവൈദഗ്ദ്ധ്യങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാവുന്നതാണ്.

ഗ്രൂപ്പിന്റെ കഴിവുകളെയും പ്രവർത്തനങ്ങളെയും ലക്ഷ്യപ്രാപ്തിക്കുവേണ്ടി വാഹികയാക്കുന്ന പ്രക്രിയ എന്നു നേതൃത്വത്തിന്റെ പ്രായോഗിക വശത്തെ നിർവചിക്കാം. ലക്ഷ്യനിർവഹണത്തിന് ആവശ്യവും ക്രിയാത്മകവുമായ പ്രതികരണങ്ങൾ അംഗങ്ങളിൽ ഉളവാക്കുന്നവനാണ് നേതാവ്.

നൂതനാശയങ്ങൾ അംഗീകരിക്കാൻ പ്രചോദനം നൽകുക, മാർഗങ്ങൾ രൂപീകരിക്കുക, സംഘാഭിലാഷങ്ങളും ആഗ്രഹങ്ങളും പ്രകടിപ്പിക്കുക, പ്രവർത്തനത്തിനു പ്രോത്സാഹനം നൽകുക, പ്രവർത്തനമൂല്യം നിർണയിക്കുക, പ്രവർത്തനങ്ങൾക്ക് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കുക തുടങ്ങിയവയാണ് നേതൃത്വം നിർവഹിക്കേണ്ട പ്രവർത്തനങ്ങൾ. ഇത്തരത്തിലുള്ള നേതൃത്വമാണ് വ്യാപന

---

* Lawrence M. Hepple – Group organisation and leadership in Rural life, 1959 Lucus Brothers Columbia, U S A.

ത്തിൽ പരിപാടികളുടെ രൂപീകരണത്തിലും നിർവഹണത്തിലും ആവശ്യമായിട്ടുള്ളതു്.

നേതൃത്വം രൂപപ്പെടുന്നതിനെപ്പററി രണ്ടു സിദ്ധാന്തങ്ങളുണ്ടു്.

1. ജൈവികസിദ്ധാന്തം

ചില വ്യക്തികൾ ജന്മനാതന്നെ നേതാക്കളാണു്. സാഹചര്യങ്ങൾ പ്രതികൂലമായാലും അനുകൂലമായാലും അവർക്കു നേതൃത്വമുണ്ടു്. നേതാക്കളുടെ സന്തതികളും നേതൃത്വഗുണമുള്ളവരാണെന്നാണു് ഇതിൻെറ വിവക്ഷ. ചുരുക്കം ചില സന്ദർഭങ്ങളിൽ ഈ നിഗമനം ശരിയായെന്നു വരാം. ഈ നിഗമനം ശരിയല്ലെന്നു കാണിക്കുന്ന നിരവധി ഉദാഹരണങ്ങളുണ്ടു്. നേതൃത്വത്തിനു കഴിവു വേണമെന്നും ആ കഴിവു് ജൈവികപാരമ്പര്യത്തിൽ കൂടി ആർജിക്കാവുന്നതാണെന്നുമാണു് ഈ സിദ്ധാന്തത്തിൻെറ സാരം. ഗ്രാമങ്ങളിലെ ഗ്രാമത്തലവൻ ഇത്തരത്തിലുള്ള നേതാവാണു്.

2. സാമൂഹ്യമനശ്ശാസ്ത്രസിദ്ധാന്തം

സാഹചര്യങ്ങളും പരിതസ്ഥിതികളും വ്യക്തികളെ നേതൃത്വത്തിലേക്കുയർത്തുന്നതിൽ സ്വാധീനം ചെലുത്തുന്നുവെന്നാണു് ഈ സിദ്ധാന്തത്തിൻെറ വ്യാഖ്യാനം. സന്ദർഭത്തിൻെറ സൃഷ്ടിയാണു് നേതാവു്. ഒരു വ്യക്തിയുടെ വിദ്യാഭ്യാസം, പശ്ചാത്തലം, പരിതസ്ഥിതികൾ, അനുഭവങ്ങൾ തുടങ്ങിയവ അവനു നേതൃത്വം നേടിക്കൊടുക്കുന്നു. വ്യക്തിത്വം മാത്രമല്ല സാഹചര്യവും നേതൃത്വത്തിനു കാരണമാകുന്നുണ്ടെന്നാണു് ഈ സിദ്ധാന്തത്തിൻെറ സാരം. ഒരാളുടെ പരിതസ്ഥിതികളും പരിശീലനവും അയാൾക്കു നേതാവായി അംഗീകാരം ലഭിക്കുവാനുള്ള സാധ്യതകൾ വർധിപ്പിക്കുന്നു. പട്ടാളനേതാക്കന്മാർ ഇതിനുദാഹരണങ്ങളാണു്.

ശാസ്ത്രീയ വീക്ഷണത്തിൽ ഈ രണ്ടു സിദ്ധാന്തങ്ങളും അതേപടി സ്വീകാര്യമല്ല. വ്യക്തികളുടെ ഭൗതികമായ കഴിവുകളും സവിശേഷതകളും ചില ഗ്രൂപ്പുകളിൽ നേതൃത്വവുമായി നേരിട്ടു് ബന്ധപ്പെട്ടിരിക്കുന്നു. പാരമ്പര്യാർജ്ജിതമായ സാമാന്യബുദ്ധിയും സവിശേഷതകളുമുള്ള ആളുകളെ നേതൃത്വകടമകൾ നിറവേററുന്നതിനു് വിജയകരമായി പരിശീലിപ്പിക്കാവുന്നതാണു്. എന്നിരുന്നാലും പരിശീലനവും പാരമ്പര്യവും വ്യക്തികളുടെ പരിതഃസ്ഥിതികൾക്കു് വിധേയമായിട്ടാണിരിക്കുന്നതു്. വ്യാപനത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തത്വം ഇതാണു്.

പ്രാവർത്തിക നേതാവു്, നാമമാത്ര നേതാവു്, വിദഗ്ധ നേതാവു്, അവിദഗ്ധ നേതാവു്, പ്രാദേശിക നേതാവു്, പ്രൗഢവയസ്കനേതാവു്, ഐച്ഛികനേതാവു് എന്നിങ്ങനെ നേതാക്കൾ പലവിധത്തിലുണ്ടു്.

പ്രാവർത്തികനേതാവു്—നാമമാത്രനേതാവു് പല സംഘടനകളിലും നേതൃത്വസ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുന്നവർ മിക്കപ്പോഴും നാമമാത്രരായി പരിണമിക്കും. തലവന്മാരായി ഉന്നതസ്ഥാനം അലങ്കരിക്കുക മാത്രമാണു് അവരുടെ

കർത്തവ്യം. നേതൃത്വ ചുമതലകൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നവരാണ് പ്രാവർത്തിക നേതാക്കന്മാർ. ഇവർ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കുകയില്ല. വ്യാപനരംഗത്ത് ഇവർ രണ്ടുകൂട്ടരും ഗണനാർഹരാണ്.

**വിദഗ്ധനേതാവ്:** വ്യാപനപ്രവർത്തകർ വിദഗ്ധനേതാക്കൾക്ക് ഉദാഹരണങ്ങളാണ്. വ്യാപനപ്രവർത്തനങ്ങൾ സുഗമമാകണമെങ്കിൽ പ്രവർത്തകർക്ക് നേതൃത്വകഴിവുകൾ ഉണ്ടായിരിക്കണം. സമ്പർക്കം പുലർത്തേണ്ട ജനങ്ങളുടെ പ്രവർത്തനങ്ങളെ ശ്രദ്ധാപൂർവം വീക്ഷിച്ചു മനസ്സിലാക്കേണ്ടത് വ്യാപനപ്രവർത്തകരുടെ ആവശ്യമാണ്. സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധമായ അഭ്യസനം വ്യാപനപ്രവർത്തകർക്ക് ഉണ്ടായിരിക്കണം. പ്രായോഗികപരിജ്ഞാനമാണ് നേതൃത്വത്തിനു വൈദഗ്ധ്യം നൽകുന്നത്. നേതൃത്വം അപഹരിച്ചെടുക്കുക എന്നത് വ്യാപനപ്രവർത്തകർ ചിന്തിക്കുവാൻ പോലും പാടില്ലാത്തതാണ്. ജനനേതാക്കൾക്ക് പുഷ്ടിപ്പെടുവാനുള്ള സാഹചര്യങ്ങൾ വളർത്തുക എന്നതായിരിക്കണം വ്യാപനപ്രവർത്തകരുടെ നയം. ജനങ്ങൾക്ക് മാർഗദർശനവും പ്രോൽസാഹനവും നൽകി സംഘപ്രവർത്തനത്തിന് വ്യാപനപ്രവർത്തകർ സന്ദർഭം സൃഷ്ടിക്കണം.

വ്യാപനപ്രവർത്തകർ തങ്ങളുടെ ആശയങ്ങൾ പ്രാദേശികനേതാക്കളെ ധരിപ്പിച്ച് അവരുടെ സ്വന്തം ആശയങ്ങൾ എന്ന നിലയിൽ അംഗീകരിപ്പിക്കാനും അവരെക്കൊണ്ടു സജീവനേതൃത്വം ഏറ്റെടുപ്പിക്കാനും പ്രവർത്തിക്കണം. പ്രവർത്തകരുടെ ആഗ്രഹാനുസരണമുള്ള നിർദേശങ്ങൾ സംഘാംഗങ്ങളുടെ മുൻപിൽ സമർപ്പിക്കുവാനും അവരെക്കൊണ്ടംഗീകരിപ്പിക്കുവാനും സംഘാംഗങ്ങൾ തിരഞ്ഞെടുത്ത നേതാവിനു മാത്രമേ കഴിയുകയുള്ളൂ.

**പ്രാദേശികനേതാക്കൾ—അവിദഗ്ധനേതാക്കൾ** പാശ്ചാത്യരാജ്യങ്ങളിൽ സർവസാധാരണമായ ഈ നേതൃത്വത്തെ കെൽസിയും ഹേർണിയും ഇപ്രകാരം വിവരിക്കുന്നു. "പ്രാദേശികമായ പരിപാടികളുടെ ഏതെങ്കിലും രംഗത്ത് പ്രവർത്തിക്കുവാനുള്ള കഴിവോ താല്പര്യമോ ഉള്ള തിരഞ്ഞെടുക്കപ്പെട്ട നേതാക്കളാണ് പ്രാദേശികനേതാക്കൾ. വ്യാപനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാഥമികസംഘങ്ങളിലെ അംഗങ്ങളായ ഇവർ ശമ്പളേച്ഛയില്ലാതെ പ്രവർത്തിക്കുന്നു. പരിപാടികളുടെ പുരോഗമനത്തിലാണിവർ സ്വന്തം സംതൃപ്തി കാണുന്നത്. ഗ്രൂപ്പിന്റെ വിജയകരമായ പ്രവർത്തനം ഈ നേതാക്കളെ ആശ്രയിച്ചിരിക്കും. നേതൃത്വം വിവിധ ചുമതലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. സംഘത്തിന്റെ പ്രവർത്തനം നേതാവിനെയും ബാധിക്കും. നേതാവ് സംഘാംഗങ്ങളെ ലക്ഷ്യത്തിലേക്ക് അതിവേഗത്തിൽ നയിക്കുമെന്നവർ ആഗ്രഹിക്കുന്നു. ഗ്രൂപ്പിനു വേണ്ടി ആത്മാർഥമായി പ്രവർത്തിക്കുന്ന നേതാവിനു വേണ്ടി അംഗങ്ങൾ എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധരാണ്. വ്യാപനപ്രവർത്തകർ ഇക്കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയിരിക്കണം.

അമേരിക്കയിൽ വ്യാപനരംഗത്ത് പ്രാദേശികനേതൃത്വം വളരെ വ്യാപകമായ തോതിൽ ഉപയോഗിക്കപ്പെടുന്നു. ഇവർ ഇപ്പോൾ വ്യാപനപ്രവ

ത്തനങ്ങളെക്കാൾ കൂടുതൽ സംഘടനാപരമായ പ്രവർത്തനങ്ങളാണു ചെയ്തു കൊണ്ടിരിക്കുന്നത്. ഗ്രൂപ്പുകളെ സംഘടിപ്പിക്കുക വിവിധ കമ്മററികൾ രൂപീകരിക്കുക പരിപാടികളുടെ ആസൂത്രണത്തിനു രംഗം സജ്ജീകരിക്കുക മുതലായ പ്രവർത്തനങ്ങളിലാണു ഈ നേതാക്കൾ ശ്രദ്ധചെലുത്തുന്നത്.

അതുല്യമായ പ്രവർത്തനങ്ങളാണു അമേരിക്കയിൽ പ്രാദേശികനേതാക്കൾ നിർവഹിക്കുന്നത്. വ്യാപന വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ജനങ്ങൾക്കു അനുദിനം നേരിടേണ്ടിവരുന്ന പുതിയ സാഹചര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിലും ഇവർ സഹായിക്കുന്നു. 1960 ൽ 1, 276, 201 പ്രാദേശികനേതാക്കൾ വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇതിൽ 33 ശതമാനം പുരുഷന്മാരും 58 ശതമാനം സ്ത്രീകളും 9 ശതമാനം പ്രായംകൂടിയ ഫോർ എച്ച് ക്ലബ്ബംഗങ്ങളും ആയിരുന്നു. 27 ശതമാനം നേതാക്കൾ കൃഷിരംഗത്തും 42 ശതമാനം ഗാർഹിക രംഗത്തും 31 ശതമാനം യുവജനപ്രവർത്തനരംഗത്തും ആണു സേവനം അർപ്പിച്ചതു്. 1960 ൽ ഇവർ 1, 386, 809 യോഗങ്ങൾ വ്യാപനപ്രവർത്തകരുടെ സഹായം കൂടാതെ സംഘടിപ്പിച്ചു. യാതൊരു പ്രതിഫലവും കൂടാതെയുള്ള പ്രവൃത്തിയായിരുന്നു ഇതു്. 54000 പേർ 260 പൂർണ്ണ പ്രവർത്തിദിവസങ്ങളിൽ ചെയ്യുന്നത്ര ജോലിയാണു ഇവർ ചെയ്തതു്. ഈ ജോലിയുടെ മൊത്തത്തിലുള്ള ശമ്പളം കണക്കാക്കിയാൽ അതും വ്യാപന പ്രവർത്തകർക്കു കൊടുക്കേണ്ട ശമ്പളത്തിന്റെ അഞ്ചിരട്ടിയാണ്.

എഫ്. ഏ. ഒ യുടെ ദേശീയകാർഷിക ഉപദേഷ്ടാവായ സി. ഡബ്ലിയു. ചാങ്ങിന്റെ അഭിപ്രായത്തിൽ ഇതിനു സദൃശമായ ദേശീയനേതൃത്വം പൗരസ്ത്യ രാജ്യങ്ങളിൽ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്.

സമൂഹത്തെ ലക്ഷ്യത്തിലേക്കു നയിക്കുവാൻ കഴിവുള്ള നേതാക്കളെയാണു വ്യാപനപ്രവർത്തനത്തിനാവശ്യം. ജനാധിപത്യരീതിയിൽ ഉളവാകുന്ന നേതൃത്വമാണിതു്. ദേശീയനേതാവിനെ കണ്ടുപിടിക്കുന്നതു് വളരെ ശ്രമകരമാണ്. "ആരാണു നേതാവ്" എന്നു് ഏതു് സമൂഹത്തോടു ചോദിച്ചാലും നേതൃത്വപാരമ്പര്യം ഉള്ളവരെയാണു ചൂണ്ടിക്കാട്ടുക. വ്യാപനത്തിനാവശ്യമായ നേതാവിനു അഭിലഷണീയമായ എല്ലാനേതൃത്വഗുണങ്ങളും പ്രത്യക്ഷത്തിൽ ഉണ്ടായെന്നു വരികയില്ല. പക്ഷെ ഈ ഗുണങ്ങൾ പരിശീലനത്തിലൂടെ കൈവരുത്താവുന്നതാണ്.

എല്ലാ സമുദായങ്ങളിലും സാമ്പത്തിക സാമൂഹികസംഘങ്ങൾ ഉണ്ടായിരിക്കും. ഓരോ ഗ്രൂപ്പിനും പ്രത്യേകം നേതാക്കളും ഉണ്ടാകും. വിവിധഗ്രൂപ്പുകളെ പ്രതിനിധീകരിക്കുന്ന നേതാക്കളെയാണു വ്യാപനത്തിനാവശ്യം.

വ്യാപനപ്രവർത്തനത്തിൽ പ്രാദേശികനേതാക്കളെ ഉപയോഗപ്പെടുത്തുന്നതുകൊണ്ടുള്ള ഗുണങ്ങൾ:

1. അധ്യാപകരുടെ എണ്ണം വർധിക്കുകയും കൂടുതൽ ആളുകൾക്കു് വിദ്യാഭ്യാസ സൗകര്യം ലഭിക്കുകയും ചെയ്യും.
2. വ്യാപനപ്രവർത്തനത്തിലൂടെ സുദൃഢമാക്കുന്ന നേതൃത്വം മററു സാമൂഹ്യപ്രവർത്തനങ്ങൾക്കും ശക്തി കൊടുക്കുന്നു.

3. നേതാക്കൾ ജനങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നത് ആശയ വിനിമയം സുഗമമാക്കുന്നു.
4. നേതൃത്വപരിശീലനം സ്വയം പര്യാപ്തതയും ആത്മവിശ്വാസവും ജനിപ്പിക്കുന്നു.
5. പരിപാടിയുടെ ആസൂത്രണത്തിന്നടിസ്ഥാനമായി സ്ഥാനികപ്രശ്നങ്ങൾ അപഗ്രഥനം ചെയ്യുവാൻ നേതാക്കൾ സഹായിക്കുന്നു.
6. പ്രവർത്തകരുടെ സമയം കൂടുതൽ സൃഷ്ടിപരമായ കാര്യങ്ങൾക്കു് ഉപയോഗപ്പെടുത്താം.

## നേതൃത്വാഭിനിർദ്ധാരണം

ഗ്രാമങ്ങളിൽ യോഗ്യതയുള്ള പ്രാദേശികനേതാക്കളില്ലെന്നുള്ള പരാതി പൊതുവെ ഉയർന്നുവരുന്നുണ്ടു്. നേതൃത്വഗുണങ്ങൾ പ്രകടമാക്കുന്നില്ലെങ്കിലും എല്ലാ ഗ്രൂപ്പുകളിലും അതിനാവശ്യമുള്ള നേതാക്കന്മാരുണ്ടായിരിക്കും. സമൂഹത്തിലെ ഓരോ സന്ദർഭവും ഓരോ വിധത്തിലുള്ള നേതൃത്വത്തെ വെളിച്ചത്തുകൊണ്ടുവരുന്നു. സമുദായത്തെ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇത്തരത്തിലുള്ള നേതൃത്വത്തെയാണു് ഉപയോഗിക്കേണ്ടതു്. നേതൃത്വം ആവശ്യത്തിൽ നിന്നാണുദിക്കുന്നതു്. നേതൃത്വവളർച്ചയ്ക്കു് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കണം.

നേതൃത്വം കണ്ടെത്തുന്നതിനു് അറിയേണ്ട സംഗതികൾ

1. എന്തു് പ്രവൃത്തിയാണു് നിർവഹിക്കേണ്ടതു് ?
2. വിജയകരമായ കൃത്യനിർവഹണത്തിനു് എന്തെല്ലാം പ്രത്യേകഗുണങ്ങളും വൈദഗ്ദ്ധ്യങ്ങളുമാണാവശ്യം ?
3. പ്രസ്തുത യോഗ്യതയോടു കൂടിയ വ്യക്തികൾ എവിടെയാണുണ്ടായിരിക്കുക ?
4. പരിശീലനംകൊണ്ടു് അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുന്ന നേതൃത്വഗുണങ്ങൾ ഏവ ?
5. ഇല്ലാത്ത ഗുണങ്ങളിൽ ഏതെല്ലാം പരിശീലനം കൊണ്ടു് സിദ്ധിക്കും ?

നേതൃത്വാന്വേഷണം ഫലവത്താകണമെങ്കിൽ നേതൃത്വപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും, അതിനുവേണ്ട വിജ്ഞാനവും വൈദഗ്ദ്ധ്യങ്ങളും എന്തെല്ലാമാണെന്നും അറിഞ്ഞിരിക്കണം. ആരോഗ്യം, ബുദ്ധിശക്തി, കായികശക്തി എന്നീ യോഗ്യതകൾ പാരമ്പര്യാർജ്ജിതമാണു്. വിഷയപരിജ്ഞാനം പ്രസംഗപാടവം, സംഘടനാസാമർത്ഥ്യം തുടങ്ങിയവ പരിശീലനത്തിൽനിന്നും കിട്ടുന്നു. എന്തു യോഗ്യതകളാണു് നേതാക്കൾക്കു് ഉണ്ടായിരിക്കേണ്ടതെന്നു് തീരുമാനിച്ചാൽ അപ്രകാരമുള്ള യോഗ്യതയോടുകൂടിയവരെ തിരഞ്ഞെടുക്കുവാൻ എളുപ്പമാണു്.

## പ്രാദേശികനേതാക്കന്മാരെ കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങൾ

ചർച്ച: ഗ്രാമീണർ ഔപചാരികമായും അനൗപചാരികമായും നടത്തുന്ന ചർച്ച

കളിൽ, വ്യാപനപ്രവർത്തകർ സൂക്ഷ്മനിരീക്ഷണം നടത്തിയാൽ, നേതൃത്വയോഗ്യതയുള്ളവരെ മററുള്ളവരിൽ നിന്നു് വേർതിരിച്ചറിയാൻ കഴിയും. നേതൃത്വസാധ്യതയുള്ളവർക്കു് ചർച്ചകൾ സ്വയം പ്രകാശനത്തിനവസരം നൽകുന്നു. കാലക്രമത്തിൽ ചർച്ചകൾ തന്നെ അവരുടെ ആത്മവിശ്വാസത്തിനും ധൈര്യത്തിനും അടിസ്ഥാനമാകുകയും നേതൃത്വചുമതലകൾ വഹിക്കുവാൻ സഹായിക്കുകയും ചെയ്യും.

പണിപ്പുര: വലിയ സംഘങ്ങൾ സംഘാഭിക്രിയക്കുതകുന്നില്ല. തന്മൂലം അവയെ ചെറിയ ഗ്രൂപ്പുകളായി തിരിക്കുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുകയാണു വേണ്ടതു്. ഓരോ ഗ്രൂപ്പിലും ചർച്ചാസമയത്തു് വ്യക്തികളിൽ നേതൃത്വഗുണങ്ങൾ പ്രകടമാകുന്നു. അങ്ങനെ നേതൃത്വസാധ്യതയുള്ളവരെ കണ്ടുപിടിക്കാവുന്നതാണു്. വ്യാപനപ്രവർത്തകൻ ഗ്രൂപ്പിന്റെ മാർഗദർശകനും നിരീക്ഷകനുമായി വർത്തിച്ചാൽ ഭാവിനേതാക്കളെ നിഷ്പ്രയാസം കണ്ടെത്താം.

ഗ്രൂപ്പുനിരീക്ഷണം: സമൂഹത്തിലെ ഗ്രൂപ്പുകളുടെ വിവിധപ്രവർത്തനങ്ങൾ, വ്യാപനപ്രവർത്തകൻ സൂക്ഷ്മമായി നിരീക്ഷിക്കുന്ന രീതിയാണിതു്. ഏതു സാഹചര്യങ്ങളിലും സമൂഹത്തെ നിരീക്ഷിച്ച് നേതൃത്വസാധ്യതകളുള്ളവരെ കണ്ടുപിടിക്കാം. സംഘാംഗങ്ങളുടെ അറിവോടുകൂടിയല്ലാതെ നിരീക്ഷണം നടത്തുന്നതാണുത്തമം.

## സമൂഹമിതീയരീതി

ഔദ്യോഗികസംഘടനകളിലും വ്യാപനരംഗത്തും ഒരുപോലെ ഉപയോഗിക്കാവുന്ന രീതിയാണിതു്. ഗ്രൂപ്പിലെ അംഗങ്ങൾ തമ്മിലുള്ള അന്യോന്യാഭിക്രിയയിൽ നിന്നാണു് നേതൃത്വയോഗ്യതകളുള്ള വ്യക്തികൾ പ്രത്യക്ഷമാകുന്നതു്. സംഘാംഗങ്ങളോടു ചോദിക്കുന്ന ചോദ്യങ്ങൾക്കു് അവർ നൽകുന്ന ഉത്തരങ്ങളെ അടിസ്ഥാനപ്പെടുത്തി നേതൃത്വയോഗ്യതയുള്ളവരെ കണ്ടുപിടിക്കുന്നതിനു സമൂഹമിതീയരീതി ഉപയോഗിക്കുന്നു. ഇതു് ശാസ്ത്രീയരീതിയിലുള്ള സമീപനമാണു്.

ഇതിന്റെ പ്രാകൃതരൂപം ഗ്രാമങ്ങളിൽ വ്യാപനപ്രവർത്തകർക്കുപയോഗിക്കാം. കർഷകരുമായുള്ള സംഭാഷണമദ്ധ്യേ, കർഷകരംഗത്തു് സംശയനിവൃത്തിക്കു് ആരെയാണു് സാധാരണ അവർ സമീപിക്കാറുള്ളതു് എന്നു് ചോദിക്കുക. കുറെ ആളുകളോടു് ഈ രീതിയിൽ സംഭാഷണം നടത്തിക്കഴിയുമ്പോൾ പ്രാദേശികമായി ആരാണു് കൃഷിയിൽ നേതൃത്വഗുണങ്ങൾ പ്രകടമാക്കുന്നതു് എന്നു് വ്യാപനപ്രവർത്തകനു് മനസ്സിലാക്കാൻ കഴിയും.

ഉദാഹരണത്തിനു് 'എ' എന്ന വ്യക്തിയോടു് കരിമ്പുകൃഷിയിൽ ഉപദേശങ്ങൾക്കു് ആരെയാണു സമീപിക്കുന്നതെന്നു ചോദിച്ചപ്പോൾ അയാൾ 'ബി' യുടെ പേരുപറഞ്ഞു എന്നു വിചാരിക്കുക. 'സി' യും 'ഡി' യും 'ഇ' യും 'ബി' യെത്തന്നെയാണു് സംശയനിവൃത്തിക്കായി സമീപിക്കുന്നതെങ്കിൽ 'ബി' യെ ആ പ്രത്യേകരംഗത്തു് നേതൃത്വഗുണങ്ങൾ ഉള്ള വ്യക്തിയായി കണക്കാക്കാം,

അന്ത്യതീരുമാനം എടുക്കുന്നതിനു് മുമ്പു് ബിയുമായി ആവശ്യത്തിനുവേണ്ട കൂടിക്കാഴ്ചകൾ നടത്തേണ്ടതാണു്.

**തിരഞ്ഞെടുപ്പ്:** പ്രത്യേക സന്ദർഭങ്ങൾക്കനുയോജ്യമായ നേതൃത്വയോഗ്യതകൾ വിശദമാക്കിയശേഷം ഗ്രൂപ്പിൽ നിന്നു് നേതാവിനെ തിരഞ്ഞെടുക്കുന്നു. ഔദ്യോഗിക സംഘങ്ങളിൽ നേതാവിനെക്കണ്ടെത്തുന്നതിപ്രകാരമാണു്. അംഗങ്ങളുടെ ഇടയിൽ സ്വാധീനമുള്ള വ്യക്തിക്കു് യോഗ്യതയുണ്ടായാലും ഇല്ലെങ്കിലും നേതാവാകാം എന്നതാണു് ഈ സമ്പ്രദായത്തിന്റെ പോരായ്മ.

**മൂപ്പും പരിചയസമ്പത്തും:** പല സംഘങ്ങളിലും മൂപ്പ് നേതൃത്വത്തിന്റെ മാനദണ്ഡമായി കരുതപ്പെടുന്നുണ്ടു്. നേതൃത്വ യോഗ്യതകൾ കുറവാണെങ്കിലും മൂപ്പ് കൂടിയ അംഗത്തിനു് അനുഭവസമ്പന്നതകൂടും. ഗ്രൂപ്പിന്റെ ഭദ്രത വർധിപ്പിക്കാൻ മൂപ്പ് കൂടിയ അംഗത്തിനു് സാധിക്കും.

അനുഭവസമ്പന്നത നേതൃത്വ യോഗ്യതയായി കണക്കാക്കുന്ന ഗ്രൂപ്പുകളും ധാരാളമുണ്ടു്. പുതിയ നേതാക്കന്മാർക്കു് പരിചയം ലഭിക്കുവാൻ ഈ രീതി ഒട്ടും സഹായകമല്ല.

## നേതൃത്വവികസനവും പരിശീലനവും

പ്രാദേശികമായി കണ്ടുപിടിക്കപ്പെടുന്ന നേതൃത്വസാധ്യതകളുള്ള വ്യക്തികൾക്കു് പൂർണയോഗ്യതകളുള്ളതായി കരുതുന്നതു ശരിയായിരിക്കയില്ല. നേതൃത്വത്തിനാവശ്യമായ വിജ്ഞാനമോ അനുഭവസമ്പന്നതയോ ഉള്ളവർ അക്കൂട്ടത്തിൽ വിരളമായിരിക്കും. നേതൃത്വ പരിശീലനത്തിന്റെ ആവശ്യമുണ്ടാകുന്നതു് ഇവിടെയാണു്. നൂതനാശയങ്ങൾ മനസ്സിലാക്കി സ്വീകരിക്കുവാനും, അനുയായികളെ കൊണ്ടു അംഗീകരിപ്പിക്കുവാനും ഉതകുന്ന വിധത്തിലുള്ള പരിശീലനം പ്രാദേശികനേതാക്കൾക്കു് നൽകണം. വയോജനവിദ്യാഭ്യാസത്തിന്റെയു മനശ്ശാസ്ത്രത്തിന്റെയും അടിസ്ഥാനതത്വങ്ങൾ നേതൃത്വപരിശീലനത്തിൽ ഏർപ്പെടുന്ന വ്യാപനപ്രവർത്തകർ അറിഞ്ഞിരിക്കേണ്ടതാണു്.

## നേതൃത്വപരിശീലനമാർഗങ്ങൾ

ഔപചാരികമായും അനൗപചാരികമായും നേതൃത്വപരിശീലനം നടത്താം. ഔപചാരികമായ നേതൃത്വ പരിശീലന മാർഗങ്ങളും അനൗപചാരികമായ മാർഗങ്ങളും തമ്മിൽ കൃത്യമായി വേർതിരിക്കാൻ സാധ്യമല്ല. പരിശീലനമാർഗങ്ങൾ പലപ്പോഴും വ്യാമിശ്രമായിരിക്കും. ഔപചാരികമായ മാർഗങ്ങൾക്കു് വ്യക്തമായ ഘടനയും ലക്ഷ്യങ്ങളുമുണ്ടു്. എന്നാൽ അനൗപചാരികമായ മാർഗത്തിനു് പ്രത്യേകമായ ഒരു രൂപമില്ല. വ്യക്തിപരമായ കഴിവുകൾക്കാണു് ഇതിൽ പ്രാധാന്യം

### അനൗപചാരികമാർഗങ്ങൾ

1. നിരീക്ഷണം

പരിശീലിക്കുന്നവർ നേതാക്കൾ പ്രവർത്തിക്കുന്നതു് നേരിട്ടു് വീക്ഷിച്ചു

മനസ്സിലാക്കുന്ന സമ്പ്രദായം.

2. പ്രസിദ്ധീകരണങ്ങൾ. നേതൃത്വ ചുമതലകളും സന്ദർഭങ്ങളും ആലേഖനം ചെയ്ത പ്രസിദ്ധീകരണങ്ങൾ വായിച്ചു പഠിക്കുന്ന രീതി.

3. അഭിമുഖസംഭാഷണം, സജീവ പ്രവർത്തകന്മാരായ നേതാക്കളുമായി അഭിമുഖ സംഭാഷണങ്ങൾ നടത്തി വിവരങ്ങൾ ശേഖരിക്കുന്ന മാർഗം.

## ഔപചാരികമാർഗങ്ങൾ

**പരിശീലനകോഴ്സ്:** പ്രത്യേകപ്രശ്നങ്ങളെയോ വിഷയങ്ങളെയോ ആസ്പദമാക്കി, താല്പര്യമുള്ള വ്യക്തികളെ സംഘടിപ്പിച്ച് ഹ്രസ്വകാല പരിശീലനം നൽകുന്നു. കുറെ പ്രാദേശികനേതാക്കൾ ഒരുമിച്ചുചേരുമ്പോൾ അവർക്ക് തമ്മിൽ ആശയങ്ങളും അനുഭവങ്ങളും കൈമാറുന്നതിനവസരം ലഭിക്കുന്നുവെന്നതാണ് ഈ മാർഗത്തിന്റെ ഒരു നേട്ടം.

**പ്രസംഗപരമ്പര** വിദഗ്ദ്ധന്മാരുടെ പ്രസംഗങ്ങൾ നേതൃത്വപരിശീലനത്തിന് സാധാരണയായി ഉപയോഗിക്കപ്പെടുന്നു. സ്വയം പ്രകാശനത്തിനുള്ള അവസരം ശ്രോതാക്കൾക്ക ലഭിക്കുന്നില്ല എന്ന പോരായ്മ ഈ മാർഗത്തിനുണ്ട്. പല സന്ദർഭങ്ങളിലും ഫലപ്രദമായ മാർഗമാണിതെങ്കിലും മററു മാർഗങ്ങൾകൂടി ഉപയോഗിക്കണം,

**ചർച്ചകൾ** നേതാക്കൾ ഗ്രൂപ്പായി പ്രശ്നങ്ങൾ മനസ്സിലാക്കാനും അവയ്ക്കു പരിഹാരം കാണാനും ചർച്ചാമാർഗം ഉപയോഗിക്കുന്നു. ഇത് പരസ്പരപൂരകമായ സംഭാഷണമാണ്. എല്ലാ പ്രശ്നങ്ങളുടെയും ഉത്തരം അറിയാവുന്നവർ ആരുമുണ്ടായിരിക്കില്ല. ഓരോ അംഗവും സംഭാഷണത്തിൽ പങ്കുചേർന്ന് തന്റെ സംഭാവനനൽകുകയും അറിവുകളും അനുഭവങ്ങളും അഭിപ്രായങ്ങളും പരസ്പരം കൈമാറുകയും ചെയ്യുന്നു. വ്യക്തികളെ സംബന്ധിച്ചിടത്തോളം അറിയാവുന്നതും അറിഞ്ഞിരിക്കേണ്ടതും തമ്മിൽ വലിയ അന്തരം ഉണ്ടായിരിക്കും. ഈ വിടവ് കുറെയൊക്കെ അടയ്ക്കുന്നതിനു ചർച്ച പ്രയോജനപ്പെടും.

## പഠനപര്യടനം

നേതാക്കളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച്, മററു സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ കാണിച്ചുകൊടുക്കുന്നതിനുവേണ്ടി പര്യടനങ്ങൾ സംഘടിപ്പിക്കാം. മററുള്ളവരുടെ സമീപനരീതികളും പരിഹാരമാർഗങ്ങളും കണ്ടുപഠിക്കുവാൻ ഈ രീതി സഹായിക്കുന്നു.

## അപ്രിൻറിസ് പരിശീലനം

ശരിയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നേതാക്കളുടെ കീഴിലോ, അവർക്കു പകരമായോ, പരിശീലനത്തിനു നിയോഗിക്കപ്പെടുന്ന രീതിയാണിത്. വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ യഥാർത്ഥസാഹചര്യങ്ങളിലാണ് പരിശീലനം നടക്കുക. പ്രാദേശികനേതാവിനു സമൂഹത്തിലെ പ്രശ്നങ്ങളെ ശരിക്കു

നേരിട്ടു കൈകാര്യം ചെയ്യുന്നതിനുള്ള പരിചയം ഇതു മൂലം സിദ്ധിക്കുന്നു.

സംഘലക്ഷ്യങ്ങൾ നിറവേററുക എന്ന കടമയെപ്പററി നേതാക്കൾക്കു് ബോധ്യം വരുത്തുകയാണു് നേതൃത്വപരിശീലനത്തിന്റെ ഉദ്ദേശ്യം. പ്രാദേശികനേതാക്കളുടെ പരിശീലനത്തിൽ ഏറ്റവും ദുഷ്കരമായ ഭാഗം അവരെക്കൊണ്ടു നൂതനാശയങ്ങളും സമ്പ്രദായങ്ങളും അംഗീകരിപ്പിക്കുന്നതാണു്. ആശയങ്ങളുടെ വ്യത്യാസമനുസരിച്ചു് സ്വീകരണത്തോതു് മാറും.

അംഗീകരണത്തിനു സഹായകമായ നിർദേശങ്ങളിൽ ചിലതു് താഴെ ചേർക്കുന്നു:

1. വ്യാപനപ്രവർത്തകരുടെ സമീപനം പ്രാദേശികനേതാക്കളുടെ നിലവാരത്തിലായിരിക്കണം.
2. പ്രകടമായ വ്യത്യാസങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ പുതിയ ആശയങ്ങളെ പഴയതിനോടു താരതമ്യപ്പെടുത്തണം.
3. പ്രാദേശികനേതാക്കൾക്കു് എളുപ്പം അംഗീകരിക്കാവുന്നതും പ്രായോഗികമാക്കാവുന്നതും ആയ ആശയങ്ങളെ ആദ്യം അവതരിപ്പിക്കുക.
4. ആരോഗ്യകരമായ മത്സര ബുദ്ധി വളർത്തുക.
5. പ്രാദേശിക നേതാക്കളിൽ മററു പ്രകാരത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള വ്യക്തികളിൽ കൂടി അവരെ സമീപിക്കുക.
6. നൂതനാംഗീകാരത്തിനു് മുൻപ് നിലവിലുള്ളതിനെക്കാൾ മെച്ചമായ എന്തെങ്കിലും നൽകുക.
7. ഗ്രൂപ്പിന്റെ സമ്മർദം ഉണ്ടാകത്തക്കവിധം സംഘാന്തരീക്ഷത്തിൽ പരിശീലനവും നൂതനാശയവിനിമയവും നടത്തുക.
8. പുതിയ ആശയങ്ങൾ മുൻകാലങ്ങളിൽ വിജയകരമായി പ്രയോഗിക്കപ്പെട്ടിട്ടുള്ള ഉദാഹരണങ്ങൾ പ്രാദേശിക നേതാക്കൾക്കു് കാണിച്ചു കൊടുക്കുക.
9. നേതാവിന്റെ പ്രശംസനീയമായ സേവനങ്ങൾക്കു് അർഹിക്കുന്ന അംഗീകാരം പരസ്യമായി നൽകുക.

## പ്രാദേശികനേതാവിന്റെ ചുമതലകൾ

സമയകാലഭേദമനുസരിച്ചു് പ്രാദേശിക നേതാവിനു് സമൂഹത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ വ്യത്യസ്തങ്ങളായിരിക്കും. ഇന്ത്യയെപ്പോലുള്ള ഒരു അവികസിത രാജ്യത്തു് നേതാവിനു് എല്ലാ രംഗത്തും അനുയായികളെ നയിക്കേണ്ടതുണ്ടു്. മിക്ക പരിപാടികളുടേയും ഉപജ്ഞാതാവു് പ്രാദേശിക നേതാവായിരിക്കും. പുതിയ പരിപാടികൾ നടപ്പാക്കുന്നതിനു് മുൻകയ്യെടുക്കുന്ന നേതാവിന്റെ പ്രവർത്തന വിജയം സ്ഥലത്തെ ആശ്രയിച്ചാണിരിക്കുന്നതു്. സ്ഥലാംഗങ്ങൾക്കു് പ്രഥമ ശ്രവണത്തിൽ തന്നെ ഭയമുണ്ടാകാതിരിക്കത്തക്ക രീതിയിലായിരിക്കണം മുൻകയ്യെടുക്കേണ്ടതു്. ഇതിനു് സംഘാംഗങ്ങളെ ശരിക്കുമനസ്സിലാക്കിയാൽ മാത്രമേ ഏതേതു കാര്യത്തിൽ എത്രമാത്രം മുൻകയ്യെടുക്കാമെന്നു് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു.

ആവശ്യങ്ങൾ വിവേചിച്ചറിയുക, മാതൃകകൾ സ്ഥാപിക്കുക, ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുക, അംഗങ്ങൾ തമ്മിൽ ആരോഗ്യകരമായ പരസ്പരക്രിയ ഉണ്ടാക്കുക, സംഘത്തിൽ ഐക്യവും കെട്ടുറപ്പും നിലനിർത്തുക, ഗ്രൂപ്പിനു വിഭവശേഷികൾ ലഭ്യമാക്കുക, എന്നീ കാര്യങ്ങളിൽ നേതാവ് സംഘത്തെ സഹായിക്കുകയും വഴികാട്ടുകയും വേണം.

സംഘനേതാവ്, വക്താവ്, ആസൂത്രകൻ; അധ്യാപകൻ, ചർച്ചാനേതാവ്, മേധാവി, അനുരഞ്ജകൻ, പ്രവർത്തനാധികാരി, സംഘശക്തിയുടെയും മനോവീര്യത്തിന്റെയും ലക്ഷ്യത്തിന്റെയും ജനാധിപത്യവിശ്വാസത്തിന്റെയും ആത്മാർത്ഥതയുടെയും വിശ്വസ്തതയുടെയും പ്രതീകം എന്നീ നിലകളിലും സംഘത്തെ പ്രതിനിധാനം ചെയ്യും.

വിജ്ഞാനത്തിന്റെയും ഭാവനയുടെയും ആകാംക്ഷയുടെയും ആകെത്തുകയാണ് നേതൃത്വം. അനുയായികളുടെ നന്മയിലുള്ള ആകാംക്ഷയാണ് നേതാവിന്റെ അതിവിശിഷ്ടമായ ഗുണം.

## നേതൃത്വപ്രശ്നങ്ങൾ

പ്രത്യേകഗ്രൂപ്പുകളെയും സ്ഥാനികസ്ഥിതിവിശേഷങ്ങളെയും സ്ഥാപനങ്ങളെയും ആശ്രയിച്ചാണ് പ്രശ്നങ്ങളുദിക്കുന്നത്. പ്രശ്നങ്ങളെ ഫലപ്രദമായി സമീപിക്കുവാൻ സാമൂഹ്യസംഘത്തെയും സ്ഥാനികസ്ഥിതികളെയും അപഗ്രഥിച്ചു പഠിക്കണം. എല്ലാ പരിതസ്ഥിതികളിലും ഉപയോഗിക്കാവുന്ന ഒറ്റമൂലികളില്ല. ഒരിക്കൽ പ്രായോഗികമായ ആശയം മറ്റൊരു സാഹചര്യത്തിൽ അപ്രായോഗികമായിരിക്കും. സാധാരണപ്രകടമാകുന്ന പ്രശ്നങ്ങളിൽ പ്രധാനം ഇവയാണ്.

1. നേതൃത്വഗുണങ്ങളുള്ള ഗ്രാമീണരെ കണ്ടുപിടിക്കാനുള്ള പ്രയാസം.
2. വ്യക്തിസമീപനത്തിൽ സ്വീകരിക്കേണ്ട സമീപനങ്ങളുടെ വ്യത്യസ്തത.
3. പരമ്പരാഗതനേതൃത്വത്തിന്റെ സ്ഥാപിതതാല്പര്യം.
4. സമുദായത്തിൽ വിവിധ ഗ്രൂപ്പുകൾ തമ്മിലുള്ള പരസ്പരഭിന്നിപ്പ്.
5. സന്ദർശകരെ സംശയത്തോടെ വീക്ഷിക്കുന്ന ഗ്രാമീണരുടെ സ്വഭാവം.
6. സംഘസമീപനമാർഗങ്ങളുടെ അപര്യാപ്തതയും അപാകതയും.

# 16

## സാമൂഹ്യശാസ്ത്രം വ്യാപനത്തിൽ

സാമൂഹ്യശാസ്ത്രജ്ഞന്മാർ ദേശീയ സാമൂഹിക സാമ്പത്തിക വികസന പ്രക്രിയയിലും തൽസംബന്ധമായ പ്രശ്നങ്ങളിലും അതീവ താൽപര്യം പ്രദർശിപ്പിക്കുന്നുണ്ട്. സമൂഹത്തിൽ നടക്കുന്ന സംഭവങ്ങളെപ്പററിയുള്ള ശരിയായ ധാരണയുണ്ടാകുന്നതിന് സാമൂഹ്യ ശാസ്ത്രങ്ങളുടെ പഠനം ആവശ്യമാണ്. വിവിധ പരിവർത്തനങ്ങളെ കോർത്തിണക്കുന്ന സാമ്പത്തിക സമൂഹ്യപ്രതിഭാസങ്ങളുടെ പരസ്പരവർത്തനങ്ങൾ വ്യക്തമാക്കുന്ന ശാസ്ത്രശാഖയാണ് സാമൂഹ്യശാസ്ത്രം. സാമൂഹിക സാംസ്കാരികഘടകങ്ങളെ അവഗണിച്ച് വെറും സാമ്പത്തിക ലക്ഷ്യങ്ങളെ മാത്രം ലാക്കാക്കിക്കൊണ്ട് ആവിഷ്ക്കരിക്കപ്പെടുന്ന വികസന പദ്ധതികൾ വലിയ നിരാശയ്ക്കും വിപത്തുകൾക്കും തെററിദ്ധാരണകൾക്കും വഴിതെളിക്കും.

ഫലപ്രദമായ വ്യാപനപ്രവർത്തനത്തിന് സമ്പർക്കം പുലർത്തുവാനുദ്ദേശിക്കുന്ന ജനങ്ങളെപ്പററി വ്യക്തവും വിശദവുമായ അറിവ് ആവശ്യമാണ്. ജനങ്ങളുടെ ചിന്ത, സ്വഭാവം, പെരുമാററം, ഭാവഭേദങ്ങൾ മുതലായവ വിവിധ സാഹചര്യങ്ങളിൽ സ്വാധീനിക്കപ്പെടുന്നു. സമൂഹത്തിൻെറ സ്വഭാവപരിവർത്തനത്തെപ്പററി കുററമററ ഒരു പ്രവചനം നടത്തുക സാധ്യമല്ല. ഇതിനു കാരണം സാമൂഹിക സാമ്പത്തിക സാംസ്കാരിക ഘടകങ്ങൾ സ്വഭാവപരിവർത്തന രംഗത്ത് ശക്തിയായ സമ്മർദങ്ങൾ ചെലുത്തുന്നതാണ്. വ്യാപന പ്രവർത്തകർക്ക് ഈ മേഖലകളിൽ വേണ്ട മാർഗദർശനം നൽകേണ്ടത് സാമൂഹ്യശാസ്ത്രജ്ഞന്മാരാണ്.

### സാമൂഹികഘടനയുടെ സ്വാധീനം

റോഡുകൾ തോടുകൾ വീടുകൾ മുതലായവ ഗ്രാമങ്ങളുടെ ഭൗതികഘടകങ്ങളാണ്. ഇതുപോലെ സമൂഹത്തിനും ഒരു ഘടനയുണ്ട്. സമൂഹത്തിന്റെ

പ്രത്യക്ഷമായ ഒരു ഘടകം അതിന്റെ കായികഘടനയാണ്. പക്ഷേ സമൂഹ്യ ഘടന പരോക്ഷവും അഗോചരവുമാണ്. തന്മൂലം ഈ ഘടന സാധാരണ മായി അവഗണിക്കപ്പെടുന്നു. പരിവർത്തനപരിപാടികളുടെ ആസൂത്രണത്തിനും സുഗമമായ നിർവ്വഹണത്തിനും സാമൂഹ്യഘടനയെയും അതിനെ സ്വാധീനി ക്കുന്ന മററു ഘടകങ്ങളെയുംപ്പററി വ്യാപനപ്രവർത്തകർ ശരിയായി മനസ്സിലാ ക്കിയിരിക്കണം. പ്രവർത്തന പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നതും വി ഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ ഘടകങ്ങളെ വിശകലനം ചെയ്തു പഠിക്കാത്തപ ക്ഷം വ്യാപന പ്രവർത്തകർക്ക് തങ്ങളുടെ കർത്തവ്യം ശരിയായ രീതിയിൽ നിർവഹിക്കാൻ കഴിയുകയില്ല. ഭൂപ്രകൃതി മനുഷ്യനിർമിതമായ വിഭവങ്ങൾ തുടങ്ങി പല ഭൗതികഘടകങ്ങളും, ജനങ്ങളുടെ ചിന്താഗതി, വികാരങ്ങൾ ആചാരാനുഷ്ഠാനങ്ങൾ വിശ്വാസങ്ങൾ തുടങ്ങിയ സാംസ്കാരിക ഘടകങ്ങളും വി ശദമായി വ്യാപനപ്രവർത്തകർ പഠിക്കണം. പ്രവർത്തനനയങ്ങൾ തീരുമാനിക്കു ന്നതിനു് ഇതു് വളരെ പ്രയോജനകരമായിരിക്കും.

അടുത്തകാലത്തു് കേരളത്തിൽ പ്രചരിച്ച 'തൈനാൻ' എന്ന അധികോ ല്പാദനശേഷിയുള്ള നെൽവിത്തു് ഇത്തരുണത്തിൽ സ്മരണീയമാണ്. തൈനാൻ കൃഷി സാമ്പത്തികമായി ഒരു വലിയ വിജയമാണ്. പക്ഷെ തൈനാന്റെ അരി ആഹാരത്തിനനുയോജ്യമാണോ എന്നു് ചിന്തിക്കാതിരുന്നതുകൊണ്ടു് ഉല്പാ ദിപ്പിച്ചതു് വില്ക്കുവാൻ കൃഷിക്കാർക്കു് ബുദ്ധിമുട്ടുണ്ടായി. അമേരിക്കയിലെ 'ഹൈ ബ്രിഡ്'ചോളത്തിന്റെയും സ്ഥിതി വിഭിന്നമല്ല. ഈ കൃഷി സാമ്പത്തികവി ജയം കൈവരുത്തിയെങ്കിലും ജനങ്ങൾ അതു സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ചു. അതു കൊണ്ടുണ്ടാക്കുന്ന റൊട്ടി രുചിയുള്ളതല്ല എന്നതാണിതിനു കാരണം. സമൂഹത്തിന്റെ രുചിഭേദങ്ങൾ കണക്കിലെടുക്കാതെ നടപ്പാക്കിയതു കൊണ്ടാണ് ഇന്ത്യയിൽ തൈനാൻ കൃഷി തിരസ്കരിക്കപ്പെട്ടതു്.

ഏതെല്ലാമാണ് സാംസ്കാരികഘടകങ്ങൾ? അവ എങ്ങനെ സ്വഭാ വപരിവർത്തനത്തിനു് ബാധകമാവുന്നു? ഗ്രാമീണസമൂഹത്തിന്റെ ഘടന എ ന്താണ്? വിവിധഘടകങ്ങളുടെ പരസ്പരബന്ധം എന്താണ്? എന്നിങ്ങനെ യുള്ള പ്രശ്നങ്ങളുടെ ഉത്തരം അറിയാവുന്നവർക്കു മാത്രമേ വിജയകരമായ വ്യാപന പ്രവർത്തനം നടത്താനാവൂ.

## സാമൂഹിക സാംസ്കാരികഘടകങ്ങൾ

ഒരു സംഘടിതഘടകമായി സ്വയം കരുതി മററുള്ളവർക്കും അപ്രകാരം കരുതുവാൻ വേണ്ടത്ര സമയം ഒരുമിച്ചു വസിക്കുന്ന ഒരു ജനസമുദായമാണ് സമൂഹം. സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധമാണ് സാമൂഹികഘട നയുടെ അടിസ്ഥാനം.

സാമൂഹികഘടനയിലെ പ്രധാന ഇനങ്ങൾ ഇവയാണ്:

എ സ്ഥാപനങ്ങൾ.

1. പഞ്ചായത്തു്

2. കുടുംബം
3. മതം
4. വിദ്യാലയം

ബി. സമ്പദ് വ്യവസ്ഥ
സി. സംഘം
ഡി. സംഘടനകൾ
ഇ. സ്വാധീന മാതൃകകൾ
എഫ്. മൂല്യപ്രണാളി
ജി. ആശയവിനിമയമാധ്യമങ്ങൾ

സ്ഥാപനങ്ങൾ

ഗ്രാമീണരുടെ അന്യോന്യക്രിയ മൂലം ശാശ്വതവും സ്ഥിരവുമായ ചില പ്രവർത്തനരീതികൾ സുസ്ഥാപിതമായിട്ടുണ്ട്. ഈ സുസ്ഥാപിതമാർഗങ്ങളാണ് സമൂഹത്തിലെ സ്ഥാപനങ്ങളായി വിവക്ഷിക്കപ്പെടുന്നത്. സമൂഹത്തിലെ അടിസ്ഥാനസ്ഥാപനങ്ങൾ പഞ്ചായത്ത്, വിദ്യാലയം, മതം, സമ്പദ് വ്യവസ്ഥ, കുടുംബം എന്നിവയാണ്.

പഞ്ചായത്ത്: ഗ്രാമത്തിലെ സ്വയംഭരണ സ്ഥാപനമാണ് പഞ്ചായത്ത്. ഭരണകൂടങ്ങൾ പല സാഹചര്യങ്ങളിൽ വ്യത്യസ്തങ്ങളായിരിക്കും. ഇന്ത്യയിൽ അതിപ്രാചീനകാലം മുതൽക്കേ നില നിൽക്കുന്ന ഒരു ഗ്രാമീണസ്ഥാപനമാണ് പഞ്ചായത്ത്.

പഞ്ചായത്ത് രാജ്യത്തു പരക്കെ അംഗീകരിക്കേണ്ട സ്ഥാപനമാണെന്നും, ഭരണഘടനയംഗീകരിച്ച പഞ്ചായത്ത് പ്രായപൂർത്തി വോട്ടടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടതാണെന്നും വ്യാപനപ്രവർത്തകർ അറിഞ്ഞിരിക്കേണ്ടതാണ്. പലപ്പോഴും ഔപചാരികമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തും പുരാതനകാലത്തെ ഗ്രാമപ്പഞ്ചായത്തും നിലവിലുണ്ടാകും. പഴയ പഞ്ചായത്തിന് ജനങ്ങളുടെ മേൽ കൂടുതൽ സ്വാധീനമുണ്ടെങ്കിൽ ആശയസംഘട്ടനങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ആഭിപ്രായവ്യത്യാസങ്ങളിൽ വ്യാപനപ്രവർത്തകർ മധ്യമാർഗമാണ് സ്വീകരിക്കേണ്ടത്. ഔപചാരികപഞ്ചായത്തും അനൗപചാരികപഞ്ചായത്തും വ്യാപനപ്രവർത്തനത്തിന് അവശ്യം വേണ്ടിയിരിക്കുന്നു. വ്യാപനപ്രവർത്തകർ രണ്ടു സ്ഥാപനങ്ങളും തമ്മിലുള്ള സംയോജനത്തിനു പരിശ്രമിക്കയാണു വേണ്ടത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഔപചാരികമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ട്. ഇവിടങ്ങളിൽ സമൂഹനിയന്ത്രണവും അധികാരവും പ്രയോഗിക്കുന്നത് അനൗപചാരികമായ പഞ്ചായത്തായിരിക്കും. വ്യാപനപ്രവർത്തനങ്ങൾ പഞ്ചായത്തിൽ കൂടി നിർവഹിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും.

കുടുംബം: സമൂഹത്തിലെ ഏററവും ചെറിയ ഏകകമാണ് കുടുംബം. സമൂഹ

ത്തിലെ ഒരു സ്ഥാപനമെന്ന നിലയ്ക്കു് സമുദായത്തിൻ പരിവർത്തനങ്ങളുണ്ടാക്കുന്നതിൽ കുടുംബത്തിനു് നിർണായകമായ പങ്കുണ്ടു്. വ്യാപനപ്രവർത്തകൻ കുടുംബത്തിന്റെ ഘടനയും പ്രവർത്തന രീതികളും മനസ്സിലാക്കിയിരിക്കണം.

കുടുംബത്തിൽ ഓരോ അംഗത്തിനും നിശ്ചിതമായ ചുമതലകളും പ്രവർത്തന മേഖലകളുമുണ്ടു്; പെരുമാററച്ചട്ടങ്ങളുണ്ടു്. ചില സംഗതികളിൽ കുടുംബനാഥനും മററു ചിലതിൽ കുടുംബനാഥയും തീരുമാനം എടുക്കുന്നു. പല നൂതനാശയങ്ങളുടെ അംഗീകാരത്തിലും അംഗങ്ങൾ പരസ്പരം ആലോചിച്ചതിനു ശേഷമേ അന്ത്യതീരുമാനം കൈക്കൊള്ളുകയുള്ളു. സാമ്പത്തിക നേട്ടമുണ്ടാക്കുന്നരീതികൾ പോലും പല സമയത്തും കുടുംബത്തിനു് അസ്വീകാര്യമെന്ന നിലയിൽ തിരസ്കരിക്കപ്പെടാറുണ്ടു്.

കുടുംബത്തിൽ അംഗങ്ങൾ തമ്മിലുള്ള പെരുമാററത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നതു് വ്യാപന പ്രവർത്തനത്തിൽ ഉപകരിക്കും. ഓരോ തരം കുടുംബഘടനയിലും അംഗങ്ങളുടെ അവകാശാധികാരങ്ങൾക്കു് അതിർത്തി നിർണ്ണയം ചെയ്തിട്ടുണ്ടാകും. ഇതു് മനസ്സിലാക്കി പ്രവർത്തിക്കുന്നതിലൂടെ മാത്രമേ പരിവർത്തനങ്ങൾ കൈവരുത്തുവാൻ സാധ്യമാകൂ. പുതിയ സമ്പ്രദായങ്ങൾ കുടുംബത്തിനെക്കൊണ്ടു് അംഗീകരിപ്പിക്കുന്നതു് ഗ്രാമീണ വികസനത്തിലെ അതിപ്രധാനമായ ഒരു ഘടകമാണു്.

മതം: ഭരണഘടനപ്രകാരം ഇന്ത്യ മതേതരരാഷ്ട്രമാണെങ്കിലും സമൂഹത്തിന്റെ എല്ലാ തുറകളിലും ഇപ്പോഴും മതത്തിനു വലിയ സ്വാധീനശക്തിയുണ്ടു്. ഗ്രാമീണജീവിതത്തിലെ വിവിധരംഗങ്ങളിൽ ഒരു സാമൂഹികസ്ഥാപനമെന്ന നിലയിൽ മതം ഗ്രാമീണരുടെ ദൈനംദിനപ്രവർത്തനങ്ങളിൽ ധനാത്മകവും ഋണാത്മകവുമായ പ്രേരണകൾ ചെലുത്തുന്നു. വ്യാപനപ്രവർത്തനത്തിൽ മതം സാഹചര്യങ്ങൾക്കനുസൃതമായി അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ ഉളവാക്കും. പ്രവർത്തനലക്ഷ്യങ്ങൾ രൂപീകരിക്കുമ്പോൾ മതത്തിന്റെ സാമൂഹിക പ്രഭാവം കണക്കിലെടുത്തു വേണം സ്ഥാനികസ്ഥിതിഗതികൾ വിശകലനം ചെയ്യാൻ.

ഉദാഹരണത്തിനു് മുസ്ലീം ഭൂരിപക്ഷമുള്ള ഒരു ഗ്രാമത്തിൽ ശാസ്ത്രീയ രീതിയിൽ പന്നിവളർത്തുവാനുള്ള പരിപാടി, മററു് ഘടകങ്ങൾ എത്ര തന്നെ പ്രോത്സാഹജനകമാണെങ്കിലും മതവികാരങ്ങളെ വ്രണപ്പെടുത്തുമെന്ന നിലയിൽ തിരസ്കരിക്കപ്പെടും. അതുപോലെതന്നെ ബ്രാഹ്മണസമുദായത്തിനു പ്രാബല്യമുള്ള ഒരു ഗ്രാമത്തിൽ കോഴിവളർത്തൽ പരിപാടി സ്വീകാര്യമായിരിക്കയില്ല. ഇവിടെ മതം എന്ന സാമൂഹ്യ സ്ഥാപനത്തിൽ നിന്നുണ്ടാകുന്ന നിയന്ത്രണങ്ങൾ പ്രവർത്തനപരിപാടികൾക്കു് വലിയ വിഘ്നം ഉണ്ടാക്കുന്നതായി കാണാം.

ഗ്രാമത്തിൽ ജാതിമതാദികളുടെ സ്വാധീനം വ്യാപനപ്രവർത്തകർ ശരിയായി മനസ്സിലാക്കിയിരിക്കേണ്ടതാണു്. സാഹചര്യങ്ങൾക്കനുസൃതമായി മാത്രമേ പരിപാടികൾ ആസൂത്രണം ചെയ്യാൻ പാടുള്ളു. സമൂഹത്തിലെ 'അടിയുറച്ച വി

ശപ്ഥസങ്ങളും ആചാരാനുഷ്ഠാനങ്ങളും കണക്കിലെടുത്തുകൊണ്ട് പരിപാടികൾ ആസൂത്രണം ചെയ്യുന്നതു് വ്യാപകമായ അംഗീകരണത്തിനു് വഴിയൊരുക്കും.

മതപരമായ പല ഉത്സവങ്ങളും മററു ചടങ്ങുകളും ഗ്രാമങ്ങളിൽ ആഘോഷിക്കപ്പെടുന്നുണ്ടു്. ധാരാളം ജനങ്ങളെ ആകർഷിക്കാൻ പററിയ സന്ദർഭങ്ങളാണിവ. ഈ സന്ദർഭങ്ങൾ പരിപാടികൾ പ്രചരിക്കുന്നതിനും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും വേണ്ടി ഉപയോഗിക്കാം.

വിദ്യാലയം: ഗ്രാമവിദ്യാലയവും അധ്യാപകരും പുരോഗമനപരമായ വ്യാപന പ്രവർത്തനങ്ങൾക്കു് സഹായകമാകേണ്ട ഘടകങ്ങളാണു്. അമേരിക്കയിൽ ആദ്യകാലത്തെ "ഒററമുറിവിദ്യാലയങ്ങളാണു്" ( one room school ) ഇന്നത്തെ പുരോഗതിക്കു് അടിസ്ഥാനമിട്ടതെന്നു് പല ചിന്തകന്മാരും അഭിപ്രായപ്പെടുന്നു. കഴിഞ്ഞകാലങ്ങളിൽ വിദ്യാഭ്യാസം സമ്പന്നന്മാരുടെയും സാമൂഹ്യശ്രേണിയിലെ ഉന്നതസ്ഥാനീയരുടെയും കുത്തകയായിരുന്നു. വിദ്യാലയപ്രവേശനം തന്നെ ചില സാമൂഹ്യനിയന്ത്രണങ്ങൾക്കു് വിധേയമായിരുന്നു. ഈ വ്യവസ്ഥിതിക്കു ഇന്നു മാററം സംഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. സാർവത്രികമായ വിദ്യാഭ്യാസമാണിന്നത്തെ ലക്ഷ്യം. വിദ്യാലയവും അധ്യാപകനും സമുദായോദ്ധാരണത്തിൻെറ പ്രതീകങ്ങളായിട്ടാണു് നിലകൊള്ളുന്നതു്. വിദ്യാലയങ്ങൾക്കും അധ്യാപകനും സമുദായത്തിൽ എത്ര കണ്ടു് സ്വാധീനമുണ്ടു് എന്നു് വ്യാപനപ്രവർത്തകർ മനസ്സിലാക്കിയിരിക്കണം.

ആധുനികവിദ്യാഭ്യാസത്തിൻെറ ലക്ഷ്യം പൗരാണിക കാലത്തേതിൽ നിന്നു് തികച്ചും വ്യത്യസ്തമാണു്. ദൈനംദിനപ്രശ്നങ്ങങ്ങൾക്കു് പരിഹാരമാർഗമായാണു് വിദ്യാഭ്യാസം ഇന്നു കരുതപ്പെടുന്നതു്. ഗ്രാമങ്ങളിൽ നിലവിലുള്ള സ്ഥിതിഗതികൾക്കനുയോജ്യമായ പാഠ്യവിഷയങ്ങളും ബോധനരീതികളുമാണു് ഇപ്പോൾ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. ഗ്രാമീണകുടുംബങ്ങളുമായുള്ള സമ്പർക്കത്തിനു് വിദ്യാർഥികൾ ഫലപ്രദമായ ഒരു മാധ്യമമാണു്. മാതാപിതാക്കന്മാരെക്കൊണ്ടു് നൂതനസമ്പ്രദായങ്ങൾ അംഗീകരിപ്പിക്കുന്നതിൽ സ്കൂൾകുട്ടികൾക്കു് കാര്യമായ പ്രേരണ ചെലുത്തുവാൻ സാധിക്കുമെന്നു് പലപഠനങ്ങളും വെളിപ്പെടുത്തിയിട്ടുണ്ടു്. യുവജനസംഘാടനത്തിനു് അധ്യാപകൻെറ സഹകരണമുണ്ടെങ്കിൽ സ്കൂൾ ഏററവും പററിയ ഒരു രംഗമാണു്.

## സമ്പദ് വ്യവസ്ഥ

എല്ലാ സമുദായങ്ങളും അതിൻെറ അംഗങ്ങളുടെ ഭൗതികനിലനില്പിനാവശ്യമായ സാമൂഹ്യബന്ധങ്ങൾ സ്ഥാപിക്കുന്നു. കാർഷികവൃത്തിയാണു് ഗ്രാമത്തിലെ പ്രാഥമിക ജീവസന്ധാരണമാർഗം. ഗ്രാമത്തിലെ സമ്പദ് വ്യവസ്ഥയും അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും നിലനില്ക്കുന്നതു്. കാർഷികോല്പാദനത്തിൽ ഈ വ്യവസ്ഥിതിക്കുള്ള സ്വാധീനം വ്യാപനപ്രവർത്തകർ ധരിച്ചിരിക്കണം.

ഗ്രാമത്തിലെ സാമ്പത്തിക സംവിധാനം ജാതിമതബന്ധങ്ങൾക്കു വി

ധേയമാണ്. പൗരാണികകാലം മുതൽക്കേ ചാതുർവർണ്യത്തിൻെറ അടിസ്ഥാനത്തിൽ തൊഴിൽ വിഭജനം നിലവിലിരുന്നപ്പോഴും കൃഷിചെയ്യുന്നവർക്ക് ഭൂമിയിൽ സ്ഥിരാവകാശം ഇല്ലായിരുന്നു. വ്യാപനപ്രവർത്തനങ്ങൾക്കുള്ള നയപരിപാടികൾ രൂപീകരിക്കുമ്പോൾ വ്യാപനപ്രവർത്തകർ ഈ വസ്തുതകൾ കണക്കിലെടുക്കേണ്ടതാണ്.

## സംഘം (ഗ്രൂപ്പ്)

പരസ്പരം ആശയവിനിമയം നടത്തുന്ന രണ്ടോ അതിലധികമോ ആളുകളെ സംഘമെന്ന് പറയാം. വ്യക്തി സംഘത്തിൽ കൂടി വളരുന്നു അവൻെറ ആവശ്യങ്ങൾ സംഘഭാഗഭാഗിത്വത്തിൽ കൂടിയാണ് നിറവേറുന്നത്. ചില സംഘങ്ങൾ യോജിച്ചതാൽപര്യങ്ങളുടെ അടിസ്ഥാനത്തിലും, മററു ചിലത് ഭിന്നാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലും ഉണ്ടാകും. ഒരു വ്യക്തിക്ക് ഒരേ സമയം പല സംഘങ്ങളിൽ പ്രവർത്തിക്കേണ്ടി വരും. വ്യക്തിയുടെ സ്വഭാവവും പെരുമാററവും സംഘസാഹചര്യങ്ങളനുസരിച്ച് വിഭിന്നമായിരിക്കും.

ജനങ്ങളുമായി സൗഹാർദം സ്ഥാപിക്കുന്നതിന് ഗ്രാമരംഗങ്ങളിലെ സംഘങ്ങളുടെ പ്രാധാന്യവും സമുദായസ്വാധീനവും വ്യാപനപ്രവർത്തകർ മനസ്സിലാക്കേണ്ടതുണ്ട്. സാധാരണമായി പ്രവർത്തകർ ഗൗനിക്കുന്നത് ഔദ്യോഗിക സംഘങ്ങളെയാണ്. അനൗദ്യോഗികസംഘങ്ങളെ ആരും അത്ര ശ്രദ്ധിക്കാറില്ല. പക്ഷെ ഗ്രാമത്തെ സമൂഹമെന്ന നിലയിൽ വീക്ഷിക്കുമ്പോൾ വിവിധ തരത്തിലുള്ള സംഘങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും മനസ്സിലാക്കേണ്ടതുണ്ട്. കിണററിൻകരയിൽ കൂടുന്ന സ്ത്രീകളും കുളിക്കടവിലെ സംഘവും മദ്യശാലയിലെ കുടിയന്മാരുടെ കൂട്ടവും, കായികവിനോദങ്ങളിലേർപ്പെടുന്ന സംഘവും, ചായപ്പീടികയിലെ സന്ദർശകരും സമൂഹത്തിലെ വിവിധ തൊഴിലാളികളുടെ പ്രാതിനിധ്യം വഹിക്കുന്ന മാതൃകകൾ ഉൾക്കൊള്ളുന്ന സംഘങ്ങളാണ്. വ്യാപനപ്രവർത്തകർക്ക് ഈ സംഘാംഗങ്ങളെ തരം തിരിച്ചറിയാനും വ്യാപനപ്രവർത്തനങ്ങളിൽ അവരെ പങ്കെടുപ്പിക്കാനും കഴിവുണ്ടായിരിക്കണം.

ജാതിസംഘങ്ങൾ, രാഷ്ട്രീയഗ്രൂപ്പുകൾ, പഞ്ചായത്തുകൾ, സഹകരണസംഘങ്ങൾ, ആദിയായ ഔദ്യോഗികസംഘങ്ങൾക്കും വ്യാപനപ്രവർത്തനത്തിൽ അർഹമായ സ്ഥാനം നൽകേണ്ടതാണ്. ഈ സംഘങ്ങളിൽ കൂടി വ്യാപനപ്രവർത്തകനു് പ്രവർത്തനം നടത്താം. ഈ ഔദ്യോഗികസംഘങ്ങളുടെ ഘടനയും പ്രവർത്തനവും സ്വാധീനവും അനൗദ്യോഗികഗ്രൂപ്പുകളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് സാമൂഹ്യശാസ്ത്രപഠനം വ്യക്തമാക്കിയിട്ടുണ്ട്.

## സംഘടനകൾ

'സംഘടനകൾ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഔദ്യോഗികഗ്രൂപ്പുകളെയാണ്. ക്രമബദ്ധമായി സംവിധാനം ചെയ്തിട്ടുള്ളതും ലക്ഷ്യങ്ങളും താല്പര്യങ്ങളും നിർവഹിച്ചിട്ടുള്ളതും അംഗങ്ങളുടെ ചുമതലകൾ വ്യക്തമാക്കപ്പെട്ടതുമായ

ഏകകമാണ് സംഘടന. മഹിളാമണ്ഡലങ്ങളും, സ്പോർട്ട്സ് ക്ലബ്ബുകളും, യുവജനകർഷകസമാജങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. ഇവ ക്രമബദ്ധമായി രൂപീകരിക്കപ്പെട്ട ഗ്രൂപ്പുകളാണെന്നും, പ്രത്യേക ലക്ഷ്യപ്രാപ്തിക്ക് വേണ്ടിയാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നതെന്നും ഓരോ അംഗത്തിനും കൃത്യമായി നിർവചിക്കപ്പെട്ടപങ്കും ചുമതലകളുമുണ്ടെന്നും വ്യാപനപ്രവർത്തകർ ഓർത്തിരിക്കണം. സംഘടനകളുടെ ആശയങ്ങൾക്ക് വിപരീതമോ സംഘട്ടനങ്ങളുളവാക്കുന്നതോ ആയ പരിപാടികൾ വ്യാപനത്തിലുൾക്കൊള്ളിക്കുന്നത് ഉചിതമായിരിക്കില്ല. സംഘടനകൾക്ക് സമൂഹത്തിലുള്ള സ്ഥാനം അംഗീകരിച്ച് അവയെ വികസനപ്രവർത്തനങ്ങളിൽ പങ്കു കൊള്ളിക്കുകയാണ് വ്യാപനപ്രവർത്തകരുടെ കർത്തവ്യം.

## സ്വാധീനപ്രതിരൂപം

ഗ്രാമീണരെ ജീവിതത്തിലെ വിവിധരംഗങ്ങളുമായി ബന്ധിക്കുന്നതും ഋണാത്മകവും ധനാത്മകവുമായ അന്തിമപ്രേരണകളടങ്ങിയതും ആയ ഒരു അദൃശ്യവലയാണ് സ്വാധീനപ്രതിരൂപം. നേതൃത്വഘടനയുടെ വിവിധഘടകങ്ങളായവ്യക്തികൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ സംഘടനകൾ എന്നിവയാണ് വലയുടെ അതിരുകൾ. സംഘങ്ങളെ സ്വാധീനിക്കാനുള്ള കഴിവ് പ്രത്യക്ഷമോ പരോക്ഷമോ ആയ നേതൃത്വഗുണങ്ങളുള്ള വ്യക്തികളിലാണ സ്ഥിതിചെയ്യുന്നത്. നേതൃത്വച്ചുമതലകൾ വഹിക്കുന്ന ഈ വ്യക്തികളെ തിരിച്ചറിയാനുള്ള കഴിവ് വ്യാപനപ്രവർത്തകർക്കുണ്ടായിരിക്കണം.

വ്യക്തിക്ക് മേലുദ്യോഗസ്ഥന്മാരിൽ സ്വാധീനവും ജാതീയമായ സ്ഥാനവും സാമ്പത്തികശേഷിയും ഉന്നതവിദ്യാഭ്യാസവും നല്ല സ്വഭാവഗുണവുമുണ്ടെങ്കിൽ ഗ്രാമീണരിൽ സ്വാധീനവും സമൂഹത്തിൽ മാന്യതയും ലഭിക്കുമെന്ന് അലഹബാദിൽ നടത്തപ്പെട്ട പഠനത്തിൽ നിന്നു വ്യക്തമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കാതെ വ്യാപനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്താൽ അതു് പരാജയപ്പെടുകയേ ഉള്ളൂ.

## മൂല്യപ്പ്രണാളികൾ

സ്വന്തം താൽപര്യങ്ങൾക്കനുഗുണമായ പ്രവർത്തനങ്ങളിൽ മാത്രമേ ജനങ്ങൾ സാധാരണയായി വ്യാപൃതരാവുകയുള്ളൂ. എല്ലാ പ്രവർത്തനരംഗങ്ങൾക്കും ഒരേ രീതിയിലുള്ള താൽപര്യം ജനങ്ങളിലുളവാക്കാൻ സാധ്യമല്ല. തൻമൂലം വിവിധ പ്രവർത്തനരംഗങ്ങൾക്ക് പ്രാധാന്യമനുസരിച്ച് മുൻഗണന നൽകേണ്ടതു് വ്യാപനപ്രവർത്തകന്റെ കടമയാണ്. ഗ്രാമജീവിതത്തിൻെറ വിവിധ ഘടകങ്ങൾക്ക് ഗ്രാമീണർ വിഭിന്നരീതിയിലുള്ള മൂല്യങ്ങളാണ് നിർണയിച്ചിരിക്കുന്നതു്. വിവിധമൂല്യങ്ങളുടെ ഇത്തരത്തിലുള്ള നിർണയത്തിനാണ് മൂല്യപ്രണാളി എന്നു പറയുന്നതു്. ഒരു കർഷകൻ വർധിച്ച കാർഷികോൽപാദനത്തിൽ നിന്നു് ലഭിക്കുന്ന ആദായം മകളുടെ വിവാഹം മോടിയോടെ നടത്തുവാനുപയോഗിക്കുന്നു എന്നു വിചാരിക്കുക. കൃഷിഭൂമിയുടെ വികസനത്തിനു്

അയാൾ കാര്യമായി മുതൽ മുടക്കുന്നില്ലെന്നും കരുതുക. വിവാഹത്തിന് സമൂഹത്തിൽ കൃഷിഭൂമിയുടെ വികസനത്തെക്കാൾ കൂടുതൽ മൂല്യം നൽകിയിട്ടുണ്ട് എന്നതാണ് ഇതിനു കാരണം.

വ്യക്തിഗതമായ മൂല്യങ്ങളും സാമൂഹികമായ മൂല്യങ്ങളുമുണ്ട്. വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘട്ടനങ്ങളിൽ നിന്നാണ് പല സാമൂഹികപ്രശ്നങ്ങളും ഉത്ഭവിച്ചിട്ടുള്ളത്. സമുദായാംഗീകാരം സിദ്ധിച്ചിട്ടുള്ള മൂല്യങ്ങൾ സംഭാവന ചെയ്തിട്ടുള്ള വ്യക്തികൾക്കു സമൂഹത്തിൽ മാന്യത വർധിക്കുന്നു. വ്യക്തികളുടെ മൂല്യങ്ങൾ സമുദായം അംഗീകരിക്കുന്നത് താഴെപ്പറയുന്ന വസ്തുതകളെ അടിസ്ഥാനമാക്കിയാണ്.

1. വ്യക്തിയുടെ ജാതി.
2. ഗ്രാമത്തിൽ പാർക്കുന്ന കാലയളവ്.
3. പ്രായം.
4. കൈവശമുള്ള ഭൂമിയുടെ അളവും അവകാശത്തിന്റെ തോതും.
5. സാമ്പത്തിക ശേഷി.
6. കായികശേഷിയും സാമർത്ഥ്യവും.
7. ആത്മാർത്ഥത സത്യസന്ധത വിശ്വാസ്യത മുതലായ വ്യക്തിഗതമായ മററു ഗുണങ്ങൾ.

സമൂഹത്തിൽ നിലവിലുള്ള ആചാരങ്ങളും വിശ്വാസങ്ങളും വ്യാപന പ്രവർത്തകൻ നൂതനാശയപ്രചരണത്തിനും അംഗീകരണത്തിനും ഉപയോഗിക്കണം. ഉദാഹരണമായി ഹിന്ദുക്കളുടെ ഗോപൂജയിലുള്ള ആസക്തി അവരെ കന്നുകാലിസംരക്ഷണ മാർഗങ്ങൾ സ്വീകരിപ്പിക്കുവാൻ ഉപയോഗിക്കാവുന്നതാണ്. വ്യാപനപ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണവും ഭാഗഭാഗിത്വവും ധാരാളം ലഭിക്കണമെങ്കിൽ അവർ ജീവിതത്തിൽ വില കല്പിച്ചിട്ടുള്ളത് എന്താണെന്നറിഞ്ഞ് പരിപാടികൾ ആസൂത്രണം ചെയ്തു പ്രയോഗിക്കയാണു വേണ്ടത്.

## ആശയവിനിമയ മാധ്യമം

അറിവുകളും ആശയങ്ങളും വികാരങ്ങളും ഒരു ഗ്രൂപ്പിൽ നിന്നോ വ്യക്തിയിൽ നിന്നോ മറെറാരു ഗ്രൂപ്പിലേക്കോ വ്യക്തിയിലേക്കോ കൈമാറുന്ന മാർഗമാണ് ആശയവിനിമയ മാധ്യമം. ഗ്രാമത്തിൽ പരസ്പരം ആശയങ്ങൾ കൈമാറുന്നതിന് സംഘടിതമായ ചില വാഹികകൾ നിലവിലുണ്ട്. വ്യാപനത്തിന്റെ പ്രാഥമികഉദ്ദേശം ഗ്രാമീണരിൽ നൂതനാശയങ്ങൾ വിനിമയം ചെയ്യുകയാകുന്നു. ഫലപ്രദമായി ഈ ജോലി നിർവഹിക്കുന്നതിന് സമുദായത്തിൽ നിലവിലുള്ള വിനിമയ മാധ്യമങ്ങളെപ്പററി അറിഞ്ഞിരിക്കേണ്ടതുണ്ട്. സമൂഹത്തിലെ വിനിമയകർ (കമ്യൂണിക്കേററർ) ആരാണെന്ന് കണ്ടുപിടിക്കണം. സമൂഹത്തിൽ സാധാരണ സംഭാഷണങ്ങളിൽ കൂടിയാണ് ആശയവിനിമയം നടക്കുന്നത്. ഗ്രാമത്തിൽ എന്തെങ്കിലും വാർത്ത പ്രചരിപ്പിക്കുവാനുണ്ടെങ്കിൽ ഗ്രാമക്ഷുരകനോട്ട് പറഞ്ഞാൽ മതിയെന്ന ഒരു ചൊല്ലുള്ളത്

ഇത്തരുണത്തിൽ സ്മരണീയമാണ്. കാപ്പിക്കടയിലും കായികവിനോദരംഗങ്ങളിലും ചന്തസ്ഥലങ്ങളിലും മദ്യശാലകളിലും വയലുകളിലും സംഘടിപ്പിക്കുന്ന അനൗപചാരിക ഗ്രൂപ്പുകൾ ആശയവിനിമയത്തിനുള്ള മാധ്യമങ്ങളാണ്. പഴഞ്ചൊല്ലിലെ ക്ഷുരകനെപ്പോലുള്ള വ്യക്തികളും സമൂഹത്തിൽ ഇല്ലാതില്ല. വിനിമയമാധ്യമങ്ങളുടെ സ്വഭാവം ഓരോ ഗ്രാമത്തിലും വ്യത്യസ്തമായിരിക്കും.

ബാഹ്യസന്ദേശങ്ങൾ ഗ്രാമങ്ങളിലെത്തിക്കുന്ന വാഹികളും വളരെ ശ്രദ്ധേയമാണ്. റേഡിയോ, വർത്തമാനപ്പത്രങ്ങൾ, കച്ചവടക്കാർ, വ്യാപനോദ്യോഗസ്ഥന്മാർ എന്നിങ്ങനെ പല മാധ്യമങ്ങളിലൂടെയാണ് ഗ്രാമങ്ങളിൽ പുറമെ നിന്ന് അറിവുകൾ എത്തുന്നത്. വ്യാപനപ്രവർത്തകർ ഗ്രാമീണരുടെ ഭാഷ പഠിക്കുന്നതും ശരിക്കുപയോഗിക്കുവാൻ കഴിവ് സമ്പാദിക്കുന്ന പ്രവർത്തനത്തിന് വളരെയേറെ സഹായകമായിരിക്കും.

## സാമ്പത്തികഘടകങ്ങൾ

വ്യാപനപ്രവർത്തനത്തിൽ ഇതുവരെ ചർച്ച ചെയ്ത സാംസ്കാരിക സാമൂഹികഘടകങ്ങൾക്കു പുറമെ സാമ്പത്തികഘടകങ്ങളും നൂതനാശയങ്ങളുടെ അംഗീകാരത്തിൽ ജനങ്ങളെ വളരെ സ്വാധീനിക്കുന്നു. പലപ്പോഴും നിർണായകമായ സ്ഥാനമാണ് സാമ്പത്തികഘടകങ്ങൾക്കുള്ളത്. പുതിയ സമ്പ്രദായങ്ങൾ സമുദായത്തിലവതരിപ്പിക്കുവാൻ പറ്റിയ ആളുകൾ സാമ്പത്തികശേഷിയുള്ള വൻകിട കൃഷിക്കാരാണെന്ന് പല ഗവേഷണങ്ങളും തെളിയിച്ചിട്ടുണ്ട്. ചെറുകിടക്കാർ സാധാരണയായി ജീവിതത്തിൽ ഭദ്രത കാംക്ഷിക്കുന്നവരും, ഒരു പ്രകാരത്തിലും ഭാഗ്യപരീക്ഷണത്തിൽ താൽപര്യം പ്രകടിപ്പിക്കാത്തവരും ആകുന്നു. സാമ്പത്തികമായ അപര്യാപ്തത സാഹസികമായ പ്രവർത്തനങ്ങളിൽ നിന്നു മാറി നിൽക്കാൻ ഇവരെ പ്രേരിപ്പിക്കുന്നു.

വ്യാപനപ്രവർത്തകന്റെ സാമ്പത്തിക സ്ഥിതിയും ഗണനാർഹമായ ഒരു ഘടകമാണ് എന്ന അഭിപ്രായം നിലവിലുണ്ട്. ജനങ്ങളുടെ നിലവാരത്തിലുള്ള സാമ്പത്തികസ്ഥിതി പ്രവർത്തകർക്ക് അഭികാമ്യമാണ്.

ഗ്രാമങ്ങളിൽ നിലവിലുള്ള ചില പരമ്പരാഗതമായ പ്രവർത്തനങ്ങളുടെ സാമ്പത്തികമൂല്യങ്ങൾ വ്യാപനപ്രവർത്തകർ മനസ്സിലാക്കിയിരിക്കണം. കൃഷിക്കാർ അധികോല്പാദനശേഷിയുള്ള പുതിയ വിത്തുകൾ ഉപയോഗിക്കുവാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നത് അവയ്ക്ക് പ്രകൃതിയുടെ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുവാനുള്ള കഴിവിൽ സംശയമുള്ളതുകൊണ്ടാണ്. പുതിയ വിത്തു പൂർണ്ണമായി പരാജയപ്പെട്ടാൽ കൃഷിക്കാക്കു വലിയ സാമ്പത്തിക നഷ്ടം സഹിക്കേണ്ടതായി വരും. തന്മൂലം നാടൻ വിത്തിൽ നിന്നു ലഭിക്കുന്ന ഉൽപാദനം കൊണ്ടു തൃപ്തിപ്പെടാൻ അവർ ആഗ്രഹിക്കും. വ്യാപനത്തിൽ സാമ്പത്തികഘടകത്തിന്റെ പ്രഭാവത്തിന് ഉദാഹരണമാണിത്. പ്രവർത്തകർ ഈ ചിന്താഗതിയുടെ പ്രായോഗിക വശങ്ങൾ മനസ്സിലാക്കിയിരിക്കണം.

പലപ്പോഴും നൂതനസമ്പ്രദായങ്ങളുടെ സാമ്പത്തികലാഭം പ്രവർത്തന

ത്തിനു് ശക്തിയായ പ്രചോദനം നൽകും. സാമൂഹിക സാംസ്കാരിക ഘടകങ്ങൾക്കു് കടകവിരുദ്ധമല്ലാത്തപക്ഷം ലാഭകരമായ പുതിയ രീതികൾ സ്വീകരിക്കുവാൻ ജനങ്ങൾ തയ്യാറാകുന്നു.

## സാംസ്കാരികഘടകങ്ങൾ

സാമൂഹികഘടകങ്ങളെപ്പോലെ തന്നെ പ്രാധാന്യമുള്ളവയാണു് സാംസ്കാരികഘടകങ്ങളും. സംസ്കാരത്തിനു് യോജിച്ച വിധം പ്രവർത്തിക്കുന്ന വ്യാപനപ്രവർത്തകർ എന്താണു് സംസ്കാരം എന്നു് അറിയണം.

ഒരു സമൂഹാംഗമെന്ന നിലയിൽ ഒരാൾ പഠിക്കുന്നതും സമ്പാദിക്കുന്നതും എല്ലാം സംസ്കാരത്തിലുൾപ്പെടുന്നു. അവിരാമമായി മാറിക്കൊണ്ടിരിക്കുന്ന ആർജ്ജിതസ്വഭാവത്തിന്റെയും, തദ്വാരാ ഉണ്ടാകുന്ന ഫലങ്ങളുടെയും ആകത്തുകയാണു് സംസ്കാരം. സംഗീതം കല, ജ്ഞാനം ഇവയ്ക്കു പുറമെ സ്വഭാവം ആചാരങ്ങൾ, വിശ്വാസങ്ങൾ, ചിന്താഗതി, ഭൗതികവും സാമൂഹ്യവുമായ ആവിഷ്കരണങ്ങൾ തുടങ്ങിയവയെല്ലാം സംസ്കാരത്തിലുൾപ്പെടുന്നു. സമൂഹം ഒരു ഗ്രൂപ്പ് ആളുകളെയും, സംസ്കാരം അവരുടെ അനവരതം മാറിക്കൊണ്ടിരിക്കുന്ന സ്വഭാവപ്രതിരൂപത്തെയുമാണു് പ്രതിനിധാനം ചെയ്യുന്നതു്.

സംസ്കാരം ചലനാത്മകമാണു്; സ്ഥിതികമല്ല. ബാഹ്യവും ആന്തരികവുമായ ഉദ്ദീപകങ്ങളാണു് സാംസ്കാരികപരിവർത്തനത്തിനു കാരണമാകുന്നതു്. സാമൂഹ്യവികസനപരിപാടികളുടെ ലക്ഷ്യം ജനങ്ങളുടെ സംസ്കാരത്തിൽ പരിവർത്തനം ഉണ്ടാക്കുകയാണു്. വ്യാപനപ്രവർത്തകർ ഈ പരിവർത്തനങ്ങളുടെ ഏജൻറന്മാരാണു്. ആസൂത്രിതപരിപാടികളിൽ കൂടിയാണു് പരിവർത്തനം ഉളവാക്കുന്നതു്. സംഘടിതമായ സാമൂഹ്യവികസനപദ്ധതികൾ ഇല്ലെങ്കിലും ഉണ്ടെങ്കിലും സമൂഹത്തിൽ പരിവർത്തനങ്ങൾ ഉണ്ടാകും. ആസൂത്രിതസമീപനം സമുദായത്തിനകത്തെ ചലനദിശയും വേഗതയും സ്വാധീനിക്കുവാൻ വേണ്ടിയുള്ളതാണു്. ഗ്രാമീണസംസ്കാരത്തിലെ അസ്വീകാര്യമായ അംശങ്ങളെ ത്യജിച്ചു് അഭിലഷണീയമായ അംശങ്ങളെ പോഷിപ്പിക്കുകയാണു് വ്യാപനവിദ്യാഭ്യാസം ചെയ്യുന്നതു്.

പരിപാടികൾ നടപ്പാക്കേണ്ട ജനതയുടെ സംസ്കാരം വിശദമായി പഠിക്കുന്നതു് കാര്യനിർവഹണത്തിനു് പ്രയോജനകരമാണു്. ഇൻഡ്യയിൽ ഇതിനു് പ്രത്യേകിച്ചും പ്രാധാന്യമുണ്ടു്. കാരണം നമ്മുടെ ദേശത്തു് വളരെ ഭിന്നങ്ങളായ നിരവധി സംസ്കാരങ്ങളാണു നിലവിലുള്ളതു്.

ഓരോ സംസ്കാരത്തിന്റെയും വിവിധ വശങ്ങൾ പരസ്പരം ബന്ധപ്പെട്ടതാണു്. സംസ്കാരത്തിന്റെ ഒരു തലത്തിൽ മാത്രം പരിവർത്തനം സാധ്യമാവുകയില്ല. സാംസ്കാരിക പരിവർത്തനം ഒരു ശൃംഘലാദിക്രിയയാണു്. ഉദാഹരണത്തിനു് സ്ത്രീകളെ കുടുംബവരുമാന വർധനവിനുവേണ്ടി കൈത്തൊഴിലുകൾ അഭ്യസിപ്പിക്കുമ്പോൾ കുടുംബജീവിതത്തിലെ മററു രംഗങ്ങളിൽ ഇതിന്റെ പ്രത്യാഘാതങ്ങളുണ്ടാകും ഇപ്രകാരമുണ്ടാകുന്ന പ്രശ്നങ്ങൾ വിജയപൂർവം കൈകാര്യം ചെയ്യാൻ പ്രവർത്തകർ തയ്യാറായിരിക്കേണ്ടതാണു്.

പ്രകൃത്യാ ഉള്ള സാംസ്കാരികപരിവർത്തനം വളരെ മന്ദഗതിയിലായിരിക്കും. ശീഘ്രവും കർശനവും തീവ്രവുമായ മാററങ്ങൾ സാംസ്കാരിക സംഘട്ടനങ്ങൾക്ക് വഴിതെളിക്കും. സമുദായപരിവർത്തനങ്ങൾ ഒന്നും ഒരു രാത്രികൊണ്ടോ പകലുകൊണ്ടോ ഉണ്ടാകുന്നില്ല. ബലം പ്രയോഗിച്ചും സമ്മർദം ചെലുത്തിയും സാമൂഹികപരിവർത്തനങ്ങളുണ്ടാവുക സാധ്യമല്ല. അഭിലഷണീയവും ശാശ്വതവുമായ മാററങ്ങൾ ജനങ്ങളിൽ നിന്നു തന്നെയാണുണ്ടാകേണ്ടതു്.

നിലവിലിരിക്കുന്ന സാംസ്കാരിക പരിതസ്ഥിതിയുമായി യോജിച്ചു പോകുന്ന പരിപാടികൾ ജനങ്ങൾ വേഗത്തിൽ സ്വീകരിക്കും; നിലവിലുള്ള രീതികൾക്ക് വിരുദ്ധമായവ അസ്വീകാര്യവുമാകും.

പ്രയോജനം ലഭിക്കുന്നതാണെന്നു മനസ്സിലായാൽ നൂതനരീതികൾ ജനങ്ങൾ പെട്ടെന്നു് അംഗീകരിക്കും. ഏതു തരത്തിലുള്ള പ്രയോജനമാണു് അവർ ഇച്ഛിക്കുന്നതെന്നു് വ്യാപനപ്രവർത്തകർ മനസ്സിലാക്കിയാൽ അതനുസരിച്ചു് പരിപാടികൾ രൂപീകരിക്കുവാൻ കഴിയും.

സാമൂഹ്യസംഘടനയെ താറുമാറാക്കുന്ന പ്രകൃതികോപങ്ങൾ, സംഘട്ടനങ്ങൾ, ആഭ്യന്തരയുദ്ധങ്ങൾ, കലഹങ്ങൾ, വിപ്ലവങ്ങൾ, രാജ്യവിഭജനം, കുടിയേറിപ്പാർപ്പ് മുതലായ സംഭവങ്ങൾ നടക്കുമ്പോൾ നൂതനസമ്പ്രദായങ്ങൾ വിജയകരമായി അവതരിപ്പിക്കുവാൻ കഴിയും. പഞ്ചാബിലെ ഗ്രാമപരിവർത്തനം ഇതിനുദാഹരണമാണു്. ഇസ്രായേൽ മറെറാരുദാഹരണമാണു്. പഞ്ചാബിലെ ഭൂരിഭാഗം ജനങ്ങളും വിഭജനത്തെത്തുടർന്നുണ്ടായ അസ്വസ്ഥതകൾ മൂലം പാക്കിസ്ഥാനിൽ നിന്നും കുടിയേറിപ്പാർത്തവരാണു്. സ്വന്തമായുണ്ടായിരുന്നതെല്ലാം നശിച്ചു അവർ പുതിയ സാഹചര്യങ്ങളിൽ ആദായകരമായ ഏതു് സമ്പ്രദായവും സ്വീകരിക്കുവാൻ സന്നദ്ധരായി. സാംസ്കാരികവും സാമുദായികവുമായ യാതൊരു ഘടകവും ഇതിനു വിഘ്നമായി നിന്നില്ല. തന്മൂലം കാർഷികരംഗത്തും വ്യാവസായികരംഗത്തും അഭൂതപൂർവമായ പുരോഗതി കൈവരിക്കാൻ പഞ്ചാബിലെ ജനങ്ങൾക്ക് കഴിഞ്ഞു.

സാമൂഹികസാംസ്കാരിക ഘടകങ്ങൾ പരിവർത്തനപരിപാടികളെ സ്വാധീനിക്കുന്നതുപോലെ തന്നെ വിജയപ്രദമായ വികസനപ്രവർത്തനങ്ങൾ സംസ്കാരത്തെയും സമൂഹത്തെയും സ്വാധീനിക്കുന്നു.

വ്യാപനപ്രവർത്തകർ ജനങ്ങളെ ഋണാത്മകമായോ ധനാത്മകമായോ ബാധിക്കുന്ന ഘടകങ്ങളെപ്പററി എപ്പോഴും ബോധവാന്മാരായിരിക്കണം. ഇതിനു സാമൂഹ്യശാസ്ത്രപഠനം അത്യന്താപേക്ഷിതമാണു്.

# ആധാരഗ്രന്ഥങ്ങൾ


**Aluwalia S. L.** — "Self made Teaching Aids" — Series No. 1, National Institute of Audio Visual Education, New Delhi.

**Achalya G. K.** — "Audio Visual Aids for Social Welfare", National Institute of Audio Visual Education, New Delhi.

**Beal, Bohlen & Randabough** — "Leadership and Dynamic Group", Iowa State University Press, Iowa, U S.A

**Bliss, Symons & Others** — "The Spirit and Philosophy of Extension work". 1962 —, Graduate School, National Honorary Extension Fraternity, United States Department of Agriculture, Washington-D.C., U. S. A.

**Byrn, Mathews & Others** — "Evaluation in Extension" — Federal Extension Service, United States Department of Agriculture, Washington-D. C., U. S. A.

**Chang C. W.** — "Extension Education for Agricultural and Rural Development" — Food and Agriculture Organisation of United Nations, Bangkok, Thailand.

**Committee on Plan Projects** — "Report of Team for study of Community Projects and National Extension Service", New Delhi.

**Communications Media** — "Teaching without money" - U. S. Aid Mission to India, New Delhi.

**Communications Media** — "Using Projected Aids to Teaching and Training", Technical Co-operation Mission, American Embassy, New Delhi.

**Department of Agriculture, Mysore.** — "Some Thoughts on

Agricultural Extension Methods and Community Development Programmes in India" — Information Booklet No 6, Government of Mysore, Bangalore.

**Dey S. K.** — "Community Development in Peace & Crisis" Ministry of Community Development and Co-operation, Government of India, New Delhi

**Directorate of Extension** — "Extension Education in Community. Development", Ministry of Food & Agriculture, Government of India, New Delhi.

**Directorate of Extension** — "Rural Youth Leaders' Hand Book" Ministry of Food and Agriculture, Government of India, New Delhi.

**Directorate of Extension** — "Training in Extension Education" A Guide Developed by Instructors, Extension Training Centres and All India work seminar at Hyderabad, Ministry of Food and Agriculture, Government of India, New Delhi.

**Ensminger, Douglas** — "A Guide to Community Development" Ministry of Community Development, Government of India, New Delhi.

**Fay, Ivan G.** — "Notes on Extension in Agriculture" Asia Publishing House, Bombay.

**Hepple, Lawrence M.** — "Group Organisation and Leadership in Rural Life" Lucas Bros., Columbia Mission, U. S. A.

**International Cooperation Administration** — "Organisation and Development of Rural Youth Programmes I. C. A., U. S. A.

**International Cooperation Administration** — "Using Visuals in Agricultural Extension Programmes" - No 4 in a series - United States International Cooperation Administration.

Iv. E. 'de Vries, Dean, Institute of Social Studies, The Hague, The Netherlands — "Social Aspects of Rural Extension" - 1961 — Paper presented at International meeting on Methods and Programme Building - International Agriculture Centre, Wageningeu, The Netherlands.

Jacob M. M. — "Problems of Youth" - Kerala Special Scheme for youth and students - Gandhismaraknidhi.

Kelse & Hearne — "Cooperative Extension work" - 1957, Comstock Publishing Associates, Ithaca, New York.

Krishnamachari, V. T. — "National Extension Movement" - 1955 CPA series No. 27 - Community Projects Administration, Government of India, New Delhi.

Krishnamachari, V. T. — "Planned Development and Efficient Administration" - 1959, Ministry of Community Development and Cooperation, Government of India, New Delhi.

Lionberger, Herbest F. — "Adoption of New Ideas & Practicals" 1960, -Iowa State University Press, Ames, Iowa.

Ministry ofCommunity Development — "We and Our country" Government of India New Delhi.

Ministry of Community Development and Cooperation. — "Our Programme at work" - Development of Community Development, Government of India, New Delhi.

Ministry of Community Development and Cooperation.— "They shall live again" - 1959, Government of India, New Delhi.

Ministry of Community Development and Cooperation — "From Loksabha to Gramsabha" (A Programme of study and Orientation) 1960 - Government of India, New Delhi.

Ministry of Community Development and Cooperation — "Manual of Village Leader's Training Camp" Government of India, New Delhi.

**Ministry of Community Development and Cooperation** — "A Guide to Gramsevikas and Mukhya Sevikas" - 1960 - Development of India, New Delhi.

**Narayana Poduval C.** — "A symposium on Community Development" - Sept. 1959 - Government of Kerala.

**National Institute of Audio Visual Education** — "Puppeting and creative drama in Education" N.I.A.V.E, New Delhi.

**Paul Leagans, J.** — "Communication Process in Rural Development"- March 1961 - comparative extension service Publication Release No. 6, Cornell University.

**Penders J. M. A** — "Methods and Programme Planning in Rural Extension" - 1956 - International Agricultural Centre, Nageningen, The Netherlands.

**Planning, Research and Action Institute** — "Guide to Rural Youth Organisations" Based on a Pilot Project 1963 - Planning Department, Government of U. P.

**Publication Division** — "Gram Sahayak" Oct. 1958-Ministry of Information & Broadcasting, Government of India, New Delhi.

**Publication Division** — "Village Teachers' Role in Community Development" - Nov. 1959 - Issued on behalf of Ministry of Community Development and Cooperation, Government of India, New Delhi.

**Randhawa M. S.** — "National Extension Service and Community Projects in Punjab" - 1955 - Community Projects Administration, Chandigarh, Punjab.

**Report on the** — "Interstate Seminar on Rural Youth" - Planning & Development Department, Government of Mysore, Bangalore.

**Taylor, Carl. C. and Others** — "India's Roots of Democracy" - 1965 - Orient Longmans, Bombay.

**University of Missouri** — "Hand Book for Community Extension Workers" April 1959, Agricultural Extension Service, University of Missouri, Columbia.

**University of Missoury** — "Land grant cantennial Fact Book" – Aug. 1961 University of Missouri, Columbia, Missouri.

**United States Department of Agriculture** — "Let us Strengthen Our local 4-H Leader Training" 1959 – P A. 395 – Federal Extension Service, U. S. D. A., Washington DC.

**United States Department of Agriculture** — "Help 4-H Local Leaders Do a Better job" 1958 P.A. 359-Federal Extension Service, U. S. D. A., Washington DC.

**United States Department of Agriculture** — "The Home Demonstration Agent–July 1951–AIB–38, U. S. D. A,, Washington DC

**United States Department of Agriculture** — 'Extension Looks at Programme Planning" Extension Service Circular No. 478, March 1952–U. S. D A ; Wash ington DC.

**United States Department of Agriculture** — "A Guide to Extension Programme of the Future" July 1959 – Agriculture Extension Service, North Garobia State College.

**United States Department of Agriculture** — "Progress in Home Demonstration work" Feb. 1958–Extension Service Circular No. 516 – U. S. Extension Service.

**United States Department of Agriculture** — "High lighting the Heart H in 4–H" – 1961 – PA376–Federal Extension Service, U. S. D. A,, Washington DC.

# സാങ്കേതികപദാവലി

| | |
|---|---|
| അകാലാംഗീകാരകർ | Early adopters |
| അതാര്യപ്രൊജക്ടർ | Opaque projector |
| അധികാംഗീകാരകർ | Majority adopters |
| അനഭ്യസ്തർ | Amateur |
| അനുഗമനം | Follow up |
| അനുദ്ദിഷ്ടസ്വീകർത്താക്കൾ | Unintended audience |
| അപഗ്രഥനം | Analysis |
| അഭിഭാവം | Attitude |
| അഭിയാനം | Campaign |
| അഭിരുചി | Interest |
| അഭിരുചിപരീക്ഷ | Interest check |
| അഭിലാഷതലങ്ങൾ | Levels of asprirations |
| അംഗീകാരകൻ | Adopter |
| അംഗീകാരപ്രക്രിയ | Adoption process |
| അംഗീകാരം | Adoption |
| അവഗമം | Perception |
| അവലംബപ്രബന്ധം | Document |
| അവിശ്വാസികൾ | Sceptics |
| അറിവ് | Awareness |
| ആദർശപരം | Ideological |
| ആന്തരാർഥം | Implication |
| ആശയവിനിമയം | Communication |
| ആശയ വിനിമയകൻ | Communicator |
| ഉദ്ദിഷ്ടസ്വീകർത്താക്കൾ | Intended audience |
| ഉരുവിട്ടുപഠിക്കൽ | Rote learning |
| ഔപചാരികസംഘങ്ങൾ | Formal groups |
| കാർഷികവിജ്ഞാനവ്യാപനം | Agricultural extension |
| ഗുർഗാവോം പരീക്ഷണം | Gurgaom attempt |
| ഗ്രാമതലവികസനപ്രവർത്തകർ | Village level workers |
| ചലനകുശലത | Motor skills |

| | |
|---|---|
| ചാക്രികലേഖനം | Circular letter |
| ദത്തശേഖരണം | Data collection |
| ദത്താവതരണം | Presenting data |
| ധാരണാചോദ്യം | Understanding question |
| നവമാർഗപ്രവർത്തകൻ | Innovator |
| നിഗമനങ്ങൾ | Findings |
| നിർദ്ദേശസംഘങ്ങൾ | Reference groups |
| നിവേദകർ | Communicators |
| നേതൃത്വം | Leadership |
| പഠനം | Learning |
| പരീക്ഷണം | Trial |
| പ്രകടനം | Demonstration |
| പ്രക്ഷേപിതദൃശ്യങ്ങൾ | Projected visuals |
| പ്രതികരണം | Reactions |
| പ്രബോധനം | Teaching |
| പ്രഭാവം | Effect |
| പ്രഭാവനങ്ങൾ | Exposures |
| പ്രദർശനദൃശ്യങ്ങൾ | Display type visuals |
| പ്രദാനം | Supplies |
| പ്രായോഗികത | Practicability |
| പ്രാവർത്തികനേതാക്കൾ | Functional leaders |
| പ്രാവർത്തിക സംഘം | Functional group |
| ഫലപ്രകടനങ്ങൾ | Result demonstrations |
| ഫ്ളാനൽ ഗ്രാഫ് | Flannel graph |
| ഫ്ളാഷ്കാർഡ് | Flash card |
| ബന്ധം | Association |
| ബഹുജനമാധ്യമം | Mass media |
| ബഹുജനസമ്പർക്കം | Mass contact |
| ബോധം | Sensation |
| ബോധശക്തി | Understanding |
| മൂല്യപ്രണാലികൾ | Value systems |
| മൂല്യാങ്കനം | Evaluation |
| രീതിപ്രകടനം | Method demonstration |
| ലഭ്യസ്വീകർത്താക്കൾ | Available audience |
| വസ്തുനിഷ്ഠത | Objectivity |

| | |
|---|---|
| വിജ്ഞാനചോദ്യങ്ങൾ | Knowledge questions |
| വിനിമയകർ | Communicators |
| വിലയിരുത്തൽ | Evaluation |
| വിസാരണം | Diffusion |
| വിളംബിതാംഗീകാരകർ | Late adopters |
| വൃദ്ധിജവക്രം | Growth curve |
| വൈദഗ്ധ്യശ്രേണീകരണം | Skill rating |
| വ്യക്തിസമ്പർക്കം | Individual contact |
| വ്യഗ്രതകൾ | Distractors |
| വ്യാഖ്യാനം | Interpretation |
| വ്യാപനരീതികൾ | Extension methods |
| സംഘസമ്പർക്കം | Group contacts |
| സജീവസ്വീകർത്താക്കൾ | Active audience |
| സമാകലിതം | Integrated |
| സമാജം | Club |
| സമുദായമാന്യത | Community prestige |
| സമൂഹാംഗീകാരപ്രക്രിയ | Community adoption process |
| സാതത്യം | Continuity |
| സാധുത്വം | Validity |
| സാരണീകരണം | Tabulation |
| സാംഗത്യം | Compatability |
| സാംസ്കാരികഘടകങ്ങൾ | Cultural factors |
| സാമൂഹ്യവികസനം | Community Development |
| സാരള്യം | Simplicity |
| സുനമ്യം | flexible |
| സ്ഥാനികഘടകങ്ങൾ | Statues factors |
| സ്ഥിതിജസ്വീകർത്താക്കൾ | Potential audience |
| സ്ഥൈതികഘടകങ്ങൾ | Situational factors |
| സ്വാധീനപ്രതിരൂപം | Pattern of influence |
| സ്വാധീനശാലികൾ | Influentials |
| സ്വീകർത്താക്കൾ | Audience |
| സ്വീകർത്തൃപ്രതികരണം | Audience response |
| സ്ലൈഡുകൾ | Slides |

6252

6252

# ഈ പുസ്തകത്തെപ്പററി

ഏതു് വിജ്ഞാനശാഖയിലും നവീനാശയങ്ങളുടെ 'സ്ഫോടനം' നടക്കുന്ന കാലഘട്ടമാണു് ഇതു്. ഈ ആശയങ്ങൾ ബഹുജനങ്ങൾ സ്വീകരിച്ചു് നടപ്പിലാക്കേണ്ടവയാകുമ്പോൾ അതിനു് സഹായകമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ടു്. ഈ മാർഗ്ഗങ്ങൾ 'വ്യാപനം' എന്ന ഒരു പുതിയ ശാസ്ത്രശാഖയായി ഇന്നു വികസിച്ചുവന്നിട്ടുണ്ടു്.

കൃഷിശാസ്ത്രത്തിലെ പുതിയ ആശയങ്ങൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കാനും അവരെക്കൊണ്ടു് സ്വീകരിപ്പിക്കാനും വേണ്ടി പിൻതുടരേണ്ട പ്രത്യേക പരിപാടികളാണു് കാർഷികവിജ്ഞാനവ്യാപനത്തിന്നടിസ്ഥാനം. ഈ രംഗത്തു് കഴിഞ്ഞ അനവധി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ശ്രീ പി. എസ്. ഡി. നായർ സ്വാനുഭവങ്ങളുടെ വെളിച്ചത്തിലും വ്യാപനവിഷയത്തിൽ ഇന്നു് ചുരുക്കമായെങ്കിലും ലഭ്യമായിട്ടുള്ള ചില ആധികാരികഗ്രന്ഥങ്ങളെ ആസ്പദിച്ചും എഴുതി തയ്യാറാക്കിയിട്ടുള്ള ഈ പുസ്തകം വിജ്ഞാനവ്യാപനവിദ്യാർഥികൾക്കും, അധ്യാപകർക്കും മാത്രമല്ല് വികസനത്തിൻെറ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവർക്കും കൂടി ഉപയോഗപ്രദമായിരിക്കും.

പ്രൊഫസർ. എ. ജി. ജി. മേനോൻ

എക്സ്റ്റൻഷൻ ഡിവിഷൻ

കാർഷികകോളേജ്, വെള്ളായണി.

MUNAVVIRUL ISLAM HIGH SCHOOL
COCHIN-11.
ERNAKULAM

6252

6252

# കാർഷിക വിള

683

പി. എസ്. ഡി.